www.malankaralibrary.com

# നമ്മുടെ കർത്താവിന്റെ ജനനപ്പെരുന്നാൾ

## (യൽദാ)

## സന്ധ്യാപ്രാർത്ഥന

### കൗമാ

കാർമി: ശുബ്ഹോ ലാബോ ഉലബ്റോ വൽറൂഹോ കാദീശോ

ജനം: ബലഹീനരും പാപികളുമായ ഞങ്ങളുടെമേൽ അനുഗ്രഹങ്ങളും കരുണയും രണ്ടു ലോകങ്ങളിലും എന്നേക്കും ചൊരിയപ്പെടുമാറാകണമേ.

### പ്രാരംഭപ്രാർത്ഥന

കാർമി: ദൈവമായ കർത്താവേ, വിശുദ്ധ സ്രോപ്പേന്മാരോടുകൂടെ വിനയപൂർവം നിന്നെ സ്തുതിക്കുവാനും, ധന്യരായ ക്രൂബേന്മാരോടുകൂടെ ജാഗ്രതയോടെ നിന്നെ വാഴ്ത്തുവാനും, ശ്രേഷ്ഠരായ മോറാവോസേന്മാരോടുചേർന്ന് ഉത്സാഹപൂർവം നിന്നെ പുകഴ്ത്തുവാനും, സ്വർഗീയരോടൊന്നിച്ച് അന്യൂനമായി നിന്റെ ജനനപ്പെരുന്നാൾ ആഘോഷിക്കുവാനും, നിഷ്കളങ്കരായ ആട്ടിടയന്മാരോടുകൂടെ നിർലോഭം നിന്നെ മഹത്വപ്പെടുത്തുവാനും, വിവേകികളായ ജ്യോതിശാസ്ത്രജ്ഞന്മാരോടൊപ്പം ഏകമനസ്സോടെ നിന്നെ വന്ദിക്കുവാനും, നിന്നെ പ്രസവിച്ച മറിയാമിനോടു ചേർന്ന് അനന്തമായി നിന്നിൽ സന്തോഷിക്കുവാനും ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും ഞങ്ങളെ യോഗ്യരാക്കണമേ. മോറാൻ വാലോഹാൻ ല്ഒൽമീൻ. ആമ്മീൻ.

www.malankaralibrary.com



## സങ്കീർത്തനം 51

ദൈവമേ, നിന്റെ കൃപയിൻപ്രകാരം എന്നോട് കരുണ ചെയ്യണമേ. നിന്റെ കരുണയുടെ ബഹുത്വപ്രകാരം എന്റെ പാപങ്ങൾ മായിച്ചുകളയണമേ.

എന്റെ അന്യായത്തിൽനിന്ന് എന്നെ നന്നായി കഴുകി എന്റെ പാപങ്ങളിൽനിന്ന് എന്നെ വെടിപ്പാക്കണമേ.

എന്തെന്നാൽ, എന്റെ അതിക്രമങ്ങൾ ഞാൻ അറിയുന്നു. എന്റെ പാപങ്ങൾ എപ്പോഴും എന്റെ നേരേ ഇരിക്കുന്നു.

നിനക്കെതിരായിത്തന്നെ ഞാൻ പാപം ചെയ്തു. നിന്റെ തിരുമുമ്പിൽ തിന്മകൾ ഞാൻ ചെയ്തു. അത് നിന്റെ വചനത്തിൽ നീ നീതീകരിക്കപ്പെടുകയും നിന്റെ ന്യായവിധികളിൽ നീ ജയിക്കുകയും ചെയ്യുവാനായിട്ടു തന്നെ.

എന്തെന്നാൽ, അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എന്റെ മാതാവ് എന്നെ ഗർഭം ധരിക്കുകയും ചെയ്തു.

എന്നാൽ നീതിയിൽ നീ ഇഷ്ടപ്പെട്ടു. നിന്റെ ജ്ഞാനത്തിന്റെ രഹസ്യങ്ങൾ എന്നെ നീ അറിയിച്ചു.

സോപ്പാകൊണ്ട് എന്റെമേൽ നീ തളിക്കണമേ. ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ നീ വെൺമയാക്കണമേ. ഉറച്ച മഞ്ഞിനെക്കാൾ ഞാൻ വെണ്മയാകും.

നിന്റെ ആനന്ദവും സന്തോഷവുംകൊണ്ട് എന്നെ തൃപ്തിയാക്കണമേ. ക്ഷീണതയുള്ള എന്റെ അസ്ഥികൾ സന്തോഷിക്കും.

എന്റെ പാപങ്ങളിൽനിന്ന് നിന്റെ തിരുമുഖം തിരിച്ച് എന്റെ അതിക്രമങ്ങൾ ഒക്കെയും മായിച്ചുകളയണമേ.

www.malankaralibrary.com



ദൈവമേ, ഒരു വെടിപ്പുള്ള ഹൃദയം എന്നിൽ സൃഷ്ടിക്കണമേ. സ്ഥിരതയുള്ള നിന്റെ ആത്മാവിനെ എന്റെ ഉള്ളിൽ പുതുതാക്കണമേ.

നിന്റെ തിരുമുമ്പിൽനിന്ന് എന്നെ തള്ളിക്കളയരുതേ. നിന്റെ പരിശുദ്ധാത്മാവിനെ എന്നിൽനിന്ന് എടുക്കുകയുമരുതേ.

എന്നാലോ, നിന്റെ ആനന്ദവും രക്ഷയും എനിക്ക് തിരിച്ചു തരണമേ. മഹത്ത്വമുള്ള നിന്റെ ആത്മാവ് എന്നെ താങ്ങുമാറാകണമേ.

അപ്പോൾ ഞാൻ അതിക്രമക്കാരെ നിന്റെ വഴി പഠിപ്പിക്കും. പാപികൾ നിങ്കലേക്കു തിരിയുകയും ചെയ്യും.

എന്റെ ദൈവമേ, എന്റെ രക്ഷയുടെ ദൈവമേ, രക്തത്തിൽ നിന്ന് എന്നെ രക്ഷിക്കണമേ. എന്റെ നാവ് നിന്റെ നീതിയെ സ്തുതിക്കും.

കർത്താവേ, എന്റെ അധരങ്ങൾ എനിക്ക് തുറക്കണമേ. എന്റെ വായ് നിന്റെ സ്തുതികൾ പാടും.

എന്തെന്നാൽ, ബലികളിൽ നീ ഇഷ്ടപ്പെട്ടില്ല. ഹോമ ബലികളിൽ നീ രമ്യപ്പെട്ടുമില്ല.

ദൈവത്തിന്റെ ബലികൾ താഴ്മയുള്ള ആത്മാവാകുന്നു. ദൈവം നുറുങ്ങിയ ഹൃദയം നിരസിക്കുന്നില്ല.

നിന്റെ ഇഷ്ടത്താൽ സെഹിയോനോട് നന്മ ചെയ്യണമേ. ഊർശ്ലേമിന്റെ മതിലുകൾ പണിയണമേ.

അപ്പോൾ ബലികളിലും ഹോമബലികളിലും നീ ഇഷ്ടപ്പെടും. അപ്പോൾ നിന്റെ ബലിപീഠത്തിൻമേൽ കാളകൾ ബലിയായി കരേറും.

ദൈവമേ, സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

www.malankaralibrary.com



## എനിയോനൊ

(ഏമൊദ്കീസൊ/ ഭാഗ്യം തേ മ്ശിഹാ...)

മാതാവിൻ കന്യാ മുദ്രയ്ക്കേതും
ഊനമതെന്യേ ജാതം ചെയ്തോനേ
ദേവാ കൃപചെയ്തീടണമെ.

കാഴ്ചകളാൽ ജ്ഞാനികൾ ബഹുമാനിച്ചു
ആട്ടിടയന്മാർ വന്ദനമർപ്പിച്ചു ദേവാ...

ഞങ്ങൾക്കായ് ദയവൊടു ശിശുവായോനേ
ബേത്‌ലഹേമിൽ മുട്ടിലിഴഞ്ഞോനേ ദേവാ...

ജാതം ചെയ്തൻപാൽ ഗുഹയിൽ വസിച്ചു
പാഴ്തുണിയാലെ ചുറ്റപ്പെട്ടോനേ ദേവാ...

ശാശ്വതനാം താതനിൽ നിന്നുത്ഭൂതാ
കാലത്തികവിൽ മേരീസുതനായൊരു ദേവാ...

നിൻമഹിമാവിനെ ആരാധിച്ചീടാൻ
വിദ്വാന്മാരെ ആകർഷിച്ചോനേ ദേവാ...

നിൻജനിയാൽ വാനവമാനവരേയും
മോദിപ്പിച്ചോൻ നാഥാ നീ ധന്യൻ ദേവാ...

ബാറെക്മോർ. ശുബ്ഹൊ... മെൻഓലം...

ജനനത്താൽ ബിംബാർച്ചനയെ നീക്കി
നരരെ വീണ്ടോൻ സുതനെ വന്ദിക്കാം ദേവാ...

കുറിയേലായിസ്സോൻ

### സങ്കീർത്തനങ്ങൾ 141,142,119,117

141. കർത്താവേ നിന്നെ ഞാൻ വിളിച്ചു. എന്നോട് നീ ഉത്തരമരുളി, എന്റെ വചനങ്ങൾ സൂക്ഷിച്ചുകേൾക്കണമേ.

എന്റെ പ്രാർത്ഥന നിന്റെ മുമ്പാകെ ധൂപംപോലെയും എന്റെ കൈകളുടെ കാഴ്ച സന്ധ്യാബലിപോലെയും കൈക്കൊള്ളണമേ.

www.malankaralibrary.com



എന്റെ ഹൃദയം ദുഷ്ക്കാര്യത്തിന് ചായുകയും ഞാൻ അന്യായമായി പ്രവർത്തിക്കുകയും ചെയ്യാതിരിക്കുവാൻ എന്റെ വായ്ക്ക് കാവൽക്കാരനെയും എന്റെ അധരങ്ങൾക്ക് സൂക്ഷിപ്പുകാരനെയും നിയമിക്കണമേ.

ദുഷ്ടന്മാരോടുകൂടെ ഞാൻ അപ്പം ഭക്ഷിക്കുമാറാകരുതേ, നീതിമാൻ എന്നെ പഠിപ്പിക്കുകയും ശാസിക്കുകയും ചെയ്യട്ടെ.

ദുഷ്ടന്മാരുടെ എണ്ണകൊണ്ട് എന്റെ ശിരസിനെ അഭിഷേകം ചെയ്യരുതേ. എന്തെന്നാൽ എന്റെ പ്രാർത്ഥന അവരുടെ ദുഷ്ടതയ്ക്ക് എതിരായിട്ടാകുന്നു.

അവരുടെ ന്യായാധിപന്മാർ പാറയാൽ തടയപ്പെട്ടു. ഇമ്പമുള്ള എന്റെ വചനങ്ങൾ അവർ കേട്ടു.

ഭൂമിയെ പിളർക്കുന്ന കൊഴുപോലെ പാതാളത്തിന്റെ വായ്ക്കരികെ അവരുടെ അസ്ഥികൾ ചിതറപ്പെട്ടിരിക്കുന്നു.

കർത്താവേ, ഞാൻ എന്റെ കണ്ണുകൾ നിന്റെ അടുക്കലേക്കുയർത്തി നിന്നിൽ ശരണപ്പെട്ടിരിക്കുന്നു. എന്റെ ആത്മാവിനെ തള്ളിക്കളയരുതേ.

എനിക്കായി കെണികൾ മറച്ചുവച്ചിട്ടുള്ള പ്രശംസക്കാരുടെ കൈയിൽനിന്ന് എന്നെ കാത്തുകൊള്ളണമേ.

ഞാൻ കടന്നുപോകുന്നതിനുമുമ്പ് അന്യായക്കാർ ഒരുമിച്ച് തങ്ങളുടെ വലകളിൽ വീഴും.

142. ഞാൻ എന്റെ ശബ്ദമുയർത്തി കർത്താവിനെ വിളിച്ചു. എന്റെ ശബ്ദമുയർത്തി ഞാൻ കർത്താവിനോട് അപേക്ഷിച്ചു.

അവന്റെ മുമ്പാകെ ഞാൻ എന്റെ സങ്കടം ബോധിപ്പിച്ചു. അവന്റെ മുമ്പാകെ എന്റെ ഞെരുക്കങ്ങൾ ഞാൻ അറിയിക്കുകയും ചെയ്തു.

www.malankaralibrary.com



എന്റെ ആത്മാവ് കുണ്ഠിതപ്പെട്ടപ്പോൾ നീ എന്റെ ഊടുവഴികൾ അറിയുന്നു. ഞാൻ നടക്കുന്ന വഴിയിൽ അവർ എനിക്കായി കെണികൾ മറച്ചുവെച്ചു.

ഞാൻ വലത്തോട്ടുനോക്കി, എന്നെ അറിയുന്നവൻ ഇല്ലെന്നു ഞാൻ കണ്ടു. സങ്കേതസ്ഥലം എനിക്ക് ഇല്ലാതെയായി. എന്റെ ആത്മാവിനുവേണ്ടി ചോദിക്കുന്നവനും ഇല്ല.

കർത്താവേ, ഞാൻ നിന്നോടു നിലവിളിച്ചു. നീ എന്റെ ആശ്രയവും ജീവനുള്ളവരുടെ ദേശത്ത് എന്റെ ഓഹരിയും ആകുന്നു എന്ന് ഞാൻ പറഞ്ഞു.

എന്റെ അപേക്ഷ സൂക്ഷിച്ചുകേൾക്കണമേ. എന്തെന്നാൽ ഞാൻ ഏറ്റവും താഴ്ത്തപ്പെട്ടിരിക്കുന്നു. എന്നെ പീഡിപ്പിക്കുന്നവരിൽനിന്ന് എന്നെ വിടുവിക്കണമേ. എന്തെന്നാൽ അവർ എന്നേക്കാൾ ബലമുള്ളവരായിരിക്കുന്നു.

ഞാൻ നിന്റെ നാമത്തെ സ്തുതിക്കേണ്ടതിന്/ എന്റെ ആത്മാവിനെ കാരാഗൃഹത്തിൽനിന്ന് പുറപ്പെടുവിക്കണമേ. നീ എനിക്ക് പ്രതിഫലം തരുമ്പോൾ/ നിന്റെ നീതിമാന്മാർ എനിക്കായി കാത്തിരിക്കും.

119. 105-112. നിന്റെ വചനം എന്റെ കാലുകൾക്ക് വിളക്കും / എന്റെ ഊടുവഴികൾക്ക് പ്രകാശവുമാകുന്നു.

നിന്റെ നീതിയുള്ള വിധികൾ ആചരിക്കുന്നതിനായി / ഞാൻ ആണയിട്ട് നിശ്ചയിച്ചു.

ഞാൻ ഏറ്റവും ക്ഷീണിച്ചിരിക്കുന്നു. കർത്താവേ, നിന്റെ വചനപ്രകാരം എന്നെ ജീവിപ്പിക്കണമേ.

കർത്താവേ, എന്റെ (വായുടെ) വചനങ്ങളിൽ നീ ഇഷ്ടപ്പെട്ട് നിന്റെ വിധികൾ എന്നെ പഠിപ്പിക്കണമേ.

www.malankaralibrary.com



എന്റെ ആത്മാവ് എല്ലായ്പ്പോഴും നിന്റെ കൈകളിൽ ഇരിക്കുന്നു. നിന്റെ വേദപ്രമാണം ഞാൻ മറന്നില്ല.

ദുഷ്ടന്മാർ എനിക്കായി കെണികൾ വച്ചു. (എന്നാലും) ഞാൻ നിന്റെ കല്പനകളിൽനിന്ന് തെറ്റിപ്പോയില്ല.

ഞാൻ നിന്റെ സാക്ഷിയെ എന്നേക്കുമായി അവകാശപ്പെടുത്തി. എന്തെന്നാൽ അത് എന്റെ ഹൃദയത്തിന്റെ ആനന്ദം ആകുന്നു.

നിന്റെ കല്പനകൾ എന്നേക്കും സത്യത്തോടെ നിവർത്തിപ്പാനായി ഞാൻ എന്റെ ഹൃദയം തിരിച്ചു.

117. സകല ജാതികളുമേ, കർത്താവിനെ സ്തുതിപ്പിൻ, സകല ജനങ്ങളുമേ, അവനെ നിങ്ങൾ സ്തുതിപ്പിൻ.

എന്തെന്നാൽ, അവന്റെ കൃപ നമ്മുടെമേൽ ബലപ്പെട്ടിരിക്കുന്നു. അവൻ സത്യമായിട്ട് എന്നേക്കും കർത്താവാകുന്നു.

ദൈവമേ, സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

## എനിയോനൊ

*(മ്ശീഹൊ ഏസീലേദ്...)*

മിശിഹാ ജനിയാർന്നു-ബേത്ലഹേം പുരിയിൽ
പ്രാചിയിൽ നിന്നെത്തി-ജ്ഞാനികളവനെ വന്ദിപ്പാൻ
രാജാവായ് ജാതം-ചെയ്തോനങ്ങെവിടെ?
ഏകാമഭിവാദ്യം-വന്നു വണങ്ങിൻ സാഷ്ടാംഗം

ജാതം ചെയ്ത നൃപൻ-ബേത്ലഹേമിലിതാ
ഭാസുരതാരം-അറിയിച്ചു വിദ്വാൻമാരെ
പൈതലിവൻതന്നെ-രശ്മിയുമിവനല്ലോ
നാഥനിവൻ താൻ-സർവ്വേശൻ ദൈവം താനും

www.malankaralibrary.com



ബേത്‌ലഹേം ഗുഹയിൽ-ജ്ഞാനികൾ ചെന്നെത്തി
പൈതലിനെ തൻ-മാതാവോടൊപ്പം കണ്ടു
അവതാരം ചെയ്തോൻ-നാഥൻ പരിശുദ്ധൻ
ശുദ്ധൻ ശുദ്ധൻ-എന്നാർക്കും വാനവരെയും

സൃഷ്ടികളെയെല്ലാം-പോറ്റുന്നവനല്ലോ
കീറത്തുണിചുറ്റി-പാൽ നുകരുന്നു പുൽക്കൂട്ടിൽ
തലമുറകൾക്കാദ്യൻ-താരാട്ടേൽക്കുന്നു
ജാതികളേ നിങ്ങൾ-വന്നുവണങ്ങിൻ സാഷ്ടാംഗം

എത്ര മനോഹരമേ-ബേത്‌ലഹേം പുരിയിൽ
ഈറേന്മാരും-നരരും പാടിയ സംഗീതം
വിസ്മിതയായ് മറിയം-ഭ്രമമാർന്നു യൗസേഫ്
കീർത്തിതനീ സുതനെ-വന്നു വണങ്ങിൻ സാഷ്ടാംഗം

ദൈവതനുജൻ തൻ-ജനനത്തിരുനാളിൽ
വാനവദൂതർ-വിസ്മയകരഗീതം പാടി
'സ്തുതി നാഥനു വാനിൽ- മേദിനിയിൽ ശാന്തി
മാനവമക്കൾ-ക്കുത്തമ ശരണവുമെന്നേക്കും' ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

ഗുഹയിൽ ജനിച്ചവനാം-സുതനായ് സ്തുതി പാടി
വാനവഗണവും-അവരൊടു ചേർന്നിടയന്മാരും
തിരുഅവതാരത്തെ-ഘോഷിപ്പവരാം നാം
പാപം നീക്കി-രക്ഷിച്ചവനായ് സ്തുതി പാടാം.

സ്തൗമെൻകാലൊസ് കുറിയേലായിസോൻ

www.malankaralibrary.com



## പ്രുമിയോൻ

കാർമി: നാമെല്ലാവരും പ്രാർത്ഥിച്ച്...

ജനം: കാരുണ്യവാനായ...

കാർമി: സ്തുതിയും സ്തോത്രവും...

സ്വകീയമായ നിത്യതയുടെ മഹാവിശുദ്ധസ്ഥലത്ത് പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ കാദീശ് പാടി സ്തുതിക്കപ്പെടുന്ന പരിശുദ്ധനായ കർത്താവിനു സ്തുതി. തിരുവിഷ്ടപ്രകാരം അവൻ കന്യകയുടെ ഉദരത്തെ ശുദ്ധീകരിച്ച് അതിൽ ഇറങ്ങി വസിക്കുകയും, യഹൂദ്യായിലെ ബേത്‌ലഹേമിൽ എളിയവനായി ജനിക്കുകയും ചെയ്തു. പ്രകൃത്യാ സമ്പന്നനായ അവൻ പഴന്തുണികളാൽ ചുറ്റപ്പെട്ട് ഒരു ചെറിയ ഗുഹയിൽ ദരിദ്രനെപ്പോലെ മൃഗങ്ങളുടെ പുൽത്തൊട്ടിയിൽ കരുണാപൂർവം കിടക്കുകയും ചെയ്തു. തിരുവിഷ്ടത്താൽ ലോകങ്ങളെ പരിപോഷിപ്പിക്കുന്ന അവൻ ഒരു ശിശുവിനെപ്പോലെ മനുഷ്യപുത്രിയിൽനിന്ന് പാൽകുടിച്ചു സംതൃപ്തനായി. അവനെ ആരാധിക്കുവാനായി നക്ഷത്രം മുഖാന്തരം സ്വദേശത്തുനിന്നും ആകർഷിതരായ ജ്ഞാനികൾ സമ്മാനങ്ങളും കാഴ്ചദ്രവ്യങ്ങളും സമർപ്പിച്ചുകൊണ്ട് അവന്റെ ജന്മദിവസത്തെ ബഹുമാനിച്ചു. അദൃശ്യനും ശ്രേഷ്ഠനുമായ കർത്താവിന് സ്തുതി. സന്ധ്യാപ്രാർത്ഥനയുടെ ഈ നേരത്തും സകല പെരുന്നാളുകളിലും ഞങ്ങളുടെ ആയുഷ്ക്കാലം മുഴുവനും സ്തുതിയും ബഹുമാനവും ആരാധനയും അവനു യോഗ്യമാകുന്നു. ബ്കുലഹൂൻ...

ജനം: ആമ്മീൻ

## സെദറാ

സാരാംശപ്രകാരം വേർതിരിക്കപ്പെടാൻ പാടില്ലാത്ത മൂന്നു പരിശുദ്ധ ആളുകളിൽ ഒരുവനും, പിതാവിനോടും പരിശുദ്ധാത്മാവിനോടും ഒരുമിച്ച് ഏകസത്തയായി സ്ഥിതിചെയ്യുന്ന

www.malankaralibrary.com



വനുമായിരിക്കെ, കന്യകയുടെ നിർമലമായ ഉദരത്തിൽനിന്ന് ജനിച്ചവനും പിതാവിന്റെ ഏകജാതനുമായ അനാദ്യന്ത ശിശുവായ കർത്താവേ, നിനക്കു സ്തുതി. ഇന്ന് ഉദയം ചെയ്ത ശ്രേഷ്ഠശിശുവായ നിന്നെ പുണ്യവാന്മാർ ദൃഷ്ടാന്തങ്ങൾ മുഖേന മുൻകൂട്ടി സൂചിപ്പിച്ചു. നീതിമാന്മാർ ഉപമകളാൽ നിന്നെക്കുറിച്ച് ഉദ്ഘോഷിച്ചു. സകല ദീർഘദർശിമാരും വെളിപാടുകൾവഴി നിന്റെ അദൃശ്യതയെ അറിയിച്ചു. അറിയിപ്പുകാരെല്ലാം നിന്റെ നിതൃതയെ വെളിപ്പെടുത്തി. വിശുദ്ധ കന്യകയിൽനിന്നുള്ള നിന്റെ മനുഷ്യാവതാരത്തെ ആത്മീയ നയനങ്ങളാൽ അവർ മുൻകൂട്ടി കണ്ടു.

ഗോത്രപിതാവായ അബ്രഹാം ഈ രഹസ്യാത്മക ശിശുവിനെ, മുട്ടാടിനെ വഹിച്ച വൃക്ഷത്താൽ ദൃഷ്ടാന്തപ്പെടുത്തി.

പിതാക്കന്മാരുടെ തലവനായ യാക്കോബ്, ഇന്നേദിവസം നമ്മൾക്കായി ഉദയംചെയ്ത ഈ വിസ്മയനീയ ശിശുവിനെപ്പറ്റി 'അവന്റെ ജന്മദിനം കാണുവാൻ ജാതികൾ കാത്തിരിക്കും' എന്നുപറഞ്ഞ് മുൻകൂട്ടി സൂചിപ്പിച്ചു.

നീതിമാനും പുണ്യവാനുമായ യോബ് ഈ അത്ഭുത ശിശുവിനെക്കുറിച്ച് 'എന്റെ രക്ഷകൻ ജീവിച്ചിരിക്കുന്നു എന്ന് എനിക്കറിയാം; അവസാനനാളിൽ അവൻ ഭൂമിയിൽ പ്രത്യക്ഷനാകും' എന്ന് അറിയിച്ചു.

വിശുദ്ധ കന്യകയുടെ ഉദരത്തിൽ വസിച്ചിട്ടും അവളുടെ കന്യാവ്രതത്തിനു ഭംഗം വരുത്താതിരുന്ന ദിവ്യാഗ്നിയായ ഈ മഹനീയ ശിശുവിനെ, മുൾപ്പടർപ്പിൽ ഇറങ്ങി ജ്വലിച്ചിട്ടും അതിനെ ദഹിപ്പിക്കാതിരുന്ന അഗ്നിയിൽ മോശ ദർശിച്ചു.

വിശുദ്ധ കന്യകയിൽനിന്ന് ഉദയം ചെയ്തവനും, ശാശ്വതാധികാരവും അനശ്വര രാജത്വവും ഉള്ളവനുമായ ഈ പരിശുദ്ധ ശിശുവിനെക്കുറിച്ച് ആമോസിന്റെ പുത്രൻ മുൻകൂട്ടി അറിയിച്ചു.

www.malankaralibrary.com



എസക്കിയേൽ ദീർഘദർശി ഈ നിഗൂഢ ശിശുവിനെ നാലു മുഖങ്ങളുള്ള രഥത്തിൽ ദർശിച്ച് 'ഇവൻ ശരീരപ്രകാരം ലോകത്തിൽ പ്രത്യക്ഷപ്പെടും' എന്ന് പ്രസംഗിച്ചു.

മഹത്വമുള്ളവനായ ഏശയ്യാ ദീർഘദർശി ഈ ദിവ്യശിശുവിനെ ദർശിച്ചിട്ട് 'ഇതാ കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും; അവൻ ദൈവവും മനുഷ്യനുമാകയാൽ അത്ഭുതം എന്നു വിളിക്കപ്പെടും' എന്ന് ഉദ്ഘോഷിച്ചു.

വിശുദ്ധ കന്യകയാകുന്ന രോമക്കെട്ടിന്മേൽ മഞ്ഞുപോലെ അവൻ ഇറങ്ങിവരുമെന്ന് ഗിദയോൻ സൂചിപ്പിച്ചു.

'നീ എന്റെ പുത്രനാകുന്നു; ഇന്നു ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു' എന്ന് ദാവീദ് ഈ വിസ്മയനീയ ശിശുവിനെക്കുറിച്ച് പാടി.

'കർത്താവ് ദാവീദിന് ഒരു കിരണം ഉദിപ്പിക്കും' എന്ന് ഈ വത്സലശിശുവിനെക്കുറിച്ച് ജറെമിയാ പ്രവചിച്ചു.

ഈ കൃപാലുവായ ശിശുവിനെ ദാനിയേൽ ദർശിച്ചിട്ട് "കൈകൾ കൂടാതെ വെട്ടപ്പെട്ട ശില" എന്നു വിളിച്ചു.

"കൃപനിറഞ്ഞവളേ, നിനക്കു സമാധാനം, നമ്മുടെ കർത്താവ് നിന്നോടുകൂടെ, സ്ത്രീകളിൽ നീ അനുഗൃഹീതയാകുന്നു. സകലസൃഷ്ടികളുടെയും രക്ഷകൻ നിന്നിൽനിന്ന് ഉദിക്കും" എന്ന് ഈ സത്യശിശുവിനെക്കുറിച്ച് മാലാഖമാരുടെ തലവനായ ഗബ്രിയേൽ, ദാവീദുപുത്രിയായ കന്യകയോട് അറിയിച്ചു.

പ്രബലനായ ഈ ശിശുവിനെ ബേത്‌ലഹേമിൽവച്ച് ഈറേന്മാർ ആത്മീയ കീർത്തനങ്ങളാൽ സ്തുതിച്ച്, ദാവീദിന്റെ പട്ടണത്തിൽ മിശിഹാകർത്താവെന്ന രക്ഷകൻ ജനിച്ചിരിക്കുന്നതിനാൽ അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി. താഴെ

www.malankaralibrary.com



അഗാധങ്ങളിൽ സമാധാനമെന്ന് പുതിയ ശബ്ദങ്ങളിൽ കാഹള ധ്വനിയോടുകൂടി ഉച്ചത്തിൽ പാടി.

ഈ അത്ഭുതശിശുവിനെ ഇടയന്മാർ കണ്ടിട്ട് സ്തുതിച്ച് സ്തോത്രം ചെയ്യുകയും കാഴ്ചകളർപ്പിച്ച് വന്ദിക്കുകയും ചെയ്തു.

രക്ഷകനായ ഈ ശിശുവിനെക്കുറിച്ച് സകല ഭാഗങ്ങളിലും അതിർത്തികളിലും നക്ഷത്രം ഉദ്ഘോഷിക്കുകയും അവനെ വന്ദിക്കുവാനായി വിജ്ഞാനികളെ ആകർഷിക്കുകയും ചെയ്തു. അവർ നിക്ഷേപപാത്രങ്ങൾ തുറന്ന് തങ്ങളുടെ ദേശങ്ങളിലെ ഉത്തമ കാഴ്ചദ്രവ്യങ്ങൾ സമർപ്പിച്ചു. അവർ അർപ്പിച്ച സ്വർണം, മൂര്, കുന്തിരുക്കം എന്നിവയാൽ അവന്റെ രാജത്വത്തെയും മനുഷ്യത്വത്തെയും, ദൈവത്വത്തെയും സൂചിപ്പിച്ച് ആ കാഴ്ചകൾ സ്വീകരിക്കാൻ അവനോടപേക്ഷിക്കുകയും ചെയ്തു.

"നിന്റെ മഹാകരുണയെ എന്റെ കണ്ണുകൾ ദർശിച്ചതിനാൽ എന്നെ വിട്ടയക്കണമെ, ഇനി ഞാൻ പോയി വിശ്രമിച്ചുകൊള്ളട്ടെ' എന്നു പറഞ്ഞ വൃദ്ധനായ ശെമഓൻ ഈ താല്ക്കാലിക ജീവിതത്തിൽനിന്ന് തന്നെ പിരിച്ചയക്കുവാൻ ഈ ദൈവികശിശുവിനോട് അപേക്ഷിച്ചു. ന്യായപ്രമാണത്തിൽ സൂചിപ്പിക്കുകയും ദീർഘദർശികൾ അറിയിക്കുകയും ചെയ്തവയെല്ലാം ഈ ജനനപ്പെരുന്നാൾ ദിവസം നിറവേറിയിരിക്കുന്നു.

മുൾപ്പടർപ്പിൽ ജ്വലിച്ചിരുന്നവൻ ഇന്ന് കന്യകയിൽനിന്ന് ഉദിച്ചു. രോമക്കെട്ടിലെ മഞ്ഞുതുള്ളികളാൽ തന്റെ രഹസ്യത്തെ സൂചിപ്പിച്ചവൻ ഇന്ന് ഉദയം ചെയ്തു. ദക്ഷിണദേശത്തുനിന്ന് വരുമെന്ന് പ്രതീക്ഷിക്കപ്പെട്ടിരുന്നവൻ ഇന്നു പ്രത്യക്ഷനായി. 'വലത്തുവശത്തിരിക്കുന്ന പുത്രൻ' എന്ന് ദാവീദ് വിളിച്ചവൻ ഇന്നു ജനിച്ചു. ഇന്ന് ആശ്വാസമഴ പെയ്യുകയും കല്ലടാവിൽ പുല്ല് മുളയ്ക്കുകയും ചെയ്തു. ഇന്ന് വടി പ്രത്യക്ഷപ്പെടുകയും ഈശായിയുടെ കുറ്റിയിൽനിന്ന് മുളയുണ്ടാവുകയും ചെയ്തു. ഇന്ന് നമു

www.malankaralibrary.com



ക്കായി ഒരു ശിശു ജാതനാവുകയും, ഒരു പുത്രൻ നല്കപ്പെടുകയും ചെയ്തിരിക്കുന്നു. ലോകൈക ശക്തനെ ഇന്നു കന്യക പ്രസവിച്ചു. അവന്റെ നാമം 'അത്ഭുതം' എന്നു വിളിക്കപ്പെട്ടു. ഇന്ന് ദൈവം ഭൂമിയിൽ ഉദയം ചെയ്ത് ലോകത്തെ അതിന്റെ അതിർത്തിയോളം പ്രകാശിപ്പിച്ചു. ഇന്ന് യഹൂദ്യായിലെ ബേത്ലഹേമിൽനിന്ന് ജീവന്റെ അപ്പം ആവിർഭവിച്ചു. ഇന്ന് വാതിലും അതിൽകൂടെ പ്രവേശിക്കുന്ന കർത്താവും പ്രത്യക്ഷപ്പെട്ടു. ഇന്ന് ദൃഷ്ടാന്തങ്ങൾ നിറവേറി; സ്വർഗീയ ബോധങ്ങൾക്ക് അഗ്രാഹ്യനായവനെ കരങ്ങൾ ഗ്രഹിച്ചു. മാലാഖമാരുടെ കണ്ണുകൾ കണ്ടിട്ടില്ലാത്തവനെ വിരലുകൾ തഴുകി. ക്രൂബേന്മാരാൽ സംവഹിക്കപ്പെടുന്നവൻ ഇന്ന് കാൽമുട്ടുകളിൽ വഹിക്കപ്പെട്ടു.

ആകയാൽ കർത്താവേ, ഗർഭസ്ഥനായ യോഹന്നാനെപ്പോലെ ഞങ്ങൾ നിന്നെ വന്ദിക്കുന്നു. പെട്ടകത്തിന്റെ മുമ്പിൽ ദാവീദിനെപ്പോലെ ഞങ്ങൾ തിരുമുമ്പാകെ ആഹ്ലാദിച്ചു നൃത്തം ചെയ്യുന്നു. ശരീരപ്രകാരമുള്ള നിന്റെ മഹനീയ ജനനത്തിന്റെ ഈ ദിനം ആഘോഷിക്കുവാൻ അർഹരായിത്തീർന്ന ബലഹീനരും പാപികളുമായ ഞങ്ങൾ അപേക്ഷിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. നീതിമാന്മാരോടുകൂടെ നിന്നെ സ്തോത്രം ചെയ്വാനും, ശ്ലീഹന്മാരോടുകൂടെ നിന്നിൽ ആനന്ദിക്കുവാനും, ആത്മീയരായ സ്വർഗസേനകളോടുകൂടെ നിനക്ക് കാഹളം ഊതുവാനും ഞങ്ങളെ യോഗ്യരാക്കണമേ. നിന്റെ രണ്ടാമത്തെ വരവിൽ, സകല പാപങ്ങളുടെയും പരിഹാരത്തിനും നിയമലംഘനങ്ങളുടെ മോചനത്തിനും മാലിന്യങ്ങളുടെ നിർമൂലനത്തിനും ഞങ്ങൾ അർഹരായിത്തീരണമേ. കൃപാപൂർവം ഞങ്ങളോടു വർത്തിക്കണമേ. ഞങ്ങളുടെ കടങ്ങൾക്ക് തക്കവണ്ണം പ്രതികാരം ചെയ്യരുതെ. നിന്നിലുള്ള ശരണത്തിൽ നിദ്രയടഞ്ഞ് നിന്റെ പ്രത്യക്ഷതയെ പ്രതീക്ഷിച്ചിരിക്കുന്ന വിശ്വാസികളായ സകല പരേതർക്കും കരുണാപൂർവം ആശ്വാസം നൽകണമേ. മഹനീയമായ സ്വർഗീയ ബലിപീഠത്തിൽ അവരെ നീ ഓർമിക്കണമേ. ഞങ്ങളും

www.malankaralibrary.com



അവരും നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധാത്മാവിനും ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും സ്തുതിയും സ്തോത്രവും അർപ്പിക്കും. ആമ്മീൻ.

ദൈവത്തിൽനിന്ന് കടങ്ങളുടെ പരിഹാരവും പാപങ്ങളുടെ മോചനവും രണ്ടു ലോകങ്ങളിലും നാം പ്രാപിക്കുമാറാകട്ടെ. ആമ്മീൻ.

## കോലോ

*(ബ്രീക്കു യൽദൊദ് ദുമോറോ...)*

ശിശുവാ-യ് കാണപ്പെട്ടവനേ
ധന്യൻ നീ അത്ഭുതനാം സൂ-നോ
ആദ-ത്തെ രക്ഷിപ്പാൻ നീ
ആഗതനായ് നരരൂപം പൂ-ണ്ടു

ആംഗ്യത്താലുലകം നയിക്കും
നീ പൈതൽപോൽ മുട്ടുകളി-ൽ നീന്തി
വചനം മാനുഷനേകിയ നീ
ശിശുതുല്യം മൗനം പൂ-ണ്ടല്ലൊ

സ്തു-ത്യം നിൻ വിനയം ക്രോബകൾതൻ
ഔന്നത്യം നീ, കൈവിട്ടു നി-ന്നെ
മറിയം പാഴ്ത്തുണിയിൽ പൊതിയാൻ
തക്കവിധത്തിൽ, നീ നിന്റെ, ശ്രേഷ്ഠതയെ താ-ഴ്ത്തി

ബാറെക്മോർ. ശുബ്ഹോ...

നിന്നെ-ലാളിപ്പൂ യൗസേഫ്
മാതാവാം മറിയം മോ-ദിപ്പൂ
വാനോർ-സൈന്യം താണെത്തി
ഭൂവാസി-ഗണമൊടു ചേ-ർന്നല്ലൊ

ഈറയരും ദർശിക്കാത്തൊരു
നിൻ ബഹുമാനം ഭൂവിൽ ദ-ർശിച്ചാർ
ശിശുവാ-യോൻ നീ പുൽക്കൂട്ടിൽ
മേവീടുന്നതു കാണു-ന്നേരം

www.malankaralibrary.com



നിൻ-താഴ്മയ്ക്കായ് സ്തുതി പാടി
തൃക്കഴൽകൂ-പ്പി കാഹളനാ-ദമൊടെ
നിൻ മഹിമാവെ ദർശിപ്പാൻ
യോഗ്യന്മാ-രാം മർത്ത്യ-ന്മാർക്കരുളി സൗ-ഭാ-ഗ്യം

മെൻഓലം...

പുനരു-ത്ഥാനം ഇല്ലെങ്കിൽ
സഹദേന്മാ-രെന്തിനു വ-ധമേറ്റു?
സ്വർലോ-കം ഇല്ലെന്നാകിൽ
നീതിഷ്ഠ-രെന്തിനു പോരാടി?

ഉത്ഥാനം കളവാണെങ്കിൽ
മിശിഹാ മൃതരീ-ന്നുത്ഥിതനാ-യില്ല
മൃതരേ-സുതനായ് കാത്തിടുവിൻ
സുവിശേ-ഷം വഴിയായ് താൻ-ചൊ-ന്ന

വാക്കി-ൽ ധൈര്യം പ്രാപിപ്പിൻ
ഈശൻ തന്റെ-ജീവദമാം ശ-ബ്ദം
മൃതർ കേ-ൾക്കുമ്പോൾ കബർ പൊളിയും
തൻവരവിങ്കൽ-അവർ പോകും-എതിരേ-റ്റീ-ടാനായ്

മൊറിയൊ റാഹേം...

അല്ലെങ്കിൽ

ശിശുവായി പ്രത്യക്ഷപ്പെടുകയും മനുഷ്യനായി പെരുമാറുകയും ചെയ്ത അത്ഭുതശിശു വാഴ്ത്തപ്പെട്ടവനാകുന്നു. ആദാമിനെ രക്ഷിപ്പാൻ അവൻ വന്നപ്പോൾ ശിശുക്കളോടുകൂടെ പിച്ച വച്ചു നടന്നു. ആംഗ്യത്താൽ അവൻ സൃഷ്ടികളെ നയിക്കുന്നു. മനുഷ്യനെ വചനം പഠിപ്പിച്ചവൻ ശിശുതുല്യം മൗനം അവലംബിച്ചു. ക്രൂബേന്മാരുടെ ഔന്നത്യത്തെ ഉപേക്ഷിച്ചിരിക്കെ അവനെ പ്രസവിച്ച മറിയം കീറ്റുശീലയിൽ അവനെ പൊതിഞ്ഞു. സ്വന്തം ശ്രേഷ്ഠത ഇപ്രകാരം താഴ്ത്തിയതിനാൽ അവന് സ്തുതി. ബാറെക്മോർ.

www.malankaralibrary.com



പിതാവിനും...

യൗസേഫ് നിന്നെ എടുത്ത് താലോലിക്കുകയും നിന്നെ പ്രസവിച്ച മറിയാം നിന്നിൽ സന്തോഷിക്കുകയും ചെയ്യുന്നു. സ്വർഗീയരായ ഹൈലാവോസേന്മാർ മണ്മയരുടെ അടുക്കലേക്കിറങ്ങി നിന്നു. ഈറേന്മാർ സൂക്ഷിച്ചു നോക്കുവാൻ ധൈര്യപ്പെടാത്ത നിന്റെ ബഹുമാനത്തെ അവർ ഭൂമിയിൽ കാണുകയും സ്തോത്രം അർപ്പിക്കുകയും ചെയ്തു. പുൽക്കൂട്ടിൽ കിടത്തപ്പെട്ടവനായ നിന്റെ ജനനം ദർശിച്ചതിനാൽ വിജയഘോഷത്തോടുകൂടി അവർ നിന്നെ വന്ദിച്ചു. അവർണ്ണ്യമായ നിന്റെ ശ്രേഷ്ഠത കാണുവാൻ യോഗ്യരായിത്തീർന്ന ആദാമിന്റെ സന്തതികൾക്ക് അവർ ഭാഗ്യം നേരുകയും ചെയ്തു.

ആദി മുതൽ...

പുനരുത്ഥാനം ഇല്ലെങ്കിൽ രക്തസാക്ഷികൾ അവരുടെ മരണത്താൽ എന്തുനേടി? പരലോകമില്ലെങ്കിൽ, നീതിമാന്മാർ എന്തിനു പരിശ്രമിച്ചു? ഉയിർപ്പു യഥാർത്ഥമല്ലെങ്കിൽ മിശിഹായും മരിച്ചവരുടെ ഇടയിൽനിന്ന് ഉയിർത്തെഴുന്നേറ്റിട്ടില്ല. മരിച്ചവർ പുത്രൻതമ്പുരാനെ നോക്കിപ്പാർത്തിരിക്കുന്നു. എന്തെന്നാൽ, അവർ ദൈവത്തിന്റെ ജീവശബ്ദം കേൾക്കുമ്പോൾ കല്ലറകളിൽനിന്ന് അവനെ എതിരേല്ക്കുവാനായി പുറപ്പെടുമെന്ന് തന്റെ സുവിശേഷത്തിൽ അവൻ ചെയ്ത വാഗ്ദാനം സത്യമാകുന്നു. മൊറിയൊ റാഹേം...

## എത്രൊ

കാർമ്മി: പിതാവായ ദൈവത്തിന്റെ മഹനീയ മനസ്സിലെ ഉത്കൃഷ്ടജ്ഞാനവും സുഗന്ധവാഹിയായ വിശുദ്ധ പുഷ്പവുമേ, നിനക്കു സ്തുതി. പാപത്താൽ ദുർഗന്ധം വമിച്ചിരുന്ന ഞങ്ങളെ നിന്റെ വിശുദ്ധമായ നറുമണത്തിന്റെ പരിമളത്താൽ ആനന്ദിപ്പിക്കുവാൻ അനുഗൃഹീതയായ മറിയാമെന്ന വരണ്ട ഭൂമിയിൽനിന്ന് നീ ലോകത്തിൽ ആവിർഭവിച്ചു. കർത്താവേ, കാരുണ്യവാനായ നിനക്ക് ഞങ്ങളുടെ ദുർബല കരങ്ങൾ സമർപ്പിച്ച ഈ ധൂപം

www.malankaralibrary.com



സ്വീകരിക്കണമേ. ഞങ്ങളുടെ കർത്താവും നിത്യദൈവവുമേ, മഹനീയമായ നിന്റെ ശ്രേഷ്ഠതയുടെ സുരഭിലവും അദൃശ്യവുമായ ഭംഗി സൂക്ഷ്മമായി നിരീക്ഷിക്കുവാൻ തക്ക ആത്മീയവും ഉജ്ജ്വലവുമായ ദിവ്യജ്ഞാനം ഞങ്ങൾക്ക് നീ നൽകണമേ. ആമ്മീൻ

## കോലോ

*(തൂബൈക് ഈത്തൊ...)*

ആ-രാലാവൂ-വർണ്ണിച്ചീടാൻ-ബേത്‌ലഹേം-പുൽക്കൂട്ടിൽ
ഇന്നുളവായ മഹാശ്ചര്യം ജ്ഞാനികൾ കണ്ടു- വിസ്മിതരായി
പാഴ്ത്തുണി ചുറ്റി-പൈതലിതാ-മേവുന്നു
കാലികൾ നില്ക്കും പുൽക്കൂട്ടിൽ വാണാൻ,
കാഴ്ചയിലവനെളിയോനെങ്കിലു
മഗ്നിമയർക്കെല്ലാം-ഭ്രമമേകുന്നോൻ
മാനുഷ ജന്മം-പൂണ്ടവനാം-സർവ്വേശൻ
ദൈവതനൂജനിവൻ സത്യം.

ബാറെക്മോർ. ശുബ്ഹോ...

സൂ-നുവിൻ സുവിശേഷം-ഘോഷിതമായി
ബേത്ലേമിൽ- ഈ ദിവസം
ആകർഷിച്ചാ സുവിശേഷം വിദ്വാന്മാർക്കായ്-പാതയൊരുക്കി
കൈകളിലേന്തി-കാഴ്ചകളും, ഹൃദയത്തിൽ
വിശ്വാസത്തൊടു ഗുഹയുൾ പൂകി
പാരിൻ സീമവരെ സൃഷ്ടിയിലെങ്ങും-ഒളിവീശിടും
പാപം നീക്കും-മിശിഹായാം-രക്ഷകനെ
കുമ്പിട്ടാരാധിച്ചല്ലോ.

മെൻഓലം...

ബാ-ബേൽപുരിയിൽ-തീച്ചൂളയിലാ-ബാലർമേൽ-എന്നതുപോൽ
ദൈവം വീഴ്ത്തിയ പനിനീരാ പാതാളത്തിൻ- വസതിക്കുള്ളിൽ
ക്ളേശിച്ചീടും-മൃതർ തൻമേൽ-വീഴട്ടെ

www.malankaralibrary.com



ശരണിതരാം മൃതരായവർതൻ, പാപം
എ-ന്നേക്കും നീക്കി സുസ്ഥിര ശ്വാശ്വ-ത ലോകം തന്നിൽ.
അവകാശം ന-ൽകീടട്ടെ, ഭാഗ്യമൊടെ
വാഴട്ടതുപോലെ-ന്നേക്കും.

അല്ലെങ്കിൽ

ബേത്‌ലഹേമിൽ വിജ്ഞാനികൾ ഇന്നു കണ്ടു വിസ്മയിച്ച അത്ഭുതം വർണ്ണിക്കാൻ ആർക്കു കഴിയും? കീറ്റുശീലകളാൽ പൊതിയപ്പെട്ട് മൃഗങ്ങളുടെ പുൽക്കൂട്ടിൽ കിടക്കുന്നവനായി അവർ അവനെ കണ്ടെത്തി. കാഴ്ചയിൽ അവൻ നിസ്സാര മനുഷ്യനാണെങ്കിലും സത്യത്തിൽ ശരീരം ധരിച്ച ദൈവപുത്രനാകുന്നു. അവനെക്കുറിച്ച് അഗ്നിമയന്മാർ ഭയചകിതരാകുന്നു.

ബാറെക്മോർ. പിതാവിനും...

ദൈവപുത്രന്റെ സുവിശേഷം ബേത്‌ലഹേമിൽ ഇന്ന് അറിയിക്കപ്പെട്ടു. അത് വിദ്വാന്മാരെ ആകർഷിക്കുകയും അവർക്കു വഴി ഒരുക്കുകയും ചെയ്തു. അവരാകട്ടെ കൈകളിൽ കാണിക്കകളും ഹൃദയത്തിൽ വിശ്വാസവുമായി വന്നെത്തുകയും കടങ്ങളെ പരിഹരിക്കുന്ന മിശിഹായെ, ഗുഹയിൽ പ്രവേശിച്ച് വന്ദിക്കുകയും ചെയ്തു. എന്തുകൊണ്ടെന്നാൽ, അവന്റെ പ്രകാശം ഭൂമിയുടെ അതിർത്തി മുതൽ അതിർത്തിവരെയും സൃഷ്ടിയിൽ ഉദിച്ചു.

ആദി മുതൽ...

പിതാവിനാൽ അയയ്ക്കപ്പെടുകയും, ബാബേലിലെ അഗ്നിച്ചൂളയിൽവച്ച് ബാലന്മാർമേൽ തളിക്കപ്പെടുകയും ചെയ്ത ജീവന്റെ പനിമഞ്ഞ് പാതാളത്തിലെ ദു:ഖഭവനങ്ങളിലുള്ള മരിച്ചവരുടെമേൽ വർഷിക്കപ്പെടുമാറാകട്ടെ അവനിലുള്ള ശരണത്തിൽ നിദ്രപ്രാപിച്ച ദാസന്മാരുടെ പിഴകളെ മോചിക്കുകയും സനാതനവും അക്ഷയവുമായ രാജ്യത്തിന് അവരെ അവകാശികളാക്കുകയും ചെയ്യട്ടെ.

www.malankaralibrary.com



## ഹൂലോലൊ

ഹാ-ഉ-ഹാ നാഥൻ ചൊന്നെന്നൊടു 'നീയെൻ സൂനു
നിന്നെ ഞാനിന്നു ജനിപ്പിച്ചു' ഹാലേ-ലുയ്യാ.

## ഏവൻഗേലിയോൻ

(യോഹ 1:1-17)

കാർമി: നിങ്ങൾക്കെല്ലാവർക്കും...

ജനം: അങ്ങയുടെ ആത്മാവിനും....

കാർമി: ജീവൻ നൽകുന്ന വചനമായ...

ജനം: വന്നവനും വരുവാനിരിക്കുന്നവനുമായവൻ...

കാർമി: വി. കന്യക മറിയാമിൽനിന്ന്...

ആദിയിൽ വചനമുണ്ടായിരുന്നു; വചനം ദൈവത്തോടു കൂടെയായിരുന്നു; വചനം ദൈവമായിരുന്നു. അവൻ ആദിയിൽ ദൈവത്തോടുകൂടിയായിരുന്നു. സമസ്തവും അവനിലൂടെ ഉണ്ടായി. ഒന്നും അവനെക്കൂടാതെ ഉണ്ടായിട്ടില്ല. അവനിൽ ജീവനുണ്ടായിരുന്നു. ആ ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു. ആ വെളിച്ചം ഇരുളിൽ പ്രകാശിക്കുന്നു. അതിനെ കീഴടക്കാൻ ഇരുളിനു കഴിഞ്ഞിട്ടില്ല.

ദൈവം അയച്ച ഒരു മനുഷ്യനുണ്ടായിരുന്നു. അവന്റെ പേര് യോഹന്നാൻ എന്നാണ്. അവൻ സാക്ഷ്യത്തിനായി വന്നു. വെളിച്ചത്തിനു സാക്ഷ്യം നൽകാൻ; അവൻവഴി എല്ലാവരും വിശ്വസിക്കാൻ. അവൻ വെളിച്ചമായിരുന്നില്ല; വെളിച്ചത്തിന് സാക്ഷ്യം നൽകാൻ വന്നവനാണ്. എല്ലാ മനുഷ്യരെയും പ്രകാശിപ്പിക്കുന്ന യഥാർത്ഥ വെളിച്ചം ലോകത്തിലേക്ക് വരുന്നുണ്ടായിരുന്നു. അവൻ ലോകത്തിലായിരുന്നു. ലോകം അവനിലൂടെ സൃഷ്ടിക്കപ്പെട്ടു. എങ്കിലും ലോകം അവനെ അറിഞ്ഞില്ല. അവൻ സ്വജനത്തിന്റെ അടുത്തേക്കു വന്നു. എന്നാൽ അവർ അവനെ സ്വീകരിച്ചില്ല. തന്നെ സ്വീകരിച്ചവർക്കെല്ലാം, തന്റെ നാമത്തിൽ വിശ്വസിക്കുന്നവർക്കെല്ലാം, ദൈവമക്കളാകാൻ

www.malankaralibrary.com



അവൻ കഴിവു നൽകി. അവർ ജനിച്ചതു രക്തത്തിൽനിന്നോ ശാരീരികാഭിലാഷത്തിൽനിന്നോ പുരുഷന്റെ ഇച്ഛയിൽനിന്നോ അല്ല, ദൈവത്തിൽ നിന്നത്രേ.

വചനം മാംസമായി നമ്മുടെയിടയിൽ വസിച്ചു. അവന്റെ മഹത്വം നമ്മൾ ദർശിച്ചു-കൃപയും സത്യവും നിറഞ്ഞതും പിതാവിന്റെ ഏകജാതന്റേതുമായ മഹത്വം. യോഹന്നാൻ അവനു സാക്ഷ്യം നൽകിക്കൊണ്ട് വിളിച്ചു പറഞ്ഞു: ഇവനെപ്പറ്റിയാണ് ഞാൻ പറഞ്ഞത്. എന്റെ പിന്നാലെ വരുന്നവൻ എന്നേക്കാൾ വലിയവനാണ്; കാരണം, എനിക്കുമുമ്പുതന്നെ അവനുണ്ടായിരുന്നു. അവന്റെ പൂർണതയിൽനിന്നു നാമെല്ലാം കൃപയ്ക്കുമേൽ കൃപ സ്വീകരിച്ചിരിക്കുന്നു. എന്തുകൊണ്ടെന്നാൽ, നിയമം മോശവഴി നൽകപ്പെട്ടു; കൃപയും സത്യവുമാകട്ടെ, യേശുക്രിസ്തുവഴി ഉണ്ടായി.

✠ നിങ്ങൾക്കെല്ലാവർക്കും ശാന്തി ഭവിക്കട്ടെ!

## കുക്കിലിയോൻ

കാർമി: മക്കളിലപ്പൻ കൃപ ചെയ്വതുപോലെ - ഹാ -
ഭക്തന്മാരിൽ ദൈവം കൃപ ചെയ്യും
ജനം: പുല്ലിനു തുല്യം നരനുടെ നാൾകളഹോ - ഹാ-
പൂക്കുന്നിതു വയലിൽ പൂച്ചെടിപോലെ. ബാറെക്മോർ.

കാർമി: ശുബ്ഹോ...

ജനം: മെൻഓലം...

കാർമി: ശരണത്താലെ നിൻ കൃപയിൽ
മരണമടഞ്ഞൊരു ദാസരെ നിൻ
ജീവസ്വരമതുണർത്തണമേ
കബറീന്നും പറുദീസായ്ക്കായ്

സ്തൗമെൻ...

www.malankaralibrary.com



കാർമി: രക്ഷകനേ നിൻ ഗാത്രത്തെ ഭക്ഷിച്ചും നിൻ
വിലയേറും രക്തക്കാസാ പാനം ചെയ്തും
മൃതരായോരെ നാശം നീക്കി ജീവിപ്പി-
ച്ചണിയിക്കുക നിന്നെ നോക്കുന്നവരിൽ കാന്തി.

ബാറെക്മോർ.

കാർമി: ശുബ്ഹോ...

മൃതരെ ജീവിപ്പിപ്പാനെഴുന്നള്ളും രാജാ
മുകിലഴകിൻ മേലാഘോഷിതനായീടുന്നു.
നയവാന്മാർ തൻ മുൻ കൊമ്പിൻ നാദം കേട്ടി-
ട്ടങ്കിയണിഞ്ഞെതിരേല്പാനായ് പോയീടുന്നു.

മൊറിയൊ റാഹേം...

## മാർ യാക്കോബിന്റെ ബോവൂസാ

ഹാലെൽ ഹാലെൽ ഹാലേലൂയ്യാ പാടീടേണം
ആട്ടിടയന്മാർ ബേത്ലഹേമിൽ പാടിയപോലെ

സ്വർലോകത്തിൽ തേരിൽ വാഴുന്നവനെക്കാൺമിൻ
പേറീടുന്നു കന്യകയവനെ തൻകരതാരിൽ

ഗബ്രിയേലും വാനവഗണവും വന്ദിക്കുമ്പോൾ
യൗസേപ്പവനെ കൈകളിലേന്തി ആഘോഷിപ്പൂ

തൻ മഹിമാവാൽ വാനും ഭൂവും നിറയുന്നോനീ-
പ്പാരിൽ മോദം തൻ ജനനത്താൽ നൽകീടുന്നു

തൻജനിയാലെ ധരയെ ആമോദിപ്പിച്ചോനും
താതനുമൊന്നായ് സ്തുതി റൂഹായ്ക്കും പാടീടാം നാം

ഹാലെൽ ഹാലെൽ ഹാലേലൂയ്യാ പാടീടേണം
ആട്ടിടയന്മാർ ബേത്ലഹേമിൽ പാടിയപോലെ

www.malankaralibrary.com



## കൗമാ

*(കാദീശാത്ത് ആലോഹോ)*

കാർമ്മി: ശുദ്ധൻ നീ ആലോഹോ

ജനം: ശുദ്ധൻ നീ ബലവാനേ
ശുദ്ധൻ നീ മൃതിഹീനാ
ഞങ്ങൾക്കായ് ക്രൂശേറ്റോനേ, കൃപചെയ്യ് ✠ (മൂന്നു പ്രാവശ്യം)

കാർമ്മി: കർത്താവേ, ചെയ് കാരുണ്യം

ജനം: കർത്താവേ, ചെയ് കൃപയാലേ
കർത്താവേ, പ്രാർത്ഥന പരികർമ്മങ്ങൾ
കൈക്കൊണ്ടും ചെയ് കാരുണ്യം.

കാർമ്മി: സ്തുത്യൻ നീ ആലോഹോ

ജനം: സ്തുത്യൻ നീ സ്രഷ്ടാവേ,
സ്തുത്യൻ നീ പാപികളിൽ കൃപ-
ചെയ്യും മിശിഹാ രാജാവേ. ബാറെക്മോർ.

കാർമ്മി: സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,...

കാർമ്മി: കൃപനിറഞ്ഞ മറിയമേ,...

www.malankaralibrary.com



# സുത്താറാ

## കൗമാ

## കോലോ

*(മെൻ ഹൗബയ് മോർ...)*

പരിശുദ്ധന്മാർക്കായ് കാക്കപ്പെടുമുദ്യാനം
പൂകായ് വാ-നെ-ന്നെ
വേലി-യ്ക്കൊപ്പം നേർക്കുന്നെൻ-
കടമോർത്തുണ്ടു ഭയം നാഥാ
നരകത്തീന്നെന്നെയേറ്റിപ്പാർപ്പിക്കുക നിൻ
ഹിതമൊത്താ ദിക്കിൽ. ബാറെക്മോർ

ശുബ്ഹൊ... മെൻഓലം...

രക്ഷകനേശുമഹാരാജാ സ്തുതിചെയ്യുന്നേൻ
അനുതാപക്കാർ മുൻ
നിൻവാ-തിൽ തുറന്നീടുന്നു
എല്ലാ-നന്മയുമേകും നിൻ
നന്തുനിയാവാനെന്നെ നിൻ നൽവരമേകി
സന്തോഷിപ്പിക്ക. മൊറിയോ റാഹേം...

## മാർ ബാലായിയുടെ ബോവൂസാ

ദുഷ്ടന്മാരിൽ കാരുണ്യം പൂണ്ടോനേ
കാരുണ്യം ചെയ്നിൻ-ന്യായത്തീർപ്പിന്നാൾ

ദു:ഖം പൂണ്ടോർ നിൻ വാതിൽ മുട്ടുന്നു
കാരുണ്യത്താൽ നൽകേണം യാചനയെ

സ്വർഗസ്ഥൻ താതാ പ്രാർത്ഥിക്കുന്നയ്യോ
കൈക്കൊണ്ടീക്കർമ്മം കാരുണ്യം ചെയ്ക

വിണ്ണവർ തൻ നാഥാ-മൺമയരാശയുമേ
കൈക്കൊണ്ടീക്കർമ്മം-കാരുണ്യം ചെയ്ക.

കുറിയേ... കുറിയേ... കുറിയേ...

www.malankaralibrary.com



## സങ്കീർത്തനങ്ങൾ 91, 121

അത്യുന്നതന്റെ മറവിൽ ഇരിക്കുന്നവൻ ദൈവത്തിന്റെ നിഴലിൽ മഹത്ത്വപ്പെടുന്നു.

ഞാൻ ആശ്രയിച്ചിരിക്കുന്ന ദൈവം എന്റെ ശരണവും സങ്കേത സ്ഥലവുമെന്ന് കർത്താവിനെക്കുറിച്ച് നീ പറയുക.

എന്തെന്നാൽ, അവൻ വിരുദ്ധതയുടെ കെണിയിൽനിന്നും വ്യർത്ഥസംസാരത്തിൽനിന്നും നിന്നെ രക്ഷിക്കും.

അവൻ തന്റെ തൂവലുകൾകൊണ്ട് നിന്നെ രക്ഷിക്കും. അവന്റെ ചിറകുകളുടെ കീഴിൽ നീ മറയ്ക്കപ്പെടും. അവന്റെ സത്യം നിന്റെ ചുറ്റും ആയുധമായിരിക്കും.

നീ രാത്രിയിലെ ഭയത്തെയും പകൽ പറക്കുന്ന അസ്ത്രത്തെയും ഇരുട്ടിൽ സഞ്ചരിക്കുന്ന വചനത്തെയും മദ്ധ്യാഹ്നത്തിൽ വീശുന്ന കൊടുംകാറ്റിനെയും ഭയപ്പെടുകയില്ല.

നിന്റെ ഭാഗത്ത് ആയിരങ്ങളും നിന്റെ വലത്തുഭാഗത്ത് പതിനായിരങ്ങളും വീഴും.

എങ്കിലും, അവ നിങ്കലേക്ക് അടുക്കുകയില്ല. എന്നാലോ നിന്റെ കണ്ണുകൾകൊണ്ട് നീ കാണുക മാത്രം ചെയ്യും. ദുഷ്ടന്മാർക്കുള്ള പ്രതിഫലം നീ കാണും.

എന്തെന്നാൽ, തന്റെ വാസസ്ഥലം ഉയരങ്ങളിൽ ആക്കിയ എന്റെ ശരണമായ കർത്താവ് നീയാകുന്നു.

ദോഷം നിന്നോട് അടുക്കുകയില്ല. ശിക്ഷ നിന്റെ വാസസ്ഥലത്തിന് സമീപിക്കുകയുമില്ല.

എന്തെന്നാൽ, നിന്റെ സകല വഴികളിലും നിന്നെ കാക്കേണ്ടതിന് അവൻ നിന്നെക്കുറിച്ച് തന്റെ മാലാഖമാരോട് കല്പിക്കും.

www.malankaralibrary.com



നിന്റെ കാലിൽ നിനക്ക് ഇടർച്ച ഉണ്ടാകാതിരിപ്പാനായി അവർ തങ്ങളുടെ ഭുജങ്ങളിൽ നിന്നെ വഹിക്കും.

ഗോർസോ സർപ്പത്തെയും അണലിയെയും നീ ചവിട്ടും. സിംഹത്തെയും പെരുമ്പാമ്പിനെയും നീ മെതിക്കും.

അവൻ എന്നെ അന്വേഷിച്ചതുകൊണ്ട് ഞാൻ അവനെ രക്ഷിക്കും. അവൻ എന്റെ നാമം അറിഞ്ഞതുകൊണ്ട് ഞാൻ അവനെ ബലപ്പെടുത്തും.

അവൻ എന്നെ വിളിക്കും. ഞാൻ അവനോട് ഉത്തരം പറയും. ഞെരുക്കത്തിൽ ഞാൻ അവനോടുകൂടെ ഇരുന്ന് അവനെ ബലപ്പെടുത്തി ബഹുമാനിക്കും.

ദീർഘായുസുകൊണ്ട് ഞാൻ അവനെ തൃപ്തിപ്പെടുത്തി, എന്റെ രക്ഷ അവനെ ഞാൻ കാണിക്കും.

121 : ഞാൻ പർവ്വതത്തിലേക്ക് എന്റെ കണ്ണുകൾ ഉയർത്തും. എന്നെ സഹായിക്കുന്നവൻ എവിടെ നിന്ന് വരും?

എന്റെ സഹായം ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവിന്റെ സന്നിധിയിൽ നിന്നാകുന്നു.

അവൻ നിന്റെ കാൽ ഇളകുവാൻ സമ്മതിക്കുകയില്ല. നിന്റെ കാവൽക്കാരൻ ഉറക്കം തൂങ്ങുകയുമില്ല.

എന്തെന്നാൽ, ഇസ്രായേലിന്റെ കാവൽക്കാരൻ ഉറക്കം തൂങ്ങുന്നില്ല. ഉറങ്ങുന്നുമില്ല.

നിന്റെ കാവൽക്കാരൻ കർത്താവാകുന്നു. കർത്താവ്, തന്റെ വലത്തു കൈകൊണ്ട് നിനക്ക് നിഴലിടും.

പകൽ സൂര്യനോ, രാത്രിയിൽ ചന്ദ്രനോ നിന്നെ ഉപദ്രവിക്കുകയില്ല.

www.malankaralibrary.com



കർത്താവ്, സകല ദോഷങ്ങളിൽനിന്നും നിന്നെ കാത്തു കൊള്ളും. അവൻ നിന്റെ ആത്മാവിനെ കാത്തുകൊള്ളും.

കർത്താവ്, നിന്റെ ഗമനത്തെയും നിന്റെ ആഗമനത്തെയും ഇതുമുതൽ എന്നേക്കും കാത്തുകൊള്ളും.

ദൈവമേ, സ്തുതി നിനക്ക് യോഗ്യമാകുന്നു. ബാറെക്മോർ.

ശുബ്ഹൊ... ഹാ-ഹാ-ഹാ- മെൻഓലം...

## മാനീസാ

കർത്താവേ, നിന്റെ കരുണയിൻ ചിറകുകളുടെ നിഴലിൻ കീഴിൽ ഞങ്ങളെ മറച്ച് ഞങ്ങളോട് കരുണ ചെയ്യണമേ.

സകലവും കേൾക്കുന്നവനേ, നിന്റെ കരുണയാൽ നിന്റെ അടി യാരുടെ അപേക്ഷ നീ കേൾക്കണമേ.

മഹത്ത്വമുള്ള രാജാവായി ഞങ്ങളുടെ രക്ഷകനായ മിശിഹാ സമാധാനപൂർണ്ണമായ സന്ധ്യയും പുണ്യമുള്ള രാവും ഞങ്ങൾക്ക് തരണമേ.

ഞങ്ങളുടെ കണ്ണുകൾ നിങ്കലേക്ക് നോക്കിക്കൊണ്ടിരിക്കുന്നു. ഞങ്ങളുടെ കടങ്ങളും പാപങ്ങളും നീ പരിഹരിച്ച് ഇഹവും പരവുമായ രണ്ടു ലോകങ്ങളിലും ഞങ്ങളോട് കരുണ ചെയ്യണമേ.

കർത്താവേ, നിന്റെ കരുണ ഞങ്ങളെ മറച്ച് നിന്റെ കൃപ ഞങ്ങളുടെ മുമ്പിൽ നിൽക്കണമേ. നിന്റെ സ്ലീബാ ദുഷ്ട നിൽനിന്നും അവന്റെ സൈന്യങ്ങളിൽനിന്നും ഞങ്ങളെ കാത്തു കൊള്ളണമേ.

ഞങ്ങൾ ജീവനോടിരിക്കുന്ന നാളുകൾ ഒക്കെയും നിന്റെ വലത്തുകൈ ഞങ്ങളുടെമേൽ ആവസിപ്പിക്കണമേ.

നിന്റെ സമാധാനം ഞങ്ങളുടെ ഇടയിൽ വാഴുമാറാകണമേ. നിന്നോട് അപേക്ഷിക്കുന്ന ആത്മാക്കൾക്ക് ശരണവും രക്ഷയും നീ നൽകണമേ.

www.malankaralibrary.com



നിന്നെ പ്രസവിച്ച മറിയാമിന്റെയും നിന്റെ സകല പരിശുദ്ധന്മാരുടെയും പ്രാർത്ഥനയാൽ, ദൈവമേ, ഞങ്ങളുടെ കടങ്ങൾക്ക് പരിഹാരമുണ്ടാക്കി ഞങ്ങളോട് കരുണ ചെയ്യണമേ.

## ക്രോബേന്മാരുടെ സ്തുതി

(എസെ 3:12)

കർത്താവിന്റെ ബഹുമാനം തന്റെ സ്ഥാനത്ത് എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു. ✠
കർത്താവിന്റെ ബഹുമാനം തന്റെ സ്ഥാനത്ത് എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു. ✠
കർത്താവിന്റെ ബഹുമാനം തന്റെ സ്ഥാനത്ത് എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു. ✠

വിശുദ്ധിയും മഹത്ത്വവുമുള്ള ത്രിത്വമേ, ഞങ്ങളോട് കരുണ ചെയ്യണമേ.
വിശുദ്ധിയും മഹത്ത്വവുമുള്ള ത്രിത്വമേ, ഞങ്ങളോട് കരുണ ചെയ്യണമേ.
വിശുദ്ധിയും മഹത്ത്വവുമുള്ള ത്രിത്വമേ, കൃപയുണ്ടായി ഞങ്ങളോട് കരുണചെയ്യണമേ.

നീ എന്നേക്കും വിശുദ്ധിയും മഹത്ത്വവുമുള്ളവനാകുന്നു.
നീ എന്നേക്കും വിശുദ്ധിയും മഹത്ത്വവുമുള്ളവനാകുന്നു.
നീ വിശുദ്ധിയുള്ളവനും നിന്റെ തിരുനാമം എന്നേക്കും വാഴ്ത്തപ്പെട്ടതുമാകുന്നു.

ഞങ്ങളുടെ കർത്താവേ, നിനക്ക് സ്തുതി.
ഞങ്ങളുടെ കർത്താവേ, നിനക്ക് സ്തുതി.
ഞങ്ങളുടെ ശരണവുമേ, എന്നേക്കും നിനക്ക് സ്തുതി. ബാറെക്മോർ.

**സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,...**

**കൃപനിറഞ്ഞ മറിയമേ, നിനക്ക് സമാധാനം...**

**വിശ്വാസപ്രമാണം**

www.malankaralibrary.com



## കുക്കിലിയോൻ

### ദൈവമാതാവ് (ബസ്മൽക്കോ)

*കുന്തുരുക്കം ഇടുവിക്കുന്നു*

കർമ്മി : നിന്നാൾ സ്തുതിയൊടു രാജമകൾ ഹാ-ഹാ
നിൻ വലഭാഗേ രാജഭാമിനിയും

ജനം : നിന്നഴകരചൻ മോഹിപ്പാൻ ഹാ-ഹാ
നിൻ ജനമോർക്കായ്ക പിതൃഗൃഹവും. ബാറെക്മോർ.
ശുബ്ഹോ..... മെൻഓലം......

### എക്ബോ

കർമ്മി : ഭക്തർ പുകഴ്ചാ ഭാജനമേ

ജനം : നിന്നിലുദിച്ചോരേക സുതൻ
തൃക്കരൾ ഞങ്ങളിലലിവാൻ തൻ
പക്കലപേക്ഷയണയ്ക്കേണം.
സ്തൗമെൻകാലൊസ് കുറിയേലായിസ്സോൻ.

### കോലോ – I

കർമ്മി : മന്നമകൾക്കായി ശ്ലോമ്മോ

ജനം : വന്നേകി ദൂതവരൻ
'നിന്നൊടുകൂടെൻ നാഥൻ നി –
ന്നിൽ തന്നുദയമതും'. ബാറെക്മോർ.
ശുബ്ഹോ...

ജനം : അഖിലജഗൽപതിയെ നായക-
നായേററി ഘോഷിച്ചാൾ
അതിബഹുമാനിച്ചു മറിയാം
വലുതാം പടവായ്താൻ.
മൊറിയോറാഹേം അലൈൻ ഊ ആദാറൈൻ.

www.malankaralibrary.com



## കോലോ - II

*(ല്മറിയാം യൊൽദാസ് ആലോഹോ)*

കർമി: ദൈവത്തിൻ മാതാ മറിയാമ്മിന്നും നിബിയ-

ജനം : ന്മാർക്കും ശ്ലീഹന്മാ-ർക്കും നൽ സഹദേന്മാർക്കും
സഭയിൻ മക്കൾക്കേവർക്കും കാലം തോറും
എന്നേക്കും നല്ലോരോർമയതുണ്ടാകട്ടെ.

ബാറെക്മോർ. ശുബ്ഹോ...

ജനം : തിരുവുള്ളത്താൽ കന്യകയാം മറിയാമ്മിന്നുൾ
ജാതനതായ് ജാതി-ക്കാരെ വഴിനേരാക്കി
രക്ഷിച്ചവൾതന്നോർമയ്ക്കൗന്നത്യം ചേർത്ത
സുതനായ് സ്തോത്രം പ്രാ-ർത്ഥിക്കട്ടവൾ ഞങ്ങൾക്കായ്.
മൊറിയൊ റാഹേം...

## കോലോ - III

*(ദുഖറോനൊ ദു മറിയം)*

കർമി: വാഴ്വായ് തീരണമേ. - മറിയാമിന്നോർമ

ജനം : അവൾ പ്രാർത്ഥന ഞങ്ങൾക്കാത്മാ-വിനു കോട്ട.

ബാറെക്മോർ. ശുബ്ഹോ...

ജനം : ദൈവാംബിക കന്യാ-മറിയാമിന്നായി
പരിമളധൂപചുരുൾ - വായുവിലുയരുന്നു. മൊറിയോ...

## ബോവൂസോ

കർമി: മോറാനീശോ, കുരിശും നിൻ

ജനം : മാതൃജനത്തിൻ പ്രാർത്ഥനയും
അടികളെയും നിൻ കോപത്തിൻ
വടികളെയും മായ്ച്ചീടേണം.

www.malankaralibrary.com



അല്ലെങ്കിൽ

*(ലോതെശ്ലേൻ ഓ കാദീശ്തോ)*

കർമി: ഞങ്ങൾക്കായുള്ളർത്ഥന നീ

ജനം : നിർത്തീടരുതേ പരിശുദ്ധേ
ഏകാത്മജനോടർത്ഥിക്ക
ഞങ്ങളിലാർദ്രത തോന്നീടാൻ.

## II

## പരിശുദ്ധന്മാർ (സാദീക്കോ)

## കുക്കിലിയോൻ

കുന്തുരുക്കം ഇടുവിക്കുന്നു.

കർമി: നയവാൻ പനപോലെ തളിർത്തിടുമേ - ഹാ
വളരുമവൻ ലബനോന്റെ കാരകിൽപോൽ

ജനം : വൃദ്ധതയിലുമവർ തളിരിട്ടു തഴച്ചിടുമേ - ഹാ
വർദ്ധിക്കുമവർക്കു തുഷ്ടി പുഷ്ടികളും. ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

## എക്ബോ

കർമി: ഒരുപോലിങ്ങും മാർ (തോമ്മാ)

ജനം : വാനിലുമതുപോൽ നിന്നോർമ്മ
ഉതകണമേ നിൻ പ്രാർത്ഥന നിൻ
ഓർമ്മയെ ബഹുമാനിച്ചോർക്കായ്.
സ്തൗമെൻ...

## കോലോ - I

കർമി: പ്രാർത്ഥനയിൻ സമയമിതല്ലോ മാർ (തോമ്മാ)

ജനം : പതിവിൻപടി നിൻ കൂട്ടത്തലയായ് പ്രാർത്ഥിക്ക
ഇമ്പമെഴും നിൻ പാട്ടിൽ ശ്രദ്ധിച്ചീടും നിൻ
ആടുകളെ മൂശേപ്പോൽ തൃക്കൈവാഴ്ത്തേണം.

ബാറെക്മോർ. ശുബ്ഹോ...

www.malankaralibrary.com



ജനം : നിന്നെ വരിച്ചൊരു താതന്നും മാർ (തോമ്മാ)
നിന്നോർമ്മയെ ബഹുമാനിച്ച സുതനും സ്തോത്രം
നിന്നെ മുടിചൂടിക്കുന്ന റൂഹാ വന്ദ്യൻ
നിൻ പ്രാർത്ഥന കൃപയേറ്റട്ടെ ഞങ്ങൾക്കെന്നും.

മൊറിയൊ റാഹേം...

## കോലോ - II

*(ന്ബിയേ കാദീശേ)*

കർമ്മി : നിർമ്മല നിബിമാരേ-രാജ്യസുത ശ്ലീഹന്മാരേ,

ജനം : പാപാബ്ധിയിലെങ്ങൾ-താഴായ്‌വാൻ പ്രാർത്ഥിപ്പിൻ

ബാറെക്മോർ. ശുബ്ഹോ...

ജനം : സൽ സഹദേന്മാരാം-ദൈവത്തിൻ ദാസന്മാരേ,
നിങ്ങടെ പ്രാർത്ഥനകൾ-കോട്ടകളെങ്ങൾക്കാകട്ടെ.

മൊറിയൊ റാഹേം...

## കോലോ - III

*(തൂബോ ലൻബീയെ)*

കർമ്മി : ഭാഗ്യം നിബിയർക്കും -ഭാഗ്യം ശ്ലീഹർക്കും

ജനം : ഭാഗ്യം സഹദേർക്കും - പുനരുത്ഥാനദിനേ.

ബാറെക്മോർ. ശുബ്ഹോ...

ജനം : മിശിഹായെ കാണ്മാൻ സഹദേരാശിച്ചു
വാളാൽചിറകേന്തി ഉന്നതപദമേറി. മൊറിയോ...

## ബോവൂസോ

കർമ്മി : പരിശുദ്ധന്മാരേ, നിങ്ങൾ

ജനം : പ്രാർത്ഥിപ്പിൻ കർത്താവോടായ്
അടികളെയും തൻ കോപത്തിൻ
വടികളെയും മായിച്ചീടാൻ.

www.malankaralibrary.com



## ഹൂത്തോമ്മൊ

(പട്ടക്കാരിൽ ഒരാൾ കിഴക്കോട്ടു തിരിഞ്ഞുനിന്നുകൊണ്ട് കൈകൾ മലർത്തിപ്പിടിച്ച് ചൊല്ലുന്നു.)

ഞങ്ങളുടെ കർത്താവും എന്നേക്കും ഞങ്ങളുടെ ദൈവവുമേ, നിനക്കു സ്തുതി, നിനക്കു സ്തുതി, നിനക്കു സ്തുതി. ഞങ്ങളുടെ കർത്താവേശുമിശിഹാ, നിന്റെ കൃപയാലും നിന്റെ ധാരാളമായ കരുണയാലും ഞങ്ങളുടെ പ്രാർത്ഥനകൾ കേൾക്കണമേ. ഞങ്ങളുടെ ശുശ്രൂഷ കൈക്കൊള്ളണമേ. ഞങ്ങളുടെ സഹായത്തിനായി എഴുന്നെള്ളി വരണമേ, ഞങ്ങളെ പുണ്യപ്പെടുത്തണമേ. ഞങ്ങളുടെ കർത്താവും ഞങ്ങളുടെ ദൈവവുമേ, വിശ്വാസികളായ ഞങ്ങളുടെ പരേതരെ പുണ്യപ്പെടുത്തണമേ.

ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ശുശ്രൂഷ നിനക്കു പ്രീതികരമായിത്തീരണമേ. ഞങ്ങളുടെ പ്രാർത്ഥനകൾ നിനക്കു ഹിതകരമായിരിക്കണമേ. ഞങ്ങളുടെ യാചനകൾ നിനക്കു സ്വീകാര്യമാകണമേ. ഞങ്ങളുടെ അപേക്ഷകൾ നിന്റെ ബഹുമാനത്തിനായിരിക്കണമേ. കർത്താവേ, നിന്റെ കൃപയും കരുണയും സഹായങ്ങളും പ്രസാദവരങ്ങളും, നിന്റെ സകല ദിവ്യദാനങ്ങളും ബലഹീനരായ ഞങ്ങളിലും കുറ്റമുള്ള ഞങ്ങളുടെ വർഗ്ഗത്തിന്മേലും വന്ന് അധിവസിക്കുകയും ചിന്തപ്പെടുകയും എന്നേക്കും നിലനിൽക്കുകയും ചെയ്യുമാറാകണമേ.

(പടിഞ്ഞാറോട്ട് തിരിഞ്ഞുനിന്നുകൊണ്ട്)

പിശാചുക്കൾക്ക് ഭയങ്കരവും മാലാഖമാർക്ക് ബഹുമാനവും സത്യവിശ്വാസികൾക്ക് ബലമുള്ള കോട്ടയുമാകുന്ന ദൈവപുത്രന്റെ വന്ദ്യ സ്ളീബാ ✠ രാത്രിയിലും പകലിലും സന്ധ്യയിലും പ്രഭാതത്തിലും മദ്ധ്യാഹ്നത്തിലും എല്ലാ നാഴികയിലും എല്ലാ സമയത്തും നമ്മോടുകൂടെയും നമ്മുടെ ഇടയിലുമായിരുന്ന്

www.malankaralibrary.com



നമ്മെ കാത്തുകൊള്ളുകയും മറച്ചുകൊള്ളുകയും ചെയ്യട്ടെ.

ദുഷ്ടമനുഷ്യരുടെ കഠിനകോപത്തിൽനിന്നും, പിശാചുക്കളുടെയും അവിശ്വാസികളുടെയും അസൂയയിൽനിന്നും ഉപദ്രവിക്കുന്ന അധികാരികളിൽനിന്നും, ദയയില്ലാത്ത യജമാനൻമാരുടെ കൈകളിൽനിന്നും, രഹസ്യശത്രുക്കളിൽനിന്നും പരസ്യശത്രുക്കളിൽനിന്നും, സാത്താന്റെ കെണികളിൽനിന്നും, ആത്മാവിനെയും ശരീരത്തെയും നശിപ്പിക്കുന്ന ദുർവികാരങ്ങളിൽനിന്നും, പാപത്തിന്റെ സകല ശക്തിയിൽനിന്നും നാം ഒഴിഞ്ഞ് രക്ഷപെട്ട് വീണ്ടുകൊള്ളപ്പെടുമാറാകട്ടെ. ആയത് കരുണയുള്ള മാതാവും ജയം ധരിച്ചിരിക്കുന്നവളും രണ്ടാമത്തെ ആകാശവും സത്യക്രിസ്ത്യാനികളുടെ പുകഴ്ചയുമായിരിക്കുന്ന മാലിന്യമില്ലാത്ത കന്യകയും ദൈവമാതാവുമായ വിശുദ്ധ മറിയാമിന്റെ പ്രാർത്ഥനകളാലും അപേക്ഷകളാലും തന്നെ.

ജനം : ബാറെക്മോർ.

ജയിപ്പിക്കുന്നതും രക്ഷിക്കുന്നതും ജീവിപ്പിക്കുന്നതുമായ സ്ളീബായുടെ ✠ വലിയ ശക്തിയാലും നിബിയന്മാരുടെയും ശ്ലീഹന്മാരുടെയും സഹദേൻമാരുടെയും മൗദ്യാനന്മാരുടെയും നീതിമാന്മാരുടെയും ആചാര്യന്മാരുടെയും വിശുദ്ധ പിതാക്കന്മാരുടെയും സത്യമുള്ള ഇടയന്മാരുടെയും സത്യവിശ്വാസികളായ മല്പാന്മാരുടെയും പ്രാർത്ഥനകളാലും വിശുദ്ധ സഭയിലെ മല്പാന്മാരായ മാർ അപ്രേമിന്റെയും മാർ യാക്കോബിന്റെയും മാർ ഇസഹാക്കിന്റെയും പ്രാർത്ഥനകളാലും നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെയും മാർ ഗീവർഗീസ് സഹദായുടെയും മാർ ബഹനാന്റെയും അവന്റെ സഹോദരിയായ സാറായുടെയും അവന്റെ കൂട്ടുകാരായ നാല്പതു സഹദേന്മാരുടെയും പ്രാർത്ഥനകളാലും മാർ യോഹന്നാൻ മാംദാനയുടെയും മാർ സ്തേഫാനോസ് ശെമ്മാശ്ശന്റെയും പ്രാർത്ഥനകളാലും നമ്മുടെ

www.malankaralibrary.com



കർത്താവിനെ സ്നേഹിച്ച് തന്റെ കല്പനകളാചരിച്ചിട്ടുള്ള വിശുദ്ധന്മാരുടെ സംഘം മുഴുവന്റെയും പ്രാർത്ഥനകളാലും ഞങ്ങളോടുകൂടെ ഈ പ്രാർത്ഥനയെ (ശുശ്രൂഷയെ) യോഗ്യമാംവണ്ണം നിവർത്തിച്ചിട്ടുള്ള ഞങ്ങളുടെ പിതാക്കന്മാരും സഹോദരന്മാരും പ്രധാനികളുമായുള്ളോരെ, ഇന്ന് ഞങ്ങൾക്കും നിങ്ങൾക്കും ഇടയനായ സാർവ്വത്രികസഭയുടെ അദ്ധ്യക്ഷനായിരിക്കുന്ന പരിശുദ്ധ പിതാവ് (......) മാർപാപ്പായുടെയും നമ്മുടെ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ (......) കാതോലിക്കാ ബാവായുടെയും നമ്മുടെ മേൽപ്പട്ടക്കാരൻ ആബൂൻ മോർ (......) മെത്രാപ്പോലിത്തായുടെയും പ്രാർത്ഥനകളാലും നാമെന്നേക്കും കാത്തുകൊള്ളപ്പെടുകയും വീണ്ടുകൊള്ളപ്പെടുകയും ചെയ്യുമാറാകട്ടെ.

ജനം : ബാറെക്മോർ.

ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവിനാൽ നിങ്ങളെല്ലാവരും അനുഗ്രഹിക്കപ്പെട്ടവരാകുന്നു. ✠ ആത്മീയമായ ഈ ശുശ്രൂഷയിൽ (പ്രാർത്ഥനയിൽ) ഞങ്ങളോടുകൂടെ സംബന്ധിച്ചിട്ടുള്ളവരായ നിങ്ങൾ ഓരോരുത്തരേയും ✠ ദൈവമായ കർത്താവ് അനുഗ്രഹിച്ച് പുണ്യപ്പെടുത്തുമാറാകട്ടെ. ✠ ദൈവമായ കർത്താവ് നിങ്ങളെയും വിശ്വാസികളായ മരിച്ചുപോയവരെയും ആശ്വസിപ്പിച്ച് പുണ്യപ്പെടുത്തുമാറാകട്ടെ.

(കിഴക്കോട്ടു തിരിഞ്ഞുനിന്നുകൊണ്ട്)

പിതാവും പുത്രനും പരിശുദ്ധ റൂഹായുമായുള്ളോവേ, ബലഹീനവും കുറവുള്ളവയുമായ ഞങ്ങളുടെ പ്രാർത്ഥനകൾ നിന്റെ ഉന്നത സിംഹാസനത്തിൻ മുമ്പാകെ കേൾക്കപ്പെട്ടവയും അംഗീകരിക്കപ്പെട്ടവയും ആക്കിത്തീർക്കണമേ. (ആബോ വബ്റോ ഉ-റൂഹോകാദീശോ ഹോശോ വബ്കുൽ സ്ബാൻ ല്ഒൽമീൻ)

ജനം : ആമ്മീൻ.

www.malankaralibrary.com



കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ. ഞങ്ങളുടെ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമേ. ഞങ്ങളുടെ കർത്താവേ, കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമേ. ഞങ്ങളുടെ കർത്താവേ, ഉത്തരമരുളി ച്ചെയ്തു ഞങ്ങളോടു കരുണ ചെയ്യണമേ. ഞങ്ങളുടെ കർത്താവേ, നിനക്ക് സ്തുതി. ഞങ്ങളുടെ കർത്താവേ നിനക്ക് സ്തുതി. ഞങ്ങളുടെ ശരണവുമേ, എന്നേക്കും നിനക്ക് സ്തുതി. ബാറെക്മോർ.

www.malankaralibrary.com



# രാത്രി പ്രാർത്ഥന

## കൗമാ

ഉറക്കമില്ലാത്ത ഉണർവുള്ളവനായ കർത്താവേ, നിന്റെ ഉണർവിനെ ഞങ്ങൾ സ്തുതിക്കുവാനായി പാപമുഴുകലിൽ നിന്ന് ഞങ്ങളുടെ ഉറക്കത്തെ നീ ഉണർത്തണമേ. മരണമില്ലാത്ത ജീവനുള്ളവനേ, നിന്റെ കരുണയെ ഞങ്ങൾ വന്ദിപ്പാനായി മരണവും നാശവുമാകുന്ന ഉറക്കത്തിൽനിന്ന് ഞങ്ങളെ നീ ജീവിപ്പിക്കണമേ. പിതാവും, പുത്രനും, പരിശുദ്ധാത്മാവുമായ ദൈവമേ, സ്വർഗത്തിലും ഭൂമിയിലും സ്തുതിക്കപ്പെട്ടവനും, വാഴ്ത്തപ്പെട്ടവനും നീ ആകകൊണ്ട് നിന്നെ സ്തുതിക്കുന്ന സ്വർഗീയ മാലാഖമാരുടെ മഹത്വമുള്ള വൃന്ദങ്ങളോടൊരുമിച്ച് വിശുദ്ധിയോടെ ഇപ്പോഴും എപ്പോഴും എന്നേക്കും നിന്നെ സ്തുതിച്ച് വാഴ്ത്തുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. ആമ്മീൻ.

## സങ്കീർത്തനങ്ങൾ 134,119,117

ബാറെക്മോർ, രാത്രികാലങ്ങളിൽ കർത്താവിന്റെ ഭവനത്തിൽ നില്ക്കുന്ന കർത്താവിന്റെ സകല ദാസന്മാരുമേ, നിങ്ങൾ കർത്താവിനെ വാഴ്ത്തുവിൻ.

നിങ്ങൾ വിശുദ്ധ സ്ഥലത്തേക്ക് നിങ്ങളുടെ കൈകൾ ഉയർത്തി കർത്താവിനെ വാഴ്ത്തുവിൻ.

ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവ് സെഹിയോനിൽ നിന്നും നിന്നെ അനുഗ്രഹിക്കും.

**119:169-176.** കർത്താവേ, എന്റെ സ്തുതി നിന്റെ മുമ്പാകെ പ്രവേശിക്കട്ടെ. നിന്റെ വചനത്താൽ എന്നെ ജീവിപ്പിക്കണമേ.

എന്റെ അപേക്ഷ നിന്റെ മുമ്പാകെ പ്രവേശിക്കട്ടെ. നിന്റെ വചനത്താൽ എന്നെ രക്ഷിക്കണമേ.

എന്റെ നാവ് നിന്റെ വചനം ഉച്ചരിക്കും. എന്തെന്നാൽ നിന്റെ കല്പനകളെല്ലാം നീതിയോടുകൂടിയവ ആകുന്നു.

www.malankaralibrary.com



നീ നിന്റെ കല്പനകൾ എന്നെ പഠിപ്പിക്കുമ്പോൾ, എന്റെ അധരങ്ങൾ നിന്റെ സ്തുതി ഉച്ചരിക്കും. ഞാൻ നിന്റെ കല്പനകളിൽ ഇഷ്ടപ്പെട്ടതിനാൽ നിന്റെ കൈ എന്നെ സഹായിക്കും.

എന്റെ ആത്മാവ് നിന്റെ രക്ഷയ്ക്കായി കാത്തിരുന്നു. നിന്റെ വേദപ്രമാണം ഞാൻ ധ്യാനിച്ചു.

എന്റെ ആത്മാവ് ജീവിച്ച് നിന്നെ സ്തുതിക്കുകയും നിന്റെ ന്യായവിധി എന്നെ സഹായിക്കുകയും ചെയ്യും.

കാണാതെപോയ ആടിനെപ്പോലെ ഞാൻ തെറ്റിപ്പോയി. നിന്റെ ഭൃത്യനെ അന്വേഷിക്കണമേ! എന്തെന്നാൽ ഞാൻ നിന്റെ കല്പനകൾ മറന്നില്ല.

**117.** സകല ജാതികളുമേ, കർത്താവിനെ സ്തുതിക്കുവിൻ. സകല ജനങ്ങളുമേ, അവനെ നിങ്ങൾ സ്തുതിക്കുവിൻ.

എന്തെന്നാൽ അവന്റെ കൃപ നമ്മുടെമേൽ ബലപ്പെട്ടിരിക്കുന്നു. അവൻ സത്യമായിട്ട് എന്നേക്കും കർത്താവാകുന്നു.

ദൈവമേ! സ്തുതി നിനക്ക് യോഗ്യമാകുന്നു.ബാറെക്മോർ

ശുബ്ഹോ... മെൻഓലം...

## എനിയോനോ

ക്രൂബേർ സ്രാപ്പേന്മാർ
നരപ്രിയമെഴും നിൻതിരുനാമം നമിച്ചീടുന്നു
ആ മാലാഖാ ഗണമൊടു ചേർന്നടിയാർ
വീണു സാഷ്ടാംഗം അർപ്പിക്കുന്നു തേ! സ്തോത്രം

കന്യകയാം മാതാ
താതൻ കിരണമാം ശിശുവെ നമിച്ചീടുന്നു
ആനന്ദത്താൽ ഉള്ളം നിറഞ്ഞിട്ട് വീണു...

www.malankaralibrary.com



ശ്രേഷ്ഠൻ മാർ യൗസേഫ്
അത്ഭുത ശിശുവാം മനുവേലെ നമിച്ചീടുന്നു
ഇസ്രായേലിൻ രക്ഷകനാം ശിശുവേ വീണു...

അജപാലന്മാരും
ജാഗരണം ചെയ്യും രാത്രൗ ദൂതന്മാരാൽ
പ്രേരിതരായി, പുൽക്കൂടതിലെത്തി വീണു...

പേർഷ്യർ വിദ്വാന്മാർ
കൈകളിലുപഹാരങ്ങളുമായി വന്നീടുന്നു
സംഭ്രമമാർന്ന് വന്ദിച്ചുരചെയ്തു വീണു...

മനുജപ്രിയനേ നിന്റെ
ദൈവത്വത്തിനു കാഴ്ചകളവരേകീടുന്നു
നിൻ ജനനദിനം സഭ ബഹുമാനിപ്പൂ വീണു...

അഖിലാണ്ഡം സർവ്വം
അഖിലാണ്ഡത്തെ തൃക്കൈയിൽ വഹിക്കുന്നോനാം
ദൈവാത്മജനെ ശിശുവായ്ക്കണ്ടിട്ട് വീണു...

തിരുസഭയൊന്നായി
മറിയാം സുതനാം യേശുവിനെ കാലിക്കൂട്ടിൽ
മാതാസഹിതം മോദാൽ കണ്ടിട്ട് വീണു...

പ്രഭയിൻ സുപ്രഭയേ
ശാശ്വതനാം താതനിൽ നിന്നും ജനിയാർന്നോനേ
സ്നേഹം മൂലം നരജന്മവുമേറ്റു വീണു...

ബാറെക്മോർ. ശുബ്ഹൊ... മെൻഓലം...

സ്വർഗ്ഗീയോർശ്ലേമിൽ
സ്മൃതിയേകണമേ ഭൗമികസഭയിൽ മൃതരായോർക്കായ്
നിൻ ശരണത്തിൽ അവർ നിദ്രിതരല്ലോ വീണു...

കുറി... കുറി... കുറി...

www.malankaralibrary.com



# ഒന്നാം കൗമാ

## എക്ബൊ

(ലോക് ശുബ്ഹോ മെൻ കൂൽ...)

കാർമി: നാഥാ ഈ നിൻ ജനനത്തിൻ-നാ-ളിൽ
എല്ലാ വായ്കളിൽ നി-ന്നും-സ്തോത്രം.
കുറി... കുറി... കുറി...

അല്ലെങ്കിൽ

കർത്താവേ, നിന്റെ ഈ ജനനദിവസത്തിൽ സകല വായ്കളിൽനിന്നും നിനക്കു സ്തുതി. കുറി... കുറി... കുറി.....

ഞങ്ങളുടെ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമേ; ഞങ്ങളുടെ കർത്താവേ, കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമേ; ഞങ്ങളുടെ കർത്താവേ, ഉത്തരമരുളി ഞങ്ങളോടു കരുണ ചെയ്യണമേ. ഞങ്ങളുടെ കർത്താവേ, നിനക്കു സ്തുതി; ഞങ്ങളുടെ കർത്താവേ, നിനക്കു സ്തുതി. ഞങ്ങളുടെ ശരണവുമേ, എന്നേക്കും നിനക്കു സ്തുതി. ബാറെക്മോർ.

## കൂക്കോയൊ

(നിൻ മുറിവുകളീന്നേറ്റേൻ...)

ആഗതമായ് സമയം മറിയാം യൗസേപ്പോടോതി
നീതിജ്ഞാ ബേത്‌ലഹേമിൽ ഗുഹയിൽ പോയീടാം
ഇല്ലൊരു പായും-കട്ടിലുമീയുള്ളോൾ -
ക്കീ ഉലകത്തിൽ-ഞാനാശ്രയഹീന
ലോകപുരാതനനെ ഗുഹയിൽ പ്രസവിച്ചീടും ഞാൻ
ജഗതീരക്ഷകനെ പുൽക്കൂടതിൽ ഞാൻ പാലിക്കും
ഹാലേലുയ്യാ-ഉ-ഹാലേലുയ്യാ. ബാറെക്മോർ.

ശുബ്ഹൊ... മെൻഓലം...

ബഹുവിധദൃഷ്ടാന്തം വഴിയായ് നിബിമാരാൽ ദൈവം
പൂർവ്വിക താതരൊടായ് മുന്നം തിരുമൊഴിയറിയിച്ചു
കാലത്തികവിൽ-വത്സലസുതനാലെ
നമ്മോടിപ്പോൾ-സംസാരിച്ചല്ലോ

www.malankaralibrary.com



അവകാശമെഴുന്നോരവനാൽ ലോകം നിർമ്മിതമായ്
ബേത്‌ലഹേം ഗുഹയതിനുള്ളിൽ ജാതം ചെയ്തോന്നായ്
ഹാലേലുയ്യാ-ഉ-ഹാലേലുയ്യാ

## കോലോ

(ഈശ്രോക് മോറാൻ...)

ഞാ-നോ ബലഹീ-നൻ
നാഥാ നിന്നെ-യോഗ്യമൊടെ-വർണ്ണിപ്പാൻ
നിൻചരിതം വചനാതീതം
ആ-ദ-ത്തിന്റെ സ്രഷ്ടാവേ
നിൻ ജനനത്തിൽ, അത്ഭുതഭരിതൻ-ഞാനായ്ത്തീർന്നു
വാനവദൂത-ന്മാർ ധരണീ-ദാഹകമാം
നിൻ ജ്വാലാ നിവഹത്തിങ്കൽ
ഭീ-യാർന്നീടുമ്പോൾ
ഭൗതികമുദരം, തേ! മതിയായി
നിൻജ്വാലകളാൽ എരിയായ്‌വാൻ നീയതിനെ
കൃപയോടു സംരക്ഷി-ച്ചല്ലോ. ബാറെക്മോർ.

ശുബ്ഹൊ... മെൻഓലം...

എ-ന്നധരം പോരാ
നിൻ മഹിമാവെ-കീർത്തിപ്പാൻ-വഴിപോലെ
ദൈവത്തിൻ നൽകു-ഞ്ഞാടേ
പാ-രും വാ-നും നിറയുന്നവനാം തേ-
മറിയം ഉദരേ-ആഘോഷിച്ചു
മാനവനായോൻ-നിന്നെയവൾ-പ്രസവിച്ചു
ശിശുപോൽ നീ പാൽ നു-കർന്നല്ലോ
ലോ-കപാലകനേ
തവ മാദ്ധ്യസ്ഥ്യം, വാനവരെ-യും
മാനവരെയും, രഞ്ജനയിൽ ചേർത്തല്ലോ
അവർ നിന്നെ സ്തോത്രം-ചെയ്‌വൂ.

മൊറിയൊ റാഹേം...

www.malankaralibrary.com



അല്ലെങ്കിൽ

കർത്താവേ, നീ ആയിരിക്കുന്ന പ്രകാരം നിന്നെ വർണ്ണിക്കുന്നതിന് എനിക്ക് കഴിവില്ല. അത് എന്റെ നാവിന് അതീതമാണ്. ആദാമിന്റെ സ്രഷ്ടാവേ, ശരീരപ്രകാരമുള്ള നിന്റെ ജനനത്തെക്കുറിച്ച് ഞാൻ വിസ്മയിച്ചു. ലോകങ്ങളെ ദഹിപ്പിക്കാൻ കഴിവുള്ള നിന്റെ ജ്വാലയെ മാലാഖമാർ ഭയപ്പെടുമ്പോൾ, ശാരീരിക ഉദരം നിനക്കു മതിയായി. എന്തെന്നാൽ, നിന്റെ രശ്മികളാൽ അതു ദഹിച്ചുപോകാതിരിക്കാൻ അവളെ നീ കരുണാപൂർവ്വം സംരക്ഷിച്ചു. ബാറെക്മോർ

പിതാവിനും... ആദി മുതൽ...

ദൈവത്തിന്റെ ജീവകുഞ്ഞാടേ, നിന്റെ ശ്രേഷ്ഠത വിവരിക്കാൻ എന്റെ വായ് അപര്യാപ്തമാകുന്നു. നീ ആകാശവും ഭൂമിയും നിറഞ്ഞിരിക്കുമ്പോൾ മറിയാമിന്റെ ഉദരം നിന്റെ ശ്രേഷ്ഠതയെ ആഘോഷിക്കുകയും മനുഷ്യപുത്രനായി നിന്നെ അവൾ പ്രസവിക്കുകയും ചെയ്തു. ലോകങ്ങളെ പുലർത്തുന്ന നീ പാൽ നുകർന്നു. നിന്റെ മദ്ധ്യസ്ഥതയാൽ സ്വർഗീയരെയും ഭൗമികരെയും നീ രമ്യപ്പെടുത്തി. അവരിതാ നിനക്കു സ്തുതി പാടുന്നു. മൊറിയൊ റാഹേം...

## കോലോ

*(ലൊക് ശുബ്ഹൊ മെൻകുൽ പൂമീൻ...)*

1. നാഥാ ഈ നിൻ ജനനത്തിൻ-നാ-ളിൽ
 എല്ലാ വായ്കളിൽ നി-ന്നും-സ്തോത്രം
 നിൻ ശ്രേഷ്ഠതയിന്നൗന്നത്യം വി-ട്ട്
 സ്വയമേ എളിയവനായ് നീ തീ-ർന്നു
 സർവ്വപ്രാണാ നിന്നെ വ-ർണ്ണിപ്പാൻ
 ശക്തൻ മർത്ത്യരിലാരാ-ണാ-വോ?

www.malankaralibrary.com



ജ-ന്മശ്രീദായകനേ, നിൻതിരുജനനത്തെ
വർണ്ണിപ്പാനും
ശ്രേ-ഷ്ഠത പരിശോധിക്കാതെ താവക കൃപകൾ
വാഴ്ത്തീടാ-നും
എൻ മനതാരിനു ബലമേകീ-ടേ-ണം
ദൃശ്യനദൃശ്യൻ നീ താ-ൻ ധ-ന്യൻ.

2. അത്ഭുതമേ ഗാത്രം തന്നി-ൽ ദൈവ-
പുത്രൻ പൂർണ്ണതയിൽ പാ-ർത്ത-ല്ലോ
സീമാതീതനവൻ താനെന്നാലും
വന്നുവസിക്കാൻ പോന്നു ഗാ-ത്രം
ഗാ-ത്രത്തിൽ സീമാതീതൻ വാസം ചെയ്‌വാൻ
തിരുമനസ്സാ-യി
സം-പൂർണ്ണൻ ദൈവം പൂർണ്ണനരനായ്
തീർന്നോരത്ഭുതമോ-ർത്താൽ
അവനെ വർണ്ണിച്ചീടാനാർ പ്രാപ്തൻ
സീമാതീതനവൻ താൻ ധന്യൻ.

3. സ്വർഗസ്ഥിതനായ് നീ മേവുമ്പോഴും
ഭൗമികനായതിനാൽ തേ! സ്തോത്രം
സ്വർഗപിതാവിൻ ആദ്യജനായ് വാഴ്കേ
ആദ്യജനായ് മറിയാമിൽ നിന്നും
ദൈ-വപിതാവിൻ ശിശുവായോൻ യൗസേപ്പിന്നും
ശിശുവായ് തീ-ർന്നു
സാ-രാംശേ ദൈവം താൻ തൻതിരുവിഷ്ടത്താൽ
മർത്ത്യനുമാ-യി
തൻ തിരുവുള്ളം മഹനീയം ശ്രേഷ്ഠം
ഇവർക്കായുള്ളൊരു ജനനം ധന്യം.

www.malankaralibrary.com



4. പിതൃസുത പരിശുദ്ധാത്മാവേ, സ്തോ-ത്രം
ആദിമുതൽ എന്നേ-ക്കും സ്തോത്രം
നിന്നിൽ നിന്നുദയം ചെയ്തോൻ നാഥാ
നിന്നിൽ ചേരാൻ തുണയേകണമെ
സൗ-ന്ദര്യം മുഴുവൻ മായ്ക്കും കബറിന്നുള്ളിൽ
പൂകുന്നേ-രം
മാ-മകബലഹീനതയാലും വാക്കുകളവസാനിക്കും
നാ-ളിൽ
നരകേ നിന്നും രക്ഷിതനായീടാൻ
കർത്താവേ, കൃപചെയ്തീടേണം.

അല്ലെങ്കിൽ

കർത്താവേ, നിന്റെ ഈ ജന്മദിവസത്തിൽ സകല അധരങ്ങളിൽനിന്നും നിനക്കു സ്തുതി.

സ്വന്തം ശ്രേഷ്ഠതയുടെ ഔന്നത്യത്തെവിട്ട് എളിമയിലേക്ക് ഇറങ്ങിവന്നവനും സകലത്തെയും ജീവിപ്പിക്കുന്നവനുമായ നിന്നെ വർണ്ണിക്കുവാൻ മർത്ത്യരിൽ ആർക്കു കഴിയും? തന്റെ ജനനത്താൽ സകലവും ശ്രേഷ്ഠമാക്കുന്നവനേ, നിന്റെ ജനനം വിവരിക്കുവാൻ എന്റെ ബലഹീനമായ ചിന്തയെ ശ്രേഷ്ഠമാക്കണമേ. നിന്റെ കൃപയെ പ്രഘോഷിക്കയല്ലാതെ നിന്റെ ശ്രേഷ്ഠതയെ പരിശോധിക്കുവാൻ എനിക്കിടയാകരുതേ. നിഗൂഢനായിരിക്കെ, തന്റെ തലമുറയ്ക്കു വെളിപ്പെട്ടവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

ശരീരത്തിൽ പൂർണ്ണമായി വസിച്ച പുത്രന്റെ മഹത്ത്വം അത്ഭുതമാകുന്നു. സീമാതീതനായ നീ, ശരീരത്തിൽ വസിക്കുകയും ആ ശരീരം നിനക്കു മതിയാവുകയും ചെയ്തു. അതിൽ നീ പൂർണ്ണമായി തൃപ്തിപ്പെട്ടുവെങ്കിലും സീമാതീതനായിത്തന്നെ നിലകൊണ്ടു. പൂർണ്ണമായി ശരീരത്തിൽ വസിക്കുമ്പോൾത്തന്നെ പൂർണ്ണമായി ദൈവിക പ്രാഭവത്തിലും നീ സ്ഥിതി ചെയ്തതിനാൽ നിന്നെ വർണ്ണിക്കുവാൻ ആർക്കു കഴിയും? സംക്ഷേപിക്കുവാൻ പാടില്ലാത്തവനായ നീ വാഴ്ത്തപ്പെട്ടവനാകുന്നു.

www.malankaralibrary.com



സ്വഭാവത്തിൽ ഉന്നതനായിരിക്കെ, താഴ്ന്നവനായിത്തീർന്നതിനാൽ തനിക്കു സ്തുതി. അത്യുന്നതന്റെ ആദ്യജാതനായിരിക്കെ, സ്നേഹപൂർവ്വം മറിയാമിന്റെയും ആദ്യജാതനായിത്തീർന്നു. താൻ ദൈവിക ശിശുവായിരിക്കെ, യൗസേപ്പിന്റെ മകനെന്നു വിളിക്കപ്പെട്ടു. സ്വഭാവപ്രകാരം ദൈവമായിരിക്കുമ്പോൾതന്നെ തിരുവിഷ്ടപ്രകാരം മനുഷ്യനായിത്തീർന്നു. നിന്റെ തിരുവിഷ്ടം മഹനീയവും ഉത്കൃഷ്ടവും ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ ജനനം വാഴ്ത്തപ്പെട്ടതുമാകുന്നു.

പിതാവും പുത്രനും പരിശുദ്ധാത്മാവുമായുള്ളോവേ, ആദിമുതൽ നിനക്കു സ്തുതി. നിന്നിൽ ആരംഭിച്ച എനിക്ക് അവസാനം നിന്നിൽ എത്തിച്ചേരാൻ ശക്തി തരണമേ. സർവ്വവിധ ഭംഗിയും നശിപ്പിക്കുന്ന കബറിൽ എന്റെ എളിയ വാക്കുകൾ അവസാനിക്കുമ്പോൾ നരകത്തിൽനിന്നു രക്ഷപ്പെടുവാൻ എന്നെ സഹായിക്കണമേ.

## കോലോ

*(ബ്സൂൽതൊ ബസ്ദാവീദ്...)*

1. ദാവീദിൻ-മകൾ കന്യ
ജനതാ മദ്ധ്യേ നിന്നീടുന്നു
കൈകളിൽ മേ-വുന്നുണ്ണി
താർക്കികരവനുടെ ചുറ്റും നിൽപ്പൂ
നോക്കുന്നേകൻ-നേർക്കുന്നന്യൻ
സാക്ഷിച്ചപരനിവൻ താൻ ദൈവം.

2. ദാവീദിൻ-മകൾ കന്യ
സ്നേഹമോടെ വിളി ചെയ്താൾ നമ്മെ
പന്തിയിലേക്കീ നാളിൽ
വരുവിൻ സന്തോഷിച്ചീടാം നാം
അവളോടു ചേർന്ന്-ഉദ്ഘോഷിക്കാം
തൽഫലമീശൻ താനെന്നേവം.

www.malankaralibrary.com



3. കന്യകയായ് -മേവുമ്പോൾ
പൈതലിനെ പ്രസവിച്ചവളാരോ
സംഗമമി-ല്ലാതേവൾ
സ്തന്യവുമുണ്ണിയെയും കൈക്കൊണ്ടു?
അത്യാശ്ചര്യം-വിസ്മയകാര്യം
പ്രതിവാദികൾ വായ് മൂടീടട്ടെ.

4. ജാതികൾ തൻ-സുതസഭയും
നിൻ ജനനത്തെക്കൊണ്ടാടുന്നു
താതനു സമൻ-നീ ദൈവം
നിന്നിൽ ഞാനഭിമാനിക്കുന്നു.
ഐക്യം നൽകൂ-സ്നേഹം നൽകൂ
നിന്നെ നൽകിയ താതൻ ധന്യൻ.

5. മഹിതൻ നിബി ഏ-ശായാ
മിശിഹായെ വിളി ചെയ്തു 'ശക്തൻ'
വിസ്മയ ജ-ന്മത്താലേ
അത്ഭുതമെന്നും നാമം ചൊല്ലി
അവനോ ശക്തൻ-വിസ്മയനീയൻ
മുന്നം ചൊന്നതുപോലേശായാ.

6. മിശിഹായെ-ദൂതവരൻ
'നാഥൻ' എന്നഭിവാദ്യം ചെയ്തു
ദൂതന്മാ-ർക്കധിപതിയായ്
ഇല്ലൊരു മാനവതനയൻ സത്യം
അവനോ ദൈവം-ദൈവാത്മജനും
അതിനാൽ ഗബ്രിയേലിൻ നാഥൻ.

7. ശ്രവണപുടം-ഉൾപ്പൂകി
വചനം ബാലിക ത-ന്നിൽ പാർത്തു
ഉദരേ നി-ന്നുദയവുമായ്
ശാരീരികമായ് ഭൂജാതനുമായ്
പൈതൽ വൃദ്ധൻ-അത്യാശ്ചര്യം
ചൊൽവാൻ സംഭ്രമമാർക്കേകീടാ

www.malankaralibrary.com



8. ആരിവനാർ-തൻ തനയൻ
മറിയാമിൽനിന്നും-ജനിയാർന്നോൻ
സത്യമയൻ-ദൈവത്തിൽ
നിന്നുമുദിച്ചൊരു ദൈവം തന്നെ
ഉയരെ ദൈവം-മന്നിൽ മനുജൻ
പരിശോധിപ്പോൻ ശാപാർഹൻ താൻ.
മൊറിയോ റാഹേം...

അല്ലെങ്കിൽ

ദാവീദിന്റെ പുത്രിയായ കന്യക ശിശുവിനെ വഹിച്ചുകൊണ്ട് ജനക്കൂട്ടത്തിൽ നില്ക്കുന്നു. താർക്കികർ അവന്റെ ചുറ്റും കൂടിയിരിക്കുന്നു. ഒരുവൻ അവനെ പരിശോധിക്കുന്നു; വേറൊരുവൻ അവനെക്കുറിച്ച് തർക്കിക്കുന്നു; മറ്റൊരുവൻ അവൻ ദൈവമാണെന്ന് പറയുന്നു.

ദാവീദിന്റെ പുത്രിയായ കന്യക ഉദാരമായ സ്നേഹത്തോടെ തന്റെ വിരുന്നുശാലയിലേക്ക് ഇന്ന് നമ്മെ ക്ഷണിച്ചിരിക്കുന്നു. വരുവിൻ അവളുടെ വിരുന്നിൽ നമുക്കും സന്തോഷിക്കാം. അവളുടെ ഉദരഫലം ദൈവമാണെന്ന് നമുക്കും അവളോടൊപ്പം ഉദ്ഘോഷിക്കാം.

കന്യകയായി സ്ഥിതിചെയ്തുകൊണ്ടുതന്നെ ശിശുവിനെ പ്രസവിച്ചവൾ സ്ത്രീകളിൽ ആരുണ്ട്? പുരുഷ സംബന്ധം കൂടാതെ ഉണ്ടായ പുത്രനെയും സ്തന്യത്തെയും കണ്ടിട്ടുള്ളതാര്? എന്തൊരത്ഭുതം! എന്തൊരു വിസ്മയം! താർക്കികൻ മൗനം ഭജിക്കട്ടെ.

ജനതകളുടെ പുത്രിയായ സഭ നിന്റെ വെളിപാടിനെ മഹത്ത്വപ്പെടുത്തുന്നു. നീ നിന്റെ പിതാവിനോടൊപ്പം ദൈവമായിരിക്കയാൽ നിന്റെ നാമത്തിൽ അവൾ അഭിമാനം കൊള്ളുന്നു. അതിനു സമാധാനവും സ്നേഹവും കൊടുക്കുക. നിന്നെ അവൾക്കു നൽകിയ പിതാവ് വാഴ്ത്തപ്പെട്ടവനാകുന്നു.

www.malankaralibrary.com



മഹത്ത്വമുള്ളവനായ ഏശായാ, മിശിഹായെ വല്ലഭനെന്നും അത്ഭുതമെന്നും വിളിച്ചു. യഥാർത്ഥത്തിൽ അവൻ വല്ലഭനും അത്ഭുതവുമത്രെ. മാലാഖമാരുടെ തലവൻ മിശിഹായെ കർത്താവെന്നു വിളിച്ചു. ഒരു മനുഷ്യൻ മാലാഖമാർക്കു തലവനായിരിക്കയില്ലല്ലോ. അവൻ ദൈവവും ദൈവപുത്രനുമാകയാൽ ഗബ്രിയേലിന്റെയും നാഥനാകുന്നു.

വചനം കാതുകളിൽകൂടെ പ്രവേശിച്ച് ബാലികയിൽ വസിച്ചു. ഉദരത്തിൽനിന്ന് ജഡപ്രകാരം സൃഷ്ടിയിൽ ഉദിച്ചു. അവൻ ശിശുവും വൃദ്ധനും അത്ഭുതവുമാകുന്നു. ഇതിനെപ്പറ്റി ഭയരഹിതനായി സംസാരിക്കാൻ ആർക്കു കഴിയും?

മറിയാമിൽനിന്നു പിറന്ന ഇവൻ ആരുടെ പുത്രനാകുന്നു? അവൻ സത്യദൈവത്തിൽനിന്നുള്ള ദൈവം തന്നെ. ഉയരത്തിൽ അവൻ ദൈവമാകുന്നു. താഴെ മനുഷ്യനുമാകുന്നു. അവനെ പരിശോധിക്കുന്നവൻ ശപ്തനാകുന്നു. മൊറിയോ റാഹേം...

## മാർ യാക്കോബിന്റെ ബോവൂസാ

ഹാലെൽ ഹാലെൽ ഹാലേലുയ്യാ പാടീടേണം
ആട്ടിടയന്മാർ ബേത്‌ലഹേമിൽ പാടിയപോലെ

പൈതൽ തുല്യം കന്യകയവനെ പാലൂട്ടുമ്പോൾ
സസ്യങ്ങൾക്കായ് മഞ്ഞും മഴയും അവനേകുന്നു.

വിശ്വാസത്താൽ നിറയും മർത്ത്യൻ ബോധിക്കേണം
എല്ലാറ്റിന്നും താങ്ങും തണലും അവനാകുന്നു.

നന്മ നിറഞ്ഞ പാവനയാകും കന്യേ സ്വസ്തി
ദൈവപിതാവിൻ നിക്ഷേപമെഴും നൗകേ സ്വസ്തി

നിർമ്മലമാകും മാണിക്യത്തിൻ മുത്തേ സ്വസ്തി
ദൈവകുമാരൻ നിന്നിൽനിന്നും ജാതം ചെയ്തു.

ഹാലെൽ ഹാലെൽ ഹാലേലുയ്യാ പാടീടേണം
ആട്ടിടയന്മാർ ബേത്‌ലഹേമിൽ പാടിയപോലെ.

www.malankaralibrary.com



# രണ്ടാം കൗമാ

കർത്താവിന്റെ ബഹുമാനം...

## എക്ബോ

ജഗതീരക്ഷക മിശിഹായെ
പ്രസവിച്ചോൾ മറിയാം ധന്യ
കുറി... കുറി... കുറി...

അല്ലെങ്കിൽ

ലോകരക്ഷിതാവായ മിശിഹായെ പ്രസവിച്ച മറിയാം വാഴ്ത്തപ്പെട്ടവളാകുന്നു. കുറി..... കുറി... കുറി....

## കോലോ

*(സൊഹദൗ ആത്തൂൻ...)*

ഒൻപതു മാസം പേറി മറിയാം ജനകൻ തന്റെ
വലമായ് വാഴ്വോനെ
തേരിലിരിപ്പോൻ പാർത്താനുദരെ തേജോധാരി
പാഴ്ത്തുണികൾ ചുറ്റി-ആശ്ചര്യമഹോ
സുതസഞ്ചയമൊത്താദാമിനെ രക്ഷി-
പ്പാൻ നരനായ് ദൈവം. ബാറെക്മോർ

ശുബ്ഹൊ... മെൻഓലം...

സർവ്വംഭരനെ പേറി മറിയാം ആഘോഷിച്ചു
തിരുവായ് മൊഴിയാലെ
ഉന്നതസൂനോ മാനവവംശം രക്ഷിക്കാൻ നീ
ഹിതമൊടു താണെത്തി നരനായോനേ
സർവ്വേശാത്മജനേ, നിൻ പ്രിയ മാതാ-
വായതിൽ ഞാൻ ധന്യ. മൊറിയൊ റാഹേം...

www.malankaralibrary.com



മറ്റൊരു ഗീതം

(മിശിഹാ തൻ മണവാട്ടി)

നാഥൻ ജ-ന്മം പൂണ്ടു, പാഴ്ത്തുണിയാലാവൃതനായ്
കണ്ടതിനാലുന്നതരാം, ഈറേന്മാർ ദൂതന്മാർ
ബഹുമാനിപ്പാനെത്തി, കാഹളനാദത്തോടെ
ഹാ-ഹാ-എളിമ ധരിച്ചോൻ ധന്യൻ. ബാറെക്മോർ

ശുബ്ഹോ... മെൻഓലം...

സൃഷ്ടികളെ രക്ഷിപ്പാൻ, ദാവീദിൻ സുതയീന്നും
സംജാതൻ മിശിഹായെ, ബേത്‌ലഹേം പുരിയിൽ പോയ്
ദർശിപ്പാൻ ഇടയരോടായ്, മാലാഖാ അറിയിച്ചു
ഹാ-ഹാ-വലുതാകും സന്തോഷം. മൊറിയൊ റാഹേം...

## കോലോ

*(ആബൊ ക്സബ്വോ ഏഗർത്തൊ...)*

1. ജഗതീ രക്ഷക മിശിഹായെ
   പ്രസവിച്ചോൾ മറിയാം ധന്യ
   കിരണം തിങ്ങും കതിരവനീ
   ലോകം ദർശിപ്പാൻ വന്നു
   നിൻപ്രഭ കാൺമോർ തൻ
   കണ്ണുകൾ മങ്ങായ്‌വാൻ
   സ്നേഹാൽ മർത്ത്യരൂപത്തിൽ
   സംസർഗ്ഗം ചെയ്തവരോടായ്

2. മഹിതപ്രഭതൻ മഹൽ രൂപം
   മർത്ത്യനു മഹിമാവേകീടാൻ
   മാനുഷവേഷത്തിൽ,
   തെളിവായീ മന്നിൽ
   പൂർണ്ണം താതേശനു തുല്യൻ
   കനിവായ് നമ്മൾക്കും തുല്യൻ

www.malankaralibrary.com



3. പ്രേഷിതനായി ലോകത്തിൽ
മേലിൽനിന്നും ദൈവാത്മജൻ
ഉന്നതസ്വർഗ്ഗത്തിൽ
ഭൗമികരെ ഏറ്റാൻ
ദൈവിക സംഗമമവർക്കേകി
ദൈവത്തൊടു രഞ്ജിപ്പിക്കാൻ

4. എരിതീജ്വാലയിലെരിയായ്വാൻ
സ്രോപ്പേന്മാർ വദനം മൂടി
പാവന ഗാനത്താൽ
ആരെ കീർത്തിപ്പൂ
അവനെ ശിശുപോൽ ഏഴയവൾ
താലോലിപ്പൂ താരാട്ടി

5. തന്നാംഗ്യത്താൽ ഗ്രഹയൂഥം
കാലാന്തരമുളവാക്കാനായ്
അവയെ വേഗത്തിൽ
പായിച്ചീടുന്നോൻ
ശിശുപോൽ നീന്തി തൻ ജനിയാൽ
പരിശോഭിതമാം ബേത്‌ലഹേമിൽ.

അല്ലെങ്കിൽ

ലോകരക്ഷകനായ മിശിഹായെ പ്രസവിച്ച മറിയാം വാഴ്ത്തപ്പെട്ടവളാകുന്നു.

പ്രഭാപൂർണ്ണനായ സൂര്യനായവൻ മനുഷ്യകുലത്തെ സന്ദർശിക്കുവാൻ ലോകത്തിലേക്ക് ഇറങ്ങിവന്ന് മനുഷ്യരൂപത്തിൽ പ്രത്യക്ഷപ്പെട്ടു. തന്നെ കാണുന്നവരുടെ കണ്ണുകൾ മഞ്ചാതിരിപ്പാൻ അവൻ കാരുണ്യപൂർവ്വം അവരോടു സംസർഗ്ഗം ചെയ്തു.

മനുഷ്യരെ തന്റെ മഹത്ത്വത്തിൽ പങ്കുകാരാക്കാൻ മഹിമയുടെ ശ്രേഷ്ഠരൂപമായവൻ മനുഷ്യസാദൃശ്യത്തിൽ കാണപ്പെട്ടു.

www.malankaralibrary.com



അവൻ തന്റെ പിതാവിനോട് പൂർണ്ണ സാദൃശ്യമുള്ളവനാണ്. തിരുവിഷ്ടത്താൽ അവൻ നമ്മോടും പൂർണ്ണമായി സദൃശപ്പെട്ടു.

ലോകത്തിൽ കാണപ്പെടുവാനും സ്വർഗീയോന്നതങ്ങളിലേക്ക് താഴെയുള്ളവരെ കയറ്റുവാനും മനുഷ്യരെ ദൈവത്തോടു ബന്ധപ്പെടുത്തുവാനും ദൈവത്തോടു ലോകത്തെ രമ്യപ്പെടുത്താനും ഉന്നതങ്ങളിൽനിന്ന് അത്യുന്നതന്റെ പുത്രൻ അയയ്ക്കപ്പെട്ടു.

അവന്റെ ജ്വാലയിൽ സൂക്ഷിച്ചു നോക്കുന്നതുകൊണ്ട് ദഹിച്ചു പോകാതിരിപ്പാൻ സ്രോപ്പേന്മാർ മുഖം മൂടുന്നു. വിശുദ്ധ ഗാനങ്ങളാൽ അവന്റെ മഹത്ത്വത്തെ അവർ വർണ്ണിക്കുന്നു. അവനെ ഏഴയായ സ്ത്രീ ഇതാ താരാട്ടു പാടി താലോലിക്കുന്നു.

തന്റെ കരചലനത്താൽ ഗ്രഹങ്ങളെ നയിച്ച് കാലങ്ങൾക്കു വ്യത്യാസവും ഋതുക്കൾക്കു മാറ്റവും ഉണ്ടാക്കുന്നവൻ തന്റെ ജനനത്താൽ ശോഭനമായ ബേത്‌ലഹേമിൽ ശിശുവിനെപ്പോലെ പിച്ച നടന്നു.

## കോലോ

*(ഹ്ദൗ ആമ്മെ...)*

രക്ഷിതരാം ജാതികളേ വരുവിൻ നിങ്ങൾ
തനയൻ തൻ ജനനത്തിൽ സ്തോത്രം പാടിൻ

കൈകൊട്ടി പാടിടുവിൻ നിങ്ങൾ ഈ നാൾ
തനയൻ തൻ ജനനത്തിൽ സ്തോത്രം പാടിൻ

താണെത്തീട്ടീറേന്മാർ ബേത്‌ലഹേമിൽ
തനയൻ തൻ ജനനത്തിൽ സ്തോത്രം പാടിൻ

സ്വർഗ്ഗോന്നത സ്വർഗ്ഗമവന്നേകി സ്തോത്രം
തനയൻ തൻ ജനനത്തിൽ സ്തോത്രം പാടിൻ

ജാതികളേ, തെറ്റാകും വഴി വിട്ടു മാറി
തനയൻ തൻ ജനനത്തിൽ സ്തോത്രം പാടിൻ

www.malankaralibrary.com



സുവിശേഷം കേട്ടോരാമജപാലന്മാർ
തനയൻ തൻ ജനനത്തിൽ സ്തോത്രം പാടിൻ

വിണ്ണവരും മൺമയരും ഘോഷിച്ചാർത്താർ
തനയൻ തൻ ജനനത്തിൽ സ്തോത്രം പാടിൻ

മിശിഹായിൽ രക്ഷിതരാം സൃഷ്ടികളെല്ലാം
തനയൻ തൻ ജനനത്തിൽ സ്തോത്രം പാടിൻ

സന്തോഷത്തികവാലവർ ബേത്‌ലഹേമിൽ
ഉളവായൊരു ജനനത്തിൽ സ്തുതി പാടുന്നു

ഉന്നതരാം ഈറേരുടെ സൈന്യം താണ്
തനയൻ തൻ ജനനത്തിൽ സ്തോത്രം പാടി

കാഴ്ചകളാൽ ഇടയന്മാർ വിദ്വാന്മാരും
തനയൻ തൻ ജനനത്തിൽ സ്തോത്രം പാടി

സഭസുതരേ, വിശ്വാസികളായോർ നിങ്ങൾ
തനയൻ തൻ ജനനത്തിൽ സ്തോത്രം പാടിൻ

അത്ഭുതനാം ശിശുവേ നിൻ ജനനം വാഴ്ത്തും
ഞങ്ങൾതൻ കൂട്ടത്തെ തൃക്കൺ പാർക്ക

മഹിമോന്നതം അഭിവന്ദ്യം ത്രിത്വത്തിന്നായ്
അനവരതം സ്തുതി സകലം ചേർന്നീടട്ടെ.

മൊറിയൊ റാഹേം...

## മാർ അപ്രേമിന്റെ ബോവൂസാ

കൃപയേകണമേ കർത്താവേ
ഞങ്ങൾക്കാശിസ്സരുളേണമെ
രക്ഷകനുലകിൽ ജനിക്കയാൽ
വിടുതൽ ഞങ്ങൾക്കുണ്ടായി

www.malankaralibrary.com



ആർദ്രതയാൽ ദൈവം താണു
കന്യകതന്നുദരേ വാണു
പാരിളകും തന്നാംഗ്യത്താൽ
മലകളിതാ വിറകൊള്ളുന്നു.

മാനുഷിതൻ ബലഹീനാംഗം
കല്പനയാലവനെയേന്തി
ആശ്ചര്യം സ്രഷ്ടാവിനെ ആ
പുൽക്കൂടെങ്ങനെ ഉൾക്കൊണ്ടു

എങ്ങനെയാ പുൽക്കൂടേറ്റു
കേസരിബാലൻ തൻ ശക്തി
എങ്ങനെയാ സർവ്വംഭരനെ
കന്യകയാം മറിയാമേന്തി?

കൃപയേകണമെ കർത്താവേ
ഞങ്ങൾക്കാശിസ്സരുളേണമെ
രക്ഷകനുലകിൽ ജനിക്കയാൽ
വിടുതൽ ഞങ്ങൾക്കുണ്ടായി.

## മൂന്നാം കൗമാ

കർത്താവിന്റെ ബഹുമാനം... പുറം 27

## എക്ബോ

കർത്താവേ, നൽകാശ്വാസം
നിൻ സൽഭവനങ്ങൾക്കുള്ളിൽ
വാങ്ങിപ്പോയോർക്കായ്
കൃപയീ ഞങ്ങൾക്കും
അടിയാർക്കുമവ-ർക്കും പറ്റും
കുറ്റങ്ങളെ മാറ്റീടേണം.

കുറി...കുറി...കുറി...ഞങ്ങളുടെ കർത്താവേ...

www.malankaralibrary.com



## കോലോ

കർത്താവേയാശ്വാസം നൽകുത്ഥാനത്തിൻ നാളോളം
താൽക്കാലികമാമീജ്ജീവൻ വിട്ട പിതാക്കൾക്കും
ഭ്രാതൃജനങ്ങൾക്കും
കാന്തിയെഴുന്നറകൾക്കുള്ളിൽ നൽകീടാശ്വാസം
അവരെയോർക്കും നാൾ കബറുള്ളസ്ഥികളറിയേണം
നിൻ കല്പന മൺമയരാ-
മാദാമ്യർക്കുയിരേകീടുമ്പോൾ
കാന്തിയണിഞ്ഞിട്ടവർ നിന്നോടൊപ്പം മണവറയിൽ പൂകി
ഉയിരേകും നിന്നെ സ്തോത്രം ചെയ്യേണം. ബാറെക്മോർ

ശുബ്ഹോ... മെൻഓലം...

ആർക്കായ്ക്കാഴ്ചകളിവിടെയണയ്ക്കുന്നോ ഭാഗ്യമവന്നേറ്റം
മേൽസ്വർഗത്തിലവന്നോർമ്മയതുണ്ടാകും
ഗോത്രപ്പേരുകളോർമ്മയ്ക്കായ് കർത്താവിൻ മുമ്പിൽ
കാൺമാൻ കല്ലുകളിൽ മൂശാ കൊത്തിയതോർക്കുമ്പോൾ
നിങ്ങൾ തൻ മൃതർ പേരുകളെ
ഓർക്കാനും പള്ളിയിലിവിടെ
എഴുതാനും മേൽസ്വർഗ്ഗത്തിൽ മിശിഹാതൻ വരവിൽതന്നോ-
ടവർ മോദിപ്പാനും ചേർപ്പിൻ പ്രിസ്തായിൽ*.

മൊറിയൊ റാഹേം...

## മാർ ബാലായിയുടെ ബോവൂസാ

കരുണ നിറഞ്ഞവനേ, പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ

നിന്നിൽ ശരണത്താൽ നിദ്രയിലായ് നിന്റെ
വരവിനു കാത്തീടും മൃതരിൽ കനിയണമെ

---

* മരിച്ചുപോയവരുടെ പേരെഴുതുന്ന പുസ്തകം

www.malankaralibrary.com



അവരബ്രഹാഹത്തിന്റെയുമിസഹാക്കുടെയും
യാക്കോബിന്നുടെയും മടിയിൽ പാർക്കണമെ

വന്നവനും വരുവോനും മൃതർ തന്നുയിരും
സ്തുതനെന്നു ശരീരാത്മാക്കൾ പാടണമെ.

## നാലാം കൗമാ

(മദ്ബഹായിൽ രണ്ടുതിരികൾ കത്തിച്ചതിനുശേഷം മറ വലിക്കുന്നു)

കാർമ്മി: ✠ ഹാലേലുയ്യാ - ഹാലേലുയ്യാ - ഹാലേലുയ്യാ
ദൈവമേ, നിനക്കു സ്തുതി.

✠ ഹാലേലുയ്യാ - ഹാലേലുയ്യാ - ഹാലേലുയ്യാ
ദൈവമേ, നിനക്കു സ്തുതി.

✠ ഹാലേലുയ്യാ - ഹാലേലുയ്യാ - ഹാലേലുയ്യാ
ദൈവമേ, നിനക്കു സ്തുതി.

കരുണയുള്ള ദൈവമേ, നിന്റെ അനുഗ്രഹങ്ങളാൽ ഞങ്ങളോട് കരുണ ചെയ്യണമേ.

നാം ദൈവത്തിന്റെ മക്കളായി തീരുവാൻ ജീവിച്ചിരുന്നപ്പോൾ നമ്മെ പഠിപ്പിച്ച നമ്മുടെ പിതാക്കന്മാരെ കുർബാനകളിലും പ്രാർത്ഥനകളിലും നാം ഓർക്കണം. അഴിവില്ലാത്ത ലോകമായ സ്വർഗത്തിൽ നീതിമാന്മാരോടും, പുണ്യവാന്മാരോടുംകൂടെ ദൈവപുത്രൻ അവരെ ആശ്വസിപ്പിക്കും. കർത്താവേ, ഞങ്ങളോട് കരുണ ചെയ്ത് ഞങ്ങളെ സഹായിക്കണമേ.

## മാവൂർബോ

(ലൂക്കോ 1:46-55)

മറിയം പറഞ്ഞതെന്തെന്നാൽ, എന്റെ ദേഹി കർത്താവിനെ പുകഴ്ത്തുന്നു.

എന്റെ ആത്മാവ് എന്നെ ജീവിപ്പിക്കുന്നവനായ ദൈവത്തിൽ സന്തോഷിച്ചു.

www.malankaralibrary.com



എന്തെന്നാൽ, അവൻ തന്റെ ദാസിയുടെ താഴ്മയെ നോക്കിക്കണ്ടിരിക്കുന്നു.

കണ്ടാലും, ഇതുമുതൽ സകല വംശങ്ങളും എനിക്ക് ഭാഗ്യം തരും.

എന്തെന്നാൽ, ശക്തിമാനും തന്റെ നാമം പരിശുദ്ധവും ആയിരിക്കുന്നവൻ വലിയ കാര്യങ്ങൾ എന്നിൽ പ്രവർത്തിച്ചിരിക്കുന്നു.

അവന്റെ കരുണ അവനെ ഭയപ്പെടുന്നവരുടെമേൽ തലമുറകളായും വംശങ്ങളായും ഉണ്ടാകുന്നു.

അവൻ തന്റെ ഭുജംകൊണ്ടു ജയമുണ്ടാക്കി, തങ്ങളുടെ ഹൃദയവിചാരത്തിൽ അഹങ്കാരികളായവരെ ചിതറിച്ചു.

അവൻ ബലവാന്മാരെ സിംഹാസനങ്ങളിൽനിന്ന് മറിച്ചിടുകയും താഴ്മയുള്ളവരെ ഉയർത്തുകയും ചെയ്തു.

അവൻ വിശപ്പുള്ളവരെ നന്മകൾകൊണ്ടു സമ്പൂർണരാക്കുകയും സമ്പന്നന്മാരെ വ്യർത്ഥമായി അയയ്ക്കുകയും ചെയ്തു.

അവൻ തന്റെ ദാസനായ ഇസ്രായേലിനെ സഹായിക്കുകയും നമ്മുടെ പിതാക്കന്മാരായ അബ്രഹാമിനോടും അവന്റെ സന്തതികളോടും എന്നേക്കുമായി അരുളിച്ചെയ്തിരുന്നപ്രകാരം, തന്റെ കരുണയെ ഓർക്കുകയും ചെയ്തു. ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

## ബോത്തെദ് മാവൂർബോ

*(തുബൈക്മറിയം ബസ്ദാവീദ്)*

1. ഹാ, നിൻഭാഗ്യം ദാവീദിൻ
മകൾ മറിയാമേ,
ദൈവം നിന്നിൽനി-
ന്നു ശരീരം പൂ-ണ്ടി-
ട്ടാദാമ്യരെയടിമയൊഴി-
ച്ചെല്ലാം വീണ്ടു.

www.malankaralibrary.com



2. നിബിയന്മാർ ശ്ലീഹന്മാർ സഹ-
ദേന്മാർ നയവാന്മാ-
രാചാര്യന്മാർ
ലേവിയരായോ-രേ,
പ്രാർത്ഥിപ്പിൻ മിശിഹാ കൃപ ചെയ്-
വാൻ ഞങ്ങളുടെമേൽ.

3. നിൻ ഗാത്രം ഭക്ഷിച്ചും നിൻ
രക്തം പാനം
ചെയ്തും ശരണത്താൽ
മൃതരാ-യോർക്കാശ്വാ-
സത്തോടോർമ്മയുമലിവോടുള-
വാക്കെ-ൻനാഥാ. ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

4. മാലാഖ നാഥാ, നിന്നുടെ
മാതാ താനും പരിശുദ്ധന്മാരുമ-
ണയ്ക്കും പ്രാർത്ഥ-നയാൽ
ശു-ശ്രൂഷകൾ കൈക്കൊ-
ണ്ടരുൾ ചെയ്യേണം. ആമ്മീൻ.

## സങ്കീർത്തനം 133

സഹോദരന്മാർ ഒരുമിച്ചുവസിക്കുന്നത് എത്ര നല്ലതും എത്ര മനോഹരവും ആകുന്നു.

അതു അഹറോന്റെ തലയിലും താടിയിലും അതേ, അവന്റെ അങ്കിയുടെ നെഞ്ചിൽ വീണുകിടക്കുന്ന അവന്റെ താടിയിലും ഒലിക്കുന്ന തൈലം പോലെയും സെഹിയോൻമലമേൽ പൊഴിയുന്ന ഹെർമ്മോൻ മഞ്ഞുപോലെയും ആകുന്നു.

എന്തെന്നാൽ അവിടെ കർത്താവ് എന്നേക്കും അനുഗ്രഹവും ജീവനും കല്പിച്ചു.

ദൈവമേ സ്തുതി നിനക്ക് യോഗ്യമാകുന്നു. ബാറെക്മോർ.

www.malankaralibrary.com



## എനിയോനോ

ദൈവമാതാവിന് പ്രകീർത്തിയും അവളുടെ പ്രാർത്ഥന യാൽ നമുക്ക് സഹായങ്ങളും ഉണ്ടാകട്ടെ.

നീതിമാന്മാർക്ക് പ്രകീർത്തിയും അവരുടെ പ്രാർത്ഥനയാൽ നമുക്ക് സഹായങ്ങളും ഉണ്ടാകട്ടെ.

ദീർഘദർശിമാരുടെയും ശ്ലീഹന്മാരുടേയും സഹദേന്മാരുടേയും പ്രാർത്ഥന നമുക്ക് കോട്ടയായിരിക്കട്ടെ.

കർത്താവേ, നിന്റെ സഹദേന്മാരുടെ തുറമുഖത്തിനും നിന്റെ സ്നേഹിതന്മാരുടെ കൂടാരത്തിനും ഞങ്ങളെ യോഗ്യരാക്കണമേ.

ദയയുള്ളവനും കരുണ നിറഞ്ഞിരിക്കുന്നവനുമേ, നിന്റെ ന്യായവിസ്താരദിവസത്തിൽ ഞങ്ങളോടു കരുണ ചെയ്യണമേ.

തന്നെ വിളിക്കുന്ന പാപികൾക്ക് തന്റെ കരുണയെ വിരോധിക്കാത്തവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

ബാറെക്മോർ. ശുബ്ഹോ...

കർത്താവേ, വിശ്വാസമുള്ള സഭയുടെ മക്കൾക്കു നല്ല പ്രകീർത്തി ഉണ്ടാക്കണമേ.

മെൻഓലം...

നിന്റെ ശ്രേഷ്ഠത ഉദിക്കുന്ന ദിവസത്തിൽ അവർ നിന്റെ വലത്തുഭാഗത്ത് നിൽക്കുമാറാകണമേ.

## എനിയോനോ

കന്യകയായ ദൈവമാതാവേ, എല്ലാക്കാലത്തും എല്ലാ നേരത്തും നിന്റെ പ്രാർത്ഥന ഞങ്ങൾക്കു കോട്ടയായിരി ക്കണമേ.

കർത്താവേ, എല്ലാ നാഴികയിലും ഞങ്ങൾക്കായി കെണികളെ വയ്ക്കുന്ന ദുഷ്ടനെ നിന്റെ വിശുദ്ധന്മാരുടെ പ്രാർത്ഥനയാൽ ഞങ്ങളിൽനിന്നു മായിച്ചു കളയണമേ.

www.malankaralibrary.com



ഞങ്ങളുടെ കർത്താവായ യേശുമിശിഹാ നിന്റെ സ്ലീബാ ഞങ്ങൾക്കു കോട്ടയായിരിക്കയും അതിൽ ഞങ്ങൾ മറയ്ക്കപ്പെടുകയും ചെയ്യണമേ.

വചനമായ യേശുതമ്പുരാനേ, ജീവനോടിരിക്കുന്നവരെ നിന്റെ സ്ലീബായാൽ കാത്തുകൊള്ളുകയും മരിച്ചുപോയവരെ നിന്റെ കരുണയാൽ പുണ്യപ്പെടുത്തുകയും ചെയ്യണമേ.

നാം ജീവനോടിരിക്കുന്ന നാൾ ഒക്കെയും എല്ലായ്പ്പോഴും പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും സ്തുതിച്ച് ആരാധിച്ച് മഹത്ത്വപ്പെടുത്തണം.

ഏറ്റവും കരുണയുള്ളവനായ ഞങ്ങളുടെ ദൈവമേ, നീ എഴുന്നെള്ളുന്ന നിന്റെ ആ വലിയ ദിവസത്തിൽ നിന്റെ വലത്തുഭാഗത്ത് ഞങ്ങളെ നിർത്തണമേ.

ഈ സമയത്തു നിനക്കു സ്തുതി പാടുവാൻ ഞങ്ങളെ നീ യോഗ്യരാക്കിയിരിക്കകൊണ്ട് നിന്റെ രാജ്യം അനുഭവിക്കുവാനും ഞങ്ങളെ നീ യോഗ്യരാക്കണമേ.

ഞങ്ങളുടെ മരണത്തിന്റെയും ജീവന്റെയും നാഥനായ കർത്താവേ, നിന്റെ കൃപ ഞങ്ങൾക്കുണ്ടായി, ഞങ്ങളുടെയും ഞങ്ങളുടെ മരിച്ചുപോയവരുടെയും ആത്മാക്കളോടു കരുണ ചെയ്യണമേ.

കർത്താവേ, കൃപ ചെയ്ത് ഞങ്ങളെ സഹായിക്കണമേ.

## സങ്കീർത്തനങ്ങൾ 148,149,150

ഉറങ്ങിയവരേ, നിങ്ങൾ ഉണർന്നെഴുന്നേറ്റ് സ്തുതിപ്പിൻ.

ആകാശത്തിൽനിന്ന് കർത്താവിനെ സ്തുതിപ്പിൻ. ഉന്നതങ്ങളിൽ അവനെ സ്തുതിപ്പിൻ.

അവന്റെ സകല ദൂതന്മാരുമേ, അവനെ സ്തുതിപ്പിൻ. അവന്റെ സകല സൈന്യങ്ങളുമേ, അവനെ സ്തുതിപ്പിൻ.

www.malankaralibrary.com



ആദിത്യചന്ദ്രന്മാരേ, അവനെ സ്തുതിപ്പിൻ. പ്രകാശമുള്ള സകല നക്ഷത്രങ്ങളുമേ അവനെ സ്തുതിപ്പിൻ.

ആകാശങ്ങളുടെ ആകാശങ്ങളും ആകാശങ്ങൾക്കു മീതെയുള്ള വെള്ളങ്ങളുമായുള്ളോവേ, അവനെ സ്തുതിപ്പിൻ.

അവ കർത്താവിന്റെ നാമത്തെ സ്തുതിക്കട്ടെ. എന്തെന്നാൽ അവൻ പറഞ്ഞു, അവ ഉണ്ടായി; അവൻ കല്പിച്ചു. അവ സൃഷ്ടിക്കപ്പെട്ടു.

അവൻ അവയെ എന്നേക്കുമായി സ്ഥിരപ്പെടുത്തി. അവൻ ഒരു നിയമം നിശ്ചയിച്ചു. അത് അഴിയുന്നതുമല്ല.

ഭൂമിയിൽനിന്നു മഹാസർപ്പങ്ങളും, എല്ലാ ആഴങ്ങളും അഗ്നിയും കല്മഴയും ഉറച്ച വെള്ളവും ഹിമവും അവന്റെ വചനപ്രവൃത്തിയായ കാറ്റും കൊടുങ്കാറ്റുമേ, കർത്താവിനെ സ്തുതിപ്പിൻ.

പർവ്വതങ്ങളും സകല കുന്നുകളും ഫലവൃക്ഷങ്ങളും സകല കാരകിലുകളും, മൃഗങ്ങളും സകല കന്നുകാലികളും ഇഴജന്തുക്കളും പക്ഷികളും പറവകളുമേ കർത്താവിനെ സ്തുതിപ്പിൻ.

ഭൂമിയിലെ രാജാക്കന്മാരും സകല ജാതികളും ഭൂമിയിലെ പ്രഭുക്കന്മാരും സകല ന്യായാധിപരും, ശിശുക്കളും, കന്യകമാരും, വൃദ്ധരും, യുവാക്കളുമേ കർത്താവിനെ സ്തുതിപ്പിൻ. ഇവർ കർത്താവിന്റെ നാമത്തെ സ്തുതിക്കട്ടെ.

എന്തെന്നാൽ അവന്റെ നാമം മാത്രം വലിയതാകുന്നു. അവന്റെ മഹത്ത്വം ഭൂമിയിലും ആകാശത്തിലും ഉണ്ട്.

അവൻ തന്റെ ജനത്തിന്റെ കൊമ്പിനെയും, തന്റെ സകല നീതിമാന്മാർക്കും തനിക്കടുത്ത ജനമായ ഇസ്രായേൽ പുത്രന്മാർക്കും മഹത്ത്വത്തെയും ഉയർത്തുന്നു.

**149.** കർത്താവിന് ഒരു പുതിയ പാട്ടും, നീതിമാന്മാരുടെ സഭയിൽ അവന്റെ സ്തുതിയും പാടുവിൻ.

www.malankaralibrary.com



ഇസ്രായേൽ തന്റെ സ്രഷ്ടാവിൽ സന്തോഷിക്കുകയും സെഹിയോന്റെ പുത്രന്മാർ തങ്ങളുടെ രാജാവിൽ ആനന്ദിക്കുകയും ചെയ്യട്ടെ.

അവർ തപ്പുകളാലും ചതുരത്തപ്പുകളാലും, അവന്റെ നാമത്തെ സ്തുതിക്കുകയും വീണകളാൽ അവന് പാടുകയും ചെയ്യട്ടെ.

എന്തെന്നാൽ, കർത്താവ് തന്റെ ജനത്തിൽ ഇഷ്ടപ്പെടുന്നു. അവൻ ദരിദ്രർക്ക് രക്ഷ കൊടുക്കുകയും ചെയ്യുന്നു.

നീതിമാന്മാർ ബഹുമാനത്തിൽ ബലപ്പെടും. അവർ തങ്ങളുടെ കട്ടിലുകളിന്മേൽ അവനെ സ്തുതിക്കുകയും തങ്ങളുടെ കണ്ഠങ്ങൾകൊണ്ട് ദൈവത്തെ പുകഴ്ത്തുകയും ചെയ്യും.

പുറജാതികൾക്ക് പ്രതിക്രിയയും, ജാതികൾക്ക് ശിക്ഷയും ചെയ്‌വാനും. അവരുടെ രാജാക്കന്മാരെ വിലങ്ങുകൾകൊണ്ടും അവരുടെ പ്രഭുക്കന്മാരെ ഇരുമ്പുചങ്ങലകൾകൊണ്ടും ബന്ധിപ്പാനും എഴുതപ്പെട്ടിരിക്കുന്ന ന്യായവിധി അവരുടെമേൽ നടത്തുവാനും, അവന്റെ സകല നീതിമാന്മാർക്കും മഹത്വം ഉണ്ടാകുവാനുമായി, അവരുടെ കൈകളിൽ ഇരുമുനവാൾ ഉണ്ട്.

**150.** കർത്താവിനെ അവന്റെ ശുദ്ധസ്ഥലത്ത് സ്തുതിപ്പിൻ. അവന്റെ ശക്തിയുടെ ആകാശത്തട്ടിൽ അവനെ സ്തുതിപ്പിൻ.

അവന്റെ വല്ലഭത്വത്തിൽ അവനെ സ്തുതിപ്പിൻ. അവന്റെ ശ്രേഷ്ഠതയുടെ ബഹുത്ത്വത്തിൽ അവനെ സ്തുതിപ്പിൻ.

കൊമ്പിന്റെ ശബ്ദത്താൽ അവനെ സ്തുതിപ്പിൻ. തംബുരുകളാലും വീണകളാലും അവനെ സ്തുതിപ്പിൻ.

തപ്പുകളാലും ചതുരത്തപ്പുകളാലും അവനെ സ്തുതിപ്പിൻ. രസമുള്ള കമ്പികളാൽ അവനെ സ്തുതിപ്പിൻ.

നാദമുള്ള കൈത്താളങ്ങളാൽ അവനെ സ്തുതിപ്പിൻ. ശബ്ദത്താലും ആർപ്പുവിളിയാലും അവനെ സ്തുതിപ്പിൻ. ശ്വാസമുള്ള എല്ലാ ജീവികളും കർത്താവിനെ സ്തുതിക്കട്ടെ.

www.malankaralibrary.com



സകല ജാതികളുമേ, കർത്താവിനെ സ്തുതിപ്പിൻ. സകല ജനങ്ങളുമേ, അവനെ നിങ്ങൾ സ്തുതിപ്പിൻ.

എന്തെന്നാൽ അവന്റെ കൃപ നമ്മുടെമേൽ ബലപ്പെട്ടിരിക്കുന്നു. അവൻ സത്യമായിട്ട് എന്നേക്കും കർത്താവാകുന്നു.

ദൈവമേ, സ്തുതി നിനക്ക് യോഗ്യമാകുന്നു. ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

ത്രിത്വത്തിന് സ്തുതി, ത്രിത്വത്തിന് സ്തുതി, സ്തുതിക്കപ്പെട്ടതും, ഉണ്മയായതും ആദ്യന്തമില്ലാത്തതുമായ ത്രിത്വത്തെ ഞങ്ങൾ സ്തുതിക്കുന്നു. ദൈവമേ, എല്ലാ നേരത്തും സ്തുതി നിനക്കു യോഗ്യമാകുന്നു.

## മാതാവിനോടുള്ള കുക്കിലിയോൻ

കർമ്മി : നിന്നാൾ സ്തുതിയൊടു രാജമകൾ ഹാ -ഹാ
നിൻ വലഭാഗേ രാജഭാമിനിയും

ജനം : നിന്നഴകരചൻ മോഹിപ്പാൻ ഹാ - ഹാ
നിൻ ജനമോർക്കായ്ക പിതൃഗൃഹവും.

ബാറെക്മോർ. ശുബ്ഹോ... മെൻഓലം...

## എക്ബോ

കർമ്മി : ഭക്തർ പുകഴ്ചാ ഭാജനമേ

ജനം : നിന്നിലുദിച്ചോരേക സുതൻ
തൃക്കരൾ ഞങ്ങളിലലിവാൻ തൻ
പക്കലപേക്ഷയണയ്ക്കേണം.

സ്തൗമെൻ ...

## കോലൊ

ദൈവത്തിൻ മാതാ മറിയാമിന്നും നിബിയൻ-
മാർക്കും, ശ്ലീഹന്മാർക്കും നൽസഹദേൻമാർക്കും

www.malankaralibrary.com



സഭയിൻ മക്കൾക്കൊക്കെയ്ക്കും കാലംതോറും
എന്നേക്കും നല്ലോരോർമ്മയതുണ്ടാകട്ടെ. ബാറെക്മോർ.

ശുബ്ഹോ...

തിരുവുള്ളത്താൽ കന്യകയാം മറിയാമിന്നുൾ
ജാതനതായ് ജാതിക്കാരെ വഴി നേരാക്കി
രക്ഷിച്ചവൾ തന്നോർമ്മയ്ക്കൗന്നത്യം ചേർത്ത
സുതനായ് സ്തോത്രം, പ്രാർത്ഥിക്കട്ടവൾ ഞങ്ങൾക്കായ്.

മൊറിയോ റാഹേം...

## മാർ അപ്രേമിന്റെ ബോവൂസാ

ഞങ്ങൾ തൻ കർത്താവേ, നീ കാരുണ്യം ചെയ് ഞങ്ങൾമേൽ
നിൻമാതാവും, കാദീശൻ- മാരും ചെയ്യും യാചിപ്പാൻ

മറിയാമിന്നായ് ശ്ളോമ്മൊ വ-ന്നറിയിച്ചോരാ മാലാഖാ
ദൈവം യോജിപ്പായെന്നായ് വന്നറിവിങ്ങേകീടേണം

പനിനീർ ഹാനനിയാദ്യർമേൽ വീഴ്ത്തിയൊരാ മാലാഖാ തൻ
മൃതർ തന്നസ്ഥിക്കൂട്ടത്തിൽ കൃപയാംനീർ വീഴ്ത്തീടേണം

ഞങ്ങൾതൻ കർത്താവേ, നീ കാരുണ്യം ചെയ് ഞങ്ങൾമേൽ
നിൻ മാതാവും കാദീശൻ-മാരും ചെയ്യും യാചിപ്പാൽ

നിൻ മാതാവും കാദീശൻമാരും ചെയ്യും യാചിപ്പാൽ
നല്കീടേണം പുണ്യം ഞങ്ങൾക്കും വാങ്ങിപ്പോയോർക്കും.

(രാത്രിനമസ്ക്കാരം ഇവിടെ നിർത്തിയിട്ട് കാർമികനും ശുശ്രൂഷകരും മദ്ബഹായിൽ പ്രവേശിച്ച് മറയിടുന്നു. കാർമികൻ വി. കുർബാനയ്ക്കുള്ള ഒരുക്ക ശുശ്രൂഷ നടത്തുമ്പോൾ, വെളിയിൽ തദവസരത്തിലേക്കുള്ള പഴയനിയമവായനകൾ നടത്തുന്നു. കാർമികനും ശുശ്രൂഷകരും സ്ഥാനവസ്ത്രങ്ങൾ ധരിച്ച്, മറ നീക്കി പ്രദക്ഷിണത്തിനായി മദ്ബഹായിൽനിന്ന് ഇറങ്ങിവരുന്നു. ശുശ്രൂഷാമദ്ധ്യേ അഗ്നികൂപത്തിൽ നിക്ഷേപിക്കാനുള്ള കുന്തുരുക്കം പ്രാർത്ഥന ചൊല്ലി ആശീർവദിക്കുന്നു. ആശീർവദിച്ച കുന്തുരുക്കം പ്രദക്ഷിണം ഇറങ്ങുമ്പോഴോ കുഴിയുടെ അടുത്തുവച്ച് ലേഖനം വായിച്ചു തീരുന്നതിനുമുമ്പോ വിശ്വാസികൾക്കു കൊടുക്കാം.)

www.malankaralibrary.com



(കുന്തുരുക്കം ആശീർവദിക്കുന്നു)

കർമ്മി : **പരിശുദ്ധ ത്രിത്വത്തിന്റെ സ്തുതിക്കും ബഹുമാനത്തിനും, രക്ഷാകരവും വിശുദ്ധവുമായ ജനനപ്പെരുന്നാളിന്റെ മഹത്ത്വത്തിനും പുകഴ്ചയ്ക്കും, ഈ തിരുനാളിൽ സംബന്ധിക്കുന്നവരുടെ സന്തോഷത്തിനുംവേണ്ടി കുന്തുരുക്കം ആശീർവദിക്കപ്പെടുന്നു.**

ജനം : ബാറെക്മോർ

കർമ്മി : **പിതാവിന്റെയും ✠ പുത്രന്റെയും ✠ ജീവനുള്ള പരിശുദ്ധാത്മാവിന്റെയും ✠ നാമത്തിൽ.**

ജനം : **ആമ്മീൻ.**

(കാർമികൻ ധൂപക്കുറ്റിയിൽ കുന്തുരുക്കം ഇടുന്നു. ആഘോഷമായ പ്രദക്ഷിണത്തിനുള്ള ഒരുക്കങ്ങളോടെ കത്തിച്ച മെഴുകുതിരികളുമായി വിശ്വാസികളും പിന്നാലെ ശുശ്രൂഷകരും, വേദപുസ്തകമേന്തി കാർമികനും വടക്കേ വാതിൽവഴി പടിഞ്ഞാറേമുറ്റത്ത് കുരിശാകൃതിയിൽ പ്രത്യേകം ഒരുക്കിയ കുഴിയുടെ അടുത്തേക്ക് നീങ്ങുന്നു. ഈ അവസരത്തിൽ പ്രദക്ഷിണഗാനം എല്ലാവരും ചേർന്ന് ആലപിക്കുന്നു.)

## പ്രദക്ഷിണ ഗീതം

(ബ്സുൽതൊ യെ-ൽദാസ് ദ്ദൂമോ-റൊ)

1. താതനുമീ മർത്ത്യൻമാ-ർക്കും
മദ്ധ്യമനാകും വചനേശൻ തന്നെപ്പെറ്റാൾ
കന്യകയാ-ശ്ച-ര്യം

2. ജ്വാലയണിഞ്ഞോൻ തനുവേ-ന്തി
ഞങ്ങളെ സം-രക്ഷിച്ചീടാൻ മാനവരൂപം
പൂണ്ടോനാ-ശ്ച-ര്യം

3. ഉദരെ പാർത്തോൻപതു മാ-സം
ജനിയാർന്നല്ലോ ആശ്ചര്യം കന്യാമുദ്ര-
യ്ക്കേതും കേ-ടെ-ന്യേ

4. മുപ്പതു വത്സരമീപ്പാ-രിൽ
വാണടിയാർക്കായ് പാടേറ്റു, മനസ്സാ മരണം
രുചിച്ചാനാ-ശ്ച-ര്യം

www.malankaralibrary.com



5. മൂന്നുദിനം കബറിൽ മേവി
ഉത്ഥിതനായ് സ്വർഗാരോഹണം ഹാലേലുയ്യാ
ചെയ്താനാ-ശ്ച-ര്യം.

6. ദാവീദിൻ ഗീതം സാ-ർത്ഥം
കാലാതീതം മഹിമാവൊടു താതനിൽനിന്നും
ജനിച്ചോൻ സൂ-നുവിനെ

7. തിരുവുള്ളത്താൽ ദാവീ-ദിൻ
നന്ദനയാകും കന്യകയാൾ പ്രസവിച്ചല്ലോ
കാലത്തികവിങ്കൽ

8. നമ്മുടെ രക്ഷാർത്ഥം വ-ന്നു
മിശിഹാ നാഥനവൻതന്നെ സർവ്വേശൻ തൻ
ആദ്യജനാകുന്നോൻ.

9. താതന്നും മറിയാമി-ന്നും
ഏകസുതൻ ഭേദമെഴാത്തോൻ വ്യക്തിയിലേകൻ
പ്രകൃതികൾ രണ്ടുള്ളോൻ

10. എന്നുദ്ഘോഷിപ്പോരെ-ല്ലാം
സത്യമതാം വിശ്വാസത്താൽ ഹാലേലുയ്യാ
ഭാഗ്യം നേടീടും. ബാറെക്മോർ
ശുബ്ഹോ... മെൻഓലം...

11. പ്രവചനമാം ദൃഷ്ടാന്ത-ങ്ങൾ
ഉപമകളും സാർത്ഥകമായി നൃപദാവീദിൻ
മകളാം മറിയാമിൽ

12. പൂരുഷബന്ധം കൂടാ-തെ
കന്യകയാ മാടപ്രാവിഹ പെറ്റാൾ ഭൂവിൽ
സ്വർഗച-കോരത്തെ

13. പാഴ്ബലിയിൽനിന്നും ലോ-കം
തൻബലിയാൽ രക്ഷിച്ചോനാം കുഞ്ഞാടതിനെ
ബാലിക പ്രസവിച്ചു

www.malankaralibrary.com



14. താതനിൽ നിന്നുദയം ചെയ്-തോൻ
ദാവീദിൻ മകളിൽ ജന്മം കൈക്കൊണ്ടുലകം
രക്ഷിപ്പോൻ ധന്യൻ. മൊറിയൊ റാഹേം...

## തീ ഉഴലിച്ച ശുശ്രൂഷ

(സ്ത്രീകൾ കുഴിയുടെ തെക്കുവശത്തും, പുരുഷന്മാർ വടക്കുവശത്തും നിൽക്കുന്നു. കുഴിയുടെ പടിഞ്ഞാറുവശത്ത് ഒരുക്കിയിരിക്കുന്ന മേശയ്ക്കു പടിഞ്ഞാറുനിന്നുകൊണ്ട് കാർമ്മികൻ ശുശ്രൂഷ ആരംഭിക്കുന്നു.)

ശുശ്രൂ : സ്തൗമെൻകാലൊസ്...... കുറി.....

### പ്രുമിയോൻ

കാർമി: നാമെല്ലാവരും പ്രാർത്ഥിച്ച്...

ജനം: കാരുണ്യവാനായ...

കാർമി: സ്തുതിയും സ്തോത്രവും...

നിത്യതയിൽ അദൃശ്യനായി, തന്റെ പിതാവിന്റെ മടിത്തട്ടിൽ സ്ഥിതിചെയ്യുന്നവൻ, തന്റെയും പിതാവിന്റെയും ജീവനുള്ള പരിശുദ്ധാത്മാവിന്റെയും തിരുവിഷ്ടത്താൽ ഉദയം ചെയ്ത് പ്രത്യക്ഷപ്പെടുവാൻ കൃപാപൂർവ്വം തിരുവുള്ളമായി. അദൃശ്യനും ലോകങ്ങൾക്ക് അതീതനും സൃഷ്ടികൾക്ക് ഉന്നതനുമായ അവൻ തന്റെ സൃഷ്ടിയുടെ അടുത്തേക്കു വന്നു. തന്റെ ജനനിയുടെ ധന്യമായ മടിയിൽ അവതരിച്ച അശരീരിയും ആത്മീയനുമായ അവൻ ലോകങ്ങൾക്ക് അദൃശ്യനായിരിക്കെ, മനുഷ്യസ്നേഹത്താൽ ജന്മമെടുത്ത് സകലത്തെയും ഐശ്വര്യസമ്പൂർണ്ണമാക്കി. പരിപൂർണ്ണനായ ആ കർത്താവിനു സ്തുതി. അവനു തീ ഉഴലിച്ചയുടെ ശുശ്രൂഷ നടത്തപ്പെടുന്ന ഈ സമയത്തും എല്ലാ പെരുന്നാളുകളിലും, കാലങ്ങളിലും, നേരങ്ങളിലും ഞങ്ങളുടെ ആയുഷ്കാലം മുഴുവനും സ്തുതിയും ബഹുമാനവും ആരാധനയും യോഗ്യമാകുന്നു. ബ്കുലഹൂൻ...

ജനം: ആമ്മീൻ.

www.malankaralibrary.com



## സെദറാ

ദൈവമെന്നനിലയിൽ നീ നിത്യനും അനാദ്യന്തനുമായിരിക്കെ കാലത്തികവിൽ സാധാരണ മനുഷ്യനെപ്പോലെ കന്യക പ്രസവിച്ച ശിശുവായുള്ളോവേ, നിനക്കു സ്തുതി, നിനക്കു സ്തോത്രം. പ്രകാശങ്ങളുടെ നാഥനായ നീ ഉദരത്തിൽനിന്ന് സൂര്യനെപ്പോലെ ശോഭയോടുകൂടി ഉദിക്കുകയും നിന്റെ ശ്രേഷ്ഠമായ ഉദയത്താൽ സകല സൃഷ്ടികളെയും പൂർണ്ണമായി പ്രകാശിപ്പിക്കുകയും ചെയ്തു. ഉദരങ്ങളിൽ ശിശുക്കളെ വളർത്തുന്ന നീ തിരുവിഷ്ടത്താൽ ഉദരത്തിൽ ശിശുവായിത്തീർന്നു. ദാവീദിനെ സൃഷ്ടിച്ചവനും ലോകങ്ങൾക്കും സൃഷ്ടികൾക്കും മുമ്പനുമായ നീ പുതുതായി ദാവീദിന്റെ പുത്രിയിൽനിന്ന് കാലപൂർണ്ണതയിൽ ജനിച്ചു. തലമുറകളെക്കാളും വംശങ്ങളെക്കാളും പൂർവ്വികനായ നീ കാലത്തികവിൽ ശിശുവെന്ന നിലയിൽ ചെറിയവനായി കാണപ്പെട്ടു. ഭൂമിയിൽ മഞ്ഞും മഴയും പൊഴിയ്ക്കുന്ന നീ, സ്ത്രീയിൽനിന്നും മാനുഷികരീതിയിൽ മുലപ്പാൽ നുകർന്നു. സ്വശക്തിയാൽ പർവ്വതങ്ങളെ നിലനിർത്തുന്ന നീ, ദരിദ്രനായി കല്ലടാവിൽ കിടന്നു. ആകാശവിതാനത്തെ സ്വശക്തിയാൽ വഹിക്കുന്ന നിന്നെ, ബാലിക അവളുടെ കൈകളിൽ അനായാസം വഹിച്ചു. ഉജ്ജ്വല പ്രകാശത്തിൽ വസിക്കുന്ന നീ, കീറ്റുശീലകളാൽ എളിയവനെപ്പോലെ പൊതിയപ്പെട്ടു. ക്രൂബേന്മാരുടെമേൽ പ്രബലതയോടെ ആരൂഢനായിരിക്കുന്ന നീ, മറിയാമിന്റെ ഭുജങ്ങളിൽ ശാന്തമായി ആഘോഷിക്കപ്പെട്ടു. നിനക്ക് കാദീശ് പാടുവാൻ സ്രോപ്പേന്മാരെ ഉത്തേജിപ്പിക്കുന്ന നിന്നെ ദാവീദിന്റെ പുത്രി താരാട്ടുപാടി താലോലിച്ചു. അംഗുലീചലനത്താൽ സൃഷ്ടികളെ നയിക്കുന്ന നീ, ബേത്‌ലഹേമിൽ ശിശുവായി മുട്ടിന്മേൽ നീന്തി.

ആകയാൽ ഞങ്ങളുടെ രക്ഷയെപ്രതി നീ പ്രവർത്തിച്ച അത്ഭുതത്തെ വിസ്മയപൂർവ്വം വീക്ഷിക്കുകയും ഞങ്ങൾക്കു വേണ്ടിയുള്ള മാനുഷികവ്യാപാരത്തെ ഗ്രഹിക്കുകയും ചെയ്തുകൊണ്ട് ആശ്ചര്യഭരിതരായി ഞങ്ങളെല്ലാവരും ഏകസ്വരത്തിൽ പറയുന്നു.

www.malankaralibrary.com



ദൈവസ്വഭാവത്തിൽനിന്ന് വ്യത്യാസം വരാതെ മനുഷ്യനായിത്തീർന്നതിനാൽ, ദൈവമേ നീ അത്ഭുതമാകുന്നു.

തുടർന്നുള്ള ഓരോ പാദാന്ത്യത്തിലും 'ദൈവമേ നീ അത്ഭുതമാകുന്നു' എന്ന് ജനം ഏറ്റു ചൊല്ലണം.

മഹത്ത്വമുള്ളവനായിരിക്കെ ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി ശരീരിയായി കാണപ്പെട്ടതിനാൽ....

ആകാശവും ഭൂമിയും നിന്നാൽ പൂർണ്ണമായി നിറഞ്ഞിരിക്കെ നീ ഗുഹയിൽ കിടന്നതിനാൽ.....

നിത്യനും സമാരാധ്യനും അപരിമേയനുമായിരിക്കെ കന്യകയുടെ മടിയിൽ ഒതുങ്ങിയിരുന്നതിനാൽ...

ശ്രേഷ്ഠമാംവണ്ണം അദൃശ്യനും അവർണ്ണ്യനും ദൈവവുമായിരിക്കെ മനുഷ്യനായിത്തീർന്നതിനാൽ....

മാലാഖമാരെയും ഇടയന്മാരെയും വിജ്ഞാനികളെയും നീ ആകർഷിച്ചു. അവർ ഉചിതമായി നിന്റെ ബഹുമാന്യതയെ ആരാധിക്കുവാൻ വന്നതിനാൽ...

സ്വജനനത്താൽ മേലുള്ളവരുടെയും താഴെയുള്ളവരുടെയും ഇടയിൽ യോഗ്യമായി രമ്യതയും സമാധാനവും നീ വിതച്ചതിനാൽ...

നിന്റെ ജന്മദിവസത്തിൽ സ്വർഗ്ഗീയരെയും ഭൗമികരെയും സന്തോഷിപ്പിക്കുകയും അവരുടെ മദ്ധ്യത്തിൽ സ്ഥിതി ചെയ്തിരുന്ന വേലി പൊളിച്ചുകളയുകയും ചെയ്തതിനാൽ...

നിന്റെ ആംഗ്യത്താൽ എല്ലാ ഭാഗങ്ങളും അതിർത്തികളും നിലനില്ക്കെ ബാലിക നിന്നെ വഹിച്ചതിനാൽ...

ലോകങ്ങളെ ഉത്സാഹപൂർവ്വം പോറ്റുന്നവനായിരിക്കെ മുലപ്പാൽ കുടിച്ചതിനാൽ.......

നിന്റെ ജനനത്താൽ സകല സ്വർഗ്ഗീയരും ഭൗമികരും അതിശയിക്കുകയും നിനക്കു പൂർണ്ണമായ സ്തുതി നൽകുകയും ചെയ്തതിനാൽ......

www.malankaralibrary.com



നിന്റെ ജനനദിവസത്തിൽ മേലുള്ളവരെയും താഴെയുള്ളവരെയും നീ സംയോജിപ്പിക്കുകയും അവരെ നിന്റെ ശ്രേഷ്ഠതയ്ക്കു സ്തുതിപാഠകന്മാരാക്കിത്തീർക്കുകയും ചെയ്തതിനാൽ.....

ഉയരത്തിൽ അഗ്നിരഥം നിന്റെ ബഹുമാന്യതയെ വഹിക്കുകയും നിന്റെ ആംഗ്യം അധികാരപൂർവ്വം സൃഷ്ടികളെ സംവഹിക്കുകയും ചെയ്യവെ കന്യക നിന്നെ കരങ്ങളിൽ ഏന്തിയതിനാൽ.....

അഗ്നിമയന്മാർ നിന്റെ തേജസ്സിൽ ചൂളിപ്പോകവേ വിദ്വാന്മാരും ഇടയന്മാരും നിന്നെ മനുഷ്യനായി കണ്ടതിനാൽ....

നിന്റെ ജന്മദിവസത്തിൽ ആദാമ്യവർഗ്ഗത്തിന് വിവിധ നിലകളിൽ നല്ല പ്രത്യാശയുണ്ടായതിനാൽ....

ദൈവമായി സ്ഫടിക സിംഹാസനത്തിന്മേൽ ആഘോഷിക്കപ്പെടുന്നവനായിരിക്കെ ശിശുവിനെപ്പോലെ സ്നേഹപൂർവ്വം കാൽമുട്ടുകളിൽ ലാളിക്കപ്പെട്ടതിനാൽ......

അഹങ്കാരികളായ പിശാചുക്കളുടെ അടിമത്തത്തിൽനിന്ന് നിന്റെ പ്രതിരൂപത്തെ നിന്റെ ജനനംമൂലം രക്ഷിച്ചതിനാൽ....

തിരുവിഷ്ടപ്രകാരമുള്ള നിന്റെ മനുഷ്യാവതാരത്തിന്റെ ദിവസത്തിൽ സൃഷ്ടിയിൽ നിന്റെ പ്രകാശം ഉദിപ്പിക്കുകയും സകല ദിക്കുകളിൽനിന്നും അന്ധകാരത്തെ അകറ്റുകയും ചെയ്തതിനാൽ.....

വിശുദ്ധമായ നിന്റെ ജനനദിവസത്തിൽ ദൂരസ്ഥരെ നീ വിളിക്കുകയും അവർ സമീപസ്ഥരോടുകൂടെ സമ്മേളിക്കുവാൻ ഇടയാക്കുകയും ചെയ്തതിനാൽ.....

നിന്റെ മനുഷ്യാവതാരത്താൽ പിതാവിനെ സൃഷ്ടികളുമായി രമ്യപ്പെടുത്തുകയും ഭൂതലത്തിൽ യോജിപ്പും സമാധാനവും സമൃദ്ധമായി സംസ്ഥാപിക്കുകയും ചെയ്തതിനാൽ.....

www.malankaralibrary.com



നിന്റെ ജനനദിവസത്തിൽ സ്വർഗ്ഗീയർ കാഹളമൂതി ദാവീദിന്റെ പട്ടണത്തിൽ മിശിഹാകർത്താവെന്ന രക്ഷകൻ ഇന്നു നിങ്ങൾക്കുവേണ്ടി സത്യമായി ജനിച്ചിരിക്കുന്നു എന്ന് ഇടയന്മാരോടു പ്രസംഗിച്ചതിനാൽ....

നിന്റെ ജനനത്തിൽ അഗ്നിമയന്മാർ കാഹളമൂതി, അത്യുന്നതങ്ങളിൽ നിനക്കു സ്തുതിയും ഭൂമിയിൽ സമാധാനവും മനുഷ്യർക്കു നല്ല ശരണവും എന്ന് വിസ്മയനീയമായി അറിയിച്ചതിനാൽ....

ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടിയുള്ള നിന്റെ മനുഷ്യാവതാരവൃത്താന്തം തികച്ചും അവർണ്ണനീയമാകുന്നു. ആകയാൽ അത്ഭുതശിശുവേ, കന്യകമറിയാമിൽനിന്നുള്ള നിന്റെ വിശുദ്ധവും മഹനീയവുമായ ജനനത്തിന്റെ ഈ ദിവസത്തിൽ തിരുസന്നിധിയിൽ അർപ്പിക്കുന്ന ഈ സുഗന്ധധൂപം മുഖാന്തരം ഞങ്ങൾ നിന്നോടു പ്രാർത്ഥിക്കുകയും അപേക്ഷിക്കുകയും ചെയ്യുന്നു. ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ അത്ഭുതകരമായ ശരീരധാരണത്തെക്കുറിച്ച് യഥാർത്ഥമായ ജ്ഞാനവും, ഞങ്ങളുടെ രക്ഷയെപ്രതി താത്പര്യത്തോടുകൂടിയുള്ള നിന്റെ മനുഷ്യാവതാരത്തെക്കുറിച്ച് സത്യവിശ്വാസവും ഞങ്ങൾക്കു നൽകണമേ. ഞങ്ങൾക്കെല്ലാവർക്കും കടങ്ങളുടെ പൂർണ്ണ പരിഹാരവും പാപമോചനവും ഞങ്ങളുടെ ആത്മശരീരങ്ങളുടെ ദുഃഖകാരണങ്ങളിൽനിന്ന് പൂർണ്ണമായ വിടുതലും നൽകണമേ. കർത്താവേ, നീ പാപികളെ നിർമ്മലമാക്കി പാപമോചനം നൽകുന്നവനും, അനുതാപികളെ പൂർണ്ണമായി ശുദ്ധീകരിക്കുന്നവനും, സഭാമക്കൾക്കെല്ലാവർക്കും നിത്യസഹായിയും സഹായവും ആയിരിക്കണമെ. നിന്റെ ശരണത്താൽ പ്രത്യാശയോടുകൂടി മുൻകൂട്ടി നിദ്രപ്രാപിച്ച വിശ്വാസികളായ ഞങ്ങളുടെ പിതാക്കന്മാർക്കും, സഹോദരന്മാർക്കും ഗുരുക്കന്മാർക്കും സകല പരേതർക്കും നല്ല ഓർമ്മ നൽകണമേ. നിന്റെ വലത്തുഭാഗത്ത് സന്തോഷപൂർവ്വം നില്ക്കുന്നതിനും നിന്റെ രാജ്യത്തിലെ അനവരതമായ ആനന്ദം

www.malankaralibrary.com



അനുഭവിക്കുന്നതിനും ഞങ്ങളെയും അവരെയും യോഗ്യരാക്കി ത്തീർക്കണമെ. ഞങ്ങളും അവരും ഒരുമിച്ച് നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും ഇപ്പോഴും എല്ലാസമയത്തും എന്നേക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കും. ആമ്മീൻ.

ദൈവത്തിൽനിന്ന് കടങ്ങൾക്കു......

**പൗലോസ് ശ്ലീഹാ......**

(വായനക്കാരൻ കുഴിയുടെ തെക്കുകിഴക്കു മാറി പടിഞ്ഞാറോട്ടു തിരിഞ്ഞുനിന്ന് ലേഖനം വായിക്കുന്നു)

## ലേഖനം

(ഹെബ്രാ 1 : 1-12)

ശുശ്രൂ: വി. പൗലോസ് ശ്ലീഹാ...

ജനം: ശ്ലീഹായുടെ ഉടയവനു സ്തുതി...

ശുശ്രൂ: പൂർവ്വകാലങ്ങളിൽ പ്രവാചകന്മാർവഴി വിവിധഘട്ടങ്ങ ളിലും വിവിധരീതികളിലും ദൈവം നമ്മുടെ പിതാക്കന്മാരോടു സംസാരിച്ചിട്ടുണ്ട്. എന്നാൽ, ഈ അവസാനനാളുകളിൽ തന്റെ പുത്രൻവഴി അവിടുന്നു നമ്മോടു സംസാരിച്ചിരിക്കുന്നു. അവനെ അവിടുന്ന് സകലത്തിന്റെയും അവകാശിയായി നിയമിക്കുകയും അവൻമുഖേന പ്രപഞ്ചത്തെ സൃഷ്ടിക്കുകയും ചെയ്തു. അവൻ അവിടുത്തെ മഹത്ത്വത്തിന്റെ തേജസ്സും സത്തയുടെ മുദ്രയു മാണ്. തന്റെ ശക്തിയുടെ വചനത്താൽ അവൻ എല്ലാറ്റിനെയും താങ്ങിനിർത്തുന്നു. പാപങ്ങളിൽനിന്നു നമ്മെ ശുദ്ധീകരിച്ചതിനു ശേഷം അത്യുന്നതങ്ങളിലുള്ള മഹത്ത്വത്തിന്റെ വലത്തുഭാഗത്ത് അവൻ ഉപവിഷ്ടനായി. അവൻ അവകാശമാക്കിയ നാമം ദൈവ ദൂതന്മാരുടേതിനേക്കാൾ ശ്രേഷ്ഠമായിരിക്കുന്നതുപോലെ അവനും അവരേക്കാൾ ശ്രേഷ്ഠനാണ്.

ഏതു ദൂതനോടാണ് നീ എന്റെ പുത്രനാണ്, ഇന്നു ഞാൻ നിനക്കു ജന്മമേകി എന്നും, ഞാൻ അവനു പിതാവും, അവൻ എനിക്ക് പുത്രനുമായിരിക്കും എന്നും ദൈവം അരുളിച്ചെയ്തി

www.malankaralibrary.com



ട്ടുള്ളത്? വീണ്ടും, തന്റെ ആദ്യജാതനെ ലോകത്തിലേക്ക് അയച്ചപ്പോൾ അവിടുന്നു പറഞ്ഞു: ദൈവത്തിന്റെ ദൂതൻമാരെല്ലാം അവനെ ആരാധിക്കട്ടെ. അവിടുന്നു തന്റെ ദൂതൻമാരെ കാറ്റും, ശുശ്രൂഷകരെ തീനാളങ്ങളും ആക്കുന്നു എന്നു ദൂതന്മാരെക്കുറിച്ച് പറഞ്ഞിരിക്കുന്നു. എന്നാൽ, പുത്രനെപ്പറ്റി പറയുന്നു; ദൈവമേ, അങ്ങയുടെ രാജ്യത്തിന്റെ ചെങ്കോൽ നീതിയുടെ ചെങ്കോലാണ്. അങ്ങു നീതിയെ സ്നേഹിച്ചു; അനീതിയെ വെറുത്തു. അതിനാൽ, അങ്ങയുടെ സ്നേഹിതരേക്കാൾ അധികമായി സന്തോഷത്തിന്റെ തൈലംകൊണ്ട് ദൈവം, അങ്ങയുടെ ദൈവം, അങ്ങയെ അഭിഷേകം ചെയ്തിരിക്കുന്നു. കർത്താവേ, ആദിയിൽ അങ്ങു ഭൂമിക്ക് അടിസ്ഥാനമിട്ടു. ആകാശം അങ്ങയുടെ കരവേലയാണ്, അവയൊക്കെ നശിക്കും. അങ്ങുമാത്രം നിലനിൽക്കും. വസ്ത്രംപോലെ അവ പഴകിപ്പോകും. മേലങ്കിപോലെ അങ്ങ് അവയെ മടക്കും വസ്ത്രംപോലെ അവ മാറ്റപ്പെടും. എന്നാൽ, അങ്ങേക്കു മാറ്റമില്ല. അങ്ങയുടെ വത്സരങ്ങൾ അവസാനിക്കുകയുമില്ല. ബാറെക്മോർ.

## ഹൂലോലോ

ഹാ-ഉ-ഹാ-നാഥൻ ചൊന്നെന്നൊടു നീയെൻ സൂനു,
നിന്നെ ഞാനിന്നു ജനിപ്പിച്ചു. ഹാലേലുയ്യാ

(കാർമ്മികൻ പള്ളിയുടെ നടയിൽ പടിഞ്ഞാറോട്ടഭിമുഖമായി നിന്ന് ഏവൻഗേലിയോൻ വായിക്കുന്നു.)

## ഏവൻഗേലിയോൻ

(ലൂക്കോസ് 2 : 1-20)

അക്കാലത്ത്, ലോകമാസകലമുള്ള ജനങ്ങളുടെ പേര് എഴുതിച്ചേർക്കപ്പെടണം എന്ന് അഗസ്റ്റസ് സീസറിൽനിന്ന് കല്പന പുറപ്പെട്ടു. കിിരിനിയോസ് സിറിയായിൽ ദേശാധിപതി ആയിരിക്കുമ്പോൾ ആദ്യത്തെ ഈ പേരെഴുത്ത് നടന്നു. പേരെഴുതിക്കാനായി ഓരോരുത്തരും താന്താങ്ങളുടെ നഗരത്തിലേക്കു പോയി. യൗസേഫ് ദാവീദിന്റെ കുടുംബത്തിലും വംശത്തിലും പെട്ടവനായിരുന്നതിനാൽ, പേരെഴുതിക്കാനായി ഗലീലിയിലെ

www.malankaralibrary.com



പട്ടണമായ നസറത്തിൽനിന്ന് യൂദയായിൽ ദാവീദിന്റെ പട്ടണമായ ബേത്‌ലഹേമിലേക്ക് ഗർഭിണിയായ ഭാര്യ മറിയാമിനോടുകൂടെ പോയി. അവിടെയായിരിക്കുമ്പോൾ അവൾക്കു പ്രസവസമയമടുത്തു. അവൾ തന്റെ കടിഞ്ഞൂൽപുത്രനെ പ്രസവിച്ചു. അവനെ പിള്ളക്കച്ചകൊണ്ടു പൊതിഞ്ഞ് പുൽത്തൊട്ടിയിൽ കിടത്തി. കാരണം, സത്രത്തിൽ അവർക്കു സ്ഥലം ലഭിച്ചില്ല. ആ പ്രദേശത്തെ വയലുകളിൽ, ആടുകളെ രാത്രി കാത്തുകൊണ്ടിരുന്ന ഇടയന്മാർ ഉണ്ടായിരുന്നു. കർത്താവിന്റെ ദൂതൻ അവരുടെ അടുത്തെത്തി. കർത്താവിന്റെ മഹത്ത്വം അവരുടെമേൽ പ്രകാശിച്ചു.

കാർമ്മികൻ കുഴിയുടെ കിഴക്കുവശത്ത് തീ കത്തിക്കുന്നു

വെളിവു നിറഞ്ഞോരീശോ നിൻ വെളിവാൽ കാണുന്നു
വെളിവീയടിയാരഖിലാധാരമതാം വെളിവും നീ

പടിഞ്ഞാറുവശത്ത് തീ കത്തിച്ചുകൊണ്ട്

കാന്ത്യാ ഞങ്ങളെ നീ താതൻ
കതിരേ ശോഭിപ്പിക്കെന്നും.

വടക്കുവശത്ത് തീ കത്തിച്ചുകൊണ്ട്

വെളിവിൻ തട്ടിൽ വസിക്കും പുണ്യനിധേ - പരിശുദ്ധാ
വേണ്ടാകഷ്ടത വീൺചിന്തയും അടിയാരീന്നൊഴിക്ക

തെക്കുവശത്ത് തീ കത്തിച്ചുകൊണ്ട്

സൽക്രിയകൾക്കു മനഃശുദ്ധ്യാ
സംഗതി വരണെ ഞങ്ങൾക്ക്

സുവിശേഷവായന തുടരുന്നു

അവർ വളരെ ഭയപ്പെട്ടു. ദൂതൻ അവരോടു പറഞ്ഞു; ഭയപ്പെടേണ്ട, ഇതാ സകല ജനത്തിനുംവേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു. ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ, കർത്താവായ യേശുമിശിഹാ, ഇന്നു ജനിച്ചിരിക്കുന്നു. ഇതായിരിക്കും

www.malankaralibrary.com



നിങ്ങൾക്ക് അടയാളം. പിള്ളക്കച്ചകൊണ്ട് പൊതിഞ്ഞ് പുൽത്തൊട്ടിയിൽ കിടത്തിയിരിക്കുന്ന ഒരു ശിശുവിനെ നിങ്ങൾ കാണും. പെട്ടെന്ന്, സ്വർഗ്ഗീയസൈന്യത്തിന്റെ ഒരു വ്യൂഹം ആ ദൂതനോടുകൂടെ പ്രത്യക്ഷപ്പെട്ട് ദൈവത്തെ സ്തുതിച്ചു പറഞ്ഞു.

മൂന്നു പ്രാവശ്യം ജനങ്ങൾക്കു ചൊല്ലിക്കൊടുക്കുന്നു.

അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി
ഭൂമിയിൽ സമാധാനം
മനുഷ്യർക്കു നല്ല ശരണം

'അത്യുന്നതങ്ങളിൽ സ്വർഗ്ഗീയ മാലാഖമാർ....' എന്ന മാലാഖമാരുടെ സ്തുതിപ്പ് ചൊല്ലിക്കൊണ്ട് കാർമ്മികനും ശുശ്രൂഷകരും രണ്ടു പ്രാവശ്യം പടിഞ്ഞാറുനിന്ന് തെക്കുവശത്തുകൂടെയും, ഒരു പ്രാവശ്യം വടക്കുവശത്തുകൂടെയും അഗ്നിപ്രദക്ഷിണം വയ്ക്കുകയും കുന്തുരുക്കം അഗ്നിയിൽ ഇടുകയും ചെയ്യുന്നു. തുടർന്ന് വിശ്വാസികൾ ഓരോരുത്തരായി വന്ന് കുന്തുരുക്കം അഗ്നിയിൽ ഇട്ടതിനുശേഷം സ്വസ്ഥാനത്ത് നിൽക്കുന്നു.

അത്യുന്നതങ്ങളിൽ സ്വർഗീയ മാലാഖമാരും പ്രധാന മാലാഖമാരും സ്തുതിക്കുന്നതുപോലെ, ബലഹീനരും, മൺമയരുമായ ഞങ്ങളും ഇപ്രകാരം പറഞ്ഞുകൊണ്ട് സ്തുതിക്കുന്നു. എല്ലാ കാലത്തും എല്ലാ സമയത്തും ഉയരങ്ങളിൽ ദൈവത്തിന് സ്തുതിയും, ഭൂമിയിൽ സമാധാനവും, ശാന്തിയും മനുഷ്യമക്കൾക്ക് നല്ല പ്രത്യാശയും ഉണ്ടായിരിക്കട്ടെ.

ഞങ്ങൾ നിന്നെ സ്തുതിക്കുകയും വാഴ്ത്തുകയും വന്ദിക്കുകയും ചെയ്യുന്നു. സ്തുതിയുടെ കീർത്തനങ്ങൾ നിനക്ക് ഞങ്ങൾ ആലപിക്കുകയും ചെയ്യുന്നു.

സർവ്വശക്തിയുള്ള പിതാവായ ദൈവവും സ്വർഗീയ രാജാവും സ്രഷ്ടാവുമായ കർത്താവേ, നിന്നെയും, യേശുമിശിഹായായ ഏകപുത്രനായിരിക്കുന്ന ദൈവമായ കർത്താവേ നിന്നെയും, പരിശുദ്ധ റൂഹായോടുകൂടെ, നിന്റെ മഹത്വത്തിന്റെ വലിപ്പം നിമിത്തം ഞങ്ങൾ സ്തോത്രം ചെയ്യുന്നു.

www.malankaralibrary.com



പിതാവിന്റെ പുത്രനും, വചനവും, ലോകത്തിന്റെ പാപത്തെ വഹിച്ചവനും വഹിക്കുന്നവനുമായ ദൈവകുഞ്ഞാടായിരിക്കുന്ന ദൈവമായ കർത്താവേ, ഞങ്ങളോട് കരുണയുണ്ടാകണമേ.

ലോകത്തിന്റെ പാപത്തെ വഹിച്ചവനും വഹിക്കുന്നവനുമേ, നിന്റെ ചെവി ചായിച്ച് ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളണമേ.

തന്റെ പിതാവിന്റെ വലത്തുഭാഗത്ത് മഹത്ത്വത്തോടെ യിരിക്കുന്നവനേ, ദയ തോന്നി ഞങ്ങളോട് കരുണ ചെയ്യണമേ.

എന്തെന്നാൽ നീ മാത്രം പരിശുദ്ധനാകുന്നു. പരിശുദ്ധ റൂഹായോടുകൂടെ യേശുമിശിഹായായ നീ മാത്രം കർത്താവുമാകുന്നു. പിതാവായ ദൈവത്തിന് മഹത്ത്വം. ആമ്മീൻ.

എല്ലാ കാലത്തും എല്ലാ സമയത്തും ഞങ്ങളുടെ ജീവിതകാലം മുഴുവനും നിന്നെ വാഴ്ത്തുകയും എന്നേക്കും വാഴ്ത്തപ്പെട്ടതും നിത്യത്വമുള്ളതുമായ നിന്റെ പരിശുദ്ധ തിരുനാമത്തെ ഞങ്ങൾ സ്തുതിക്കുകയും ചെയ്യുന്നു.

ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ സർവശക്തിയുള്ള കർത്താവേ, നീ വാഴ്ത്തപ്പെട്ടവനാകുന്നു. നിന്റെ തിരുനാമം സ്തുതിക്കപ്പെട്ടതും എന്നേക്കും സ്തുതികളാൽ പ്രബലപ്പെട്ടതുമാകുന്നു.

സ്തുതി നിനക്ക് യോഗ്യമാകുന്നു. മഹത്ത്വം നിനക്ക് യുക്തമാകുന്നു. സകലത്തിന്റെയും ദൈവവും സത്യത്തിന്റെ പിതാവുമായവനേ, നിനക്കും ഏകപുത്രനും ജീവനുള്ള പരിശുദ്ധ റൂഹായ്ക്കും പുകഴ്ച ചേർച്ചയാകുന്നു. അത് ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും, ആമ്മീൻ.

### സുവിശേഷവായന തുടരുന്നു

ദൂതന്മാർ അവരെ വിട്ട് സ്വർഗ്ഗത്തിലേക്കു പോയപ്പോൾ ആട്ടിടയന്മാർ പരസ്പരം പറഞ്ഞു: നമുക്കു ബേത്‌ലഹേംവരെ

www.malankaralibrary.com



പോകാം. കർത്താവ് നമ്മെ അറിയിച്ച ഈ സംഭവം നമുക്കു കാണാം. അവർ അതിവേഗം പോയി മറിയാമിനെയും യൗസേപ്പിനെയും പുൽത്തൊട്ടിയിൽ കിടക്കുന്ന ശിശുവിനെയും കണ്ടു. അനന്തരം ശിശുവിനെക്കുറിച്ച് തങ്ങളോട് പറയപ്പെട്ട കാര്യങ്ങൾ മറ്റുള്ളവരെ അവർ അറിയിച്ചു. അതു കേട്ടവരെല്ലാം ഇടയന്മാർ തങ്ങളോടു പറഞ്ഞ സംഗതികളെക്കുറിച്ച് അത്ഭുതപ്പെട്ടു. മറിയമാകട്ടെ ഇവയെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ച് ഗാഢമായി ചിന്തിച്ചുകൊണ്ടിരുന്നു. തങ്ങളോടു പറയപ്പെട്ടതുപോലെ കാണുകയും കേൾക്കുകയും ചെയ്ത സകല കാര്യങ്ങളെയുംകുറിച്ച് ദൈവത്തെ മഹത്ത്വപ്പെടുത്തുകയും സ്തുതിക്കുകയും ചെയ്തുകൊണ്ട് ആ ഇടയന്മാർ തിരിച്ചുപോയി.

✠ നിങ്ങൾക്കെല്ലാവർക്കും ശാന്തി ഭവിക്കട്ടെ.

## മാനീസോ

മോറാനേശുമിശിഹാ നിന്റെ കരുണയുടെ വാതിൽ ഞങ്ങളുടെ നേരെ അടയ്ക്കരുതേ.

കർത്താവേ, ഞങ്ങൾ പാപികളാകുന്നു എന്ന് ഞങ്ങൾ ഏറ്റുപറയുന്നു. ഞങ്ങളോട് കരുണയുണ്ടാകണമേ.

കർത്താവേ, നിന്റെ മരണത്താൽ ഞങ്ങളുടെ മരണം മാഞ്ഞുപോകുവാനായി നിന്റെ സ്നേഹം നിന്റെ ഇടത്തിൽ നിന്നു ഞങ്ങളുടെ അടുക്കലേക്ക് നിന്നെ ഇറക്കിക്കൊണ്ടുവന്നു. ഞങ്ങളോട് കരുണ ചെയ്യണമേ. ആമ്മീൻ.

തുടർന്ന് പള്ളിക്കുചുറ്റുമുള്ള പ്രദക്ഷിണം പൂർത്തിയാക്കി തെക്കേ വാതിൽവഴി അകത്തു പ്രവേശിക്കുന്നു.

## മാനീസ

ഞാൻ യൂദപുരേ ബേത്ലേമിൽ ചെന്നപ്പോൾ
കന്യകയാ–മൊരുവളെ ഞാൻ കണ്ടു

www.malankaralibrary.com



സ്തന്യവുമുണ്ണിയെയും-വ്രതമൊപ്പ-മേന്തുമിവൾ
മാതാവും-കന്യകയും
ഈശകൃപാ-പൂർണ്ണയുമാം
പെരുതാമത്ഭുതമൊ-ന്നേകിയെനിക്ക-തിധൈര്യം
അല്പം നിന്നിതുകേൾ-ക്കെന്നെന്നോ-ടോതിയവൻ
ദാവീദിൻ മകളാം-മറിയാമിൻ-പ്രിയനാകും
ആത്മജനായുള്ള-വാത്സല്യ-പൂർണ്ണമതാം
താലോല-ഗീതത്തിൽ
സുന്ദരമാം-നാദത്തെ.

സൂ-നു തന്റെ-രഹസ്യങ്ങൾ നിഴലിക്കും
ക-ന്യക തന്നെ-ഏശായാ-കണ്ടിടുക
അവൾ തന്നങ്കതലേ-ശയിച്ചിടു-ന്നമ്മനുവേൽ
ചെറുപൈതൽ-തുല്യമവൻ
പാൽനുകരു-ന്നവളീന്നും
വന്നു നിരീക്ഷിച്ചാ-മോദത്താൽ-ഏശായാ
വാഴ്ത്തിടു നീ നിന്നോ--ടൊന്നിച്ചാ-നന്ദിപ്പാൻ
ദർശകരെയഖിലം-ആഹ്വാനം-ചെയ്തിടുക
വന്നവനോ-നിറവേറ്റി
ദർശക ദൃ-ഷ്ടാന്തങ്ങൾ

## മദ്റോശൊ

തലമുറകൾ-തോറും-ജനനപ്പെരുനാൾ
ആഹ്ലാദപൂർവ്വം ഘോഷിക്കുന്നു.

ഇപ്പെരുനാൾ ദിനമോ അനുഗ്രഹീതം
ഇന്നാദ്യജാതൻ ജാതം ചെയ്തു

ഞങ്ങളെ വിട്ടകലെ-പോയൊരു തിരുനാൾ
സന്ദർശിച്ചീടു-ന്നൻപാൽ-വീണ്ടും

ദിനമിതു തൻ-വരവിൽ-നിന്നോടുപമം
ഇദ്ദിവസം-മനുജ-ന്നപരി-ത്യാജം

www.malankaralibrary.com



ദീർഘനിശാ-ഘട്ടം-ധനുമാ-സത്തിൽ
അതിരില്ലാ-പ്പകലോ-നുദയം ചെയ്തു

സൃഷ്ടികൾ മാഴ്കീടും-ശിശിരം തന്നിൽ
ആഹ്ലാദപ്രദമാം-പ്രഭയാ-ഗതമായ്

ഇടയന്മാ-രല്ലാ-താരാ-ണോർത്താൽ
ആടുകൾ തൻ-പ്രജയെ-കാണ്മോരാദ്യം?

സത്യകുഞ്ഞാടിൻ അവതാ-രവാർത്ത
അജപാല-ർ പക്കൽ-വിരവോടെത്തി

രാജാക്കന്മാർ തൻ-കാലം പോയി
തൽത്തിരുന്നാ-ളുകളും-സ്മൃതിയും മാഞ്ഞു

തലമുറകൾ വന്നും പോയും നില്ക്കും
തിരുനാളിൻ-കോയ്മ-നിന്റേ-തല്ലോ

പാപികളിൽ-കൃപയുണ്ടായോരീ നാൾ
ഇവരേന്തും വലുതാം കടവും നീങ്ങി

നിൻദിവസം മഹിതം അതിനെ ഞങ്ങൾ
ലഘുവാക്കീടില്ല, പിഴ നീക്കണമെ

മൗനമെഴും ശിശുവെ മറിയാം പേറി
അവനിലട-ങ്ങുന്നു-ഭാഷകളെല്ലാം

സൃഷ്ടിക്കും ശക്തി പേറുന്നോനെ
നീതിജ്ഞൻ താതൻ യൗസേപ്പേന്തി

ഇപ്പെരുന്നാൾ നിധിയിൻ നിക്ഷേ-പത്താൽ
ഐശ്വര്യം നേടി-പെരുന്നാ-ളെല്ലാം

പാപികൾ തൻ-പേർക്കായ് കൃപ തൂകട്ടെ
ഇപ്പെരുന്നാളെന്നും സർവ്വോൽകൃഷ്ടം

ഇദ്ദിവസം രക്ഷാചഷകം-പേറും
മുന്തിരിവ-ല്ലരിതൻ-നവമാം-കുലയും

വിത്തുകൾ ഭൂ-ഗോപ്യം-വാഴും-മാസേ
ഉദരേനി-ന്നുളവായ്-ജീവൻ കതിരും.

www.malankaralibrary.com



## സ്ലീബാ ആഘോഷം

കിഴക്കോട്ട്

കാർമി: ശുബ്ഹൊ.....

ജനം: ബലഹീനരും......

കാർമി: ദൈവമായ കർത്താവേ, കന്യകാമറിയാമിൽനിന്നുള്ള നിന്റെ ജനനദിവസത്തെ ബഹുമാനിക്കുവാനും അതിന്റെ സാദൃശ്യത്തെ ഞങ്ങളുടെ ഉള്ളിൽ ആഘോഷിക്കുവാനും ജീവപ്രദമായ നിന്റെ സ്ലീബായെ പുകഴ്ത്തുവാനും ഞങ്ങളെ യോഗ്യരാക്കണമേ. ഞങ്ങളുടെ കർത്താവും നിത്യദൈവവുമേ, നിനക്കു പ്രീതികരമായ സൽപ്രവൃത്തികളാൽ ദിനംപ്രതി ആത്മീയമായി ഞങ്ങളെ ജനിപ്പിക്കണമേ. സകല ഉപദ്രവങ്ങളിൽനിന്നും നിന്റെ സ്ലീബായുടെ പാർശ്വങ്ങളിൽ ഞങ്ങളെ സംരക്ഷിക്കുകയും ചെയ്യണമേ. ആമ്മീൻ.

### എക്ബൊ

സകല സൃഷ്ടികളുടെയും നാഥനായ രാജാവ്, ബേത്ലഹേമിലെ കല്ലടാവിൽ പിറന്നു. അതിനാൽ പൂർവദേശത്തുനിന്ന് ജ്യോതിശാസ്ത്രജ്ഞന്മാർ അവനെ ബഹുമാനിക്കാൻ വന്നു. വിശ്വാസികളേ, നിങ്ങൾ കർത്താവിനെ സ്തുതിച്ച് സ്തോത്രം ചെയ്യുകയും എന്നേക്കും വാഴ്ത്തി പുകഴ്ത്തുകയും ചെയ്യുവിൻ.

### മസ്അക്കോനൂസൊ

കാർമി: ദൈവപുത്രൻ ഇന്നേദിവസം ബേത്ലഹേമിൽ ജനിച്ചു. അവനെക്കുറിച്ച് പ്രവാചകന്മാർ മുൻകൂട്ടി പറഞ്ഞ ദൃഷ്ടാന്തങ്ങൾ അവനിൽ പൂർത്തിയായിരിക്കുന്നു. അവന്റെ ജനനത്തെ ബഹുമാനിക്കുകയും സ്ലീബായെ ആരാധിക്കുകയും ചെയ്തുകൊണ്ട് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. കുറി.....കുറി.... കുറി.

www.malankaralibrary.com



### പടിഞ്ഞാറോട്ട്

കാർമി: അതുല്യവും നിത്യവിരക്തയുമായിരുന്ന കന്യകയിൽനിന്ന് അനന്യസാധാരണമായി ജനിച്ച ഏകജാതാ, ഞങ്ങളുടെ ആത്മാക്കളിൽ നിന്റെ പ്രകാശം ഉദിപ്പിക്കണമേ. 'അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി, ഭൂമിയിൽ സമാധാനം, മനുഷ്യരുടെ ഇടയിൽ സംപ്രീതി' എന്ന് മാലാഖമാരോടുകൂടെ ഉച്ചത്തിൽ പറയുവാൻ ദൈവമായ കർത്താവേ, ഞങ്ങളെ യോഗ്യരാക്കണമേ. ആമ്മീൻ.

## എക്ബൊ

സൽഗുണസമ്പൂർണ്ണയായ കന്യകയിൽനിന്ന് അവസ്ഥാഭേദം കൂടാതെ മനുഷ്യനായിത്തീരുകയും, സ്വർഗ്ഗത്തിൽ പിതാവിന്റെ മടിയിൽ തുടർന്നു സ്ഥിതി ചെയ്യുകയും ചെയ്തവനെ മാത്രം നിരന്തര സ്തുതികളാൽ നമുക്കു പ്രകീർത്തിക്കാം. എന്തെന്നാൽ അവൻ സ്തുത്യർഹനാകുന്നു.

## മസ്അക്കോനൂസൊ

കാർമി:'ബേത്‌ലഹേമിലെ ഗുഹയിൽ രക്ഷകൻ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു' എന്ന് മാലാഖമാർ ഇന്ന് ആട്ടിടയരെ അറിയിച്ചു. ജനതകൾ സന്തോഷിക്കുന്ന അവന്റെ ജനനപ്പെരുന്നാളിൽ സ്ലീബായെ വന്ദിച്ചുകൊണ്ട് ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

കുറി.....കുറി.... കുറി.

### വടക്കോട്ട്

കാർമി: മിശിഹാതമ്പുരാനേ, കന്യകയിൽനിന്നുള്ള നിന്റെ ജനനത്താൽ സ്വർഗ്ഗീയർക്ക് അത്യാനന്ദം ഉണ്ടായി. ഭൗമികർക്കു ശാന്തിയും, സമാധാനവും പ്രത്യാശയും നൽകപ്പെട്ടു. പിതാവിനു മനുഷ്യവർഗ്ഗത്തോടുണ്ടായിരുന്ന കോപം നീക്കപ്പെട്ടു. ഞങ്ങളുടെ കർത്താവേ, നിന്റെ പെരുന്നാളിൽ സന്തോഷിക്കാനും കോപത്തിൽനിന്ന് ഒഴിയാനും ഞങ്ങൾക്കു കൃപ നൽകണമേ. ആമ്മീൻ.

www.malankaralibrary.com



## എക്ബൊ

ദൈവമാതാവേ, കർത്താവായ ദൈവത്തിൽ നിന്റെ ആത്മാവ് ഉൽക്കർഷം പ്രാപിക്കുകയും മനസ്സ് സന്തോഷിക്കുകയും ചെയ്തു. എന്തെന്നാൽ, നിന്നിൽനിന്ന് അവതീർണ്ണനായ വചനമായ ദൈവം ജനനശേഷവും നിന്നെ കന്യാത്വത്തിൽ പരിരക്ഷിച്ചു.

## മസ്അക്കോനൂസൊ

കാർമി: ഇന്നേ ദിവസം ഒരു ശിശു ജനിച്ചു. 'അത്ഭുതം' എന്ന് അവൻ വിളിക്കപ്പെട്ടു. സ്വയം ശിശുവായി വെളിപ്പെടുത്തിയ ദൈവം അത്ഭുതമാകുന്നു. സൃഷ്ടികളോടൊപ്പം അവനെയും രക്ഷാകരമായ അവന്റെ സ്ലീബായെയും വന്ദിച്ചുകൊണ്ട് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. കുറി.....കുറി.... കുറി...

### തെക്കോട്ട്

കാർമി: അനാദ്യന്തപിതാവിന്റെ പുത്രനും വചനവുമായ കർത്താവേ, തിരുവിഷ്ടപ്രകാരം ജനനത്തിനായി നീ എഴുന്നെള്ളി വന്നു. എന്നാൽ നിന്റെ ജനനംകൊണ്ട് നിന്റെ മാതാവിന്റെ കന്യാവ്രതത്തിനോ മുദ്രയ്ക്കോ നീ ഭംഗം വരുത്തിയില്ല. നീ ദൈവം തന്നെയാകുന്നുവെന്ന് സംശയരഹിതമായി ഗ്രഹിക്കുവാൻ ഞങ്ങൾക്കു കൃപ നൽകണമേ. ഞങ്ങളുടെ കർത്താവും ദൈവവുമേ, നിന്നിൽനിന്നുള്ള ശാന്തിയും സമാധാനവും സകല വിധ അപകടങ്ങളിൽനിന്നുമുള്ള സംരക്ഷണവും ഞങ്ങൾക്കു നൽകണമേ. ആമ്മീൻ.

## എക്ബൊ

പുത്രൻതമ്പുരാന്റെ ജന്മദിനമായ ഇന്ന് 'ഉന്നതത്തിൽ ദൈവത്തിനു മഹത്ത്വവും മനുഷ്യവർഗ്ഗത്തിനു നല്ല ശരണവും' എന്ന സമാധാനത്തിന്റെയും ശാന്തിയുടെയും ദൂത് ഈറേമാലാഖമാർ ഭൂമിയിൽ അറിയിച്ചു.

www.malankaralibrary.com



## മസ്അക്കോനൂസൊ

കാർമി: ഞങ്ങളുടെ കർത്താവായ യേശുവേ, നിന്റെ സ്ലീബായാലും നിന്റെ മാതാവിന്റെ പ്രാർത്ഥനയാലും ശിക്ഷകളും ക്രോധത്തിന്റെ ദണ്ഡനങ്ങളും ഞങ്ങളിൽനിന്ന് നീക്കിക്കളയണമേ. സൃഷ്ടിയുടെ നാലുഭാഗങ്ങളിലും നിന്റെ ശാന്തിയും സമാധാനവും വസിപ്പിക്കണമേ എന്നു ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

കുറി.....കുറി.... കുറി.

## ഹൗദ് മാലാഖേ

(വീണ്ടും കിഴക്കോട്ട് തിരിഞ്ഞുനിന്ന്)

1. കാർമി: മാലാഖമാർ ആരെ ശുശ്രൂഷിക്കുന്നുവോ അവനെത്തന്നെ ഞങ്ങളും ശുശ്രൂഷിക്കുന്നു.

ܗܘ ܕܡܠܐܟܐ ܡܫܡܫܝܢ ܠܗ ⁘

✠ **ഹൗദ് മാ-ലാ-ഖേ-മ്ശമ്ശിൻ ലേ......**

**(മാലാ-ഖാ-മാർ സേവിപ്പോനേ....)**

ജനം : ദൈവമേ, നീ പരിശുദ്ധനാകുന്നു.

2. കാർമി : ക്രൂബേന്മാർ ആരെ വാഴ്ത്തുന്നുവോ അവനെത്തന്നെ ഞങ്ങളും വാഴ്ത്തുന്നു.

ܗܘ ܕܟܪܘܒܐ ܡܒܪܟܝܢ ܠܗ ⁘

✠ **ഹൗദക്-റൂ-ബേ... മ് ബർക്കിൻ ലേ.....**

**(ക്രൂബേ-ന്മാ-ർ വാഴ്ത്തുന്നോനേ...)**

ജനം : ബലവാനേ, നീ പരിശുദ്ധനാകുന്നു.

www.malankaralibrary.com



3. കാർമി : സ്രോപ്പേന്മാർ 'പരിശുദ്ധൻ' എന്നു പാടി ആരെ സ്തുതിക്കുന്നുവോ അവനെത്തന്നെ ഞങ്ങളും സ്തുതിക്കുന്നു.

ܗܘ ܕܣܪ̈ܦܐ ܡܩܕܫܝܢ ܠܗ ܀

✠ **ഹൗദസ-റോ-പ്പേ-മ്കദ്ശിൻലേ....**

**(സ്രോപ്പേർ കാ-ദീ-ശ് പാടുന്നോനേ.....)**

ജനം : മരണമില്ലാത്തവനേ, നീ പരിശുദ്ധനാകുന്നു.

കാർമി : പാപികളായ ഞങ്ങൾ അനുതാപപൂർവ്വം അപേക്ഷിക്കുന്നു.

ജനം: ഞങ്ങൾക്കുവേണ്ടി ശിശുവായി ജനിച്ചവനേ ഞങ്ങളോട് കരുണ ചെയ്യണമേ.

(ഓരോ പെരുന്നാളിനും അനുയോജ്യമായ പ്രതിവാക്യം ഇവിടെ ചൊല്ലേണ്ടതാണ്)

## പടിഞ്ഞാറോട്ട്

1. കാർമി : അഗ്നിമയന്മാർ ആർക്കു ഹാലേലൂയ്യാ പാടുന്നുവോ അവനുതന്നെ ഞങ്ങളും ഹാലേലൂയ്യാ പാടുന്നു.

ܗܘ ܕܢܘܪ̈ܢܐ ܡܗܠܠܝܢ ܠܗ ܀

✠ **ഹൗദ്നു-റോ-നേ-മ്ഹല്ലിൻലേ.....**

**(അഗ്നിമ-യ-ന്മാർ- സ്തുതി ചൊൽവോനോ.....)**

ജനം : ദൈവമേ, നീ പരിശുദ്ധനാകുന്നു.

2. കാർമി : ആത്മമയന്മാർ ആരെ പ്രകീർത്തിക്കുന്നുവോ അവനെത്തന്നെ ഞങ്ങളും പ്രകീർത്തിക്കുന്നു.

ܗܘ ܕܪ̈ܘܚܢܐ ܡܗܕܪܝܢ ܠܗ ܀

✠ **ഹൗദ് റൂ-ഹോ-നേ-മ്ഹദറിൻ ലേ-**

**(ആത്മമയ-ന്മാ-ർ കീർത്തിപ്പോനേ-)**

www.malankaralibrary.com



ജനം : ബലവാനേ, നീ പരിശുദ്ധനാകുന്നു.

3. കാർമ്മി: മണ്മയർ ആരെ ആരാധിക്കുന്നുവോ അവനെത്തന്നെ ഞങ്ങളും ആരാധിക്കുന്നു.

ܗܘ ܕܐܦ ܪ̈ܘܢܐ ܣܓܕܝܢ ܠܗ ❖

✠ **ഹൗദ് അപ്പ്-റോ-നേ--സൊഗദിൻ ലേ-**

**(മണ്മയർ ആരാ-ധിക്കുന്നോനേ-)**

ജനം : മരണമില്ലാത്തവനേ, നീ പരിശുദ്ധനാകുന്നു.

കാർമ്മി: വിശ്വാസമുള്ള സഭയുടെ മക്കൾ നിന്നോടപേക്ഷിക്കുന്നു.

ജനം : ഞങ്ങൾക്കുവേണ്ടി ശിശുവായി ജനിച്ചവനേ ഞങ്ങളോട് കരുണ ചെയ്യണമേ.

## വടക്കോട്ട്

1. കാർമ്മി: സ്വർഗ്ഗവാസികൾ ആരെ മഹത്ത്വപ്പെടുത്തുന്നുവോ അവനെത്തന്നെ ഞങ്ങളും മഹത്ത്വപ്പെടുത്തുന്നു.

ܗܘ ܕܥܠܝ̈ܐ ܡܪܡܪܡܝܢ ܠܗ ❖

✠ **ഹൗദ് ഏ-ലോ-യേ--മ്റമർമിൻലേ-**

**(സ്വർഗ്ഗീയന്മാ-ർ പൂജിപ്പോനേ-)**

ജനം : ദൈവമേ, നീ പരിശുദ്ധനാകുന്നു.

2. കാർമ്മി:മദ്ധ്യഭാഗത്തുള്ളവർ ആരെ പുകഴ്ത്തുന്നുവോ അവനെത്തന്നെ ഞങ്ങളും പുകഴ്ത്തുന്നു.

ܗܘ ܕܡܨ̈ܥܝܐ ܡܫܒܚܝܢ ܠܗ ❖

www.malankaralibrary.com



✠ **ഹൗദ് മെസ-ഓ-യേ-മ്കൽസിൻ ലേ-**

**(ഭൂലോക-സ്ഥ-ർ പുകഴരുൾവോനേ-)**

ജനം : ബലവാനേ, നീ പരിശുദ്ധനാകുന്നു.

3. കാർമി:അധോഭാഗത്തുള്ളവർ ആരെ ആഘോഷിക്കുന്നുവോ അവനെത്തന്നെ ഞങ്ങളും ആഘോഷിക്കുന്നു.

ܗܘ ܕܬܚܬܝܐ ܡܣܝܚܝܢ ܠܗ ❖

✠ **ഹൗദ്തഹ-ത്തോ-യേ-മ്സയഹിൻ ലേ-**

**(പാതാള-സ്ഥർ-ഘോഷിപ്പോനേ-)**

ജനം : മരണമില്ലാത്തവനേ, നീ പരിശുദ്ധനാകുന്നു.

കാർമി: പാപികളായ ഞങ്ങൾ അനുതാപപൂർവ്വം അപേക്ഷിക്കുന്നു.

ജനം: ഞങ്ങൾക്കുവേണ്ടി ശിശുവായി ജനിച്ചവനേ ഞങ്ങളോട് കരുണ ചെയ്യണമേ.

## തെക്കോട്ട്

1. കാർമി: ഞങ്ങളുടെ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമേ.

ܡܪܢ ܐܬܪܚܡ ܥܠܝܢ ❖

✠ **മോ-റാ-ൻ-എസ്റാ- -ഹാമേ-ലൈ-ൻ**

**(ഞങ്ങളിൽ നാ-ഥാ- -കൃപ ചെയ്താ- -ലും)**

www.malankaralibrary.com



ജനം : ഞങ്ങളുടെ കർത്താവേ, കൃപയുണ്ടായി ഞങ്ങളോട് കരുണചെയ്യണമേ.

2. കാർമ്മി: ഞങ്ങളുടെ കർത്താവേ ഞങ്ങളുടെ ശുശ്രൂഷയും പ്രാർത്ഥനകളും കൈക്കൊണ്ട് ഞങ്ങളോട് കരുണ ചെയ്യണമേ.

ܡܳܪܰܢ ܩܰܒܶܠ ܬܶܫܡܶܫܬܰܢ ܘܰܨܠܰܘܳܬܰܢ ܘܶܐܬܪܰܚܰܡ ܥܠܰܝܢ ❖

✠ **മോറൻ കാബെൽ തെശ്മെശ്ത്താൻ**

**വസ്ലാ-വോ-സാ-ൻ എസ്റാഹാം-അലൈൻ.**

**(ശുശ്രൂഷാർത്ഥനകൾ കൈക്കൊണ്ടിവരിൽ**

**നാ-ഥാ- -കൃപചെയ്താ- -ലും)**

ജനം : ദൈവമേ, നിനക്കു സ്തുതി

3. കാർമ്മി: സ്രഷ്ടാവേ, നിനക്കു സ്തുതി

ܫܽܘܒܚܳܐ ܠܳܟ ܒܳܪܽܘܝܳܐ ❖

✠ **ശുബ്ഹൊ-ലോ-ക്ക് ബോറൂ-യോ - -**

**(സ്രഷ്ടാവേ- - സ്തോത്രം തേ - -)**

ജനം : പാപികളായ അടിയാരോടു കരുണ ചെയ്യുന്ന മിശിഹാ രാജാവേ, നിനക്കു സ്തുതി...

ബാറെക്മോർ....

www.malankaralibrary.com



വീണ്ടും കിഴക്കോട്ടു തിരിഞ്ഞുനിന്ന്

കാർമി: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ ....

ജനം : നിന്റെ തിരുനാമം പരിശുദ്ധമാക്കപ്പെടണമേ.....

(ജനനത്തിരുനാളിന്റെ ശുശ്രൂഷ അവസാനിക്കുന്നു.)

*****

www.malankaralibrary.com

# നമ്മുടെ കർത്താവിന്റെ മാമോദീസാ

## (ദനഹാ)

(പ്രഭാതപ്രാർത്ഥനയും, വി.കുർബാനയുടെ ഒരുക്കവും കഴിഞ്ഞ് കാർമ്മികനും ശുശ്രൂഷകരും അംശവസ്ത്രങ്ങൾ ധരിക്കുന്നു. ഒരു സ്ഫടികപ്പാത്രത്തിൽ വെള്ളമൊഴിച്ച് പാത്രത്തിന്റെ വായിൽ കുരിശ് നാട്ടിനിർത്തി കുരിശടയാളമുള്ള വെള്ള ശോശപ്പാകൊണ്ടു മൂടി, അതു മായി പ്രദക്ഷിണം നടത്തുന്നു. പ്രദക്ഷിണം വടക്കേ വാതിൽവഴി ഇറങ്ങി പള്ളിക്കു ചുറ്റും ഒരു പൂർണ്ണ പ്രദക്ഷിണം കഴിഞ്ഞ് തെക്കേ വാതിൽവഴി അകത്തു പ്രവേശിക്കുന്നു.)

### പ്രദക്ഷിണഗീതം

(*കോലൊാദ് തെശ്ബുഹത്തോ.....*)

യോഹന്നാൻ തൻ സ്തുതിനാദം
യോർദ്ദാൻ നദിയിൽ മുഴങ്ങുന്നു
കണ്ടാലും തൃക്കുഞ്ഞാട്
താതനു തിരുഹിതമിയലുന്നോൻ
പ്രാവെന്നോണം ഇവനുപരി
പാവന റൂഹാ വെളിവായി
തൻജനമേ പുറജാതികളേ
ബഹുതര ഭാഷകളുരപ്പോരേ
സ്തുതിചെയ്വിൻ സ്തോത്രം ചെയ്വിൻ
നിത്യം അവനെ കീർത്തിപ്പിൻ

www.malankaralibrary.com



(വേറൊന്ന്)

(മാനവർ വാനോർ.....)

ദൈവസുതൻ സ്നാനം കൊൾവൂ
തൻ തിരുമുമ്പിൽ യോർദ്ദാനോ
വഴിമാറുന്നു സോദരരേ
വരുവിൻ നാമതു ദർശിക്കാം.

ജലമവനിടമേകീടുകയാൽ
തൻകതിരതിന്മേൽ അവൻ വീശി
നീരതിലവരോഹം ചെയ്ത്
അവനതിനേകി പരിശുദ്ധി.

തൻ ദാസൻ യോഹന്നാനോ-
ടരുളി തന്മേൽ കൈവയ്പാൻ
അവനോ തന്നെ മനഞ്ഞോൻമേൽ
തന്നുടെ വലതുകരം വച്ചു.

ആരുടെ തിരുനാമത്തിൽ ഞാൻ
നിന്നെ സ്നാനം ചെയ്യേണ്ടൂ?
താതൻ നാമമുരച്ചാലോ
നിന്നിലവൻ വാസം ചെയ്വൂ.

തിരുസുതനിൽ നാമം ചൊന്നാൽ
നീ താൻ ഏകൻ തിരുസൂനു
റൂഹ്ക്കുദിശാ തൻ പേരെന്നാൽ
ത്രിത്വത്തിൻ പൊരുളേകം താൻ.

പിതാസുത പരിശുദ്ധാത്മാവാം
സത്യൈകപരന്നായ് സ്തോത്രം

www.malankaralibrary.com



സകലത്തിന്നുടയോൻ നാഥാ
സ്തോത്രം തേ സ്തുതിയെന്നേക്കും.

(കെസ്തൂമായിൽ വിരിച്ചൊരുക്കിയ മേശമേൽ പാത്രംവച്ചശേഷം ശുശ്രൂഷ ആരംഭിക്കുന്നു. ഇരുവശത്തും കത്തിച്ച മെഴുകുതിരികൾ വേണം)

## വെള്ളം വാഴ്ത്തുന്ന ക്രമം

### പ്രാരംഭപ്രാർത്ഥന

കാർമി: ശുബ്ഹൊ.....

ജനം: ബലഹീനരും.....

കാർമി: പിതാവിൽനിന്ന് അസ്തിത്വം സ്വീകരിച്ചവനും സ്വന്ത സത്തയുടെ ഔന്നത്യത്തെ താഴ്ത്തിയവനുമായ യേശുമിശിഹാ, നിന്റെ വിശുദ്ധിയാൽ വെള്ളത്തെ ശുദ്ധീകരിക്കുവാനായി, മുന്നോടിയായ യോഹന്നാനിൽനിന്ന് യോർദ്ദാൻനദിയിൽ നീ മാമോദീസാ സ്വീകരിച്ചുവല്ലോ. നിന്നെയും നിന്റെ പിതാവിനെയും നിന്റെ പരിശുദ്ധാത്മാവിനെയും വെടിപ്പോടും വിശുദ്ധിയോടും കൂടെ ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും സ്തുതിക്കുവാൻ നിന്നിൽനിന്ന് സദാ പ്രവഹിച്ചുകൊണ്ടിരിക്കുന്ന വിശുദ്ധിയാൽ ഞങ്ങളുടെ ആത്മശരീരങ്ങളെ പവിത്രീകരിക്കണമേ. ആമ്മീൻ.

### സങ്കീർത്തനം 51 പുറം 2

### എനിയോനൊ

*(അൽ യുർദ്നോൻ......)*

നദിയോർദാ-നിൽ വാനതിലാർത്തു താതൻ
"പ്രീതിയെഴും-മൽവത്സലനാം-തനയനിവൻ"

നൃപമിശിഹാ-തൻ സ്നാനത്താൽ സകലതിലും
സുതരെ മോ-ദാൽ വൈദികരാ-ലണിയിക്ക.

www.malankaralibrary.com



താണിറങ്ങി-തൻ-സ്നാനത്താൽ സകലതിലും
ശുദ്ധത ചേ-ർത്തോൻ-പരിശുദ്ധൻ-ബഹുധന്യൻ.

നദിയോർദാ-നിൽ തനയൻ തൻ-ശിരസ്സിന്മേൽ
റൂഹായെ-ക്ക-ണ്ടാശ്ചര്യം-ജനമാർന്നു.

താതൻ ജ്യോതി!-ശുദ്ധി ജഗ-ത്തിന്നരുളാൻ
യോർദ്ദാനാ-ർന്നോ-രൊളിയേ! നിൻപ്രഭ ധന്യം

പ്രഭതൻ ജാ-തരേ, സുപ്രഭജാ-തം ചെയ്തു
ഇപ്രഭ ത-ന്നിൽ മോദിപ്പാൻ-കാത്തിടുവിൻ

മണവാളൻ-തൻ-മണവറയിൽ-ക്ഷണമുള്ളോർ
നിങ്ങൾ ചാ-ർത്തിൻ-സുചിതമാം-വസനങ്ങൾ

നദിയോർദാ-നേ-മോദിച്ചീ-ടുക, നിന്നിൽ
സ്നാനമതേ-റ്റു-രക്ഷകനാം-മിശിഹാ താൻ

പിതാസുത റൂഹാ വിമലതയിൽ മൂന്നാകും
ക്നുമാ യോർദ്ദാൻ-നദി തന്നിൽ ഘോഷിതമായ്. ബാറക്മോർ.

ശുബ്ഹൊ...... മെൻഓലം......

സ്വയംഭൂവേ-നീ-ആദിയുമന്ത്വുമറ്റോൻ
ത്രിത്വമതാ-കും-പിതാസുത റൂഹാ, സ്തുതിതേ.

മൊറിയൊ റാഹേം...

## അല്ലെങ്കിൽ

യോർദ്ദാൻ നദിയിലെ മാമോദീസാസമയത്ത് 'എനിക്കു പ്രസാദിച്ചിരിക്കുന്ന എന്റെ പ്രിയപുത്രൻ ഇവനാകുന്നു' എന്ന് പിതാവായ ദൈവം സ്വർഗ്ഗത്തിൽനിന്ന് ഉദ്ഘോഷിച്ചു.

തിരുസഭയേ, മിശിഹാരാജാവിന്റെ സ്നാനത്തിൽ നീ സന്തോഷിക്കുക. ഗായകരെക്കൊണ്ടും പുരോഹിതന്മാരെക്കൊണ്ടും നിന്റെ മക്കളെ നീ അലങ്കരിക്കണമേ.

www.malankaralibrary.com



തലവണങ്ങി യോഹന്നാനിൽനിന്ന് മാമോദീസാ ഏല്ക്കുകയും വിശുദ്ധ സ്നാനമേറ്റ് സർവ്വവും ശുദ്ധീകരിക്കുകയും ചെയ്തവൻ അനുഗൃഹീതനാകുന്നു.

പുത്രൻതമ്പുരാന്റെ ശിരസ്സിന്മേൽ, പരിശുദ്ധാത്മാവ് ആവസിച്ചതു കണ്ടതിനാൽ ജനക്കൂട്ടം യോർദ്ദാനിലെ വെള്ളത്തെക്കുറിച്ച് വിസ്മയിച്ചു.

പിതാവിൽ നിന്നുദിക്കുകയും സകലത്തെയും വെടിപ്പാക്കുവാൻവേണ്ടി യോർദ്ദാൻനദിയിലേക്ക് എഴുന്നെള്ളുകയും ചെയ്ത പ്രകാശരശ്മിയേ, നിന്റെ പ്രത്യക്ഷീകരണം അനുഗൃഹീതമാകുന്നു.

പ്രകാശത്തിന്റെ മക്കളേ, സകലത്തെയും പ്രകാശിപ്പിക്കുന്ന പ്രഭ ഉദിച്ചിരിക്കുന്നു. അവന്റെ പ്രഭയിൽ സന്തോഷിക്കുവാൻ ഒരുക്കമുള്ളവരായിരിപ്പിൻ.

മണവാളൻ അവന്റെ വിരുന്നിലേക്ക് നിങ്ങളെ ഇതാ ക്ഷണിച്ചിരിക്കുന്നു. വിരുന്നിനുചിതമായ വസ്ത്രങ്ങൾ ധരിക്കുവിൻ.

യോർദ്ദാനേ, നീ സന്തോഷിക്കുക. എന്തെന്നാൽ, സകലത്തിന്റെയും രക്ഷകനായ മിശിഹാ നിന്നിൽ സ്നാനമേറ്റു. സർവ്വവും വിശുദ്ധീകരിക്കുന്ന പിതാവും പുത്രനും പരിശുദ്ധാത്മാവുമായ മൂന്നാളുകൾ നിന്നിൽവച്ച് അറിയപ്പെട്ടു.

ബാറെക്മോർ. ശുബ്ഹൊ..... മെൻഓലം...

സ്വയംഭൂവും നിത്യനുമായ പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിത്വത്തിനു സ്തുതി ഉണ്ടായിരിക്കട്ടെ.

മൊറിയൊ റാഹേം....

www.malankaralibrary.com



## പ്രാർത്ഥന

സകല ജലാശയങ്ങളെയും, നദികളെയും നിന്റെ സ്നാനം മുഖാന്തരം നിർമ്മലമാക്കിയ പരിശുദ്ധനായ കർത്താവേ, നിന്റെ പ്രത്യക്ഷീകരണത്തിന്റെ ഈ പുണ്യദിനത്തിൽ നിന്റെ വിശുദ്ധിയാൽ ഞങ്ങളെ നിറയ്ക്കണമേ. ഞങ്ങളുടെ വായ്കൾ നിന്റെ സ്തുതിയുടെ ഉറവയും നിന്റെ കീർത്തനം നിറഞ്ഞ പാത്രങ്ങളും ആക്കിത്തീർക്കണമേ.

## കോനൂനൊ യൗനോയൊ

കുതിരപ്പടയുടെമേൽ വിജയം നേടുകയും അവരെ സമുദ്രത്തിൽ പതിപ്പിക്കുകയും ചെയ്ത പ്രബലനായ കർത്താവിനെ നമുക്കു സ്തുതിക്കാം.

അവൻ സമുദ്രത്തിലെ തിരമാലകൾക്കു നേരെ നടന്നു. ആഴത്തിൽ മുങ്ങിപ്പോകുമെന്നു വിചാരിച്ച ഇസ്രായേൽക്കാർക്ക് സമുദ്രത്തിന്റെ അടിത്തട്ട് ദൃശ്യമായി. മിസ്രയിംകാരുടെ രഥങ്ങളെ വെള്ളം പെട്ടെന്ന് മൂടിക്കളഞ്ഞു. അത്യുന്നതന്റെ ബലമുള്ള തൃക്കൈയാൽ വെള്ളം കുതിരപ്പടയാളികൾക്കു ശവക്കല്ലറയായിത്തീർന്നു. ബാറെക്മോർ.

ശുബ്ഹൊ...

ഞങ്ങളുടെ പ്രകാശധാരിയായ രാജാവും ഉന്നതനാഥനുമായ നീ മനുഷ്യമക്കൾക്കു പ്രത്യക്ഷനായ പ്രഭാതത്തിൽ മരുഭൂമിയിൽനിന്ന് യോർദ്ദാൻ നദിയിലേക്ക് എഴുന്നള്ളി. അന്ധകാരസേനയിൽനിന്ന് തൃക്കൈയാൽ നിന്റെ സാദൃശ്യത്തെ വീണ്ടെടുത്തു രക്ഷിക്കുവാൻവേണ്ടി മാമോദീസായ്ക്ക് നിന്റെ തല കുനിക്കുകയും ചെയ്തു.

മെൻഓലം...

www.malankaralibrary.com



അനാദ്യന്ത വചനമേ, നിന്നോടുകൂടെ വെള്ളത്തിൽ താഴ്ത്തിയ പഴയ മനുഷ്യനെ നാശത്തിൽനിന്ന് നീ ഉദ്ധരിച്ചു. 'ഇവൻ എന്റെ പ്രിയപുത്രനാകുന്നു. ഇവൻ സാരാംശത്തിൽ എനിക്കു സമനും, ദൈവത്വത്തിൽ എന്നോടുകൂടെയിരിക്കുന്നവനുമാകുന്നു' എന്നിപ്രകാരം ഉന്നതത്തിൽനിന്ന് പിതാവു പറഞ്ഞ ഗഹനമായ വചനംമൂലം നീ മനുഷ്യനു നവ്യത നൽകി.

എന്റെ ദേഹി രാത്രിയിൽ നിന്നെക്കുറിച്ച് അഭിവാഞ്ചയോടെ ഇരുന്നു. എന്റെ ആത്മാവ് നിന്റെ സന്നിധിയിലേക്കുയർന്നു.

വെള്ളത്താലും ആത്മാവാലുമുള്ള സ്നാനത്താൽ, നമ്മുടെ ശത്രുക്കൾമൂലമുണ്ടാകുന്ന പാപക്കറകളിൽനിന്നും മാലിന്യങ്ങളിൽനിന്നും അവൻ ഇന്നു നമ്മെ വെടിപ്പാക്കി. സുനിശ്ചിതവും നിർമ്മലവും നിത്യ നൂതനവുമായ ആത്മീയവഴിയിലേക്ക് അവൻ നമ്മെ നയിച്ചു. ആ വഴിയോ ദൈവത്തെ സ്നേഹിക്കുന്നവന്റെ നിരൂപണയിലുള്ളതാകുന്നു. ബാറെക്മോർ.

ശുബ്ഹൊ........

പാപബന്ധനങ്ങളിലും, ദുർവികാരങ്ങളിലും ഉൾപ്പെട്ടിരുന്നവനെ സ്രഷ്ടാവു കണ്ടപ്പോൾ തോളിലേറ്റി അവനെ ഉയർത്തുകയും യോർദ്ദാൻനദിയിലെ ഒഴുക്കിൽ അവന്റെ മാലിന്യങ്ങളെ കഴുകിക്കളയുകയും, സ്വമനസ്സാ വീണുപോയ ആദാമ്യരൂപത്തെ അതുമൂലം നവീകരിക്കുകയും ചെയ്തു.

മെൻഓലം......

സ്വച്ഛവും, ആത്മീയവുമായ നിരവധി ചാലുകൾ പുറപ്പെടുവിച്ചുകൊണ്ടിരിക്കുന്ന ഉറവയിങ്കൽ താത്പര്യപൂർവ്വം നമുക്കു സമ്മേളിക്കാം. വചനമായ ദൈവം തന്റെ സ്ഥാനത്തുനിന്ന് നമ്മുടെ അടുക്കലേക്ക് വരികയും ദൈവത്തെക്കുറിച്ച് ദാഹിച്ചിരുന്നവർക്കു ഉത്തമപാനീയം നൽകുകയും ചെയ്തു. ലോകത്തെ

www.malankaralibrary.com



ബാധിച്ചിരുന്ന രോഗങ്ങളിൽനിന്ന് അവൻ അതിനെ സൗഖ്യമാക്കി.

## മാവൂർബൊ

മറിയാം പറഞ്ഞതെന്തെന്നാൽ, എന്റെ ദേഹി കർത്താവിനെ പുകഴ്ത്തുന്നു. എന്റെ ആത്മാവ് എന്നെ ജീവിപ്പിക്കുന്നവനായ ദൈവത്തിൽ സന്തോഷിച്ചു. എന്തെന്നാൽ, അവൻ തന്റെ ദാസിയുടെ താഴ്മയെ നോക്കിക്കണ്ടിരിക്കുന്നു. കണ്ടാലും ഇതുമുതൽ സകല വംശങ്ങളും എനിക്കു ഭാഗ്യം തരും.

കൃപനിറഞ്ഞവളും പ്രകാശത്തിന്റെ മണവാട്ടിയുമായ അനുഗൃഹീത മാതാവേ, മാനുഷിക ബോധത്തിനതീതനായ നിന്റെ ശിശു എത്ര വിസ്മയനീയനാകുന്നു! ഞങ്ങളുടെ വർഗ്ഗത്തിന്റെ രക്ഷയ്ക്കു നീ കാരണമായിത്തീർന്നു. നിനക്കു നന്ദിപറയുവാനും, പുകഴ്ചയുടെ കിരീടം നിനക്കായി നിർമ്മിക്കുവാനും, കാഴ്ചകളോടും കൃതജ്ഞതയോടുംകൂടെ നിനക്കു സ്തുതി അർപ്പിക്കുവാനും ഞങ്ങൾ കടപ്പെട്ടവരാകുന്നു.

എന്തെന്നാൽ, ശക്തിമാനും തന്റെ നാമം പരിശുദ്ധവും ആയിരിക്കുന്നവൻ വലിയ കാര്യങ്ങൾ എന്നിൽ പ്രവർത്തിച്ചിരിക്കുന്നു. അവന്റെ കരുണ അവനെ ഭയപ്പെടുന്നവരുടെമേൽ തലമുറകളായും വംശങ്ങളായും ഉണ്ടാകുന്നു.

ദീർഘദർശിയായ മോശ ഒരിക്കൽ അത്ഭുതകരമായ അടയാളം കാണുകയും അതിൽക്കൂടെ നിസ്സീമമായ രഹസ്യങ്ങൾ ഞങ്ങളെ അറിയിക്കുകയും ചെയ്തു. അതുവഴി ജീവപ്രദമായ ദിവ്യാഗ്നിയെ അത്ഭുതകരമായി ആഘോഷപൂർവ്വം വഹിച്ച കന്യകയെയും, ആ അഗ്നിയെ സ്വീകരിച്ച യോർദ്ദാൻ നദിയെയും അവൻ ദൃഷ്ടാന്തപ്പെടുത്തി.

www.malankaralibrary.com



അവൻ തന്റെ ഭുജംകൊണ്ട് ജയം ഉണ്ടാക്കി. തങ്ങളുടെ ഹൃദയവിചാരത്തിൽ അഹങ്കാരികളായവരെ ചിന്നിച്ചു. അവൻ ബലവാന്മാരെ സിംഹാസനങ്ങളിൽനിന്നു മറിച്ചിടുകയും താഴ്മയുള്ളവരെ ഉയർത്തുകയും ചെയ്തു.

തന്നിൽനിന്നു സ്നാനം ഏൽക്കുവാൻ വന്ന പുത്രൻതമ്പുരാനെകണ്ടപ്പോൾ യോഹന്നാൻ ഭക്ത്യാദരവോടെ വിളിച്ചു പറഞ്ഞു: ഇവനാകുന്നു ലോകത്തിന്റെ പാപം വഹിക്കുന്ന ദൈവകുഞ്ഞാട്. ഇവന്റെ ചെരിപ്പുകളുടെ വാറഴിക്കുവാൻ ഞാൻ യോഗ്യനല്ല. എന്തെന്നാൽ, ഇവനാകുന്നു അഗ്നികൊണ്ടും പരിശുദ്ധാത്മാവുകൊണ്ടും സ്നാനം നൽകുന്നവൻ.

അവൻ വിശപ്പുള്ളവരെ നന്മകൾകൊണ്ടു സമ്പൂർണ്ണരാക്കുകയും സമ്പന്നന്മാരെ വ്യർത്ഥമായി അയയ്ക്കുകയും ചെയ്തു. അവൻ തന്റെ ദാസനായ ഇസ്രായേലിനെ സഹായിക്കുകയും നമ്മുടെ പിതാക്കന്മാരായ അബ്രഹാമിനോടും അവന്റെ സന്തതിയോടും എന്നേക്കുമായി അരുളിച്ചെയ്തിരുന്നപ്രകാരം തന്റെ കരുണയെ ഓർക്കുകയും ചെയ്തു. ബാറെക്മോർ.

ശുബ്ഹൊ.... മെൻഓലം.....

നമ്മുടെ രാജാവായ യേശു തന്റെ സഭയ്ക്കു, ജീവനുള്ള പരിശുദ്ധാത്മാവ് മുഖാന്തരം അവാച്യമായ അഭിഷേകം നൽകി. യോർദ്ദാൻനദീപ്രവാഹത്തിൽവച്ച് മാലിന്യത്തിൽനിന്ന് അതിനെ അവൻ ശുദ്ധീകരിച്ചു. ശത്രുവിന്റെ വഞ്ചകസൈന്യത്തിന് അവൻ തോൽവിയും ലജ്ജയും വരുത്തുകയും, വാഗ്ദാനം ചെയ്യപ്പെട്ടിരുന്ന നിത്യജീവൻ സഭയ്ക്കു നൽകുകയും ചെയ്തു.

സ്തൗമെൻകാലൊസ് കുറിയേലായിസോൻ

www.malankaralibrary.com



## പ്രുമിയോൻ

നാമെല്ലാവരും പ്രാർത്ഥിച്ച്...

അനാദ്യന്തനായ സ്വയംഭൂവും, സദാ പ്രകാശമയനും വിശേഷജ്ഞാനമുള്ള സകല പ്രകൃതികളെയും പ്രകാശിപ്പിച്ച് സ്വാഭാവിക സ്നേഹത്താൽ തന്നിലേക്ക് തിരിക്കുന്നവനുമായ കർത്താവ് അതുല്യതേജസ്വിയും, നന്മകളുടെ ഉറവിടവും അനന്യപ്രാപ്യമായ സൗഭാഗ്യത്തോടുകൂടിയ ബലവാനും ആകുന്നു. അവൻ രാജാധിരാജാവും, കർത്താധികർത്താവും, സർവ്വാധിപതിയും, ഏകസാരാംശത്തിലും മഹത്ത്വത്തിലും മൂന്നു പരിശുദ്ധ ആളുകളായി ഭൗമികരാലും സ്വർഗ്ഗീയഗണങ്ങളാലും സ്തുതിച്ചു സ്തോത്രം ചെയ്യപ്പെടുന്നവനുമാകുന്നു. വെള്ളം വാഴ്ത്തലിന്റെ ശുശ്രൂഷ നടത്തപ്പെടുന്ന ഈ നേരത്തും സകല പെരുന്നാളുകളിലും ഞങ്ങളുടെ ആയുഷ്ക്കാലം മുഴുവനും സ്തുതിയും ബഹുമാനവും ആരാധനയും അവനു യോഗ്യമാകുന്നു. ആമ്മീൻ.

## സെദറാ

ദൃശ്യവും അദൃശ്യവുമായ സകലത്തിന്റെയും സ്രഷ്ടാവായ ദൈവമേ, സ്വർഗ്ഗീയസൈന്യങ്ങൾക്കുവേണ്ടി പ്രകാശമണ്ഡലം നീ ഒരുക്കി. തിരുവിഷ്ടപ്രകാരം രണ്ടാം ലോകവും നീ സൃഷ്ടിച്ചു. സകലവും പ്രകാശത്താൽ നിറയുവാൻവേണ്ടി പ്രകാശംകൊണ്ട് സൃഷ്ടികർമ്മം നീ ആരംഭിച്ചു. ആകാശത്തെ ഒരു തട്ടുപോലെ വിരിച്ച് ഭംഗിയുള്ള നക്ഷത്രങ്ങളാൽ അതിനെ നീ അലങ്കരിച്ചു. നിന്റെ ആസ്ഥാനം വെള്ളത്തിന്മേൽ സ്ഥാപിക്കയും നിന്റെ രഥം മേഘങ്ങൾക്കു മീതെ ഉറപ്പിക്കുകയും ചെയ്തു.

ശ്രദ്ധാപൂർവ്വം വെള്ളത്തിന്മേൽ ഭൂമിയെ നീ സ്ഥാപിക്കയും പലവിധ പുഷ്പങ്ങളാൽ അതിനെ അലങ്കരിക്കുകയും ചെയ്തു. അതിലെ ഫലവർഗ്ഗങ്ങളെ അന്തരീക്ഷജലത്താൽ നീ

www.malankaralibrary.com



സംരക്ഷിക്കുന്നു. നിരന്തരമായ നീരുറവകളാലും നദീപ്രവാഹത്താലും ഭൂമുഖത്തെ നീ നനയ്ക്കുന്നു. സൃഷ്ടിയുടെ സർവ്വവിധ വളർച്ചയ്ക്കുംവേണ്ടി ജീവസംരക്ഷകമായ പോഷകശക്തി ഫലവർഗ്ഗങ്ങൾക്കു നീ കൊടുക്കുന്നു.

നിന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിച്ച മനുഷ്യനെ സൃഷ്ടികളുടെ രാജാവായി നീ നിയമിച്ചു. കൃത്യവിലോപത്താൽ ഈ വിശിഷ്ടദാനത്തിൽനിന്ന് അവൻ നിപതിച്ചപ്പോൾ അവനിലുണ്ടായ മാലിന്യത്തെ ശാരീരികമായ നിന്റെ ആവിർഭാവംമൂലം വീണ്ടും ജനനത്താൽ കഴുകിക്കളഞ്ഞുകൊണ്ട് ദൈവികപദവിയിലേക്ക് അവനെ നീ തിരികെ കൊണ്ടുവന്നു.

കർത്താവേ, ഈ ശുശ്രൂഷയ്ക്കായി ഞങ്ങളെ കൊണ്ടുവന്നിരിക്കുന്ന ഇപ്പോൾ ഞങ്ങളുടെ ആത്മാവിൽനിന്ന് അജ്ഞാനാന്ധകാരത്തെ നീക്കിക്കളഞ്ഞ് ഞങ്ങളോടുകൂടെയും ഞങ്ങളുടെ ഇടയിലും നീ ആയിരിക്കണമേ. അപ്രമേയമായ ത്രിത്വത്തിന്റെ സമ്പൂർണ്ണവും, ത്രിവിധവുമായ പ്രകാശത്തിലേക്ക് തെറ്റില്ലാത്തവരായി ഞങ്ങളെ നയിക്കണമേ. ലോകാതീതമായ ആ പ്രകാശത്താൽ ഞങ്ങളെ നിറയ്ക്കണമേ. അതിവിശുദ്ധനായ നിന്റെ റൂഹായുടെ ആവാസത്താൽ ഈ വെള്ളത്തെ സൗഖ്യത്തിന്റെ ഉറവയായി മാറ്റിത്തരണമേ. ഇതിൽനിന്നു സ്വീകരിക്കുന്ന സകലർക്കും സഹായം ലഭിക്കത്തക്കവണ്ണം, വിശുദ്ധദാനങ്ങളാൽ ഇതിനെ നിറയ്ക്കണമേ. ഞങ്ങളെ എല്ലാവരെയും നിന്ദ്യവികാരങ്ങളിൽനിന്ന് സ്വതന്ത്രരാക്കണമേ. ഞങ്ങളിലുള്ള സകല മാലിന്യവും നീക്കിക്കളഞ്ഞ് മഞ്ഞിനേക്കാളേറെ വെൺമയുള്ളവരാക്കണമേ. അങ്ങനെ ഞങ്ങൾ നിർമ്മലരും, പ്രകാശത്തിന്നർഹരും പരിപൂർണ്ണശോഭയുള്ളവരും ദൈവസാദൃശ്യരുമായിത്തീർന്ന് മുഖപക്ഷമില്ലാത്ത നിന്റെ ന്യായാസനത്തിൻമുമ്പാകെ ധൈര്യസമേതം നിലകൊള്ളുവാനും, നിന്റെ കരുണയ്ക്കും മനുഷ്യസ്നേഹത്തിനും യോഗ്യരാകുന്നതിനും

www.malankaralibrary.com



ഇടവരുത്തണമേ. നീ ദൈവികദാനങ്ങൾ വിതരണം ചെയ്യുന്നവനാകുന്നുവല്ലോ. സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സകല സൃഷ്ടികളിൽനിന്നും നിനക്കും നിന്റെ പിതാവിനും ജീവനുള്ള പരിശുദ്ധാത്മാവിനും ഇപ്പോഴും എല്ലാസമയത്തും എന്നേക്കും സ്തുതിയും ബഹുമാനവും യോഗ്യമാകുന്നു. ആമ്മീൻ.

ദൈവത്തിൽ നിന്ന്.....

## ഗീതം

(കൂക്കോയോ)

(മാനവരീന്നു മറച്ചീടാൻ....രീതി)

ചേർത്തു-സലിലം യോഹന്നാൻ സ്നാനം നൽകാൻ
ശുദ്ധീ-കരണം ചെയ്തതിനെ മിശിഹായതിൽ മുങ്ങി
നീരിൽ നിന്നും-ഉയരുന്നൊരു നേരം
മാനിച്ചവനെ-അവനിയുമംബരവും
പകലോൻ കതിരുകൾ ചായിച്ചു താരകൾ വന്ദി-ച്ചു
അരുവികളുറവകളെ വാഴ്ത്തിയ സുതനാം ദൈവത്തെ
ഹാലേലൂയ്യാ-ഉ-ഹാലേലൂയ്യാ

ബാറെക്മോർ. ശുബ്ഹൊ.....

സ്നാനം-ചെയ്‌വാനീശസുതൻ യോർദ്ദാൻ പൂകീടവേ
താപമിയ-ന്നു ജലം തീയും വിറകും കൂ-ടാതെ
വൈദികനെപ്പോൽ-വന്നു യൂഹാനോൻ
ഉടയോൻ തലമേൽ-വലതുകരം വച്ചു
പ്രാവെന്നോണം റൂഹ്ക്കുദിശാ താണാനന്നേ-രം
യോർദ്ദാൻ നദിയിലെ നീരിന്മേൽ ചെയ്താനാവാ-സം
ഹാലേലൂയ്യാ-ഉ-ഹാലേലൂയ്യാ

മെൻഓലം.......

www.malankaralibrary.com



ശുദ്ധൻ തന്നുടെ സൂനുവതാം വിമലൻ അതിശ്രേ-ഷ്ഠൻ
ദൈവ-ത്തിന്നാദിമവചനം ശുദ്ധി നമുക്കേകാൻ
നമ്മുടെ പാപം-പോക്കാനിഹ വന്നു
സ്നാനമതേറ്റു-സലിലത്തെ വാഴ്ത്തി
സാക്ഷാൽ ദൈവമിവൻ ദോഷം മായിച്ചീടു-ന്നോൻ
സ്തുതിതേ! യോർദ്ദാൻ സ്നാനാർത്ഥം തിരുഹിതമാർന്നോനെ
ഹാലേലൂയ്യാ-ഉ-ഹാലേലൂയ്യാ

മൊറിയൊ റാഹേം......

## എത്രൊ

ഞങ്ങളുടെ പാപപരിഹാരാർത്ഥം മാമോദീസായ്ക്കായി വന്ന സകലത്തിനും പാപപരിഹാരം നല്കുന്നവനും ഞങ്ങളുടെ നിർമ്മലീകരണത്തിനുവേണ്ടി സ്നാനത്തിനെഴുന്നെള്ളിയ സകലത്തെയും ശുദ്ധീകരിക്കുന്നവനുമായ കർത്താവേ, തിരുസന്നിധിയിൽ ഞങ്ങൾ സമർപ്പിച്ചിരിക്കുന്ന ഈ സുഗന്ധധൂപം മുഖാന്തരം വിശുദ്ധസഭയ്ക്കാകമാനം നീ പാപപരിഹാരം നൽകണമേ. നിന്റെ ഇടവകയിലെ ആടുകളെ വിശുദ്ധീകരിക്കണമേ. നിന്റെ വിശുദ്ധ മാമോദീസായാൽ, മാമോദീസായുടെ സകല മക്കളെയും കാത്തുകൊള്ളണമേ. ഞങ്ങൾ സന്തോഷത്തോടും ആനന്ദത്തോടുംകൂടി ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും നിനക്കു സ്തുതിയും സ്തോത്രവും സമർപ്പിക്കും. ആമ്മീൻ.

## സുമോറൊ

എന്തിനു സാഗരമേ നീ ഓടിപ്പോയ്
എന്തിനു യോർദ്ദാനേ നീ പിൻവാങ്ങി?

## വായനകൾ

സംഖ്യ 20:1-11; 2 രാജാ 2:19-22; ഏശ 12:1-6;
അ.പ്ര 8:34-39; ഹെബ്രാ : 10:15-25

www.malankaralibrary.com



## പെസ്ഗോമൊ

ഹാലേലൂയ്യാ-ഉ-ഹാലേലൂയ്യാ നിന്നെ ദർശിച്ചു ജലം ദേവേശാ, നിന്നെ ദർശിച്ചു ജലം ഭയമാർന്നു-ഹാലേലൂയ്യാ

## ഏവൻഗേലിയോൻ

യോഹ 4:4-15

യേശുവിനു സമരിയായിലൂടെ കടന്നുപോകേണ്ടിയിരുന്നു. സമരിയായിലെ സിക്കാർ എന്ന പട്ടണത്തിൽ അവൻ എത്തി. യാക്കോബ് തന്റെ മകൻ ജോസഫിനു നൽകിയ വയലിനടുത്താണ് ഈ പട്ടണം. യാക്കോബിന്റെ കിണർ അവിടെയാണ്. യാത്രചെയ്തു ക്ഷീണിച്ച യേശു ആ കിണറ്റിന്റെ കരയിൽ ഇരുന്നു. അപ്പോൾ ഏകദേശം ആറാം മണിക്കൂറായിരുന്നു. ആ സമയം ഒരു സമരിയാക്കാരി അവിടെ വെള്ളം കോരാൻ വന്നു. യേശു അവളോട് എനിക്കു കുടിക്കാൻ തരുക എന്നു പറഞ്ഞു. അവന്റെ ശിഷ്യന്മാരാകട്ടെ ഭക്ഷണസാധനങ്ങൾ വാങ്ങാൻ പട്ടണത്തിലേക്കു പോയിരുന്നു. ആ സമരിയാക്കാരി അവനോടു ചോദിച്ചു; നീ ഒരു യഹൂദനായിരിക്കെ, സമരിയാക്കാരിയായ എന്നോടു കുടിക്കാൻ ചോദിക്കുന്നതെന്ത്? യഹൂദരും സമരിയാക്കാരും തമ്മിൽ സമ്പർക്കമൊന്നുമില്ലല്ലോ. യേശു അവളോടു പറഞ്ഞു: ദൈവത്തിന്റെ ദാനം എന്തെന്നും എനിക്കു കുടിക്കാൻ തരുക എന്നു നിന്നോടാവശ്യപ്പെടുന്നത് ആരെന്നും അറിഞ്ഞിരുന്നെങ്കിൽ, നീ അവനോടു ചോദിക്കുകയും അവൻ നിനക്കു ജീവജലം തരുകയും ചെയ്യുമായിരുന്നു. അവൾ പറഞ്ഞു: പ്രഭോ, വെള്ളം കോരാൻ നിനക്കു പാത്രമില്ല; കിണറോ ആഴമുള്ളതും. പിന്നെ ഈ ജീവജലം നിനക്ക് എവിടെനിന്ന് കിട്ടും? ഈ കിണർ ഞങ്ങൾക്കു തന്ന ഞങ്ങളുടെ പിതാവായ യാക്കോബിനേക്കാൾ വലിയവനാണോ നീ? അവനും അവന്റെ മക്കളും കന്നുകാലികളും ഈ കിണറ്റിൽ നിന്നാണ് കുടിച്ചിരുന്നത്. യേശു പറഞ്ഞു:

www.malankaralibrary.com



ഈ വെള്ളം കുടിക്കുന്ന ഏവനും വീണ്ടും ദാഹിക്കും. എന്നാൽ, ഞാൻ നൽകുന്ന വെള്ളം കുടിക്കുന്നവന് പിന്നീട് ഒരിക്കലും ദാഹിക്കുകയില്ല. ഞാൻ നൽകുന്ന ജലം അവനിൽ നിത്യജീവനിലേക്കു നിർഗ്ഗളിക്കുന്ന അരുവിയാകും. അപ്പോൾ അവൾ പറഞ്ഞു: ആ ജലം എനിക്കു തരുക. മേലിൽ എനിക്കു ദാഹിക്കുകയില്ലല്ലോ. വെള്ളം കോരാൻ ഞാൻ ഇവിടെ വരികയും വേണ്ടല്ലോ.

## ലുത്തിനിയ

ശുശ്രൂ : നാമെല്ലാവരും ഭംഗിയായും, താത്പര്യപൂർവ്വവുംനിന്ന് ദൈവത്തിനു പ്രീതികരമായ ശബ്ദത്തിൽ, കർത്താവേ ഞങ്ങളോടു കരുണ ചെയ്യണമേ എന്നർത്ഥമുള്ള 'കുറിയേലായിസ്സോൻ' എന്ന് ഏറ്റു ചൊല്ലണം.

ജനം : കുറിയേലായിസ്സോൻ.

ശുശ്രൂ :അവർണ്ണനീയ രഹസ്യങ്ങളുടെ ആഴമായ മിശിഹാതമ്പുരാനേ, മനുഷ്യസ്നേഹത്തോടുകൂടി നീ ഭൂമിയിൽ പ്രത്യക്ഷനാവുകയും മനുഷ്യരോടുകൂടെ വസിക്കുകയും ചെയ്തതിനാൽ നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

ജനം: കുറി........

ശുശ്രൂ :ഞങ്ങളുടെ മിശിഹാതമ്പുരാനേ, നിന്റെ ദൈവത്വത്തിന്റെ മഹത്ത്വമുള്ള കിരണങ്ങളാൽ ഭൂമിയെ നീ പ്രകാശിപ്പിച്ചു. വിശുദ്ധജലത്താൽ പിശാചുക്കളെയെല്ലാം നീ മുക്കിക്കൊല്ലുകയും ഞങ്ങളുടെ പാപങ്ങളെ മായിക്കുകയും ചെയ്തു. അതിനാൽ കർത്താവേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

ജനം: കുറി........

ശുശ്രൂ :കർത്താവേ, മോശവഴി കയ്പുള്ള വെള്ളത്തെ മരക്കഷണംകൊണ്ട് നീ മധുരമുള്ളതാക്കി. ഇന്നു വെള്ളം നിന്നെ

www.malankaralibrary.com



സ്വീകരിച്ചതിനാൽ അതിന്റെ പ്രകൃതിയെ നീ അനുഗ്രഹിച്ചു. ഉറവകളുടെ സ്രഷ്ടാവും അവയെ ശുദ്ധീകരിക്കുന്നവനുമായ ദൈവമേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

ജനം: കുറി........

ശുശ്രൂ : ദുഷിച്ച ജലത്തെ ഏലീശാ ദീർഘദർശിമുഖാന്തരം ഹിതകരമാക്കിയവനും, നിന്റെ മഹാജ്ഞാനത്താൽ നിന്നിൽ നിന്നുള്ള സൗഖ്യവും വെടിപ്പും ഞങ്ങളുടെ ആത്മാക്കൾക്ക് എല്ലായ്പോഴും നൽകുന്നവനുമായ കർത്താവേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

ജനം: കുറി........

ശുശ്രൂ : കർത്താവേ, സർവ്വലോകത്തിന്റെയും ശാന്തിക്കും സമാധാനത്തിനുംവേണ്ടിയും, പുണ്യവാന്മാരും ഭാഗ്യവാന്മാരുമായ ഞങ്ങളുടെ പിതാക്കന്മാർക്കുവേണ്ടിയും സാർവ്വത്രികസഭയെ ഭരിച്ചുകൊണ്ടിരിക്കുന്ന പരിശുദ്ധ പിതാവ് .... മാർപ്പാപ്പായ്ക്കു വേണ്ടിയും, ഞങ്ങളുടെ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ .... കാതോലിക്കാബാവായ്ക്കുവേണ്ടിയും (ഞങ്ങളുടെ ഭദ്രാസനത്തിന്റെ മേല്പട്ടക്കാരൻ ആബൂൻ.....) പട്ടക്കാരും, സന്യാസികളും വിശ്വാസികളുമായ എല്ലാവർക്കുവേണ്ടിയും, സഭ മുഴുവനുംവേണ്ടിയും ഞങ്ങളുടെ രാജ്യത്തിനുവേണ്ടിയും നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

ജനം: കുറി........

ദൈവമാതാവായ വി.കന്യകാമറിയാമിന്റെയും, സകല വിശുദ്ധരുടെയും ഓർമ്മയ്ക്കും വിശ്വാസികളായ പരേതരുടെ ആശ്വാസത്തിനുംവേണ്ടിയും നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

ജനം: കുറി........

ശുശ്രൂ : വിശുദ്ധ ത്രിത്വത്തിൽ ഒരുവനും സത്യദൈവവുമായ

www.malankaralibrary.com



മിശിഹാതമ്പുരാനേ, പ്രകാശങ്ങളുടെ ഈ മഹനീയ ദിവസത്തിലും, ഞങ്ങളുടെ ആയുഷ്ക്കാലം മുഴുവനിലും നിന്റെ ഉത്കൃഷ്ഠ ജ്ഞാനത്താൽ ഞങ്ങളുടെ ആത്മാക്കളെ ശോഭിപ്പിക്കണമേ. നിന്നോടുള്ള ഭക്തിയിലും, പിശാചിനെ ലജ്ജിപ്പിച്ച് മാലാഖമാരെ സന്തോഷിപ്പിക്കുന്ന പരസ്പരസ്നേഹത്തിലും ഞങ്ങളുടെ ഹൃദയങ്ങളെ ഉറപ്പിക്കണമേ. ഞങ്ങളുടെ വംശത്തോടുള്ള നിന്റെ നൽവരങ്ങൾക്കും സഹായങ്ങൾക്കും ഞങ്ങളെ അർഹരാക്കണമേ എന്ന് നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

ജനം: കുറി........

ശുശ്രൂ : നാം ശബ്ദമുയർത്തി മൂന്നു പ്രാവശ്യം കുറിയേലായിസ്സോൻ എന്നു ചൊല്ലണം.

ജനം: കുറി........ കുറി........ കുറി........

ശുശ്രൂ : സ്തൗമെൻകാലൊസ് കുറിയേലായിസോൻ

## പ്രുമിയോൻ

കാർമി: നാമെല്ലാവരും പ്രാർത്ഥിച്ച്...

ജനം: കാരുണ്യവാനായ...

കാർമി: സ്തുതിയും സ്തോത്രവും...

നമ്മുടെ അടുക്കലേക്കുള്ള തന്റെ ആഗമനത്താലും ദൈവിക സ്നേഹത്താലും വഴിതെറ്റിപ്പോയിരുന്ന ജാതികളെ മുഴുവനും പ്രകാശിപ്പിക്കുകയും പരിശുദ്ധ ത്രിത്വത്തിന്റെ ത്രിവിധശോഭകളോടുകൂടിയ പ്രകാശത്താൽ ദൈവികമായ ആരാധനയിലേക്ക് അവരെ തിരിച്ചുകൊണ്ടുവരികയും ചെയ്ത നമ്മുടെ ദൈവവും രക്ഷകനുമായ യേശുമിശിഹായ്ക്കു സ്തുതി. തനിക്ക് ഈ സമയത്തും എല്ലാ പെരുന്നാളുകളിലും ഞങ്ങളുടെ ആയുഷ്ക്കാലം മുഴുവനും സ്തുതിയും ബഹുമാനവും ആരാധനയും യോഗ്യമാകുന്നു. ആമ്മീൻ.

www.malankaralibrary.com



## സെദറാ

സനാതനതേജസ്സും, പിതാവിന്റെ പുത്രനും വചനവുമായ മിശിഹാ, പണ്ടുമുതലേ അന്ധകാരത്തിലും മരണനിഴലിലും സ്ഥിതി ചെയ്തിരുന്ന ഞങ്ങൾക്ക് നീ രക്ഷകനും ഉദ്ധാരകനുമായി പ്രകൃത്യാതീതമായ ഒരു പ്രമാണത്താൽ കാലത്തികവിൽ കന്യകയിൽനിന്ന് ഉദയം ചെയ്തു. മുൻ നിശ്ചയപ്രകാരം ഭൂമുഖത്തെ നനയ്ക്കുവാൻവേണ്ടി, നാലു നദികളായി ഭാഗിക്കപ്പെടുന്ന ഒരുറവ ഭൂമിയിൽനിന്ന് ഉളവാകുവാൻ നീ കല്പിച്ചു. കാലത്തികവിൽ സുവിശേഷപ്രസംഗമാകുന്ന പ്രവാഹത്താൽ ഭൂതലസീമകളെ നീ നിറച്ചു. മരണകരമായ ജലത്താൽ ദുഷ്ടന്മാരുടെ അഹങ്കാരത്തെ നീതിപൂർവ്വം നീ ശമിപ്പിച്ചു.

രോമക്കെട്ടിന്മേൽ മഴയെന്നവിധം, ദിവ്യജ്ഞാനം ശ്രോതാക്കളിൽ ഇറക്കിക്കൊണ്ട് സമുദ്രങ്ങളെ നീ മൂടി. വടികൊണ്ടുള്ള അടിയാൽ ചെങ്കടലിനെ നീ വിഭജിക്കുകയും വാഗ്ദത്തനാട്ടിലേക്ക് ബദ്ധപ്പെട്ട് പ്രയാണം ചെയ്തുകൊണ്ടിരുന്ന ജനത്തെ കരയിൽകൂടെയെന്നവിധം നീ കടത്തിവിടുകയും ചെയ്തു. അഹങ്കാരികളായ ഫറവോനെയും സൈന്യത്തെയും ചെങ്കടലിന്റെ ആഴത്തിലേക്കു തള്ളി. ഞങ്ങളെയാകട്ടെ സമുദ്രത്തിന്റെ തിരമാലകളിൽനിന്നെന്നപോലെ പിശാചുക്കളുടെ ക്രൂരതയിൽനിന്നും നീ സ്വതന്ത്രരാക്കി.

ദാഹിച്ചിരുന്ന ജനത്തിനു നിന്റെ സ്നേഹിതനായ മോശവഴി പാറയിൽനിന്നും നീ വെള്ളം കൊടുത്തു. നിന്നിൽ വിശ്വസിക്കുന്നവരിൽനിന്ന് ജീവജലത്തിന്റെ ഉറവ പുറപ്പെടുവിക്കുന്ന സത്യപാറ നീയാകുന്നു. മരക്കൊമ്പുമൂലം വെള്ളത്തിന്റെ കയ്പുരസം നീ മധുരമുള്ളതാക്കി മാറ്റി. ദീർഘദർശിയുടെ പ്രാർത്ഥനയാലും ഉപ്പിനാലും യറീഹോയിലെ വെള്ളത്തിന്റെ നിർഗുണത്വം നീ മാറ്റി.

www.malankaralibrary.com



നിന്റെ ബഹുമാന്യമായ സ്ലീബായിൽവച്ച് തിരുവിലാവിൽ നിന്നൊഴുകിയ രക്തവും വെള്ളവുംകൊണ്ട് ജനതകളെ നീ ശുദ്ധീകരിച്ചു. നിന്റെ സ്നാനത്താൽ നിന്റെ ദൈവത്വത്തിനു സദൃശമായ ജനനം നീ ഞങ്ങൾക്കു നൽകി. ഈ ജനനം ആത്മീയനാശത്തിൽനിന്നുള്ള സ്നാനമത്രേ.

ഇപ്പോൾ ഞങ്ങളുടെ മുമ്പാകെ വച്ചിരിക്കുന്ന ഈ വെള്ളത്തെ, ലോകത്തിനതീതമായ ആ മൂന്നു പ്രകാശങ്ങളാകുന്ന ത്രിത്വത്തെ വിളിച്ചപേക്ഷിക്കുന്നതുമൂലം, സകല സന്തോഷങ്ങളും വർദ്ധിപ്പിക്കുന്നതാക്കിത്തീർക്കണമേ. ഇത് ആശ്വാസ സംദായകവും പാപമാലിന്യങ്ങളെ ഇല്ലാതാക്കുന്നതും ആത്മശരീരങ്ങൾക്ക് ആരോഗ്യം നല്കുന്നതുമായ വെള്ളമായിത്തീരണമെ. ഈ വെള്ളം രോഗികൾക്ക് സുഖം നൽകുന്നതും വന്ധ്യത്വം നീക്കുന്നതും, ഭവനങ്ങൾ സംരക്ഷിക്കുന്നതും പിശാചിനെ അകറ്റുന്നതും ആയിത്തീരണമേ.

ക്ഷുദ്രം, ആഭിചാരം, വിഗ്രഹാരാധന എന്നിവയെയും സകലവിധ പൈശാചിക പ്രവർത്തനങ്ങളെയും, പ്രകൃതിക്ഷോഭങ്ങളിൽ നിന്നുണ്ടാകാവുന്ന അപകടങ്ങളെയും നീക്കിക്കളയുവാൻ ഇതിനു ശക്തി നൽകണമേ. കൃഷിയുടെ സംരക്ഷണത്തിനും ഫലസമൃദ്ധിക്കും ഇതു നിദാനമാകണമേ. ഈ വെള്ളം ഉപയോഗിക്കുന്ന എല്ലാവർക്കും ഇത് ജീവദായകവും രക്ഷാകരവുമായിരിക്കണമേ. കർത്താവേ, നീ നൽവരങ്ങളും നന്മകളും ദാനം ചെയ്യുന്നവനും ഞങ്ങളുടെ വർഗ്ഗത്തിന്റെ നാഥനും സൃഷ്ടിയുടെ സഹായിയും ആകുന്നുവല്ലോ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും ഇപ്പോഴും എല്ലാസമയത്തും എന്നേക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കും. ആമ്മീൻ.

ദൈവത്തിൽനിന്ന് കടങ്ങൾക്ക്.....

(ധൂപക്കുറ്റിയിൽ കുന്തുരുക്കം ഇട്ടശേഷം ധൂപക്കുറ്റി വാഴ്ത്തുന്നു)

www.malankaralibrary.com



ബലഹീനനും പാപിയുമായ ഈ ദാസൻ ഏറ്റുപറയുന്നു.

പരിശുദ്ധനായ പിതാവ് പരിശുദ്ധൻ

ജനം : ആമ്മീൻ

പരിശുദ്ധനായ പുത്രൻ പരിശുദ്ധൻ

ജനം : ആമ്മീൻ

ജീവപ്രദനായ പരിശുദ്ധറൂഹാ പരിശുദ്ധൻ. അവൻ നമ്മുടെയും നമ്മുടെ പിതാക്കൻമാരുടെയും, സഹോദരങ്ങളുടെയും, നേതാക്കന്മാരുടെയും ഗുരുക്കന്മാരുടെയും മരിച്ചുപോയവരുടെയും വിശുദ്ധസഭയുടെ മക്കളും വിശ്വാസികളുമായ സകല പരേതരുടെയും ആത്മാക്കളിൽ എന്നും എന്നേക്കും രണ്ടുലോകങ്ങളിലും മനസ്സലിവുതോന്നി പാപിയായ ഈ ദാസന്റെ ധൂപം ശുദ്ധീകരിക്കുന്നവനാകുന്നു. ആമ്മീൻ.

ശുശ്രൂ : ബാറെക്മോർ, ദിവ്യജ്ഞാനം ഉദ്ഘോഷിക്കപ്പെടുന്നു. നാമെല്ലാവരും ഭക്തിയായി നിന്ന് ഏറ്റുചൊല്ലണം.

കാർമ്മി: സർവ്വശക്തനായ പിതാവും.......

ശുശ്രൂ: സ്തൗമെൻ......

ജനം: കുറി..........

## പ്രാർത്ഥന

(കൈകൾ ഉയർത്തി)

കാർമ്മി: മഹിതനും തേജസ്വിയും സ്തുതിക്കതീതനുമായ ദൈവമേ, നീ ക്രോബകളുടെമേൽ ആരൂഢനും സ്രോപ്പേന്മാരാൽ പ്രകീർത്തിതനുമാകുന്നു. സ്തുത്യങ്ങളും, ദുർഗ്രഹങ്ങളും, അദ്ഭുതാവഹങ്ങളുമായ നിരവധി മഹത്കാര്യങ്ങൾ പ്രവർത്തിച്ചവനാകുന്നു നീ.

www.malankaralibrary.com



സ്ലീബാമരത്തിന്റെ ദിവ്യമാതൃകയിൽ മോശമുഖാന്തരം കയ്പുവെള്ളത്തെ നീ മധുരമുള്ളതാക്കുകയും ദാഹിച്ചിരുന്ന ജനമായ ഇസ്രായേലിനെ കുടിപ്പിക്കുകയും ചെയ്തു.

ഏലിശാ ദീർഘദർശിമുഖേന യെറീഹോയിൽവച്ച് പദാർത്ഥമായ ഉപ്പുകൊണ്ട്, ദുഷിച്ചതും ഗുണരഹിതവും നിഷ്ഫലവുമായ വെള്ളത്തിന്റെ ദൂഷ്യം നീ തീർത്തു. സ്വർഗ്ഗീയ ഉപ്പായ മിശിഹാ തമ്പുരാനേ, നിന്റെ രഹസ്യം മുൻകൂട്ടി സൂചിപ്പിച്ചുകൊണ്ട്, "നിങ്ങൾ വർദ്ധിച്ചുപെരുകി ഭൂമിയിൽ നിറയുവിൻ" എന്നുള്ള നൽവരം നിന്റെ ജനത്തിനു നീ നൽകി.

സകലവും സൃഷ്ടിച്ചു ക്രമപ്പെടുത്തുന്നവൻ എന്ന നിലയിൽ ഗലീലായിലെ കാനായിൽവച്ച് അവർണ്ണ്യമായ നിന്റെ ജ്ഞാനത്താൽ വെള്ളത്തെ നല്ല വീഞ്ഞാക്കി നീ പകർത്തി. യോഹന്നാൻ സ്നാപകനിൽനിന്നു നീ ഏറ്റ മാമോദീസായാൽ യോർദ്ദാനിലെ വെള്ളത്തെ ശുദ്ധീകരിച്ചു.

കർത്താവേ, സ്വർഗ്ഗീയവും ആത്മീയവുമായ നിന്റെ അനുഗ്രഹത്താലും, അദൃശ്യമായ നിന്റെ ശക്തിയാലും അനിർവചനീയമായ നിന്റെ മനുഷ്യസ്നേഹത്താലും പരിശുദ്ധാത്മാവിന്റെ ആവാസത്താലും ഞങ്ങളുടെ മുമ്പാകെ വയ്ക്കപ്പെട്ടിരിക്കുന്ന ഈ വെള്ളത്തെ ഇപ്പോൾ വാഴ്ത്തണമേ.† നിന്റെ പരിശുദ്ധ റൂഹായുടെ കൃപയും ശക്തിയും ആചാര്യത്വപരമായ വ്യാപാരവും ഇതിലേക്കു കല്പിച്ചയക്കണമേ. ഇതിൽ നിന്നു സ്വീകരിക്കുകയും ഇതിൽ പങ്കാളികളാകുകയും ചെയ്യുന്ന എല്ലാവർക്കും രോഗശാന്തിക്കും, ആത്മശരീരസംബന്ധമായ സുസ്ഥിതിക്കും ഇതു നിദാനമായിത്തീരണമേ. നിനക്കും, അനുഗ്രഹീതനും ഭാഗ്യവാനുമായ നിന്റെ പിതാവിനും, നിന്റെ പരിശുദ്ധാത്മാവിനും ഇപ്പോഴും എല്ലാസമയത്തും എന്നേക്കും സ്തുതിയും ബഹുമാനവും യോഗ്യമാകുന്നു.

ജനം: ആമ്മീൻ.

www.malankaralibrary.com



കാർമി: വെള്ളത്തെ നിർമ്മിച്ചവനും സകലവും ഉണ്ടാക്കുകയും വ്യത്യാസപ്പെടുത്തുകയും ചെയ്യുന്നവനുമായ കർത്താവേ, നിന്റെ പരിശുദ്ധറൂഹായുടെ ശക്തിയാൽ ഈ വെള്ളത്തെ ആശീർവദിക്കണമേ. ✠ എല്ലാവിധ പൈശാചിക വ്യാപാരത്തെയും ചെറുക്കുന്ന കൃപയും ശക്തിയും ഇതിനു നൽകണമേ. ഞങ്ങളുടെ കർത്താവായ യേശുമിശിഹാ, ഇതു പാനം ചെയ്യുകയോ ഇതിനാൽ തളിക്കപ്പെടുകയോ മറ്റേതെങ്കിലും വിധത്തിലോ ഇതിൽ സംബന്ധിക്കുന്ന എല്ലാവർക്കും ആത്മശരീരങ്ങളുടെ സൗഖ്യവും, നിന്നിൽനിന്നുള്ള ധാരാളമായ കൃപയും, സർവ്വ തിന്മകളിൽനിന്നുമുള്ള അകൽച്ചയും ജീവനു സംരക്ഷണവും സമാധാനവും നൽകണമേ. അതു നിന്റെയും, ഞങ്ങളുടെ രക്ഷയ്ക്കായി നിന്നെ അയച്ച അനുഗൃഹീതനും, ഭാഗ്യവാനുമായ നിന്റെ പിതാവിന്റെയും, അതിവിശുദ്ധനും, ഉത്തമനും വന്ദ്യനും ജീവൻ നൽകുന്നവനും സാരാംശത്തിൽ നിന്നോടു സമനുമായ പരിശുദ്ധാത്മാവിന്റെയും കൃപയാൽ തന്നെ. ആമ്മീൻ.

കാർമ്മി : നിങ്ങൾക്കെല്ലാവർക്കും സമാധാനം ഉണ്ടായിരിക്കട്ടെ.

ജനം : അങ്ങയുടെ ആത്മാവിനും ഉണ്ടായിരിക്കട്ടെ.

(പുരോഹിതൻ ശോശപ്പാ ആഘോഷിക്കുന്നു)

ശുശ്രൂ : ബാറെക്മോർ, സഹോദരങ്ങളേ, നാമെല്ലാവരും ഭംഗിയായും ഭയഭക്തിയോടും അടക്കമൊതുക്കത്തോടും വെടിപ്പോടും, വിശുദ്ധിയോടും സത്യവിശ്വാസത്തോടുംകൂടെനിന്ന്, ബഹുമാനപ്പെട്ട പുരോഹിതൻ ആശീർവദിക്കുന്ന ഈ വെള്ളത്തിൽ ദൃഷ്ടി ഉറപ്പിച്ച് സർവ്വവല്ലഭനായ ദൈവത്തിന്, സമാധാനത്തിലും ശാന്തിയിലും, അപേക്ഷയും ദണ്ഡനമസ്ക്കാരവും സമർപ്പിക്കണം.

ജനം : ഈ ശുശ്രൂഷ കരുണയും സമാധാനവും വാഴ്‌വും ആകുന്നു.

www.malankaralibrary.com



(പുരോഹിതൻ പാത്രത്തിന്റെ വായിൽനിന്ന് കുരിശെടുത്ത് മാറ്റിയശേഷം ജനത്തെ ആശീർവദിച്ചുകൊണ്ട്)

കാർമി: പിതാവായ ദൈവത്തിന്റെ സ്നേഹവും ✠ ഏകജാതന്റെ കൃപയും ✠ പരിശുദ്ധാത്മാവിന്റെ സംസർഗ്ഗവും ആവാസവും ✠ എന്റെ സഹോദരങ്ങളേ, നിങ്ങളെല്ലാവരോടുംകൂടെ എന്നേക്കും ഉണ്ടായിരിക്കട്ടെ.

ജനം: ആമ്മീൻ

(പുരോഹിതൻ കൈകൾ ഉയർത്തിപ്പിടിച്ചുകൊണ്ട്)

കാർമി: കർത്താവേ, നീ മഹിതനും നിന്റെ പ്രവൃത്തികൾ എത്രയും വിസ്മയനീയങ്ങളുമാകുന്നു. നിന്റെ അത്ഭുതകാര്യങ്ങളുടെ മഹിമയെ വർണ്ണിക്കുവാൻ മതിയായ വാക്കുകളില്ല. നിന്റെ ശക്തിയാൽ ഇല്ലായ്മയിൽനിന്ന് സകലവും നീ ഉൺമയിലേക്കു കൊണ്ടുവന്നു. നിന്റെ ആധിപത്യത്താൽ സൃഷ്ടികളെ നീ ഭരിക്കുന്നു. നിന്റെ വൈഭവത്താൽ ലോകത്തെ നീ പാലിക്കുന്നു. നാല് അടിസ്ഥാനമൂലകങ്ങളെക്കൊണ്ട് അതിനെ കൂട്ടിച്ചേർത്ത് സംവത്സരത്തിന്റെ പരിവൃത്തിയെ നാലു ഋതുക്കളാൽ നീ അലങ്കരിച്ചു.

അദൃശ്യമായ സ്വർഗ്ഗീയസൈന്യങ്ങൾ നിന്റെ മുമ്പിൽ ഭ്രമിക്കുന്നു. മാലാഖയുടെ നിരകൾ നിന്നെ മഹത്വപ്പെടുത്തുന്നു. ശ്രേഷ്ഠദൂതന്മാരുടെ ഗണങ്ങൾ നിന്നെ വന്ദിക്കുന്നു. ആറാറുചിറകുകളുള്ള സ്രോപ്പേന്മാർ നിനക്ക് ഹാലേലൂയ്യാ പാടുന്നു. നിരവധി കണ്ണുകളുള്ള ക്രോബേന്മാർ അചിന്ത്യമായ സ്തുതികളാൽ നിന്നെ വാഴ്ത്തുന്നു. സൂര്യൻ നിന്റെ മഹത്ത്വത്തെ അറിയിക്കുന്നു. ചന്ദ്രൻ നിന്നെ പ്രകീർത്തിക്കുന്നു. നക്ഷത്രങ്ങൾ നിന്നെ പുകഴ്ത്തുന്നു. പ്രകാശം നിന്നെ അനുസരിക്കുന്നു. അധോതലങ്ങൾ നിന്നിൽ ചഞ്ചലപ്പെടുന്നു. ഉറവകൾ നിനക്കു ദാസ്യവേല ചെയ്യുന്നു. ആകാശത്തെ ഒരു തട്ടുപോലെ നീ വിരിച്ചു. ഭൂമിയെ വെള്ളത്തിന്മേൽ നീ സ്ഥാപിച്ചു. സമുദ്രത്തിനു മണലുകൊണ്ട്

www.malankaralibrary.com



നീ അതിർത്തിവച്ചു. ശ്വസിക്കുവാൻ പര്യാപ്തമായ നിലയിൽ വായുമണ്ഡലത്തെ നീ വ്യാപിപ്പിച്ചു.

നീ അപരിമേയനും വ്യാഖ്യാനാതീതനുമായ ദൈവമായിരിക്കെ ഭൂമിയിൽ പ്രത്യക്ഷപ്പെടുകയും ദാസവേഷം സ്വീകരിച്ച് മനുഷ്യനായിത്തീരുകയും ചെയ്തു. മനുഷ്യവർഗ്ഗം പിശാചിനടിമപ്പെട്ടിരുന്നതു കാണുവാൻ നിന്റെ മഹാകരുണ നിമിത്തം നിനക്കു മനസ്സു വരാഞ്ഞതിനാൽ കർത്താവേ, നീ എഴുന്നെള്ളി വന്ന് ഞങ്ങളെ രക്ഷിച്ചു. നിന്റെ കൃപയെ ഞങ്ങൾ ഏറ്റുപറയുന്നു. നിന്റെ കരുണയെ ഞങ്ങൾ പ്രകീർത്തിക്കുന്നു. ഞങ്ങളുടെ നേർക്കുള്ള നിന്റെ നന്മപ്രവൃത്തികളെ ഞങ്ങൾ മറച്ചുവയ്ക്കുന്നില്ല.

നിന്റെ ജനനത്താൽ സ്വാഭാവികജനനത്തെ നീ അനുഗ്രഹിക്കുകയും കന്യാവ്രതത്തെ ശുദ്ധീകരിക്കുകയും ചെയ്തു. നിന്റെ പ്രത്യക്ഷീകരണവേളയിൽ സ്വർഗ്ഗത്തിൽനിന്ന് പരിശുദ്ധാത്മാവിനെ നീ ക്ഷണിച്ചുവരുത്തി. യോർദ്ദാൻ നദിയിലെ വെള്ളം നീ ശുദ്ധീകരിക്കുകയും അതിൽ ഒളിഞ്ഞിരുന്ന മഹാസർപ്പത്തിന്റെ തല തകർക്കുകയും ചെയ്തു.

മനുഷ്യരോടു പ്രിയമുള്ള കർത്താവേ, നീ എഴുന്നെള്ളി വന്ന് പരിശുദ്ധ റൂഹായുടെ ആവാസത്താൽ ഈ വെള്ളത്തെ വാഴ്ത്തണമേ. യോർദ്ദാനു ലഭിച്ച കൃപ ഇതിനു നൽകണമേ.✠ ഇതിനെ അനുഗ്രഹങ്ങളുടെ ഉറവയും വിശുദ്ധിയുടെ ദാനവും പാപമോചനത്തിനുള്ള ഉപാധിയും ആക്കിത്തീർക്കണമേ.

ജനം: ആമ്മീൻ

കാർമി: ഇതിനെ രോഗശാന്തി നൽകുന്നതും ✠ ബലഹീനരെ സഹായിക്കുന്നതും പ്രതികൂലസൈന്യങ്ങൾക്കു അപ്രാപ്യമായതും ശക്തിനിറഞ്ഞതും ആക്കണമേ.

ജനം: ആമ്മീൻ

www.malankaralibrary.com



കാർമി: ഇതിനെ ഉപയോഗിക്കുന്നവർക്കെല്ലാം ഇത് ആത്മശരീരങ്ങൾക്കുള്ള സൗഖ്യത്തിനും ✠ വികാരങ്ങളുടെ പവിത്രതയ്ക്കും ഭവനങ്ങളുടെ ശുദ്ധീകരണത്തിനും ✠ സർവ്വവിധ ഉപദ്രവങ്ങളിൽനിന്നുമുള്ള സംരക്ഷണത്തിനും നിദാനമായിത്തീരണമേ.

ജനം: ആമ്മീൻ.

കാർമി: പാപത്താൽ ജീർണ്ണിച്ച ഞങ്ങളുടെ സ്വഭാവത്തെ വെള്ളത്താലും ആത്മാവാലും നവീകരിച്ചവൻ നീയാകുന്നു. നോഹയുടെ കാലത്തു വെള്ളംകൊണ്ട് പാപത്തെ മുക്കിക്കളഞ്ഞതും നീയാകുന്നു. ഫറവോന്റെ അടിമത്തത്തിൽനിന്ന് സമുദ്രജലംമൂലം എബ്രായക്കാരെ നീ വിടുവിച്ചു. ബാൽസേവയാകുന്ന തെറ്റിൽ നിന്ന് ഏലിയാ ദീർഘദർശി മുഖാന്തരം അഗ്നിയാലും വെള്ളത്താലും ഇസ്രായേൽജനത്തെ രക്ഷിച്ചതും നീ തന്നെ. കർത്താവേ, ഈ സമയത്തും നിന്റെ കൃപയാൽ ഈ വെള്ളത്തെ ആശീർവദിക്കണമേ. ഇതു സ്പർശിക്കയോ അനുഭവിക്കുകയോ യഥാർത്ഥ വിശ്വാസത്തോടുകൂടി ഏതെങ്കിലും തരത്തിൽ ഉപയോഗിക്കുകയോ ചെയ്യുന്ന എല്ലാവർക്കും അനുഗ്രഹവും ✠ വിശുദ്ധിയും വെടിപ്പും സുഖവും ✠ ആശ്വാസവും ✠ ധൈര്യവും സഹായവും ആത്മശരീരസംബന്ധമായ ക്ലേശങ്ങളിൽനിന്നുള്ള സ്വാതന്ത്ര്യവും നൽകണമേ.

ജനം: ആമ്മീൻ.

കാർമി: ഞങ്ങളുടെ ദൈവമേ, സകലത്തിലും ബഹുമാനമുള്ളതും അനുഗൃഹീതവുമായ നിന്റെ നാമം മാലാഖമാരാലും മനുഷ്യരാലും ദൃശ്യങ്ങളും അദൃശ്യങ്ങളുമായ എല്ലാ വസ്തുക്കളാലും മഹത്ത്വീകരിക്കപ്പെടുമാറാകണമേ.

ജനം: ആമ്മീൻ.

ܡܒܪܟܝܢ ܐܢܘܢ ܡܝܐ ܗܠܝܢ (ܒܪܟܡܪ)

ܒܫܡܐ ܕܐܒܐ ✝ (ܐܡܝܢ) ܘܕܒܪܐ ✝ (ܐܡܝܢ) ܘܕܪܘܚܐ

ܚܝܐ ܩܕܝܫܐ ✝ ܠܚܝܐ ܕܠܥܠܡ ܥܠܡܝܢ ܀

(ܐܡܝܢ)

ഈ വെള്ളം നിത്യജീവനായി ആശീർവദിക്കപ്പെടുന്നു. (ബാറെക്മോർ) പിതാവിന്റെ നാമത്തിലും ✠ (ആമ്മീൻ) പുത്രന്റെ നാമത്തിലും ✠ (ആമ്മീൻ) പരിശുദ്ധാത്മാവിന്റെ നാമത്തിലും ✠ (ആമ്മീൻ)

(വീണ്ടും കുരിശെടുത്ത് പാത്രത്തിന്റെ വായ്ക്കൽ വച്ചശേഷം ശോശപ്പാകൊണ്ടു മൂടാതെ രണ്ടുകൈകൊണ്ടും എടുത്ത് ആഘോഷിക്കുന്നു.)

**ഹൗദ് മാലാഖേ...** **പുറം 82**

ജനം : ഞങ്ങൾക്കുവേണ്ടി സ്നാനം ഏറ്റവനേ ഞങ്ങളോടു കരുണ ചെയ്യണമേ.

(അനന്തരം കുരിശെടുത്തു മാറ്റാതെ പാത്രത്തിലെ വെള്ളവും വഹിച്ചുകൊണ്ട് ആഘോഷമായി മാമോദീസാതൊട്ടിയുടെ അടുത്തേക്ക് പോകുന്നു. അതിന്റെ പടിഞ്ഞാറുവശത്തു കിഴക്കോട്ടു തിരിഞ്ഞ് നിന്നുകൊണ്ട് പാത്രത്തിന്റെ വായിൽനിന്ന് കുരിശെടുത്ത് മാമോദീസാകല്ലിൽ വച്ചശേഷം പാത്രത്തിലെ വെള്ളത്തിൽ നിന്ന് ഏതാനും തുള്ളികൾ കിഴക്കും പടിഞ്ഞാറും വടക്കും തെക്കുമായി ഒഴിക്കണം. ഈ സമയത്തു ജനങ്ങൾ 51-ാം സങ്കീർത്തനമോ, പ്രദക്ഷിണസമയത്തെ ഗീതമോ ചൊല്ലണം. അതിനുശേഷം മാമോദീസാതൊട്ടി അടച്ച് വീണ്ടും മദ്ബഹായിലേക്കു പോയി പാത്രം ത്രോണോസിൽ വടക്കുവശത്തുവച്ചുകൊണ്ടു പ്രാർത്ഥന ചൊല്ലുന്നു.)

www.malankaralibrary.com



## പ്രാർത്ഥന

കാർമി: ശ്രേഷ്ഠവും അവർണ്ണ്യവുമായ ദാനത്താൽ ഈ വെള്ളത്തെ വാഴ്ത്തിയ ഉത്തമനും മനുഷ്യസ്നേഹിയുമായ ദൈവമേ, ഇതിൽ സംബന്ധിക്കുന്നതുമൂലം ഞങ്ങളുടെ ആത്മശരീരങ്ങളെ അനുഗ്രഹിക്കണമേ. അദൃശ്യനായ പിതാവേ, ഞങ്ങൾ നിനക്കും നിന്റെ പ്രിയപുത്രനും ഉത്തമനും വന്ദ്യനും ജീവൻ നൽകുന്നവനും സാരാംശത്തിൽ നിന്നോടു സമനുമായ പരിശുദ്ധ റൂഹായ്ക്കും സ്തുതിയും വന്ദനവും ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും സമർപ്പിക്കും. ആമ്മീൻ.

(വി.കുർബാനയ്ക്കുശേഷം വാഴ്ത്തപ്പെട്ട വെള്ളം വിശ്വാസികൾക്കു കൊടുക്കുന്നു.)

*****

www.malankaralibrary.com



# ശുബ്ക്കോനൊ

(വലിയ നോമ്പാരംഭിക്കുന്ന തിങ്കളാഴ്ച ഉച്ചനമസ്കാരത്തിന്റെ അവസാനത്തിൽ പ്രാർത്ഥനാമേശയുടെ മുമ്പിൽ നിന്നുകൊണ്ട് ഈ ശുശ്രൂഷ ആരംഭിക്കുന്നു.)

## പ്രാരംഭപ്രാർത്ഥന

കാർമ്മി: ശുബ്ഹൊ......

ജനം: ബലഹീനരും........

കാർമ്മി: ദൈവമായ കർത്താവേ, നിന്റെ ശാന്തിയും സമാധാനവും നിനക്കു പ്രീതികരമായ സ്നേഹവും സദാ ഞങ്ങളിൽ കുടികൊള്ളുമാറാകണമേ. അതിനാൽ അഴിഞ്ഞുപോകാത്തവിധം ഞങ്ങളെ എന്നേക്കും ഉറപ്പായി ബന്ധിക്കണമേ. നിന്നെയും നിന്റെ പിതാവിനെയും ജീവപ്രദനായ പരിശുദ്ധാത്മാവിനെയും ഇപ്പോഴും എല്ലാസമയത്തും എന്നേക്കും സ്തുതിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. ആമ്മീൻ.

### സങ്കീർത്തനം 51. പുറം 2

### എനിയോനൊ

(*ഹ്ത്തീസ് ലോക്*/ നിന്നെ മൃതരായവർ കബറിൽ മുദ്രക്കല്ലും......)

പാപം ചെയ്തേൻ ദയവാനേ, പ്രാർത്ഥന കേട്ടെൻ
പിഴ മായിക്കണമെ
നാ-ഥാ, സർവേശാ കൃപചെയ്-കെന്നിൽ

ഏറും കടപാപങ്ങളിൽ ഞാൻ മലിനതയാർന്നു
അതിനാൽ കേഴുന്നേൻ നാഥാ.........

ദേവാ കരുണാനിധിയേ, നിൻ വാതിലിലെന്യേ
കതകേതിൽ മുട്ടും? നാഥാ.........

www.malankaralibrary.com



കേഴുന്നേൻ പാപിനിയെപ്പോൽ അർത്ഥിക്കുന്നേൻ
ചുങ്കക്കാരൻ പോൽ നാഥാ..........

അൻപുറ്റുള്ളോനേ, തെറ്റുകൾ കുറ്റങ്ങളെയും
മായിച്ചീടണമേ നാഥാ......

വൈരം മത്സരമിവയെന്യെ സ്നേഹത്താലെ
ഹൃത്തു നിറയ്ക്കണമേ നാഥാ......

മ്ശീഹാ പാതകികൾക്കായി തരുവിൽ മനസ്സാ
ബലിയർപ്പിച്ചോനേ നാഥാ......

മ്ശീഹാ മേൽമാളികയിൽ തവ ശിഷ്യർക്കായി
ശാന്തിയണച്ചവനേ നാഥാ.....

മ്ശീഹാ, സ്തുത്യസമാധാനാൽ ശിഷ്യരെ സൗധേ
മോദിപ്പിച്ചവനേ നാഥാ...... ബാറെക്മോർ

ശുബ്ഹൊ..... മെൻഓലം.....

താതന്നായ് സ്തുതിയേറ്റുക പൂജിത സുതനും
പരിശുദ്ധാത്മന്നും നാഥാ.....

സ്തൗമെൻ...... കുറി.....

## പ്രുമിയോൻ

കാർമി: നാമെല്ലാവരും പ്രാർത്ഥിച്ച്...

ജനം: കാരുണ്യവാനായ...

കാർമി: സ്തുതിയും സ്തോത്രവും...

സ്വർഗ്ഗീയസമാധാനമായ പിതാവേ, നിനക്കു സ്തുതി. ഭൗമികരുടെ രഞ്ജിപ്പായ പുത്രാ, നിനക്കു സ്തോത്രം, ദൈവികദാനങ്ങളെ പൂർത്തീകരിക്കുന്ന പരിശുദ്ധാത്മാവേ, നിനക്കു വന്ദനം. പിതാവു ഞങ്ങളുടെ രക്ഷയ്ക്കായി തന്റെ ഏകജാതനെ മരണത്തിനു ഏല്പിച്ചുതന്നു. പുത്രൻ സ്നേഹത്താൽ പ്രേരിതനായി നമുക്കുവേണ്ടി മരിച്ചു. പരിശുദ്ധാത്മാവു നമ്മുടെ നന്മയിൽ

www.malankaralibrary.com



സന്തോഷിക്കുകയും നമ്മുടെ യാചനകൾ സാധിച്ചുതരികയും ചെയ്യുന്നു. സാരാംശപ്രകാരം ഏകനായിരിക്കുന്നവനും, ആളത്വത്തിൽ മൂന്നായി ആരാധിക്കപ്പെടുന്നവനുമായ മഹിത ത്രിത്വമേ, പരമാർത്ഥതയോടുകൂടി അന്യോന്യം സമാധാനം നൽകുവാൻ ഞങ്ങൾക്കു കൃപയരുളണമേ. അതിനാൽ ദൈവികമായി നിന്നോടുള്ള ഐക്യത്തിലും അനശ്വരമായ സ്നേഹബന്ധത്തിലും ഞങ്ങളെ കാത്തുകൊള്ളണമേ. മഹനീയമായ നിന്റെ ഉയിർപ്പിന്റെ സന്തോഷദിനത്തിലും എല്ലാ പെരുനാളുകളിലും ഞങ്ങളുടെ ആയുഷ്ക്കാലം മുഴുവനും ഞങ്ങൾ നിന്നെ സ്തുതിക്കുമാറാകണമേ. ബ്കുലഹൂൻ...

ജനം: ആമ്മീൻ.

## സെദറാ

കാർമി: സൃഷ്ടികളുടെ ശാശ്വതസമാധാനവും സർവ്വസീമകളുടെയും ഭാഗങ്ങളുടെയും യഥാർത്ഥ ഐക്യവുമായ മിശിഹാതമ്പുരാനേ, നീ സ്നേഹമാകുന്നു; സ്നേഹമെന്നു നീ സംബോധന ചെയ്യപ്പെടുന്നു. മറ്റെല്ലാ നാമങ്ങളെയുംകാൾ ഈ നാമത്തിൽ നീ കൂടുതൽ സന്തുഷ്ടനാകുന്നു. ഇതിനാൽ മനുഷ്യസ്നേഹിയെന്നു നീ അറിയപ്പെടുന്നു. സ്നേഹത്തെ സ്വായത്തമാക്കിയവരെ നീ ആദരിക്കുന്നു. കുരിശിൽവച്ച് ശത്രുതയാകുന്ന വേലി പൊളിച്ചുകളഞ്ഞുകൊണ്ട് നിന്റെ രക്തത്താൽ ആകാശത്തിലും ഭൂമിയിലുമുള്ളവയെ നീ സ്വീകാര്യബലിയും പരിമളവാസനയുമായി നിന്നെത്തന്നെ അർപ്പിച്ചു. സ്വയംഭൂവായ നിന്റെ ദൈവത്വത്തിന്റെയും കാലത്തിലുളവായ നിന്റെ മനുഷ്യത്വത്തിന്റെയും അഭേദ്യമായ യോജിപ്പുമൂലം കോപത്തെ നീക്കി സ്വർഗ്ഗത്തെയും ഭൂമിയെയും നീ സംയോജിപ്പിച്ചു. അതിനാൽ ദൂരസ്ഥരെയും സമീപസ്ഥരെയും നീ വിളിച്ച് നിന്റെ ദിവ്യസ്നേഹത്തിന്റെയും അനാദ്യന്തമായ രാജ്യാവകാശത്തിന്റെയും ഐക്യത്തിൽ അവരെ നീ ബന്ധിച്ചു. പ്രധാന മാലാഖയുടെ ആശംസമൂലം കന്യകയായ മാതാവിനോട് നിന്റെ ഗർഭധാരണത്തെക്കുറിച്ച് അറിയിച്ചുകൊണ്ട് ലോകത്തോട് രമ്യതയും സമാധാനവും നീ പ്രസംഗിച്ചു. നിന്റെ

www.malankaralibrary.com



മാതാവ് നിന്റെ മുന്നറിയിപ്പുകാരനായ യോഹന്നാന്റെ മാതാവായ ഏലിശുബായെ സമാധാനാശംസയോടെ സന്ദർശിച്ചു. നിന്റെ സമാധാനത്തിന്റെ സന്തോഷംകൊണ്ട് യജമാനന്റെ സാന്നിദ്ധ്യത്തിൽ ദാസനെപ്പോലെ അവൻ നിന്റെ സന്നിധിയിൽ കുതിച്ചു ചാടി. നിന്റെ ജനനദിവസം ഈറേന്മാർ ഇടയന്മാർക്ക് സമാധാനം അറിയിച്ചു. സ്തുത്യർഹമായ നിന്റെ ഉയിർപ്പിനെ അറിയിച്ച സ്ത്രീകൾക്ക് നീ സമാധാനം നൽകി. വിശുദ്ധശ്ലീഹന്മാർ കൂടിയിരുന്ന മാളികയിൽ സമാധാനപൂർവ്വം പ്രവേശിച്ച് നിന്റെ പുനരുത്ഥാനത്തെക്കുറിച്ച് അവരെ സ്ഥിരചിത്തരാക്കി. നിന്നെ അയച്ചവന്റെ അടുക്കലേക്കു നീ ആരോഹണം ചെയ്തപ്പോൾ നിന്റെ ശ്ലീഹന്മാർക്കു നീ സമാധാനം നൽകുകയും, 'എന്റെ സമാധാനം ഞാൻ നിങ്ങൾക്കായി നൽകുന്നു. ലോകം നൽകുന്നതുപോലെയല്ല ഞാൻ നിങ്ങൾക്കു നൽകുന്നത്, ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കണമെന്നുള്ളതാകുന്നു എന്റെ കല്പന' എന്ന് അവരോട് അരുളിച്ചെയ്യുകയും ചെയ്തു.

ഞങ്ങളുടെ രക്ഷകാ, ഈ സ്നേഹം ഞങ്ങൾക്കായി കാത്തുകൊള്ളണമേ. അതിനാൽ ഞങ്ങളുടെ മാനസികവ്യാപാരങ്ങളെ നീ സ്ഥിരപ്പെടുത്തണമേ. നിന്റെ സ്നേഹത്താൽ ഞങ്ങളെ പരസ്പരം ബന്ധിക്കണമേ. നിന്റെ സ്നേഹം ഞങ്ങളിൽനിന്ന് ഭിന്നതകളും തർക്കങ്ങളും അകറ്റണമേ. നിന്റെ സ്നേഹം നിന്റെ ജീവപ്രദമായ കല്പനകൾ ആചരിക്കുവാൻ ഞങ്ങളെ പ്രാപ്തരാക്കണമേ. നിന്റെ സ്നേഹത്താൽ ഞങ്ങൾ സമാധാനത്തിന്റെയും രമ്യതയുടെയും സന്താനങ്ങളാകണമേ. സമാധാനത്താൽ ആത്മപാലകന്മാരെയും അജഗണത്തെയും രഞ്ജിപ്പിക്കണമേ. നിന്റെ സമാധാനംമൂലം ആചാര്യന്മാരെ കൂദാശകളാൽ ആനന്ദിപ്പിക്കണമേ. നിന്റെ സമാധാനത്താൽ സഭയെയും അവളുടെ സന്താനങ്ങളെയും പരിപൂർണ്ണരാക്കണമേ. തിരുസഭയെ നീ നയിക്കുകയും നിന്നിൽനിന്നുള്ള പ്രശാന്തതയാൽ അതിനെ അലങ്കരിക്കുകയും ചെയ്യണമേ. അതിന്റെ മക്കളെ നീ സന്തോഷിപ്പിക്കണമേ. അതിൽനിന്ന് അകന്നു നില്ക്കുന്നവരെ കൂട്ടിച്ചേർക്കണമേ സമാ

www.malankaralibrary.com



ധാനത്താൽ ശുശ്രൂഷികളെ പ്രശോഭിതരാക്കുകയും പാലക ന്മാരെ ഐകമത്യമുള്ളവരാക്കുകയും ചെയ്യണമേ. കോപിച്ചിരിക്കുന്നവരെ നീ രമ്യപ്പെടുത്തണമേ, ദുഃഖിതരെ സന്തോഷിപ്പിക്കണമേ. നിർദ്ദയരായ അധികാരികളിൽനിന്ന് ഞങ്ങളെ രക്ഷിക്കണമേ. ഞങ്ങളുടെ നോമ്പും നമസ്കാരവും കൈക്കൊള്ളണമേ. കരുണയും പാപമോചനവും ഞങ്ങൾക്കു പ്രദാനം ചെയ്യണമേ. നിന്റെ സമാധാനം ഞങ്ങളുടെ ഇടയിൽ വാഴണമേ. നിന്നോടുള്ള സ്നേഹം ഞങ്ങളുടെ ഹൃദയങ്ങളിൽ സുസ്ഥിരമാക്കണമേ. സമാധാനത്തിന്റെ ഉടയവനായ നിന്നെയും നിന്റെ പിതാവിനെയും സത്യസ്നേഹം പരിപൂർണ്ണമാക്കുന്ന നിന്റെ റൂഹായെയും ഞങ്ങൾ എന്നേക്കും സ്തോത്രം ചെയ്യുവാൻ ഇടയാക്കണമേ.

ജനം: ആമ്മീൻ.

## ഗീതം

### കൂക്കോയോ

ധന്യതയാർന്നൊരു സ്നേഹത്തരു, നീയെന്തഭികാമ്യം!
നീയധിവാസം ചെയ്യുമിടം നിന്നാൽ ശുഭപൂർണ്ണം
നിന്നാൽ ദൈവം അബ്രാം ഗൃഹമാർന്നു;
വൈദികരതിനാൽ ശുദ്ധാലയമേറി
നിന്നാൽ പൗലോസുരചെയ്തു: 'യാതനകൾ പീഢകൾ
കർതൃസ്നേഹത്തിൽനിന്നും എന്നെ മാറ്റില്ല'
ഹാലേലൂയ്യാ-ധന്യനിതേകിയവൻ.

സോദരനപരാധം ചെയ്താൽ വൈരം കൂടാതെ
ഏഴെഴുപതുപ്രാവശ്യം നീ ക്ഷമയേകീടേണം
സോദരനെപ്പോൽ നീയും പിഴ ചെയ്തോൻ
ഓർക്കിൽ നിനക്കും മോചനമാവശ്യം

രമ്യതയാലൊരുമിച്ചെന്നും ദിനരാത്രം നിങ്ങൾ
'ദേവാ, സ്തവ' മിതി ചൊല്ലണമെന്നേവം നമ്മോടായ്
ഹാലേലൂയ്യാ-അരുളി ദൈവസൂതൻ

ബാറെക്മോർ. ശുബ്ഹൊ....

www.malankaralibrary.com



‘സ്നേഹം നിസ്തുലമാകുന്നു അതിനെ പ്രാപിപ്പോൻ
ധന്യൻ കണ്ടിടുമുടയോനെ, എന്നരുളി പൗലോസ്
കണ്ടാൻ പരനെ ഗിരിമുകളിൽ മോശ
വിധിവേദിയതിൽ സഹദേരും കണ്ടു
തിരുസഭയവനെക്കുരിശിന്മേൽ സ്നേഹാൽ ദർശിച്ചു;
അനുദിനമിരവും പകലതിലും സ്തോത്രം പാടുന്നു.
ഹാലേ....ഉ.....ഹാലേലൂയ്യാ

മെൻഓലം........

പ്രിയരേ, ആയുധമാം നോമ്പിൽ തീക്ഷ്ണത കാട്ടീടുവിൻ
മിശിഹായിൽ പൂർണ്ണതയാർന്നോൻ നോമ്പാൽ ജയമാർന്നു
ആകൽക്കറുസായെ വെന്നവരതിനാൽ
ശോഭിതനായി സീനായിൽ മോശ;
അഗ്നിത്തേരിൽ ഏലിയാ സ്വർലോകം പൂകി;
ഉന്നതി സുകൃതികളാർജ്ജിച്ചു; മകുടം സഹദേരും
ഹാലേ....ഉ....ഹാലേ..... മൊറിയൊ റാഹേം...

## എത്രോ

കാർമി: കർത്താവേ, ഞങ്ങളുടെ ഹൃദയങ്ങളെ സമാധാനമന്ദിരങ്ങളും ഞങ്ങളുടെ മനസ്സിനെ ശാന്തിയുടെ തുറമുഖവും ആക്കണമേ. നിന്നോടും അന്യോന്യവുമുള്ള യഥാർത്ഥ സ്നേഹം ഞങ്ങളുടെ ആത്മാക്കളിൽ വിതയ്ക്കണമേ. സ്നേഹവും യോജിപ്പും ഐകമത്യവും ഭക്തിയും ഞങ്ങളിൽ സുസ്ഥിരമാക്കണമേ. അപ്രകാരം വിശുദ്ധിയോടെ ഞങ്ങൾ അന്യോന്യം സമാധാനം നൽകാനും പരമാർത്ഥതയോടെ അതു സ്വീകരിക്കാനും ഇടയാക്കണമേ. നിർമ്മലധൂപത്തിലും, ആസ്വാദ്യപരിമളത്തിലും പ്രീതികരമായ സുഗന്ധക്കൂട്ടിലും എന്നപോലെ ഞങ്ങൾ നിർവ്വഹിക്കുന്ന ഈ കർമ്മത്തിൽ നീ സന്തുഷ്ടനാകണമേ. സമാധാനത്താൽ സകലത്തെയും ആശ്വസിപ്പിക്കുന്നവനും ശാന്തിയിൽ സകലരെയും ആനന്ദിപ്പിക്കുന്നവനും നീയാകുന്നു.

www.malankaralibrary.com



നിനക്കും നിന്റെ പിതാവിനും ജീവനുള്ള പരിശുദ്ധാത്മാവിനും ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും സ്തുതിയും ബഹുമാനവും യോഗ്യമാകുന്നു. ആമ്മീൻ

## ഗീതം

*(ബ് സപ്രോസാവൂയ്/ ധരയെ നനപ്പാൻ മുകിലുകളേ, നിയമിച്ചാക്കിയ ...)*

തമ്മിൽ തമ്മിൽ സ്നേഹിക്കാം
സഹജരെ, കല്പന പൂർത്തിയതാം
　　ഉപവാസം ചിലർ ചെയ്തിടവെ
　　ഹൃദയം സ്പർധാ വൈരമയം
വീണ്ടു വെടിഞ്ഞോരിൽ ചിലരോ
കൊല്ലും ഗൂഢം സോദരനെ.

പതിനൊന്നാം മണി നേരത്തിൽ
വേലക്കാരെ വിളിച്ചോനേ!
　　നിൻ മഹിമയ്ക്കായ് ഞാൻ തീർത്തൊരു
　　മകുടം പതിനൊന്നാം മണിയിൽ
കൈക്കൊണ്ടങ്ങെ കീർത്തിപ്പാൻ
പാപവിമോചനമേകുക നീ. ബാറെക്മോർ

ശുബ്ഹൊ.......

സഭയേ, ശാന്തി സമാധാനം
നിന്നുടെ മതിലായ്ത്തീരട്ടെ!
　　കോപം വ്യാജമതെല്ലാം നിൻ
　　സ്നേഹത്തീയിലൊടുങ്ങട്ടെ!
നിൻ മണവാളൻ തൻ പെരുന്നാൾ
നീണാൾ നീയാഘോഷിക്ക.

മെൻഓലം...

www.malankaralibrary.com



ദേവാ, കൃപചെയ് ദയവോടെ
പതിവതുപോലീയടിയാരിൽ
കെണികൾ നിതരാം ഞങ്ങൾക്കായ്
വെയ്ക്കും രിപുവെ പായിക്ക
നിൻ സ്ലീബാ കാവൽ ഞങ്ങൾ-
ക്കതിൽ ഞങ്ങൾ പരിരക്ഷിതരാം.

കരുണാനിധിയാം ദേവേശാ
പാപികളെ നീ കേൾക്കണമെ,
അപരാധം ചെയ്തെന്നേൽപ്പൂ
കൃപതൻ കതകിൽ മുട്ടുന്നു
ശ്രീഭണ്ഡാരത്തിൽനിന്നും
അടിയാർക്കഘ മോചനമേകൂ.

മൊറിയൊ റാഹേം...

## മാർ യാക്കോബിന്റെ ബോവൂസാ

(നോമ്പിലെ രാഗം)

ഈശാ-ഞ-ങ്ങൾ വിളിചെയ്യുന്നു തുണയ്ക്കായ് നീ-വരിക
പ്രാ-ർത്ഥന കേ-ട്ടിട്ടാത്മാക്കളിൽ നീ ചെയ് കാ-രു-ണ്യം.

ഉടയോൻ ദേ-വാ ഈറയർ മാലാഖമാർ തൻ-നാഥാ
പ്രാ-ർത്ഥന കേ-ട്ടിട്ടാത്മാക്കളിൽ നീ ചെയ് കാ-രുണ്യം.

കോപിപ്പോ-രെ ബന്ധപ്പെട്ടിട്ടൈക്യം പ്രാ-പിപ്പിൻ
കോ-പിപ്പിച്ചോർ നമ്മെ നാഥൻ സ്നേഹത്താൽ ര-ഞ്ജിപ്പിച്ചു.

“കുറ്റം ചെ-യ്തോനണയട്ടെങ്കിൽ; ഞാനല്ലോ ശ്രേഷ്ഠൻ
ഞാ-നോ രമ്യത യാചിക്കേണ്ടു? കഷ്ടം” എന്നോതല്ലേ.

സ്നേഹിക്കേ-ണം ഭ്രാതാക്കളെ നിന്നംഗങ്ങൾ പോ-ലെ
യേ-ശു-നാഥൻ ഏകൻമാത്രം ഗാത്ര-ത്തിന്നുടെ ശീർഷം.

തൻ ഭ്രാ-താ-വെ സ്നേഹിക്കാത്തോൻ കർത്തൃവിദ്വേഷി
ഭ്രാ-തൃസ്നേഹി അടിമത്തം ഇനി ഒരുനാളും കാ-ണാ

www.malankaralibrary.com



ക്രോധാ-വിഷ്ടാ, അന്യരൊടായ് നീ രമ്യപ്പെട്ടാ-ലും
ഈശനെ ദ-ർശിച്ചവനൊടു നീയും സാ-ദൃശ്യം നേടും.

ദൈവ-സ്നേഹം തൻസാമ്രാജ്യംപോൽ നിന്നിൽ വാ-ഴാൻ
പോരും, പകയും, ദുഷ്ടമനസ്സും നീക്കിക്കൊള്ളുക നീയും.

കോപിപ്പോർക്കായ് രമ്യതയേകും താൻ സംസ്തുത്യൻ
ക്രൂ-ശാൽ ശാന്തി ലോകങ്ങൾക്കായ് തന്നോൻ ജാതൻ പൂജ്യൻ.

സന്തപ്തർക്കായ് മോചനമരുളും റൂഹായ്ക്കും സ്തോത്രം
ഞ-ങ്ങളിലെന്നും അൻപരുളീടും നാഥ-നായ് സ്തോത്രം.

സർവം കേ-ട്ടിട്ടഭ്യർത്ഥനയെ കൈക്കൊള്ളു-ന്നോനേ,
പ്രാർ-ത്ഥന കേ-ട്ടിട്ടാത്മാക്കളിൽ നീ കൃപ ചെയ്-നാഥാ

## വായനകൾ

1 യോഹ 4:11-21; 1 കോരി 13:4-10

ഹാ-ഉ-ഹാ-ദോഷപ്പൊറുതി ലഭിച്ചോനും
പാപങ്ങൾ മൂടപ്പെട്ടവനും ഭാഗ്യം-ഹാലേലൂയ്യാ.

## ഏവൻഗേലിയോൻ

(മത്താ 18: 18-35)

നിങ്ങൾ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും; നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിക്കപ്പെട്ടിരിക്കും. വീണ്ടും ഞാൻ നിങ്ങളോടു പറയുന്നു, ഭൂമിയിൽ നിങ്ങളിൽ രണ്ടുപേർ യോജിച്ചു ചോദിക്കുന്ന ഏതുകാര്യവും എന്റെ സ്വർഗ്ഗസ്ഥനായ പിതാവ് നിറവേറ്റിത്തരും. എന്തെന്നാൽ, രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ ഒരുമിച്ചു കൂടുന്നിടത്ത് അവരുടെ മധ്യേ ഞാൻ ഉണ്ടായിരിക്കും.

അപ്പോൾ പത്രോസ് മുന്നോട്ടുവന്ന് അവനോട് ചോദിച്ചു: കർത്താവേ, എന്നോടു തെറ്റുചെയ്യുന്ന എന്റെ സഹോദരനോടു ഞാൻ എത്ര പ്രാവശ്യം ക്ഷമിക്കണം? ഏഴു പ്രാവശ്യമോ? യേശു

www.malankaralibrary.com



അരുളിച്ചെയ്തു: ഏഴെന്നല്ല, ഏഴ് എഴുപതു പ്രാവശ്യം എന്നു ഞാൻ നിന്നോടു പറയുന്നു. സ്വർഗ്ഗരാജ്യം, തന്റെ സേവകൻമാരുടെ കണക്കു തീർക്കാൻ ആഗ്രഹിച്ച ഒരു രാജാവിനു സദൃശം. കണക്കു തീർക്കാൻ ആരംഭിച്ചപ്പോൾ പതിനായിരം താലന്തു കടപ്പെട്ടിരുന്ന ഒരുവനെ അവർ അവന്റെ മുമ്പിൽ കൊണ്ടുവന്നു. അവന് അതു വീട്ടാൻ നിർവ്വാഹമില്ലാതിരുന്നതുകൊണ്ട് അവനെയും ഭാര്യയെയും മക്കളെയും അവന്റെ സമസ്തവസ്തുക്കളെയും വിറ്റു കടം വീട്ടാൻ യജമാനൻ കല്പിച്ചു. അപ്പോൾ സേവകൻ വീണു നമസ്കരിച്ചുകൊണ്ടു പറഞ്ഞു; പ്രഭോ, എന്നോടു ക്ഷമിക്കണമേ. ഞാൻ എല്ലാം തന്ന് വീട്ടിക്കൊള്ളാം. ആ സേവകന്റെ യജമാനൻ മനസ്സലിഞ്ഞ് അവനെ വിട്ടയയ്ക്കുകയും കടം ഇളച്ചുകൊടുക്കുകയും ചെയ്തു. അവൻ പുറത്തിറങ്ങിയപ്പോൾ, തനിക്കു നൂറു ദനാറ നൽകാനുണ്ടായിരുന്ന തന്റെ സഹസേവകരിലൊരുവനെ കണ്ടുമുട്ടി. അവന്റെ കഴുത്തുപിടിച്ചു ഞെരിച്ചുകൊണ്ട് അവൻ പറഞ്ഞു: എനിക്കു തരാനുള്ളതു തന്നു തീർക്കുക. അപ്പോൾ ആ സഹസേവകൻ അവനോട് വീണപേക്ഷിച്ചു. എന്നോടു ക്ഷമിക്കണമേ. ഞാൻ തന്നു വീട്ടിക്കൊള്ളാം. എന്നാൽ, അവൻ സമ്മതിച്ചില്ല. കടംവീട്ടുന്നതുവരെ സഹസേവകനെ അവൻ കാരാഗൃഹത്തിലടച്ചു. സംഭവിച്ചതറിഞ്ഞ് മറ്റു സേവകൻമാർ വളരെ സങ്കടപ്പെട്ടു. അവർ ചെന്ന് നടന്നതെല്ലാം യജമാനനെ അറിയിച്ചു. യജമാനൻ അവനെ വിളിച്ചു പറഞ്ഞു; ദുഷ്ടനായ സേവകാ, നീ എന്നോടു കേണപേക്ഷിച്ചതുകൊണ്ടു നിന്റെ കടമെല്ലാം ഞാൻ ഇളച്ചുതന്നു. ഞാൻ നിന്നോടു കരുണ കാണിച്ചതുപോലെ നീയും നിന്റെ സഹസേവകനോടു കരുണ കാണിക്കേണ്ടതായിരുന്നില്ലേ? യജമാനൻ കോപിച്ച് കടം മുഴുവൻ വീട്ടുന്നതുവരെ അവനെ കാരാഗൃഹാധികൃതർക്ക് ഏല്പിച്ചുകൊടുത്തു. നിങ്ങൾ സഹോദരനോടു ഹൃദയപൂർവ്വം ക്ഷമിക്കുന്നില്ലെങ്കിൽ എന്റെ സ്വർഗ്ഗസ്ഥനായ പിതാവ് നിങ്ങളോടും ഇതുപോലെ തന്നെ പ്രവർത്തിക്കും.

www.malankaralibrary.com



## കോലൊ

*(ബ്തറഒക് മോറാൻ)*

ദേവാ, നിന്നുടെ നിധിനിലയത്തിൻ വാതിലിൽ മുട്ടി
കൃപയർത്ഥിക്കുന്നേൻ
ഏറിയകാലം നിന്നുടെ നേർവഴി വിട്ടോനാം ഞാൻ
പാപമുപേക്ഷിച്ചിനിയങ്ങെ കൃപയിൽ വാഴാൻ
ദയചെയ്തീടണമെ.

നിൻകരുണാ വാതിലിലല്ലാതിനിയെവിടെപ്പോയ്
മുട്ടിടും ഞങ്ങൾ?
രാജാക്കളുമടിപണിയുന്നൊരു രാജാധീശാ!
നിൻ കരുണയതല്ലാതില്ലീ ദോഷികൾ പേർക്കായ്
മാദ്ധ്യസ്ഥ്യം ചെയ്‌വാൻ ബാറെക്മോർ

ശുബ്ഹൊ.....

പിതാസുത പരിശുദ്ധാത്മാവേ! നീ അഭയമിവ-
ർക്കുന്നത ദുർഗ്ഗമതും;
ശിഷ്ടരെ ദുഷ്ടരിൽനിന്നും നീ വേറാക്കുമ്പോൾ
സാത്താൻ സൈന്യമതീന്നിവരെ കൃപയിൻ ചിറകാൽ
സംരക്ഷിക്കണമെ

മെൻഓലം....

ഇവർ യാചനയിൻ നാദം നിൻ സ്വർഗകവാടം
തുറന്നീടും താക്കോൽ
ദൂതവരേണ്യർ നിരകളിൽ നിന്നുദ്ഘോഷിക്കും
മൺമയർ ശബ്ദമഹോ മധുരം; നാഥനവർക്കായ്
ഉത്തരമരുളുന്നു. മൊറിയൊ റാഹേം...

www.malankaralibrary.com



## മാർ യാക്കോബിന്റെ ബോവൂസാ

(നോമ്പിലെ രാഗം)

ഈശാ-ഞ-ങ്ങൾ വിളിചെയ്യുന്നു തുണയ്ക്കായ് നീ-വരിക
പ്രാ-ർത്ഥന കേട്ടിട്ടാത്മാക്കളിൽ നീ ചെയ് കാ-രു-ണ്യം.

ഉടയോൻ ദേ-വാ, ഈറയർ മാലാഖമാർ തൻ നാഥാ,
പ്രാ-ർത്ഥന കേ-ട്ടിട്ടാത്മാക്കളിൽ നീ ചെയ് കാ-രു-ണ്യം.

നാഥാ-പാപപ്പൊറുതിക്കായ് ഞാൻ കാംക്ഷിച്ചീടുന്നു
കാ-ലാകാലം കൃപയർത്ഥിപ്പാൻ കണ്ണീർ ത-ന്നാലും

അപരിത്യാ-ജ്യം നിൻ കരുണയ്ക്കായ് ദാഹിക്കുന്നു ഞാൻ
കാരുണ്യാബ്ധേ, കരുണാമാരിയെ വർഷി-ച്ചീടെന്നിൽ.

വൈകി നേ-രം മരണത്തിൻ നിഴൽ വലയം ചെയ്തെന്നെ
സന്ധ്യാനേരം, എൻ രവിയാകുക നിൻ പ്ര-ഭ കാണും ഞാൻ.

ദ്രാക്ഷാത്തോപ്പിൻ പുറമെ നാഥാ മൃതനാക-ല്ലേ ഞാൻ
എ-ന്നനുതാ-പം നിൻ തിരുനേത്രം കൈ-ക്കൊള്ളേണമെ.

പാഴായ-വയിൽ ആശ്രയമേകിക്കാലം ഞാൻ പോക്കി
ജീ-വാന്ത്യത്തിൽ കൈക്കൊള്ളുകമാം നിന്റേ-താകാം ഞാൻ.

ഹിംസിപ്പാനായ് മായാരാജാവെയ്തെന്നിൽ ബാണം
സേ-നാധീശാ, ഔഷധമേകു സൗഖ്യം-ഞാൻ നേർക്കും.

നഷ്ടപ്പെ-ട്ടോരജപോതത്തെ തേടാൻ വന്നോനെ!
ആ-ട്ടിൻകൂട്ടം രക്ഷിച്ചോനെ സ്തോത്രം-നല്ലിടയാ.

നേരായ് നാഥാ നിന്നെ സ്തുതിചെയ്വാനാ-രാ-ലാവൂ?
താ-താന്മാവോടൊത്തു വസിക്കുമദൃശ്യാ സ്തോ-ത്രം തേ.

ഈശാ നാഥാ, ഉത്തരമരുളിക്കാരുണ്യം ചെയ്ക
മാനവഹൃത്തിനെ അനുതാപാർത്ഥം തിരിപ്പി-ച്ചീടണമെ.

**മോറാനേശുമിശിഹാ .........**

www.malankaralibrary.com



## കൗമാ

(കാർമ്മികൻ താഴെവരുന്ന അപേക്ഷകൾ മറ്റുള്ളവരെ അഭിമുഖീകരിച്ചുകൊണ്ട് ചൊല്ലുന്നു. ഓരോ അപേക്ഷയുടെയും അവസാനം അദ്ദേഹം മുട്ടുകുത്തുന്നു. കാർമ്മികൻ മുട്ടുകുത്തുമ്പോൾ മറ്റുള്ളവരും 'പിതാവെ, മോചനം നൽകി ഞങ്ങളോട് കരുണ ചെയ്യണമേ' എന്നു പറഞ്ഞുകൊണ്ട് മുട്ടുകുത്തി കുമ്പിടുന്നു. അല്പം കഴിഞ്ഞ് എല്ലാവരും എഴുന്നേൽക്കുന്നു.)

കാർമി: സഹോദരരേ, വാത്സല്യഭാജനങ്ങളേ, മിശിഹായെപ്രതി നിങ്ങൾ എന്നോടു ക്ഷമിപ്പിൻ. ഞാൻ നിങ്ങളോടു തെറ്റു ചെയ്തു. സ്നേഹത്തോടും ആത്മീയമായ ഐക്യത്തോടും പൈതൃകവാത്സല്യത്തോടുംകൂടി ജാഗരൂകനായ ഇടയനെപ്പോലെ നിങ്ങളേവരോടും ഞാൻ അനുശാസിക്കുന്നു; നിങ്ങളുടെ മുമ്പാകെ ഞാൻ സാഷ്ടാംഗം പ്രണമിക്കുകയും ചെയ്യുന്നു.

ജനം : പിതാവേ, മോചനം നൽകി ഞങ്ങളോട് കരുണ ചെയ്യണമേ

കാർമി: നിങ്ങളുടെ നിർവ്യാജസ്നേഹത്തോടു ഞാൻ അപേക്ഷിക്കുകയും അഭ്യർത്ഥിക്കുകയും ചെയ്യുന്നു. സഹോദരരേ, വാത്സല്യഭാജനങ്ങളേ, വരുവിൻ, ദൈവം നമ്മോടു രമ്യമാകുവാൻ നമുക്കു പരസ്പരം രമ്യപ്പെടാം. പരിശുദ്ധ ത്രിത്വത്തിന്റെ ബഹുമതിക്കായി ഞാൻ സാഷ്ടാംഗം പ്രണമിക്കുന്നു

ജനം: പിതാവേ.......

കാർമി: തകർന്ന ഹൃദയത്തോടും സമർപ്പണമനസ്സാക്ഷിയോടുംകൂടെ നിങ്ങളെല്ലാവരുടെയും മുൻപിൽ നിങ്ങളുടെ സ്നേഹത്തോടു ഞാൻ അഭ്യർത്ഥിക്കുകയും ദൃഢസ്വരത്തിൽ അനുശാസിക്കുകയും ചെയ്യുന്നു. സഹോദരങ്ങളേ, വാത്സല്യഭാജനങ്ങളേ, വരുവിൻ നമുക്ക് അന്യോന്യം രമ്യപ്പെടാം. "നിങ്ങൾ പരസ്പരം തെറ്റുകുറ്റങ്ങൾ ക്ഷമിച്ചാൽ നിങ്ങളോടും ക്ഷമിക്കപ്പെടും" എന്ന തിരുവചനമനുസരിച്ച് ദൈവം നമ്മോട് പ്രീതിപ്പെട്ട്

www.malankaralibrary.com



കടങ്ങളും പാപങ്ങളും ക്ഷമിക്കുവാൻവേണ്ടി നാമോരോരുത്തരും സഹോദരങ്ങളോടു ചെയ്തുപോയിട്ടുള്ള തെറ്റുകളും കുറ്റങ്ങളും പരസ്പരം ക്ഷമിക്കണം. ദൈവമായ കർത്താവ് എന്റെയും നിങ്ങളുടെയും പാപങ്ങൾ ക്ഷമിച്ച് മോചനമരുളട്ടെ.

ജനം: പിതാവേ......

(ജനത്തിനുവേണ്ടിയുള്ള പ്രാർത്ഥന)

കാർമി: ഈ വിശുദ്ധ നോമ്പിന്റെ ആരംഭം അനുഗൃഹീതമായിരിക്കട്ടെ. ഇതിന്റെ അവസാനവും അപ്രകാരമായിരിക്കട്ടെ. ദൈവേഷ്ടപ്രകാരം ഇതനുഷ്ഠിക്കുന്നതിനു നിങ്ങളെല്ലാവരെയും അവിടുന്നു സഹായിക്കട്ടെ. ഭക്തക്രിസ്ത്യാനികളുടെ ശത്രുവായ സാത്താന്റെ രഹസ്യവും പരസ്യവുമായ കെണികളെ ദൈവം നമ്മിൽനിന്നും അകറ്റട്ടെ. നമ്മുടെ കർത്താവായ യേശുമിശിഹാ തന്റെ നോമ്പിന്റെ അന്ത്യത്തിൽ 'സാത്താനെ, നീ എന്റെ പിറകിൽ പോകുക' എന്നു പറഞ്ഞ് അവനെ തോല്പിച്ചതുപോലെ ഇപ്പോൾ ദുഷ്ടന്റെ പരീക്ഷണങ്ങളിൽനിന്ന് അവൻ നിങ്ങളെ വിടുവിക്കട്ടെ. ദൈവമാതാവായ മറിയാമിന്റെയും സകല പരിശുദ്ധന്മാരുടെയും പ്രാർത്ഥനയാലും സ്ലീബായുടെ ശക്തിയാലും കർത്താവ് നിങ്ങളെ കാത്തു സഹായിക്കുമാറാകട്ടെ.

ജനം: ആമ്മീൻ.

(വിശ്വാസപ്രമാണത്തിനുശേഷം 40 കുമ്പിടീൽ നടത്തുകയും, നിന്നാൾ സ്തുതിയൊടു .... നയവാൻ പനപോലെ.... ഇത്യാദി ചൊല്ലുകയും ചെയ്തശേഷം എല്ലാവരും പരസ്പരം സമാധാനം കൊടുക്കുന്നു. ആദ്യം പുരോഹിതന്മാർ മൂപ്പുമുറയ്ക്ക് കൈകസൂരി കൊടുത്തിട്ട് ഹൈക്കലായിൽ വടക്കുവശത്ത് പടിഞ്ഞാറോട്ട് ഒരു ലൈൻ നിൽക്കുന്നു. തുടർന്നു പുരുഷന്മാർ പട്ടക്കാരുടെ കൈമുത്തി സമാധാനം പ്രാപിച്ചിട്ട് അവരും ലൈൻ നിന്ന് സമാധാനം കൊടുക്കുന്നു. പിന്നീടു സ്ത്രീകൾ പട്ടക്കാരുടെ കൈമുത്തിയശേഷം തെക്കുവശത്ത് ലൈൻ നിന്ന് പരസ്പരം സമാധാനം കൊടുക്കുന്നു.)

*****

www.malankaralibrary.com



# പകുതിനോമ്പ്

## ഗോഗുൽത്താ പ്രതിഷ്ഠ

(അമ്പതുനോമ്പിന്റെ മദ്ധ്യദിവസമായ ബുധനാഴ്ച ആരംഭിക്കുന്ന സന്ധ്യയ്ക്ക് ഗോഗുൽത്തായുടെ പ്രതിരൂപമായ കുരിശോടുകൂടിയ 'സ്റ്റാൻഡ്' തയ്യാറാക്കി വയ്ക്കുന്നു. ബുധനാഴ്ച രാവിലെ ഏഴരയുടെ പ്രാർത്ഥനയും വി. കുർബാനയുടെ ഒരുക്കശുശ്രൂഷയും നടത്തിയശേഷം അംശവസ്ത്രധാരിയായ പുരോഹിതൻ കുരിശെടുത്തു പ്രതിഷ്ഠിക്കുന്നു. വി.കുർബാനയിലെ 'ബസ്മൽക്കോ' കഴിഞ്ഞ് ഈ ശുശ്രൂഷ നടത്തുന്ന പതിവും ഉണ്ട്.)

### ഗീതം

(കൂക്കോയൊ രീതി)

സ്ലീബായെ-വന്ദിച്ചീടാൻ ഹെലെ-നാ രാ-ജ്ഞി
രാജപുരി റോമായിൽ നിന്നെത്തി ഊർശ്ലേമിൽ
യുദന്മാരെ കൂട്ടിച്ചോദിച്ചു
കാട്ടീടാമോ സ്ലീബാ വച്ചൊരിടം?
ഞങ്ങൾക്കുണ്ടേകൻ തലവൻ, അവനോടാരാഞ്ഞാൽ
മിശിഹാതൻ സ്ലീബാ മരുവും സ്ഥാനം കാട്ടീടും
ഹാലേലൂയ്യാ എന്നവരുരചെയ്തു

അമ്മാനുവേൽ ആലോഹൊ മരത്തിന്മേൽ തൂങ്ങി
മല്ലൻ ബലവാൻ തനയൻ താൻ തല ചായ്ച്ചു മരിച്ചു
റൂഹാ മാത്രം-വിട്ടല്ലോ തരുവിൻ
സാരംശം തൻ-മേനി വെടിഞ്ഞില്ല.
മാനുഷജീവൻ തനുവിട്ടു സാരാംശമതല്ലാ
ഉന്നതനെ കുരിശിച്ചവരാം യൂദർ വിലപിക്കുമെ
ഹാലേലൂയ്യാ കഷ്ടമവർക്കെന്നും.

www.malankaralibrary.com



## സ്ലീബാ ആഘോഷം

(കിഴക്കഭിമുഖമായി)

കാർമി: ഞങ്ങളുടെ മിശിഹാതമ്പുരാനേ, പ്രവാചകതലവനായ മോശയുടെ വടി സൂചിപ്പിച്ച രഹസ്യം നിന്നെ ദൃഷ്ടാന്തപ്പെടുത്തി. ഇസ്രായേൽക്കാരുടെ പാളയമദ്ധ്യത്തിൽ അതു സ്ഥാപിക്കപ്പെട്ട പ്പോൾ രക്ഷാകരമായ നിന്റെ കുരിശിനെ അതു സൂചിപ്പിക്കുന്നു. വിശുദ്ധ സഭ അവളുടെ മക്കളുടെ കാവലിനും ആണ്ടുവട്ടത്തിന്റെ അനുഗ്രഹത്തിനും വിളവുകളുടെ സമൃദ്ധിക്കും സകലവിധ നാശ നഷ്ടങ്ങളിൽനിന്നുമുള്ള അവയുടെ സംരക്ഷണത്തിനും ശിക്ഷ കളുടെ ദൂരീകരണത്തിനുംവേണ്ടി ഈ വിശുദ്ധ നോമ്പിന്റെ മദ്ധ്യ ത്തിൽ ജീവദായകമായ നിന്റെ സ്ലീബായെ ആഘോഷിക്കുന്നു. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും ഇപ്പോഴും എല്ലാസമയത്തും എന്നേക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കും. ആമ്മീൻ.

## പെസ്ഗോമൊ

നിന്റെ ശക്തിയാൽ ഞങ്ങളുടെ ശത്രുക്കളെ ഞങ്ങൾ തോല്പിക്കുകയും നിന്റെ നാമത്തിൽ ഞങ്ങളുടെ വൈരികളെ കീഴ്പ്പെടുത്തുകയും ചെയ്യും.

## മസ് അക്കോനൂസൊ

കാർമി: പിത്തളസർപ്പത്തെ ദർശിച്ചവരെല്ലാം സുഖം പ്രാപിച്ചി രുന്നു. സ്ലീബായെ വന്ദിക്കുന്നവരാകട്ടെ അവരുടെ ക്ലേശങ്ങൾക്കു ശമനം കണ്ടെത്തുന്നു. അതിനാൽ കരുണാസമ്പന്നനായ കർത്താവേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

ജനം : കുറി ....... കുറി ...... കുറി .......

www.malankaralibrary.com



(പടിഞ്ഞാറഭിമുഖമായി)

ഞങ്ങളുടെ മിശിഹാതമ്പുരാനേ, ഞങ്ങൾ നിഗളത്തിൽനിന്നും ആത്മപ്രശംസയിൽനിന്നും വിമോചിതരായി, വിശുദ്ധ ദീർഘദർശിമാർ മുൻകൂട്ടി സൂചിപ്പിച്ച നിന്റെ വിശുദ്ധ രഹസ്യങ്ങളെ അനുസ്മരിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമെ. ജീവദായകമായ നിന്റെ സ്ലീബായുടെ രക്ഷാകരമായ അടയാളം ഞങ്ങളുടെ ഹൃദയത്തിൽ പതിക്കണമേ. അതിന്റെ ദർശനത്താൽ ഞങ്ങളുടെ മനസ്സ് നിർമ്മലമാകുകയും, അതിനെ വന്ദിക്കുന്നതിനാൽ ഞങ്ങളുടെ വിചാരങ്ങൾ ശുദ്ധീകരിക്കപ്പെടുകയും ചെയ്യണമെ. സകല ദുഷ്ടസേനകളും ഞങ്ങളിൽനിന്ന് ഓടിയകലട്ടെ. സ്ലീബായുടെ അടയാളം വഹിക്കുന്ന ഞങ്ങൾ വഞ്ചകാത്മാക്കൾക്കു ഭയകാരണമായിത്തീരണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും ഇപ്പോഴും എല്ലാസമയത്തും എന്നേക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കും. ആമ്മീൻ.

## പെസ്ഗോമൊ

അവനിൽ ദൃഷ്ടിയുറപ്പിച്ച് അവനിൽ ശരണപ്പെടുവിൻ; നിങ്ങൾ ലജ്ജിതരാകുകയില്ല.

## മസ് അക്കോനൂസൊ

കാർമ്മി: നോമ്പിന്റെ മദ്ധ്യത്തിൽ ജീവദായകമായ സ്ലീബായുടെ അടയാളം നമുക്കായി സ്ഥാപിച്ച രക്ഷകന്റെ വിസ്മയനീയ വ്യാപാരം എത്രയോ വിശിഷ്ടമാകുന്നു. അതിനാൽ കരുണാസമ്പന്നനായ കർത്താവേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

ജനം : കുറി...... കുറി...... കുറി.......

www.malankaralibrary.com



(വടക്കഭിമുഖമായി)

കാർമി: പൂർവ്വിക ദീർഘദർശിമാർ സൂചിപ്പിക്കുകയും പാളയമദ്ധ്യത്തിൽ നാട്ടിയ പിത്തളസർപ്പംമുഖേന മോശ ദൃഷ്ടാന്തപ്പെടുത്തുകയും ചെയ്തവനായ ദൈവമേ, നീ സ്ലീബാമേൽ ഉയർത്തപ്പെട്ടപ്പോൾ നിന്നെ ആരാധിക്കുവാനായി സൃഷ്ടികളെ നീ ആകർഷിച്ചു. ഫറവോനെയും അമാലേക്കിനെയും നീ നശിപ്പിച്ചു. കർത്താവേ, നിന്റെ സ്ലീബായുടെ പാർശ്വങ്ങളിൽ ഞങ്ങളെ മറച്ചുകൊള്ളണമേ. കറുത്തവനായ അബ്ഗാറിന്റെ അപേക്ഷ കേട്ട് വേദനകളിൽനിന്നും രോഗങ്ങളിൽനിന്നും അവനു സ്വസ്ഥത നൽകിയതുപോലെ ബലഹീനരും പാപികളുമായ നിന്റെ ദാസരാകുന്ന ഞങ്ങളുടെ നോമ്പും പ്രാർത്ഥനയും കൈക്കൊണ്ട് നിന്റെ സ്ലീബായാൽ ഞങ്ങളുടെ മുറിവുകളെ സൗഖ്യമാക്കണമേ, നിന്റെ കരുണയാൽ ഞങ്ങളുടെ കടങ്ങളും പാപങ്ങളും പരിഹരിക്കണമേ. ഞങ്ങൾ നിനക്കും നിന്റെ ഏകജാതനും പരിശുദ്ധാത്മാവിനും ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കും. ആമ്മീൻ.

## പെസ്ഗോമൊ

വൈരികളിൽനിന്ന് ഞങ്ങളെ നീ വിടുവിക്കുകയും ഞങ്ങളുടെ ശത്രുക്കളെ നീ ലജ്ജിപ്പിക്കുകയും ചെയ്തു.

## മസ് അക്കോനൂസൊ

കാർമി: മനുഷ്യരായ നമുക്കു ദുഷ്ടനോടെതിരിടുവാൻ ശക്തിയില്ലാതിരുന്നതിനാൽ കർത്താവു നോമ്പോടൊപ്പം ജീവപ്രദമായ സ്ലീബായും നമുക്കു തന്നു. അതിനാൽ കരുണാസമ്പന്നനായ കർത്താവേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

ജനം : കുറി ...... കുറി ...... കുറി .......

www.malankaralibrary.com



(തെക്കഭിമുഖമായി)

കാർമി: പിത്തളസർപ്പത്താൽ സൂചിപ്പിക്കപ്പെടുകയും ഉപമിക്കപ്പെടുകയും ചെയ്ത മിശിഹാതമ്പുരാനേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. പാപത്തിന്റെ മാരകവിഷം ഞങ്ങളിൽനിന്നു നീക്കിക്കളയണമേ. സാത്താന്റെ ദംശനത്തിൽനിന്ന് ഞങ്ങളുടെ ആത്മശരീരങ്ങളെ സുഖമാക്കണമേ. പിത്തളസർപ്പത്തിൽ ദൃഷ്ടിയുറപ്പിച്ചവരെ അതു സുഖമാക്കിയതുപോലെ ഞങ്ങളുടെ ദൃഷ്ടി നിന്നിലും നിന്റെ സ്ലീബായിലും പതിഞ്ഞിരിക്കുന്നതിനാൽ ഞങ്ങളുടെ ക്ലേശങ്ങളും രോഗങ്ങളും നീ സുഖമാക്കണമേ. ഞങ്ങളുടെ ശരണവും പ്രത്യാശയും എപ്പോഴും നിന്നിൽ ഞങ്ങൾ സമർപ്പിക്കുന്നു. ഞങ്ങളുടെ രക്ഷകനും സമുദ്ധാരകനും നീയാണെന്നു ഞങ്ങൾ ഏറ്റുപറയുന്നു. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും ഇപ്പോഴും എല്ലാസമയത്തും എന്നേക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കും. ആമ്മീൻ.

## പെസ്ഗോമൊ

നീ എനിക്കു രക്ഷയുടെ പരിച നൽകി. നിന്റെ വലത്തുകൈ എന്നെ സഹായിക്കുകയും നിന്റെ ശിക്ഷണം എന്നെ വളർത്തുകയും ചെയ്യട്ടെ.

## മസ് അക്കോനൂസൊ

കാർമി: ദുഷ്ടനെയും അവന്റെ സൈന്യത്തെയും ജയിച്ച് ആത്മികജീവൻ നേടുവാനായി നോമ്പിന്റെ മദ്ധ്യത്തിൽ നമ്മുടെ രക്ഷകൻ ജീവദായകമായ സ്ലീബായെ നമുക്കു കല്പിച്ചു തന്നു. അതിനാൽ കരുണാസമ്പന്നനായ കർത്താവേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

ജനം : കുറി ...... കുറി ...... കുറി .......

## ഹൗദ് മാലാഖെ... പുറം 82

(സ്ലീബാ ആഘോഷം കഴിഞ്ഞ് സ്ലീബാ 'മ്നോർത്തൊ'യിൽ സ്ഥാപിച്ച് പള്ളിയുടെ മദ്ധ്യത്തിൽ വയ്ക്കുന്നു.)

*****

www.malankaralibrary.com

# നാല്പതാം വെള്ളിയാഴ്ച

(സിറിയായിലെ സുറിയാനി കത്തോലിക്കരുടെ പ്രാർത്ഥനക്രമത്തിൽ നിന്ന്. ഈ ശുശ്രൂഷ ഏഴരയുടെ പ്രാർത്ഥനയ്ക്കുശേഷം വി.കുർബാനയ്ക്കു മുമ്പു നടത്തുകയാണു പതിവ്. യാമപ്രാർത്ഥനകൾ നോമ്പിന്റെതാണെങ്കിലും വി.കുർബാനയുള്ളതിനാൽ രാത്രി പ്രാർത്ഥന പെരുന്നാൾ മുറയ്ക്കു നടത്തേണ്ടതാണ്. നാല്പതു കുമ്പിടീൽ ഇല്ല.)

## പ്രാരംഭപ്രാർത്ഥന

കാർമി: ശുബ്ഹൊ.....

ജനം: ബലഹീനരും ......

കാർമി: ഞങ്ങളുടെ ദൈവമായ മിശിഹാ, നീ ഞങ്ങൾക്കുവേണ്ടി നാല്പതു ദിവസം ഉപവസിക്കുകയും നോമ്പാലും പ്രാർത്ഥനയാലും സാത്താനെ ജയിക്കുന്നതിന് നിന്റെ സഭയെ പഠിപ്പിക്കുകയും ചെയ്തു. നീ ശരീരത്തിൽ നോമ്പനുഷ്ഠിച്ച്, നിന്നോടെതിർക്കുവാൻ വന്ന ദുഷ്ടശത്രുവിനെ നിശ്ശേഷം തോല്പിച്ചു. നിന്റെ കൃപനിമിത്തം വിശുദ്ധ നോമ്പാൽ ഞങ്ങൾക്കു ജയവും വിശുദ്ധിയും നൽകാമെന്നു നീ വാഗ്ദാനം ചെയ്തു. തിരുമുമ്പാകെ ഞങ്ങളുടെ നോമ്പു സമർപ്പിച്ചുകൊണ്ട് നിന്റെ കൃപയ്ക്കു ഞങ്ങൾ സ്തോത്രം തരുന്നു. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും ഇപ്പോഴും എല്ലാ സമയത്തും എന്നേയ്ക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കും.

ജനം: ആമ്മീൻ

### സങ്കീർത്തനം 51 പുറം 2

### എനിയോനൊ

കർത്താവേ, ആദാമിന്റെ ഭക്ഷണപ്രിയവും ദുരാഗ്രഹവുംനിമിത്തം ഞങ്ങളെ കീഴടക്കിയ ദുഷ്ടന്റെമേൽ നോമ്പാൽ

www.malankaralibrary.com



ഞങ്ങൾക്കു നീ വിജയം നേടിത്തന്നു. അതിനാൽ നിന്നെ ഞങ്ങൾ സ്തുതിക്കുന്നു.

ജനം : ദൈവമേ, നിനക്കു സ്തോത്രം

ശരീരം ധരിച്ചവനായ മിശിഹാതമ്പുരാനേ, ആദാമിനു മരണം വരുത്തിയ ദുർമ്മോഹത്തെ നിന്റെ നോമ്പാൽ നീ നിഹനിച്ചു. അതിനാൽ ഞങ്ങൾ ഉച്ചത്തിൽ നിന്നെ സ്തുതിക്കുന്നു.

ദൈവമേ, നിനക്കു സ്തോത്രം.

മരുഭൂമിയിൽ ഉപവാസമനുഷ്ടിച്ച മിശിഹാതമ്പുരാൻ സാത്താനെ ജയിച്ചു. അതിനാൽ മാലാഖമാർ അവനു പുതിയ സ്തോത്രം പാടി. കർത്താവേ, ഞങ്ങളും ഉച്ചത്തിൽ നിന്നെ സ്തുതിക്കുന്നു.

ദൈവമേ, നിനക്കു സ്തോത്രം. ബാറെക്മോർ

ശുബ്ഹൊ.... മെൻഓലം...

കർത്താവേ, വിശുദ്ധിയോടുകൂടെ നിന്നെ ആരാധിക്കുന്നതിനും നിന്റെ രാജ്യത്തിനവകാശികളാകുന്നതിനും ഞങ്ങളെ യോഗ്യരാക്കണമേ.

ദൈവമേ, നിനക്കു സ്തോത്രം.

സ്തൗമെൻകാലൊസ് കുറി......

## പ്രുമിയോൻ

കാർമ്മി: നാമെല്ലാവരും പ്രാർത്ഥിച്ച്...

ജനം: കാരുണ്യവാനായ...

കാർമ്മി: സ്തുതിയും സ്തോത്രവും...

നമ്മുടെ രക്ഷകനായ മിശിഹാതമ്പുരാനു സ്തുതി. പിതാവായ ദൈവത്തിന്റെ വചനമായ അവൻ നമുക്കുവേണ്ടി മനുഷ്യനായിത്തീരുകയും നമ്മെ ശുദ്ധീകരിക്കുവാനായി നാല്പതു ദിവസം ഉപവാസം അനുഷ്ഠിക്കുകയും, നമ്മെ സ്വതന്ത്രരാക്കു

www.malankaralibrary.com



വാൻവേണ്ടി സ്വമനസ്സാ വിശപ്പു സഹിക്കുകയും ചെയ്തു. മനുഷ്യവർഗ്ഗത്തെ ദ്വേഷിക്കുന്ന സാത്താനോടു ആത്മീയമായി ദ്വന്ദയുദ്ധം ചെയ്യുവാനായി അവൻ ഇറങ്ങിവന്ന് അത്ഭുതകരമായ പോരാട്ടത്തിന്റെ അവസാനത്തിൽ ശക്തിയുള്ള ആയുധം നമുക്ക് ഏൽപ്പിച്ചുതരികയും, പറുദീസായിൽവച്ചു നമ്മൾ തോല്ക്കുന്നതിനു കാരണമാക്കിയ ദുരാഗ്രഹത്തെയും ഭക്ഷണപ്രിയത്തെയും സംയമനം ചെയ്യുന്നതിനു നമ്മെ അഭ്യസിപ്പിക്കുകയും ചെയ്തു. അവനു നാല്പതാം വെള്ളിയാഴ്ചയുടെ ശുശ്രൂഷ നിർവ്വഹിക്കപ്പെടുന്ന ഈ സമയത്തും സകല പെരുന്നാളുകളിലും നമ്മുടെ ആയുഷ്ക്കാലം മുഴുവനിലും സ്തുതിയും ബഹുമാനവും ആരാധനയും യോഗ്യമാകുന്നു. ബ്കുലഹൂൻ...

ജനം: ആമ്മീൻ

## സെദറാ

ഞങ്ങളുടെ സത്യദൈവമായ യേശുമിശിഹാ, നിന്റെ സ്നേഹത്തിനർഹമായ സ്തോത്രം തരുവാൻ ശരീരം ധരിച്ചിട്ടുള്ളവരിൽ ആരുടെ അധരത്തിനു സാധിക്കും? വന്ദ്യനായ ദൈവമേ, നിന്റെ മനുഷ്യസ്നേഹത്തിനുചിതമായ സ്തുതിയർപ്പിക്കുവാൻ മതിയായ വചനങ്ങൾ ആർക്കാണുള്ളത്? വചനമായ ദൈവമേ, സകല വാക്കുകളും പദസഞ്ചയങ്ങളും നിന്നിൽ നിന്നാകുന്നു. സർവ്വ സ്തോത്രവും മഹിമയും നിനക്കുള്ളതാകുന്നു. സമൃദ്ധമായ ദാനങ്ങളും അനുഗ്രഹങ്ങളും നിന്നിൽനിന്നു പുറപ്പെടുന്നു. നിന്റെ പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ നീ നിന്റെ സാദൃശ്യത്തിൽ ഞങ്ങളെ നിർമ്മിച്ചു. ഞങ്ങളുടെ നവീകരണത്തിനും രക്ഷയ്ക്കുംവേണ്ടി കാലാവസാനത്തിൽ സ്വയം താഴ്ത്തിയവനായ നീ നിന്റെ ശരീരധാരണം വഴി, ഞങ്ങളെ പൂർവ്വാവസ്ഥയിലേക്കു നടത്തുകയും, ഞങ്ങൾക്കു മാർഗ്ഗദർശനം നൽകുകയും ചെയ്തു. നാല്പതു ദിവസത്തെ വിശുദ്ധ നോമ്പിന്റെ അന്ത്യദിവസമായ ഇന്ന്, കർത്താവായ നിന്റെ തിരു

www.malankaralibrary.com



മുമ്പാകെ ഈ സുഗന്ധധൂപത്തോടുകൂടെ യാചനകളും പ്രാർത്ഥനകളും ഞങ്ങൾ സമർപ്പിക്കുന്നു. കർമ്മനിരതരായ വേലക്കാർക്കു ജീവദായകമായ നിന്റെ സുവിശേഷത്തിൽ നല്കിയിട്ടുള്ള വാഗ്ദാനങ്ങൾ ഞങ്ങളിൽ നിറവേറ്റണമേ. കർത്താവേ, നാല്പതു ദിവസത്തെ നോമ്പിന്റെ ഈ പര്യവസാനത്തിൽ, ബലഹീനരായ ഞങ്ങളെ ഉത്തമന്മാർക്കു നീ വാഗ്ദാനം ചെയ്തിട്ടുള്ള നല്ലതും ശ്രേഷ്ഠവുമായ കൂലിക്ക് അർഹരാക്കണമേ. പുണ്യവാന്മാർക്കു നീ കല്പിച്ചരുളിയ ആത്മധൈര്യം നിന്നെ നോക്കി വിളിക്കുന്ന നിന്റെ ദാസന്മാർക്കു ഇന്നു നൽകണമേ. നീതിമാന്മാരെ നീ സ്വർഗ്ഗത്തിലേക്കു വിളിക്കുന്ന ഇമ്പകരമായ ശബ്ദം കേൾക്കുന്നതിന് ഇന്നു ഞങ്ങളെ യോഗ്യരാക്കണമേ. നിന്റെ തിരുവിഷ്ടം പൂർണ്ണമായി നിറവേറ്റിയിട്ടുള്ള സത്തമർക്കു നീ നൽകുന്ന കിരീടങ്ങൾ പ്രാപിക്കുവാൻ ഞങ്ങളും അർഹരാകുവാൻ അനുഗ്രഹം നൽകണമേ. ഉത്കൃഷ്ടവും അക്ഷയവുമായ നിന്റെ വിരുന്നിനു ഞങ്ങളെ യോഗ്യരാക്കണമേ. ജീവദായകവും ദുഃഖരഹിതവുമായ നിന്റെ പെസഹായിൽ സംബന്ധിക്കുവാനും ബുദ്ധിമതികളായ കന്യകമാരോടുകൂടെ നിന്റെ പ്രകാശമണവറയിൽ പ്രവേശിക്കുവാനും ഞങ്ങളെ യോഗ്യരാക്കണമേ. ഞങ്ങളുടെ ഇടയിൽ ആത്മാവിലും ശരീരത്തിലും രോഗികളായവർക്ക് പൂർണ്ണ ആരോഗ്യം നൽകണമേ. ദുഷ്ടന്റെ ബന്ധനത്തിൽ പെട്ടിരിക്കുന്നവർക്കു മോചനവും സ്വാതന്ത്ര്യവും നൽകണമേ. പാപവികാരങ്ങൾക്കും ദുർജ്ജനങ്ങൾക്കും അടിമപ്പെട്ടിരിക്കുന്നവർക്കു വിടുതൽ നൽകണമേ. ദുഃഖിതരെ നീ ആശ്വസിപ്പിക്കണമേ; വീണുപോയവരെ എഴുന്നേല്പിക്കണമേ. ക്രിസ്തീയസമൂഹങ്ങൾക്കെല്ലാം രക്ഷയും ആശ്വാസവും നൽകണമേ. വിശ്വാസികളായ മരിച്ചവരെ പുണ്യപ്പെടുത്തണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും ഇപ്പോഴും എല്ലാസമയത്തും എന്നേക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കും.

ജനം: ആമ്മീൻ.

www.malankaralibrary.com



## വേദവായന

ജറെ 7:1-10; ഏശ 58:1-8

1 പത്രോ 1:13-20; റോമ 13:11-14

## പെസ്ഗോമൊ

ഹാ-ഉ-ഹാ നിന്റെ ശക്തിയാൽ ഞങ്ങളുടെ ശത്രുക്കളെ ഞങ്ങൾ തോല്പിക്കുകയും നിന്റെ നാമത്തിൽ ഞങ്ങളുടെ വൈരികളെ കീഴ്പ്പെടുത്തുകയും ചെയ്യും. ഹാലേലൂയ്യാ.

## ഏവൻഗേലിയോൻ

മത്താ 4:1-11

അനന്തരം, പിശാചിനാൽ പരീക്ഷിക്കപ്പെടുന്നതിന് യേശുവിനെ ആത്മാവ് മരുഭൂമിയിലേക്കു നയിച്ചു. യേശു നാല്പതു ദിനരാത്രങ്ങൾ ഉപവസിച്ചു. അപ്പോൾ അവനു വിശന്നു. പ്രലോഭകൻ അവനെ സമീപിച്ചു പറഞ്ഞു: നീ ദൈവപുത്രനാണെങ്കിൽ ഈ കല്ലുകൾ അപ്പമാകാൻ പറയുക. അവൻ പ്രതിവചിച്ചു: മനുഷ്യൻ അപ്പം കൊണ്ടുമാത്രമല്ല, ദൈവത്തിന്റെ നാവിൽനിന്നു പുറപ്പെടുന്ന ഓരോ വാക്കുകൊണ്ടുമാണ് ജീവിക്കുന്നത് എന്ന് എഴുതപ്പെട്ടിരിക്കുന്നു. അനന്തരം, പിശാച് അവനെ വിശുദ്ധ നഗരത്തിലേക്കു കൂട്ടിക്കൊണ്ടുപോയി ദേവാലയത്തിന്റെ അഗ്രത്തിൽ കയറ്റി നിർത്തിയിട്ടു പറഞ്ഞു: നീ ദൈവപുത്രനാണെങ്കിൽ താഴേക്കു ചാടുക; നിന്നെക്കുറിച്ച് അവൻ തന്റെ ദൂതന്മാർക്കു കല്പന നൽകും; നിന്റെ പാദം കല്ലിൽ തട്ടാതിരിക്കാൻ അവർ നിന്നെ കൈകളിൽ താങ്ങിക്കൊള്ളും എന്ന് എഴുതപ്പെട്ടിരിക്കുന്നു. യേശു പറഞ്ഞു: നിന്റെ ദൈവമായ കർത്താവിനെ പരീക്ഷിക്കരുത് എന്നുകൂടി എഴുതപ്പെട്ടിരിക്കുന്നു. വീണ്ടും, പിശാച് വളരെ ഉയർന്ന ഒരു മലയിലേക്ക് അവനെ കൂട്ടിക്കൊണ്ടുപോയി, ലോകത്തിലെ എല്ലാ രാജ്യങ്ങളും അവയുടെ മഹത്ത്വവും അവനെ കാണിച്ചുകൊണ്ട്, അവനോടു

www.malankaralibrary.com



പറഞ്ഞു: നീ സാഷ്ടാംഗം പ്രണമിച്ച് എന്നെ ആരാധിച്ചാൽ ഇവയെല്ലാം നിനക്കു ഞാൻ നല്കും. യേശു കല്പിച്ചു: സാത്താനേ, ദൂരെപ്പോവുക; എന്തെന്നാൽ നിന്റെ ദൈവമായ കർത്താവിനെ ആരാധിക്കണം; അവിടുത്തെ മാത്രമെ പൂജിക്കാവൂ എന്ന് എഴുതപ്പെട്ടിരിക്കുന്നു. അപ്പോൾ പിശാച് അവനെ വിട്ടുപോയി. ദൈവദൂതന്മാർ അടുത്തുവന്ന് അവനെ ശുശ്രൂഷിച്ചു.

## ലുത്തിനിയ

ശുശ്രൂ: നാമെല്ലാവരും ഭംഗിയായും താത്പര്യപൂർവ്വവും നിന്ന് ദൈവത്തിനു പ്രീതികരമായ ശബ്ദത്തിൽ, കർത്താവേ ഞങ്ങളോടു കരുണചെയ്യണമേ, എന്നർത്ഥമുള്ള കുറിയേലായിസ്സോൻ എന്ന് ഏറ്റുപറയണം.

ജനം: കുറിയേലായിസ്സോൻ

ശുശ്രൂ: ഞങ്ങളുടെ ശുദ്ധീകരണത്തിനുവേണ്ടി നാല്പതുദിവസം ഉപവാസം അനുഷ്ഠിച്ചവനും തന്റെ നോമ്പാൽ സാത്താനോടു ദ്വന്ദ്വയുദ്ധം ചെയ്തു ജയം നേടിയവനുമായ മിശിഹാതമ്പുരാനേ, ഞങ്ങളുടെ നോമ്പു കൈക്കൊണ്ട് നിന്റെ ജനത്തോടു രമ്യമാകണമേ. പറുദീസായിൽവച്ച് ദുരാഗ്രഹത്താലും ഭക്ഷണപ്രിയത്താലും ഞങ്ങളെ തോല്പിച്ച ശത്രുവിനെ ജയിപ്പാൻ തക്കവണ്ണം നിന്റെ ശക്തിയും സഹായവും ഞങ്ങൾക്കു തരണമെന്ന് നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

ജനം: കുറി .........

ശുശ്രൂ: ഞങ്ങളുടെ ദുരാഗ്രഹം ഇല്ലാതാക്കുവാനും നിഗളം അടിച്ചമർത്തുവാനും ജഡമോഹങ്ങൾ കെടുത്തിക്കളയുവാനും നിന്റെ നോമ്പാലും ആകൽക്കറുസായുമായുള്ള ദ്വന്ദയുദ്ധത്താലും ഞങ്ങളെ പഠിപ്പിച്ചവനായ മിശിഹാതമ്പുരാനേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

ജനം: കുറി .........

www.malankaralibrary.com



ശുശ്രൂ: ഞങ്ങളുടെ കർത്താവായ യേശുമിശിഹാ, ഞങ്ങളുടെ ആദ്യപദവിയിലേക്കു ഞങ്ങളെ നയിക്കുന്നതും, നീ ഞങ്ങൾക്കു കാണിച്ചുതന്നതുമായ മാർഗ്ഗത്തിൽകൂടെ ഞങ്ങൾ നടക്കുവാൻ ഈ നാല്പതുനോമ്പിന്റെ പര്യവസാനത്തിൽ ഞങ്ങളെ ശക്തരാക്കണമെന്ന് നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

ജനം: കുറി .........

ശുശ്രൂ: കർത്താവേ, സർവ്വലോകത്തിന്റെയും ശാന്തിക്കും സമാധാനത്തിനുംവേണ്ടിയും പുണ്യവാന്മാരും ഭാഗ്യവാന്മാരുമായ ഞങ്ങളുടെ പിതാക്കന്മാർക്കുവേണ്ടിയും സാർവ്വത്രികസഭയെ ഭരിച്ചു വരുന്ന പരിശുദ്ധ പിതാവ് .... മാർപ്പാപ്പായ്ക്കു വേണ്ടിയും, ഞങ്ങളുടെ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ..... കാതോലിക്കാബാവായ്ക്കുവേണ്ടിയും (ഭദ്രാസനത്തിന്റെ മേല്പട്ടക്കാരൻ ആബൂൻ മാർ... മെത്രാപ്പോലിത്തായ്ക്കു വേണ്ടിയും), പട്ടക്കാരും സന്യാസികളും വിശ്വാസികളുമായ എല്ലാവർക്കുവേണ്ടിയും നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

ജനം: കുറി .........

ശുശ്രൂ: ദൈവമാതാവായ വിശുദ്ധ കന്യകാമറിയാമിന്റെയും സകല വിശുദ്ധരുടെയും ഓർമ്മയ്ക്കും വിശ്വാസികളായ പരേതരുടെ ആശ്വാസത്തിനുംവേണ്ടി നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

ജനം: കുറി .........

ശുശ്രൂ: ഞങ്ങൾ സകല പാപങ്ങളിൽനിന്നും സ്വതന്ത്രരായി നിന്റെ രണ്ടാമത്തെ എഴുന്നള്ളത്തിൽ നാശമില്ലാത്ത വസ്ത്രവും സുകൃതമാകുന്ന മഹനീയ അങ്കികളും ധരിച്ച് നിന്റെ തെരഞ്ഞെടുക്കപ്പെട്ടവരുടെ കൂട്ടത്തിൽ നിന്നെ എതിരേല്പാൻ ഞങ്ങളെ

www.malankaralibrary.com



യോഗ്യരാക്കണമേ. നാം ശബ്ദമുയർത്തി കുറിയേലായിസ്സോൻ എന്ന് മൂന്നുപ്രാവശ്യം ചൊല്ലണം.

ജനം: കുറി .........കുറി .........കുറി .........

## ഹൂത്തോമ്മൊ

കാർമ്മി: ഞങ്ങളുടെ മിശിഹാതമ്പുരാനേ, ആദ്ധ്യാത്മികമായ നിന്റെ മുന്തിരിത്തോട്ടത്തിൽ വേലചെയ്തവർക്ക് നീ വാഗ്ദാനം ചെയ്തിട്ടുള്ള പ്രതിഫലം പ്രാപിപ്പാൻ അയോഗ്യരായ ഞങ്ങളെയും അർഹരാക്കണമേ. ജീവപ്രദമായ നിന്റെ തിരുശരീരവും പാപപരിഹാരപ്രദമായ നിന്റെ തിരുരക്തവും വിശുദ്ധിയോടും നൈർമല്യത്തോടും ഞങ്ങൾ കൈക്കൊള്ളുവാനും ഞങ്ങളെ യോഗ്യരാക്കണമേ. ബുദ്ധിമതികളായ കന്യകമാരോടുകൂടെ ഞങ്ങൾ നിന്റെ മണവറയിൽ പ്രവേശിപ്പാൻ ഇടയാക്കണമേ. കർത്താവേ, ഞങ്ങളുടെ അപേക്ഷ കേട്ടു ഞങ്ങളോടു കരുണ ചെയ്യണമേ.

ജനം: ആമ്മീൻ.

*****

www.malankaralibrary.com

# ഓശാന

(ഏഴരയുടെ പ്രാർത്ഥനയ്ക്കുശേഷം കാർമ്മികൻ വി.കുർബാനയുടെ ഒരുക്കശുശ്രൂഷ നടത്തുന്നു. ഈ സമയത്ത് പഴയനിയമ വായനകൾ നടത്തുന്നു. വൈദികരും ശുശ്രൂഷകരും സ്ഥാനവസ്ത്രങ്ങൾ ധരിച്ചു വന്ന് ശുശ്രൂഷ ആരംഭിക്കുന്നു. മലങ്കര സുറിയാനി കത്തോലിക്കാസഭ യിൽ കുരുത്തോല വാഴ്വു കഴിഞ്ഞ് പ്രദക്ഷിണം നടത്തുകയാണ് പതിവ്. സ്ലീബാ ആഘോഷത്തിനുശേഷം കുരുത്തോലകൊണ്ട് ത്രോണോസ് അലങ്കരിക്കുകയും വിശ്വാസികൾക്ക് വിതരണം ചെയ്യു കയും ചെയ്യുന്നു.)

## കുരുത്തോല വാഴ്ത്തുന്ന ക്രമം

### പ്രാരംഭപ്രാർത്ഥന

കാർമി: ശുബ്ഹൊ...

ജനം: ബലഹീനരും ....

ദൈവമായ കർത്താവേ, നീ യെറുശലേമിൽ പ്രവേശിച്ച ഈ ദിവസത്തിൽ വെൺമയുള്ള വസ്ത്രങ്ങളോടും ആന്തരികശോഭ യോടും, നിർമ്മലവും പാവനവുമായ വിചാരങ്ങളോടുംകൂടെ നിന്റെ എതിരേല്പിനു പുറപ്പെടുവാൻ ഞങ്ങളെ യോഗ്യരാക്ക ണമേ. മഹത്ത്വത്തിന്റെ കൊമ്പുകളോടുകൂടി ഞങ്ങൾ ഉച്ചത്തിൽ പറയുന്നു 'കർത്താവിന്റെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ട വനാകുന്നു, ഉന്നതങ്ങളിൽ ഓശാന'. മോറൻ വാലോ...

ജനം: ആമ്മീൻ.

**സങ്കീർത്തനം 51. പുറം 2**

www.malankaralibrary.com



## എനിയോനൊ

*(ഏമൊ ദ്കീസൊ......)*

ഒലിവിൻ കൊ-മ്പും ഈന്തിലയും പേ-റി
ബാലകവൃ-ന്ദം ഓശാന പാ-ടി
ദേവാ-കൃപ ചെയ്തീടണമെ.

ക്രോബഗണം-ഭ്രമമൊടു പേറീടു-മ്പോൾ
ഗർദ്ദഭമേ-റി യെറുശലേം പൂ-കിയ ദേവാ......

യെറുശലേം പുരി പൂകവെ പൈത-ങ്ങൾ
കളമൃദുഗാ-നം അർപ്പിച്ചങ്ങേ-ക്കായ് ദേവാ.....

സൈത്തുമല-മുതലേറുശലേമോ-ളം
ബാലകവൃ-ന്ദം ഓശാന പാ-ടി ദേവാ....

ബാറെക്മോർ. ശുബ്ഹൊ... മെൻഓലം.....

വിനയത്താൽ രക്ഷയണച്ചൊരു നി-ന്നെ
സ്തുതിചെയ്ത-ല്ലോ ശിശുബാലക വൃ-ന്ദം ദേവാ.....

## കുക്കിലിയോൻ

*(മൊറിയോ മോറാൻ......)*

സർവ്വാധീശാ ഭൂവെങ്ങും മഹനീയം തിരുനാമം-ഹാ-
നിൻ മഹിമ വിരിച്ചു നീ-വാനത്തിൽ
ബാലകർ, തരുണർ ഇവരുടെ അധരേ നിന്നുമൊരുക്കി
നിൻ സ്തുതികൾ-ഹാ-
പ്രതികാരം ചെയ്യും വൈരികളാകെ-നീങ്ങീടാൻ

ബാറെക്മോർ. ശുബ്ഹൊ .... മെൻഓലം....

വാഴ്ത്തുക നാഥനെ യെറുശലേമേ-ഹാ-
വാഴ്ത്തുക സീയോനെ നിൻ-ദൈവത്തെ.

www.malankaralibrary.com



## എക്ബൊ

സീയോനെ ശാന്തിയുടെ സുവിശേഷം അറിയിക്കുകയും യെറുശലേമിനു സമാധാനം നൽകുകയും ചെയ്യുന്നവനേ, നീ ഉയർന്ന മലയിൽ കയറിനിന്ന് നിന്റെ മഹത്ത്വം വിളംബരം ചെയ്യുക; ശബ്ദമുയർത്തി അതിനോടിപ്രകാരം നീ ഉദ്ഘോഷിക്കുക. നിന്നെക്കുറിച്ചു വലിയകാര്യങ്ങൾ പറയപ്പെട്ടിരിക്കുന്നു. എന്തെന്നാൽ നീ ദൈവത്തിന്റെ പട്ടണമാകുന്നു. ഇസ്രയേലിൽ ശാന്തിയും ജാതികളുടെ പുത്രിക്കു സമാധാനവും രക്ഷയും ഉണ്ടാകട്ടെ.

മൊറിയോ റാഹേം.....

## പ്രാർത്ഥന

കാർമി: ആജ്ഞാശക്തിയാൽ ഉദരങ്ങളിൽ ശിശുക്കളെ രൂപപ്പെടുത്തുകയും, തിരുമുമ്പിൽ ഓശാന പാടിപ്പുകഴ്ത്തുവാൻ അവരുടെ നാവുകളെ വചനംകൊണ്ട് സന്നദ്ധമാക്കുകയും ചെയ്യുന്ന വിദഗ്ദ്ധ ശില്പിയായ കർത്താവേ, ഞങ്ങളുടെ കണ്ണുകൾക്കുമുമ്പിൽ നിന്റെ വരവും, ഞങ്ങളുടെ മനസ്സിൽ നിന്റെ പുകഴ്ചകളും നീ രൂപപ്പെടുത്തണമേ. നിന്റെ മഹിമ സ്തുതിച്ചു പുകഴ്ത്തുവാൻ തക്കവണ്ണം ഞങ്ങൾക്കായി നീ ഗാനങ്ങൾ രചിക്കണമേ.

## കുക്കിലിയോൻ

*(ശാബാഹ് ഊറിശിലേം ......)*

വാഴ്ത്തുക നാഥനെ യേറുശലേമേ ഹാ-
വാഴ്ത്തുക സീയോനേ, നിൻ ദൈവത്തെ
ബാറെക്മോർ. ശുബ്ഹൊ .... മെൻഓലം .......

www.malankaralibrary.com



## എക്ബൊ

യേറുശലേമേ, നീ ഏറ്റം സന്തോഷിച്ചാനന്ദിക്ക. സീയോനെ സ്നേഹിക്കുന്നവരേ, എല്ലായ്പ്പോഴും ആനന്ദിച്ചു പെരുന്നാളാഘോഷിക്കുക. എന്തെന്നാൽ സൈന്യങ്ങളുടെ കർത്താവായി സകല ജാതികളിന്മേലും വാണുകൊണ്ടിരിക്കുന്ന മിശിഹാ, ശത്രുവിന്റെ അഹങ്കാരത്തെ നശിപ്പിക്കുവാൻ കഴുതപ്പുറത്തു കയറി ഇതാ വരുന്നു. 'കർത്താവിന്റെ എല്ലാ സൃഷ്ടികളുമേ, ദൈവമായ കർത്താവിനെ പുകഴ്ത്തുക, എന്നേക്കും അവനെ മഹത്ത്വപ്പെടുത്തുകയും ചെയ്ക' എന്ന് അവനുവേണ്ടി നമുക്ക് ഉച്ചത്തിൽ പറയാം.

ശുശ്രൂ: സ്തൗമെൻ കാലോസ്...

ജനം: കുറിയേലായിസോൻ

## പ്രുമിയോൻ

കാർമ്മി: നാമെല്ലാവരും പ്രാർത്ഥിച്ച്...

ജനം: കാരുണ്യവാനായ ...

കാർമ്മി: സ്തുതിയും സ്തോത്രവും...

ഉന്നതങ്ങളിൽ സ്രോപ്പേന്മാർ 'പരിശുദ്ധൻ' എന്നു പാടി അവനെ സ്തുതിക്കുന്നു. സ്വഭാവത്തിൽ അവൻ ഉന്നതനും പ്രതാപശാലിയുമാകുന്നു. അവൻ വാഴ്ത്തപ്പെട്ടവനും അനുഗൃഹീതനുമെന്ന് ക്രോബേന്മാർ പരിഭ്രമത്തോടെ പറയുന്നു. ശിശുക്കളാകട്ടെ സന്തോഷത്തോടെ അവനെ മഹത്ത്വപ്പെടുത്തുന്നു. മാലാഖമാർ സ്തുതികൾ ഉദ്ഘോഷിക്കുന്നു. മഹിമയുള്ളവനായ അവനെ തിരുഹിതപ്രകാരം നിർമ്മലശിശുക്കൾ സീയോന്റെ തെരുവുകളിൽ പുകഴ്ത്തി. അവനു കുരുത്തോലവാഴ്ത്തലിന്റെ ഈ സമയത്തും സകല പെരുന്നാളുകളിലും നമ്മുടെ ആയുഷ്ക്കാലം മുഴുവനിലും സ്തുതിയും ബഹുമാനവും ആരാധനയും യോഗ്യമാകുന്നു. ബ്കുലഹൂൻ...

ജനം: ആമ്മീൻ

www.malankaralibrary.com



## സെദറാ

തന്റെ ബഹുമാന്യതയുടെ ശക്തി ശ്രേഷ്ഠവും തന്റെ വ്യാപാരത്തിന്റെ ആഴം മഹത്തും ആയിരിക്കുന്നു. പ്രകൃത്യാ ഉത്തമനും തന്റെ മനുഷ്യസ്നേഹംമൂലം കാരുണ്യവാനുമായ ദൈവം തന്റെ ബഹുമാന്യതയെ ആരാധിക്കുവാനായി സ്വന്ത സൃഷ്ടിയെ തിരികെ കൊണ്ടുവരാൻ സ്വന്തത്തിലേക്കു വന്നു. രക്ഷാകരമായ കഷ്ടാനുഭവത്തിനുമുമ്പ് തനിക്കു വാഹനമായി നിന്ദ്യമായ കഴുതയെ ആവശ്യപ്പെട്ടു. ഇതു പിശാചുക്കളുടെ വഞ്ചനയിൽനിന്നു രക്ഷിക്കപ്പെട്ടവരും വിജാതികളിൽനിന്നുള്ള ജനവുമായ നമ്മെ സൂചിപ്പിക്കുന്നു. വിശുദ്ധ ദീർഘദർശികൾ ഈ പരിശുദ്ധ പെരുന്നാളിനെ വിശുദ്ധാത്മവചനങ്ങളാൽ മുൻകൂട്ടി ഉപമിച്ചു.

'രാജത്വമുള്ളവൻ വരുന്നതുവരെ യഹൂദായിൽനിന്ന് ചെങ്കോലും അവന്റെ പരമ്പരയിൽനിന്ന് ന്യായാധിപനും നീങ്ങിപ്പോകുകയില്ല; ജാതികൾ അവനെ കാത്തിരിക്കും. അവൻ മുന്തിരിത്തണ്ടിൽ തന്റെ കഴുതയെയും മുന്തിരിച്ചില്ലമേൽ അവന്റെ കഴുതക്കുട്ടിയെയും ബന്ധിക്കും' എന്നിങ്ങനെ ഗോത്രത്തലവനും പ്രധാന പിതാക്കന്മാരിൽ മൂന്നാമനുമായ യാക്കോബ് മുൻകൂട്ടി പ്രവചിച്ചു.

'ഇതാ നിന്റെ രാജാവ് വിനീതനായി കഴുതയുടെയും കഴുതക്കുട്ടിയുടെയും പുറത്തുകയറി നിങ്കലേക്ക് വരുന്നു' എന്ന് സ്കറിയാ ദീർഘദർശി ദൈവത്തിന്റെ വിശുദ്ധ സഭയായ സെഹിയോനോട് ഈ വിശുദ്ധ ഓശാനപ്പെരുന്നാളിനെക്കുറിച്ച് മുൻകൂട്ടി പ്രസംഗിച്ചു.

'യുവാക്കളുടെയും കുട്ടികളുടെയും അധരങ്ങളിൽനിന്ന് കർത്താവിനു സ്തുതി ഒരുക്കപ്പെട്ടു' എന്ന് ഈ വിശുദ്ധ ഓശാനപ്പെരുന്നാളിനെക്കുറിച്ച് ദൈവിക ദീർഘദർശിയായ ദാവീദ് മുൻകൂട്ടി പാടി.

www.malankaralibrary.com



'യേറുശലേമേ ഉണരുക, ഉണരുക, കർത്താവിന്റെ ഭുജമേ ബലം ധരിക്കൂ' എന്ന് ഈ വിശുദ്ധ ഓശാനപ്പെരുന്നാളിനെക്കുറിച്ച് ദീർഘദർശിമാരിൽ മഹത്ത്വമുള്ളവനായ ഏശായാ മുൻകൂട്ടി ഉദ്ഘോഷിച്ചു.

ആകയാൽ മഹത്ത്വങ്ങളെ ക്ഷണിച്ചുവരുത്തുന്നതായ ഈ പെരുന്നാളിനെ ആഘോഷിച്ചു സ്തുതിച്ചുകൊണ്ട് ആത്മികാനന്ദസമേതം ഞങ്ങൾ പറയുന്നു.

പാപദാസ്യത്തിൽനിന്ന് ലോകത്തെ ഉദ്ധരിക്കുവാനായി വന്ന സ്വയംഭൂവിൽനിന്നുള്ള സ്വയംഭൂവിന് ഓശാന.

(ഓരോ പാദാന്ത്യത്തിലും ജനം, ഓശാന എന്ന് മറുപടി പറയുന്നു.)

* 'കർത്താവിന്റെ നാമത്തിൽ വന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു' എന്ന് ശിശുക്കൾ ആരെക്കുറിച്ച് ആർത്തുപാടിയോ ആ ദാവീദിന്റെ പുത്രനും നാഥനുമായവന് ഓശാന.

* തന്റെ വാഹനമായി എളിയ കഴുതയെ തെരഞ്ഞെടുത്ത ശ്രേഷ്ഠമായ തന്റെ നിത്യതയിൽ അദൃശ്യനായവന് ഓശാന.

* താഴ്മയാൽ ഞങ്ങളുടെ വർഗ്ഗത്തിന്റെ അധഃപതനത്തെ ഉയർത്തുവാനായി ശിശുക്കളാൽ സ്തുതിക്കപ്പെടത്തക്കവണ്ണം കൃപാപൂർവ്വം വിനീതനായവന് ഓശാന.

*കഴുതക്കുട്ടിയുടെ പുറത്തു യാത്രചെയ്യാൻ തക്കവണ്ണം വിനയപ്പെട്ടവന് ഓശാന.

* ശിശുക്കളുടെ വായിൽനിന്ന് സ്തുതി സ്വീകരിച്ച ജീവന്റെ തുറമുഖമായവന് ഓശാന.

* പിശാചിന്റെ അഹങ്കാരത്തെ വിനയംകൊണ്ട് കീഴടക്കിയ പുണ്യവാനും ജേതാവും ആയവന് ഓശാന.

* പുണ്യമുള്ളതും വിശുദ്ധവുമായ പെരുന്നാളുകളാൽ തിരുസ്സഭയെ സന്തോഷിപ്പിച്ച കാരുണ്യവാന് ഓശാന.

www.malankaralibrary.com



* രക്ഷാകരമായ വ്യാപാരംമൂലം അജ്ഞാനാന്ധകാരത്തെ ദൂരീകരിച്ച ഉത്തമനും ദയാലുവുമായവന് ഓശാന.

* ശിശുക്കളുടെ വായിൽ സ്തോത്രോച്ചാരണം നൽകിയ സഹായങ്ങളുടെ അപ്രമേയ സമുദ്രത്തിന് ഓശാന.

* തിരുവിഷ്ടപ്രകാരം മനുഷ്യാവതാരത്തിനായി ഇറങ്ങി വന്നപ്പോഴും, സകലത്തിലും ഉന്നതനായ ദൈവമെന്ന അവസ്ഥ യിൽനിന്ന് മാറാതെയിരുന്ന നീതിമാനും പുണ്യവാനുമായവന് ഓശാന.

* പാപവീഴ്ചയിൽനിന്ന് ഞങ്ങളുടെ വർഗ്ഗത്തെ ഉദ്ധരിച്ച യഥാർത്ഥ രക്ഷാതുറമുഖമായവന് ഓശാന.

* ശിശുക്കളിൽനിന്നും ബാലന്മാരിൽനിന്നും തനിക്കായി സ്തുതി തയ്യാറാക്കിയ മഹാകാരുണ്യവാനും സത്യവാനുമായ വന് ഓശാന.

* തന്റെ തേജസ്സാൽ സ്നേഹിതരെ പ്രകാശിപ്പിക്കുന്ന ദഹി പ്പിക്കുന്നതും രൂപരഹിതവുമായ അഗ്നിയായവന് ഓശാന.

* തന്റെ ആഗമനത്തെ ദീർഘദർശിമാർ അറിയിച്ച ഭൂസീമക ളുടെ പ്രത്യാശയായവന് ഓശാന.

* ശിശുക്കളെയും പൈതങ്ങളെയും നവീന സ്തുതിപാഠക ന്മാരാക്കിത്തീർത്തവനും സകല ജീവജാലങ്ങളുടെയും സ്രഷ്ടാവും നിർമ്മാതാവുമായവന് ഓശാന.

* തന്റെ രക്ഷണ്യ വ്യാപാരത്താൽ ലോകത്തെ ഉദ്ധരിച്ച രക്ഷ കന് ഓശാന.

* തന്റെ ശ്രേഷ്ഠതയുടെ ഉന്നതിയിലേക്ക് ഞങ്ങളെ ഉയർത്തു വാൻവേണ്ടി തിരുവിഷ്ടത്തോടെ ഇറങ്ങിവന്ന പിതാവിന്റെ പൂർണ്ണരൂപമായവന് ഓശാന.

* 'കർത്താവിന്റെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവനാ

www.malankaralibrary.com



കുന്നു' എന്ന് ശിശുക്കൾ അവനെക്കുറിച്ച് അട്ടഹസിച്ച പ്രകൃത്യാ പരിശുദ്ധനായവന് ഓശാന.

* ദൈവികവ്യാപാരത്താൽ ഞങ്ങളെ ഉയർത്തുവാനായി തന്റെ മഹിമയ്ക്കു കുറവുവരാതെ ചെറിയവനായിത്തീർന്ന വലിയവന് ഓശാന.

* ഞങ്ങളുടെ വംശത്തലവന്റെ കടം കരുണാപുരസ്സരം ക്ഷമിച്ചവനും തെറ്റുകാരുടെ കുറ്റങ്ങൾ മോചിക്കുന്നവനുമായവന് ഓശാന.

* ആദ്യശ്യപിതാവിന്റെ മഹത്ത്വവും സ്വരൂപവുമായവനും ശിശുക്കളാൽ വിസ്മയനീയമാംവിധം സ്തുതിക്കപ്പെട്ടവനും ആയവന് ഓശാന.

ഞങ്ങളുടെ മിശിഹാതമ്പുരാനെ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. ശിശുക്കളിൽനിന്നും ബാലന്മാരിൽനിന്നുമുള്ള സ്തുതി നീ സ്വീകരിച്ചതുപോലെ ഞങ്ങളുടെ അധരങ്ങളിൽനിന്നുമുള്ള സ്തുതിയും സ്വീകരിക്കണമേ.

പ്രധാനാചാര്യന്മാർക്കു ജ്ഞാനവചനവും, ആചാര്യന്മാർക്കു ശോഭയും, ശെമ്മാശന്മാർക്കു നൈർമ്മല്യവും, എവുപ്പദിയാക്കോനേന്മാർക്ക് പരിപാകതയും, സന്യാസികൾക്കു സഹനശക്തിയും കൊടുക്കണമേ. ധനികർക്കു മനുഷ്യസ്നേഹവും, ദരിദ്രർക്കു പോഷണവും, പള്ളികൾക്കു പുകഴ്ചയും, ദയറാകൾക്കു നിലനിൽപും, ഭരണാധിപന്മാർക്കു സമാധാനവും, ഭടന്മാർക്കു അനുസരണവും, പാപികൾക്കു മോചനവും, തെറ്റിപ്പോയവർക്കു തിരിച്ചുവരവും, കോപിഷ്ടർക്കു സൗമ്യതയും, സകല വിശ്വാസികൾക്കും നല്ല പ്രത്യാശയും, പരേതർക്കു പാപപരിഹാരവും നൽകണമേ. നിന്റെയും നിന്റെ പിതാവിന്റെയും പരിശുദ്ധാത്മാവിന്റെയും ശ്രേഷ്ഠതയുടെ മഹത്ത്വത്തിൽ കുറ്റം കൂടാതെ നിൽക്കുവാനുള്ള ഒരുക്കവും ഞങ്ങൾക്കും അവർക്കും ഇപ്പോഴും എല്ലാസമയത്തും എന്നേക്കും നല്കണമേ. ഹോശോ.......

www.malankaralibrary.com



## ഗീതം

(കൂക്കോയൊ...... ഒമറിൻ സോബെ.......)

ബാലകരോടായ് വൃദ്ധന്മാർ ഓതി പോയിടുവിൻ
കല്ലുകളേന്തുവിൻ ഓർശ്ലേമിൽ വരുവോന്നെതിരായി
കല്ലുകൾപേറി, ചെന്നു ബാലന്മാർ
സൈത്തിൻ മലയിൽ, അവനെ കണ്ടപ്പോൾ ഉടനെ
ദൂരെയെറിഞ്ഞു കല്ലുകളവർ, ഒലിവിൻ ചില്ലയുമായ്
സ്വാഗതമുരചെയ്തുച്ചത്തിൽ "ഇസ്രായേൽ നൃപതേ!
ഹാ-നിൻവരവതി ധന്യം ധന്യം!"

നാഥൻ നഗരം പൂകിടവേ പരിശുദ്ധാത്മാവിൻ
ദിവ്യസ്തുതിയാൽ വിമലസഭ നൽകി സ്വീകരണം
വരവേല്പിന്നായ് ചില്ലകൾ പേറീടും
ബാലന്മാരെ അവൾ നയിച്ചു മുന്നിൽ-മോദാൽ
മുൻപും പിൻപും പാടിക്കൊണ്ടാർത്തു വിളിക്കുന്നു
ദാവീദിൻ സുതനോശാന സ്തുത്യം തിരുനാമം
ഹാ-ഉയരേ ഓശാന സതതം.

ബാറെക്മോർ. ശുബ്ഹൊ......

തിരുസഭയുദ്ഘോഷിക്കുന്നു; മണവാളൻ വരുന്നു
ദാവീദിൻ സുതനാം നാഥൻ ഗർദ്ദഭമേറിയിതാ
തിരുമുമ്പാകെ നിബിയർ നടകൊൾവു
പുറമേ ചേർന്നു ശിഷ്യന്മാർ ഗണവും മോദാൽ
ബാലകരൊലിവിൻ ചില്ലയുമായ് ആർത്തു വിളിക്കുന്നു.
ദാവീദിൻ സുതനോശാന സ്തോത്രം രക്ഷകനായ്
ഹാ-ഉയരേ ഓശാന സതതം!

മെൻഓലം......

www.malankaralibrary.com



കർത്താവിന്നുടെ കാലത്ത് ഈഹൂദിലീ ദിവസം
എന്തൊരു വിസ്മയമെഴുന്നെള്ളാൻ നാഥൻ തിരുമനസ്സായ്
സീനായ് മലയെ വിറകൊള്ളിക്കുന്നോൻ
ശിഷ്യസമേതം, പെരുന്നാൾ കൊണ്ടാടാൻ–പോയി
ഗർദ്ദഭമേറി യേറുശലേം നഗരം പൂകുമ്പോൾ
ബാലകർ അണിയണിയായ് നിന്ന് ഓശാ–ന പാടുന്നു
ഹാ–ഉയരേ ഓശാന സതതം

മൊറിയോ റാഹേം ........

## എത്രോ

കാർമി: കർത്താവേ, ഉന്നത സ്വർഗ്ഗത്തിന്റെ ശ്രേഷ്ഠകവാടങ്ങളും നിത്യമായ നിന്റെ കരുണയുടെ മഹനീയ മദ്ബഹായും തുറക്കണമേ. ഞങ്ങളുടെ സമൂഹത്തിൽനിന്ന് അഗ്നിമയന്മാരുടെ അണികളിലേക്ക് സുഗന്ധധൂപം ഉയരുവാൻ ഇടയാകണമേ. സ്വർഗ്ഗീയരും ഭൗമികരും, രക്ഷാകരമായ പെരുന്നാൾ ആഘോഷിക്കുന്ന സകലരും ആഹ്ളാദിക്കുന്ന ഈ തിരുനാളിൽ ബലഹീനരും പാപികളുമായ ഞങ്ങൾ നിനക്കർപ്പിച്ച ഈ ധൂപം സ്വീകരിക്കണമെ. ഇതിനാൽ ആദരപൂർവ്വമായ ഞങ്ങളുടെ പ്രാർത്ഥനകൾക്ക് പൂർണ്ണമായ മറുപടി നൽകണമേ. കർത്താവേ, സത്യവിശ്വാസികളായ സകലരെയും കരുണയോടെ കാത്തുകൊള്ളുകയും പാപികളോടും കുറ്റക്കാരോടും ക്ഷമിക്കുകയും ചെയ്യണമേ. വിശ്വാസികളായ പരേതരുടെ ആത്മാക്കളെ ഇതിനാൽ ആശ്വസിപ്പിക്കണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധാത്മാവിനും, ഇപ്പോഴും എല്ലാസമയത്തും എന്നേക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കും.

ജനം: ആമ്മീൻ.

www.malankaralibrary.com



## ഹൂത്തോമ്മൊ

കാർമ്മി: പുണ്യവാൻമാരുടെ പ്രതീക്ഷയും നീതിമാൻമാരുടെ വചനത്തിന്റെ പൂർത്തീകരണവുമായ കർത്താവേ, എളിയ മൃഗമായ കഴുതയെ നീ വാഹനമായി സ്വീകരിച്ചുകൊണ്ട് ജനതകളെ നീ ക്ഷണിക്കുന്നു എന്ന് സൂചിപ്പിച്ചു. ഒലിവിന്റെയും ഈന്തപ്പനകളുടെയും കൊമ്പുകളുടെ പുറത്തുകൂടെ നടന്നുകൊണ്ട് കഷ്ടതകളിൻമേലുള്ള വിജയം നീ അവർക്കു നൽകി. 'കർത്താവിന്റെ നാമത്തിൽ വന്നവനും വരുവാനിരിക്കുന്നവനും' എന്നുള്ള പ്രവചനത്താൽ നിന്റെ ആദ്യത്തെയും അവസാനത്തെയും വരവോടൊപ്പം പുനരുത്ഥാനത്തിന്റെ പ്രത്യാശയും ഞങ്ങൾക്കു നീ നൽകി. കർത്താവേ വിശുദ്ധന്മാരുടെ സ്ഥാനത്ത് ആത്മീയ പറുദീസായിലെ അനശ്വരമായ തളിർക്കൊമ്പുകൾ വഹിച്ചുകൊണ്ട് ഈ പെരുന്നാൾ അഭംഗമായി ആഘോഷിക്കുവാൻ ഞങ്ങൾക്കു കൃപ നൽകണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും ഇപ്പോഴും എല്ലാസമയത്തും എന്നേക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കും.

ജനം: ആമ്മീൻ.

## മാർ യാക്കോബിന്റെ ബോവൂസാ

ബാലകരാർത്തു! നാഥൻ ശുദ്ധൻ ശുദ്ധൻ ശുദ്ധൻ
ഗർദ്ദഭമേറി യേറുശലേമിൽ വരുന്നോൻ ശുദ്ധൻ

പാടുക നമ്മൾ ദിവ്യസ്തോത്രം ദൈവസുതന്നായ്
തൻ സ്തുതിപാടാൻ നിർദ്ദിഷ്ടർ നാം അലസതയെന്തേ?

നാഥന്നേറ്റം പ്രിയമാം വിനയം പാലിച്ചീടാൻ
തന്നുടെ മാർഗ്ഗം തുറന്നു ദൈവം ഈ ലോകത്തിൽ

ആ-ഢ്യന്മാർ തൻ വാഹനമേറാതതി വിനയത്താൽ
അന്യജനത്തെ സന്ദർശിപ്പാൻ ഗർദ്ദഭമേറി

www.malankaralibrary.com



വന്നൊരു രാജൻ തൻ വിനയം കണ്ടെബ്രായക്കാർ
ഓശാന തൻ ഗീതം പാടാൻ ചില്ലകളേന്തി

വൃദ്ധന്മാർക്കീ സമുചിതഗീതം നീരസമായി
ബാലകരെന്നാൽ ഓശാനയുടെ ഗീതം പാടി

ആഗതനീശൻ ധന്യൻ താനെ-ന്നൊന്നായാർത്തു
വൻ സ്തുതിയാലെ മുഖരിതമായി നൃപനുടെ പാത

സ്തുത്യൻ താതൻ നരരക്ഷയ്ക്കായ് സുതനെയയച്ചോൻ
ഗർദ്ദഭമേറി പുരിയിൽ വന്ന പുത്രൻ വന്ദ്യൻ

ധന്യനവന്നായ് സ്തോത്രം പാടാൻ ബാലന്മാരെ
ഉൾവിളിയാലെ പ്രേരിപ്പിച്ചോൻ റൂഹാ സ്തുത്യൻ

മുൻപിൽ നിബിയർ പിൻപിൽ ശ്ലീഹർ ബാലരുമായി
ഓശാന തൻ ഗീതം പാടി അവനെ വാഴ്ത്തി

നാഥൻ ദൈവം ഹീനമൃഗത്തെ വാഹനമാക്കി
സ-ഖറിയാ നിൻ മൊഴി നിറവേറി സ്തോത്രം പാടാം.

## സൂമോറൊ

ധ-ന്യൻ, കർത്താവിൻ നാമത്തിൽ വരുന്നോനെന്നേ-വം
സീ-യോൻ തെരുവിൽ കുട്ടികളുദ്ഘോഷിച്ചു.

## വേദവായനകൾ

ഉല്പ 49:8-12; സഖ 9:9-12; ഏശ 51:9-11;
1 യോഹ 2:7-15; റോമ 11:13-24

## പെസ്ഗോമൊ

ഹാ-ഹാ-മേ-ന്മയെഴുന്നൊരു സൈത്തു സമാന-ൻ ഞാൻ
എന്നേക്കും തൻ ആലയമതിനുള്ളിൽ-ഹാലേലൂയ്യാ.

www.malankaralibrary.com



## ഏവൻഗേലിയോൻ

(മർക്കോ 11:1–11)

അവർ ജറുസലെമിനെ സമീപിക്കുകയായിരുന്നു. ഒലിവുമലയ്ക്കു സമീപമുള്ള ബേത്ഫഗെ, ബഥാനിയാ എന്നീ സ്ഥലങ്ങൾക്കടുത്തെത്തിയപ്പോൾ അവൻ രണ്ടു ശിഷ്യൻമാരെ അയച്ചുകൊണ്ട് പറഞ്ഞു: എതിരെ കാണുന്ന ഗ്രാമത്തിലേക്കു ചെല്ലുവിൻ. അതിൽ പ്രവേശിക്കുമ്പോൾത്തന്നെ, ആരും ഒരിക്കലും കയറിയിട്ടില്ലാത്ത ഒരു കഴുതക്കുട്ടിയെ കെട്ടിയിരിക്കുന്നതു കാണും. അതിനെ അഴിച്ചുകൊണ്ടുവരുവിൻ. നിങ്ങളെന്തിനാണ് ഇങ്ങനെ ചെയ്യുന്നതെന്ന് ആരെങ്കിലും ചോദിച്ചാൽ, കർത്താവിന് അതിനെക്കൊണ്ട് ആവശ്യമുണ്ട്, ഉടനെ തിരിച്ചയയ്ക്കുന്നതാണ് എന്നു പറയുക. അവർ പോയി, തെരുവിൽ ഒരു പടിവാതിൽക്കൽ ഒരു കഴുതക്കുട്ടിയെ കെട്ടിയിരിക്കുന്നതു കണ്ടു. അവർ അതിനെ അഴിക്കുമ്പോൾ അവിടെ നിന്നിരുന്നവർ അവരോടു ചോദിച്ചു. നിങ്ങളെന്തിനാണ് കഴുതക്കുട്ടിയെ അഴിക്കുന്നത്? യേശു പറഞ്ഞതുപോലെ ശിഷ്യന്മാർ മറുപടി പറഞ്ഞു. അതിനെ കൊണ്ടുപോകാൻ അവർ അനുവദിച്ചു. അവർ കഴുതക്കുട്ടിയെ യേശുവിന്റെ അടുത്തു കൊണ്ടുവന്ന്, അതിന്റെ പുറത്ത് തങ്ങളുടെ വസ്ത്രങ്ങൾ വിരിച്ചു. അവൻ കയറിയിരുന്നു. വളരെപ്പേർ വയലിൽനിന്ന് പച്ചിലക്കൊമ്പുകൾ മുറിച്ചു നിരത്തി. അവന്റെ മുമ്പിലും പിമ്പിലും നടന്നിരുന്നവർ വിളിച്ചു പറഞ്ഞു: (ഗദ്യം ചൊല്ലിക്കൊടുക്കുകയും ഗീതം പാടുകയും ചെയ്യുന്നു.)

"ഹോസാന! കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗൃഹീതൻ! നമ്മുടെ പിതാവായ ദാവീദിന്റെ സമാഗതമാകുന്ന രാജ്യം അനുഗൃഹീതം. ഉന്നതങ്ങളിൽ ഹോസാന!"

www.malankaralibrary.com



ഓശാ-നാ-മേമ്മേ-ലിൽ
ഓശാ-ന-ദാവീദുസുതൻ കർതൃനാമ-ത്തിൽ
വരുന്നോൻ വാഴ്ത്തപ്പെട്ടവനാം എന്നും എന്നേക്കും
ഓശാന മേമ്മേലിൽ.

അവൻ ജറുസലേമിൽ പ്രവേശിച്ച് ദേവാലയത്തിനുള്ളിലേക്കു പോയി; ചുറ്റും നോക്കി എല്ലാം കണ്ടശേഷം, നേരം വൈകിയിരുന്നതിനാൽ, പന്ത്രണ്ടുപേരോടുംകൂടെ ബഥാനിയായിലേക്കു പോയി.

## ലുത്തിനിയ

(രണ്ട് ശുശ്രൂഷകർ പടിഞ്ഞാറോട്ടു തിരിഞ്ഞുനിന്നു ചൊല്ലുന്നു)

ശുശ്രൂ: നാമെല്ലാവരും ഭംഗിയായിനിന്ന് ദൈവത്തിനു പ്രീതികരമായ ശബ്ദത്തിൽ ഉത്സാഹത്തോടെ കുറിയേലായിസ്സോൻ എന്നു ഏറ്റു പറയണം.

ജനം : കുറിയേലായിസ്സോൻ

ശുശ്രൂ: ആകാശത്തിലൊതുങ്ങാത്തവനായിരിക്കെ വിനയപൂർവ്വം കഴുതക്കുട്ടിയുടെ പുറത്ത് ഇരുന്നവനായ മിശിഹാതമ്പുരാനേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

ജനം : കുറി........

ശുശ്രൂ: മൂകജന്തുവായ കഴുതയുടെമേൽ, കയറിയിരുന്നതിനാൽ ജനതകളുടെ വിധേയത്വം മുൻകൂട്ടി സൂചിപ്പിച്ചവനേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

ജനം : കുറി........

ശുശ്രൂ: സ്വപിതാക്കന്മാരുടെ വിശ്വാസരാഹിത്യത്തിനെതിരായി വാചാലതയോടെ സ്തുതിഗീതം ആലപിക്കുവാൻ ശിശുക്കളെ കഴിവുള്ളവരാക്കിത്തീർത്തവനേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

ജനം : കുറി........

www.malankaralibrary.com



ശുശ്രൂ: പരീശന്മാർ ഒരു വഞ്ചകനെപ്പോലെ പീഡിപ്പിക്കുകയും ശിശുക്കൾ ദൈവത്തെപ്പോലെ സ്തുതിക്കുകയും ചെയ്തവനേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

ജനം : കുറി.....

ശുശ്രൂ: ശിശുക്കളുടെ പിഞ്ചുനാവുകളിൽനിന്നു തികവുറ്റതും പൂർണ്ണവുമായ സ്തുതി നിനക്കു തയ്യാറാക്കിയവനേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

ജനം : കുറി.....

ശുശ്രൂ: അഗ്നിമയന്മാരുടെ സേനകളാൽ ഭയത്തോടും പരിഭ്രമത്തോടുംകൂടി വന്ദിക്കപ്പെടുന്നവനും ശിശുക്കളാലും ബാലന്മാരാലും പരമാർത്ഥതയോടെ സ്നേഹപൂർവ്വം സ്തുതിക്കപ്പെടുന്നവനും ആയുള്ളോവേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

ജനം : കുറി.....

ശുശ്രൂ: കർത്താവേ, സർവ്വലോകത്തിന്റെയും ശാന്തിക്കും സമാധാനത്തിനുംവേണ്ടിയും പുണ്യവാന്മാരും ഭാഗ്യവാന്മാരുമായ ഞങ്ങളുടെ പിതാക്കന്മാർക്കുവേണ്ടിയും സാർവ്വത്രികസഭയെ ഭരിച്ചു വരുന്ന പരിശുദ്ധ പിതാവ് .... മാർപ്പാപ്പായ്ക്കു വേണ്ടിയും, ഞങ്ങളുടെ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ..... കാതോലിക്കാബാവായ്ക്കുവേണ്ടിയും (അതിഭദ്രാസനത്തിന്റെ/ഭദ്രാസനത്തിന്റെ) മേല്പട്ടക്കാരൻ ആബൂൻ മാർ... മെത്രാപ്പോലിത്തായ്ക്കുവേണ്ടിയും, പട്ടക്കാരും സന്യാസികളും വിശ്വാസികളുമായ എല്ലാവർക്കുവേണ്ടിയും നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

ജനം : കുറി.....

ശുശ്രൂ: ദൈവമാതാവായ വി.കന്യകാമറിയാമിന്റെയും സകല വിശുദ്ധന്മാരുടെയും സ്മരണയ്ക്കുവേണ്ടി നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

ജനം : കുറി.....

www.malankaralibrary.com



ശുശ്രൂ: സത്യവിശ്വാസികളായ പരേതരുടെ സ്മരണയ്ക്കും ആശ്വാസത്തിനുംവേണ്ടി നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

ജനം : കുറി.....

ശുശ്രൂ: ഞങ്ങളുടെ മിശിഹാതമ്പുരാനേ, നിന്റെ താഴ്മയിൽ ഞങ്ങൾ സദൃശരാകണമെ. നിന്റെ രണ്ടാമത്തെ എഴുന്നള്ളത്തിൽ ഞങ്ങൾ സകല പാപങ്ങളിൽനിന്നും സ്വതന്ത്രരായി, നാശമി ല്ലാത്ത വസ്ത്രങ്ങളും സുകൃതമാകുന്ന മഹനീയ അങ്കികളും ധരിച്ച് നിന്റെ തെരഞ്ഞെടുക്കപ്പെട്ടവരുടെ ഗണത്തിൽ മുഖപ്ര സന്നതയോടെ നിന്നെ എതിരേല്ക്കുവാനും യോഗ്യരായിത്തീ രണമേ. ഞങ്ങൾ ശബ്ദമുയർത്തി മൂന്നു പ്രാവശ്യം കുറിയേലാ യിസ്സോൻ എന്നു പറയുന്നു.

ജനം : കുറി..... കുറി..... കുറി.....

## പ്രാർത്ഥന

കാർമി : ശുബ്ഹൊ.....

ജനം : ബലഹീനരും ......

കാർമി : (കൈകളുയർത്തി) കർത്താവേ, നിന്റെ കൃപയാൽ ഞങ്ങളുടെ കടങ്ങൾ പരിഹരിക്കണമേ. നിന്റെ കരുണയാൽ ഞങ്ങളുടെ കുറ്റങ്ങൾ മോചിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവമേ, നിനക്കുള്ളവരായിത്തീരുവാനും തിരുവിഷ്ടപ്രകാരം നിന്നെ പ്രസാദിപ്പിക്കുവാനും നിന്റെ മുമ്പാകെ കരുണ കണ്ടെത്തുവാനും ഞങ്ങൾക്ക് ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും കൃപ നൽകണമേ.

ജനം : ആമ്മീൻ.

കാർമി : സ്വർഗ്ഗീയസൈന്യങ്ങളുടെ ദൈവമായ കർത്താവേ, ക്രോ ബേന്മാരും സ്രോപ്പേന്മാരും മാലാഖമാരും പ്രധാന മാലാഖമാരും സകല ആത്മീയഗണവും നിന്റെ ദൈവത്വമാകുന്ന സജീവാ ഗ്നിയുടെ മുമ്പാകെ ഭ്രമിച്ചു വിറയ്ക്കുന്നു. അവർ വിസ്മയ ത്തോടും പരിഭ്രമത്തോടും നിത്യം നിന്റെ ഔന്നത്യത്തെ വാഴ്ത്തി

www.malankaralibrary.com



സ്തുതിക്കുന്നു. താഴെ ഭൂമിയിൽ ശിശുക്കളാലും ബാലകരാലും യുവാക്കളാലും പരമാർത്ഥികളായ വിശുദ്ധ ശിഷ്യന്മാരാലും ഓശാനകളാൽ സ്തുതിച്ചു പുകഴ്ത്തപ്പെടുവാൻ നിനക്കു തിരുവിഷ്ടമായി. ശക്തിയുള്ളതും കരുണ നിറഞ്ഞതുമായ നിന്റെ കൈ ഇപ്പോൾ നീട്ടി നിന്റെ ഇടവകയിലെ ആടുകളെയും ഞങ്ങളുടെ മുമ്പാകെ വയ്ക്കപ്പെട്ടിരിക്കുന്ന ഈ കുരുത്തോലകളെയും ഇവ വെട്ടപ്പെട്ട വൃക്ഷങ്ങളെയും വാഴ്ത്തണമേ. ✠ ഇവ വഹിക്കുന്നവർക്ക് ഇവ അനുഗ്രഹത്തിനു കാരണമാകണമേ. ശിശുക്കളെപ്പോലെയും നിന്റെ ശിഷ്യന്മാരെപ്പോലെയും ഈ ലോകത്തിൽ നിന്നെ വാഴ്ത്തി സ്തുതിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. വരുവാനിരിക്കുന്ന ലോകത്തിൽ സൗഭാഗ്യകരവും അനശ്വരവുമായ ജീവിതത്തിൽ വിശുദ്ധന്മാരുടെ ഗണത്തിൽ മഹത്ത്വപൂർണ്ണവും ആന്തരികവും ആയ കുരുത്തോലകളോടുകൂടെ നിനക്കും, നീ മുഖാന്തരം നിന്റെ പിതാവിനും, ജീവനുള്ള പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമേ.

ജനം : ആമ്മീൻ.

കാർമ്മി : ദൈവമായ കർത്താവേ, അനശ്വരവസ്ത്രങ്ങളാൽ ഞങ്ങൾ പ്രശോഭിതരാകുവാനും മഹത്ത്വപൂർണ്ണമായ ആന്തരിക കൊമ്പുകളോടെ സന്തോഷകരമായ പെരുന്നാൾ നിനക്കാഘോഷിക്കുവാനും നിന്റെ തെരഞ്ഞെടുക്കപ്പെട്ടവരുടെ കൂട്ടത്തിൽ നിന്നുകൊണ്ട് സ്തുതിയും സ്തോത്രവും കരേറ്റുവാനും ഞങ്ങളെ യോഗ്യരാക്കണമേ.

ജനം : ആമ്മീൻ.

കാർമ്മി : നിങ്ങൾക്കെല്ലാവർക്കും സമാധാനമുണ്ടായിരിക്കട്ടെ.

ജനം : അങ്ങയുടെ ആത്മാവിനും ഉണ്ടായിരിക്കട്ടെ.

ശുശ്രൂ: കരുണയുള്ള കർത്താവിന്റെ മുമ്പാകെ നാം തല കുനിക്കണം.

ജനം : ഞങ്ങളുടെ കർത്താവും ദൈവവുമേ, നിന്റെ തിരുമുമ്പാകെ ഞങ്ങൾ തല കുനിക്കുന്നു.

www.malankaralibrary.com



കാർമി: കർത്താവേ, നിന്റെ സഭയും അവകാശവും തിരുമുമ്പാകെ ആത്മശരീരങ്ങളിൽ നമ്രശിരസ്ക്കരായി നിൽക്കുന്നു. നിന്റെ ബഹുമാന്യതയുടെ ഭയങ്കര സിംഹാസനത്തിൻ മുമ്പാകെ ഈ ദാസർ സാഷ്ടാംഗപ്രണാമം ചെയ്ത് സങ്കടപൂർവ്വം അവരുടെ പാപങ്ങൾക്ക് നിന്റെ കരുണയോടു പരിഹാരം യാചിക്കുന്നു. മനുഷ്യസ്നേഹിയായ കർത്താവേ, ഇവരെ വ്യർത്ഥമായി വിട്ടയക്കരുതേ. ഇവർക്കായി നിന്റെ ശ്രീഭണ്ഡാരം തുറന്നു കൊടുക്കണമേ. മഹനീയമായ ഈ പെരുന്നാൾ ദർശിക്കുവാൻ തക്കവണ്ണം സമൃദ്ധമായ നിന്റെ നൽവരങ്ങളാൽ ഇവരെ സന്തോഷിപ്പിക്കണമേ. ഓശാനകളാൽ നിന്നെ പുകഴ്ത്തിയ കുട്ടികൾക്ക് ഇവർ സഖികളായിത്തീരണമേ. ഞങ്ങൾ നിനക്ക് ഇപ്പോഴും എല്ലാസമയത്തും എന്നേക്കും സ്തുതിയും സ്ത്രോത്രവും സമർപ്പിക്കും.

ജനം : ആമ്മീൻ.

കാർമി : ഈ മനുഷ്യാവതാര വ്യാപാരത്തെ പൂർണ്ണമായി ഞങ്ങളുടെ അടുക്കൽ നിർവ്വഹിച്ച ദൈവമായ കർത്താവേ, ഇപ്പോൾ നിന്റെ മഹാകരുണയാൽ ഈ കുരുത്തോലകളെയും ഇവ വെട്ടപ്പെട്ട വൃക്ഷങ്ങളെയും കർത്താവായ നീ സൃഷ്ടിച്ച സസ്യജാലങ്ങളെയും വാഴ്ത്തണമേ. ✠ ഈ കുരുത്തോലകൾ എടുക്കുന്നവർക്ക് ഇവ അനുഗ്രഹത്തിനും സംരക്ഷണത്തിനും പര്യാപ്തമായിത്തീരണമേ. ഇവ മഹത്ത്വമുള്ള തളിരുകളും ശുദ്ധിയുള്ള ഇലകളും ഓശാനയുടെ നിർമ്മല കുരുത്തോലകളും ആയിത്തീരണമേ. ✠

ജനം : ആമ്മീൻ.

കാർമി : ഇവ വിശ്വാസത്തിന്റെ സ്ഥിരതയ്ക്കും ശൈശവത്തിന്റെ അലങ്കാരത്തിനും വാർദ്ധക്യത്തിന്റെ പരിപക്വതയ്ക്കും സഭയുടെ പുകഴ്ചയ്ക്കും ആശ്രമങ്ങളുടെ വളർച്ചയ്ക്കും ഭവനങ്ങളുടെ വാഴ്വിനും വിശ്വാസികളുടെ നിലനില്പിനും ഉതകുമാറാകണമേ. നിനക്ക്, നിന്റെ വാഴ്ത്തപ്പെട്ട പിതാവിനോടും പരിശുദ്ധാത്മാവിനോടും കൂടെ സ്തുതിയും ബഹുമാനവും ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും യോഗ്യമാകുന്നു.

www.malankaralibrary.com



ജനം : ആമ്മീൻ.

കാർമ്മി: ഞങ്ങളുടെ ദൈവമേ, നീ വാഴ്ത്തപ്പെട്ടവനാകുന്നു. ഞങ്ങളുടെ അടുക്കലേക്കുള്ള നിന്റെ ആഗമനവും വാഴ്ത്തപ്പെട്ടതാകുന്നു. ഞങ്ങളുടെമേൽ വിളിക്കപ്പെട്ടിരിക്കുന്ന നിന്റെ നാമം വാഴ്ത്തപ്പെട്ടതാകുന്നു. കർത്താവേ, നിന്റെ കൃപയുടെ ആവാസത്താൽ ഞങ്ങളെയും വയലുകളെയും സസ്യാദികളെയും ഈ കുരുത്തോലകളെയും വാഴ്ത്തണമേ. ✠ ഇവയെ ഭവനങ്ങളെ സംരക്ഷിക്കുവാനും സാത്താനെ ഓടിക്കുവാനും പരീക്ഷകളെ ദുരീകരിക്കുവാനും ശക്തിയുള്ള വാഴ്വിന്റെ കുരുത്തോലകൾ ആക്കിത്തീർക്കണമേ. ✠

ജനം: ആമ്മീൻ

കാർമ്മി: ഇവ യുദ്ധങ്ങൾ ഇല്ലാതാക്കുകയും ദുഷ്ടവിചാരങ്ങളെ നീക്കുകയും അപകടങ്ങൾ അകറ്റുകയും ചെയ്യട്ടെ. ഇവ വഹിക്കുന്നതിനാൽ നിന്റെ കരുണയും ദയയും പ്രാപിക്കുവാൻ ഞങ്ങൾക്കു കൃപ നൽകണമേ. ഈ പെരുന്നാളിനു വന്നു കൂടിയിരിക്കുന്ന നിന്റെ ജനത്തെ വാഴ്ത്തണമേ. ✠ നിന്റെ മണവറയിൽ പ്രവേശിക്കുവാൻ ഞങ്ങൾ യോഗ്യരായിത്തീരണമെ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധാത്മാവിനും ഇപ്പോഴും എല്ലാസമയത്തും എന്നേക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കും.

ജനം: ആമ്മീൻ

(കുരുത്തോലകളുടെമേൽ കൈ ആവസിപ്പിച്ചുകൊണ്ട്)

ܡܒܰܪܟܺܝܢ ܐܶܢܽܘܢ ܣܘܟ̈ܶܐ ܗܳܠܶܝܢ ܘܰܕܙܰܝܬܶܐ ܘܕܶܩܠܶܐ

(ܒܰܪܶܟ ܡܳܪܝ)

ܒܫܶܡ ܐܰܒܳܐ ✝ (ܐܰܡܺܝܢ) ܘܰܒܪܳܐ ✝ (ܐܰܡܺܝܢ) ܘܪܽܘܚܳܐ

ܚܰܝܳܐ ܩܰܕܺܝܫܳܐ ✝ ܠܚܰܝ̈ܶܐ ܕܰܠܥܳܠܰܡ ܥܳܠܡܺܝܢ ❖

(ܐܰܡܺܝܢ)

www.malankaralibrary.com



കാർമി: നമ്മുടെ മുമ്പിൽ വയ്ക്കപ്പെട്ടിരിക്കുന്ന ഈ കുരുത്തോലകൾ നിത്യജീവനുവേണ്ടി വാഴ്ത്തപ്പെടുന്നു. (ബാറെക്മോർ) പിതാവിന്റെ നാമത്തിലും ✠ ആമ്മീൻ. പുത്രന്റെ നാമത്തിലും ✠ ആമ്മീൻ. ജീവനുള്ള പരിശുദ്ധാത്മാവിന്റെ നാമത്തിലും ✠ വാഴ്ത്തപ്പെടുന്നു. ആമ്മീൻ.

കാർമി: സ്വർഗ്ഗീയ സൈന്യങ്ങളുടെ ദൈവവും സകല സൃഷ്ടികളുടെയും നിർമ്മാതാവുമായ കർത്താവേ, നിന്റെ ശക്തമായ കരത്താലും ബലമുള്ള ഭുജത്താലും ഞങ്ങളെ കാത്തുകൊള്ളണമേ. അഗ്നിമയന്മാരായ തേജസ്വികളുടെ ഗണത്തോടുകൂടെ നിന്നെ മഹത്ത്വപ്പെടുത്തുവാനും ശിശുക്കളോടും ബാലന്മാരോടും ഒരുമിച്ച് 'ഉന്നതങ്ങളിൽ ഓശാന' എന്ന് ഉച്ചത്തിൽ പാടുവാനും ഞങ്ങളെ യോഗ്യരാക്കണമേ.

ജനം: ആമ്മീൻ.

## സമാപന പ്രാർത്ഥന

കാർമി : ഞങ്ങളുടെ കർത്താവായ യേശുമിശിഹാ! ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ. ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളണമേ. ഞങ്ങളുടെ യാചനകൾക്കു മറുപടി നൽകണമേ. ഞങ്ങളുടെ സഹായത്തിനായി വരണമേ. ഞങ്ങളുടെ കർത്താവും എന്നേക്കും ഞങ്ങളുടെ ദൈവവുമെ, രണ്ടുലോകങ്ങളിലും ഞങ്ങളോടു കരുണ ചെയ്യണമേ.

ജനം: ആമ്മീൻ.

## സ്ലീബാ ആഘോഷം

**ഹൗദ് മാലാഖേ.....** പുറം 82

www.malankaralibrary.com



(കെസ്ത്രൂമായിലോ മദ്ബഹായിലോ നിന്ന് സ്ലീബാ ആഘോഷം നടത്തുന്നു. നാലാം പാദത്തിന് മറുപടിയായി 'ദാവീദിന്റെ പുത്രന് ഓശാന. കർത്താവേ ഞങ്ങളോടു കരുണ ചെയ്യണമേ' എന്നു ചൊല്ലുന്നു. വടക്കേവാതിൽവഴി ആഘോഷമായ പ്രദക്ഷിണമിറങ്ങി, പടിഞ്ഞാറെ വാതിക്കൽ ഏവൻഗേലിയോൻ വായിച്ചിട്ട്, പള്ളിക്ക് ഒരു പൂർണ്ണപ്രദക്ഷിണം വച്ചശേഷം തെക്കുവശത്തുകൂടി അകത്തു പ്രവേശിക്കുന്നു.)

## പ്രദക്ഷിണം

യേറുശലേമിലെ ഉന്നതമാം
കുന്നുകളൊന്നിൽ ഞാൻ കയറി
ദൈവസുതൻ തന്നാഗമനം
കാണുവതെത്ര മനോഹരമേ!

ഗർദ്ദഭ വാഹനമേറിയവൻ
യേറുശലേം പൂകുന്നല്ലോ
നിബിയൻമാരുടെ സംഘമതാ
തൻ തിരുമുമ്പിൽ പോകുന്നു.

ശ്ലീഹൻമാരുടെ കൂട്ടമഹോ
പിമ്പേ ചേർന്നു നടക്കുന്നു
ഒലിവിൻ ചില്ലകളേന്തിയിതാ
ബാലകരാർത്തു വിളിക്കുന്നു.

"ദാവീദിൻ സുതനോശാന!
ഭൂസ്വർഗ്ഗങ്ങളിലോശാന!
വന്നവനും വരുവോനുമഹോ
ധന്യൻ" സർവ്വേശാ-സ്തോത്രം

www.malankaralibrary.com



## അല്ലെങ്കിൽ

അംബര മണവാളൻ വരുന്നെന്നാർക്കുന്നു സംഘം
ദാവീദിൻ സുതനാം നാഥൻ ഗർദ്ദഭമേറിയിതാ
തൻ മുൻ നിബിയർ-വൃന്ദം പോകുന്നു
വരുന്നു പുറകിൽ-ശ്ലീഹന്മാർ ഗണവും
ബാലകരൊലിവിൻ കൊമ്പുകളാലാർപ്പു വിളിക്കുന്നു
ദാവീദിൻ സുതനൂശാന വീണ്ടവനെന്നും-സ്തുതി
ഹാ-ഉയരതിലൂശാന

എന്തൊരു വിസ്മയമീഹൂദിൽ നാഥൻ നാളുകളിൽ
ശിഷ്യൻമാർ സഹിതം പെരുന്നാളിന്നായെഴുന്നെള്ളി
ക്രോബകൾ സാഷ്ടാം-ഗം വീഴും മുന്നിൽ
പർവ്വതസീനാ-യിളകും തിരുമുമ്പിൽ
ഖരമേറിപ്പുരി ഊറിശ്ലേം പൂകുന്നരചൻ -സുതൻ
ബാലകരൊലിവിൻ കൊമ്പുകളാൽ പാടുന്നൂശാന
ഹാ ... ഉയരതിലൂശാന.

ദിവ്യഗാനങ്ങൾ പാടി തിരുസഭ കൊണ്ടാടി
ഊറിശിലേം പൂകുന്നവനെ സാമോദം പൂ-ജി
ച്ചെതിരേല്പാനായ്-ശിശുബാലകവൃന്ദം
അയച്ചാളിവരെ-കുരുത്തോലകൾ സഹിതം
മുൻപും പിൻപും പാടിക്കൊണ്ടാർത്തു വിളിക്കു-ന്നു
ദാവീദിൻ സുതനൂശാന സ്തുത്യം തിരുനാ-മം
ഹാ ... ഉയരതിലൂശാന.

www.malankaralibrary.com



## ഏവൻഗേലിയോൻ

(പടിഞ്ഞാറെ വാതില്ക്കൽ)

ലൂക്കാ 19:28-40

അവൻ ഇതു പറഞ്ഞതിനുശേഷം ജറുസലെമിലേക്കുള്ള യാത്ര തുടർന്നു. ഒലിവുമലയ്ക്കരികെയുള്ള ബേത്ഫഗെ, ബഥാനിയാ എന്നീ സ്ഥലങ്ങളെ സമീപിച്ചപ്പോൾ അവൻ രണ്ടു ശിഷ്യൻമാരെ ഇപ്രകാരം നിർദ്ദേശിച്ചയച്ചു: എതിരെ കാണുന്ന ഗ്രാമത്തിലേക്കു പോകുവിൻ. അവിടെ ചെല്ലുമ്പോൾ, ആരും ഒരിക്കലും കയറിയിട്ടില്ലാത്ത ഒരു കഴുതക്കുട്ടിയെ കെട്ടിയിരിക്കുന്നതു കാണും. അതിനെ അഴിച്ചുകൊണ്ടുവരിക. നിങ്ങൾ അതിനെ അഴിക്കുന്നതെന്തിനെന്ന് ആരെങ്കിലും ചോദിച്ചാൽ കർത്താവിന് അതിനെക്കൊണ്ട് ആവശ്യമുണ്ട് എന്നു പറയുക. അയയ്ക്കപ്പെട്ടവർ പോയി യേശു പറഞ്ഞതുപോലെ കണ്ടു. അവർ കഴുതക്കുട്ടിയെ അഴിക്കുമ്പോൾ അതിന്റെ ഉടമസ്ഥർ അവരോട്, നിങ്ങൾ എന്തിനാണു കഴുതക്കുട്ടിയെ അഴിക്കുന്നത് എന്ന് ചോദിച്ചു. കർത്താവിന് ഇതിനെക്കൊണ്ട് ആവശ്യമുണ്ട് എന്ന് അവർ പറഞ്ഞു. അവർ അതിനെ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നു. തങ്ങളുടെ വസ്ത്രങ്ങൾ കഴുതക്കുട്ടിയുടെ പുറത്തുവിരിച്ച് അവർ യേശുവിനെ ഇരുത്തി. അവൻ കടന്നുപോകുമ്പോൾ അവർ വഴിയിൽ തങ്ങളുടെ വസ്ത്രങ്ങൾ വിരിച്ചു.

അവൻ പട്ടണത്തോടടുത്ത് ഒലിവുമലയുടെ ചരിവിനു സമീപത്തെത്തിയപ്പോൾ ശിഷ്യഗണം മുഴുവൻ സന്തോഷിച്ച് തങ്ങൾ കണ്ട എല്ലാ അത്ഭുതപ്രവൃത്തികളെയുംപറ്റി ഉച്ചത്തിൽ ദൈവത്തെ സ്തുതിക്കാൻ തുടങ്ങി.

(ഗദ്യം ജനങ്ങൾക്കു ചൊല്ലിക്കൊടുക്കുകയും ഗീതം പാടുകയും ചെയ്യുന്നു.)

www.malankaralibrary.com



അത്യുന്നതങ്ങളിൽ ഓശാന. കർത്താവിന്റെ
നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു.
ദാവീദിന്റെ പുത്രന് ഓശാന.
അത്യുന്നതങ്ങളിൽ ഓശാന.

**ഗീതം**

ഓശാ–നാ–മേന്മേ–ലിൽ
ഓശാ–ന ദാവീദുസുതൻ കർതൃനാമ–ത്തിൽ
വരുന്നോ–ൻ വാഴ്–ത്തപ്പെട്ടവനാം എന്നും എന്നേ–ക്കും
ഓശാ–ന–മേന്മേ–ലിൽ.

(സുവിശേഷവായന തുടരുന്നു)

ജനക്കൂട്ടത്തിൽ ഉണ്ടായിരുന്ന ചില ഫരിസേയർ അവനോടു പറഞ്ഞു: ഗുരോ, നിന്റെ ശിഷ്യൻമാരെ ശാസിക്കുക. അവൻ പ്രതിവചിച്ചു: ഇവർ മൗനം ഭജിച്ചാൽ ഈ കല്ലുകൾ ആർത്തുവിളിക്കുമെന്ന് ഞാൻ നിങ്ങളോടു പറയുന്നു.

നിങ്ങൾക്കെല്ലാവർക്കും ശാന്തി ഭവിക്കട്ടെ.

(പ്രദക്ഷിണം കഴിഞ്ഞ് ആഘോഷമായ വി. കുർബാന)

*****

www.malankaralibrary.com

# വാദെ ദൽമീനൊ

(ജീവൽ തുറമുഖ പ്രാപ്തി)

(ഓശാന ഞായറാഴ്ച കഴിഞ്ഞുവരുന്ന സന്ധ്യയ്ക്ക് പ്രാർത്ഥനയുടെ അവസാനം ഈ ശുശ്രൂഷ നടത്തുന്നു. അംശവസ്ത്രങ്ങൾ ധരിച്ച പുരോഹിതൻ മദ്ബഹായുടെ വാതിൽക്കൽ കിഴക്കോട്ടു തിരിഞ്ഞു നിന്ന് 'പുകഴേറിയ കഷ്ടപ്പാടാൽ....' ഇത്യാദി ഹാശായുടെ കൗമാ ചൊല്ലുന്നു. 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...' കഴിഞ്ഞ് ശുശ്രൂഷ ആരംഭിക്കുന്നു. മാർ അപ്രേമിന്റെ ബോവൂസായ്ക്കുശേഷം ജനങ്ങൾ മെഴുകുതിരി കത്തിക്കുന്നു. കാർമികൻ ഗോഗുൽത്താ യിൽനിന്ന് കുരിശെടുക്കുന്നു. തെക്കേ വാതിൽവഴി ഇറങ്ങി 118-ാം സങ്കീർത്തനം ചൊല്ലിക്കൊണ്ട് പടിഞ്ഞാറോട്ടു നീങ്ങി അടച്ചിട്ടിരിക്കുന്ന പടിഞ്ഞാറെ വാതിലിന്റെ രണ്ടു വശത്തുമായി ജനം നിൽക്കുന്നു. കാർമ്മികനും ശുശ്രൂഷകരും പടിഞ്ഞാറെനടയിൽ വന്നു നിന്ന് പെസ്ഗോമൊ ചൊല്ലുകയും കാർമ്മികൻ ഏവൻഗേലിയോൻ വായിക്കുകയും ചെയ്യുന്നു. സങ്കീർത്തനം ചൊല്ലിക്കൊണ്ട് വടക്കുവശത്തുകൂടി നീങ്ങി പടിഞ്ഞാറെ വാതിൽക്കൽ വരുന്നു. അതിനുശേഷം കാർമ്മികൻ എക്ബൊ ചൊല്ലിക്കൊണ്ട് വാതിൽ തുറക്കുന്നു. ജനം സ്ലീബാ മുത്തി പള്ളിയകത്തു പ്രവേശിക്കുന്നു.)

## പ്രാരംഭപ്രാർത്ഥന

കാർമി : ശുബ്ഹൊ ...

ജനം : ബലഹീനരും .....

കാർമി : ജീവന്റെ നിശ്ചിതസ്ഥാനവും സകല നന്മകളുടെയും തുറമുഖവുമായ ഞങ്ങളുടെ മിശിഹാതമ്പുരാനേ, മഹത്ത്വപൂർണ്ണമായ നിന്റെ രണ്ടാമത്തെ വരവിൽ, നീതിയാകുന്ന എണ്ണനിറച്ച ദീപയഷ്ടികളോടുകൂടെ നിന്റെ എതിരേല്പിനു പുറപ്പെടാൻ

www.malankaralibrary.com



ഞങ്ങളെ യോഗ്യരാക്കണമെ. പ്രകാശമുള്ള ദീപയഷ്ടികളോടും പ്രസന്നമുഖത്തോടുംകൂടെ നിന്റെ ദിവ്യദർശനത്തിനു വന്നണയാൻ ഞങ്ങൾക്കിടയാക്കണമേ. ഞങ്ങളുടെ ദൈവമായ കർത്താവേ, ഉണർവോടും ശോഭയോടും വെടിപ്പോടുംകൂടെ ഞങ്ങളുടെ ആയുഷ്ക്കാലം മുഴുവനും നിന്നെ പ്രതീക്ഷിച്ചിരിക്കുവാൻ ഞങ്ങൾക്കു കൃപ നൽകണമേ. ആമ്മീൻ.

## സങ്കീർത്തനം 51 പുറം. 2

## എനിയോനൊ

(മിശിഹാ ജീവിച്ചെഴുന്നേറ്റു......)

ദീപശിഖാ വാഹികൾ പേർക്കായ് മണവറ സജ്ജീകൃതമായി
മണവാളൻ വന്നീടുമ്പോൾ അവനൊടു ചേർന്നവരതിലേറും.
ഉത്ഥാന തുറമുഖസ്ഥാനെ ജീവിതനൗകയടുക്കാറായ്
മിശിഹാ ഉത്ഥിതനാകുന്നു പോവിൻ ദീ-പമൊടെതിരേല്പാൻ.

മണവറയതെത്ര മനോജ്ഞം! അതിനുചിതം വസനമൊരുക്കിൽ
മതികെട്ടോർ കന്യകമാർപോൽ ശിഖയണയാനിടയാക്കീടാ.
നാഥാ, നീ പ്രോജ്വലമാക്ക ഞങ്ങടെ ദീ-പേഷ്ടികളെല്ലാം
ഞങ്ങൾ തന്നാത്മാക്കൾ നീ അലംകൃതമാക്കുക കാരുണ്യാൽ.
ബാറെക്മോർ.

കാർമി: ശുബ്ഹോ....

ജനം: മെൻഓലം .....

നാഥാ, മോചിക്ക ദയാലോ, ഞങ്ങൾതൻ പാപഗണങ്ങൾ
ധീമതികൾ കന്യകമാർപോൽ-മോദിപ്പാൻ വരമേകേണം.

ശുശ്രൂ: സ്തൗമെൻ....

ജനം: കുറിയേലായിസോൻ

www.malankaralibrary.com



## പ്രുമിയോൻ

കാർമി: നാമെല്ലാവരും പ്രാർത്ഥിച്ച്...

ജനം: കാരുണ്യവാനായ...

കാർമി: സ്തുതിയും സ്തോത്രവും...

പാപത്താൽ വിവശരായിരുന്നവർ മനസ്സിന് ആശ്വാസം കണ്ടെത്തിയ സമാധാനത്തിന്റെ തുറമുഖവും, ന്യായപ്രമാണത്തിന്റെ ഭാരമേറിയ ചുമടു വഹിച്ചിരുന്നവർ സ്വാതന്ത്ര്യം നേടിയ ശാന്തിയുമായവന് സ്തുതി. ബുദ്ധിമതികളായ കന്യകമാരെ തന്റെ വിരുന്നിലേക്ക് അവൻ ക്ഷണിച്ചു. എണ്ണ പകർന്ന് അവരുടെ ദീപയഷ്ടികൾ അവർ കത്തിക്കണമെന്നും ഉണർവ്വോടുകൂടി തനിക്കായി കാത്തിരിക്കണമെന്നും ശോഭയും വെടിപ്പും സന്തോഷവുമുള്ളവരായി തന്റെ വരവിനായി ഉറക്കമിളച്ചിരിക്കണമെന്നും അവൻ കല്പിച്ചു. അവന് ഈ സമയത്തും സകല പെരുന്നാളുകളിലും ഞങ്ങളുടെ ആയുഷ്ക്കാലം മുഴുവനും സ്തുതിയും ബഹുമാനവും ആരാധനയും യോഗ്യമാകുന്നു. ബ്കുലഹൂൻ...

ജനം: ആമ്മീൻ.

## സെദറാ

ഞങ്ങളുടെ രക്ഷകനായ യേശുമിശിഹാ, നീ സമാധാനത്തിന്റെ തുറമുഖവും ആശ്വാസത്തിന്റെയും ശാന്തിയുടെയും വാസസ്ഥലവുമാകുന്നു. സൃഷ്ടിയുടെമേൽ നീ നിന്റെ അനാദ്യന്തമായ കരുണ ചൊരിഞ്ഞു. സ്വന്തം സൃഷ്ടി ഇത്രയധികം നിന്ദ അനുഭവിക്കുന്നതു കണ്ടുകൊണ്ടിരിക്കുവാൻ കഴിയാതെ നല്ലിടയനായ നീ കാണാതെപോയ നിന്റെ ആടിനെ അന്വേഷിച്ചു പുറപ്പെടുകയും പാപവികാരങ്ങളാൽ മറഞ്ഞുകിടന്ന രാജകീയ നാണയം കണ്ടെടുക്കുകയും ചെയ്തു. മാമോദീസയാകുന്ന ഉലയിൽ സ്ഫുടം ചെയ്ത് അതിന്റെ ആദ്യഭംഗി നീ അതിനു കൊടുത്തു.

ദൈവമായ കർത്താവേ, പാപത്തിന്റെ മലിനതയിൽനിന്ന് ഞങ്ങളുടെ ആത്മാക്കളെ നീ പൂർണ്ണമായി വിമുക്തമാക്കണമേ.

www.malankaralibrary.com



പരിശുദ്ധാത്മാവിന്റെ കൃപയിൽനിന്ന് ഞങ്ങൾ അന്യരായിത്തീരാതെ നിന്റെ ദൈവത്വത്തിനു നിർമ്മലമായ ആലയങ്ങളായിരിപ്പാൻ ഞങ്ങളെ യോഗ്യരാക്കണമേ. വിസ്മയകരമായ നിന്റെ രണ്ടാമത്തെ എഴുന്നള്ളത്തിൽ ബുദ്ധിമതികളായ കന്യകമാരോടുകൂടെ നീതിയാകുന്ന എണ്ണ പകർന്നു ദീപയഷ്ടികൾ സഹിതം നിന്റെ എതിരേല്പിനു പുറപ്പെടുവാൻ ഞങ്ങൾക്കു കൃപ നൽകണമേ. "എന്നിൽ നിന്ന് അകലുവിൻ, നിങ്ങളെ ഞാൻ അറിയുന്നില്ല." എന്നുള്ള ശബ്ദം കേൾക്കുവാൻ ഞങ്ങൾക്കിടയാക്കരുതേ.

ഞങ്ങൾ ദുഃഖിതരും വിവശരുമായി വസിക്കുവാനിടയാക്കരുതേ. നിന്റെ മണവറയിൽനിന്നു ഞങ്ങൾ അന്യരാകരുതേ. ജ്വലിക്കുന്ന ദീപയഷ്ടികളോടും ധ്വനിക്കുന്ന കാഹളങ്ങളോടുംകൂടെ നിന്നെ ദർശിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. നിന്റെ സ്നേഹവിരുന്നിനു ക്ഷണിക്കപ്പെട്ടവരുടെ പന്തിഭോജനത്തിൽ വിശിഷ്ട ഭോജ്യങ്ങൾകൊണ്ടു നിറഞ്ഞ ആ മേശയിൽ ഞങ്ങൾ ആനന്ദിക്കുമാറാകണമേ. സത്യവിശ്വാസപൂർവ്വം നിന്റെ ആത്മീയ തുറമുഖത്തേക്കും വിശുദ്ധരുടെ ആശ്വാസസ്ഥലത്തേക്കും ഞങ്ങൾ വന്നുചേരുവാൻ ഇടയാകണമേ. ലോകമെങ്ങുമുള്ള നിന്റെ വിശുദ്ധസഭയുടെ കൊമ്പിനെ നിന്റെ സ്തുതികളാൽ മഹത്ത്വപ്പെടുത്തണമേ. പരിശുദ്ധാത്മഗീതങ്ങൾ അവളെ ധന്യയാക്കണമേ. അവൾ വഹിച്ചിരിക്കുന്ന ഈ ദീപയഷ്ടികൾക്കു പകരം ആത്മീയ ദീപയഷ്ടികളോടും നിന്റെ വിരുന്നിനുചിതമായ വസ്ത്രങ്ങളോടുംകൂടെ നിന്റെ രണ്ടാമത്തെ എഴുന്നള്ളത്തിൽ അവളും അവളുടെ മക്കളും നിന്നെ എതിരേല്ക്കാൻ പുറപ്പെടുമാറാകണമേ.

ഭിന്നോപദേശങ്ങളിൽനിന്ന് സഭയെ നീ സംരക്ഷിക്കണമേ. സത്യവിശ്വാസമാകുന്ന പാറമേൽ അതിന്റെ അടിസ്ഥാനങ്ങൾ ഉറപ്പിക്കണമേ. സമാധാനവും ശാന്തിയും അതിൽ വസിപ്പിക്കണമേ. ലോകാവസാനത്തോളം സന്തോഷസമേതം അതു നിനക്കു പെരുന്നാളാഘോഷിക്കുവാൻ ഇടയാക്കണമേ. അതിന്റെ കൊമ്പിനെ ഉന്നതമാക്കി അതിന്റെ ശിരസ്സിനെ ഉയർത്തണമേ.

www.malankaralibrary.com



അതിന്റെ കൂടാരത്തിന്റെ തൂണുകളെ വിസ്തൃതമാക്കി കുറ്റികളെ ഉറപ്പിക്കണമേ. മൂഢാചാരങ്ങളായ ഓളങ്ങളാൽ അത് ഇളകിപ്പോകാതിരിക്കാൻ പ്രകാശത്തിന്റെ സ്ലീബായാകുന്ന തൂണിനെ അതിൽ സ്ഥാപിക്കണമേ. ജാഗ്രതയോടും ശുഷ്ക്കാന്തിയോടും കൂടെ സഭയെ നയിച്ച് സമാധാന തുറമുഖത്ത് അതിനെ കൊണ്ടുചെന്നടുപ്പിക്കുവാൻ കഴിവുള്ള ഇടയന്മാരെ അതിൽ നിയമിക്കണമേ. ശോഭയോടെ തിരുസന്നിധിയിൽ തിരുക്കർമ്മങ്ങളനുഷ്ഠിക്കുവാൻ വിശുദ്ധരായ പുരോഹിതന്മാരെയും മാലാഖമാർക്കടുത്ത വെടിപ്പോടുകൂടെ വിശുദ്ധസംഘങ്ങളിൽ സ്തുതിപാടുവാൻ ശെമ്മാശന്മാരെയും നൽകണമേ. സഭയുടെ മക്കളെല്ലാവരെയും നീ ഭരിച്ചുകൊള്ളണമേ.

വൃദ്ധന്മാർക്കു നീ ആലംബവും ബാല്യക്കാർക്കു സഹായവുമായിരിക്കണമേ. ദോഷത്തിലേക്കു ചാഞ്ഞുപോകാതിരിക്കാൻ നിന്നിൽനിന്നുള്ള ശക്തി അവർക്കു പ്രദാനം ചെയ്യണമേ. ശിശുക്കളെ നന്നായി വളർത്തണമേ. നിന്റെ വിജയപ്രദമായ സ്ലീബായാൽ ലോകത്തെ മുഴുവനെയും മുദ്രയിടണമേ. രോഗികളെ സുഖപ്പെടുത്തണമേ. ക്ലേശിതരെ ആശ്വസിപ്പിക്കണമേ. നീ എഴുന്നേറ്റ് ദരിദ്രരെയും അനാഥരെയും വിധവകളെയും വേഗത്തിൽ സഹായിക്കണമേ. അടിമത്തമനുഭവിക്കുന്നവരെ മോചിപ്പിക്കണമേ. ബന്ധിതരെ വിടുവിക്കണമേ. ചിതറിപ്പോയവരെ കൂട്ടിച്ചേർക്കണമേ.

വിവിധ നിലകളിലുള്ളവർ ഓളങ്ങളിൽനിന്നും ചുഴലികളിൽനിന്നും ഒഴിഞ്ഞിരിക്കുന്ന തുറമുഖത്തു ചെന്നടുത്ത് അതിൽ പ്രവേശിക്കുമാറാകണമേ. സന്തോഷത്തിന്റെയും സമാധാനത്തിന്റെയും തുറമുഖവും ഈ ആത്മീയപോരാട്ടത്തിന്റെ അന്ത്യവുമാകുന്ന നിന്റെ ഉയിർത്തെഴുന്നേല്പിന്റെ സന്തോഷത്തിനും ആനന്ദത്തിനുംവേണ്ടി ഞങ്ങൾ വെടിപ്പോടെ ഒരുങ്ങുവാൻ സഹായിക്കണമേ. ഉയിർത്തെഴുന്നേല്പിൽ നിന്റെ വിശുദ്ധ ശിഷ്യന്മാരോടുകൂടെ ഞങ്ങൾ ആനന്ദിക്കുവാൻ ഇടയാകണമേ. നിന്റെ ആദ്ധ്യാത്മികമായ മുന്തിരിത്തോട്ടത്തിൽ വേലചെയ്തവർക്ക് ഭാഗ്യകരമായ ആശ്വാസം നൽകുന്ന ജീവന്റെ തുറമുഖത്തു അവ

www.malankaralibrary.com



രോടുകൂടെ ഞങ്ങളും വന്നു ചേരുമാറാകണമേ. പ്രകാശമുള്ള ദീപയഷ്ടികളാൽ ഞങ്ങളും പ്രശോഭിതരായി നിന്റെയും നിന്റെ പിതാവിന്റെയും പരിശുദ്ധാത്മാവിന്റെയും കൃപയെ ഇപ്പോഴും എല്ലാസമയത്തും എന്നേക്കും സ്തുതിക്കുമാറാകണമേ.

ജനം: ആമ്മീൻ.

## ഗീതം

(കൂക്കോയൊ... ഒമറിൻ സോബെ......)

മണവാളൻ തന്നാഗമനം താമസമായതിനാൽ
ദീപികയേന്തും കന്യകമാർ മന്ദിച്ചുമയങ്ങി
അവരിലൊരൈവർ ഭോഷികളും ഐവർ
വിജ്ഞരുമായോർ, കേട്ടാലൊരു ശബ്ദം മോദാൽ
'മണവാളൻ വന്നീടുന്നു' ജ്ഞാനികളവനൊപ്പം
മണവറ പൂകി ഭോഷികളോ, തള്ളപ്പെട്ടവരായ്
ഹാ.... നാഥാ കൃപ ചെയ്യണമലിവായ്.

ഉയരേ സജ്ജമതാം വിരുന്നിൽ ക്ഷണിക്കപ്പെട്ടവർ നാം
മണവാളൻ വരുംമുൻ സുകൃത വസനമണിഞ്ഞീടാം
അല്ലെന്നാകിൽ ദുഷ്കൃതമാം ഉടുവസ്ത്രം
ധരിച്ചവരായി നമ്മെ കണ്ടെത്തിൽ-അവനോ
'നിങ്ങളെ ഞാനറിയുന്നില്ലെ'ന്നതി ഗൗരവമോടെ
നമ്മുടെ നാഥൻ ചൊല്ലിടാനിടയുണ്ടതു നൂനം
ഹാ.... നാഥാ കൃപ ചെയ്യണമലിവായ്.

ബാറെക്മോർ. ശുബ്ഹൊ.....

ദൈവികമാം കാഹളമതുകൾ ധ്വനിച്ചിടും ഇന്നാൾ
നിശ്ചിതസ്ഥാനേ സ്തുതി ചെയ്തീടാം നാം ഉന്നതനായ്
ഏകസുതൻ തന്നുത്ഥാനാൽ നമ്മൾ
സ്വച്ഛതനേടി വിവരിക്കത്ഭുതങ്ങൾ-അവന്റെ
സ്നേഹാൽ രക്ഷകനാഗതനായ് നമ്മെ ഏവരെയും
തന്നുടെ തുറമുഖമതിലേക്കായ് യോഗ്യന്മാരാക്കി
ഹാ... സ്തോത്രം തൽ പ്രേക്ഷകനായി.

www.malankaralibrary.com



മെൻഓാലം.....

നാഥാ നിന്നുത്ഥാനമതാം തുറമുഖമതിലേയ്ക്കായ്
വന്നീടാൻ ജനതകളെ നീ ആഹ്വാനം ചെയ്തു
സുകൃതം ചെയ്വിൻ പ്രാർത്ഥന നോമ്പുകളാൽ
സ്വഛത നേടിൻ സന്തോഷസ്ഥാനേ-മോദാൽ
തൻ ഹാശായതിലേറീടാൻ നമ്മെ വിളിച്ചോനാം
മിശിഹാ യോഗ്യതയരുളീടും തൻ മണവറയതിനായ്
ഹാ... അവനോടൊപ്പം തോഷിക്കുക നാം.

മൊറിയോ റാഹേം.......

## ബോത്തേ ദ്ഹാശൊ

ഞങ്ങൾ-ക്കായ് നീ-യേറ്റൊരു പീഡ
താഴ്മയുമേറ്റം-മഹിതം നാഥാ

ദൈവപുത്രൻ തൻ ഹാശായെ
കാംക്ഷിപ്പോർക്കതു തുറമുഖതുല്യം
സദ്കൃത്യങ്ങൾ, കരുണ, സ്നേഹം
അനുഗൃഹീതം നൽ പ്രത്യാശ
ഇവയെ നമ്മോടനുശാസിച്ചാൻ.

സത്യമണാളൻ യേശു തന്റെ
വിരുന്നിനായി നമ്മെ വിളിച്ചു
തൻ രാജ്യത്തിൽ മോദിച്ചീടാൻ
ജാഗരണം, നോ-മ്പർത്ഥന, സ്നേഹം,
രമ്യത, ശരണം, ഭൂഷണമാക്കാം.

ദോഷേനിന്നും മോചിതരായ് നാം
ഈരാവിങ്കൽ സ്തോത്രം പാടാം
നീതിക്കായി ക്ലേശിപ്പോർ തൻ
ലക്ഷ്യസ്ഥാനം ജീവൽപെസഹാ
ഉൾപ്പൂകി നമ്മൾക്കാശ്വസിക്കാം.

www.malankaralibrary.com



സ്നാനംമൂലം നമ്മെ തന്റെ
സഹജന്മാരായ് തീർത്തു കൃപയാൽ
തൻ നാമത്തോ-ടൊന്നിച്ചിന്നീ
നമ്മൾ നാമം ചേർത്തോനെ ഈ
രാത്രൗ നാമും സ്തോത്രം ചെയ്യാം.

നിന്നെ വിധിച്ചോർ വിധിയേൽക്കുമ്പോൾ
വിധിയേൽക്കല്ലേ നാഥാ ഞങ്ങൾ

## മാർ അപ്രേമിന്റെ ബോവൂസോ

(മോറാൻ എസറാഹാമ്മേലൈൻ... എന്ന രീതി)

കർത്താവേ കൃപചെയ്യണമേ,
വലിയൊരു നിൻ ഹാശായതിനാൽ
ഹാശായിൽ പങ്കരുൾ ഞങ്ങൾ-
ക്കവകാശം നിൻ രാ-ജ്യ-ത്തും. ✠
സർവേശാ കൃപ ചെയ്യേണമെ
നാഥാ ദയ ചെയ്തീടേണമേ

1. നോമ്പിൻ കാലം തീരാറായ്
ക്രൂശാരോഹണം ആഗതമായ്
വിശ്വാസികളാം സഭസുതരേ
ഈ രാവിൽ സ്തോത്രം പാടിൻ സർവേശാ...

2. വിശ്രമമതിൽ നാമേറിയതാം
ഈ രാവഭയസങ്കേതം
ഇതിലാത്മം ക്ഷാളനമേല്പൂ
മാലിന്യങ്ങൾ പരിഹൃതമാം സർവേശാ...

3. രക്ഷകനുടെ പീഡാനുഭവ
തുറമുഖ സംപ്രാപ്തന്മാരാം
വത്സലരേ നാമവനൊപ്പം
കഷ്ടതയേൽക്കാം താഴ്മയോടെ സർവേശാ...

www.malankaralibrary.com



4. ഭോഷികളാം കന്യകമാർപോൽ
ആയിത്തീരാതീയാഴ്ച
അലസതയും നിദ്രയുമൊഴിയാം
സ്വർഗീയം സുഖമാർജ്ജിക്കാൻ സർവേശാ...

കർത്താവേ കൃപ ചെയ്യണമേ... സർവേശാ..

(എല്ലാവരും തിരികൾ കത്തിച്ചുപിടിക്കുന്നു. 118-ാം സങ്കീർത്തനം ചൊല്ലിക്കൊണ്ട് തെക്കെ വാതിൽവഴി പ്രദക്ഷിണമിറങ്ങുന്നു. പടിഞ്ഞാറെ വാതിൽ അടച്ചിട്ടിരിക്കണം.)

## സങ്കീർത്തനം 118 : 19-29

നീതിയുടെ കവാടങ്ങൾ എനിക്കായി തുറന്നു തരുക; ഞാൻ അവയിലൂടെ പ്രവേശിച്ച് കർത്താവിനു നന്ദി പറയട്ടെ.

ഇതാണ് കർത്താവിന്റെ കവാടം, നീതിമാൻമാർ ഇതിലൂടെ പ്രവേശിക്കുന്നു.

അവിടുന്ന് എനിക്കുത്തരമരുളി; അവിടുന്ന് എന്റെ പ്രാർത്ഥനകേട്ട് എന്നെ രക്ഷിച്ചു; ഞാൻ അവിടുത്തേക്ക് നന്ദി പറയും.

പണിക്കാർ ഉപേക്ഷിച്ചു കളഞ്ഞ കല്ല് മൂലക്കല്ലായിത്തീർന്നു.

ഇത് കർത്താവിന്റെ പ്രവൃത്തിയാണ്, ഇത് നമ്മുടെ ദൃഷ്ടിയിൽ വിസ്മയാവഹമായിരിക്കുന്നു.

കർത്താവ് ഒരുക്കിയ ദിവസമാണിന്ന്, ഇന്ന് സന്തോഷിച്ചുല്ലസിക്കാം.

കർത്താവേ, ഞങ്ങൾ അങ്ങയോടപേക്ഷിക്കുന്നു, ഞങ്ങളെ രക്ഷിക്കണമെ.

കർത്താവേ, ഞങ്ങൾ അങ്ങയോടപേക്ഷിക്കുന്നു, ഞങ്ങൾക്കു വിജയം നൽകണമെ.

കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗൃഹീതൻ; ഞങ്ങൾ കർത്താവിന്റെ ആലയത്തിൽനിന്ന് നിങ്ങളെ ആശീർവദിക്കും.

www.malankaralibrary.com



കർത്താവാണ് ദൈവം; അവിടുന്നാണ് നമുക്ക് പ്രകാശം നല്കിയത്; മരച്ചില്ലകളേന്തി പ്രദക്ഷിണം തുടങ്ങുവിൻ; ബലി പീഠത്തിങ്കലേക്കു നീങ്ങുവിൻ.

അങ്ങാണ് എന്റെ ദൈവം; ഞാൻ അങ്ങേക്ക് കൃതജ്ഞ തയർപ്പിക്കും; അവിടുന്നാണ് എന്റെ ദൈവം; ഞാൻ അങ്ങയെ മഹത്ത്വപ്പെടുത്തും.

കർത്താവിന് കൃതജ്ഞത അർപ്പിക്കുവിൻ; അവിടുന്നു നല്ലവനാണ്; അവിടുത്തെ കാരുണ്യം എന്നേക്കും നില നില്ക്കുന്നു.

(പടിഞ്ഞാറെ വാതിൽക്കൽ)

## പെസ്ഗോമൊ

ഹാ...... ഉ..... ഹാ....... നീതിയുടെ വാതിലുകളിൽകൂടെ ഞാൻ പ്രവേശിച്ച് യഹോവയ്ക്കു സ്തോത്രം കൊടുക്കേണ്ടതിന് അവ എനിക്കായി തുറന്നു തരിക. ഹാലേലൂയ്യാ.

## ഏവൻഗേലിയോൻ

കാർമി: ല് മൊറിയൊ ശുബ്ഹൊ അലൈൻ വാലൈയ്കൂൻ റഹമൗ ല്ഒൽമീൻ

ജനം: ആമ്മീൻ

കാർമി: ഏവൻഗേലിയോൻ കാദീശൊ മെൻ മത്തായി ശ്ലീഹൊ

ജനം: കുറിയേലായിസ്സോൻ

(മത്താ. 25: 1-13)

സ്വർഗ്ഗരാജ്യം, വിളക്കുമെടുത്തു മണവാളനെ എതി രേൽക്കാൻ പുറപ്പെട്ട പത്തു കന്യകമാർക്കു സദൃശം. അവരിൽ അഞ്ചുപേർ വിവേകശൂന്യരും അഞ്ചുപേർ വിവേകമതികളുമാ യിരുന്നു. വിവേകശൂന്യകൾ വിളക്കെടുത്തപ്പോൾ എണ്ണ കരുതി യില്ല. വിവേകമതികളാവട്ടെ വിളക്കുകളോടൊപ്പം പാത്രങ്ങളിൽ എണ്ണയും എടുത്തിരുന്നു. മണവാളൻ വരാൻ വൈകി. ഉറക്കം

www.malankaralibrary.com



വരുകയാൽ കന്യകമാർ കിടന്നുറങ്ങി. അർദ്ധരാത്രിയിൽ, ഇതാ മണവാളൻ! പുറത്തുവന്ന് അവനെ എതിരേൽക്കുവിൻ എന്ന് ആർപ്പുവിളിയുണ്ടായി. ആ കന്യകമാരെല്ലാം ഉണർന്ന് വിളക്കുകൾ തെളിച്ചു. വിവേകശൂന്യകൾ വിവേകമതികളോടു പറഞ്ഞു. ഞങ്ങളുടെ വിളക്കുകൾ അണഞ്ഞുപോകുന്നതിനാൽ നിങ്ങളുടെ എണ്ണയിൽ കുറെ ഞങ്ങൾക്ക് തരുക. വിവേകമതികൾ മറുപടി പറഞ്ഞു. ഞങ്ങൾക്കും നിങ്ങൾക്കും മതിയാകാതെ വരുമെന്നതിനാൽ നിങ്ങൾ വില്പനക്കാരുടെ അടുത്തുപോയി വാങ്ങിക്കൊള്ളുവിൻ. അവർ വാങ്ങാൻ പോയപ്പോൾ മണവാളൻ വന്നു. ഒരുങ്ങിയിരുന്നവർ അവനോടൊത്തു വിവാഹവിരുന്നിനു അകത്തു പ്രവേശിച്ചു; വാതിൽ അടയ്ക്കപ്പെടുകയും ചെയ്തു. പിന്നീട് മറ്റു കന്യകമാർ വന്ന്, കർത്താവേ, കർത്താവേ, ഞങ്ങൾക്കു തുറന്നുതരണമെ എന്ന് അപേക്ഷിച്ചു. അവൻ പ്രതിവചിച്ചു. സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. ഞാൻ നിങ്ങളെ അറിയുകയില്ല. അതുകൊണ്ട് ജാഗരൂകരായിരിക്കുവിൻ. ആ ദിവസമോ മണിക്കൂറോ നിങ്ങൾ അറിയുന്നില്ല.

ല്മൊറിയൊ സെഗ്ത്തോ

ജനം: കുറിയേലായിസ്സോൻ.......

സങ്കീർത്തനം ചൊല്ലിക്കൊണ്ട് വടക്കുഭാഗത്തുകൂടി ഒരുപ്രാവശ്യം പള്ളിക്കു പ്രദക്ഷിണം വച്ച് പടിഞ്ഞാറെ വാതിക്കൽ വരുന്നു.

## ബോത്തേദ് മാനീസൊ

ജീവന്റെ നിശ്ചിത സ്ഥലമേ, ആദ്ധ്യാത്മിക ജലത്തിൽനിന്ന് പ്രകാശനക്ഷത്രങ്ങൾ ഉദിക്കുന്ന അത്ഭുതരാത്രി കാണേണ്ടതിനു ദയാപൂർവ്വം ഞങ്ങളെ യോഗ്യരാക്കണമേ. സൃഷ്ടികളെ ഭരിക്കുന്നവനും ഞെരുക്കമുള്ളവരെ ദർശിക്കുന്നവനുമായ ഞങ്ങളുടെ രക്ഷകനായ മിശിഹായുടെ മഹത്ത്വപൂർണ്ണമായ ഉയിർത്തെഴുന്നേല്പിലേക്കും ജീവനിലേക്കും ഞങ്ങളെ കൊണ്ടുചെന്നടുപ്പിക്കണമേ. സത്യത്തിന്റെ വാതിലും, ഞങ്ങളുടെ പിഴകൾ പരിഹരിക്കുകയും കടങ്ങൾ മോചിക്കുകയും ചെയ്യുന്ന രക്ഷാകരമായ

www.malankaralibrary.com



പീഡാനുഭവത്തിലേക്കുള്ള പ്രവേശനവും ആകുന്നു, ജീവന്റെ ഈ നിശ്ചിതസ്ഥലം. നോമ്പുകാരേ, നിങ്ങളെ ശ്രേഷ്ഠ കിരീടങ്ങളണിയിക്കുന്ന മണവാളൻ ഇതാ ആഗതനായിരിക്കുന്നു. അവന്റെ ഉയിർത്തെഴുന്നേല്പുദിവസത്തിൽ അവനോടുകൂടെ സന്തോഷിക്കുവാനും നമുക്കുവേണ്ടിയുള്ള അവന്റെ പീഡാനുഭവത്തിൽ പങ്കുചേരുവാനുമായി നിങ്ങൾ ജാഗരണം ചെയ്യുവിൻ.

(താഴെ കാണുന്ന എക്ബൊ ചൊല്ലിക്കൊണ്ട് കാർമ്മികൻ വാതിലിൽ സ്ലീബാകൊണ്ട് മുട്ടുന്നു)

## എക്ബൊ

കർത്താവേ, നിന്റെ കരുണാപൂർണ്ണമായ വാതിൽ പാപിനിക്ക് നീ തുറന്നുകൊടുത്തതുപോലെ എനിക്കായി തുറക്കണമേ. ഞാൻ കാഴ്ചവയ്ക്കുന്ന കണ്ണീർ എന്നിൽനിന്നു സ്വീകരിച്ച് എനിക്കു പാപമോചനം തരണമേ. ജീവജലമായ നിന്നെ ഞാൻ കൂട്ടായി സ്വീകരിച്ചിരിക്കുന്നു. ധനവാന്റെ ഉപമയിൽ അവൻ വിരൽതുമ്പിൽ വെള്ളം യാചിച്ചതായി കേട്ടതുപോലെ അവിടെ വച്ച് അബ്രഹാമിനോട് ഞാൻ വെള്ളം യാചിക്കുവാൻ ഇടയാകരുതെ.

(കാർമ്മികൻ മൂന്നാമതു മുട്ടുമ്പോൾ വാതിൽ തുറക്കുന്നു. ജനം സ്ലീബാ മുത്തി പള്ളിയകത്തു പ്രവേശിക്കുന്നു.)

## പ്രാർത്ഥനാമേശയുടെ മുമ്പിൽ

കാർമി: നമ്മുടെ രക്ഷകൻ, കള്ളന്മാരുടെ മദ്ധ്യേ തൂക്കപ്പെട്ടപ്പോൾ നിഷേധികൾ അവനെ പരിഹസിച്ചു. അപ്പോൾ അവന്റെ ശ്രേഷ്ഠമായ കഷ്ടാനുഭവത്തെ സൂക്ഷ്മനിരീക്ഷണം ചെയ്യാൻ എന്റെ മനസ്സിനെ ഞാൻ ഏകാഗ്രമാക്കി. ഇതാ ഹന്നാൻ അവനോട് അഹങ്കാരപൂർവ്വം പെരുമാറുകയും കയ്യാപ്പാ അവനെ അപമാനിക്കുകയും ചെയ്യുന്നു.

സ്തുത്യൻ നാഥാ.......

*****

www.malankaralibrary.com

# ദുഃഖവെള്ളിയാഴ്ച

## ഒന്നാം ശുശ്രൂഷ

(ഏഴരയുടെ പ്രാർത്ഥനയ്ക്കുശേഷം പ്രധാന പട്ടക്കാരൻ മാത്രം അംശവസ്ത്രം ധരിച്ച് മ്നോർത്തോമേൽ നാട്ടിയിരിക്കുന്ന കുരിശെടുത്ത് അതിലെ ഊറാറ നീക്കം ചെയ്യുന്നു. പട്ടക്കാരന്റെ വലതുതോളിൽ ഒരു വെള്ളത്തുണിയിട്ട് ആ തുണിയിന്മേൽ കുരിശുവച്ചുകൊണ്ട് എല്ലാവരും പള്ളിയുടെ തെക്കേ വാതിൽവഴി പുറപ്പെട്ട് ഒരു പ്രദക്ഷിണം നടത്തി വടക്കേ വാതിൽവഴി അകത്തു പ്രവേശിക്കുന്നു. ഈ പ്രദക്ഷിണത്തിൽ കുട, കൊടി, മേക്കട്ടി ആദിയായവയൊന്നും ഉപയോഗിക്കുന്നില്ല. എല്ലാവരും വളരെ വിനയത്തോടും ശാന്തമായും ഇതിൽ സംബന്ധിക്കേണ്ടതാണ്. പ്രദക്ഷിണത്തിനുമുമ്പ് പള്ളിയകത്തുവച്ച് ഏവൻഗേലിയോൻ വായിക്കുന്നു.)

### *ഏവൻഗേലിയോൻ

കാർമ്മി: ല് മൊറിയൊ ശുബ്ഹൊ അലൈൻ വാലൈയ്കൂൻ റഹമൗ ല്ഒൽമീൻ

ജനം: ആമ്മീൻ

കാർമ്മി: ഏവൻഗേലിയോൻ കാദീശൊ ദ്മെൻ മത്തായി ഉഹബ്റാവ്

മത്താ 27.26. അപ്പോൾ പീലാത്തോസ് ബറാബാസിനെ അവർക്കു വിട്ടുകൊടുക്കുകയും യേശുവിനെ ചമ്മട്ടികൊണ്ട് അടിച്ച് ക്രൂശിക്കാൻ ഏല്പിച്ചുകൊടുക്കുകയും ചെയ്തു.

മർക്കോ 15: 16-20. അനന്തരം പടയാളികൾ യേശുവിനെ കൊട്ടാരത്തിനുള്ളിൽ പ്രത്തോറിയത്തിലേക്കു കൊണ്ടുപോയി. അവർ സൈന്യവിഭാഗത്തെ മുഴുവൻ അണിനിരത്തി. അവർ അവനെ ചെമപ്പു വസ്ത്രം ധരിപ്പിക്കുകയും ഒരു മുൾക്കിരീടം മെടഞ്ഞ് അണിയിക്കുകയും ചെയ്തു. യഹൂദരുടെ രാജാവേ, സ്വസ്തി എന്ന് അവർ അവനെ അഭിവാദനം ചെയ്യാൻ തുടങ്ങി. പിന്നീട്

www.malankaralibrary.com



ഞാങ്ങണകൊണ്ട് അവന്റെ ശിരസ്സിൽ അടിക്കുകയും അവന്റെമേൽ തുപ്പുകയും മുട്ടുകുത്തി അവനെ പ്രണമിക്കുകയും ചെയ്തു. അവനെ പരിഹസിച്ചശേഷം ചെമപ്പുവസ്ത്രം അഴിച്ചു മാറ്റി. അവന്റെ വസ്ത്രം വീണ്ടും ധരിപ്പിച്ചു. പിന്നീട് അവർ അവനെ കുരിശിൽ തറയ്ക്കുവാൻ കൊണ്ടുപോയി.

യോഹ 16:17 അവൻ സ്വയം കുരിശു ചുമന്നുകൊണ്ട് തലയോടിടം എന്നർത്ഥമുള്ള ഗോഗുൽത്താ എന്ന സ്ഥലത്തേക്കുപോയി.

## പ്രദക്ഷിണം

(നമ്മുടെ കർത്താവ് മരണത്തിനു വിധിക്കപ്പെട്ടശേഷം കുരിശും വഹിച്ചുകൊണ്ട് ഗോഗുൽത്തായിലേക്ക് പോയതിനെ അനുസ്മരിക്കുന്നു, കാർമ്മികൻ താഴെ കാണുന്നത് വായിച്ചതിനുശേഷം ഗീതം ആരംഭിക്കുന്നു)

സ്ലീബായും തോളിൽ വഹിച്ചുകൊണ്ട് കോട്ടയുടെ ഉള്ളിൽനിന്ന് അവൻ പുറപ്പെട്ടപ്പോൾ എബ്രായസ്ത്രീകൾ കൂട്ടമായി കൂടി സങ്കടത്തോടെ അവനെക്കുറിച്ച് കരഞ്ഞു. അവന്റെ അമ്മയും അവളെ അറിയുന്ന എല്ലാവരും ദൂരെ നിന്നിരുന്നു. 'എന്റെ മകനേ, എന്റെ വാത്സല്യഭാജനമേ, നീ എവിടേക്കു പോകുന്നു? ഇവർ നിന്നെ എങ്ങോട്ടു കൂട്ടിക്കൊണ്ടു പോകുന്നു? ദുഷ്ടജനത്തിന്റെ കയ്യിൽ എന്തിനു നീ സ്വയം ഏല്പിച്ചുകൊടുത്തു? എന്റെ മകനേ, എനിക്കു കഷ്ടം! ഇന്നു നിനക്കെന്തു സംഭവിച്ചു'? എന്ന് വലിയ ദുഃഖത്തോടെ അവൾ ഒരു പ്രാവിനെപ്പോലെ കുറുകിക്കരയുവാൻ തുടങ്ങി.

ഞങ്ങൾക്കുവേണ്ടിയുണ്ടായ നിന്റെ പീഡാനുഭവവും ഞങ്ങളെപ്രതിയുള്ള നിന്റെ താഴ്മയും വാഴ്ത്തപ്പെട്ടവയാകുന്നു. ഞങ്ങൾക്കുവേണ്ടി കുരിശുമരം ചുമന്നവനേ, ഞങ്ങളോട് കരുണ ചെയ്യണമേ.

## പ്രദക്ഷിണ ഗാനം

സെഹിയോൻ കോട്ടയിൽ നിന്നേശു-
കുരിശും തോളിൽ വഹിച്ചയ്യോ
പോകുംന്നേരത്തെബ്രായ-
സ്ത്രീകൾകൂടി പ്രലപിച്ചു.

www.malankaralibrary.com



പരിചിതരൊത്തമ്മയുമപ്പോൾ-
ദൂരെ നില്ക്കുകയായിരുന്നു
ഏറ്റും സങ്കടമോടെയവൾ-
മാടപ്രാവിൻ കുറുകൽ പോൽ
ചങ്കുപൊടിഞ്ഞുഞരങ്ങിക്കൊ-
ണ്ടിങ്ങനെയോരോന്നുരചെയ്തു:
ഓമന മകനേ, നീയിപ്പോൾ
എവിടേക്കായി പോകുന്നു?

മകനേ നീയീ ദുഷ്ടരുടെ
കയ്യിലകപ്പെട്ടതുമെന്തേ?
അയ്യോ! എന്റെ കൺമണിയേ,
ഇന്നു നിനക്കെന്തു ഭവിച്ചു?
ഞങ്ങൾക്കൊക്കെയുമേവേണ്ടി-
ട്ടുള്ളൊരു നിൻ കഷ്ടപ്പാടും
ഞങ്ങൾക്കായുള്ളെളിമയതും
വാഴ്ത്തപ്പെട്ടവയാ-കുന്നു.

ജനം : ഞങ്ങൾക്കുവേണ്ടിയുണ്ടായ നിന്റെ പീഡാനുഭവവും ഞങ്ങളെപ്രതിയുള്ള നിന്റെ താഴ്മയും വാഴ്ത്തപ്പെട്ടതാകുന്നു. ഞങ്ങൾക്കുവേണ്ടി കുരിശുമരം ചുമന്നവനേ, ഞങ്ങളോട് കരുണ ചെയ്യണമേ.

## ഏവൻഗേലിയോൻ

(പടിഞ്ഞാറെ വാതിൽക്കൽ)

ലൂക്കോ 23:26-32. അവർ അവനെ കൊണ്ടുപോകുമ്പോൾ നാട്ടിൻപുറത്തുനിന്ന് ആ വഴി വന്ന ശിമയോൻ എന്ന ഒരു കെവ്റീൻകാരനെ പിടിച്ചുനിർത്തി കുരിശ് ചുമലിൽവച്ച് യേശുവിന്റെ പുറകേ ചുമന്നുകൊണ്ടു വരാൻ നിർബന്ധിച്ചു. ഒരു വലിയ ജനക്കൂട്ടവും, കരയുകയും മുറവിളി കൂട്ടുകയും ചെയ്തിരുന്ന സ്ത്രീകളുടെ സമൂഹവും, യേശുവിന്റെ പിന്നാലെ പോയിരുന്നു. അവരുടെ നേരെ തിരിഞ്ഞ് യേശു പറഞ്ഞു. ജറുസലേം പുത്രിമാരേ, എന്നെ പ്രതി നിങ്ങൾ കരയേണ്ട. നിങ്ങളെയും നിങ്ങ

www.malankaralibrary.com



ളുടെ മക്കളെയുംപ്രതി കരയുവിൻ. എന്തെന്നാൽ വന്ധ്യകൾക്കും പ്രസവിക്കാത്ത ഉദരങ്ങൾക്കും പാലൂട്ടാത്ത മുലകൾക്കും ഭാഗ്യം എന്നു പറയപ്പെടുന്ന ദിവസങ്ങൾ വരും. അന്ന് അവർ പർവ്വതങ്ങളോട് ഞങ്ങളുടെമേൽ വീഴുക എന്നും, കുന്നുകളോട് ഞങ്ങളെ മൂടിക്കളയുക എന്നും പറയാൻ തുടങ്ങും. പച്ചത്തടിയോട് അവർ ഇങ്ങനെയാണ് ചെയ്യുന്നതെങ്കിൽ ഉണങ്ങിയതിന് എന്തു സംഭവിക്കും? കുറ്റവാളികളായ മറ്റു രണ്ടുപേരെക്കൂടെ അവനോടൊപ്പം വധിക്കാൻ അവർ കൂട്ടിക്കൊണ്ടുപോയി.

(ജനങ്ങൾ ഏറ്റുചൊല്ലുന്നു)

ഞങ്ങളുടെ കർത്താവേ, ഞങ്ങൾക്കുവേണ്ടി നീ കുരിശുമരം ചുമന്നതിനാൽ നിനക്കു സ്തുതി. ഞങ്ങളെപ്രതിയുള്ള നിന്റെ കഷ്ടാനുഭവം വാഴ്ത്തപ്പെട്ടതാകുന്നു. ഞങ്ങളെപ്രതിയുള്ള നിന്റെ താഴ്മയും അനുഗ്രഹിക്കപ്പെട്ടതുതന്നെ. ഞങ്ങൾക്കുവേണ്ടി കുരിശുമരം ചുമന്നവനേ ഞങ്ങളോടു കരുണ ചെയ്യണമെ.

(പള്ളിക്കു ചുറ്റും ഒരു പ്രാവശ്യം പ്രദക്ഷിണം പൂർത്തിയാക്കി വടക്കേ വാതിൽവഴി അകത്ത് പ്രവേശിച്ച്, സ്ലീബാ തോളിൽ വഹിച്ചുകൊണ്ടുതന്നെ വീണ്ടും ഏവൻഗേലിയോൻ വായിക്കുന്നു.)

## ഏവൻഗേലിയോൻ

(പള്ളിക്കകത്ത്)

മത്താ 27:33-34. തലയോടിടം എന്നർത്ഥമുള്ള ഗോൽഗോഥായിലെത്തിയപ്പോൾ അവർ അവനു കയ്പുകലർന്ന വീഞ്ഞു കുടിക്കാൻ കൊടുത്തു. അവൻ അതു രുചിച്ചുനോക്കിയെങ്കിലും കുടിക്കാൻ ഇഷ്ടപ്പെട്ടില്ല.

യോഹ 19:18 അവിടെ അവർ അവനെ ക്രൂശിച്ചു. അവനോടൊപ്പം മറ്റു രണ്ടുപേരെയും: യേശുവിനെ മദ്ധ്യത്തിലും, മറ്റവരെ ഇരുവശങ്ങളിലായും.

മർക്കോ 15:28 അവൻ ദുഷ്കർമ്മികളോടുകൂടെ എണ്ണപ്പെട്ടു എന്നു പറയുന്ന തിരുവെഴുത്ത് അങ്ങനെ പൂർത്തിയായി.

www.malankaralibrary.com



(അതിനുശേഷം സ്ലീബാ മ്നോർത്തൊായിൽ വയ്ക്കുന്നു. മറുബഹാസകൾ കൂടാതെ ഇരുവശവും കത്തിയ്ക്കാത്ത മെഴുകുതിരികൾ മാത്രം വയ്ക്കുന്നു. നമസ്കാര മേശപ്പുറത്ത് വെള്ളത്തുണി വിരിച്ചൊരുക്കി, ഉച്ചയുടെയും ഒമ്പതാം മണിയുടെയും പ്രാർത്ഥനകൾ നടത്തുന്നു. അതിനുശേഷം പട്ടക്കാരും ശുശ്രൂഷകരും അംശവസ്ത്രങ്ങൾ ധരിച്ച്, സ്ലീബാ നമസ്കാരമേശപ്പുറത്തുവച്ച്, സ്ലീബാ വന്ദനവിന്റെ ക്രമം നടത്തുന്നു.)

## രണ്ടാം ശുശ്രൂഷ

## സ്ലീബാവന്ദനം

(നമ്മുടെ കർത്താവ് തന്റെ തൃക്കൈകൾ വിരിച്ചുകിടന്ന് പരിശുദ്ധമാക്കപ്പെട്ട യഥാർത്ഥ ബലിപീഠമാകുന്ന കുരിശ് കർത്താവിനെ പ്രതിനിധീകരിക്കുന്നു. കുരിശ് നമ്മുടെ പ്രശംസയും ദൈവത്തിന്റെ ശക്തിയുമാകുന്നു (1 കൊരി. 1:17-19; ഗലാ. 6:14; എഫേ. 2:16). നാം കുരിശിനെ വന്ദിക്കുമ്പോൾ നമ്മുടെ രക്ഷകനായ യേശുമിശിഹായെയാണ് ആരാധിക്കുന്നതെന്ന് വിശ്വാസികളെ ധരിപ്പിക്കണം.

നമസ്ക്കാരമേശയിൽ കുരിശുവയ്ക്കുകയും അതിന്റെ ഇരുവശങ്ങളിലും മെഴുകുതിരികൾ കത്തിച്ച് വയ്ക്കുകയും ചെയ്യണം. ഈ സമയത്ത് മ്നോർത്തോായിൽ വീണ്ടും തിരികൾ കത്തിക്കുന്നു. കാർമ്മികനും ശുശ്രൂഷകരും അംശവസ്ത്രങ്ങൾ ധരിച്ച്, മേശയുടെ പടിഞ്ഞാറുവശത്തുനിന്ന് ആണ്ടുതക്സായിൽ കൊടുത്തിരിക്കുന്ന ക്രമം നടത്തുന്നു. മുറപ്രകാരം ഏവൻഗേലിയോൻ വായനമദ്ധ്യേ "അവൻ തല ചായിച്ച് ആത്മാവിനെ സമർപ്പിച്ചു" എന്ന് പറഞ്ഞ് കാർമ്മികൻ മ്നോർത്തോായിലെ തിരികൾ കെടുത്തുന്നു. അനന്തരം "ഞങ്ങൾക്കുവേണ്ടി മരിക്കാൻ തിരുമനസ്സായവനേ..." എന്ന പ്രാർത്ഥന വിശ്വാസികൾക്ക് ചൊല്ലിക്കൊടുക്കുന്നു. ഏവൻഗേലിയോൻ പൂർത്തിയാക്കിയ ശേഷം സ്ളീബാ ആഘോഷം നടത്തുന്നു.)

### പ്രാരംഭപ്രാർത്ഥന

കാർമി: ശുബ്ഹൊ ....

ജനം: ബലഹീനരും ...

കാർമി: ദൈവമായ കർത്താവേ, നിന്റെ വിശുദ്ധ സ്ലീബായാൽ ഞങ്ങളുടെ ആത്മാക്കൾ ബലം പ്രാപിച്ച് നിന്റെ ദൈവത്വത്തിനു യോഗ്യമാംവിധം വിശുദ്ധിയോടെ നിന്നെ ആരാധിക്കുവാൻ

www.malankaralibrary.com



ഞങ്ങളെ അർഹരാക്കണമേ. ഞങ്ങളുടെ ശരീരാവയവങ്ങളെ സദാ നിഗ്രഹിക്കുവാനും കർത്താവായ നിന്റെ കല്പനപ്രകാരവും ക്രിസ്തീയമായും വിശുദ്ധ സ്ലീബായെ ഞങ്ങളുടെ തോളുകളിൽ വഹിക്കുവാനും ഞങ്ങളെ യോഗ്യരാക്കണമേ. ഞങ്ങളുടെ കർത്താവും ഞങ്ങളുടെ നിത്യദൈവവുമേ, നിന്റെ സ്ലീബായെ വന്ദിക്കുകയും തിരുനാമത്തെ ഏറ്റുപറയുകയും ചെയ്യുന്നവർക്ക് പ്രതിഫലം കൊടുക്കുവാനായി സ്വർഗ്ഗത്തിൽനിന്നുള്ള നിന്റെ പ്രത്യക്ഷതയെ അനുഗൃഹീതമായ പ്രത്യാശയോടെ പ്രതീക്ഷിച്ചുകൊണ്ട്, യഥാർത്ഥ ജീവനാകുന്ന നിന്നോടുള്ള പൂർണ്ണഭക്തിയോടുകൂടി ഞങ്ങൾ ജീവിക്കുമാറാകണമേ. മോറാൻ വാലോഹാൻ...

## സങ്കീർത്തനം 51 പുറം 2

## എനിയോനോ

(ഏമൊദ് കീസൊ......)

സീയോനിൽ-മരക്കുരിശിൻമേൽ തൂ-ങ്ങി
സ്ലീബായാ-ലെ ഉലകിനെ വീണ്ടോ-നേ
ദേവാ-കൃപ ചെയ്തീടണമെ.

ക്രൂശിൽ നി-ന്നുയരും ശബ്ദത്താ-ലെ
സൃഷ്ടിയെയെ-ല്ലാം വിറകൊള്ളിച്ചോ-നേ ദേവാ...

കയ്പേറും-കാടി കുടിച്ചടിയാ-ർ തൻ
യാതനയാ-കും കയ്പിനെ മായ്ച്ചോ-നേ ദേവാ...

അടിയാർക്കാ-യ് വിഗ്രഹപൂജയിൽ നി-ന്നും
വിടുതൽ ത-ന്ന ക്രൂശിനെ വന്ദി-പ്പു ദേവാ...

താവകമാം-സ്ലീബാ മൃതരായോ-ർക്കായ്
സ്വർഗ്ഗം പൂ-കാൻ പാലമതാകേ-ണം ദേവാ...

തൻ ശിരസ്സിൽ-മുൾമുടി പേറിക്കൊണ്ട്
കുരിശിൻമീ-തെ പീഡ സഹിച്ചോ-നേ ദേവാ...

www.malankaralibrary.com



കുന്തത്താൽ പാർശ്വത്തിൽ മുറിവേ-റ്റു
നിണവും നീ-രും അതിൽനിന്നും വാ-ർന്നു ദേവാ...

തിരുമനസ്സാ-സ്വയമേ കയ്യേൽപ്പി-ച്ചു
നരവംശ-ത്തിനു വിടുതൽ തന്നോ-നേ ദേവാ...

ഏലോഹീ-ഏലോഹീയെന്നാ-ർത്തു
ഭൂവനമശേ-ഷം വിറകൊള്ളിച്ചോ-നേ ദേവാ...

ശുബ്ഹൊ..... മെൻഓലം.......

അവികലമാം-രൂപം മർത്ത്യനു നൽ-കാൻ
സുതനെയയ-ച്ച താതാ തേ സ്തോ-ത്രം ദേവാ...
കുറിയേലായിസോൻ

## സങ്കീർത്തനം 22

എന്റെ ദൈവമേ, എന്റെ ദൈവമേ, എന്തുകൊണ്ട് നീ എന്നെ ഉപേക്ഷിക്കുകയും കുറ്റകരമായ വാക്കുകൾമൂലം എന്റെ രക്ഷയെ എന്നിൽ നിന്നകറ്റുകയും ചെയ്തു!

എന്റെ ദൈവമേ, പകൽ മുഴുവൻ നിന്നെ ഞാൻ വിളിക്കുന്നു. നീ എനിക്കുത്തരം നൽകുന്നില്ല. രാത്രിയിലും നിന്നെ ഞാൻ വിളിക്കുന്നു. എനിക്കാശ്വാസം ലഭിക്കുന്നില്ല.

എന്നാൽ ഞാൻ മനുഷ്യനല്ല കൃമിയത്രെ. മനുഷ്യർക്ക് നിന്ദാപാത്രവും ജനത്തിന് പരിഹാസവിഷയവും. കാണുന്നവരെല്ലാം എന്നെ അവഹേളിക്കുന്നു. അവർ കൊഞ്ഞനം കാട്ടുകയും പരിഹസിച്ചു തലയാട്ടുകയും ചെയ്യുന്നു.

അവൻ കർത്താവിൽ ആശ്രയിച്ചല്ലൊ. അവിടുന്ന് അവനെ സ്വതന്ത്രനാക്കട്ടെ; അവനിൽ അവിടുത്തെ പ്രസാദം ഉണ്ടല്ലോ എന്ന് അവർ പറയുന്നു.

എന്റെ കൈകളും കാലുകളും അവർ തുളച്ചു. എന്റെ അസ്ഥികളെല്ലാം എനിക്ക് എണ്ണാവുന്ന വിധത്തിലായി. അവർ എന്റെ വസ്ത്രങ്ങൾ പങ്കിട്ടെടുക്കുന്നു. എന്റെ അങ്കിക്കായി അവർ നറുക്കിടുന്നു.

www.malankaralibrary.com



കർത്താവേ നീ അകന്നിരിക്കരുതെ. എനിക്ക് തുണയായവനേ എന്റെ സഹായത്തിന് വേഗം വരണമെ. സിംഹത്തിന്റെ വായിൽനിന്ന് എന്നെ രക്ഷിക്കണമേ. കാട്ടുപോത്തിന്റെ കൊമ്പുകളിൽനിന്ന് മുറിവേറ്റ എന്നെ മോചിപ്പിക്കണമെ.

എന്തെന്നാൽ, പീഡിതന്റെ കഷ്ടതകൾ അവിടുന്ന് അവഗണിക്കുകയോ പുച്ഛിക്കുകയോ ചെയ്തില്ല; തന്റെ മുഖം അവനിൽനിന്ന് മറച്ചുമില്ല. അവൻ വിളിച്ചപേക്ഷിച്ചപ്പോൾ അവിടുന്ന് കേട്ടു.

ദൈവമേ സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

കാർമി: ശുബഹോ...

ജനം: മെൻഓലം...

## എനിയോനോ

(തെഹറോ റാബോ ഉ ദുമോറൊ......)

ഗോഗുൽത്താമേ-ൽ സോദരരേ
ഞാ-ൻ കണ്ട മഹാശ്ചര്യത്താൽ സംഭ്രമമാ-ർന്നു
ദൈവം ക്രൂശിൽ തൂങ്ങുന്നു.
ദോഷികളവനെ ദുഷിക്കുന്നു
വി-ണ്ണോരെ, മൺമയരേ, അവനെ വാഴ്ത്തുവിനെന്നേ-ക്കും

കുരിശുമരത്തിൽ-വചനമതാം
ദൈ-വം നീണ്ടുനിവർന്നതിനാലതു ധന്യം പാ-രം
അതിനാൽ നാമതു വന്ദിപ്പൂ
ആശയുമഭയവുമായതിനെ
ഘോ-ഷിക്കാൻ ചൊന്നവനെ നിങ്ങൾ വാഴ്ത്തുവിനെന്നേ-ക്കും

കർത്താവേ, നിൻ-സ്ലീബായെ
വാ-ഴ്ത്തി വണങ്ങീടുന്നതിൽ ശരണം തേടു-ന്നു
ദുഷ്ടനിൽനിന്നും രക്ഷിപ്പാൻ
നെറ്റിയിലതിനെ വരയ്ക്കുന്നു.
ക്രൂ-ശിൽ പീഡ സഹിച്ചവനെ നിങ്ങൾ വാഴ്ത്തുവിനെന്നേ-ക്കും

www.malankaralibrary.com



വന്ദിക്കുക നാം-സ്ലീബായെ
ബിം-ബാർച്ചന നീക്കി സുഗമം യാനം ചെയ്-വാൻ
ജീവപഥത്തെ കാട്ടിയതാം
സ്ലീബായെ സ്തുതി ചെയ്തീടാം
ഘോ-ഷിക്കാം നമ്മൾക്കെല്ലാം; അവനെ വാഴ്ത്തുവിനെന്നേ-ക്കും

ബാറെക്മോർ. ശുബ്ഹൊ...... മെൻഓലം .......

വന്ദിക്കുന്നോ-ർക്കായുധവും
പ്രാ-കാരവുമായ് സ്ലീബാ തീർത്തോൻ ധ-ന്യൻ
അതിനെ ഉപേക്ഷിപ്പോർക്കെല്ലാം
വീഴ്ചയ്ക്കായിത്തീർന്നല്ലോ
തൻ-വരവിൽ അവർതന്നെ ഹിതമില്ലെന്നാലും-വാഴ്ത്തും.

**മാവുർബൊ (ലൂക്കോ 1:46-55) പുറം 55**

## എനിയോനോ

(ലൊക്സോദേക് ദന്ശാബാഹ്.....)

സർവ്വേശാ, മിശിഹായേ, സ്ലീബാത്തരുവിൻ മേലായ് നീ
ക്രൂശിതനാകെ ഭുവനത്തെ തൽ-സീമവരെ
ശോഭിപ്പിച്ചതിനാ-ൽ സ്തോത്രം

രക്ഷകനേ, സ്ലീബായാൽ രിപുവാം സാത്താനെ വെന്ന്
സ്വർഗ്ഗവുമതുപോൽ ഉയിരും നേ-ടി ഞങ്ങൾ
നിൻ കാരുണ്യം കീ-ർത്തിക്കും.

സർവ്വേശാ, മിശിഹായേ, വിഗ്രഹസേവ, ദുരാത്മഭയം
ഇവയിൽ നിന്നെങ്ങളെ സ്ലീബാ-കാത്തതിനാൽ
അതിനെ ഞങ്ങൾ വ-ന്ദിപ്പൂ.

ബാറെക്മോർ. ശുബ്ഹൊ.... മെൻഓലം ....

ഉന്നതനാം സർവ്വേശാ, സ്വർഗ്ഗസ്ഥാ കൃപയാൽ സഭയിൽ
പാവനമാം ബലിപീഠം സംസ്ഥാ-പിച്ചോനേ
പരിശുദ്ധൻ നീ എ-ന്നേക്കും

www.malankaralibrary.com



അല്ലെങ്കിൽ

മിശിഹാതമ്പുരാനേ, നീ ഞങ്ങളുടെ സ്തുതിക്കർഹനാകുന്നു. എന്തെന്നാൽ നീ കുരിശിൽ ഉയർത്തപ്പെട്ടപ്പോൾ ലോകത്തെ മുഴുവൻ പ്രകാശമാനമാക്കി.

ഞങ്ങളുടെ രക്ഷകാ, സ്ലീബായാൽ ഞങ്ങൾ ശത്രുവായ സാത്താനെ ജയിച്ച് നിത്യജീവനും സ്വർഗ്ഗരാജ്യവും നേടി നിന്റെ കൃപയ്ക്കു സ്തോത്രം ചെയ്യുമാറാകണമേ.

മിശിഹാതമ്പുരാനേ, വിഗ്രഹാരാധനയിൽനിന്നും സാത്താൻ-ഭയത്തിൽനിന്നും സ്ലീബാ ഞങ്ങളെ രക്ഷിച്ചതുകൊണ്ട് ഞങ്ങൾ അതിനെ വന്ദിക്കുന്നു.

ബാറെക്മോർ. പിതാവിനും.... ആദിമുതൽ...

സ്വർഗ്ഗത്തിൽ സ്ഥിതിചെയ്യുന്നവനായിരിക്കെ പാപമോചനം നൽകുന്ന ബലിപീഠം കരുണാപൂർവ്വം സഭയിൽ സ്ഥാപിച്ച അത്യുന്നതനായ ദൈവമേ, നീ എന്നേക്കും പരിശുദ്ധൻ ആകുന്നു.

## എനിയോനോ

(ലമ്ശീഹൊ ദെത്തറീം അൽ കൈസോ.......)

വിശ്വാസികൾ ഞങ്ങൾ-ക്കാശ്രയവും
രക്ഷയുമാം ജീ-വപ്രദനെ
ഗോഗുൽത്തായിൽ ദുഷ്ടജനം
കുരിശിൽ തൂക്കി നിന്നെയഹോ, തന്മൂലം
ക്രൂശിതനാകും മിശിഹായെ
സാ-ദരമീയടിയങ്ങൾ സതതം വാഴ്ത്തുന്നു.

വിശ്വാസികൾ ഞങ്ങൾ-ക്കാശ്രയവും
രക്ഷയുമാം ജീ-വപ്രദനെ
ശാലേമിൽ ഗോഗുൽത്തായിൽ
ദുഷ്ടജനം കുരിശിൽതൂക്കി, തന്മൂലം
ക്രൂശിതനാകും മിശിഹായെ
സാ-ദരമീയടിയങ്ങൾ സതതം വാ-ഴ്ത്തുന്നു.

www.malankaralibrary.com



വിശ്വാസികൾ ഞങ്ങൾ-ക്കാശ്രയവും
രക്ഷയുമാകും-മിശിഹായെ
ഗോഗുൽത്തായിൽ കുരിശേറ്റി
വാനിൽ സൂര്യനിരുണ്ടല്ലോ, ശില ചിതറി
മൃതരെല്ലാവരുമുയിർ പൂണ്ടു
ക്രൂ-ശിതനെ അടിയങ്ങൾ സതതം വാ-ഴ്ത്തുന്നു.

ബാറെക്മോർ. ശുബ്ഹൊ...... മെൻഓലം .......

ജീവദ സ്ലീബാ-വന്ദിച്ചും
സ്തോത്രം ചെയ്തും-പൂജിച്ചും
ചൊന്നീടുന്നിവർ സാമോദം
ദുഷ്ടനിൽ നിന്നീയടിയാരെ-സ്ലീബായാൽ
രക്ഷിച്ചോൻ മിശിഹാ ധന്യൻ
തൻ-മൂലം അടിയങ്ങൾ വന്ദിച്ചീ-ടുന്നു. ആമ്മീൻ.

അല്ലെങ്കിൽ

സകലരെയും ജീവിപ്പിക്കുന്ന മിശിഹായെ ദുഷ്ടന്മാർ ഗോഗുൽത്തായിൽ കുരിശിന്മേലുയർത്തി. വിശ്വാസികളായ ഞങ്ങൾക്ക് അവിടുന്ന് രക്ഷയും സങ്കേതസ്ഥാനവുമാണ് അതിനാൽ ഞങ്ങൾ അവനെ നിരന്തരം സ്തുതിക്കുന്നു.

ജറുസലേമിലെ ഗോഗുൽത്തായിൽ കുരിശിൽ തൂക്കപ്പെട്ട മിശിഹാ വിശ്വാസികളായ ഞങ്ങൾക്ക് രക്ഷയും സങ്കേത സ്ഥാനവും ആണ്. അതിനാൽ ഞങ്ങൾ അവനെ നിരന്തരം സ്തുതിക്കുന്നു.

വിശ്വാസികളായ ഞങ്ങളുടെ രക്ഷയും സങ്കേതസ്ഥാനവുമായവനെ ജറുസലേമിലെ ഗോഗുൽത്താമേൽ കുരിശിൽ തൂക്കി. അപ്പോൾ ആകാശത്തിൽ സൂര്യൻ ഇരുണ്ടുപോയി. പാറകൾ പൊട്ടിപ്പിളർന്നു. മരിച്ചവർ ഉയിർത്തെഴുന്നേറ്റു. അതിനാൽ ഞങ്ങൾ അവനെ സ്തുതിക്കുന്നു.

ബാറെക്മോർ. പിതാവിനും..... ആദിമുതൽ.....

ജീവപ്രദമായ കുരിശിനെ ഞങ്ങൾ വന്ദിച്ചു സ്തോത്രം ചെയ്ത്

www.malankaralibrary.com



ആദരവോടും സന്തോഷത്തോടുംകൂടെ ഇപ്രകാരം പറയുന്നു: കുരിശിലേറി സാത്താന്റെ കൈകളിൽനിന്നു ഞങ്ങളെ രക്ഷിച്ച മിശിഹാ വാഴ്ത്തപ്പെട്ടവനാകുന്നു. അതിനാൽ ഞങ്ങൾ അവനെ നിരന്തരം വന്ദിക്കുന്നു. ആമ്മീൻ

## സങ്കീർത്തനം 113

പ്രകാശത്തിന്റെ സ്രഷ്ടാവിനു സ്തുതി. കർത്താവിന്റെ ഭൃത്യന്മാരേ, സ്തുതിപാടുവിൻ. നിങ്ങൾ കർത്താവിന്റെ നാമത്തെ സ്തുതിപ്പിൻ.

കർത്താവിന്റെ നാമം ആദിമുതൽ എന്നേക്കും വാഴ്ത്തപ്പെട്ടതായിരിക്കട്ടെ.

സൂര്യന്റെ ഉദയം മുതൽ അതിന്റെ അസ്തമനം വരെയും കർത്താവിന്റെ നാമം വലിയതാകുന്നു.

കർത്താവ് സകല ജാതികൾക്കും മേലായി ഉന്നതനും അവന്റെ മഹത്ത്വം ആകാശങ്ങൾക്ക് മീതെയുമാകുന്നു.

ഉയരത്തിൽ വസിക്കുകയും ആഴത്തിൽ നോക്കുകയും ചെയ്യുന്ന നമ്മുടെ ദൈവമായ കർത്താവിനോട് സദൃശ്യൻ ആകാശത്തിലും ഭൂമിയിലും ആരുള്ളു?

അവൻ എളിയവനെ ജനത്തിന്റെ പ്രഭുക്കന്മാരോടുകൂടെ ഇരുത്തേണ്ടതിനു കുപ്പയിൽനിന്നും ഉയർത്തുന്നു.

അവൻ വന്ധ്യയായവളെ മക്കളുടെ സന്തോഷമുള്ള മാതാവായി ഭവനത്തിൽ വസിക്കുമാറാക്കുകയും ചെയ്യുന്നു.

ദൈവമേ, സ്തുതി നിനക്ക് യോഗ്യമാകുന്നു. ബാറെക്മോർ.

## എനിയോനോ

(ഹോ മോറാൻ ത്ലേ......)

ക-ണ്ടാ-ലും ഹാ! നാഥൻ സത്യദ്വേഷികളാൽ
തൂക്കപ്പെട്ടു കുരിശിന്മേൽ-ന-മ്മെ രക്ഷി-പ്പാൻ

ക്രൂ-ശി-ക്ക-വനെ, ക്രൂശിക്കവനെയെന്നേവം
മുഖ്യ പുരോഹിതരാർക്കുന്നു-സത്യവിരുദ്ധ ഭടന്മാ-രും

www.malankaralibrary.com



നീച-ന്മാർക്കിടയിൽ, അടിയും നിന്ദയുമേറ്റോനെ
സംഭ്രമമാർന്നിളകീടുന്നു വാനും ഭൂവും വാരി-ധിയും

ബാറെക്മോർ. ശുബ്ഹൊ.... മെൻഓലം ....

ക്രൂ-ബേർ, സ്രാപ്പേന്മാർ-കാദീശ് കാദീശ് പാടുമ്പോൾ
ഭോഷന്മാരാം ദുഷ്ടജനം-കുരിശിൽ തൂക്കണമെന്നാ-ർത്തു.

അല്ലെങ്കിൽ

നമ്മുടെ കർത്താവു സത്യവിരോധികളായ നീചന്മാരാൽ കുരിശിൽ തൂക്കപ്പെട്ടു.

അവനെ കുരിശിൽ തൂക്കുക, കുരിശിൽ തൂക്കുക എന്നു സത്യവിരോധികളായ പടയാളികളോടു ചേർന്ന് പുരോഹിത മുഖ്യന്മാർ ആക്രോശിക്കുന്നു.

ദുഷ്ടന്മാരുടെ ഇടയിൽ നിന്നുകൊണ്ട് അടിയും പരിഹാസവും ഏറ്റവനെ ഭയപ്പെട്ട് ആകാശവും ഭൂമിയും സമുദ്രങ്ങളും വിറയ്ക്കുന്നു. ബാറെക്മോർ.

പിതാവിനും... ആദിമുതൽ...

ക്രോബകളും സ്രാപ്പികളും അവിടുന്നു പരിശുദ്ധൻ പരിശുദ്ധൻ എന്ന് ഉദ്ഘോഷിക്കുന്നു. ഭോഷജനമാകട്ടെ അവനെ കുരിശിൽ തൂക്കുക, കുരിശിൽ തൂക്കുക എന്നു മുറവിളി കൂട്ടുന്നു.

## എനിയോനോ

(യൗമോനോ അർക്കേൻ......)

ഈ നാൾ ന്യായാസനേ-പാരിൻ വിധിനാഥൻ
ദാസനു തുല്യം താൻ-ന്യായവിധിയേൽപ്പൂ

ഈ നാൾ ദുഷ്ടന്മാർ-നിന്ദകളൊട്ടേറെ
ദൈവസുതൻ തന്മേൽ-വർഷിച്ചീടുന്നു

നാഥന്നായീനാൾ-മുൾമുടിയുണ്ടാക്കി
ഭൂഷണമുലകിന്മേൽ-ചാർത്തുന്നോനായി

www.malankaralibrary.com



ഈ നാൾ വിധിചെയ്താൻ-ദുഷ്ടനെയെന്നോണം
മന്നരെ വിധിചെയ്‌വാൻ-മേലിൽ വരുവോനെ

ഈ നാൾ അവരാർത്തു-ന്യായാധിപനോടായ്
മിശിഹായെന്നറിയും-ഈശോയെ തൂക്കാൻ

ഈ നാൾ കുരിശിന്മേൽ-തൂങ്ങും ദൈവത്തെ
കണ്ടപ്പോൾ ലോകം-സംഭ്രമമാർന്നല്ലോ

ഈ നാളുയരത്തിൽ-സൂര്യൻ ഇരുളാർന്നു
ഗോളങ്ങൾ മങ്ങി-ജീവികൾ വിറപൂണ്ടു

ഈ നാൾ ആദം മുൻ-സ്ഥാനം കൈക്കൊണ്ടു
ക്രോബകളേന്തീടും-വാൾ വഴുതിപ്പോയി

ഈ നാൾ തല താഴ്ത്തി-നാഥൻ മൃതിയേറ്റു
മർത്ത്യർക്കെല്ലാം താൻ-ഏകുന്നു ജീവൻ

ബാറെക്മോർ. ശുബ്ഹൊ.... മെൻഓലം...

ഈ നാൾ സ്ലീബായെ-വാഴ്ത്താം വന്ദിക്കാം
സ്ലീബായെ ഞങ്ങൾ-വാഴ്ത്തുന്നെന്നാളും. കുറിയേലായിസോൻ

## മാവൂർബോ

(മത്തായി 5: 3-12)

ആത്മാവിൽ ദരിദ്രതയുള്ളവർ ഭാഗ്യവാന്മാർ എന്തെന്നാൽ, സ്വർഗരാജ്യം അവരുടേതാകുന്നു.

ദുഃഖിച്ചിരിക്കുന്നവർ ഭാഗ്യവാന്മാർ എന്തെന്നാൽ, അവർ ആശ്വസിപ്പിക്കപ്പെടും.

സൗമ്യതയുള്ളവർ ഭാഗ്യവാന്മാർ എന്തെന്നാൽ, അവർ ഭൂമിയെ അവകാശമായി അനുഭവിക്കും.

നീതിക്കായി വിശന്ന് ദാഹിച്ചിരിക്കുന്നവർ ഭാഗ്യവാന്മാർ, എന്തെന്നാൽ, അവർ തൃപ്തരാകും.

കരുണയുള്ളവർ ഭാഗ്യവാന്മാർ, എന്തെന്നാൽ, അവരുടെമേൽ കരുണയുണ്ടാകും.

www.malankaralibrary.com



ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, എന്തെന്നാൽ, അവർ ദൈവത്തെ കാണും.

സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ, എന്തെന്നാൽ, അവർ ദൈവത്തിന്റെ പുത്രന്മാരെന്നു വിളിക്കപ്പെടും.

നീതിനിമിത്തമായി പീഡിപ്പിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ എന്തെന്നാൽ, സ്വർഗരാജ്യം അവരുടെതാകുന്നു.

എന്റെ നിമിത്തം മനുഷ്യർ നിങ്ങളെ നിന്ദിക്കുകയും നിങ്ങളെ പീഡിപ്പിക്കുകയും, നിങ്ങൾക്കു വിരോധമായി സകല ദുഷ്കാര്യങ്ങളെയും വ്യാജമായി പറയുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ.

അപ്പോൾ നിങ്ങളുടെ പ്രതിഫലം സ്വർഗത്തിൽ വർദ്ധിച്ചിരിക്കകൊണ്ട് നിങ്ങൾ സന്തോഷിച്ച് ആനന്ദിപ്പിൻ. ബാറെക്മോർ

## എനിയോനോ

(സ്ലേക്ക് ലസ്ലീബൊ....)

താ-തൻ റൂഹാ-ഇവർതൻ തിരുമനസ്സാൽ-മിശിഹാ
മറിയാമിൽ നിന്നുരുവാർന്ന-തനുവാലുലകിൻ രക്ഷയ്ക്കായ്
കുരിശിന്മേൽ-മൃതിയേ-റ്റല്ലോ.

ക്രൂ-ശിൽ നിന്നെ-കണ്ടൊരുനേരം വൻ-ചോരൻ
ഈശൻ നീയെന്നുരചെയ്തു-'നീയിനി
ആഗതനാകുമ്പോൾ
ഓർക്കണമെന്നെ സ-ർവേശാ.'

മിശിഹാ നാഥാ മോക്ഷപ്രദമാം-നിൻ-ക്രൂശാൽ
ജീവദമാം നിൻ പീഡകളാൽ-രക്ഷ നരന്മാർക്കേകുകയായ്
കരുണ നിറഞ്ഞവനേ-സ്തോത്രം

ബാറെക്മോർ. ശുബ്ഹൊ.... മെൻഓലം...

മിശിഹാ നാഥാ, മോക്ഷപ്രദമാം നിൻ-ക്രൂശാൽ
രിപുവാം ദുഷ്ടനെ നീ വീഴ്-ത്തി പാപത്തിൻ ദാസ്യം നീക്കി
ആദാമിൻ സുതരെ വീണ്ടു.

www.malankaralibrary.com



അല്ലെങ്കിൽ

മിശിഹാതമ്പുരാനേ, പിതാവിന്റെയും പരിശുദ്ധാത്മാവിന്റെയും തിരുവിഷ്ടപ്രകാരം മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കുവേണ്ടി മറിയാമിൽനിന്നെടുത്ത ശരീരത്തോടു കൂടി നീ കുരിശുമരണം വരിച്ചു.

കുരിശിന്മേൽ നിന്നെ കണ്ട കള്ളൻ നീ ദൈവം തന്നെ എന്ന വിശ്വാസം വെളിപ്പെടുത്തി:നീ വരുമ്പോൾ എന്നെ ഓർത്തു കൊള്ളണമേ. എന്ന് അവൻ നിന്നോട് അപേക്ഷിച്ചു.

മിശിഹാതമ്പുരാനേ, മോക്ഷപ്രദമായ കുരിശിനാലും ജീവദായകമായ പീഡാനുഭത്താലും നീ ഞങ്ങളുടെ വർഗ്ഗത്തെ വിണ്ടെടുത്തു. മനുഷ്യരിൽ കനിവുള്ള കർത്താവേ, നിനക്ക് സ്തുതി. ബാറെക്മോർ.

പിതാവിനും... ആദിമുതൽ...

മിശിഹാതമ്പുരാനേ, രക്ഷാകരമായ നിന്റെ കുരിശിനാൽ ശത്രുവായ ദുഷ്ടനെ നീ നശിപ്പിച്ചു; പാപദാസ്യത്തിൽ നിന്ന് ആദാമിനെയും സന്തതികളെയും മോചിപ്പിക്കുകയും ചെയ്തു.

സ്തൗമെൻ ..... കുറി ......

## പ്രുമിയോൻ

കാർമി: നാമെല്ലാവരും പ്രാർത്ഥിച്ച്...

ജനം: കാരുണ്യവാനായ...

കാർമി: സ്തുതിയും സ്തോത്രവും...

കുരിശുമരത്തിന്മേൽ കൈനീട്ടി കിടന്നുകൊണ്ട് സ്വജനത്തെയും വിജാതീയരെയും കൂട്ടിച്ചേർത്ത സ്വർഗ്ഗീയസമാധാനം അവനാകുന്നു. സ്ലീബായിൽ കിടന്നുകൊണ്ട് ലോകത്തെ അഭിമുഖീകരിക്കുകയും അതിന്റെ എല്ലാ അതിർത്തികളിൽനിന്നും യഥാർത്ഥ സ്തുതിയും സത്യാരാധനയും സ്വീകരിച്ച അവതീർണ്ണനായ കർത്താവ് അവനാകുന്നു. സ്വന്തം ആടുകളെ സ്നേഹി

www.malankaralibrary.com



ക്കുകയും അവർക്കായി ജീവാർപ്പണം ചെയ്യുകയും ആത്മബലി യാൽ മനുഷ്യവർഗ്ഗത്തെ മുഴുവനും വീണ്ടെടുക്കുകയും ചെയ്ത ആ നല്ലിടയനു സ്തുതി. സ്ലീബാവന്ദനവിന്റെ ഈ സമയത്തും സകല പെരുന്നാളുകളിലും ഞങ്ങളുടെ ആയുഷ്ക്കാലം മുഴുവനും സ്തുതിയും ബഹുമാനവും ആരാധനയും തനിക്ക് യോഗ്യമാകുന്നു. ബ്കുലഹൂൻ...

ജനം: ആമ്മീൻ.

## സെദറാ

മഹോന്നത ദൈവമേ, നിന്റെ സാദൃശ്യത്തിൽ ഞങ്ങളെ നീ സൃഷ്ടിക്കുകയും നിന്റെ ഛായയിൽ ഞങ്ങളെ സ്ഥിരീകരി ക്കുകയും ചെയ്തതിനാൽ നിന്റെ അസ്തിത്വത്തെ ഞങ്ങൾ വന്ദിച്ചു പുകഴ്ത്തുന്നു. മനുഷ്യരെ സ്നേഹിക്കുന്നവനേ, ഈ വെള്ളിയാഴ്ച ദിവസം നിന്റെ ക്രൂശാരോഹണത്താൽ ഞങ്ങളെ നീ ജീവിപ്പിക്കുകയും നിന്റെ മരണത്താൽ ഞങ്ങളെ സ്വതന്ത്ര രാക്കുകയും ചെയ്തു. നീ നല്കിയ രക്ഷയെ ഞങ്ങൾ മഹത്വ പ്പെടുത്തുന്നു. എന്തെന്നാൽ ആദിയിൽ ആറാം ദിവസം നിന്റെ തിരുവിഷ്ടം ഞങ്ങളുടെ സൃഷ്ടിയിൽ നീ നിവർത്തിച്ചു. നിന്റെ തൃക്കൈകളാൽ മണ്ണെടുത്തു മെനഞ്ഞ് നിന്റെ സാദൃശ്യത്തിൽ ആദാമിനെ നീ സൃഷ്ടിച്ചു. നിന്റെ വായിലെ ശ്വാസത്താൽ ജീവ ശ്വാസത്തെ അവന്റെ മുഖത്തു നീ ഊതി. അവൻ സൗന്ദര്യ പൂർണ്ണനായി ജ്ഞാനത്തിൽ തികഞ്ഞ് ഒരു അത്ഭുതശില്പമാ യിത്തീർന്നു. എന്നാൽ അവൻ ബുദ്ധിഹീനതയാൽ നിന്റെ കല്പന ലംഘിച്ച് കുറ്റക്കാരനും മരണവിധേയനുമായി. അനുഗ്രഹങ്ങളും കരുണയും നിറഞ്ഞിരിക്കുന്നവനായ കർത്താവേ, ഇവയ്ക്കുശേഷം അവന്റെ നാശത്തിൽ നിനക്കു സഹതാപമുണ്ടായി. രഹസ്യപൂർണ്ണമായ വെള്ളിയാഴ്ചയാകുന്ന ആറാം ദിവസം നിന്റെ കൈകൾ അവന്റെ രക്ഷയ്ക്കുവേണ്ടി സ്ലീബാമേൽ ആണികളാൽ തറയ്ക്കപ്പെട്ടു. കുരിശിൽ തറച്ചവ രിൽനിന്ന് നിന്റെ മുഖം അശുദ്ധ തുപ്പലേറ്റു. അവനെ രക്ഷി ക്കാൻ കുന്തത്താൽ തിരുവിലാവിൽ കുത്തുകൊള്ളുകയും ചെയ്തു. നിന്റെ തിരുവിലാവിൽനിന്ന് ഒഴുകിയ രക്തത്താലും

www.malankaralibrary.com



വെള്ളത്താലും അവൻ പുതിയ ജീവൻ സമ്പാദിക്കുകയും നവീകരിക്കപ്പെടുകയും ചെയ്തു.

ഇപ്പോൾ കർത്താവേ, രക്ഷാകരമായ നിന്റെ കഷ്ടാനുഭവത്തിന്റെയും ജീവദായകമായ സ്ലീബായുടെയും സ്മരണ നിർവ്വഹിക്കപ്പെടുന്ന ഈ വെള്ളിയാഴ്ചദിവസം നിന്റെ സഭ ഈ പരിമളധൂപം അർപ്പിച്ചുകൊണ്ട് അവളുടെ മക്കളുടെ അധരങ്ങളാൽ നിന്റെ തിരുമുമ്പാകെ അപേക്ഷിച്ചു പ്രാർത്ഥിക്കുന്നു. നിനക്കു തിരുവിഷ്ടം തോന്നി ആദിയിൽ നീ സൃഷ്ടിക്കുകയും അവസാനത്തിൽ രക്ഷിച്ചു ജീവിപ്പിക്കുകയും ചെയ്തപ്രകാരം ഇപ്പോഴും കരുണാപൂർവ്വം നിന്റെ സൃഷ്ടിയെ മുഴുവൻ ദർശിക്കയും സ്ലീബായാൽ ഭൂതലത്തിനു മുഴുവൻ സഹായം നൽകുകയും ചെയ്യണമേ. നിന്റെ സ്ലീബായാൽ കോപം ശമിപ്പിക്കണമേ; യുദ്ധങ്ങൾ ഇല്ലാതാക്കണമേ; കലഹങ്ങൾ മായിക്കണമേ; ശിക്ഷകൾ ഒഴിവാക്കണമേ. നിന്റെ സ്ലീബായാൽ കോപിച്ചിരിക്കുന്നവരെ ശാന്തരാക്കണമേ; നിഗളികളെ വിനയമുള്ളവരാക്കണമേ. നിന്റെ സ്ലീബായാൽ അഹംഭാവം ഇല്ലാതാക്കണമേ; ശത്രുത നീക്കിക്കളയണമേ; തിന്മയുടെ ശക്തിയെ അമർത്തണമേ; പള്ളികളെയും ആശ്രമങ്ങളെയും ഉറപ്പിക്കണമേ. നിന്റെ സ്ലീബായാൽ പുരോഹിതന്മാരെ പ്രശോഭിതരാക്കുകയും ശെമ്മാശന്മാരെ ശ്രേഷ്ഠരാക്കുകയും ചെയ്യണമേ. നിന്റെ സ്ലീബായാൽ വൃദ്ധന്മാരെ താങ്ങുകയും, യുവാക്കളെ പരിപാകതയുള്ളവരാക്കുകയും ബാലികാബാലന്മാരെ സംരക്ഷിക്കുകയും ചെയ്യണമേ. നിന്റെ സ്ലീബായാൽ പാപികളെ പുണ്യപ്പെടുത്തുകയും കുറ്റക്കാരോടു ക്ഷമിക്കുകയും ചെയ്യണമേ.

തിരുമുമ്പാകെ വന്ദിക്കുകയും തിരുമുറിവുകളെ ചുംബിക്കുകയും നിന്റെ സ്ലീബായിൽ അഭിമാനം കൊള്ളുകയും ചെയ്യുന്ന സഭയെ നീ നന്നായി പരിപാലിക്കണമേ. ഞങ്ങൾക്കും നിന്റെ സർവ്വജനത്തിനും രക്ഷ നൽകണമേ. നിന്റെ വാഗ്ദാനങ്ങൾ ഞങ്ങളിൽ നിറവേറ്റണമേ. തേജസ്സോടുകൂടെ ഞങ്ങളെ നീ സന്ദർശിക്കണമേ. ഞങ്ങൾ ആത്മവിശ്വാസത്തോടെ

www.malankaralibrary.com



മഹത്ത്വമുള്ള നിന്റെ ഉയർത്തെഴുന്നേല്പിനു വന്നുചേരുവാൻ ഇടയാക്കണമേ. ഞങ്ങൾ നിന്റെ സ്വർഗ്ഗീയമണവറയിൽ പരികർമ്മികളും വിരുന്നിൽ ക്ഷണിക്കപ്പെട്ടവരും നിത്യരാജ്യത്തിനവകാശികളും ആയിത്തീരണമേ. അവിടെ ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും മുടക്കംകൂടാതെ സ്തുതിയും സ്തോത്രവും സമർപ്പിക്കും.

ജനം: ആമ്മീൻ.

**കോലൊ**

(കൂക്കോയൊ. *ഒമറിൻസോബെ.....*)

ദൈവതനൂജൻ കുരിശിന്മേൽ മരണം-കയ്യേറ്റു
മാനവസൂനു താതങ്കൽ തൻജീ-വനേല്പിച്ചു
കബറു പൊളിഞ്ഞു-ചിതറി പാറകളും
സൃഷ്ടികളഖിലം-സംഭ്രമമാർന്നല്ലൊ-വ്യഥയാൽ
ദൈവസുതൻ തൻ പാർശ്വമവർ തുറന്നു-ചവളത്താൽ
ഉലകിനു മോചനമരുളീടും നിണവും-നീരുമഹോ
ഹാ .... വാർന്നൊഴുകി അതിൽ നിന്നുടനെ

ബാറെക്മോർ. ശുബ്ഹോ....

നാഥൻ ചൊന്നാൻ അമ്മയൊടും വധുവാം-സഭയൊടുമായ്
സ്വന്തജനം എന്നൊടു ചെയ്തവ കാൺമാ-ൻ വന്നിടുവിൻ
അവർ നിഷ്ക്കരുണം-വിധി കല്പിച്ചെന്നിൽ
അതിനും പുറമേ-താഡിച്ചാർ അവരെൻ കവിളിൽ
എന്നെക്കുരിശിന്മേലേറ്റി ഹൃദയം പിളർന്നല്ലോ
തന്നിഷ്ടം പോലിവയെല്ലാം അവർ ചെയ്-തെന്നാലും
ഹാ ... പ്രാർത്ഥിക്കുന്നേൻ ഞാ-നവർക്കായ്
മെൻഓലം.....

വിണ്ണിൽനിന്നും വന്ന സുതൻ കുരിശിൽ തൂങ്ങിയിതാ

www.malankaralibrary.com



വൈരികൾ കൊന്നൊരു കൂറ്റനിതാ ബലിപീ-ഠസ്ഥിതനായ്
വന്നേറിടുവിൻ-ജനതകളെ, സ്വജനം
നിപതിക്കുകയാൽ-എഴുന്നേൽക്കു സഭയേ-നീയും
ജീവനെഴുന്നോരപ്പത്തിൽ മേശ-യതും നിന്നിൽ
കർത്താവിൻ പാർശ്വത്തിൽ നിന്നുള്ളൊ-രു മിശ്രിതവും
ഹാ....സ്ഥിതി ചെയ്തീടുന്നുണ്ടിവിടെ.

മൊറിയോ റാഹേം...

## എത്രൊ

കാർമ്മി: പരിമളത്താൽ ലോകത്തെ സന്തോഷിപ്പിക്കുന്നവനേ, നിന്നെ ഞങ്ങൾ വന്ദിക്കുന്നു. നിന്റെ ക്രൂശാരോഹണം അദ്ധ്യാത്മിക ധൂപകലശമായിത്തീർന്നു. ആ ധൂപത്താൽ നിന്റെ പിതാവിനെ സൃഷ്ടികളുമായി നീ രമ്യപ്പെടുത്തി. നിന്റെ പീഡാനുഭവം അഗ്നിക്കു പകരവും, സ്നേഹം സുഗന്ധവർഗ്ഗങ്ങൾക്കു പകരവും ആയിത്തീരുന്നു. നീ മനുഷ്യാവതാരം ചെയ്ത് നിന്റെ പൗരോഹിത്യംവഴി പീഡാനുഭവമാകുന്ന ധൂപം പിതാവിനു സമർപ്പിച്ചു. തിരുമുമ്പാകെ ഞങ്ങൾ അർപ്പിക്കുന്ന ഈ ധൂപം ഞങ്ങളുടെ ബലഹീനമായ കരങ്ങളിൽനിന്ന് സ്വീകരിച്ച് നിന്റെ ഇടവകയ്ക്കു പാപപരിഹാരവും വിശ്വാസികളായ പരേതർക്ക് നല്ല അനുസ്മരണയും ആശ്വാസവും നല്കണമേ.

ജനം: ആമ്മീൻ.

## ഹൂത്തോമ്മൊ

കാർമ്മി: അജയ്യമായ നിന്റെ ശക്തിയാൽ സകലത്തിലും പ്രവർത്തിക്കുന്നവനും ദൈവസ്വരൂപവുമായ കർത്താവേ, നീ എല്ലായിടത്തും സന്നിഹിതനായി നിന്റെ ശക്തിയാൽ ലോകത്തെ നാലു ഭാഗങ്ങളായി വികസിപ്പിച്ചു. എന്നാൽ സ്നേഹത്താൽ അതിനെ ഒന്നായി ബന്ധിപ്പിച്ചു. ദുഷ്ടന്റെ ആധിപത്യം നീക്കിക്കളയുന്ന യഥാർത്ഥ ജ്ഞാനം ഞങ്ങൾക്കു നീ സമ്പാദിച്ചുതന്നു. നീ ദൈവതുല്യം ജീവനുള്ളവനായിരിക്കെ ശരീരപ്രകാരം മരത്തിന്മേൽ

www.malankaralibrary.com



സ്വയം വിരിച്ചു. അദ്ധ്യാത്മിക ഇസ്രായേലിന്റെ പരിശുദ്ധാ, ഞങ്ങളുടെ മുമ്പാകെ തൂങ്ങിക്കിടക്കുന്ന ജീവൻതന്നെയായ നിന്നിൽ ഞങ്ങളുടെ ദൃഷ്ടി പതിയുമാറാകണമേ. കഷ്ടതകളുടെ നടുവിൽ ആകൽക്കറുസാ ഞങ്ങൾക്കെതിരായി പ്രയോഗിക്കുന്ന രാത്രിയിലെ കെണിയിൽനിന്നും പകലിലെ അസ്ത്രങ്ങളിൽനിന്നും ഞങ്ങൾ ഭയപ്പെടുവാൻ ഇടയാകരുതേ. നീ ഞങ്ങളുടെ ബലമുള്ള സങ്കേതമാകുന്നുവല്ലോ. നിന്റെ വലത്തുകൈ ഞങ്ങളിലെല്ലാവരിലും ആവസിപ്പിച്ച് നിന്റെ നാമത്തിലുള്ള ഞങ്ങളുടെ സമ്മേളനത്തെ അനുഗ്രഹിക്കണമേ. നിന്റെ സ്ലീബായുടെ മഹത്തായ അടയാളത്താൽ ഞങ്ങളുടെ ആത്മാക്കളെ കാത്തുകൊള്ളണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും ഇപ്പോഴും എല്ലാസമയത്തും എന്നേക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കും.

ജനം: ആമ്മീൻ.

### കോലോ

(പൗലോസ് ശ്ലീഹാ.....)

താ-തൻ തന്റെ ഏകാത്മജനാകും-നാഥാ
നന്ദിയെഴാത്തോരധമന്മാർ നിന്നെ കുരിശിന്മേൽ തൂക്കി
മുറിവേറ്റ വിലാവിൽ നിന്നും-ഒഴുകി ശോണിതവും നീരും
ഗോഗുൽത്തായിൽ കുരിശിന്മേൽ ജീവന്നുറവ പൊടിച്ചല്ലൊ
വിശ്വാസത്താൽ ജനതതികൾ-വിഗ്രഹപൂജ വെടിഞ്ഞല്ലൊ.

ഉൻ-മാദമെഴും ദുഷ്ടന്മാർ ഗോഗുൽ-ത്തായിൽ
ദൈവാത്മജനെ കുരിശിച്ചു, ആതുരജനസുഖദായകനെ
മുൾമുടി തൻ ശിരസ്സിൽ താഴ്ത്തി-തുപ്പലുമേറ്റി മുഖതാരിൽ
പറുദീസാ നമ്മൾക്കേകാൻ നമ്മുടെ ദീനകുലത്തിന്നായ്
കൊരടാവടിയും ഭത്സനവും-സർവ്വവുമേറ്റോനായ് സ്തോത്രം.

ശ്രേ-ഷ്ഠം തന്നെ ചോരൻ തന്നുടെ വി-ശ്വാസം
പദപാണികളിൽ ആണിയുമാ-യ് നാഥൻ കുരിശിൽ തൂങ്ങുമ്പോൾ
തൻപിഴ പോക്കാൻ ചോരനവൻ-പാപവിമുക്തിക്കായ് കേണു

www.malankaralibrary.com



ശെമഒാൻ അറിയില്ലെന്നോതി; നിന്നു ദൂരെ യോഹന്നാൻ
മോഷ്ടാവോതി "ഓർക്കണമെ, നീ വന്നീടും നാ-ളെന്നെ".

ബാറെക്മോർ. ശുബ്ഹൊ.... മെൻഓലം....

പാ-പവിഹീനൻ തൂങ്ങും കുരിശതി ധ-ന്യം താൻ
ശ്ലേമോനേവം നമ്മൾക്കാ-യ് എഴുതി സൃഷ്ടികളോടോതി
നാട്ടീടേണ്ടും കുരിശിന്മേൽ-ദൈവസുതൻ ശയനം കൊണ്ടു
അങ്ങനെയെല്ലാ പ്രവചനവും-നിറവേറ്റിത്തന്നാശ്രിതയാം
വിമല സഭയ്ക്കു വിലാപ്പഴുതാ-ൽ പുണ്യമണച്ചോനേ സ്തോത്രം.

മൊറിയോ റാഹേം.....

## മാർ അപ്രേമിന്റെ ബോവൂസോ

*(മോറാൻ എസ്രഹാമേലൈൻ...)*

കർത്താവേ കൃപ ചെയ്യണമേ
വലിയൊരു നിൻ ഹാശായതിനാൽ
ഹാശായിൽ പങ്കരുൾ ഞങ്ങൾ
ക്കവകാശം നിൻ രാജ്യത്തും. ✠

സർവേശാ കൃപ ചെയ്യേണമെ
നാഥാ ദയ ചെയ്തീടേണമേ

1. കുരിശിൻ ചോട്ടിൽ മറിയാം പോയ്
ഗോഗുൽത്തായിൽ തല ചായ്ച്
ഏങ്ങലടിച്ചതി ദാരുണമായ്
തൻസുതനെപ്രതി കേണല്ലോ
കണ്ടു മകനെ കുരിശിന്മേൽ
കണ്ണീരത്യധികം തൂകി
ഇടറിയ സങ്കട ശബ്ദത്തിൽ
മനമുരികിക്കേണു പാരം
അവളോടൊപ്പം സഖിമാരും
വിലപിച്ചതി വേദനയോടെ
മറിയാമിന്നുടെ നിലവിളിയാൽ
മൂക പ്രകൃതിയും ഇളകുകയായ്. ✠ സർവേശാ...

www.malankaralibrary.com



2. മകനേ, ദിശകളിലെങ്ങും പോയ്
നിൻ ഹാശാഫലമുൾക്കൊള്ളാൻ
ലോകരെ ആഹ്വാനം ചെയ്യാൻ
ചിറകുകൾ ഞാനാർജ്ജിച്ചെങ്കിൽ
മകനേ, നീ കബർ പൂകിയതിൽ
കേഴുന്നെന്നാൽ മോദിപ്പൂ
പൊയ്പ്പോയൊരു സഭയാൽ ദുഃഖം
രക്ഷിതസഭയാലാനന്ദം
നിൻ കബർ മണവറയൊടു തുല്യം
മകനേ നീയതിൽ മണവാളൻ
മൃതി പൂണ്ടോർ തോഴന്മാരായ്
വാനവരെപ്പോൽ വാഴുന്നു
ഇങ്ങനെ മറിയം വിലപിച്ചു
നിന്നോടാർക്കിതുപോൽ വൈരം
നീ കുരിശേറാൻ ദാഹിച്ചോർ
കണ്ടൊരു കുറ്റം എന്താവാം?. ✠ സർവേശാ...

3. ഇസ്രായേല്യരേ രക്ഷിച്ചു
കടലുമുറിച്ചു നടത്തിച്ചു
രോഗിക്കേകി സൗഖ്യം നീ
പ്രതിഫലമിവ്വിധമായല്ലോ!
സൃഷ്ടികളേ, വിലപിച്ചിടുവിൻ
കുരിശിൽ തൂങ്ങും നാഥന്നായ്
സൂര്യാ നീ കതിർ വീശരുതേ
നാഥൻ നഗ്നത മറയട്ടെ
നിന്നുടയോൻ ചെന്നെത്തീടും
ഇരുളിൽ നീ ഉദയം ചെയ്ക
മൃതർ അവിടവനെ കാണുമ്പോൾ
ജീവദനെന്നു പുകഴ്ത്തട്ടെ. ✠ സർവേശാ...

www.malankaralibrary.com



4. ഞെട്ടി വിറയ്ക്കു ഭൂതലമേ
ദൈവസുതൻ പഴിയേല്പതിനാൽ
ദുഷ്ടന്മാരുടെ നിന്ദകളിൽ
വിള്ളുക പകരം വീട്ടുക നീ.
എതിരാളികളെ പായിച്ച
നിൻവാളെവിടെ മീഖായേൽ?
തീപോലുഗ്രതയേറും നിൻ
തീക്ഷ്ണതയെവിടെ ഗബ്രിയേൽ?
മൂകപ്രകൃതികൾ വാഴ്ത്തീടും
പ്രകൃതിയ്ക്കധിപാ, സ്തോത്രം തേ!
ഉലകിൻ പാപം മനസ്സോടെ
ഏറ്റൊരു പുത്രാ സ്തോത്രം തേ.. ✠ സർവേശാ...

5. മണ്ണും വിണ്ണും താങ്ങീടും
നിന്നെ കുരിശുമരം താങ്ങി
വിശ്വം കയ്യിലൊതുക്കും നീ
കബറിൽ പാർത്തതിനാൽ സ്തോത്രം.
സ്ലീബായാൽ രക്ഷിച്ചതിനാൽ
സൃഷ്ടികൾ നിൻ സ്തുതി ചൊല്ലുന്നു
നിൻപ്രഭ മൃതരിലുദിച്ചതിനാൽ
അവരും സ്തോത്രം ചെയ്യുന്നു.
സ്ലീബാ ആഘോഷിച്ചീടും
ദിശകളിലെല്ലാം സ്തോത്രം തേ!
നിരവധിയാം സ്തുതിയങ്ങേക്കും
നിൻ താതന്നും, റൂഹായ്ക്കും.. ✠ സർവേശാ...

കർത്താവേ കൃപ ചെയ്യണമേ...✠ സർവേശാ...

www.malankaralibrary.com



## സുമോറൊ

തൻ വസ്ത്രമുരിഞ്ഞു ദുഷ്ടർ
ഭുവനം സംഭ്രമമൊടു മേവി
സെഹിയോൻ തൻ ദുഷ്കൃത്യത്താൽ
വസുധാധാരം ഭ്രമമാണ്ടു
തൻ ഭാരത്തെ താങ്ങീടാൻ
ഗോഗുൽത്താ ക്ലേശിച്ചേറ്റം
ഞങ്ങൾക്കൊക്കെയുമേ വേണ്ടി-
ട്ടുള്ളൊരു നിൻ കഷ്ടപ്പാടും
ഞങ്ങൾക്കായുള്ളെളിമയതും
വാഴ്ത്തപ്പെട്ടവയാ-കുന്നു

അല്ലെങ്കിൽ

ദുഷ്ടന്മാർ അവന്റെ വസ്ത്രങ്ങൾ ഉരിഞ്ഞെടുത്തു. അവരുടെ ദുഷ്കൃത്യം ഹേതുവായി സൃഷ്ടികൾ സംഭ്രമിക്കുകയും ഭൂമിയുടെ അടിസ്ഥാനങ്ങൾ ഇളകുകയും ചെയ്തു. ഗോഗുൽത്തായിക്ക് അവന്റെ ഭാരം താങ്ങുവാൻ കഴിവില്ലാതെയായി. ഞങ്ങൾക്കുവേണ്ടിയുണ്ടായ നിന്റെ പീഡാനുഭവവും ഞങ്ങളെപ്രതിയുള്ള നിന്റെ താഴ്മയും അനുഗൃഹീതമാകുന്നു.

## വേദവായന

ഉല്പ 22: 1-14; പുറ 17:8-16. ഏശ 52: 13-53:

1 പത്രോ 2: 19-25; ഗലാ 2:21-3:14

## പെസ്ഗോമൊ

ഹാ-ഉ-ഹാ.. ഭാഗിച്ചെന്നുടെ ഉടയാടയവർ ത-മ്മിൽ
എന്നങ്കിക്കായ് ചീട്ടവരിട്ടു. ഹാലേലൂയ്യാ.

www.malankaralibrary.com



## ഏവൻഗേലിയോൻ

യോഹന്നാൻ 19: 28-30. അനന്തരം, എല്ലാം നിറവേറിക്കഴിഞ്ഞു വെന്ന് അറിഞ്ഞ് തിരുവെഴുത്തു പൂർത്തിയാകാൻവേണ്ടി യേശു പറഞ്ഞു: എനിക്കു ദാഹിക്കുന്നു. ഒരു പാത്രം നിറയെ വിനാഗിരി അവിടെ ഉണ്ടായിരുന്നു. അവർ വിനാഗിരി കുതിർന്ന ഒരു നീർപ്പഞ്ഞി ഹിസോപ്പുചെടിയുടെ തണ്ടിൽവച്ച് അവന്റെ ചുണ്ടോടടുപ്പിച്ചു. യേശു വിനാഗിരി സ്വീകരിച്ചിട്ടു പറഞ്ഞു: എല്ലാം പൂർത്തിയായിരിക്കുന്നു.

ലൂക്കോസ് 23:46. യേശു ഉച്ചത്തിൽ നിലവിളിച്ചു പറഞ്ഞു: പിതാവേ അങ്ങയുടെ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു.

യോഹന്നാൻ 19:30. അവൻ തല ചായിച്ച് ആത്മാവിനെ സമർപ്പിച്ചു.

(ഇവിടെ ഗോഗുൽത്തായിലെ തിരികൾ കെടുത്തുന്നു.)

ജനത്തിനു മൂന്നു തവണ ചൊല്ലിക്കൊടുക്കുന്നു

ഞങ്ങൾക്കുവേണ്ടി മരിക്കാൻ തിരുമനസ്സായവനേ നിനക്കു സ്തുതി. തന്റെ മരണത്താൽ മനുഷ്യരായ ഞങ്ങൾക്കു ജീവൻ തന്ന മിശിഹാതമ്പുരാനേ, ഞങ്ങളോടു കരുണയുണ്ടാകണമെ. ഞങ്ങളുടെ പരേതരെ ആശ്വസിപ്പിക്കണമേ.

മത്തായി 27:51-54 അപ്പോൾ ദേവാലയത്തിലെ തിരശ്ശീല മുകൾമുതൽ താഴെവരെ രണ്ടായി കീറി; ഭൂമി കുലുങ്ങി; പാറകൾ പിളർന്നു; ശവകുടീരങ്ങൾ തുറക്കപ്പെട്ടു. നിദ്ര പ്രാപിച്ചിരുന്ന പല വിശുദ്ധന്മാരുടെയും ശരീരങ്ങൾ ഉയിർപ്പിക്കപ്പെട്ടു. യേശുവിനു കാവൽ നിന്നിരുന്ന ശതാധിപനും അവന്റെകൂടെ ഉണ്ടായിരുന്നവരും ഭൂകമ്പവും മറ്റു സംഭവങ്ങളും കണ്ട് അത്യധികം ഭയപ്പെട്ടു. സത്യമായും ഇവൻ ദൈവപുത്രനായിരുന്നു എന്നു പറഞ്ഞു.

യോഹന്നാൻ 19:31-34. സാബത്തിൽ ശരീരങ്ങൾ കുരിശിൽ കിടക്കാതിരിക്കാൻവേണ്ടി അവരുടെ കാലുകൾ തകർക്കാനും

www.malankaralibrary.com



അവരെ നീക്കം ചെയ്യാനും യഹൂദർ പീലാത്തോസിനോട് ആവശ്യപ്പെട്ടു. അതിനാൽ പടയാളികൾ വന്ന് അവനോടുകൂടെ ക്രൂശിക്കപ്പെട്ടിരുന്ന രണ്ടുപേരുടെയും കാലുകൾ തകർത്തു. അവർ യേശുവിനെ സമീപിച്ചപ്പോൾ അവൻ മരിച്ചു കഴിഞ്ഞു എന്നു കാണുകയാൽ അവന്റെ കാലുകൾ തകർത്തില്ല. എന്നാൽ പടയാളികളിലൊരുവൻ അവന്റെ പാർശ്വത്തിൽ കുന്തംകൊണ്ടു കുത്തി. ഉടനെ അതിൽനിന്നു രക്തവും വെള്ളവും പുറപ്പെട്ടു... അവന്റെ അസ്ഥികളിൽ ഒന്നുപോലും തകർക്കപ്പെടുകയില്ല എന്ന തിരുവെഴുത്തു പൂർത്തിയാകാൻവേണ്ടിയാണ് ഇത് സംഭവിച്ചത്. മറ്റൊരു തിരുവെഴുത്തു പറയുന്നു: തങ്ങൾ കുത്തി മുറിവേല്പിച്ചവനെ അവർ നോക്കി നില്ക്കും.

## സ്ലീബാ ആഘോഷം

(കെസ്ത്രുമായിൽവച്ച് സ്ലീബാ ആഘോഷം നടത്തുന്നു)

(കിഴക്കഭിമുഖമായി)

കാർമി: ശുബ്ഹൊ....

ജനം: ബലഹീനരും...

കാർമി: മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കുവേണ്ടി ക്രൂശിക്കപ്പെട്ട ഞങ്ങളുടെ മിശിഹാതമ്പുരാനേ, വിശുദ്ധ സ്ലീബാ ഞങ്ങൾക്ക് സമാധാനത്തിന്റെ അടയാളവും, വിജയത്തിന്റെ പതാകയും രക്ഷയുടെ ആയുധവും ആയിരിക്കണമേ. ഞങ്ങളുടെ കർത്താവും ദൈവവുമേ, ഞങ്ങളെല്ലാവരെയും അതിന്റെ കീഴിൽ സംരക്ഷിക്കുകയും അതിന്റെ ശക്തിയാൽ കാത്തുകൊള്ളുകയും ചെയ്യണമേ. ആമ്മീൻ

### എക്ബൊ

കർത്താവേ, അധർമ്മികൾ നിന്നെ സ്ലീബായിൽ തറച്ചു. നിന്റെ വിരിക്കപ്പെട്ട കൈകൾ ലോകത്തിന്റെ നാലുഭാഗങ്ങളെയും പിടിച്ചടക്കി. നിന്നെ നഗ്നനായി കണ്ടതിനാൽ ആകാശമണ്ഡലത്തിൽ സൂര്യൻ അന്ധകാരമയമായി. മദ്ധ്യാഹ്നസമയത്ത്

www.malankaralibrary.com



കൂരിരുട്ടുണ്ടായി. സ്ലീബാമരത്തിൽവച്ച് നീ ഉച്ചരിച്ച ശബ്ദത്താൽ ആകാശവും ഭൂമിയും ഭ്രമിച്ചു. മരിച്ചവരോടുകൂടെ നീ എണ്ണപ്പെട്ടു. കബറിൽനിന്ന് നീ ഉയിർന്നെഴുന്നേറ്റ് വീണു കിടന്ന ആദാമിനെ എഴുന്നേല്പിക്കുവാൻ തിരുമനസ്സായി. നഷ്ടപ്പെട്ട സൗഭാഗ്യം അവനു നീ തിരികെ കൊടുത്തു. രക്ഷകനും കൃപാനിധിയുമായ കർത്താവേ, നിന്റെ കരുണ എത്രയോ മഹനീയമാകുന്നു.

## പെസ്ഗോമൊ

കാർമി: 'നീ എനിക്കു രക്ഷയുടെ പരിച നൽകി'.

ഏദനിൽ പറുദീസായുടെ മദ്ധ്യേ ഉണ്ടായിരുന്ന ജീവവൃക്ഷം ലോകത്തിനു ജീവദായകമായിത്തീർന്ന സ്ലീബായെ സൂചിപ്പിക്കുന്നു. അതിനെ ബഹുമാനിക്കുന്ന ഈ ദിവസം ആകാശവും ഭൂമിയും സന്തോഷത്തോടെ പെരുന്നാൾ ആഘോഷിക്കുന്നു. അവയോടു ചേർന്ന് നമുക്കും ഉദ്ഘോഷിക്കാം.

ജനം : കുറി .... കുറി ...... കുറി ......

(പടിഞ്ഞാറഭിമുഖമായി)

കാർമി: ദൈവമായ കർത്താവേ, മത്സരബുദ്ധിയായ സാത്താന്റെ എല്ലാ വിനാശകരമായ തന്ത്രങ്ങളിൽനിന്നും, ദുരാഗ്രഹികളായ ദുഷ്ടന്മാരുടെ തിന്മയിൽനിന്നും വിജയപ്രദമായ സ്ലീബായുടെ അടയാളത്താൽ നിന്റെ ഇടവകയിലെ ആട്ടിൻകൂട്ടത്തെ കാത്തുകൊള്ളണമേ. ഞങ്ങൾക്കുവേണ്ടി കൊല്ലപ്പെട്ട സത്യഇടയനായ മിശിഹാ, നിന്നെ ഞങ്ങൾ സ്തുതിക്കുന്നു. ആമ്മീൻ.

## എക്ബൊ

മിശിഹാ, നീ ഭൂമധ്യത്തിൽ കുരിശിക്കപ്പെട്ടപ്പോൾ ദൈവാലയത്തിന്റെ തിരശീല രണ്ടായി കീറി. നിന്നെ ക്രൂശിതനായി കണ്ടപ്പോൾ ഭൂമി കുലുങ്ങി. അതുവഴി ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ നീ വാഴ്ത്തപ്പെട്ടവനാകുന്നുവെന്ന് ഉദ്ഘോഷിക്കപ്പെടുകയും ചെയ്തു.

www.malankaralibrary.com



## പെസ്ഗോമോ

കാർമി: 'നിന്റെ വലതുകൈ എന്നെ സഹായിക്കുകയും നിന്റെ ശിക്ഷണം എന്നെ വളർത്തുകയും ചെയ്യട്ടെ'.

ഇസഹാക്കിനെ മരണത്തിൽനിന്ന് രക്ഷിക്കുവാൻ ആട്ടിൻകുട്ടിയെ പ്രദാനം ചെയ്ത വൃക്ഷം സർവലോകത്തെയും രക്ഷിക്കുവാൻ അർപ്പിക്കപ്പെട്ട കുഞ്ഞാടിന്റെ സ്ലീബായെ സൂചിപ്പിക്കുന്നു. അതിനെ ബഹുമാനിക്കുന്ന ഈ ദിവസം ആകാശവും ഭൂമിയും സന്തോഷത്തോടെ പെരുന്നാളാഘോഷിക്കുന്നു. അവയോടു ചേർന്ന് നമുക്കും ഉദ്ഘോഷിക്കാം.

ജനം : കുറി .... കുറി ...... കുറി ......

(വടക്കഭിമുഖമായി)

കാർമി: കർത്താവേ, ബഹുമാന്യവും ജീവദായകവുമായ നിന്റെ സ്ലീബായെ ആത്മാവിലും സത്യത്തിലും ആരാധിക്കുവാനും നിന്റെ സ്ലീബായുടെ അടയാളത്തിന്റെ മുമ്പിൽ നിർമല മനസാക്ഷിയോടുകൂടി സ്തോത്രം അർപ്പിക്കുവാനും ഞങ്ങൾക്ക് കൃപ നൽകണമേ. വിശ്വാസത്തോടുകൂടി അതിനെ ആഘോഷിക്കുന്ന സഭയെ ഉപദ്രവങ്ങളിൽനിന്ന് കാത്തുസൂക്ഷിക്കണമേ. സർവലോകത്തിന്റെയും രക്ഷയ്ക്കുവേണ്ടി ക്രൂശിക്കപ്പെട്ട മിശിഹാ, ഞങ്ങൾ നിനക്ക് സ്തുതിയും സ്തോത്രവും സമർപ്പിക്കും. ആമ്മീൻ

## എക്ബൊ

ഗോഗുൽത്തായിൽ തിരുവിഷ്ടത്താൽ കുരിശിൽ തൂക്കപ്പെട്ട നീ ഞങ്ങൾക്കുവേണ്ടി നിന്ദനമേറ്റു. മരണത്തിന്റെ വേദന നിറഞ്ഞ വിഷപ്പല്ല് അതിനാൽ നീ പറിച്ചുകളഞ്ഞു. പാതാളത്തിൽ കിടന്നവർക്ക് കഠിനബന്ധനത്തിൽനിന്ന് നീ മോചനം നൽകി. ജയഗീതങ്ങളോടും ആത്മീയഗാനങ്ങളോടുംകൂടെ ഞങ്ങൾ നിന്റെ മുമ്പാകെ വന്ദിക്കുന്നു.

www.malankaralibrary.com



## പെസ്ഗോമൊ

കാർമി: 'നിന്നാൽ ഞങ്ങളുടെ ശത്രുക്കളെ ഞങ്ങൾ വീഴ്ത്തും.'

ഇടയനായ യാക്കോബു തഴുകി വന്ദിച്ച ദണ്ഡ് സ്ലീബായെ സൂചിപ്പിക്കുന്നു. നമ്മുടെ ഇടയനായ മിശിഹാ മരണത്തിനു വിധേയനായി അതിനെ കൊല്ലുകയും പാതാളത്തെ നിശ്ശേഷം നശിപ്പിക്കുകയും ചെയ്തു. കുരിശിനെ ബഹുമാനിക്കുന്ന ഈ ദിവസം ആകാശവും ഭൂമിയും സന്തോഷത്തോടെ പെരുന്നാൾ ആഘോഷിക്കുന്നു. അവയോടു ചേർന്ന് നമുക്കും ഉദ്ഘോഷിക്കാം.

ജനം : കുറി........ കുറി ......... കുറി.........

(തെക്കഭിമുഖമായി)

കാർമി: കർത്താവേ, നിന്റെ സ്ലീബാ വിശുദ്ധസഭയ്ക്ക് രക്ഷയുടെ ആയുധവും തോൽക്കാത്ത ഭുജവും ആയിരിക്കണമേ. അവളോടു മത്സരിക്കുന്ന എല്ലാ ആന്തരിക സൈന്യങ്ങളെയും അതിനാൽ തോല്പിക്കണമേ. അതിലെ ഇടയന്മാരും ഉപദേഷ്ടാക്കളും അതിനാൽ ശ്രേഷ്ഠത പ്രാപിച്ച് പരിശുദ്ധാത്മശക്തിയാൽ സന്തോഷിക്കുവാൻ ഇടയാകണമേ. ആചാര്യന്മാരും ശുശ്രൂഷകരും വെടിപ്പോടുകൂടി ശുശ്രൂഷ ചെയ്യാനും ഭരണാധിപന്മാരും സൈന്യവും ശാന്തതയിലും സമാധാനത്തിലും വർത്തിക്കുവാനും സകല വിശ്വാസികളും നന്മകളിൽ സമൃദ്ധിയുള്ളവരായിത്തീരാനും ഇടയാക്കണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധാത്മാവിനും ഇപ്പോഴും എല്ലാസമയത്തും എന്നേക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കും. ആമ്മീൻ.

## എക്ബൊ

യൂദന്മാരാൽ ഗോഗുൽത്തായിൽ കുരിശിക്കപ്പെട്ട്, ജീവപ്രദമായ സ്ലീബായാൽ ഞങ്ങളെ രക്ഷിച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു. 'നീ എഴുന്നെള്ളുമ്പോൾ ഞങ്ങളെയും ഓർക്കണമേ' എന്നു വലത്തുഭാഗത്തെ കള്ളനോടൊപ്പം ഞങ്ങളും സന്തോഷപൂർവ്വം പറയുന്നു. ഇതിനാൽ ഞങ്ങളെല്ലാവരും നിരന്തരം നിന്നെ വന്ദിക്കുന്നു.

www.malankaralibrary.com



## പെസ്ഗോമൊ

കാർമി: 'ഞങ്ങളുടെ ശത്രുക്കളിൽനിന്ന് ഞങ്ങളെ നീ രക്ഷിച്ചു. ലോകത്തിന്റെ നിലനില്പിനുവേണ്ടി നോഹയുടെ കാലത്ത് ജീവ ജാലങ്ങളെ സംരക്ഷിച്ച പെട്ടകം നവജീവന്റെ സുവിശേഷം ലോകത്തിനു നൽകിയ സ്ലീബായെ സൂചിപ്പിക്കുന്നു. അതിനെ വന്ദിക്കുന്ന ഈ ദിവസം ആകാശവും ഭൂമിയും സന്തോ ഷത്തോടെ പെരുന്നാൾ ആഘോഷിക്കുന്നു. അവയോടു ചേർന്ന് നമുക്കും ഉദ്ഘോഷിക്കാം.

ജനം : കുറി.... കുറി.... കുറി....

### ഹൗദ് മാലാഖേ... പുറം 82

## സ്ലീബാവന്ദനം (കുരിശ് കുമ്പിടൽ)

(സ്ലീബാ ആഘോഷം കഴിഞ്ഞ്, കെത്താനാ കിഴക്കുപടിഞ്ഞാറായി കെസ്ത്രൂമായിൽ മദ്ബഹായുടെ പടികളിലോ അല്ലെങ്കിൽ കെസ്ത്രൂ മായുടെ വാതിൽക്കലോ വിരിച്ചിടുകയും അതിന് മുകളിൽ കുരിശ് കിഴക്കുപടിഞ്ഞാറായി (തല കിഴക്കായി) കിടത്തി വയ്ക്കുകയും ചെയ്യുന്നു. കുരിശിന്റെ തലയും ചുവടും കെത്താനാകൊണ്ട് മൂടണം. കുരിശിന് ചുറ്റും തിരികൾ കത്തിച്ചു വച്ചതിനുശേഷം കാർമ്മികൻ കുരിശിന് ധൂപം വയ്ക്കുന്നു. പടിഞ്ഞാറുവശത്ത് ധൂപം വീശിയശേഷം വടക്കുവശത്തുകൂടി കടന്ന് (ഇടത്തുവശം) കുരിശിന് ചുറ്റും ധൂപം വീശണം. ഈ സമയം "സൊഗദീനാൻ... (രക്ഷ തന്ന മാർ സ്ലീബായെ...) ഇത്യാദി സുറിയാനിയിലോ മലയാളത്തിലോ പാടേണ്ടതാകുന്നു. കുരിശിന്ചുറ്റും വീശിയശേഷം, 'സൊഗദീനാൻ..." ഇത്യാദിയുടെ പരിഭാഷ ചൊല്ലിക്കൊടുക്കുകയും, കാർമ്മികനും മറ്റെല്ലാവരുംകൂടെ സ്വസ്ഥാനത്തുനിന്ന് കുമ്പിടുകയും ചെയ്യുന്നു. കുമ്പിട്ടതിനുശേഷം കാർമ്മികൻ കുരിശുമുത്തി നേർച്ച ഇടുന്നു. തുടർന്ന് മറ്റു പട്ടക്കാരും മൂപ്പുമുറയനുസരിച്ച് ധൂപം വീശി വന്ദനവ് നടത്തുന്നു. അനന്തരം ശുശ്രൂഷകരും തുടർന്ന് വിശ്വാസികളും വന്ദനവ് നടത്തി നേർച്ച ഇടുന്നു. ഈരണ്ടുപേർ വീതം കുരിശ് മുത്താവുന്നതാണ്.)

www.malankaralibrary.com



സൊഗദീനാൻ ല്സലീബോക്
ദ്ബേഹ് ഹ്വോ ഫുർക്കോനോ ല്നപ്ശോസാൻ
ഉഅം ഗായോസോ ഒമറീനാൻ
മ്ശീഹോ എസ്ദാക്രൈൻ മോ ദോസേ ആത്ത്.

അല്ലെങ്കിൽ

രക്ഷാ തന്ന മാർ സ്ലീബായെ നമിച്ചീടുന്നു
നിന്നാഗമനെ ഓർത്തീടേണം എന്നെ നാഥാ
ഏവം കള്ളൻ ചൊന്നപോലെ യാചിക്കുന്നേൻ.

അല്ലെങ്കിൽ

ഞങ്ങൾക്കതിനാലെ രക്ഷയുണ്ടായി എന്ന സ്ലീബായെ ഞങ്ങൾ കുമ്പിടുന്നു. മിശിഹാതമ്പുരാനേ നീ എഴുന്നെള്ളി വരുമ്പോൾ ഞങ്ങളെയും ഓർക്കണമേയെന്ന് കള്ളനോടു കൂടെ ഞങ്ങളും ചൊല്ലുന്നു.

# മൂന്നാം ശുശ്രൂഷ

## കബറടക്കം

(എല്ലാവരും കുമ്പിട്ടുകഴിയുമ്പോൾ, കാർമ്മികൻ ഒരു പ്രാവശ്യംകൂടി ധൂപം വച്ച് കുമ്പിടുകയും, അതുകഴിഞ്ഞ് മൂന്നാം ശുശ്രൂഷ (ദൈവാലയത്തിനകത്തുകൂടിയുള്ള പ്രദക്ഷിണം) ആരംഭിക്കുകയും ചെയ്യുന്നു.

കർത്താവിന്റെ തിരുശരീരം കബറടക്കുന്നതിനു കൊണ്ടുപോയതിന്റെ സൂചനയായി പള്ളിക്കകത്ത് പ്രദക്ഷിണം നടത്തുന്നു. കാർമ്മികൻ കെത്താനാ (വെളുത്ത തുണി) എടുത്ത് തോൾമുതൽ കൈപ്പത്തി വരെ വിരിച്ചിടുന്നു. കുരിശിന്റെ മുകൾഭാഗം വലത്തുകൈയിലും ചുവട് ഇടത്തുകൈയിലും ആയിരിക്കത്തക്കവണ്ണം കെത്താനാമേൽ കിടത്തി ഇരുകൈകൾകൊണ്ടും താങ്ങിപ്പിടിക്കുന്നു. ഇപ്രകാരം സ്ലീബാ വഹിച്ചുകൊണ്ട് ഏവൻഗേലിയോൻ വായിക്കുന്നു.)

## ഏവൻഗേലിയോൻ

മർക്കോസ് 15:42-45. സാബത്തിനു തൊട്ടു മുൻപുള്ള ഒരുക്കദിവസമായിരുന്നു. അതിനാൽ വൈകുന്നേരമായപ്പോൾ അരിമത്തെ

www.malankaralibrary.com



യാക്കാരനായ യൗസേഫ് ധൈര്യപൂർവ്വം പീലാത്തോസിനെ സമീപിച്ചു. അവൻ ആലോചനാസംഘത്തിലെ ബഹുമാന്യനായ ഒരംഗവും ദൈവരാജ്യം പ്രതീക്ഷിച്ചിരുന്നവനുമായിരുന്നു. അവൻ പീലാത്തോസിന്റെ അടുത്തെത്തി യേശുവിന്റെ ശരീരം ചോദിച്ചു. അവൻ മരിച്ചുകഴിഞ്ഞുവോ എന്ന് പീലാത്തോസ് വിസ്മയ പൂർവ്വം ചോദിച്ചു. അവൻ ശതാധിപനെ വിളിച്ചു, അവൻ ഇതിനകം മരിച്ചുകഴിഞ്ഞുവോ എന്ന് അന്വേഷിച്ചു. ശതാധിപനിൽനിന്നു വിവരമറിഞ്ഞതിനുശേഷം അവൻ മൃതദേഹം യൗസേഫിനു വിട്ടുകൊടുത്തു.

യോഹന്നാൻ 19:39-42 യേശുവിനെ ആദ്യം രാത്രിയിൽ ചെന്നു കണ്ട നിക്കോദേമോസും അവിടെയെത്തി. മീറയും ചെന്നിനായകവും ചേർന്ന ഏകദേശം നൂറു റാത്തൽ സുഗന്ധദ്രവ്യവും അവൻ കൊണ്ടുവന്നിട്ടുണ്ടായിരുന്നു. അവൻ യേശുവിന്റെ ശരീരമെടുത്ത് യഹൂദരുടെ ശവസംസ്കാര രീതിയനുസരിച്ച് സുഗന്ധദ്രവ്യങ്ങളോടുകൂടെ കച്ചയിൽ പൊതിഞ്ഞു. അവൻ ക്രൂശിക്കപ്പെട്ട സ്ഥലത്ത് ഒരു തോട്ടം ഉണ്ടായിരുന്നു. ആ തോട്ടത്തിൽ അതുവരെ ആരെയും സംസ്കരിച്ചിട്ടില്ലാത്ത ഒരു പുതിയ കല്ലറയും ഉണ്ടായിരുന്നു. യഹൂദന്മാരുടെ ഒരുക്കത്തിന്റെ ദിനമായിരുന്നതിനാലും കല്ലറ സമീപത്തായിരുന്നതിനാലും അവർ യേശുവിനെ അവിടെ സംസ്കരിച്ചു.

## കബറടക്ക പ്രദക്ഷിണം

(സ്ലീബാവന്ദനവ് കഴിയുമ്പോൾ, കാർമ്മികൻ ഇരുകൈകളും മുമ്പോട്ടു നീട്ടി കെത്താനാ നെടുനീളെ കൈകളിൽ വിരിച്ചിടുന്നു. തോൾമുതൽ കൈപ്പത്തികൾവരെ കെത്താന വിടർത്തി ഇടേണ്ടതാണ്. അനന്തരം കുരിശിന്റെ തല (മുകൾഭാഗം) വലതുകൈയിലും ചുവട് ഇടതുകൈയിലും ആയി കിടത്തിയിട്ട്, കെത്താനാ മടക്കി കുരിശിന്റെ ചുവടും കവരങ്ങളും മൂടുന്നു. അനന്തരം നമ്മുടെ കർത്താവിനെ കുരിശിൽ നിന്നിറക്കി കബറിലേക്കു കൊണ്ടുപോയതിനെ അനുസ്മരിച്ച് പ്രദക്ഷിണം നടത്തുന്നു. ഈ പ്രദക്ഷിണം പള്ളിയകത്താണു നടത്തുക.

www.malankaralibrary.com



മെഴുകുതിരികൾ, മറുബഹാസാകൾ, ധൂപകലശം എന്നിവ ശുശ്രൂഷകർ വഹിച്ചിരിക്കണം. കുട, കൊടി മുതലായവ ഉപയോഗിക്കുന്നില്ല. ധൂപ കലശം വഹിക്കുന്ന ശുശ്രൂഷകൻ കാർമ്മികന്റെ മുമ്പിൽ കുരിശിന്റെ നേർക്ക് ധൂപം വീശിക്കൊണ്ടിരിക്കണം.

കാർമ്മികൻ പടിഞ്ഞാറോട്ടു തിരിഞ്ഞ് ഏവൻഗേലിയോൻ വായിച്ച തിനുശേഷം തെക്കോട്ടുതിരിഞ്ഞ് പടിഞ്ഞാറോട്ട് ഭിത്തിയരികൽകൂടി നടന്ന് രണ്ടു പ്രാവശ്യം പ്രദക്ഷിണം ചെയ്ത് കിഴക്കു മദ്ധ്യത്തിൽ വ രുമ്പോൾ, വടക്കോട്ടുതിരിഞ്ഞു ഒരു പ്രാവശ്യം പ്രദക്ഷിണം നടത്തണം. ഈ സമയത്ത് "റംസാ ദേശത്തിന്നൊരു..." എന്ന ഗീതം പാടണം. ഗീതത്തിന്റെ അവസാനം ജനം, ഗദ്യം ഏറ്റുചൊല്ലുമ്പോൾ പ്രദക്ഷി ണത്തിൽ പങ്കെടുക്കുന്നവർ തൽസ്ഥാനത്ത് നിൽക്കേണ്ടതാണ്. പ്രദക്ഷിണസമയത്ത് ജനം ഭിത്തിയരികിൽനിന്ന് അകന്ന് നില്ക്കണം. മൂന്നുപ്രാവശ്യം പ്രദക്ഷിണം നടത്തിയതിനുശേഷം, മദ്ബഹായുടെ വാതിൽതുറന്ന് അകത്തു പ്രവേശിക്കുന്നു.)

(കും പൗലോസ്...... എന്ന രീതി)

റംസാദേശത്തിന്നൊരു നയവാൻ യൗസേഫ്
പീലാത്തോസിന്റെ സന്നിധിയണഞ്ഞു.
മിശിഹാരാജൻതൻ ഗാത്രമെടുപ്പാനായ്
പ്രിയമൊടു താനും യാചന ചെയ്തേവം
പ്രിയനാഥൻ ഗാത്രം
ഭാഗ്യനിധി പാത്രം
സംസ്ക്കാരം ചെയ്യാൻ
തരണം നീ ന്യാ-യാ-ധിപാ-മേ
ക്രൂശിൽ തൂക്കിയതാം നാഥൻ തൻ മേനി
തരികയെ-നി-ക്ക് മോദമതേറ്റം.

(ഗീതത്തിന്റെ അവസാനം ജനം ഏറ്റുചൊല്ലുന്നു).

കർത്താവേ, ഞങ്ങൾക്കുവേണ്ടിയുണ്ടായ നിന്റെ കബറടക്കം വാഴ്ത്തപ്പെട്ടതാകുന്നു. ഞങ്ങളെപ്രതിയുള്ള നിന്റെ താഴ്മയും അനുഗ്രഹിക്കപ്പെട്ടതുതന്നെ. ഞങ്ങൾക്കുവേണ്ടി മരണം ആസ്വ ദിച്ചവനേ ഞങ്ങളോട് കരുണ ചെയ്യണമേ.

www.malankaralibrary.com



(പ്രദക്ഷിണത്തിനുശേഷം കാർമ്മികൻ ത്രോണോസിങ്കലേക്ക് പോയി താഴെ വിവരിച്ചിരിക്കുന്നപ്രകാരം കബറടക്കശുശ്രൂഷ നടത്തുന്നു. കുരിശ് കൈയിൽ പിടിച്ചിരുന്നപ്രകാരംതന്നെ പിടിച്ചുകൊണ്ട് ദർഗാമേൽ കയറിനിന്ന് കുരിശിന്റെ കുറുകെയുള്ള കവരങ്ങൾ ചൊറുക്കായിൽ മുക്കുന്നു. അനന്തരം കുരിശിന്മേൽ പനിനീർ ഒഴിച്ച് കഴുകി തുടയ്ക്കുന്നു. കുരിശിൽനിന്ന് വീഴുന്ന പനിനീർ ചൊറുക്കാ വച്ചിരിക്കുന്ന പാത്രത്തിൽ വീഴുവാൻ ശ്രദ്ധിക്കേണ്ടതാണ്. കെത്താനാമേൽ പഞ്ഞി നിരത്തി കുരിശ് അതിന്മേൽവച്ച് പൊതിയുകയും, ഓശാനയ്ക്കുപയോഗിച്ച കുരുത്തോലകൊണ്ട് കെട്ടുകയും ചെയ്യുന്നു. അനന്തരം തല (മുകൾഭാഗം) തെക്കായി, കുരിശ് അല്പം കിഴക്കോട്ടുചരിച്ച് കബറിൽ വയ്ക്കുന്നു. കിഴക്കോട്ട് ചായിച്ചുവയ്ക്കുന്നതിന് താങ്ങായി മെഴുകുതിരിക്കാലുകൾ ഉപയോഗിക്കാവുന്നതാണ്. കബർ അടച്ചുപൂട്ടിയ ശേഷം വാതിലിനുപുറത്ത് കെടാവിളക്ക് അഥവാ മെഴുകുതിരി കത്തിച്ചു വയ്ക്കുന്നു. അനന്തരം "കബറിലുറങ്ങും..." ഇത്യാദി കുക്കിലിയോൻ താണ സ്വരത്തിൽ ചൊല്ലി കബറിങ്കൽ ധൂപം വയ്ക്കുന്നു. മറ്റു പ്രാർത്ഥനകൾ (എക്ബോ, പ്രുമിയോൻ, സെദറാ, കോലോ, ബോവൂസോ) വേറൊരു വൈദികനോ ശെമ്മാശനോ ചൊല്ലാവുന്നതാണ്. ശേഷിച്ച സമയം ജനം രണ്ടു ഗണങ്ങളായി 'കുറിയേലായിസ്സോൻ' എന്നു ചൊല്ലിക്കൊണ്ടിരിക്കണം.)

(കബറിനു ധൂപം വച്ചുകൊണ്ട്)

(കൂക്കിലിയോൻ 7-ാം രാഗം)

കബറിലുറങ്ങും ഹതരെപ്പോൽ ഹാ-ഉ-ഹാ
മൃതർ തൻ മധ്യേ സ്വാ-തന്ത്ര്യസുതൻ
ഇരുളും മൃതിതൻ നിഴലുമെഴും ഹാ-ഉ-ഹാ
പടുകുഴിയിലിറക്കി-നീയെന്നെ
ചേർക്കും നീ ആശ്ചര്യം മൃതരിൽ ഹാ-ഉ-ഹാ
ധീരന്മാരെഴുന്നേറ്റങ്ങേ-വാഴ്ത്തീടും
കല്ലറവാസികൾ നിൻകൃപയും ഹാ-ഉ-ഹാ
ജീർണ്ണിതരായോർ വിശ്വാസമതും-കീർത്തിക്കും. ബാറെക്മോർ.

കാർമി: ശുബ്ഹൊ...

ജനം: മെൻഓലം.....

www.malankaralibrary.com



## എക്ബൊ

മരിച്ചവരുടെ വാസസ്ഥലമായ പാതാളത്തിലേക്ക് രാജകുമാരൻ ഇറങ്ങിച്ചെന്നു. അവൻ ശൂന്യസ്ഥലത്തെ ഉന്മൂലനം ചെയ്ത് അതിന്റെ കോട്ടകൾ തകർക്കുകയും മരണാധികാരം ഇല്ലാതാക്കി അതിന്റെ ഭണ്ഡാരങ്ങളും കൊട്ടാരങ്ങളും നിശ്ശേഷം നശിപ്പിക്കുകയും ചെയ്തു. അവൻ മരിച്ചവരോട്, 'കല്പന ലംഘിച്ച ആദാമിനുവേണ്ടി ഞാൻ വന്നിരിക്കുന്നു, എന്റെ അടുക്കൽ വരുവിൻ' എന്നു വിളിച്ചു പറഞ്ഞു. മരിച്ചവരുടെ അടുക്കൽ നീ അത്ഭുതങ്ങൾ പ്രവർത്തിക്കുന്നു എന്നും, അവർ ശക്തരായി എഴുന്നേറ്റു നിന്നെ സ്തുതിക്കും എന്നും വിശ്വാസികളായ നാം എല്ലാവരും സന്തോഷത്തോടുകൂടെ ഉദ്ഘോഷിക്കണം.

ശുശ്രൂ: സ്തൗമെൻ....

ജനം: കുറിയേലായിസോൻ

## പ്രുമിയോൻ

മനുഷ്യരോടുള്ള സ്നേഹംമൂലം സ്വമനസ്സാ മരണമനുഭവിച്ച മരണമില്ലാത്ത ഉണർവ്വുള്ളവനും, ബലഹീനനെപ്പോലെ കബറിൽ കിടന്നവനും, മരിച്ചവരെ ജീവിപ്പിക്കയും കബറടക്കപ്പെട്ടവരെ പുനരുദ്ധരിക്കുകയും ചെയ്യുന്നവനുമായ കർത്താവിനു സ്തുതി. അവൻ മരിച്ചപ്പോൾ യൗസേപ്പും നിക്കോദിമോസും കൂടെ അവന്റെ ശരീരം വെള്ളശീലകളാൽ ചുറ്റിപ്പൊതിഞ്ഞു. സംസ്കരിക്കാൻവേണ്ടി അവന്റെ ശരീരം ന്യായാധിപനിൽനിന്ന് അവർ ചോദിച്ചു വാങ്ങി. ലോകങ്ങളുടെ സ്രഷ്ടാവും പീഡാനുഭവത്താലും മരണത്താലും ഞങ്ങളെ രക്ഷിച്ചവനുമായ അവന് കബറടക്കശുശ്രൂഷ നിർവ്വഹിക്കപ്പെടുന്ന ഈ നേരത്തും സകല പെരുന്നാളുകളിലും കാലങ്ങളിലും സ്തുതിയും ബഹുമാനവും ആരാധനയും യോഗ്യമാകുന്നു. ആമ്മീൻ.

www.malankaralibrary.com



## സെദറാ

മനുഷ്യസ്നേഹത്താൽ തിരുവിഷ്ടപ്രകാരം മരിച്ച മരണരഹിതനും, സ്വസ്നേഹിതനായ യൗസേപ്പ് നിർമ്മിച്ച പുതിയ കല്ലറയിൽ സംസ്കരിക്കപ്പെട്ടവനും, പ്രകാശവും സത്യജീവനുമായ ഞങ്ങളുടെ മിശിഹാതമ്പുരാനേ, മഹനീയവും ജീവദായകവുമായ നിന്റെ കബറടക്കത്തെ ഇപ്പോൾ സന്തോഷപൂർവ്വം ബഹുമാനിച്ചുകൊണ്ട് ഞങ്ങൾ ഉദ്ഘോഷിക്കുന്നു.

പരേതരെ അവരുടെ കബറുകളിൽ ആശ്വസിപ്പിച്ച ജീവദായകമായ കബറടക്കം - എത്രയോ വിസ്മയനീയമാകുന്നു.

(ഓരോ പാദാന്ത്യത്തിനും ജനം 'എത്രയോ വിസ്മയനീയമാകുന്നു' എന്ന് ഏറ്റു ചൊല്ലുന്നു.)

പാതാളക്കുഴിയിൽ ശയിച്ചിരുന്ന മരിച്ചവർക്ക് അവരുടെ ദുഃഖത്തിൽനിന്ന് ആശ്വാസം നൽകിയ ജീവദായകമായ കബറടക്കം - എത്രയോ വിസ്മയനീയമാകുന്നു.

ഉണങ്ങിയ അസ്ഥികൾ ജീവൻ പ്രാപിക്കുവാൻ കാത്തിരുന്ന് അതിനെ നേടിയ ജീവപ്രദമായ കബറടക്കം.....

മരണത്തിനും സാത്താനും ഭയവും പരിഭ്രവും ഉളവാക്കി, അവയുടെ ആധിപത്യം നിശ്ശേഷം നീക്കിക്കളഞ്ഞ ജീവപ്രദമായ കബറടക്കം......

പാതാളത്തിന്റെ കോട്ടകളെ തകർത്ത് അതിന്റെ കവാടങ്ങൾ നശിപ്പിച്ച ദൈവിക കബറടക്കം....

പ്രതികൂലികളായ അന്ധകാരസേനകൾക്ക് കഷ്ടതയും ദുരിതവും ഉളവാക്കിയ ദൈവിക കബറടക്കം.....

ആദാമിനെയും വിശ്വാസികളുടെ വർഗ്ഗത്തെ മുഴുവനെയും തേജസ്സും മഹിമയും അണിയിച്ച ദൈവിക കബറടക്കം......

പുണ്യവാന്മാരുടെ വിഭാഗങ്ങൾക്കെല്ലാം പുതുജീവൻ പ്രദാനം ചെയ്ത ജീവദായകമായ കബറടക്കം......

www.malankaralibrary.com



പാതാളഗേഹത്തിൽ നന്മകൾ വിതറിക്കൊണ്ട് അതിനെ ശൂന്യമാക്കിയ ജീവദായകമായ കബറടക്കം......

ആദാമിനെയും അവന്റെ സന്താനങ്ങളെയും സ്വർഗ്ഗരാജ്യത്തിന് അവകാശികളാക്കിത്തീർത്ത ജീവദായകമായ കബറടക്കം...

ദൈവികമായ ഈ കബറടക്കം സാത്താനെയും അവന്റെ സൈന്യത്തെയും ദുഃഖിതരാക്കുകയും അവൻ ആരുടെമേൽ ആധിപത്യം നേടിയിരുന്നുവോ ആ അടിമകളെ സ്വതന്ത്രരാക്കുകയും ചെയ്തു. ദൈവികമായ ഈ കബറടക്കം ആദാമിനും അവന്റെ സന്താനങ്ങൾക്കും ധൈര്യവും സന്തോഷവും പകർന്നുകൊടുത്തു. നാഥന്റെ ഈ കബറടക്കത്താൽ പൂഴിയിൽ വീണുകിടന്നിരുന്ന മരിച്ചവർ, ആനന്ദിക്കുകയും വലിയ സന്തോഷം നേടുകയും ചെയ്തു. കർത്താവേ, ദൈവികമായ ഈ കബറടക്കം നിന്നിൽ ഉറപ്പായി വിശ്വസിച്ച എല്ലാവരിലും പ്രകാശവും ജീവനും വിതറി. ദൈവികമായ ഈ കബറടക്കം വംശങ്ങളുടെയും ഗോത്രങ്ങളുടെയും തലവന് യഥാർത്ഥ ശരണവും ജീവനും പ്രദാനം ചെയ്തു. ഉന്നതത്തിലെ ഈറേദൂതന്മാർ ഇറങ്ങിവന്ന് തങ്ങളുടെ യജമാനന്റെ പുത്രന്റെ കല്ലറയെ ബഹുമാനിച്ചു. പാതാളത്തിലേക്കുള്ള മിശിഹായുടെ പ്രവേശനത്തിങ്കൽ ഇമ്പകരമായ സുഗന്ധം പരന്നു. ദൈവികമായ ഈ കബറടക്കം പരേതരുടെമേൽ അഗ്രാഹ്യമായ പ്രകാശം വീശി. ദൈവികമായ ഈ കബറടക്കം വിശ്വാസികൾക്കു വിശുദ്ധിയും നൈർമ്മല്യവും കൈവരുത്തുകയും മിശിഹായെ നിഷേധിച്ചവർക്കു ലജ്ജയും അപമാനവും ഉളവാക്കുകയും ചെയ്തു. കബറുകളുടെ ഉള്ളിൽ കിടന്നിരുന്ന പരേതർ ഈ ദൈവിക കബറടക്കത്താൽ അനുഗ്രഹവും കൃപയും കണ്ടെത്തി. ദൈവികമായ ഈ കബറടക്കം സ്വർഗ്ഗീയരുടെ ഇടയിൽനിന്ന് ഭൗമികരുടെ അടുക്കലേക്ക് അധികമായ സമാധാനവും ശാന്തിയും കൊണ്ടുവന്നു. ദൈവികമായ ഈ കബറടക്കം അവകാശത്തിൽനിന്നു നിഷ്കാസിതരായിരുന്നവർക്കു സ്വർഗ്ഗീയ വിരുന്നുശാലയുടെ വാതിൽ തുറന്നുകൊടുത്തു.

www.malankaralibrary.com



ദൈവമായ കർത്താവേ, തിരുമുമ്പാകെ ഞങ്ങൾ സമർപ്പിച്ച സുഗന്ധധൂപം മുഖേന ഇപ്പോൾ നിന്നോടപേക്ഷിക്കുന്നു. ഞങ്ങളുടെ പാപങ്ങളും അപരാധങ്ങളും പരിഹരിക്കണമേ. ഞങ്ങളുടെ സകല പ്രമാണലംഘനങ്ങളും ക്ഷമിക്കണമേ. നിന്റെ അടുക്കലേക്കു യാത്രയായിട്ടുള്ള ഞങ്ങളുടെ പരേതരെയും വിശ്വാസികളായ മറ്റെല്ലാ പരേതരെയും ആശ്വസിപ്പിക്കണമേ. ഞങ്ങളും അവരും നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കും. ആമ്മീൻ.

## കോലൊ

(ലോക് മൊറിയോ....../മ്ശീഹായിൽ നിദ്രിതരേ കേഴേണ്ടൊട്ടും...)

ജീവമയൻ മൃതലോകേ ചെന്നിങ്ങനെയോതി
"പുനരുജ്ജീവനമുത്ഥാനം ഇവകൾ-ഞാൻ തന്നെ
പാ-താള കവാടത്തിന്നുടെ സാക്ഷാ നീക്കി
മരണത്തിൻ ബല ശക്തികളെ ഇല്ലാ-താക്കി ഞാൻ"
ഞങ്ങൾ തൻ-മരണം നീ വെന്നു
അതുപോലെ-നിദ്രയുമൊഴിവാക്കി
കബറാൽ ജീവൻ തന്നവനേ കൃപചെയ്-താലും നീ.

ബാറെക്മോർ. ശുബ്ഹൊ.... മെൻഓലം...

പാ-താളം പൂകുകയായ് ദാവീദു പുത്രൻ
ദാവീദ്‌രാജൻ ആത്മാവാൽ പ്രവചി-ച്ചാനേവം
"പാ-താളെ മൃതരുടെയിടയിൽ എന്നുയിരെത്തി
നിന്ദനമേറ്റു, മൃതതുല്യം എന്നെ അവരെണ്ണി"
മൃതലോകേ-പാർക്കുന്നോർക്കായ് ഞാൻ
നൽകീടും-ഉയിരും മോചനവും
ഉയിരുള്ളോൻ ഞാൻ ഉയിരേകും ക്രൂശ-കർ ലജ്ജിക്കും

മൊറിയോ റാഹേം....

www.malankaralibrary.com



## മാർ യാക്കോബിന്റെ ബോവൂസോ

മ്ശിഹാ ഹാശാ മൃത്യു സ്കീപ്പാകൾക്കായ് വന്ന
ദേവാ കൈക്കൊണ്ടീ പ്രാർത്ഥന കാരുണ്യം ചെയ്ക. ✠
സർവേശാ കൃപ ചെയ്യേണമെ
നാഥാ ദയ ചെയ്തീടേണമേ

1. മോചകനെപ്പോൽ മൃതരുടെ സവിധം ചെന്നാൻ നാഥൻ
ഭീയാൽ തൻ ഇരയെ വിട്ടിതു ഭീകരനാം സാത്താൻ
ബദ്ധന്മാരുടെ തുടലും തളയും നാഥൻ നീക്കി
വീണ്ടീടാൻ ചെന്ന വിമോചകനെ അവർ വന്ദിച്ചു.✠

സർവേശാ...

2. പാതാളത്തിൻ നിലയം തന്നിൽ മരുവും താതർ
വന്നാരാധാന ചെയ്യുകയായി, സ്തുതികൾ പാടി ആദ്യം തൻ
മുമ്പിൽ കുമ്പിട്ടാനാദാം താതൻ പിന്നാലെ
വന്നു പ്രണമിച്ചു ഹതനാം ഹാബേൽ✠

സർവേശാ...

3. നോഹും ശേത്തും അബറാഹാമും പിന്നീടുവന്നു
ലോകത്രാതാവാം യേശുവിനെ ആരാധിച്ചു.
നീതിജ്ഞന്മാർ, പിതൃവർഗ്ഗക്കാർ, ഗോത്രപിതാക്കൾ
ആചാര്യന്മാർ ഭൂപതിമാരും അവനെ വണങ്ങി. ✠

സർവേശാ...

4. മോശ തൊട്ടുള്ള നിബിയന്മാർ, അഹറോൻ താനും
ലേവ്യന്മാരാചാര്യന്മാരും വന്ദനയേകി.
തന്നെക്കണ്ടീടാൻ അധികം നാൾ കാംക്ഷിച്ചോരവർ
കണ്ടൊരുനേരം സ്തുതി, വന്ദനകൾ അവനായ് നൽകി.✠

സർവേശാ...

www.malankaralibrary.com



5. മൃതർ തൻ ലോകേ സുതനെയയച്ച താതാ സ്തോത്രം
രക്ഷാകർമ്മം നിറവേറ്റിയൊരു പുത്രാ സ്തോത്രം
ആശ്വാസം നൽകും ജീവദനാം റൂഹാ സ്തോത്രം
സ്വർലോകേ മൃതരെ ചേർത്തീടും നാഥാ സ്തോത്രം. ✠

സർവേശാ...

തൻ ഹാശായാൽ ഭൂവാനങ്ങൾ ദുഃഖം പൂണ്ടു
ദൂതർ മാ-നുഷർ തൻ താഴ്ചയാൽ വിസ്മിതരായി. ✠

സർവേശാ...

## മാലാഖമാരുടെ സ്തുതി

**അത്യുന്നതങ്ങളിൽ...** പുറം 74

**മോറാനേശുമിശിഹാ......**

**കൗമാ**

**വിശ്വാസപ്രമാണം**

(കുക്കിലിയോനു പകരം)

മിശിഹാ തവ മൃതിയാൽ ജീവൻ മനുജർക്കായ് നല്കി
മൃതരായോർക്കരുൾക തവ കൃപയെ. ✠✠✠

നാഥാ തേ സ്തുതി ...

(ചൊറുക്കായും ചെന്നിനായകവും ചേർത്ത കയ്പുനീർ ശുശ്രൂഷയുടെ അവസാനത്തിൽ വിശ്വാസികൾ അനുഗ്രഹത്തിനായി കുടിക്കുന്നു. കബറടക്കിയ ത്രോണോസിന്മേൽ ദുഃഖശനിയാഴ്ച കുർബാന അർപ്പിക്കുക പതിവില്ല.)

*****

www.malankaralibrary.com

# നമ്മുടെ കർത്താവിന്റെ ഉയിർപ്പ് പെരുന്നാൾ

## കൃംതാ

(രാത്രി പ്രാർത്ഥനയിൽ മൂന്നാം കൗമ്മായുടെ അവസാനം 'ഹാലേലൂയ്യാ... ദൈവമേ, നിനക്കു സ്തുതി.' എന്നതിനു മുമ്പായി കാർമ്മികനും ശുശ്രൂഷകരും മദ്ബഹായിൽ പ്രവേശിക്കുന്നു. കാർമ്മികൻ അംശവസ്ത്രങ്ങൾ ധരിച്ച് കബറിടത്തിൽനിന്ന് സ്ലീബാ എടുത്ത് ആഘോഷത്തിനനുയോജ്യമായ ചുമന്ന വിശിഷ്ടവസ്ത്രങ്ങൾ അണിയിക്കുന്നു. അനന്തരം കുരിശെടുത്ത് ത്രോണോസിനുമുമ്പിൽ മ്നോർത്തൊയിൽ നാട്ടി ഇരുവശവും മെഴുകുതിരികൾ കത്തിക്കുന്നു. ത്രോണോസ് കുർബാനയ്ക്കായി അലങ്കരിച്ച് ഒരുക്കുമ്പോൾ താഴെക്കാണുന്ന കുക്കിലിയോൻ മുതൽ ബോവൂസായുടെ അവസാനം വരെയുള്ളത് മദ്ബഹായിലുള്ളവർ രഹസ്യമായി ചൊല്ലുന്നു. ഈ സമയം ഉയിർപ്പിന്റെ പ്രഖ്യാപനം പ്രതീക്ഷിച്ചുകൊണ്ട് നില്ക്കുന്ന വിശ്വാസികൾ കുറിയേലായിസ്സോൻ എന്ന് ചൊല്ലിക്കൊണ്ടിരിക്കുന്നു)

### കുക്കിലിയോൻ

(ഒന്നാം രാഗം)

ദൈവമുയിർത്തിട്ടവനുടെ വൈരികൾ ചിതറിപ്പോം ഹാ-ഉ-ഹാ
ദ്വേഷികളോടിയൊളിക്കും തിരുമു-മ്പിൽ നിന്നും
പുകമറയുംപോൽ അവരും മാഞ്ഞിടുമേ ഹാ-ഉ-ഹാ
കർത്തൃസമക്ഷമധർമ്മികളായോർ നാ-ശം പൂകും
നിദ്രിതനേയും ലഹരിയൊഴിഞ്ഞവനേയും പോൽ ഹാ-ഉ-ഹാ
സർവ്വജഗത്തിൻ നാഥനുണ-ർന്നെഴുന്നേറ്റു.
വൈരികളെയാട്ടി പിന്നോട്ടോടിച്ചു ഹാ-ഉ-ഹാ
ഉലകിതിലവരെ നിന്ദാപാ-ത്രവുമാക്കി

ബാറെക്മോർ. ശുബ്ഹൊ ..... മെൻഓലം....

www.malankaralibrary.com



## എക്ബൊ

ജീവൻ നൽകുന്നവനായ ഞങ്ങളുടെ മിശിഹാതമ്പുരാനേ, നീ മഹത്ത്വത്തോടെ കബറിൽനിന്ന് ഉയിർത്തെഴുന്നേറ്റു. നല്ലവനും മനുഷ്യസ്നേഹിയുമായ കർത്താവേ, വീണുകിടന്നിരുന്ന ആദാമിനെ നിന്നോടുകൂടെ നീ എഴുന്നേല്പിച്ചു. കരുണാപൂർവ്വം ധാരാളമായ നിന്റെ ശാന്തിയും സമാധാനവും ഞങ്ങൾക്കു നൽകണമേ.

ശുശ്രൂ: സ്തൗമെൻകാലൊസ്...

ജനം: കുറിയേലായിസോൻ

## പ്രുമിയോൻ

കാർമി: നാമെല്ലാവരും പ്രാർത്ഥിച്ച്...

ജനം: കാരുണ്യവാനായ...

കാർമി: സ്തുതിയും സ്തോത്രവും...

മരണം മുഖാന്തരം സൃഷ്ടിയെ ജീവിപ്പിച്ചവനും, ഉയിർപ്പിനാൽ സഭയെ രക്ഷിച്ചവനും, പുനർജീവൻമൂലം തന്റെ ഇടവകയെ സന്തോഷിപ്പിച്ചവനും, പ്രത്യക്ഷീകരണത്താൽ തന്റെ ആടുകളെ ആനന്ദിപ്പിക്കുന്നവനും, തന്റെ അവകാശത്തെ മണവറയിൽ ആമോദിപ്പിക്കുന്നവനും ആയി ജീവനുള്ളവനും മരണമില്ലാത്തവനും ആയവനു സ്തുതി. തനിക്ക് ഈ സമയത്തും എല്ലാ പെരുന്നാളുകളിലും ഞങ്ങളുടെ ആയുഷ്ക്കാലം മുഴുവനും സ്തുതിയും ബഹുമാനവും ആരാധനയും യോഗ്യമാകുന്നു. ബ്കുലഹൂൻ...

ജനം: ആമ്മീൻ.

## സെദറാ

കാർമി: അനാദ്യന്തനായ പിതാവിൽനിന്നു ജനിച്ചവനും, സൃഷ്ടികൾക്കു മുഖാന്തരമായവനും, കന്യകയിൽനിന്ന് ജനിച്ച് ദുരാഗ്രഹങ്ങളെ നിർമ്മാർജ്ജനം ചെയ്തവനും, പിതാവിന്റെ പക്കൽനിന്ന് ജനനമരണമുള്ളവരുടെ മാർഗ്ഗത്തിലൂടെ ഇറങ്ങി

www.malankaralibrary.com



ഹവ്വായെ ഉദ്ധരിച്ചവനുമായ ഞങ്ങളുടെ മിശിഹാതമ്പുരാനേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. ഈ വിശുദ്ധ പെരുന്നാൾദിവസത്തിന്റെ അനുഗ്രഹങ്ങളും ആത്മശരീരങ്ങളുടെ സകല വിശുദ്ധിയും ഞങ്ങൾക്കു നല്കണമേ. അസൂയയും പിണക്കവും ശത്രുതയും ഞങ്ങളിൽനിന്ന് നീക്കിക്കളയണമേ. സ്നേഹവും നിഷ്ക്കളങ്കതയും വിശുദ്ധിയുംകൊണ്ട് ഞങ്ങളെ നിറയ്ക്കണമേ. കർത്താവേ, നിന്റെ കൃപയാൽ ഭരണാധിപന്മാർക്കു യോജിപ്പും പടയാളികൾക്ക് അച്ചടക്കവും ദുഃഖിതർക്ക് ആശ്വാസവും പീഡിതർക്കു മോചനവും നൽകണമേ. യുവാക്കൾക്കു പരിപാകതയും, വൃദ്ധന്മാർക്കു തുണയും, വിവാഹിതർക്കു സ്വഭാവശുദ്ധിയും, അവിവാഹിതർക്കു നൈർമ്മല്യവും, സന്ന്യാസികൾക്കു നിഷ്കപടതയും, കന്യാവ്രതക്കാർക്കു സ്ഥിരതയും നല്കണമേ. ധനവാന്മാർക്കു വിനയവും, ദരിദ്രർക്കു സംരക്ഷണവും, വിശപ്പുള്ളവർക്കു സംതൃപ്തിയും, രോഗികൾക്കു സൗഖ്യവും, ബലഹീനർക്കു സഹായവും, അനാഥർക്കും വിധവകൾക്കും പരിപാലനവും ഉണ്ടാകണമേ. കുറ്റക്കാർക്കും പാപികൾക്കും മോചനവും, ദൂരസ്ഥർക്കു തിരിച്ചുവരവും, സമീപസ്ഥർക്കു കാവലും, വിശുദ്ധസഭയുടെ മക്കൾക്കെല്ലാവർക്കും പാപപരിഹാരപ്രദമായ സൽസ്മരണയും നൽകണമേ. ഞങ്ങളും അവരും നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും ഇപ്പോഴും എല്ലാസമയത്തും എന്നേക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കും. ആമ്മീൻ.

ദൈവത്തിൽനിന്ന്...

## ഗീതം

(കൂക്കോയൊ രീതി)

ശക്ത്യാ ബലവാൻ എഴുന്നേറ്റു കല്ലറയിൽ നിന്നും
വിസ്മിതനായ് നിബി സവിധെ ചെന്നേവം ചോദിച്ചു.
അങ്കി ചുവന്നും-പാർശ്വം മുറിവാർന്നും
പാണി തുളഞ്ഞും-കാണുന്നെന്തീശാ!

www.malankaralibrary.com



മുന്തിരിച്ചക്കിനെ ഞാനാട്ടി മൃതലോകേ, വീര്യാൽ
ഒറ്റയ്ക്കാപത്തിനെ നേരിട്ടാണ്ടേൻ രക്തത്തിൽ
ഹാ-ഉയിരാർന്നുത്ഥിതനായ്. ബാറെക്മോർ

ശുബ്ഹൊ...... മെൻഓലം.......

ധവളിമയേറും വസനമണിഞ്ഞോരാമിരു ദൂ-തർ
വാനിൽ നിന്നൂഴിയിലെത്തി കബറിങ്കൽ നി-ന്നു
അഗ്ന്യാത്മീയർ-ചോദിച്ചാരേവം
മൃതലോകത്തിൽ-എന്താരായുന്നു?
പ്രീത്യ ദൈവം മായിച്ചു ദുർവ്വഹ കടഭാരം
ആദാം തൊട്ടോർക്കിതി പ്രഖ്യാപനമുണ്ടായല്ലോ
ഹാ-ഉ-ഹാ.... മൊറിയോ റാഹേം......

## മാർ യാക്കോബിന്റെ ബോവൂസാ

ഉത്ഥാനത്താൽ തൻസഭയെ വീണ്ടോനാം പുത്രാ
നിൻ ശൈനോ നൽകിത്തൻ സുതരേ, കാക്കേണം നീ

യോഹന്നാനെ കേൾക്കൂ സഭയേ ചിതറിയൊരാട്ടിൻ
കൂട്ടത്തെച്ചേർത്തോരിടയൻ തൻ, പുനരുത്ഥാനം

ഉത്ഥാനം ദർശിച്ചോൻ ശിഷ്യൻ, വേഗതയാർന്നോൻ
ഇന്നതിനുള്ള കാര്യം വിശദം, സർവ്വം ചൊല്ലും

ഒന്നാം, നാളിൽ പുലരും മുൻപായ് മറിയാം കബർ തൻ
വാതിൽ തുറന്നും മൂടി നീക്കപ്പെട്ടും കണ്ടാൾ

യോഹന്നാൻ ശീമോനിവർ സവിധേ, ഓടിച്ചെന്ന്
ആനന്ദത്തോടാ വൃത്താന്തം ബോധിപ്പിച്ചാൾ

www.malankaralibrary.com



ത്രാണനമേകാൻ സുതനെ വിട്ടോൻ താതൻ സ്തുത്യൻ
തേജസ്സോടാ, കബറിന്നേറ്റോൻ പുത്രൻ വന്ദ്യൻ

നാശം കാൺമാൻ തന്നുടെ നീതിഷ്ഠനെ വെടിയാത്തോൻ
ആത്മനു സ്തോത്രം ത്രിത്വേ ഒന്നായ് സ്ഥിതി ചെയ്വോരവർ

വിൺമൺ ലോകർക്കൈക്യം നൽകീടും ശൈനോ നിൻ
ഉത്ഥാനത്താൽ നിൻ സഭയിൽ ശൈനോ നൽകേണം.

## പ്രഖ്യാപനം

(കാർമികൻ രണ്ടു കൈകൾകൊണ്ടും കുരിശെടുത്തുയർത്തിപ്പിടിച്ച് പടിഞ്ഞാറോട്ടു തിരിഞ്ഞു നിൽക്കുന്നു. ഇരുവശങ്ങളിലും കത്തിച്ച തിരികളും മർവഹാസാകളും പിടിച്ചിരിക്കണം. തിരശ്ശീല മാറ്റുമ്പോൾ കാർമികൻ ഉയിർപ്പുവാർത്ത 3 പ്രാവശ്യം പ്രഖ്യാപിക്കുന്നു. വലിയ മണിയടിക്കുകയും ചെറിയമണി കിലുക്കുകയും ചെയ്യുന്നു.)

**കാർമി: സഹോദരരേ, ഒരു പുതിയ വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു. മിശിഹാതമ്പുരാൻ കബറിൽ നിന്നുയിർത്തെഴുന്നേൽക്കുകയും ശത്രുക്കളെ തന്റെ പിന്നിലേക്ക് അടിച്ചോടിക്കുകയും ചെയ്തിരിക്കുന്നു.**

**ജനം: മിശിഹാതമ്പുരാൻ സത്യമായി ഉയിർത്തെഴുന്നേറ്റുവെന്ന് ഞങ്ങൾ വിശ്വസിച്ചേറ്റു പറയുന്നു.**

(അതിനുശേഷം കുരിശ് മ്നോർത്തൊയിൽ സ്ഥാപിക്കുന്നു. തദനന്തരം എല്ലാവരും പ്രാർത്ഥനാമേശയുടെ അടുത്തുവന്ന് രാത്രി പ്രാർത്ഥന പൂർത്തിയാക്കുകയും, അതിനുശേഷം ഉയിർപ്പുശുശ്രൂഷ ആരംഭിക്കുകയും ചെയ്യുന്നു.)

www.malankaralibrary.com



# ഉയിർപ്പുശുശ്രൂഷ

കാർമി: ശുബ്ഹൊ....

ജനം: ബലഹീനരും .....

## പ്രാരംഭപ്രാർത്ഥന

കാർമി: ഞങ്ങളുടെ ദൈവമായ മിശിഹാ, കഷ്ടതകളും കുരിശുമരണവും സഹിച്ച് ഞങ്ങളെ നീ രക്ഷിച്ചു. തിരുവിഷ്ട പ്രകാരം മരണം വരിച്ച് മരണത്തിൽനിന്ന് ഞങ്ങളെ നീ ജീവിപ്പിച്ചു. നീ കബറിൽനിന്നുയിർത്ത് നിന്നോടുകൂടെ ഞങ്ങളെയും ഉയിർപ്പിച്ചു. നിന്റെ മഹനീയമായ പുനരുത്ഥാനത്തിന്റെ ഈ പെരുന്നാളിൽ ഞങ്ങളെ ആനന്ദിപ്പിക്കണമേ. നിന്റെ ശാന്തിയും സമാധാനവും ഞങ്ങൾക്കു നൽകണമേ. കരുണാപൂർവ്വം ഞങ്ങളെ സന്ദർശിക്കണമേ. നിന്റെ ആർദ്രതയാൽ ഞങ്ങളുടെ വേദനകളും രോഗങ്ങളും ശമിപ്പിക്കണമേ. നിനക്കു മനസ്സലിവുണ്ടായി ശിക്ഷകളിൽനിന്നും കോപവടിയിൽനിന്നും ഞങ്ങൾക്കു വിടുതൽ നൽകണമേ. അങ്ങനെ ആനന്ദപൂർവ്വം നിന്റെ തിരുനാളാഘോഷിക്കുവാൻ ഞങ്ങളുടെ കർത്താവും ദൈവവുമേ, ഞങ്ങളെ യോഗ്യരാക്കണമേ.

ജനം: ആമ്മീൻ.

### സങ്കീർത്തനം 51. പുറം 2

### എനിയോനോ

*(അത്ത് ദ്ബക്യൊംതോ ദീലോക്... എന്ന രീതി)*

1. ഉത്ഥാനത്താൽ സന്തോഷം- ഭൂസ്വർഗങ്ങൾക്കേകിയോനേ
   മോദം നൽകി സഭയെ സ്ലീബായാൽ കാത്ത്
   ദേവേശാ കൃപ ചെയ്തീടേണം

2. ക്രൂശിച്ചോർ ലജ്ജിതരായ്-വിശ്വാസികളാനന്ദിപ്പൂ
   നിന്നുത്ഥാനേ സഭയും സുതരും പാടുന്നു
   ദേവേശാ കൃപ ചെയ്തീടേണം

www.malankaralibrary.com



3. ഖേദിപ്പൂ യൂദന്മാർ-ശിഷ്യകളാനന്ദിക്കുന്നു
ദൂതോടു ശിഷ്യർ സന്ദർശിക്കുന്നന്യോന്യം
ദേവേശാ കൃപ ചെയ്തീടേണം

4. ദുഃഖിതരാം ശിഷ്യന്മാരെ-ഉത്ഥാനത്താൽ മോദിതരാക്കി
ശാന്തിയെ വിൺമൺ-ലോകർക്കായ് ദാനം ചെയ്ത
ദേവേശാ കൃപ ചെയ്തീടേണം

5. പരിമളവർഗ്ഗം തിരുമെയ്യിൽ-പൂശാൻ ചെന്നോർ
നാരിഗണത്തിൻ
ഉൾക്കാമ്പുകളെ- മോദം കൊണ്ടു നിറച്ചോനാം
ദേവേശാ കൃപ ചെയ്തീടേണം

6. ഗുരു ഉത്ഥിതനായ് മുന്നേ-ഗ്ലീലായിൽ പോകുന്നെന്നായ്
ശിഷ്യരൊടോതാൻ-അംഗനമാരെ നിയോഗിച്ച
ദേവേശാ കൃപ ചെയ്തീടേണം

7. നാഥാ ഞങ്ങൾക്കേകൂ-മോദം നിന്നുടെ ശാന്തിയതാലെ
നിൻവലഭാഗേ-ചേർക്കണമുത്ഥാന ദിനത്തിൽ
ദേവേശാ കൃപ ചെയ്തീടേണം. ബാറെക്മോർ.

ശുബഹോ... മെൻഓലം...

8 മഹിതോത്ഥാനദിനത്താൽ-മോദിപ്പിച്ചോരാം താത സുതർക്കായ്
സ്തോത്രം പരിശുദ്ധാത്മാവിനു സ്തുതി കീർത്തനവും
ദേവേശാ കൃപ ചെയ്തീടേണം.

അല്ലെങ്കിൽ

കർത്താവേ, നിന്റെ ഉത്ഥാനത്താൽ സ്വർഗ്ഗത്തെയും ഭൂമിയെയും നീ സന്തോഷിപ്പിച്ചു. നിന്റെ സ്ലീബായാൽ നിന്റെ സഭയെ സന്തോഷിപ്പിക്കുകയും അതിന്റെ മക്കളെ സംരക്ഷിക്കുകയും ചെയ്യണമേ.

ദൈവമേ, ഞങ്ങളോടു കരുണ ചെയ്യണമേ.

www.malankaralibrary.com



നിന്നെ ക്രൂശിച്ചവരെ നീ ലജ്ജിപ്പിച്ചു. നിന്നിൽ വിശ്വസിച്ച ജാതികൾ ആഹ്ലാദിക്കുന്നു. സഭയും അതിന്റെ മക്കളും നിന്റെ ഉത്ഥാനത്തിൽ സ്തുതിപാടുന്നു.

ദൈവമേ........

അക്രമികൾ പരാജിതരായി; ശിഷ്യകൾ ആനന്ദിച്ചു. ശിഷ്യന്മാരെല്ലാവരും സദ്വാർത്തയുമായി പരസ്പരം സന്ദർശിക്കുന്നു.

ദൈവമേ........

മ്ലാനവദനരായിരുന്ന ശിഷ്യന്മാരെ നിന്റെ ഉയിർപ്പിനാൽ സന്തോഷിപ്പിച്ച് സ്വർഗ്ഗീയരോടും ഭൗമികരോടും നീ സമാധാനം അറിയിച്ചു.

ദൈവമേ........

നിന്റെ ശരീരത്തിൽ സുഗന്ധം പൂശുവാൻ പുറപ്പെട്ട സ്ത്രീകളുടെ ഹൃദയങ്ങളെ സന്തോഷവും ആനന്ദവുംകൊണ്ട് നീ നിറച്ചു.

ദൈവമേ........

സ്ത്രീകൾക്കു പ്രത്യക്ഷനായി. "ഗുരു ഉയർത്തുവെന്നും അവൻ ഗ്ലീലായിലേക്ക് പോകുന്നുവെന്നും ശ്ലീഹന്മാരെ അറിയിക്കണ'മെന്ന് അവരോട് നീ പറഞ്ഞു.

ദൈവമേ........

കർത്താവേ, നിന്റെ സമാധാനത്താൽ ഞങ്ങളെ സന്തോഷിപ്പിക്കണമെ. നിന്റെ ശാന്തിയാൽ ഞങ്ങളെ ആനന്ദിപ്പിക്കണമെ. നിന്റെ ഉയിർപ്പാൽ നിന്റെ വലത്തുഭാഗത്തു ഞങ്ങളെ നിറുത്തണമേ. ദൈവമേ........

ബാറെക്മോർ. ശുബ്ഹൊ...... മെൻഓലം.....

ഉയിർപ്പിന്റെ മഹനീയപെരുന്നാളിൽ ഞങ്ങളെ ആഹ്ലാദിപ്പിച്ച പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതിയും പുകഴ്ചയും ഉണ്ടായിരിക്കട്ടെ. ദൈവമേ........

ശുശ്രൂ: സ്തൗമെൻ.....
ജനം: കുറിയേലായിസോൻ

www.malankaralibrary.com



## പ്രുമിയോൻ

കാർമി: നാമെല്ലാവരും പ്രാർത്ഥിച്ച്...

ജനം: കാരുണ്യവാനായ...

കാർമി: സ്തുതിയും സ്തോത്രവും...

കോപിച്ചിരുന്നവരെ രമ്യമാക്കാൻവേണ്ടി അയയ്ക്കപ്പെട്ട പിതാവിന്റെ സമാധാനവും, ഭിന്നിച്ചിരുന്നവരെ സംയോജിപ്പിച്ച സന്തോഷകരമായ ശാന്തിയും ആയവനു സ്തുതി. മനുഷ്യരോടുള്ള സ്നേഹം നിമിത്തം അവൻ സ്വർഗ്ഗത്തിൽ നിന്നിറങ്ങി വരികയും ആന്തരിക സർപ്പം നിർമ്മിച്ച ശത്രുതയുടെ വേലി പൊളിച്ചുകളയുകയും ചെയ്തു. "എന്റെ സമാധാനം നിങ്ങളോടുകൂടെയായിരിക്കട്ടെ; എന്റെ സമാധാനം ഞാൻ നിങ്ങൾക്കു നൽകുന്നു." എന്ന് അവൻ ശിഷ്യന്മാരോടു കല്പിച്ചു. വിശുദ്ധ സ്ത്രീകളെയും ശിഷ്യന്മാരെയും തന്റെ സമാധാനംമൂലം സന്തോഷിപ്പിച്ച് പുനരുത്ഥാനത്തിന്റെ സമാധാനവും ശാന്തിയും ശിഷ്യരോടറിയിക്കുവാൻ അവൻ പറഞ്ഞു. അവൻ തന്റെ പുനരുത്ഥാനത്തിൽ സ്വർഗ്ഗീയരുടെയും ഭൗമികരുടെയും ഇടയിൽ സമാധാനം വിതയ്ക്കുകയും ഉയിർപ്പുമൂലം അവിശ്വാസികളെ ലജ്ജിപ്പിക്കുകയും ചെയ്തു. ജീവദായകമായ തന്റെ പുനരുത്ഥാനത്തിന്റെ ഈ പെരുന്നാളിൽ ഞങ്ങൾ അപേക്ഷിക്കുന്നു. ഞങ്ങളുടെ പള്ളികളിൽ സമാധാനവും ഞങ്ങളുടെ ആശ്രമങ്ങളിൽ ശാന്തിയും സ്ഥാപിക്കണമെ. നാശകരമായ കലഹവും, വിദ്വേഷവും ഞങ്ങളിൽനിന്നും ദൂരീകരിക്കണമേ. പരിശുദ്ധാത്മ ചൈതന്യത്താൽ ചുംബനം നൽകി ഞങ്ങൾ പരസ്പരം ആശംസിക്കുവാൻ ഇടയാക്കണമേ. ഞങ്ങൾ സമാധാനപുത്രരും സമാധാനപ്രിയരുമായിത്തീരണമേ. തനിക്ക് ഈ സമയത്തും എല്ലാ പെരുന്നാളുക്കളിലും ഞങ്ങളുടെ ആയുഷ്ക്കാലം മുഴുവനും സ്തുതിയും ബഹുമാനവും ആരാധനയും യോഗ്യമാകുന്നു. ബ്കുലഹൂൻ...

ജനം: ആമ്മീൻ.

www.malankaralibrary.com



## സെദറാ

അനാദ്യന്തപിതാവിന്റെ ശക്തിയും ജ്ഞാനവുമായ ഞങ്ങളുടെ മിശിഹാതമ്പുരാനേ, നീ സ്വഭാവത്താലും സാരാംശപ്രകാരവും സകലവും ശാന്തമാക്കുന്ന സമാധാനവും രഞ്ജിപ്പിക്കുന്ന രമ്യതയുമാകുന്നു. പിതാവായ ദൈവത്തിനും ആദാമിനുമിടയിൽ പിശാചു വരുത്തിവച്ച വഞ്ചന നീ മുഖാന്തരം പരിഹരിക്കപ്പെട്ടു. സ്വർഗ്ഗീയർക്കും ഭൗമികർക്കും ഇടയിൽ നീ സമാധാനം സ്ഥാപിച്ചു.

ജലപ്രളയത്തിലെ ഓളങ്ങളിൽപ്പെട്ട് അലഞ്ഞുലഞ്ഞുകൊണ്ടിരുന്ന നോഹയുടെ പെട്ടകത്തിനു നീ സ്വച്ഛത നല്കി. ഞങ്ങളുടെ പാപം നിമിത്തം സകല സൃഷ്ടികളെയും നശിപ്പിക്കുവാൻ ഉണ്ടായ പ്രളയത്തിൽനിന്ന് ഭൂമിയെ നീ സംരക്ഷിച്ചു. നിന്റെ സമാധാനം ചെങ്കടലിനുള്ളിൽ നടപ്പാത തെളിച്ചു. അതിന്റെ ഓളങ്ങൾക്കിടിയിൽക്കൂടി നടക്കാൻ ഇസ്രായേൽക്കാരുടെ കാലടികളെ നിന്റെ സമാധാനം നയിച്ചു. വൃക്ഷങ്ങളുടെ ഇടയിൽ ശബ്ദം പുറപ്പെടുവിച്ച് സർപ്പം ഹവ്വായെ ആകർഷിച്ചതുമൂലമുണ്ടായ സംഘർഷത്തെ നിന്റെ സമാധാനം നീക്കിക്കളഞ്ഞു. ഗബ്രിയേലിന്റെ ദൂതുമൂലമുണ്ടായ നിന്റെ സമാധാനം, നെടുവീർപ്പുകൾ വർദ്ധിപ്പിച്ച ശാപത്തെ മനുഷ്യവർഗ്ഗത്തിൽനിന്ന് മാറ്റിക്കളഞ്ഞു.

ശിഷ്യന്മാർക്കെതിരായി ഉയർന്നുവന്ന സമുദ്രക്ഷോഭത്തെ ദിവ്യമായ നിന്റെ സമാധാനം ശാന്തമാക്കി. നിന്റെ സമാധാനം അവരുടെ ഹൃദയങ്ങളിൽനിന്ന് ഭീതിയെ അകറ്റി. നിന്റെ സമാധാനം രക്ഷാകരമായ നിന്റെ പുനരുത്ഥാനത്തെക്കുറിച്ചുള്ള അവരുടെ ചിന്തകളെ ഉറപ്പിച്ചു; അവരുടെ ഹൃദയങ്ങളിൽനിന്ന് സകല സംശയത്തെയും ബഹിഷ്ക്കരിച്ചു. മാളികയിൽവച്ചുണ്ടായ അവരുടെ ദുഃഖത്തെ നിന്റെ സമാധാനം നീക്കിക്കളഞ്ഞു. ചിതറിപ്പോയ ശ്ലീഹന്മാരെ നിന്റെ സമാധാനം ഏകയോഗമായി സമ്മേളിപ്പിച്ചു; ഒളിവിടങ്ങളിൽനിന്ന് അവരെ പുറത്തുകൊണ്ടുവന്നു. നിന്റെ സമാധാനം സുവിശേഷം അറിയിക്കുന്നതിന് അവരെ ധൈര്യപ്പെടുത്തി.

www.malankaralibrary.com



ജീവവൃക്ഷം കാക്കുന്നതിന് ചുറ്റിത്തിരിഞ്ഞുകൊണ്ടിരുന്ന അഗ്നിവാളിനെ നിന്റെ സമാധാനം നീക്കിക്കളഞ്ഞു. വിഗ്രഹങ്ങളുടെ മുമ്പിൽ ബലിയും വധവും നടത്തിയിരുന്ന വാളിനെ നിന്റെ സമാധാനം മാറ്റിക്കളഞ്ഞു. നിന്റെ സമാധാനം മനുഷ്യവർഗ്ഗത്തിന്റെ മുഖത്തുനിന്ന് കണ്ണുനീരു തുടച്ചുകളഞ്ഞു; ഭൂതലത്തെ ഒന്നാകെ സന്തോഷസമ്പൂർണ്ണമാക്കി. സ്വർഗ്ഗത്തെയും ഭൂമിയെയും രമ്യപ്പെടുത്തിയ പിതാവിന്റെ സമാധാനമായ കർത്താവേ, നിന്റെ പുനരുത്ഥാനത്തിന്റെ ഈ വിശുദ്ധ ദിവസത്തിൽ പരിശുദ്ധാത്മ ചൈതന്യത്താൽ പരസ്പരം വിശുദ്ധ ചുംബനം നൽകുവാൻ ഞങ്ങൾക്കു കൃപ നൽകണമേ. അതിനാൽ ഞങ്ങൾ ആത്മീയ ഐക്യത്താൽ നിന്നോടും, പരസ്പരവും ബന്ധിക്കപ്പെടുമാറാകണമേ. നീ ഞങ്ങൾക്കു നൽകിയ ഐക്യവും സമാധാനവുംകൊണ്ട് ഞങ്ങൾ നിറയുവാൻ ഇടയാകണമേ.

നിന്റെ ദിവ്യസമാധാനത്താൽ വിശുദ്ധ ചുംബനംമൂലം സഭാസന്താനങ്ങൾ അദ്ധ്യാത്മികസ്നേഹംകൊണ്ട് ജ്വലിക്കുമാറാകണമേ. ഞങ്ങൾ പരസ്പരവും നിന്നിലും അവിഭാജ്യമായി നിന്റെ സമാധാനത്താൽ ബന്ധിക്കപ്പെടണമേ. നിന്റെ രഞ്ജിപ്പാൽ സകലവിധ കലഹങ്ങളിൽനിന്നും വേദവിപരീതങ്ങളിൽനിന്നും നിന്റെ വിശുദ്ധ സഭയെ ഒഴിവാക്കി സമാധാനം സ്ഥാപിക്കണമേ. വേദവിപരീതംവഴി അതിനെ എതിരിടുന്ന ശത്രുക്കളിൽനിന്ന് നിന്റെ സഭയെ സംരക്ഷിക്കുമാറാകണമേ. സഭയോടുള്ള സത്യവും ദിവ്യവുമായ നിന്റെ വാഗ്ദാനങ്ങൾ നിവർത്തിക്കണമേ. നിന്റെ സമാധാനം നിന്റെ ആശ്രിതരെക്കൊണ്ട് അതിന്റെ കോട്ടകൾ നിറയ്ക്കുമാറാകണമേ. സഭയ്ക്കുവേണ്ടി കഷ്ടപ്പെടുകയും അതിനെ പുഷ്ടിപ്പെടുത്തുകയും ചെയ്യുന്ന ഇടയന്മാർ മുഖാന്തരം സഭ പ്രബലപ്പെടുവാൻ നിന്റെ സമാധാനം കാരണമാകട്ടെ. കർത്താവായ നിന്നെ രമ്യപ്പെടുത്തുന്ന പട്ടക്കാരുടെയും ശെമ്മാശൻമാരുടെയും ഗണങ്ങളാൽ നിന്റെ സഭ അലങ്കരിക്കപ്പെടുമാറാകണമേ.

www.malankaralibrary.com



നിന്റെ സമാധാനം ആത്മീയമായ ഐക്യത്തിൽ സഭയുടെ സന്താനങ്ങളെ ബന്ധിക്കുമാറാകണമേ. നിർവ്യാജമായ സ്നേഹത്താൽ അവരെ ശ്രേഷ്ഠതപ്പെടുത്തണമേ. ആത്മീയ സ്നേഹംകൊണ്ട് അവരെ പ്രശോഭിതരാക്കണമേ. നിന്റെ സമാധാനം സത്യവിശ്വാസംകൊണ്ട് അവരെ പൂർണ്ണരാക്കുകയും സദാചാരങ്ങളാൽ പ്രഗത്ഭരാക്കുകയും ചെയ്യണമേ. അവരെ വിനയമുള്ളവരാക്കുകയും, ശാന്തതയും ദയയുംകൊണ്ട് നിറയ്ക്കുകയും ചെയ്യണമേ.

നിന്റെ സമാധാനം അവരെ നിന്റെ ജീവപ്രദമായ കല്പനകൾ ആചരിക്കുന്നവരാക്കണമേ. സകലവിധ വിദ്വേഷങ്ങളിൽനിന്നും വഞ്ചനകളിൽനിന്നും അവരെ നിർമ്മലീകരിക്കണമേ. സകല മുഖസ്തുതിയിൽനിന്നും അവരെ സ്വതന്ത്രരാക്കണമേ. നിന്റെ സമാധാനം ശത്രുതയും വിദ്വേഷവും നീക്കിക്കളയുകയും, തർക്കവും കലഹവും ദൂരീകരിക്കുകയും ചെയ്യണമേ. അവരിൽനിന്ന് കോപവും എതിർപ്പുകളും ശമിപ്പിക്കുകയും യുദ്ധവും കലഹവും അകറ്റിക്കളയുകയും ചെയ്യണമേ. സ്നേഹവും കരുണയുംകൊണ്ട് അവരെ നിറയ്ക്കണമേ. സമാധാന സ്ഥിരതയാലും സുകൃതഫലങ്ങളുടെ പൂർണ്ണതയാലും അവരെ അലങ്കരിച്ച് നിനക്കു നിർമ്മലമായ ആലയങ്ങളായിത്തീരുവാൻ യോഗ്യരാക്കണമേ. ദൈവമായ നീ അവരിൽ സ്ഥിരമായി വസിക്കണമേ. നിന്റെ ദൈവികനൽവരങ്ങളാൽ അവരെ പ്രശോഭിതരായി നിർമ്മല സ്നേഹത്തോടും സമാധാന ബുദ്ധിയോടുംകൂടെ വിളങ്ങുകയും ചെയ്യുമാറാകണമേ. വിചാര നൈർമല്യത്തിലും മാനസികവെൺമയിലും അവർ തിളങ്ങുകയും വെടിപ്പോടും വിശുദ്ധിയോടുംകൂടെ വിശുദ്ധ ചുംബനത്താൽ പരസ്പരം ആശ്ലേഷിതരാകുകയും ചെയ്യണമേ. പരിശുദ്ധാത്മാവിലുള്ള ആലിംഗനത്താൽ അവർ ബന്ധിതരാവുകയും അശരീരികളായ ഈറേദൂതന്മാരെപ്പോലെ ഐക്യമുള്ളവരായിത്തീരുകയും ചെയ്യണമേ.

വിജാതികൾ അവരുടെ പ്രവൃത്തികൾ കണ്ടിട്ട് 'ഇവർ

www.malankaralibrary.com



കർത്താവിനാൽ അനുഗ്രഹിക്കപ്പെട്ടവരും നിത്യസന്തോഷവും ശാശ്വതാനന്ദവും നിറഞ്ഞ സ്വർഗ്ഗീയസങ്കേതം പ്രാപിക്കുവാൻ യോഗ്യരുമാകുന്നു' എന്നു സമ്മതിച്ചു പറയുവാൻ ഇട യാക്കണമേ.

സത്യവിശ്വാസത്തോടെ നിന്റെ അടുക്കലേക്കു വന്നിട്ടുള്ള പരേതരെ ഭാഗ്യകരമായ ഭവനങ്ങളിൽ ആശ്വസിപ്പിക്കണമേ. ഞങ്ങളും അവരും നിനക്കും, ഞങ്ങളുടെ രക്ഷയ്ക്കായി നിന്നെ അയച്ച വാഴ്ത്തപ്പെട്ടവനും ഭാഗ്യവാനുമായ നിന്റെ പിതാവിനും, ജീവപ്രദനായ നിന്റെ പരിശുദ്ധാത്മാവിനും ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കും. ആമ്മീൻ.

## കോലോ

(കുക്കോയോ ഒന്നാം രാഗം/നിൻ മുറിവുകളീന്നേറ്റേൻ... എന്ന രീതി)

ശ്ലോമ്മോ, ശ്ലോമ്മോ അടുത്തവർക്കും ദൂരസ്ഥന്മാർ-ക്കും
മിശിഹാ കബറീന്നെഴുന്നേറ്റു, ഭിന്നതരെ ചേ-ർത്തു.
    ശെമഓനുറച്ചു-തോമ്മാ വിശ്വസിച്ചു
    ദുഃഖവിലാപം-അവരിൽ നിന്നൊഴിഞ്ഞു
കയ്യാ-പ്പായോ ലജ്ജിതനായ്, ക്രൂശകർ തല താഴ്ത്തി
മറിയാ-മും സഭതൻസുതരും, സ്തോത്രം പാ-ടുന്നു
ഹാലേലുയ്യാ-ഉ-ഹാലേലുയ്യാ. ബാറെക്മോർ.

    ശുബഹോ... മെൻഓലം...

മാളികയിൽ പുനരുത്ഥാന ദിനത്തിൽ പ്രിയനാ-ഥൻ
'ശ്ലോമ്മോ നിങ്ങൾക്കെൻ പ്രിയരേ' എന്നോതുകയാ-യി
    അവരുടെ വ്യഥകൾ-അഖിലം താൻ നീക്കി
    അവികല ശാന്തി-അവരിൽ നിറഞ്ഞൊഴുകി
'നിങ്ങളിലെ-ൻ ശ്ലോമ്മോ' എന്നും വീണ്ടും അവനോതി
'ദുഷ്ടന്നെതിരായ് എൻ ശ്ലോമ്മോ, കാവൽ നിന്നീ-ടും'
    ഹാലേലുയ്യാ-ഉ-ഹാലേലുയ്യാ

www.malankaralibrary.com



## പ്രദക്ഷിണം

(സ്ലീബാ, ഏവൻഗേലിയോൻ, കുട, കൊടി എന്നിവയോടുകൂടി ആഘോഷമായ പ്രദക്ഷിണത്തിനിറങ്ങുന്നു. ശുശ്രൂഷകർ ധൂപകലശം, തിരികൾ, മണി ഇവ എടുത്തിരിക്കണം. വടക്കേ വാതിൽവഴി ഇറങ്ങി പടിഞ്ഞാറെ വാതിൽക്കൽ ഏവൻഗേലിയോൻ വായിക്കുന്നു.)

## പ്രദക്ഷിണഗീതം

(കും പൗലോസ്)

മറിയാമേ ഞാൻ തോട്ടക്കാരൻ തന്നെ
പറുദീസാ സ്ഥാപകൻ ഞാൻ തന്നെ സത്യം
മറിയാമേ ഞാൻ കൊല്ലപ്പെട്ടോൻ തന്നെ
കബറടക്കപ്പെട്ടോൻ ഞാൻ തന്നെ സത്യം
  സർവ്വത്തിൻ ജീവൻ
  ഉയിർപ്പും ഞാൻ തന്നെ
  സ്പർശിക്കരുതെന്നെ
  ഞാൻ പി-തൃഭാഗെ-പോയില്ല.
അതിനാൽ നീ പോയി ശിഷ്യന്മാരോടു ചൊൽക
മഹിമാലുയർത്തു ഞാൻ കബറീന്നെന്നേക്കും.

അല്ലെങ്കിൽ

മറിയാമേ, ഞാൻ തോട്ടക്കാരനും പറുദീസായുടെ സ്ഥാപകനുമാകുന്നു. ഞാൻ ഉയിർപ്പും പുനരുത്ഥാനവും സകല ജീവജാലങ്ങളുടെയും ജീവനുമാകുന്നു. മറിയാമേ, ഞാൻ കൊല്ലപ്പെട്ടവനും കബറടക്കപ്പെട്ടവനുമാകുന്നു. നീ എന്നെ സ്പർശിക്കരുത്; ഞാൻ എന്റെ പിതാവിന്റെ അടുക്കലേക്ക് കയറിയിട്ടില്ല. ഞാൻ മഹത്വത്തോടെ കബറിൽനിന്ന് ഉയിർത്തെഴുന്നേറ്റു എന്ന് നീ ചെന്ന് ശ്ലീഹന്മാരോട് അറിയിക്കുക.

## ഏവൻഗേലിയോൻ

(പടിഞ്ഞാറെ വാതിൽക്കൽ)

യോഹ 20:11-18

മറിയം കല്ലറയ്ക്കു വെളിയിൽ കരഞ്ഞുകൊണ്ടു നിന്നു. അവൾ കരഞ്ഞുകൊണ്ടിരിക്കുമ്പോൾ കുനിഞ്ഞു കല്ലറയിലേക്കു നോക്കി. വെള്ളവസ്ത്രം ധരിച്ച രണ്ടു ദൂതൻമാർ യേശുവിന്റെ ശരീരം വച്ചിരുന്നിടത്ത്, ഒരുവൻ തലയ്ക്കലും ഇതരൻ കാല്ക്ക

www.malankaralibrary.com



ലുമായി ഇരിക്കുന്നത് അവൾ കണ്ടു. അവർ അവളോടു ചോദിച്ചു: സ്ത്രീയേ എന്തിനാണു നീ കരയുന്നത്? അവൾ പറഞ്ഞു: എന്റെ കർത്താവിനെ അവർ എടുത്തുകൊണ്ടുപോയി; അവർ അവനെ എവിടെയാണ് വച്ചിരിക്കുന്നത് എന്ന് എനിക്കറിഞ്ഞുകൂടാ. ഇതു പറഞ്ഞിട്ട് പുറകോട്ടു തിരിഞ്ഞപ്പോൾ യേശു നില്ക്കുന്നത് അവൾ കണ്ടു. എന്നാൽ, അത് യേശുവാണെന്ന് അവൾക്കു മന സ്സിലായില്ല. യേശു അവളോടു ചോദിച്ചു: സ്ത്രീയേ, എന്തിനാണ് നീ കരയുന്നത്? നീ ആരെയാണ് അന്വേഷിക്കുന്നത്? അത് തോട്ട ക്കാരനാണെന്നു വിചാരിച്ച് അവൾ പറഞ്ഞു: പ്രഭോ, അങ്ങ് അവനെ എടുത്തുകൊണ്ടുപോയെങ്കിൽ എവിടെ വച്ചു എന്ന് എന്നോടു പറയുക. ഞാൻ അവനെ എടുത്തുകൊണ്ട് പൊയ്ക്കൊള്ളാം. യേശു അവളെ വിളിച്ചു: മറിയം! അവൾ തിരിഞ്ഞ് റബ്ബോനി-ഗുരു എന്നർത്ഥം-എന്ന് ഹെബ്രായഭാഷ യിൽ വിളിച്ചു. യേശു പറഞ്ഞു: നീ എന്നെ തടഞ്ഞു നിർത്താതി രിക്കുക. എന്തെന്നാൽ, ഞാൻ പിതാവിന്റെ അടുത്തേക്ക് ഇതു വരെയും കയറിയിട്ടില്ല. നീ എന്റെ സഹോദരന്മാരുടെ അടുത്തു ചെന്ന് അവരോട്, ഞാൻ എന്റെ പിതാവിന്റെയും നിങ്ങളുടെ പി താവിന്റെയും, എന്റെ ദൈവത്തിന്റെയും നിങ്ങളുടെ ദൈവത്തി ന്റെയും അടുത്തേക്ക് ആരോഹണം ചെയ്യുന്നു എന്നു പറയുക. മഗ്ദലേനമറിയം ചെന്ന് ഞാൻ കർത്താവിനെ കണ്ടു എന്നും അവൻ ഇക്കാര്യങ്ങൾ തന്നോടു പറഞ്ഞു എന്നും ശിഷ്യൻമാരെ അറിയിച്ചു.

(പള്ളിയകത്തു പ്രവേശിച്ചയുടനെ വായനകൾ)

## സൂമോറോ

നാഥാ! പരിശുദ്ധന്മാർ തൻ
സഭയിൽ വാനിടമങ്ങ-യുടെ
വിസ്മയകരമാം കാര്യ-ങ്ങൾ
സാക്ഷിക്കും വിശ്വാസ-മതും
സ്വർഗ്ഗോപരിയാം സ്വർഗ്ഗ-ത്തിൽ
കർത്താവിനു സന്നിഭനേവൻ
ദൂതരിലാരുണ്ടവനു-സമൻ

www.malankaralibrary.com



പാവനസഭയിൽ ഞാനെ-ന്നും
വാഴ്ത്തും കർത്താവിൻ കൃ-പയെ
ഘോഷിച്ചിടുമെന്നെന്നേ-ക്കും
വിശ്വാസത്തെയെൻവദനം-ഹാലേലുയ്യാ.

അല്ലെങ്കിൽ

കർത്താവേ, പരിശുദ്ധന്മാരുടെ സംഘത്തിൽ, സ്വർഗ്ഗം നിന്റെ അത്ഭുത പ്രവൃത്തികളെയും നിന്നിലുള്ള വിശ്വാസത്തെയുംകുറിച്ച് പ്രഖ്യാപിക്കും. സ്വർഗ്ഗത്തിൽ കർത്താവിനോടുപമിക്കാവുന്നവൻ ആരാകുന്നു? മാലാഖമാരിൽ കർത്താവിനോടു സദൃശ്യൻ ആരുള്ളൂ? കർത്താവിന്റെ കൃപയെക്കുറിച്ച് വിശുദ്ധ സഭയിൽ നിത്യവും ഞാൻ പാടും; എന്റെ അധരങ്ങൾ അവനിലുള്ള വിശ്വാസം എന്നും പ്രഖ്യാപിക്കുകയും ചെയ്യും. ഹാലേലുയ്യാ.

## വായനകൾ

ലേവ്യ 23:26-33; മിഖാ 7:8-13; ഏശ 57:19-21; 60:17-22
1 പത്രോസ് 5: 5-14; റോമ 16:1-15; 22-27

## പെസ്ഗോമൊ

ഹാ...ഉ...ഹാ... സ്വർഗ്ഗം സന്തോഷിക്കും ഭൂവാനന്ദിക്കും
മിശിഹാ രാജൻ തന്നുത്ഥാനത്തിൽ ഹാലേലൂയ്യാ.

## ഏവൻഗേലിയോൻ

(യോഹ 13:34-35; 14:27; 15:11-15; 17-19)

ഞാൻ പുതിയൊരു കല്പന നിങ്ങൾക്കു നൽകുന്നു. നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ. നിങ്ങൾക്കു പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്ന് അതുമൂലം എല്ലാവരും അറിയും. 14:27 ഞാൻ നിങ്ങൾക്കു സമാധാനം തന്നിട്ടുപോകുന്നു. എന്റെ സമാധാനം നിങ്ങൾക്കു ഞാൻ നല്കുന്നു. ലോകം നല്കുന്നതുപോലെയല്ല ഞാൻ നല്കുന്നത്. 15:11-15 ഇത് ഞാൻ നിങ്ങളോടു പറഞ്ഞത് എന്റെ സന്തോഷം നിങ്ങളിൽ കുടികൊള്ളാനും നിങ്ങളുടെ സന്തോഷം

www.malankaralibrary.com



പൂർണ്ണമാകാനും വേണ്ടിയാണ്. ഇതാണ് എന്റെ കല്പന: ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കണം. സ്നേഹിതർക്കുവേണ്ടി ജീവൻ അർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹം ഇല്ല. ഞാൻ നിങ്ങളോടു കല്പിക്കുന്നത് നിങ്ങൾ ചെയ്യുന്നെങ്കിൽ നിങ്ങൾ എന്റെ സ്നേഹിതരാണ്. ഇനി ഞാൻ നിങ്ങളെ ദാസന്മാർ എന്നു വിളിക്കുകയില്ല. കാരണം, യജമാനൻ ചെയ്യുന്നതെന്തെന്ന് ദാസൻ അറിയുന്നില്ല. എന്നാൽ, ഞാൻ നിങ്ങളെ സ്നേഹിതന്മാരെന്നു വിളിച്ചു. എന്തെന്നാൽ, എന്റെ പിതാവിൽനിന്നു കേട്ടതെല്ലാം നിങ്ങളെ ഞാൻ അറിയിച്ചു.
17-19 ഞാൻ നിങ്ങളോടു കല്പിക്കുന്നു: പരസ്പരം സ്നേഹിക്കുവിൻ. ലോകം നിങ്ങളെ ദ്വേഷിക്കുന്നുവെങ്കിൽ അതിനുമുമ്പേ അത് എന്നെ ദ്വേഷിച്ചു എന്ന് അറിഞ്ഞുകൊള്ളുവിൻ. നിങ്ങൾ ലോകത്തിന്റേതായിരുന്നുവെങ്കിൽ ലോകം സ്വന്തമായതിനെ സ്നേഹിക്കുമായിരുന്നു. എന്നാൽ, നിങ്ങൾ ലോകത്തിന്റേതല്ലാത്തതുകൊണ്ട്, ഞാൻ നിങ്ങളെ ലോകത്തിൽനിന്നു തിരഞ്ഞെടുത്തതുകൊണ്ട്, ലോകം നിങ്ങളെ ദ്വേഷിക്കുന്നു.

## സ്ലീബാ ആഘോഷം

(കിഴക്കഭിമുഖമായി നിന്നുകൊണ്ട്)

കാർമി: ശുബ്ഹൊ....

ജനം: ബലഹീനരും....

കാർമി: നിന്റെ ബലിയർപ്പണത്താൽ സ്വർഗ്ഗീയരെയും ഭൗമികരെയും യോജിപ്പിച്ച സമാധാനവും, നിന്റെ സ്ലീബായാൽ ജാതികളെ രക്ഷിച്ച വിമോചകനും, ഉത്ഥാനത്താൽ ഭിന്നിതരെ ഐക്യപ്പെടുത്തിയ സ്നേഹവുമായ കർത്താവേ, ഇന്നേദിവസം ഭൂതലത്തിലെ അവ്യവസ്ഥിതി നീ ഇല്ലാതാക്കണമേ. നിന്റെ സ്ലീബായാൽ സകല ഉപദ്രവങ്ങളിൽനിന്നും ഞങ്ങളെ സംരക്ഷിക്കണമേ. ഞങ്ങൾ നിന്നെയും നിന്റെ പിതാവിനെയും നിന്റെ പരിശുദ്ധാത്മാവിനെയും ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും സ്തോത്രം ചെയ്യുവാൻ ഇടയാക്കണമേ. ആമ്മീൻ.

www.malankaralibrary.com



## മസ് അക്കോനൂസൊ

കാർമി:മഹാകാരുണ്യവാനായ കർത്താവേ, നിന്റെ ഉയിർത്തെഴുന്നേല്പിന്റെ ഈ ദിവസത്തിൽ നിന്റെ ബഹുമാനത്തിനു യോഗ്യമായ ഗാനങ്ങൾ ഞാൻ ആലപിക്കും. സ്ലീബായാൽ രക്ഷിക്കപ്പെട്ട ജനങ്ങൾ നിന്റെ ഈ പെരുന്നാളിൽ നിന്നെ സ്തോത്രം ചെയ്യും. ഞങ്ങൾ ഇപ്രകാരം അപേക്ഷിക്കുന്നു.

ജനം: കുറി..... കുറി...... കുറി........

(പടിഞ്ഞാറഭിമുഖമായി നിന്നുകൊണ്ട്)

കാർമി: ഞങ്ങളുടെ മിശിഹാതമ്പുരാനേ, ഞങ്ങൾ നിന്റെ ഉയിർപ്പിൽ സന്തോഷിച്ചാനന്ദിക്കുന്നു. നിന്റെ ശാന്തിയും സമാധാനവും ഞങ്ങളിൽ വാഴണമേ. നിന്റെ സ്ലീബായെ വന്ദിപ്പാനും നിന്റെ ഉയിർത്തെഴുന്നേല്പിനു സാക്ഷ്യം വഹിക്കുവാനും ഞങ്ങൾക്കു കൃപ നൽകണമേ. ഞങ്ങളുടെ കർത്താവും ദൈവവുമേ, നിന്റെ കർത്തൃത്വത്തെ എന്നേക്കും സ്തുതിക്കുവാൻ തക്കവണ്ണം ഞങ്ങളെയും ഞങ്ങളുടെ മരിച്ചുപോയവരെയും നിന്റെ രാജ്യത്തിൽ ആനന്ദിപ്പിക്കണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധാത്മാവിനും ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കും. ആമ്മീൻ.

## മസ് അക്കോനൂസൊ

കാർമി: യഹൂദന്മാർ കുരിശിൽ തറച്ചവൻ മഹത്ത്വത്തോടെ ഉയിർത്തെന്നുള്ള വാർത്ത എല്ലാവരും അറിഞ്ഞു. അജ്ഞാനികൾ അതു നിഷേധിക്കുന്നു. ഞങ്ങളാകട്ടെ ഇപ്രകാരം അപേക്ഷിക്കുന്നു.

ജനം: കുറി..... കുറി...... കുറി........

(വടക്കഭിമുഖമായി നിന്നുകൊണ്ട്)

കാർമി: ദൈവമായ കർത്താവേ, നിന്റെ സ്ലീബായുടെ പാർശ്വത്തിൽ ഞങ്ങളെ സംരക്ഷിക്കണമേ. നിന്റെ ഉയിർപ്പിൽ

www.malankaralibrary.com



നിന്നോടനുരൂപരാകുവാനും, നിന്റെ പുനരുത്ഥാനത്തിൽ വിശ്വസിക്കുവാനും നിന്റെ സുവിശേഷോപദേശങ്ങൾ അനുഷ്ഠിക്കുവാനും നിന്റെ ഇഷ്ടം പ്രവർത്തിക്കുവാനും നിന്റെ ന്യായപ്രമാണം അനുഷ്ഠിക്കുവാനും നിന്നെ സ്നേഹിച്ച നീതിമാന്മാരുടെയും വിശുദ്ധരുടെയും പ്രാർത്ഥനകളിൽ സങ്കേതപ്പെട്ട് സഹായം പ്രാപിക്കുവാനും ഞങ്ങളെ യോഗ്യരാക്കണമേ. അവരുടെ അപേക്ഷകൾമൂലം ഞങ്ങൾക്കും ഞങ്ങളുടെ പരേതർക്കും പാപപരിഹാരം നൽകണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും ഇപ്പോഴും എല്ലാസമയത്തും എന്നേക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കും. ആമ്മീൻ.

## മസ് അക്കോനൂസൊ

കാർമി: കർത്താവേ, നിന്റെ ജനത്തോട് കരുണ തോന്നണമെ. നിന്റെ അവകാശത്തിൽനിന്നും മുഖം തിരിക്കരുതെ. നിന്റെ സ്ലീബായുടെ മഹത്വമേറിയ അടയാളത്താൽ ക്രിസ്തീയജനത്തിന് ഔന്നത്യം നൽകണമേ. ഞങ്ങൾ ഇപ്രകാരം അപേക്ഷിക്കുന്നു.

ജനം: കുറി..... കുറി...... കുറി........

(തെക്കഭിമുഖമായി നിന്നുകൊണ്ട്)

കാർമി: ദൈവമായ കർത്താവേ, മൂന്നാം ദിവസമുണ്ടായ നിന്റെ ഉയിർത്തെഴുന്നേല്പിന്റെ ഈ തിരുനാളിനെ സ്വർഗ്ഗീയസേനകളോടുകൂടെ പുകഴ്ത്തുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. സന്തോഷപൂർവ്വം നിന്റെ പെരുന്നാൾ ആചരിക്കുവാനും നന്മകളും വാഴ്വുകളും നിന്നിൽനിന്നു പ്രാപിക്കുവാനും ഞങ്ങളെ അർഹരാക്കണമേ. നിന്റെ വിശുദ്ധ സ്ലീബായാലും വിശുദ്ധന്മാരിൽ വസിക്കുന്ന നിന്റെ ശക്തിയാലും കോപത്തിന്റെ വടികളും സകല ശിക്ഷകളും ഞങ്ങളിൽനിന്നു നീക്കിക്കളയണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധാത്മാവിനും ഇപ്പോഴും എല്ലാസമയത്തും എന്നേക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കും. ആമ്മീൻ

www.malankaralibrary.com



## മസ് അക്കോനൂസൊ

കാർമി: കർത്താവേ, രോഗികൾക്കും പീഡിതർക്കുംവേണ്ടിയും എളിയവർക്കും ദരിദ്രർക്കുംവേണ്ടിയും, അനാഥർക്കും വിധവകൾക്കുംവേണ്ടിയും, പ്രത്യേകിച്ച് നിന്റെ ജനത്തിലും സഭയിലും ഇടവകയിലും മഹത്ത്വമേറിയ നിന്റെ ശാന്തിയും സമാധാനവും വസിപ്പിക്കുന്നതിനുവേണ്ടിയും ഞങ്ങൾ അപേക്ഷിക്കുന്നു.

ജനം: കുറി..... കുറി...... കുറി........

(വീണ്ടും കിഴക്കോട്ടു തിരിഞ്ഞ്)

## ഹൗദ് മാലാഖേ.... പുറം 82

(നാലാം പാദത്തിനു പ്രത്യുത്തരമായി 'ഞങ്ങൾക്കുവേണ്ടി മഹത്വത്തോടെ ഉയിർത്തെഴുന്നേറ്റവനേ, ഞങ്ങളോട് കരുണ ചെയ്യണമേ' എന്നു പറയണം. അനന്തരം സ്ലീബാ ത്രോണോസിൻമേൽ വച്ചശേഷം പട്ടക്കാരും ശുശ്രൂഷകരും ഓരോരുത്തരായി ബലിപീഠവും പിന്നെ സ്ലീബായും ഏവൻഗേലിയോനും മുത്തി പരസ്പരം സമാധാനം കൊടുക്കണം. അതിനുശേഷം കാർമ്മികൻ, ഒരു പുരുഷനും ഒരു സ്ത്രീക്കും സമാധാനം കൊടുക്കുന്നു. അവർ പരസ്പരം സമാധാനം കൈമാറുന്നു. ആ സമയത്ത് താഴെക്കാണുന്ന ഗീതം ചൊല്ലാം.)

## കോലോ

(*താതൻ ശ്ലോമ്മോ ഗബ്രിയേൽ.......* എന്ന രീതി)

1. ശ്ലോമ്മോ ബലിപീഠത്തിന്നും-രക്ഷാകരമാം സ്ലീബായ്ക്കും
   പാവനകബറിന്നും ശ്ലോമ്മോ,
   ശ്ലോമ്മോ ഏവൻഗേലിയോനും
   ശുദ്ധന്മാരാചാര്യന്മാർ-സഭതൻ മക്കൾക്കും ശ്ലോമ്മോ.

2. രക്ഷകനീശോമിശിഹായേ-നിൻ സ്വർഗ്ഗീയ സമാധാനം
   ഞങ്ങൾക്കനുഭവമാകട്ടെ
   ആശ്ലേഷിക്കട്ടന്യോന്യം
   ലോകാന്ത്യംവരെ വാഴട്ടെ-നാനാഭാഗത്തും ശ്ലോമ്മോ.

www.malankaralibrary.com



3. പരിശുദ്ധാചാര്യന്മാരേ-ജനമേ, ശുശ്രൂഷക്കാരേ
ശുദ്ധന്മാർ തൻ വാഴ്‌വേൽപ്പിൻ
അന്യോന്യം ശ്ലോമ്മോ നൽകിൻ
വാസം ചെയ്തീടട്ടെന്നും-കർത്താവിൻ ശ്ലോമ്മോ നമ്മിൽ.

4. താതൻ ദൈവത്തിൻ സ്നേഹവും-ഏകതനൂജൻ തൻകൃപയും
ശുദ്ധാത്മാവിന്നാവാസവും
ഉത്ഥാനപ്പെരുനാളിലെപ്പോൽ
ആയുഷ്ക്കാലത്തെന്നാളും-ഞങ്ങളിലുണ്ടായീടേണം.

5. ദയറാ പള്ളികളിൽ നാഥാ-കാവൽ നിൽക്കുക നിൻ ശ്ലോമ്മോ
പുണ്യംനിൻ കുരിശാൽ നേടി
ആനന്ദിക്കട്ടെ ഞങ്ങൾ
നാഥാ വാഴട്ടെന്നാളും-ഞങ്ങളിലെന്നും നിൻ ശ്ലോമ്മോ.

*(ഹ്ദൗ ആമ്മേ, ഹ്ദൗ ആമ്മേ മറിയാം എമറാസ്.../രക്ഷിതരാം ജാതികളേ...)*

1. മോദിപ്പിൻ ജാതികളേ, മറിയാമോതി
കബറീന്നെൻ സുതനേറി താതനെ ആർന്നാൻ

2. പ്രഭസുതരേ, പ്രഭസുതരേ, ദ്യുതിയാസന്നം പാലൊളിയാം
പകലിതിനെ സ്തോത്രം ചെയ്‌വിൻ

3. ഉത്ഥാനം വെളിവായി ശിഷ്യന്മാരേ
കരയരുതെ നിങ്ങൾ തൻ ഗുരുവെഴുന്നേറ്റു

4. പ്രഭ കണ്ടിട്ടാരെന്നവളാരായുന്നു?
മറിയാം താൻ ഉന്മുഖിയായ് നിലകൊള്ളുന്നോൾ

5. വെളിവാകാൻ വരുമവനെ കണ്ടാളാദ്യം
അവളോടവനറിയിച്ചു ഇതു ഞാൻ തന്നെ

6. വേഗം ചെന്നറിയിക്കെൻ ശിഷ്യന്മാരെ
ഉത്ഥാനം ചെയ്തേൻ ഞാൻ പതറീടേണ്ടാ

7. വിശ്രുതമാമീപ്പകലിൽ ഗുരുവേറ്റെന്നായ്
ഭാഗ്യമെഴും ശ്ലീഹർക്കായ് നൽദൂതേകിൻ

8. മൃതപുരിയെ പാഴാക്കിയ മൃതനായോൻ തൻ
മണവറയിൽ ദൂതരിതാ വെള്ളങ്കിക്കാർ

www.malankaralibrary.com



9. തോഷമൊടാ പ്രേഷിതരോടോതി സ്ത്രീകൾ
ധീരതയോടു മേവിൻ ഗുരു ജീവൻ നേടി

10. ശീമോനേ, കണ്ടീടുക സത്യോത്ഥാനം
ഏറ്റു പറഞ്ഞിക്ഷിതിയോടു സാക്ഷിച്ചാലും

11. സുതനുയിർ പൂണ്ടീഹൂദാ മൃതനായ് താനേ
കയ്യാപ്പാ തല താഴ്ത്തി ഹന്നാൻ വെമ്പി

12. വാനവരാ വനിതകളോടറിയിക്കുന്നു
മണവാളൻ മൃതപൂരിയീന്നുയിരാർന്നേറി

13. ഓടിപ്പോയോർ നിങ്ങൾ മിഴിനീർ നീക്കിൻ
ഗുരുവുത്ഥിതനായതിനാൽ മൗലി ഉയർത്തിൻ

14. വൻ പ്രഭയാൽ കാവൽക്കാർ വിറയൽ പൂണ്ടു
മാലാഖകളണിചേർന്ന് സത്യം പാടി

15. പുലരിയതിൽ പ്രഭ നിശയെ ബന്ധിച്ചീനാൾ
പ്രഭയുദയം ചെയ്തതിനാലിരുൾ മായുന്നു

16. നിദ്രയ്ക്കായ് ധീരൻ മൃത ലോകം പൂകി
തൃപ്തി വരാഞ്ഞുണർവാർന്നപ്പുരി ധൂളിച്ചാൻ

17. പുലരിയതാം മിശിഹാ നീ സ്തുത്യൻ സ്തുത്യൻ
സ്തോത്രം തേ താതന്നും വിമലാത്മന്നും.

(ആഘോഷമായ വി.കുർബാനയ്ക്കുശേഷം സ്ലീബാ ത്രോണോസിൽ നിന്നെടുത്ത് നമസ്ക്കാര മേശപ്പുറത്തുവച്ച് ധൂപം വയ്ക്കുന്നു. തുടർന്ന് എല്ലാവരും സ്ലീബായും വേദപുസ്തവും മുത്തി സ്തോത്രകാഴ്ച സമർപ്പിക്കുന്നു. അതിനുശേഷം സ്ലീബാ എടുത്ത് ത്രോണോസിന്റെ ഇടത്തുവശത്ത് (വടക്ക്) വച്ചിരിക്കുന്ന മ്നോർത്തോയിൽ സ്ഥാപിക്കുന്നു.)

*****

www.malankaralibrary.com

# നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണം

(പ്രഭാതത്തിന്റെയും ഏഴരയുടെയും പ്രാർത്ഥനകളും വി. കുർബാന യുടെ ഒരുക്കവും നടത്തിയശേഷം കാർമ്മികൻ അംശവസ്ത്രങ്ങൾ ധരിക്കുന്നു. മ്നോർത്തൊയിൽനിന്ന് സ്ലീബാ എടുത്ത് പള്ളിക്കുചുറ്റും ആഘോഷമായ പ്രദക്ഷിണം നടത്തുന്നു. ആ സമയത്ത് സ്ലീബായുടെ എക്ബോകളോ, കോലോകളോ പാടാവുന്നതാണ്. പ്രദക്ഷിണശേഷം പള്ളിയകത്തു കയറി സ്ലീബാ ആഘോഷം നടത്തുന്നു. അതിനു ശേഷം വി.കുർബാന അർപ്പിക്കുന്നു.)

## പ്രദക്ഷിണം

(സ്ലീബായുടെ എക്ബൊ)

സ്ലീബാ വിജയിക്കുന്നനിശം
സ്ലീബാ വൈരികൾമേൽ വിജയം
സ്ലീബായിൽ പുകഴുന്നോർക്കായ്
എന്നും സ്ലീബാ താനഭയം

സ്തൗമെൻ ..... കുറി...

## കോലോകൾ

ജീവൻ നൽകും നൽ-സ്ലീബായെ എല്ലായ്പോഴും
നമിച്ചിടും-ഞങ്ങൾ
ശരണമതായും ര-ക്ഷയതായും നെറ്റിയതിന്മേൽ
വരച്ചീടു-ന്നെന്നും
ര-ക്ഷി-ച്ചീടും
രാപകൽ ഞങ്ങളെ ദുഷ്ടൻ തൻ
സൈന്യങ്ങളിൽ നിന്നും-സ്ലീബാ. ബാറെക്മോർ.

കാർമി: ശുബ്ഹൊ...

ജനം: മെൻഓലം.....

www.malankaralibrary.com



കടലതിനെ തന്നുടെ വടിയാൽ ഭാ-ഗിച്ചു മൂശ
ഇസ്രേല്യരെ വീണ്ടാൻ
മോറാനേശു സ്ലീ-ബായാൽ തുറന്നാൻ പാതാളം
മൃതരെയുയർപ്പിച്ചു
സ്തുത്യ-ൻ മ്ശീഹാ
കബറീന്നും പറുദീസായ്ക്കായ്
ജീവൻ മാർഗ്ഗമതേകി താൻ.

മൊറിയൊ റാഹേം...

## II എക്ബൊ

സർവ്വേശാ നിൻ സ്ലീബായാൽ
മല്ലൻ ശിരസ്സിനെ ധൂ-ളിച്ചു.
തൃപ്തിയെഴാത്തൊരു മരണത്തിൻ
വാഴ്ചയെ നീ മാ-യിച്ചു.
അതിനാൽ ഞങ്ങൾ ഘോഷിപ്പൂ
നിൻ ബലമെന്നും സ്തുത്യം സ-കലേ-ശാ.

സ്തൗമെൻ........

## കോലോകൾ

*(മശ്കൻ-സബ്നായിൽ....)*

സ്ലീബാ-യാൽ യൂദർ
മുന്തിരിയിൽ ചക്കിനെ നാട്ടി
ധന്യഫലത്തെയതിലാട്ടി
രുചി നോ-ക്കിയതില്ല
തിരുസഭ കൈക്കൊണ്ടനുദിനവും
ആശ്വാസം പ്രാപിക്കു-ന്നു
ഹാ-സുതരൊത്തവളതിനെ പാനം
ചെയ്തെന്നേക്കും മോദി-പ്പൂ.

ബാറെക്മോർ. ശുബ്ഹൊ....മെൻഓലം......

www.malankaralibrary.com



കുസ്ത-ന്തീൻ ഗഗനേ
ദർശിച്ചൊരു സ്ലീബായവനെ
പോരിൽ സംരക്ഷിച്ചതുപോൽ
നാഥാ, നിൻ സ്ലീബാ
പള്ളികൾ ദയറാകൾക്കെന്നും
കോട്ടയതായിത്തീരേണം
ഹാ-സ്ലീബാച്ചിറകാൽ മറയ്ക്കിവരെ
ലോകപരിത്രാണകനേശു.

(അല്ലെങ്കിൽ)

## കോലോകൾ

(നിൻ വരവിൽ വലുതാം പുലരിയിൽ നാഥാ....)

സ്ലീബാ ആത്മാക്കൾക്കേകി പരിശുദ്ധി
സ്ലീബാ അടിയാർതൻ കടമെല്ലാം പോക്കി
ദുഷ്ടൻ സൈന്യത്തിൻമേൽ വിജയം നൽകി
അതിനെ വന്ദിപ്പോർ മോദിക്കുന്നീനാൾ
ഹാ-നാഥാ-സ്ലീബായാൽ സംരക്ഷിക്കിവരെ.

ബാറെക്മോർ. ശൂബ്ഹൊ.....മെൻഓലം......

നാഥാ, സ്ലീബായാൽ രക്ഷിതയാം സഭയും
ശ്രേഷ്ഠത കൈക്കൊണ്ടാൾ സ്ലീബാ ഹാശാകളാൽ
നാഥാ സ്ലീബായിൽ ശരണപ്പെടുവോരെ
ദുഷ്ടനിൽനിന്നും നീ കാത്തീടണമെന്നും
ഹാ-സ്ലീബാച്ചിറകാലവരെ സംരക്ഷിക്കേണം.

www.malankaralibrary.com



## III എക്ബൊ

മനുജകുലത്തെ വീഴ്ത്തിയൊരാ
സാത്താനെ നിൻ സ്ലീബായാൽ
മർദ്ദിച്ചവനെ വിജയിച്ചു നീ
അതിനാൽ ഞങ്ങൾ വന്ദിക്കുന്നു
ജീവൻ നല്കും സ്ലീ-ബാ-യെ

സ്തൗമെൻകാലൊസ്....

## കോലോകൾ

ചി-റകിൻ കീഴിൽ മറയ്ക്കിവരെ നാഥാ-ഹാ-
ജീ-വൽ സ്ലീബായുഷസ്സിൽ ചെയ്-തിടുമുദയം
എല്ലാ ഭാഗങ്ങളിൽനിന്നും വിജയം കാട്ടീടും
അ-ജ്ഞാനികളായവരും വി-ശ്വസിച്ചീടും
വാഴ്ത്തപ്പെട്ടവർ സഹദേന്മാർ മുടിചൂടും മോദാൽ
ഏറ്റുപറഞ്ഞിവരും വന്ദിക്കും
നിൻ മൃതിയാൽ ജീവൻ നീ നല്കി
മ്ശീഹാ നിൻ തിരുസ്ലീബായാൽ കൃപ ചെയ്യണമിവർമേൽ

ബാറെക്മോർ. ശുബ്ഹൊ......മെൻഓലം......

കു-സ്തന്തീനോസ് രാജൻ ആ-കാശത്തിൽ
കണ്ടാനത്ഭുതമായവിടെ സ്ലീബായിൻ ചിഹ്നം
ചിന്താകുലനായപ്പോൾ കേട്ടൊരു സ്വരവും
ഈ അടയാളത്താലെ നീ വിജയം നേടീടും
വിഗ്രഹമെല്ലാം തല്ലിയുടച്ചു
സ്ലീബായെ മാത്രം മാനിച്ചു
സ്തുത്യൻ സ്ലീബായാത്മാവിനു കോട്ടയതാക്കിയവൻ.

www.malankaralibrary.com



## സ്ലീബാ ആഘോഷം

(കിഴക്കഭിമുഖമായി)

കാർമി: ശുബ്ഹൊ......

ജനം: ബലഹീനരും ........

### പ്രാർത്ഥന

കാർമി: സ്വമേധയാ കൈവരിച്ച മരണത്താൽ സ്വർഗ്ഗീയരെ ആമോദിപ്പിച്ച സമാധാനവും, യാഗാർപ്പണത്താൽ ഭൗമികരെ രമ്യമാക്കിയ ശാന്തിയും, സ്ലീബായാൽ ജനതകളെ രക്ഷിച്ച കാരുണ്യവും, പുനരുത്ഥാനത്താൽ ഭിന്നിച്ചിരുന്നവരെ ഒരുമയുള്ളവരാക്കിയ സ്നേഹവുമായ കർത്താവേ, നിന്റെ സ്വർഗ്ഗാരോഹണത്തിന്റെ ഈ ദിവസത്തിൽ ലോകത്തിലെ സംഘർഷങ്ങളെ ശമിപ്പിക്കണമേ. നിന്റെ സ്ലീബായാൽ സകലവിധ ഉപദ്രങ്ങളിൽനിന്നും ഞങ്ങളെ കാത്തുകൊള്ളണമേ. നിന്നെയും നിന്റെ പിതാവിനെയും പരിശുദ്ധാത്മാവിനെയും ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും സ്തോത്രം ചെയ്യുവാൻ ഞങ്ങളെ യോഗ്യരാക്കണമേ.

ജനം: ആമ്മീൻ.

### മസ് അക്കോനൂസൊ

കാർമി: കരുണാസമ്പന്നനായ കർത്താവേ, നിന്റെ ഉയിർത്തെഴുന്നേല്പുദിവസത്തിലും സ്വർഗ്ഗാരോഹണത്തിലും നിന്റെ ബഹുമാനത്തിനർഹമായ സ്തുതികൾ ഞാൻ നിനക്കു പാടും. നിന്റെ സ്ലീബായാൽ രക്ഷിതരായ ജാതികൾ നിന്റെ പെരുന്നാളിൽ നിന്നെ സ്തോത്രം ചെയ്യും. അതിനാൽ ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു.

ജനം: കുറി.... കുറി..... കുറി......

www.malankaralibrary.com



(പടിഞ്ഞാറഭിമുഖമായി)

## പ്രാർത്ഥന

കാർമി: ഞങ്ങളുടെ മിശിഹാതമ്പുരാനേ, നിന്റെ പുനരുത്ഥാനത്തിൽ ഞങ്ങൾ സന്തോഷിക്കുന്നു. നിന്റെ സ്വർഗ്ഗാരോഹണത്തിൽ ഞങ്ങൾ ആഹ്ലാദിക്കുന്നു. നിന്റെ രമ്യതയും സമാധാനവും ഞങ്ങളിൽ വാഴണമേ. നിന്റെ സ്നേഹവും കരുണയും ഞങ്ങളിൽ വസിപ്പിക്കണമേ. നിന്റെ കുരിശിനെ വന്ദിക്കുവാനും നിന്റെ ഉയിർപ്പിനെ ഏറ്റുപറയുവാനും സ്വർഗ്ഗാരോഹണത്തിൽ ആനന്ദിക്കുവാനും ഞങ്ങൾക്കു കൃപ നൽകണമേ. ഞങ്ങളെയും ഞങ്ങളുടെ പരേതരെയും നിന്റെ രാജ്യത്തിൽ നീ ആനന്ദിപ്പിക്കണമേ. ഞങ്ങളുടെ കർത്താവും ദൈവവുമേ, നിന്റെ കർത്തൃത്വത്തെ ഞങ്ങൾ ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും സ്തുതിക്കുമാറാകണമേ. ആമ്മീൻ.

## മസ് അക്കോനൂസൊ

കാർമി: ദുഷ്ടജനങ്ങൾ ക്രൂശിച്ചവൻ മഹത്ത്വത്തോടെ കബറിൽനിന്നും ഉയിർത്തെന്നുള്ള വാർത്ത എല്ലാവരും അറിഞ്ഞു. അജ്ഞാനികൾ അതു നിഷേധിക്കുന്നു. അവൻ അത്യാഘോഷത്തോടെ ഇന്നിതാ സ്വർഗ്ഗത്തിലേക്കു കയറി. അതിനാൽ ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു.

ജനം: കുറി..... കുറി...... കുറി.....

(വടക്കഭിമുഖമായി)

## പ്രാർത്ഥന

കാർമി: ദൈവമായ കർത്താവേ, നിന്റെ സ്ലീബായുടെ പാർശ്വങ്ങളിൽ ഞങ്ങളെ മറയ്ക്കണമെ. നിന്റെ പുനരുത്ഥാനത്തിൽ നിന്നോടു സദൃശ്യരാകുവാനും, നിന്റെ ഉയിർപ്പിലും സ്വർഗ്ഗാരോഹണത്തിലും വിശ്വസിക്കുവാനും നിന്റെ സുവിശേഷകല്പനകൾ ആചരിക്കുവാനും തിരുവിഷ്ടം പ്രവർത്തിക്കുവാനും ഞങ്ങളെ യോഗ്യരാക്കണമേ. നിന്റെ കല്പനകൾ അനുഷ്ഠിക്കുവാനും

www.malankaralibrary.com



നിന്നെ സ്നേഹിച്ചവരായ നീതിമാന്മാരുടെയും പുണ്യവാന്മാരുടെയും പ്രാർത്ഥനകളിൽ അഭയം തേടി സഹായം പ്രാപിക്കുവാനും ഞങ്ങളെ അനുഗ്രഹിക്കണമേ. അവരുടെ അപേക്ഷകളാൽ ഞങ്ങൾക്കും ഞങ്ങളുടെ പരേതർക്കും നീ പാപപരിഹാരം നൽകണമേ. ഞങ്ങൾ നിന്നെയും നിന്റെ പിതാവിനെയും പരിശുദ്ധാത്മാവിനെയും ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും സ്തോത്രം ചെയ്യുവാൻ ഇടയാകണമേ. ആമ്മീൻ.

## മസ് അക്കോനൂസൊ

കാർമി: കർത്താവേ, നിന്റെ ജനത്തോട് കരുണ തോന്നണമെ. നിന്റെ അനന്തരാവകാശത്തിൽനിന്നും തിരുമുഖം തിരിക്കരുതേ. നിന്റെ സ്ലീബായുടെ മഹത്ത്വമേറിയ അടയാളത്താൽ ക്രിസ്തീയജനത്തിന് പ്രാബല്യം നല്കണമേ. അതിനാൽ ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു.

ജനം: കുറി.... കുറി.... കുറി....

(തെക്കഭിമുഖമായി)

## പ്രാർത്ഥന

കാർമി: ദൈവമായ കർത്താവേ, നിന്റെ സ്വർഗ്ഗാരോഹണത്തിന്റെ ഈ ദിവസത്തെ സ്വർഗ്ഗീയ സൈന്യങ്ങളോടുകൂടെ ആഘോഷിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. ആനന്ദത്തോടുകൂടി നിന്റെ പെരുന്നാൾ ആചരിച്ച് നിന്നിൽനിന്ന് നന്മകളും അനുഗ്രഹങ്ങളും പ്രാപിക്കുവാൻ ഞങ്ങൾക്കു ശക്തി നൽകണമേ. നിന്റെ വിശുദ്ധ സ്ലീബായാലും പുണ്യവാന്മാരിൽ വസിക്കുന്ന നിന്റെ ശക്തിയാലും കോപത്തിന്റെ ദണ്ഡനങ്ങളും സകലശിക്ഷകളും ഞങ്ങളിൽനിന്ന് നീക്കിക്കളയണമേ. ഞങ്ങൾ നിന്നെയും നിന്റെ പിതാവിനെയും പരിശുദ്ധാത്മാവിനെയും ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും സ്തോത്രം ചെയ്ത് മഹത്ത്വപ്പെടുത്തുവാൻ സംഗതിയാക്കണമേ.

ജനം: ആമ്മീൻ.

www.malankaralibrary.com



## മസ് അക്കോനൂസൊ

രോഗികൾക്കും പീഡിതർക്കുംവേണ്ടിയും, എളിയവർക്കും ദരിദ്രർക്കുംവേണ്ടിയും, അനാഥർക്കും വിധവകൾക്കുംവേണ്ടിയും വിശിഷ്യാ, കർത്താവു തന്റെ ജനത്തിലും സഭയിലും ഇടവകയിലും അവന്റെ മഹത്ത്വമേറിയ ശാന്തിയും സമാധാനവും വസിപ്പിക്കുന്നതിനുവേണ്ടിയും ഞങ്ങൾ അപേക്ഷിക്കുന്നു.

കുറി....... കുറി.......... കുറി...........

## ഹൗദ് മാലാഖേ.... പുറം 82

(നാലാം പാദത്തിനു മറുപടിയായി 'ഞങ്ങൾക്കുവേണ്ടി, സ്വർഗ്ഗാരോഹണം ചെയ്തവനേ ഞങ്ങളോടു കരുണചെയ്യണമേ' എന്നു ചൊല്ലണം. സ്ലീബാ ആഘോഷത്തിനുശേഷം കാർമ്മികൻ സ്ലീബാ കൊണ്ട് ജനത്തെ ആശീർവദിക്കുന്നു. അനന്തരം സ്ലീബാ ത്രോണോസിന്മേൽ വയ്ക്കുന്നു. അതിനുശേഷം ആഘോഷമായി വി. കുർബാന ചൊല്ലുന്നു. വി. കുർബാനയുടെ ശേഷം സ്ലീബായെടുത്ത് ഹൈക്കലായിൽ മേശമേൽ വയ്ക്കുകയും ജനങ്ങൾ വന്ന് അതുമുത്തി സ്തോത്രകാഴ്ചയിട്ട് പിരിഞ്ഞുപോകയും ചെയ്യുന്നു)

*****

www.malankaralibrary.com

# പെന്തിക്കൊസ്തി

(മുട്ടുകുത്തൽ ശുശ്രൂഷ)

(വി.കുർബാനയിലെ 'നിന്നാൾ സ്തുതിയൊടു'ഇത്യാദി കുക്കിലിയോനുകൾ അവസാനിക്കുമ്പോൾ പെന്തിക്കൊസ്തിയുടെ ശുശ്രൂഷ ആരംഭിക്കുന്നു. ത്രോണോസിന്റെ താഴെ ദർഗ്ഗാമേൽ പാത്രത്തിൽ വെള്ളവും തളിക്കാനുള്ള 'സോപ്പാ'യും വയ്ക്കണം. ഓരോ ശുശ്രൂഷയ്ക്കും വെള്ളം മാറി ഉപയോഗിക്കണം.)

## ഒന്നാം ശുശ്രൂഷ

(പിതാവിനോട്)

### പ്രാരംഭപ്രാർത്ഥന

കാർമി: ശുബ്ഹൊ....

ജനം: ബലഹീനരും....

കാർമി: മനുഷ്യസ്നേഹിയായ കർത്താവേ, ആശ്വാസപ്രദനായ പരിശുദ്ധാത്മാവെന്ന പുതുവീഞ്ഞ് കുടിച്ച് ഞങ്ങളുടെ ആത്മാക്കൾ തൃപ്തിയടയുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമേ, അതിനാൽ ഞങ്ങൾ പരിശുദ്ധരായിത്തീരണമേ. നിർമ്മലവും വിശുദ്ധവുമായ നാവുകളാൽ വന്ദ്യവും പരിശുദ്ധവുമായ നിന്റെ നാമത്തിന് ഞങ്ങൾ ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും സ്തുതി പാടുവാൻ ഇടയാകണമേ.

ജനം: ആമ്മീൻ

**സങ്കീർത്തനം 51.** പുറം 2

www.malankaralibrary.com



## എനിയോനൊ

*(എമൊദു കീസൊ.....)*

ഇദ്ദിവസം-സുസ്ഥിരമാം വാഗ്ദാ-നം
ശ്ലീഹന്മാ-ർക്കായ് കല്പിച്ചരുൾ ചെ-യ്തോൻ
ദേവാ ദയ ചെയ്തീടണമേ.

ഇദ്ദിവസം ധന്യരതാം ശ്ലീഹർമേൽ
റുഹ്ക്കുദിശായെ പ്രേക്ഷിപ്പിച്ചോനാം ദേവാ....

വിമലാത്മാ ശ്ലീഹന്മാരിലിറങ്ങി
അവരിൽ ശ്രേഷ്ഠ ദാനങ്ങൾ തൂകി ദേവാ......

നാഥാ, നിൻ ശുദ്ധാത്മാവിനെ നൽകി
ഞങ്ങൾ തന്നുൾ-ക്കണ്ണു തെളിക്കേണം ദേവാ.....

രക്ഷകനേ, നിൻ ജീവദ റൂഹായാൽ
ഞങ്ങൾക്കെല്ലാം ശുദ്ധതയേകേണം ദേവാ.......

നിർമ്മലരാം നിന്നുടെ ശിഷ്യന്മാർക്കായ്
തീനാവുകളെ ഭാഗം ചെയ്തേകിയ ദേവാ....

സംവൃതരാം ശ്ലീഹന്മാർക്കായ് നാഥൻ
റുഹ്ക്കുദിശായെ നൽകി തീനാവുപോൽ ദേവാ....

സുവിശേഷം ഘോഷിപ്പാൻ റൂഹായാൽ
ശ്ലീഹന്മാരെ വിജ്ഞാനികളാക്കിയ ദേവാ......

ബാറെക്മോർ. ശുബ്ഹൊ..... മെൻഓലം.......

ശ്ലീഹരിലിന്നാവാസം ചെയ്തോനാം
പരിശുദ്ധാത്മനെ വന്ദിച്ചീടാം നാം ദേവാ.....

www.malankaralibrary.com



## പ്രാർത്ഥന

കർത്താവേ, പാപനിദ്രയിലാണ്ടു കിടക്കുന്ന ഞങ്ങളുടെ ഹൃദയങ്ങളെ ഉണർത്തണമേ. നിന്റെ പരിശുദ്ധാത്മാവിന്റെ ആന്തരിക കിരണങ്ങളാൽ ഞങ്ങളുടെ ബോധത്തെ പ്രകാശിപ്പിക്കണമേ. നിന്റെ ദിവ്യദാനങ്ങളാൽ ഞങ്ങളുടെ ആത്മാക്കളെ ശുദ്ധീകരിക്കണമേ. സാരാംശത്തിൽ ഒന്നായിരിക്കുന്ന മൂന്നു ദൈവിക ആളുകളുടെ നേർക്കുള്ള സത്യവും നാഥോചിതവുമായ ആരാധന വിവേചിച്ചറിയുവാൻ ഞങ്ങൾക്കു ജ്ഞാനം നൽകണമേ. ഹോശൊ.... ആമ്മീൻ.

## കോനൂനൊ യൗനോയൊ

കുതിരപ്പടയുടെമേൽ വിജയം നേടുകയും അതിനെ സമുദ്രത്തിൽ മുക്കിക്കളയുകയും ചെയ്ത പ്രബലനായ കർത്താവിനെ നമുക്കു സ്തുതിക്കാം.

മൂടൽമഞ്ഞിനാൽ മറഞ്ഞിരുന്ന ദൈവലിഖിതപ്രമാണം വിക്കനായ മോശ വാചാലതയോടെ പ്രഖ്യാപിച്ചു. ജഡിക ചിന്തകൾ മനസ്സിൽ നിന്നകന്നപ്പോൾ അവൻ വിശുദ്ധ ജ്ഞാനത്തിൽ സമ്പന്നനാകുകയും ദിവ്യസ്തോത്രം ആലപിക്കുകയും ചെയ്തു.

യഹോവയായ കർത്താവ് പ്രബലനും മഹത്ത്വവുമുള്ളവനുമാകുന്നു. അവൻ നമുക്കു രക്ഷകനായിത്തീരുന്നു.

പരിശുദ്ധനും മഹിതനും ശാന്തഗംഭീരനുമായവൻ അരുളിച്ചെയ്തിരിക്കുന്നു; എന്റെ സ്നേഹിതരെയും പ്രിയപ്പെട്ടവരെയും വഞ്ചിച്ചു ഭിന്നിപ്പിക്കുന്നവൻ നിങ്ങളിൽ ഉണ്ടാകയില്ല. ഞാൻ പിതാവിന്റെ മഹത്വസിംഹാസനത്തിൽ അവനോടൊപ്പം ഇരിക്കുന്നു. പരിശുദ്ധാത്മാവിനാൽ പ്രശോഭിതരാകുവാൻ ആഗ്രഹിക്കുന്നവരിൽ അവന്റെ ദാനം ഞാൻ ചൊരിയും. ബാറെക്മോർ.

ശുബ്ഹൊ.... മെൻഓലം .......

www.malankaralibrary.com



സത്യവചനമായ മിശിഹാ പർവ്വതശിഖരത്തിൽ കയറി തന്റെ വാഗ്ദാനം നിവർത്തിച്ചുകൊണ്ട് വിസ്മയനീയമായ സ്വദർശന ത്താൽ അവരുടെ ഹൃദയം നിറച്ചു. ശക്തമായ കാറ്റുകൊണ്ട് തന്റെ സ്നേഹിതരെ അവൻ സന്തോഷിപ്പിക്കയും വാഗ്ദാന പ്രകാരം തീനാവുകളുടെ സാദൃശ്യത്തിൽ പരിശുദ്ധാത്മാവിനെ അവർക്കു ഭാഗിച്ചു കൊടുക്കുകയും ചെയ്തു.

ശുശ്രൂ: സ്തൗമെൻ....

ജനം: കുറിയേലായിസോൻ

## പ്രുമിയോൻ

കാർമി: നാമെല്ലാവരും പ്രാർത്ഥിച്ച്...

ജനം: കാരുണ്യവാനായ...

കാർമി: സ്തുതിയും സ്തോത്രവും...

അപ്രമേയനും സകല മാനുഷികചിന്തകൾക്കും ബോധ ങ്ങൾക്കും അതീതനും അദൃശ്യനുമായവനു സ്തുതി. അവൻ സ്വയംഭൂവും, സ്വയം അറിയുന്നവനും, സ്വയം പര്യാപ്തനുമാ കുന്നു. ദൃശ്യവും അദൃശ്യവുമായ സകലത്തിന്റെയും സ്രഷ്ടാവും നിയന്താവും അവൻ തന്നെ. ആരംഭവും അവസാനവും ഇല്ലാതെ അവൻ നിലനില്ക്കുന്നു. സനാതനനും അഗോചരനുമായ സത്യൈക ദൈവമാകുന്നു അവൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും സ്വഭാവം ഏകമാകുന്നു. ആധിപത്യം ഏകമാകുന്നു; ഇഷ്ടവും ഏകമാകുന്നു. *ക്നൂമാ കൂടാതെ അവന് നാമമില്ല. ഒരു ക്നൂമാ മറ്റൊരു ക്നൂമായേക്കാൾ ചെറുതോ പ്രായം കൂടിയതോ അല്ല. വലിപ്പത്തിലോ ചെറുപ്പ ത്തിലോ ക്നൂമാകൾക്ക് അന്തരമോ വ്യത്യാസമോ ഇല്ല. യാതൊരു ക്നൂമായും നാമവും അവന്റെ നിത്യതയിൽനിന്ന് ചെറുതോ അന്യമോ അല്ല. പിതാവെന്നു പറഞ്ഞാൽ, പുത്രനും പരിശുദ്ധാത്മാവും അവനിൽനിന്നുള്ളവരാകുന്നു. പുത്രനെന്നു

*ആളത്വം

www.malankaralibrary.com



പറഞ്ഞാൽ, പിതാവും പരിശുദ്ധാത്മാവും അവൻ മുഖാന്തരം അറിയപ്പെടുന്നു. പരിശുദ്ധാത്മാവെന്നു പറഞ്ഞാൽ, പിതാവും പുത്രനും അവനിൽ സമ്പൂർണ്ണമായി സ്ഥിതിചെയ്യുന്നു. പിതാവു ജനകനാകുന്നു; എന്നാൽ ജനിച്ചവനല്ല. പുത്രൻ ജനിച്ചവനാകുന്നു; ജനകനല്ല. പിതാവിൽനിന്നു പുറപ്പെടുന്നവനും പുത്രനിൽനിന്നു സ്വീകരിക്കുന്നവനുമായ പരിശുദ്ധാത്മാവ് പിതാവിന്റെ സാരംശവും ആസ്തിക്യവും ഉള്ളവനാകുന്നു. അവന് ഈ സമയത്തും എല്ലാ പെരുന്നാളുകളിലും ഞങ്ങളുടെ ആയുഷ്ക്കാലം മുഴുവനും സ്തുതിയും ബഹുമാനവും ആരാധനയും യോഗ്യമാകുന്നു. ബ്കുലഹൂൻ...

ജനം: ആമ്മീൻ.

### സെദറാ

അദൃശ്യനും അഗ്രാഹ്യനും അനാദ്യന്തനും അപരിമേയനുമായ ദൈവമേ, നീ ഏക സാരാംശമായി അറിയപ്പെടുന്നു. മൂന്നു പരിശുദ്ധ ക്നൂമാകളായി വിവേചിക്കപ്പെടുകയും ചെയ്യുന്നു. വിശേഷബുദ്ധിയുള്ള എല്ലാ സൃഷ്ടികളും മൂന്നു പ്രത്യേക ലക്ഷണങ്ങളുള്ളവനായി നിന്നെ ഗ്രഹിക്കുന്നു. ആരാധ്യരായ മൂന്നാളുകളാൽ തികഞ്ഞ ത്രിത്വവും, ശ്രേഷ്ഠമായ ഏക സാരാംശവും, അനാദ്യന്തമായ ഏക സ്വഭാവവും നീയാകുന്നു. പിതാവായ ദൈവമേ, നിന്റെ സ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ടവനും, സ്വന്ത ഇഷ്ടത്താൽ പിശാചുക്കളുടെ സേവയിലേക്കു വഴുതിവീണവനുമായ മനുഷ്യനെ പുനരുദ്ധരിക്കുന്നതിന് നിനക്കു തിരുവിഷ്ടമുണ്ടായതിനാൽ ഞങ്ങൾക്കു മാർഗ്ഗദർശനം നൽകുവാൻ നിന്റെ വചനമായ പുത്രനെ നീ കല്പിച്ചയച്ചു. അവൻ സാരാംശത്തിൽ ഭേദംവരാതെ മനുഷ്യനായിത്തീർന്ന് ദൈവത്വത്തിന്റെ അഗ്രാഹ്യാവസ്ഥയെ തെളിവായി അറിയിക്കുകയും ഞങ്ങൾക്കു വ്യാഖ്യാനിച്ചുതരികയും ചെയ്തു. നിന്നെക്കുറിച്ചും അവൻ നിന്നിൽനിന്നുള്ളവനാകുന്നു എന്നതിനെക്കുറിച്ചും ഞങ്ങൾ ഗ്രഹിക്കത്തക്കവണ്ണം നിന്റെ ജ്ഞാനത്തിന്റെ അഗ്രാഹ്യ

www.malankaralibrary.com



രഹസ്യങ്ങൾ അവൻ ഞങ്ങളെ അറിയിച്ചു. ദൈവത്തിലെ മൂന്നാമത്തെ പ്രകാശത്തെക്കുറിച്ചും അവൻ ഞങ്ങളെ പഠിപ്പിച്ചു. അത് പരിശുദ്ധാത്മാവെന്ന ആളാകുന്നു. അവൻ നിന്നിൽനിന്ന് അവർണ്ണ്യമാംവിധം പുറപ്പെടുന്നു. അവൻ സത്യത്തിന്റെ ആത്മാവാകുന്നു; ആശ്വസിപ്പിക്കുന്നവനാകുന്നു. അവൻ രാജകീയ റൂഹായും നല്ലവനുമാകുന്നു. അവൻ ജ്ഞാനത്തിന്റെയും പ്രാഗല്ഭ്യത്തിന്റെയും ആത്മാവാകുന്നു. അവൻ പ്രവർത്തിക്കുവാനും പൂർണ്ണമാക്കുവാനും ശക്തി നൽകുന്ന അറിവിന്റെ ആത്മാവാകുന്നു. അവൻ അവിഭാജ്യനും എണ്ണപ്പെടുവാൻ സാധിക്കാത്തവനുമാകുന്നു. പരിശുദ്ധ റൂഹാ മനുഷ്യരെ സ്നേഹിക്കുന്നവനും, ദീർഘദർശികളെ ഒരുക്കുന്നവനും, ശ്ലീഹന്മാർക്കു ജ്ഞാനം നൽകുന്നവനും, രക്തസാക്ഷികൾക്കു ബലം കൊടുക്കുന്നവനും, ഉപദേഷ്ടാക്കളെ നയിക്കുന്നവനുമാകുന്നു. അവൻ നല്ല കാര്യങ്ങൾ ചെയ്യുന്നവനും ശക്തനും സകലവും കഴിയുന്നവനും സ്വഭാവത്തിൽ കലർപ്പില്ലാത്തവനും വ്യാപാരത്തിൽ വിവിധത്വമുള്ളവനുമാകുന്നു. അവൻ ദിവ്യദാനങ്ങളുടെ ഉറവയും സാരംശത്തിൽ നിനക്കും നിന്റെ ഏകജാതനും തുല്യനുമാകുന്നു. ന്യായപ്രമാണവും ദീർഘദർശികളും ശ്ലീഹന്മാരും മുഖാന്തരം സംസാരിച്ചവൻ അവനത്രെ. അവൻ സകലത്തിനും സമീപസ്ഥനും സകലവും പൂർത്തിയാക്കുന്നവനുമാകുന്നു; തനിക്കിഷ്ടം തോന്നുന്നവരിൽ ദാസനെപ്പോലെയല്ല അധികാരിയെപ്പോലെ വിശുദ്ധകാര്യങ്ങൾ പ്രവർത്തിക്കുന്നു. വിശുദ്ധ ശ്ലീഹന്മാരിൽ അവൻ ആവസിച്ച പെന്തിക്കൊസ്തിയുടെ ഈ ശ്രേഷ്ഠനാളിൽ അവൻ മുഖാന്തരം ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു.

നിന്റെ ദാസരും ആരാധകരുമായ ഞങ്ങളിലും അവൻ ആവസിക്കുമാറാകണമേ. അവന്റെ വിശുദ്ധ ദാനങ്ങളാൽ ഞങ്ങളെ നിറയ്ക്കണമേ. പാപത്തിന്റെ സകല ദുർബലതയും ഞങ്ങളിൽനിന്ന് സമൂലം നീക്കിക്കളയണമേ. ഞങ്ങളെ നിന്റെ വിശുദ്ധ

www.malankaralibrary.com



മന്ദിരങ്ങളും തിരുനിവാസത്തിനു യോജിച്ച നിർമ്മല ഭവനങ്ങളും ആക്കണമേ. ശത്രുക്കളുടെ ആക്രമണങ്ങൾക്ക് ഞങ്ങൾ കീഴ്പ്പെടരുതേ. വിശുദ്ധ സഭയുടെ സന്താനങ്ങളും വിശ്വാസികളുമായ സകല മരിച്ചുപോയവർക്കും സൽസ്മരണയും സന്തോഷകരമായ ആശ്വാസവും നൽകണമേ. എന്തെന്നാൽ സർവ്വാധിപതിയും പിതാവുമായ ദൈവമെ, സകലത്തെയും ജീവിപ്പിക്കുന്ന നിന്റെ ഏകപുത്രനും, പരമഭാഗ്യവാനും വന്ദ്യനും ജീവൻ നല്കുന്നവനും സാരാംശത്തിൽ നിനക്കു സമനുമായ നിന്റെ പരിശുദ്ധാത്മാവും സദാ ഞങ്ങളെ ഭരിച്ചുകൊണ്ടിരിക്കുന്നു. ഞങ്ങൾ നിനക്ക് ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കും.

ജനം: ആമ്മീൻ.

## കൊലൊ

(അഗ്ന്യാത്മീയൻമാരീറേരും.........)

റൂഹ്ക്കുദിശായവരോഹം ചെയ്തീ-
പരിപാവനമാകും നാളിൽ
നരരൊടു സ-മ്മേളിച്ചാനവരെ
സ്വർഗ്ഗസുതന്മാരാക്കീടാൻ
　　അന്യരൊടും സ്വജനത്തോടും
　　ത്രിത്വത്തെയുൽഘോഷിക്കാൻ
　　ശ്ലീഹരിൽ ഭാഷാ ദാനമേകി
ആ-ശ്വാ-സപ്രദനെ നൽകി
തിരുമൊഴി പാലിച്ചോൻ ധന്യൻ.

തീനാവിൻ സദൃശേ റൂഹ്ക്കുദിശാ
ശ്ലീഹർക്കായ് നല്കപ്പെട്ടു
അവരോ പോയ് സൃഷ്ടിയിൽ ഘോഷിച്ചു
ത്രിത്വത്തിൻ തിരുനാമത്തെ

www.malankaralibrary.com



ഇരുപെരുനാളുകളിൽ ശ്ലീഹരിൽ
ദാനം വിഭജിച്ചോൻ സ്തുത്യൻ
ഒന്നിൽ തൻമെയ് രക്തങ്ങൾ,
മ-റ്റേ-തിൽ റൂഹാ-ശക്തി
തൻ ദാനങ്ങൾക്കായ് സ്തോത്രം. ബാറെക്മോർ.

കാർമി: ശുബ്ഹൊ....

മേലിൽ നി-ന്നാശ്വാസപ്രദനെ
ശ്ലീഹന്മാർ പ്രാപിച്ചപ്പോൾ
നൂതനഭാ-ഷകൾ സംസാരിച്ചാർ
അദൃശ്യബലം സംപ്രാപിച്ചു
ആശ്വാസകരം ദൗത്യത്തെ
അവർപോയ് സൃഷ്ടിയിൽ ഘോഷിച്ചു
പല ജാതികളെ ശിഷ്യരാക്കി
താ-ത-സുത-വിമലാത്മാവിൻ
നാമത്തിൽ സ്നാനം നൽകി.

മെൻഓലം.....

മെസറേനിൽ ചെന്നിസറായേല്യരെ
വിടുവിക്കെന്നേവം സീനായ്
മലമേൽമുൾ-ത്തരുവിൽ മോശയോടായ്
സംസാരിച്ചോനാം ദൈവം
നൃപരുടെ കോട്ടയതാകട്ടെ
തിരുസഭതൻ സംരക്ഷകനും
ത്രിത്വരഹസ്യമതായീടും
താ-ത സുത റൂഹ്ക്കുദിശായ്ക്കും
അവരേകീടട്ടെ സ്തോത്രം,

മൊറിയോ റാഹേം...

www.malankaralibrary.com



## എത്രൊ

പരിശുദ്ധനും സകലവും ശുദ്ധീകരിക്കുന്നവനും അഗ്നിനാവുകളുടെ രൂപത്തിൽ പരിശുദ്ധാത്മാവിന്റെ ആവാസംകൊണ്ട് വിശുദ്ധ ശ്ലീഹന്മാരെ ശുദ്ധീകരിച്ചവനുമേ, തിരുസന്നിധിയിൽ ഞങ്ങളർപ്പിക്കുന്ന ഈ ധൂപത്തെ നിന്റെ പരിശുദ്ധ റൂഹാ മുഖാന്തരം ശുദ്ധീകരിക്കണമേ. ഇതിനാൽ ഞങ്ങൾക്കു കടങ്ങളുടെ പരിഹാരവും പാപങ്ങളുടെ മോചനവും നൽകണമേ. അധർമ്മത്തിൽനിന്ന് ഞങ്ങളുടെ ഹൃദയങ്ങളെ വെടിപ്പാക്കണമേ. നിന്റെ കരുണയാൽ ഞങ്ങളെ എല്ലായ്പ്പോഴും സന്ദർശിക്കണമേ. ഞങ്ങൾ നിന്നെയും നിന്റെ ഏകജാതനെയും പരിശുദ്ധാത്മാവിനെയും ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും വന്ദിച്ചു സ്തോത്രം ചെയ്യുമാറാകണമേ. ആമ്മീൻ.

## സൂമോറൊ

ശുദ്ധിചെയ്ത പൊന്നുകൊണ്ടുണ്ടാക്കപ്പെട്ട നീർച്ചാലുകൾക്കു തുല്യം അവരുടെ വായ്കളിൽനിന്ന് ശ്രോതാക്കളുടെ കാതുകളിലേക്ക് ജീവൻ പ്രവഹിപ്പിക്കുന്ന ദീർഘദർശിമാരെ ശ്രവിപ്പിൻ. പരിശുദ്ധമായ സുവിശേഷസന്ദേശം ശ്രവിക്കുന്ന എല്ലാവർക്കുംവേണ്ടി തയ്യാറാക്കിയിരിക്കുന്ന പ്രകാശവും ജീവനും സ്വർഗ്ഗരാജ്യവും ലോകത്തിൽ കാഹളധ്വനിപോലെ മുഴക്കിക്കൊണ്ടിരിക്കുന്ന ശ്ലീഹന്മാരെ ശ്രദ്ധിപ്പിൻ.

## വേദവായന

ഉൽപ 11:1-9; ന്യായാ 13:24, 14:5-7
അ.പ്ര 19:1-6; 1 കോരി 14:20-25.

## പെസ്ഗോമൊ

ഹാ-ഉ-ഹാ ആശ്വാസപദനാം നിൻ റൂഹാ
എന്നെ നയിക്കട്ടെ നിൻ ജീവപഥത്തിൽ. ഹാലേ......

www.malankaralibrary.com



## ഏവൻഗേലിയോൻ

(യോഹ 14:1-17)

നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ട, ദൈവത്തിൽ വിശ്വസിക്കുവിൻ, എന്നിലും വിശ്വസിക്കുവിൻ. എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങളുണ്ട്. ഇല്ലായിരുന്നെങ്കിൽ നിങ്ങൾക്ക് സ്ഥലമൊരുക്കാൻ പോകുന്നുവെന്നു ഞാൻ നിങ്ങളോടു പറയുമായിരുന്നോ? ഞാൻ പോയി നിങ്ങൾക്ക് സ്ഥലം ഒരുക്കിക്കഴിയുമ്പോൾ ഞാൻ ആയിരിക്കുന്നിടത്ത് നിങ്ങളും ആയിരിക്കേണ്ടതിനു ഞാൻ വീണ്ടും വന്ന് നിങ്ങളെയും കൂട്ടിക്കൊണ്ടുപോകും. ഞാൻ പോകുന്നിടത്തേക്കുള്ള വഴി നിങ്ങൾക്കറിയാം. തോമസ് പറഞ്ഞു: കർത്താവേ, നീ എവിടേക്കു പോകുന്നുവെന്നു ഞങ്ങൾക്കറിഞ്ഞുകൂടാ. പിന്നെ വഴി ഞങ്ങൾ എങ്ങനെ അറിയും? യേശു പറഞ്ഞു: വഴിയും സത്യവും ജീവനും ഞാനാണ്. എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ അടുക്കലേക്കു വരുന്നില്ല. നിങ്ങൾ എന്നെ അറിഞ്ഞിരുന്നുവെങ്കിൽ എന്റെ പിതാവിനെയും അറിയുമായിരുന്നു. ഇപ്പോൾ മുതൽ നിങ്ങൾ അവനെ അറിയുന്നു. നിങ്ങൾ അവനെ കാണുകയും ചെയ്തിരിക്കുന്നു. പീലിപ്പോസ് പറഞ്ഞു: കർത്താവേ, പിതാവിനെ ഞങ്ങൾക്കു കാണിച്ചു തരുക, ഞങ്ങൾക്ക് അതു മതി. യേശു പറഞ്ഞു: ഇക്കാലമത്രയും ഞാൻ നിങ്ങളോടു കൂടെയായിരുന്നിട്ടും പീലിപ്പോസേ, നീ എന്നെ അറിയുന്നില്ലേ? എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു. പിന്നെ പിതാവിനെ ഞങ്ങൾക്കു കാണിച്ചു തരുക എന്നു നീ പറയുന്നതെങ്ങനെ? ഞാൻ പിതാവിലും പിതാവ് എന്നിലും ആണെന്ന് നീ വിശ്വസിക്കുന്നില്ലേ? ഞാൻ നിങ്ങളോട് പറയുന്ന വാക്കുകൾ സ്വമേധയാ പറയുന്നതല്ല. പ്രത്യുത, എന്നിൽ വസിക്കുന്ന പിതാവ് തന്റെ പ്രവൃത്തികൾ ചെയ്യുകയാണ്. ഞാൻ പിതാവിലും പിതാവ് എന്നിലും ആണെന്നു ഞാൻ പറയുന്നത് വിശ്വസിക്കുവിൻ. അല്ലെങ്കിൽ പ്രവൃത്തികൾമൂലം വിശ്വസിക്കുവിൻ. സത്യം

www.malankaralibrary.com



സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. എന്നിൽ വിശ്വസിക്കുന്നവനും ഞാൻ ചെയ്യുന്ന പ്രവൃത്തികൾ ചെയ്യും. ഞാൻ പിതാവിന്റെ അടുത്തേക്കു പോകുന്നതുകൊണ്ട് ഇവയേക്കാൾ വലിയവയും അവൻ ചെയ്യും. നിങ്ങൾ എന്റെ നാമത്തിൽ ആവശ്യപ്പെടുന്നതെന്തും, പിതാവ് പുത്രനിൽ മഹത്ത്വപ്പെടാൻവേണ്ടി ഞാൻ പ്രവൃത്തിക്കും. എന്റെ നാമത്തിൽ നിങ്ങൾ എന്നോട് എന്തെങ്കിലും ചോദിച്ചാൽ ഞാനതു ചെയ്തുതരും.

നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ എന്റെ കല്പന പാലിക്കും. ഞാൻ പിതാവിനോടു അപേക്ഷിക്കുകയും, എന്നേക്കും നിങ്ങളോടുകൂടിയായിരിക്കാൻ മറ്റൊരു സഹായകനെ അവിടുന്ന് നിങ്ങൾക്കു തരുകയും ചെയ്യും. ഈ സത്യാത്മാവിനെ സ്വീകരിക്കാൻ ലോകത്തിനു സാധിക്കുകയില്ല. കാരണം, അത് അവനെ കാണുകയോ അറിയുകയോ ചെയ്യുന്നില്ല. എന്നാൽ നിങ്ങൾ അവനെ അറിയുന്നു. കാരണം അവൻ നിങ്ങളോടൊത്ത് വസിക്കുന്നു. നിങ്ങളിൽ ആയിരിക്കുകയും ചെയ്യും.

## ലൂത്തിനിയ

(രണ്ടു ശുശ്രൂഷകർ പടിഞ്ഞാറോട്ടു തിരിഞ്ഞുനിന്ന്)

ശുശ്രൂ: നാമെല്ലാവരും ഭംഗിയായും താല്പര്യപൂർവ്വവും നിന്ന് ദൈവത്തിനു പ്രീതികരമായ ശബ്ദത്തിൽ 'കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമെ' എന്നർത്ഥമുള്ള കുറിയേലായിസ്സോൻ എന്നു ഏറ്റു പറയണം.

ജനം: കുറി.......

ശുശ്രൂ: ആത്മീയ നടപടികളാൽ നിത്യമായ പ്രകാശത്തിലും ജീവനിലും ആനന്ദിക്കുവാൻ തക്കവണ്ണം പെന്തിക്കൊസ്തിയുടെയും ഞായറാഴ്ചകളുടെയും വിശുദ്ധ ദിവസങ്ങളിൽ നിവർന്നുനിന്നു പ്രാർത്ഥിക്കുവാൻ ഞങ്ങൾക്കു കൃപ നൽകിയ കർത്താവേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

www.malankaralibrary.com



ജനം: കുറി.......

ശുശ്രൂ: ഞങ്ങളുടെ പിതാവും വർഗ്ഗത്തലവനുമായ ആദാമിന്റെ കല്പനലംഘനത്താൽ ഭൗമികരായ ഞങ്ങൾ അധഃപതിച്ചപ്പോൾ ദൈവികമായ നിന്റെ പുനരുത്ഥാനത്താൽ ഞങ്ങളെ എല്ലാവരെയും ഒരുമിച്ചെഴുന്നേൽപിച്ച കർത്താവേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

ജനം: കുറി.......

ശുശ്രൂ: വിഗ്രഹാരാധനവഴി പിശാചിനെ വന്ദിക്കുന്നവരായിത്തീർന്ന ഞങ്ങളെ പരിശുദ്ധ ത്രിത്വത്തെക്കുറിച്ചുള്ള അറിവുമുഖാന്തരം ആ ത്രിത്വത്തെ ആരാധിക്കുന്നവരാക്കിത്തീർത്ത ത്രിത്വത്തിലൊരുവനായ കർത്താവേ, നിന്നോടു ഞങ്ങൾ അപേക്ഷിച്ചുകൊണ്ട് മൂന്നുപ്രാവശ്യം കുറിയേലായിസ്സോൻ എന്ന് ഏറ്റു ചൊല്ലുന്നു.

ജനം: കുറി.... കുറി..... കുറി.....

ശുശ്രൂ : നമുക്കു മുട്ടുകുത്തി കർത്താവിനോടപേക്ഷിക്കാം.

(പുരോഹിതൻ ത്രോണോസിന്റെ മുമ്പിൽ മുട്ടുകുത്തി താഴെക്കാണുന്ന പ്രാർത്ഥന രഹസ്യത്തിൽ ചൊല്ലുന്നു. ആ സമയത്തു മറ്റുള്ളവർ മുട്ടുകുത്തി കുറിയേലായിസ്സോൻ ചൊല്ലിക്കൊണ്ടിരിക്കണം.)

## രഹസ്യപ്രാർത്ഥന

കാർമി: ദൈവമായ കർത്താവും കരുണയുള്ള പിതാവുമേ, പെന്തിക്കൊസ്തിയുടെ ദിവസങ്ങൾ തികഞ്ഞപ്പോൾ, നിന്റെ ഏകപുത്രന്റെ ശിഷ്യന്മാരെ പെട്ടെന്നുണ്ടായ ശക്തിയേറിയ മുഴക്കത്തിൽകൂടെ പരിശുദ്ധാത്മാവുകൊണ്ടു നീ നിറച്ചു. അനാദ്യന്തനായ അവന്റെ ജീവദായകമായ പുനരുത്ഥാനത്തിന്റെ ആദ്യദിവസംമുതൽ അവന്റെ വാഗ്ദാന നിവൃത്തിക്കായി അവർ

www.malankaralibrary.com



യെറുശലേമിൽ കാത്തിരിക്കുകയായിരുന്നു. ആകാശത്തിൻ കീഴിലുള്ള സകലരും, യെറുശലേം നിവാസികളും, അത്ഭുത പൂർവ്വം വിസ്മയിച്ച് സർവ നന്മദാതാവായ നിന്നെ മഹത്ത്വപ്പെടുത്തുവാൻ തക്കവണ്ണം അവരിൽ ഓരോരുത്തന്റെയുംമേൽ അഗ്നിനാവുകൾ ആവസിച്ചു. പരിശുദ്ധനായ പിതാവേ, നിന്റെയും നിന്റെ ഏകപുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ മനുഷ്യവർഗ്ഗത്തെ സ്നാനപ്പെടുത്തി. ഏകദൈവമായ ത്രിത്വത്തെക്കുറിച്ചുള്ള അറിവിലേക്ക് അവരെ കൊണ്ടുവരുവാൻ തക്കവണ്ണം വിശുദ്ധ ശ്ലീഹന്മാരെ നീ ശുദ്ധീകരിക്കയും ശ്രേഷ്ഠരാക്കുകയും നിയോഗിക്കുകയും ചെയ്തു. പരിശുദ്ധാത്മാവു മുഖാന്തരവും, അവനോടുകൂടെയും ഏകദൈവമായ പരിശുദ്ധ ത്രിത്വത്തെ ഞങ്ങൾ ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും വന്ദിച്ചു സ്തോത്രം ചെയ്യുന്നു. ആമ്മീൻ.

കാർമി: (ഉയർന്ന സ്വരത്തിൽ) ദൈവത്തിന്റെ ശക്തിയാൽ നിങ്ങൾ എഴുന്നേൽക്കുവിൻ.

(അനന്തരം കാർമ്മികൻ തളിക്കാനുള്ള സോപ്പാ വെള്ളത്തിൽ മുക്കി താഴെ വരുന്ന മാനീസാ ചൊല്ലിക്കൊണ്ട് ത്രോണോസിന്മേലും മദ്ബഹായിലുള്ളവരുടെമേലും, പടിഞ്ഞാറോട്ടുപോയി ജനത്തിന്റെമേലും കുരിശാകൃതിയിൽ തളിച്ചശേഷം മദ്ബഹായിൽ പ്രവേശിക്കുന്നു.)

## മാനീസാ

കാർമി: മിശിഹാതമ്പുരാൻ, നമുക്കുവേണ്ടി തിരുവിഷ്ടപ്രകാരം ശരീരത്തിൽ പീഡ സഹിച്ചു. അവൻ മരിച്ചവരുടെ ഇടയിൽനിന്നു മഹത്ത്വത്തോടെ ഉയിർത്തെഴുന്നേൽക്കുകയും നാശത്തിലും പാപത്തിലും മരിച്ചിരുന്ന നമ്മെ അവനോടുകൂടെ ഉയിർപ്പിക്കുകയും ചെയ്തു. പിശാചിന്റെയും ദുഷ്ടാത്മാക്കളുടെയും ക്രൂരവാഴ്ചയെ അവൻ നമ്മിൽനിന്നു നിശ്ശേഷം നീക്കിക്കളഞ്ഞു.

www.malankaralibrary.com



(സെഹിയോൻ കോട്ടയിൽ.........)

നമ്മുടെ നാഥൻ തിരുമനസ്സാൽ
തൻ മെയ്യിൽ പീഡകളേറ്റു
മൃതരുടെ മദ്ധ്യേ നിന്നുമഹോ
പ്രോജ്വല കാന്തിയൊടെഴുന്നേറ്റാൻ
പാപത്തിൽ മൃതരാം നമ്മെ
തന്നോടൊത്തെഴുന്നേല്പിച്ചാൻ
സാത്താൻ തൻ മേൽക്കോയ്മയഹോ
നാഥൻ നമ്മിൽനിന്നും പാടെ മായിച്ചു.

## രണ്ടാം ശുശ്രൂഷ

(പുത്രനോട്)

### പ്രാരംഭപ്രാർത്ഥന

കാർമ്മി: ശുബ്ഹൊ.....

ജനം: ബലഹീനരും.....

കാർമ്മി: ഞങ്ങളുടെ കർത്താവും ദൈവവും രക്ഷകനുമായ യേശു മിശിഹാ, ഞങ്ങളുടെ ബുദ്ധിയിലും മനസ്സിലും ഹൃദയത്തിലും നിന്റെ ആത്മാവിനെ നവീകരിച്ച് പഴയ മനുഷ്യന്റെ സകല മോഹങ്ങളെയും ഞങ്ങളിൽ മരിപ്പിക്കണമേ. ദിനംപ്രതി പുതുതാകുവാൻ തക്കവണ്ണം ഞങ്ങളെ നവീകരിക്കണമേ. ഞങ്ങൾ നിന്നെയും നിന്റെ പിതാവിനെയും പരിശുദ്ധാത്മാവിനെയും ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും സ്തുതിക്കുവാൻ ഇടയാക്കണമേ.

ജനം: ആമ്മീൻ.

### കോനൂനൊ യൗനോയൊ

ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ കർത്താവേ, നീ എന്നേക്കും വാഴ്ത്തപ്പെട്ടവനും മഹത്ത്വമുള്ളവനും ശ്രേഷ്ഠനുമാകുന്നു.

www.malankaralibrary.com



സ്വർണ്ണം കൊണ്ടുണ്ടാക്കിയതും നിർജ്ജീവവുമായ ബിംബം നാനാവിധ വാദ്യങ്ങളോടുകൂടെ വന്ദിക്കപ്പെട്ടിരുന്നു. ഇപ്പോഴാകട്ടെ, ശക്തി നൽകുന്നവനായ റൂഹായുടെ കൃപ, ശക്തിയിൽ സമനും ആരംഭമില്ലാത്തവനുമായ ത്രിയേകനെ മാത്രം വന്ദിച്ച് സ്തോത്രം ചെയ്യണമെന്ന് ഞങ്ങളെ പ്രേരിപ്പിക്കുന്നു. കർത്താവേ, നീ എന്നേക്കും വാഴ്ത്തപ്പെട്ടവനാകുന്നു.

പരിശുദ്ധനായവനേ, മഹനീയമായ നിന്റെ നാമം വാഴ്ത്തപ്പെട്ടതാകുന്നു. നീ എന്നേക്കും മഹത്ത്വമുള്ളവനും ശ്രേഷ്ഠനുമാകുന്നു.

ദൈവമായ ആദ്യവചനത്തിന്റെ പിതാവ് അരുളിച്ചെയ്തതാലെന്നപോലെ ദിവ്യദർശകനായ ജോയേൽ തന്റെ പ്രവചനസമൃദ്ധിയിൽ 'സർവ്വദേഹിയിലും എന്റെ ആത്മാവിനെ ഞാൻ ചിന്തും' എന്നുദ്ഘോഷിച്ചു. അപ്രകാരം ഏകസ്വഭാവത്തോടുകൂടിയ ത്രിത്വത്തിൽ ഒരുവനും, രശ്മികളിൽ മൂന്നാമനും പ്രകാശിപ്പിക്കുന്നവനുമായവന് ദീർഘദർശിയോടുകൂടെ 'നീ എന്നേക്കും വാഴ്ത്തപ്പെട്ടവനാകുന്നു' എന്ന് ഏകസ്വരത്തിൽ നമുക്കുദ്ഘോഷിക്കാം. ബാറെക്മോർ.

കാർമി: ശുബ്ഹൊ.....

ജനം: മെൻഓലം......

ഏകസ്വഭാവത്തിൽ ഏക ആധിപത്യത്തോടുകൂടിയിരിക്കുന്ന പരിശുദ്ധ ത്രിത്വത്തെ വിശേഷവിധിയായി നാം ആരാധിക്കുവാൻ തക്കവണ്ണം മൂന്നാംമണിനേരം റൂഹായുടെ കൃപ ഇറങ്ങി ആവസിച്ചു. 'സകല സൃഷ്ടികളുടെയും നിർമ്മാതാവേ, നീ എന്നേക്കും വാഴ്ത്തപ്പെട്ടവനാകുന്നു' എന്ന് കർത്തൃദിനമായ ഈ ഞായറാഴ്ചദിവസത്തിൽ പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും നമുക്കുദ്ഘോഷിക്കാം.

www.malankaralibrary.com



കർത്താവിന്റെ സകല ദാസന്മാരുമേ, നിങ്ങൾ കർത്താവിനെ വാഴ്ത്തുവിൻ; അവനെ എന്നേക്കും സ്തുതിച്ചു പുകഴ്ത്തുവിൻ.

അഗോചരനായ ദൈവത്തിന്റെ രശ്മികളിൽ മൂന്നാമന്റെ ദൃഷ്ടാന്തമായവൻ ബാലന്മാരുടെ കെട്ടുകൾ അഴിക്കുകയും തീജ്വാലയിൽ മഞ്ഞുവർഷിക്കുകയും ചെയ്തു. ബാലന്മാർ അവനു സ്തോത്രം അർപ്പിക്കുകയും സകലത്തിന്റെയും സ്രഷ്ടാവും രക്ഷിതാവും നന്മകൾ പ്രവർത്തിക്കുന്നവനുമായ വനെ സകല സൃഷ്ടികളും വിശേഷവിധിയായി വാഴ്ത്തുകയും ചെയ്തു.

ഹനനിയാ, അസ്സറിയാ, മിശായേൽ എന്നിവർ അഗ്നിച്ചൂള യുടെ ഉള്ളിൽവച്ച് കർത്താവിനെ വാഴ്ത്തി. അവനെ നിങ്ങൾ എന്നേക്കും സ്തുതിച്ചു പുകഴ്ത്തുവിൻ.

'അഗ്നിനാവുകളുടെ സാദൃശ്യത്തിൽ പരിശുദ്ധാത്മാവ് നിങ്ങളുടെ പക്കലേക്കു വരും. വാഴ്ത്തപ്പെട്ടവനായ അവൻ നിങ്ങളിൽ ഓരോരുത്തന്റെമേലും വന്നാവസിക്കും' എന്നു തെരഞ്ഞെടുക്കപ്പെട്ട വിശുദ്ധ ശ്ലീഹന്മാരോട് മിശിഹാ പറഞ്ഞ പ്പോൾ, നഷ്ടപ്പെട്ടുപോയ സൃഷ്ടി അവൻ മുഖാന്തരം നിനക്കു സ്തുതിപാടും എന്നുള്ള കാര്യമാണ് അവൻ സൂചിപ്പിച്ചത്. ബാറെക്മോർ.

കാർമ്മി: ശുബ്ഹൊ.....

ജനം: മെൻഓലം......

അല്ലയോ രാജാവേ, ശാരീരികമായ നിന്റെ പ്രത്യക്ഷതയെ ക്കുറിച്ചും, പിതാവിന്റെ മാർവ്വിൽനിന്നും പുറപ്പെടുന്ന നിന്റെ റൂഹായെക്കുറിച്ചും അറിയിച്ച ആത്മനിവേശിതരായ പ്രവാചക ന്മാരുടെ അധരം ശ്രേഷ്ഠമാകുന്നു. പരിശുദ്ധ റൂഹാ, പദവിയിലും സൃഷ്ടികർമ്മത്തിലും നിനക്കു തുല്യനാകുന്നു. വിശ്വാസികളായ ഞങ്ങളെല്ലാവരും പ്രവാചകരോടൊപ്പം നിന്നെ വന്ദിക്കുന്നു.

www.malankaralibrary.com



ശുശ്രൂ: സ്തൗമെൻ.....

ജനം: കുറിയേലായിസോൻ

## പ്രുമിയോൻ

കാർമി: നാമെല്ലാവരും പ്രാർത്ഥിച്ച്...

ജനം: കാരുണ്യവാനായ...

കാർമി: സ്തുതിയും സ്തോത്രവും...

മാളികയ്ക്കുള്ളിൽ കിരണങ്ങൾ വീശിയ നീതിസൂര്യനും അപ്രമേയനുമായ കർത്താവിന് നിരന്തരമായ ആരാധനയും സ്തുതിയും വിനീതസ്തോത്രവും ഞങ്ങൾ അർപ്പിക്കുന്നു. കേവലന്മാരായ പന്തിരുവരുടെ മനസ്സിനെ അവൻ ദൃഢപ്പെടുത്തുകയും ആ വിദ്യാഹീനർക്ക് ഏകയോഗമായി സംസാരിക്കുവാൻ കഴിയത്തക്കവണ്ണം ഭാഷകൾ വിഭജിച്ചുകൊടുക്കുകയും ചെയ്തു. അവരുടെമേൽ അവൻ ഊതിയപ്പോൾ ശക്തി നൽകുന്നവനായ റൂഹായെ അവർ പ്രാപിച്ചു. അവൻ അവരെ ജ്ഞാനികളാക്കുകയും, 'നിങ്ങൾ നാലുഭാഗങ്ങളിലേക്കും പോയി ജാതികളോട് സത്യോപദേശം പ്രസംഗിക്കുകയും സൃഷ്ടികളെ തെറ്റായ മാർഗ്ഗത്തിൽനിന്നു സത്യവിശ്വാസത്തിന്റെ ഐക്യത്തിലേക്കു തിരിക്കുകയും ചെയ്യുവിൻ' എന്ന് കല്പിക്കുകയും ചെയ്തു, അവന് ഈ സമയത്തും എല്ലാ പെരുന്നാളുകളിലും ഞങ്ങളുടെ ആയുഷ്ക്കാലം മുഴുവനും സ്തുതിയും ബഹുമാനവും യോഗ്യമാകുന്നു. ബ്കുലഹൂൻ...

ജനം: ആമ്മീൻ.

## സെദറാ

ആന്തരികപ്രകാശം നൽകുന്ന കിരണവും പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ സ്വർഗ്ഗീയസേനകളാൽ യഥോചിതം വാഴ്ത്തി ശുദ്ധീകരിക്കപ്പെടുന്നവനുമായ മിശിഹാ തമ്പുരാൻ നമ്മുടെ അടുത്തേക്ക് ഇറങ്ങിവന്നു. അവൻ നമ്മോടു

www.malankaralibrary.com



ചേരുവാൻ ആഗ്രഹിച്ചതുകൊണ്ട് നമുക്കുവേണ്ടിയുള്ള രക്ഷാകര വ്യാപാരങ്ങളായ ജനനം, സ്നാനം, ക്രൂശാരോഹണം, മരണം, ഉയിർപ്പ് എന്നിവ നിർവ്വഹിക്കുവാൻവേണ്ടി വിശുദ്ധ കന്യകയിൽനിന്നു ശരീരമെടുത്തു. അവൻ പിതൃസന്നിധിയിലേക്ക് ആരോഹണം ചെയ്യാൻ തിരുമനസ്സായപ്പോൾ ശ്ലീഹന്മാരെ സൈത്തുപർവ്വതത്തിൽ ഒരുമിച്ചുകൂട്ടുകയും പരിശുദ്ധമായ കൈകൾ അവരുടെമേൽ വച്ച് അനുഗ്രഹിക്കുകയും ആചാര്യത്വപരമായ നൽവരങ്ങൾ സമൃദ്ധിയായി അവർക്കു നൽകുകയും ചെയ്തു. പരിശുദ്ധാത്മാവിനെ അവരിൽ നിശ്വസിച്ചുകൊണ്ട് 'പിതാവിന്റെ അടുക്കൽനിന്നു പരിശുദ്ധാത്മാവിനെ ഞാൻ നിങ്ങൾക്കായി അയച്ചുതരുന്നതുവരെ നിങ്ങൾ യെറുശലേമിൽ പാർക്കുവിൻ; അവൻ സമൃദ്ധമായ നൽവരങ്ങളാൽ നിങ്ങളെ പ്രബുദ്ധരും വിജ്ഞാനികളുമാക്കും. ഞാൻ പോകുന്നില്ലെങ്കിൽ ആശ്വാസപ്രദൻ നിങ്ങളുടെ അടുക്കലേക്കു വരുന്നതല്ല' എന്ന് അവൻ അരുളിച്ചെയ്തു. ശ്ലീഹന്മാരെ സ്ഥിരചിത്തരാക്കിയശേഷം കാഹളധ്വനിയോടുകൂടെ അവൻ സ്വർഗ്ഗാരോഹണം ചെയ്ത് പിതാവിന്റെ വലതുഭാഗത്തു മഹത്ത്വത്തോടെ ഉപവിഷ്ടനായി. പെന്തിക്കൊസ്തിയുടെ ഈ പെരുന്നാളിൽ പരിശുദ്ധാത്മാവ് പെട്ടെന്ന് അവരിൽ ആവസിക്കയും ദൈവിക നൽവരങ്ങൾ അവർക്കു നൽകുകയും ഉപദേശങ്ങളാൽ അവരെ പ്രബുദ്ധരാക്കുകയും ചെയ്തു. സാധാരണന്മാരായിരുന്ന അവർ ജ്ഞാനികളും ദിവ്യരഹസ്യങ്ങൾ അനുഷ്ഠിക്കുവാൻ കഴിവുള്ളവരുമായിത്തീരുന്നതുകണ്ട് അവിടെ കൂടിയിരുന്നവർ ആശ്ചര്യപ്പെട്ടു. വിശുദ്ധ ശ്ലീഹന്മാർ ജീവപ്രദനായ പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ കൈക്കൊണ്ടപ്പോൾ യഹൂദന്മാർ അസൂയ നിമിത്തം 'ഇവർ പുതുവീഞ്ഞു കുടിച്ച് ഉന്മത്തരായിരിക്കുന്നു' എന്ന് അപവാദം പറഞ്ഞു. ഏകജാതനായ മിശിഹാ അവരോടു വാഗ്ദാനം ചെയ്തിരുന്ന സർവ്വവും നിറവേറിക്കണ്ടപ്പോൾ ശെമഓൻ കീപ്പായും മറ്റു ശ്ലീഹന്മാരും ഇന്ന് സന്തോഷനിമഗ്നരായി; ശക്തി

www.malankaralibrary.com



നൽകുന്ന പരിശുദ്ധാത്മാവിന്റെ വരവുമൂലം മാളിക ഇന്നു രണ്ടാം ബാബേലായിത്തീർന്നു. അത് ആദ്യബാബേലിലെപ്പോലെ ശിക്ഷയായി ഭാഷകൾ വിഭജിക്കപ്പെട്ടുകൊണ്ടല്ല; പ്രത്യുത സത്യം പ്രസംഗിക്കുന്നതിനുള്ള കൃപയുടെ പ്രകാശനത്താൽ ജ്ഞാനികളായിത്തീരാൻ പരിശുദ്ധാത്മശക്തികൊണ്ട് ശ്ലീഹന്മാരെ പ്രകാശിപ്പിച്ചുകൊണ്ടത്രെ.

കർത്താവേ, പെന്തിക്കൊസ്തിയുടെ ഈ ദിവസത്തിൽ അവർണ്ണ്യമായ നിന്റെ മനുഷ്യസ്നേഹത്തോടു ഞങ്ങൾ അപേക്ഷിക്കുന്നു. ജീവദായകനായ നിന്റെ പരിശുദ്ധാത്മാവിന്റെ കൃപ ഞങ്ങളിൽ ചൊരിയണമേ. പാപമാകുന്ന സകല മുള്ളുകളിൽനിന്നും ഞങ്ങൾ വിമുക്തരായി വിശ്വാസം, ശരണം, സത്യസ്നേഹം എന്നീ ആത്മീയ സുകൃതങ്ങൾ നിനക്കു സമർപ്പിക്കുവാൻ അർഹരായിത്തീരണമേ. വിശുദ്ധസഭയ്ക്കു നിന്നിൽനിന്നുള്ള ഐക്യവും സമാധാനവും നൽകണമേ. രോഗികളെയും പീഡിതരെയും, ഞങ്ങളുടെ ബലഹീനമായ പ്രാർത്ഥന ആവശ്യപ്പെടുന്ന ഏവരെയും കൃപയോടെ ദർശിക്കണമേ. ഞങ്ങളുടെ പിതൃജനങ്ങൾക്കും സഹോദരങ്ങൾക്കും സകല പരേതർക്കും കരുണാപൂർവ്വം ആശ്വാസവും സൽസ്മരണയും നൽകണമേ. ഞങ്ങളും അവരും നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കും.

ജനം: ആമ്മീൻ.

### ഗീതം

(ഒന്നാം നാളാം ഈ ഞായർ.....)

ഈശാ-നാ-ഥാ, ആഴ്ചകൾ തൻ-തിരുനാ-ളാമീ
പെന്തിക്കൊസ്തിൻ-പാവനമാം നാളിൽ
തീജ്വാലപോലെ പാറക്കലീത്തായാം റൂഹാ
മാളികതന്നിൽ-ശ്ലീഹർമേൽ താണു

www.malankaralibrary.com



സദ്വിശ്വാസം, ശരണം സ്നേഹം എന്നിവയിൽ
പൂർണ്ണത നൽകി-അവരോ പ്രേഷിതരായ്
ഹാലേ-ലുയ്യാ-നേർവഴിവിട്ടോർ ജാതികളെ
ശീലിപ്പിച്ചാർ-സത്യത്തിൻ മാർഗ്ഗം.

ഈശാ-നാഥാ, സ്വർഗ്ഗാരോഹണനാളിൽ നീ
ദ്വാദശ ശ്ലീഹ-ർക്കേകി വാഗ്ദാനം
താതങ്കൽ ചെന്നാശ്വാസപ്രദനെയയയ്ക്കാം
അവനാൽ നിങ്ങൾ-സ്ഥൈര്യം പ്രാപിക്കും
ശീലിപ്പിക്കും വിമലം ഗൂഢം തത്വങ്ങൾ
ദുഷ്ടന്നെതിരാ-യ് നിങ്ങളെ സജ്ജരുമാക്കും
ഹാലേ-ലൂയ്യാ-ജനതകളെയപഥേ നിന്നും
നേരാം വിശ്വാസ-ത്തിൽ പാലിച്ചീടുമവൻ. ബാറെക്മോർ

ശുബ്ഹൊ...

ഈശാ-നാഥാ, പെന്തിക്കൊസ്തിൻ പാവനമാം
ഇദ്ദിവസത്തിൽ യാചിക്കുന്നെങ്ങൾ
ശുദ്ധാത്മാവിൻ ദാനങ്ങൾ വർഷിച്ചാലും
ദ്വേഷിക്കുന്നോൻ-ദുഷ്ടനെ വെന്നീടാൻ
ഹാലേ-ലുയ്യാ-ത്രിത്വത്തിൻ മഹത്ത്വം രഹസ്യം
വന്ദിച്ചടിയാർ-സ്തോത്രം ചെയ്യട്ടെ.

മെൻഓലം...

ശ്ലീഹന്മാരേ, വിശ്വാസത്തിൻ ശില്പികളേ
നിർമ്മലസഭയെ നിർമ്മിതി ചെയ്തോരേ
പാനംചെയ്വിൻ ജീവദറൂഹായാം വീഞ്ഞിനെ
ഇരുളാണ്ടോർ തൻ പ്രഭയായ് വാണീടിൻ
പരമോന്നതവും ഏകവുമാം സാരാംശത്തിൽ
പൊരുളൊന്നായി ആളുകൾ മൂന്നാകും

www.malankaralibrary.com



ഹാലേ-ലൂയ്യാ-താത-സുത, റൂഹായാകും
ത്രിത്വത്തെയുൽ-ഘോഷിച്ചറിയിപ്പിൻ.

മൊറിയോ റാഹേം.......

## എത്രൊ

മിശിഹാതമ്പുരാനേ, ഇന്ന് പരിശുദ്ധാത്മാവിന്റെ സമൃദ്ധമായ കൃപയാൽ ശ്ലീഹന്മാരുടെ ഹൃദയങ്ങൾ നീ നിറച്ചു. പരിശുദ്ധ റൂഹായുടെ ആവാസംകൊണ്ട് അവരോടുള്ള നിന്റെ വാഗ്ദാനം നിറവേറ്റി. തിരുമുമ്പാകെ ഞങ്ങൾ സമർപ്പിച്ച ഈ ധൂപം സ്വീകരിക്കണമെ. ദുഷ്ടതയിൽനിന്നു ഞങ്ങളെ കഴുകി വെൺമയാക്കി നിന്റെ കൃപയുടെ സോപ്പായാൽ ഞങ്ങളെ രക്ഷിക്കണമേ. ത്രിത്വത്തിലെ മൂന്നു പരിശുദ്ധ ആളുകളെയും വെടിപ്പോടുകൂടെ ഞങ്ങൾ ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും വന്ദിച്ചു മഹത്ത്വപ്പെടുത്തുവാൻ ഇടയാക്കണമേ. ആമ്മീൻ.

## സൂമോറൊ

കർത്താവേ നിന്റെ രാജ്യം ശാശ്വതവും നിന്റെ ആധിപത്യം ഭൂമിയുടെ അതിർത്തികളോളം ഉള്ളതുമാകുന്നു. നിന്റെ കൃപാതിരേകത്താൽ നിന്റെ ഭവനത്തിൽ ഞാൻ പ്രവേശിച്ച് ശുദ്ധസ്ഥലത്തിൽ നിന്നെ വന്ദിക്കും.

## വേദവായനകൾ

2 രാജാ 2:14-17; ജോയേ 2:26-32;
അ. പ്ര 19:9-12; 1 കോരി 14:26-32

## പെസ്ഗോമൊ

ഹാ-ഉ-ഹാ നിർമ്മല ഹൃദയം സൃഷ്ടിക്കെന്നിൽ ദേവേശാ
നൂതനമാക്കുക നിൻ സുസ്ഥിരമാത്മാവെന്നിൽ. ഹാലേ....

www.malankaralibrary.com



## ഏവൻഗേലിയോൻ

(യോഹ 4:13-24)

യേശു പറഞ്ഞു: ഈ വെള്ളം കുടിക്കുന്ന ഏവനും വീണ്ടും ദാഹിക്കും. എന്നാൽ, ഞാൻ നല്കുന്ന വെള്ളം കുടിക്കുന്നവന് പിന്നീട് ഒരിക്കലും ദാഹിക്കുകയില്ല. ഞാൻ നല്കുന്ന ജലം അവനിൽ നിത്യജീവനിലേക്കു നിർഗ്ഗളിക്കുന്ന അരുവിയാകും. അപ്പോൾ അവൾ പറഞ്ഞു. ആ ജലം എനിക്കു തരിക. മേലിൽ എനിക്കു ദാഹിക്കുകയില്ലല്ലോ. വെള്ളം കോരാൻ ഞാൻ ഇവിടെ വരുകയും വേണ്ടല്ലോ.

അവൻ പറഞ്ഞു: നീ ചെന്ന് നിന്റെ ഭർത്താവിനെ കൂട്ടിക്കൊണ്ടുവരിക. എനിക്കു ഭർത്താവില്ല എന്ന് ആ സ്ത്രീ മറുപടി പറഞ്ഞു. യേശു അവളോടു പറഞ്ഞു: എനിക്കു ഭർത്താവില്ല എന്നു നീ പറഞ്ഞതു ശരിയാണ്. നിനക്ക് അഞ്ചു ഭർത്താക്കന്മാർ ഉണ്ടായിരുന്നു. ഇപ്പോഴുള്ളവൻ നിന്റെ ഭർത്താവല്ല. നീ പറഞ്ഞതു സത്യമാണ്. അവൾ പറഞ്ഞു: പ്രഭോ, അങ്ങ് ഒരു പ്രവാചകനാണെന്നു ഞാൻ മനസ്സിലാക്കുന്നു. ഞങ്ങളുടെ പിതാക്കന്മാർ ഈ മലയിൽ ആരാധന നടത്തി; എന്നാൽ യഥാർത്ഥ ആരാധനാസ്ഥലം ജറുസലെമിലാണ് എന്നു നിങ്ങൾ പറയുന്നു. യേശു പറഞ്ഞു: സ്ത്രീയേ, എന്നെ വിശ്വസിക്കുക. ഈ മലയിലോ ജറുസലെമിലോ നിങ്ങൾ പിതാവിനെ ആരാധിക്കാത്ത സമയം വരുന്നു. നിങ്ങൾ അറിയാത്തതിനെ ആരാധിക്കുന്നു. ഞങ്ങൾ അറിയുന്നതിനെ ആരാധിക്കുന്നു. എന്തെന്നാൽ, രക്ഷ യഹൂദരിൽനിന്നാണ്. എന്നാൽ, യഥാർത്ഥ ആരാധകർ ആത്മാവിലും സത്യത്തിലും പിതാവിനെ ആരാധിക്കുന്ന സമയം വരുന്നു. അല്ല അത് ഇപ്പോൾത്തന്നെയാണ്. യഥാർത്ഥത്തിൽ അങ്ങനെയുള്ള ആരാധകരെത്തന്നെയാണ് പിതാവ് അന്വേഷിക്കുന്നതും. ദൈവം ആത്മാവാണ്. അവിടുത്തെ ആരാധിക്കുന്നവർ ആത്മാവിലും സത്യത്തിലുമാണ് ആരാധിക്കേണ്ടത്.

www.malankaralibrary.com



## ലുത്തിനിയ

(രണ്ട് ശുശ്രൂഷകർ പടിഞ്ഞാറോട്ടു തിരിഞ്ഞുനിന്ന്)

ശുശ്രൂ: നാമെല്ലാവരും ഭംഗിയായിനിന്ന് ദൈവത്തിനു ഹിതകരമായ ശബ്ദത്തിലും ഉത്സാഹപൂർവ്വവും 'കർത്താവേ ഞങ്ങളോടു കരുണ ചെയ്യണമെ' എന്ന് അർത്ഥമുള്ള കുറിയേലായിസ്സോൻ എന്നു പറയണം.

ജനം: കുറി.........

ശുശ്രൂ: പൂർവ്വപിതാക്കന്മാർക്കും ദീർഘദർശികൾക്കും ഗോപ്യമായും അവ്യക്തമായും മാത്രം മുൻകൂട്ടി അറിയിക്കപ്പെടുകയും ശ്ലീഹന്മാർക്കാകട്ടെ സ്പഷ്ടമായും എന്നാൽ അവാച്യമായും വിശകലനാതീതമായും വെളിപ്പെടുത്തപ്പെടുകയും ചെയ്ത മിശിഹാതമ്പുരാനേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

ജനം: കുറി.........

ശുശ്രൂ: പിതാവിന്റെ നിസ്സീമമായ മടിയിൽ കാലാതീതമായും അവർണ്ണ്യമായും ജനിച്ചവനും, പിതാവിൽനിന്നു പുറപ്പെടുകയും നിന്നിൽനിന്നു സ്വീകരിക്കുകയും ചെയ്യുന്ന റൂഹായുടെ ആവാസംമൂലം നിന്റെ നൽവരത്താൽ വിശുദ്ധ ശ്ലീഹന്മാരെ ഇന്ന് ദൈവികമായി പ്രശോഭിപ്പിച്ചവനുമായ മിശിഹാതമ്പുരാനേ, നിന്റെ ദാസരായ ഞങ്ങളെയും ദിവ്യദാനങ്ങളുടെ സമൃദ്ധിക്ക് അർഹരാക്കണമെയെന്ന് നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

ജനം: കുറി.........

ശുശ്രൂ: ആശ്വാസപ്രദനായ പരിശുദ്ധാത്മാവിനെ അയച്ചുകൊടുക്കാമെന്ന് വിശുദ്ധ ശിഷ്യന്മാരോട് വാഗ്ദാനം ചെയ്തവനും ആ വാഗ്ദാനം ഇന്ന് നിറവേറ്റിയവനുമായ മിശിഹാതമ്പുരാനേ, ഇപ്പോൾ നിന്റെ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമെയെന്ന് നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

ജനം: കുറി.........

www.malankaralibrary.com



ശുശ്രൂ: ദൈവികമായ നിന്റെ പുനരുത്ഥാനംവഴി പാപവീഴ്ചയിൽനിന്ന് ഞങ്ങളെ നീ ഉദ്ധരിച്ചതുകൊണ്ടു മാത്രമല്ല, ഞായറാഴ്ചയുടെയും പെന്തിക്കൊസ്തിയുടെയും ദിവസങ്ങൾ ഭാവിലോകത്തിന്റെ പ്രതിഛായകൂട്ടി ആകയാൽ ആ ദിവസങ്ങളിൽ ഞങ്ങൾ ഒരുമിച്ചുകൂടി ഉചിതമായി നിന്നുകൊണ്ട് പ്രാർത്ഥിക്കണമെന്ന് ഞങ്ങളെ നീ പഠിപ്പിച്ചു. വിശുദ്ധ ശ്ലീഹന്മാരെ പരിശുദ്ധാത്മ നൽവരത്താൽ നീ സമ്പൂർണ്ണരാക്കിയ ഈ വിശുദ്ധ ദിവസത്തിലെ ആരാധനവഴി ആ ദൈവികദാനങ്ങൾ കൊണ്ടുതന്നെ ഞങ്ങളും ഉൽക്കർഷം പ്രാപിക്കണമെ. ദൃശ്യരും അദൃശ്യരുമായ ശത്രുക്കളെ ജയിക്കുവാൻ ഞങ്ങൾ യോഗ്യരായിത്തീരണമെയെന്ന് നിന്നോടു ഞങ്ങൾ അപേക്ഷിച്ച് മൂന്നു പ്രാവശ്യം കുറിയേലായിസ്സോൻ എന്നു പറയുന്നു.

ജനം: കുറി.... കുറി..... കുറി.....

ശുശ്രൂ : നമുക്കു മുട്ടുകുത്തി കർത്താവിനോടപേക്ഷിക്കാം

(പുരോഹിതൻ മുട്ടുകുത്തി രഹസ്യപ്രാർത്ഥന നടത്തുമ്പോൾ മറ്റുള്ളവർ മുട്ടിൻമേൽനിന്ന് 'കുറിയേലായിസ്സോൻ' ചൊല്ലിക്കൊണ്ടിരിക്കണം.)

## രഹസ്യപ്രാർത്ഥന

ഞങ്ങളുടെ മിശിഹാതമ്പുരാനേ, വിഗ്രഹാരാധനവഴി ശത്രുവിന്റെയും മത്സരബുദ്ധികളായ പിശാചുക്കളുടെയും ആരാധകരായിത്തീർന്ന ഞങ്ങളെ, ഞങ്ങളുടെ പക്കലേക്കുള്ള കാരുണ്യപൂർവ്വമായ നിന്റെ ആവിർഭാവംമൂലം നീ പരിശുദ്ധ ത്രിത്വത്തിന്റെ സത്യാരാധകരാക്കിത്തീർത്തു. ദൈവോചിതമായ നിന്റെ പുനരുത്ഥാനം മുഖാന്തരം പാപവീഴ്ചയിൽനിന്ന് ഞങ്ങളെ നീ യഥായോഗ്യം ഉദ്ധരിച്ച് ഞങ്ങളുടെ ആന്തരിക ശത്രുക്കളെ ഞങ്ങളുടെ കാൽക്കീഴാക്കി വച്ചു. അവർ മുട്ടുമടക്കി വീണുപോയി. ഞങ്ങൾ എഴുന്നേറ്റു സന്നദ്ധരാവുകയും ചെയ്തിരിക്കുന്നു എന്ന് ധൈര്യപൂർവ്വം കീർത്തിക്കുവാൻ ഞങ്ങൾക്കു നീ ശക്തി നൽകു

www.malankaralibrary.com



കയും ചെയ്തു. ഉന്നതത്തിൽനിന്ന് ദിവ്യശക്തി പ്രാപിക്കുന്നതു വരെ യെറുശലേമിൽനിന്ന് അകലെപ്പോകരുതെന്ന് വിശുദ്ധ ശ്ലീഹന്മാരോടു നീ കല്പിച്ചു. നിർവ്യാജമായ നിന്റെ വാഗ്ദാനത്തിനായി കാത്തിരുന്നുകൊണ്ട് അവർ അതിനെ അനുസരിച്ചു. അഗ്നിനാവുകളുടെ സാദൃശ്യത്തിൽ അവരിൽ ആവസിച്ചുകൊണ്ട് ആ വാഗ്ദാനം പരിശുദ്ധ റൂഹാ ഇന്നു നിറവേറ്റി. അതിനാൽ അവർ സജ്ജരാകുകയും ആകാശത്തിൻ കീഴിലുള്ള എല്ലാ ഭാഷകളിലും പരിശുദ്ധ ത്രിത്വത്തിന്റെ രഹസ്യം സകലജാതികളോടും വംശങ്ങളോടും പരസ്യമായി പ്രസംഗിക്കുവാനും മഹത്തരങ്ങളായ അടയാളങ്ങളും അദ്ഭുതങ്ങളും പ്രവർത്തിക്കുവാനും ശക്തരായിത്തീരുകയും ചെയ്തു. അതിനാൽ ഞങ്ങൾ നിന്നെ വന്ദിച്ച് നിലത്തു മുട്ടുകുത്തിക്കൊണ്ട്, വാഴ്ത്തപ്പെട്ടവനും ഭാഗ്യവാനും ഞങ്ങളുടെ രക്ഷയ്ക്കായി നിന്നെ അയച്ചവനുമായ നിന്റെ പിതാവിനെയും പരിശുദ്ധനും ജീവദായകനും സാരാംശത്തിൽ നിനക്കു സമനും ശക്തി നൽകുന്നവനുമായ റൂഹായെയും സത്യത്തിലും ആത്മാവിലും ആരാധിക്കുവാൻ അർഹരായിത്തീർന്നു എന്നു കാണിക്കുന്നു.

കാർമി: (ഉച്ചത്തിൽ) ദൈവത്തിന്റെ ശക്തിയാൽ നിങ്ങൾ എഴുന്നേല്പിൻ.

(താഴെക്കാണുന്ന മാനീസ ചൊല്ലിക്കൊണ്ട് വെള്ളം തളിക്കുന്നു.)

## മാനീസാ

(സെഹിയോൻ കോട്ടയിൽ.....)

പെന്തിക്കൊസ്തിൻ നാൾവരെ നാം പ്രണമിക്കാറില്ലർത്ഥനയിൽ
ദൈവികഗായകനിബിയാകും-ദാവീദോടൊപ്പം ഞങ്ങൾ
വൈരികളോടെതിരിട്ടേവം-വീറൊടു പാടിപ്പറയുന്നു
ദ്വേഷികളൂഴിയിൽ നിപതിച്ചു-സോത്സാഹം നിലകൊണ്ടെങ്ങൾ
പാവനറൂഹാ തീനാവായ്-കാന്തി ചൊരിഞ്ഞപ്പോൾ കാൺമാൻ
കണ്ണുകൾ മഞ്ചുകയാൽ ഞങ്ങൾ വിധിപോൽ വന്ദിച്ചീ-ടു-ന്നു.

www.malankaralibrary.com



അല്ലെങ്കിൽ

പെന്തിക്കൊസ്തി ദിവസംവരെ പ്രാർത്ഥിക്കുമ്പോൾ നാം മുട്ടുകുത്താറില്ല. ദിവ്യഗായകനായ ദാവീദുദീർഘദർശിയോടു കൂടെ ഞങ്ങളുടെ ശത്രുക്കൾക്കെതിരായി ഞങ്ങൾ ഇപ്രകാരം പാടുന്നു. അവർ മുട്ടുകുത്തി വീണു. ഞങ്ങളാകട്ടെ എഴുന്നേറ്റു സന്നദ്ധരായി നിൽക്കുന്നു. പരിശുദ്ധാത്മാവ് തീനാവുകളിൽ ഞങ്ങൾക്കു പ്രത്യക്ഷനായപ്പോൾ അവന്റെ ദർശനം ഏല്ക്കുവാൻ അശക്തരായ ഞങ്ങൾ ദൈവത്തിനു യോജിച്ചവിധം അവന്റെ മുമ്പാകെ മുട്ടുകുത്തുന്നു.

## മൂന്നാം ശുശ്രൂഷ

(പരിശുദ്ധാത്മാവിനോട്)

### പ്രാരംഭപ്രാർത്ഥന

കാർമി: ശുബ്ഹൊ....

ജനം: ബലഹീനരും.......

കാർമി: മാളികയിൽവച്ച് അഗ്നിനാവുകളുടെ സാദൃശ്യത്തിൽ വിശുദ്ധ ശ്ലീഹന്മാരിൽ ഇറങ്ങിവന്ന് ദിവ്യജ്ഞാനത്താൽ അവരുടെ മനസ്സിനെ പ്രകാശിപ്പിച്ച ആശ്വാസപ്രദനായ പരിശുദ്ധാത്മാവേ, നിന്റെ ദാനങ്ങളാകുന്ന ദിവ്യകിരണങ്ങളാൽ ഞങ്ങളെയും പ്രകാശിപ്പിക്കണമേ. ഞങ്ങൾ നിന്നെയും, നീ ആരിൽനിന്ന് പുറപ്പെടുന്നുവോ ആ പിതാവിനെയും, ആരിൽ നിന്നു നീ സ്വീകരിക്കുന്നുവോ ആ പുത്രനെയും സവിശേഷം ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും സ്തുതിക്കുമാറാകണമേ.

ജനം: ആമ്മീൻ.

### മാവൂർബൊ

മറിയാം പറഞ്ഞതെന്തെന്നാൽ, എന്റെ ദേഹി കർത്താവിനെ

www.malankaralibrary.com



പുകഴ്ത്തുന്നു. എന്റെ ആത്മാവ് എന്നെ ജീവിപ്പിക്കുന്നവനായ ദൈവത്തിൽ സന്തോഷിച്ചു. എന്തെന്നാൽ അവൻ തന്റെ ദാസിയുടെ താഴ്മയെ നോക്കിക്കണ്ടിരിക്കുന്നു. കണ്ടാലും ഇതുമുതൽ സകലവംശങ്ങളും എനിക്കു ഭാഗ്യം തരും.

രാജ്ഞി, മാതാവേ, കന്യകകളുടെയെല്ലാം അലങ്കാരമേ, നിനക്കു സമാധാനം. സംസാരിക്കുവാനും പാടുവാനും പാടവമുള്ള യാതൊരു നാവിനും യോഗ്യമാംവിധം നിന്നെ പുകഴ്ത്തുവാൻ പ്രാപ്തിയില്ല. വർണ്ണനാതീതമായ നിന്റെ ഗർഭധാരണത്തെ മനസ്സിലാക്കുവാൻ ശ്രമിക്കുന്ന ഏതൊരു മനസ്സും നിഷ്പ്രഭമായിപ്പോകുന്നു. അതിനാൽ യോഗ്യമായപ്രകാരം ഞങ്ങളെല്ലാവരും അത്യുത്സാഹത്തോടെ നിന്നെ സ്തുതിക്കുന്നു.

അവൻ തന്റെ ഭുജംകൊണ്ട് ജയം ഉണ്ടാക്കി. തങ്ങളുടെ ഹൃദയവിചാരത്തിൽ അഹങ്കാരികളായവരെ ചിന്നിച്ചു. അവൻ ബലവാന്മാരെ സിംഹാസനങ്ങളിൽനിന്ന് മറിച്ചിടുകയും താഴ്മയുള്ളവരെ ഉയർത്തുകയും ചെയ്തു.

ദൈവം പരിപാലിച്ചു വളർത്തിയ കന്യക നൈർമ്മല്യം നേടി. പിതാവിന്റെ വലത്തുഭാഗത്തിരിക്കുന്ന പുത്രൻ മുഖാന്തരം മൺമയരായ നമ്മുടെ വർഗ്ഗത്തിന് അവൾ പുതുജീവന്റെ ഔഷധമായിത്തീർന്നു. ദൈവമേ, ശക്തിനൽകുന്നവനായ റൂഹായുടെ കൃപ ഇപ്പോൾ ഞങ്ങൾക്കയച്ചുതരണമേ. ബാറെക്മോർ.

കാർമി: ശുബ്ഹൊ....

ജനം: മെൻഓലം.....

ദൈവകൃപയാൽ നിശ്വസനം പ്രാപിച്ച ഞങ്ങൾ സൂര്യസമാനം തിളങ്ങി പ്രകാശിച്ച് ശുഭ്രവസ്ത്രംപോലെ അഴകുള്ളവരായിത്തീരണമേ. രശ്മിയിൽ മൂന്നാമനും അഭേദ്യപ്രകൃതിയുള്ളവനും ശക്തിയിലും ജ്ഞാനത്തിലും സമനും ആയവനെ, വിശ്വാസികളായ നാമേവരും സന്തോഷപൂർവ്വം സ്തുതിക്കണം.

www.malankaralibrary.com



ശുശ്രൂ: സ്തൗമെൻ.....

ജനം: കുറിയേലായിസോൻ

## പ്രുമിയോൻ

കാർമ്മി: നാമെല്ലാവരും പ്രാർത്ഥിച്ച്...

ജനം: കാരുണ്യവാനായ...

കാർമ്മി: സ്തുതിയും സ്തോത്രവും...

അദൃശ്യനായ പിതാവിൽനിന്നു പുറപ്പെടുന്നവനും വന്ദ്യനായ പുത്രനിൽനിന്നു സ്വീകരിക്കുന്നവനും ഇച്ഛിക്കുന്നതെല്ലാം സ്വകീയമായ മഹാശക്തിയിൽ ചെയ്യുന്നവനും ചെയ്യിക്കുന്നവനുമായ പരിശുദ്ധ റൂഹായായ കർത്താവിനു സ്തുതി. അവൻ വരുവാനുള്ളതും നിഗൂഢങ്ങളുമായ കാര്യങ്ങൾ ദീർഘദർശിമാർ മുഖാന്തരം മുൻകൂട്ടി പറയുകയും, അഗ്നിനാവുകളുടെ സാദൃശ്യത്താൽ ശ്ലീഹന്മാരിൽ ആവസിച്ച് അവരെ വിശുദ്ധിയാലും ജ്ഞാനത്താലും പരിപൂർണ്ണരാക്കിക്കൊണ്ട് കാലത്തിന്റെ പൂർണ്ണതയിൽ അവരിൽക്കൂടെ അജ്ഞേയ രഹസ്യങ്ങൾ തെളിവായി പ്രഖ്യാപിക്കുകയും ചെയ്തു. പെന്തിക്കൊസ്തിയുടെ ശുശ്രൂഷ ഞങ്ങൾ നിർവ്വഹിക്കുന്ന ഈ നേരത്തും എല്ലാ പെരുന്നാളുകളിലും ഞങ്ങളുടെ ആയുഷ്ക്കാലം മുഴുവനും സ്തുതിയും ബഹുമാനവും ആരാധനയും അവനു യോഗ്യമാകുന്നു. ബ്കുലഹൂൻ...

ജനം: ആമ്മീൻ.

## സെദറാ

ആശ്വാസപ്രദനായ ദൈവം സഭകളെ ശുദ്ധീകരിക്കുന്നവനും ദൈവികശുശ്രൂഷകൾക്കു പൂർണ്ണത നൽകുന്നവനും ആകുന്നു. അവൻ ആചാര്യപദവി പ്രദാനം ചെയ്യുന്നവനും മാമോദീസായെ പൂർത്തീകരിക്കുന്നവനും കൂദാശകൾ നിറവേറ്റുന്നവനും

www.malankaralibrary.com



പാപങ്ങൾ പരിഹരിക്കുന്നവനുമാകുന്നു. പരിശുദ്ധറൂഹാ ഗഹന കാര്യങ്ങൾ പരിശോധിക്കുന്നവനും രഹസ്യകാര്യങ്ങൾ പ്രതിപാദിക്കുന്നവനും വരുവാനിരിക്കുന്നവ അറിയിക്കുന്നവനും അത്ഭുതങ്ങൾ പ്രവർത്തിക്കുന്നവനുമാകുന്നു. പരിശുദ്ധറൂഹാ എടുക്കുന്നവനാകുന്നു; എടുക്കപ്പെടുന്നവനല്ല. അവൻ പൂർത്തീകരിക്കുന്നവനാക്കുന്നു; പൂർത്തീകരിക്കപ്പെടുന്നവനല്ല. ശുദ്ധീകരിക്കുന്നവനാകുന്നു; ശുദ്ധീകരിക്കപ്പെടുന്നവനല്ല. ദൈവീകരിക്കുന്നവനാകുന്നു; ദൈവീകരിക്കപ്പെടുന്നവനല്ല. റൂഹാ സ്വയം ചൈതന്യവാനും ആധിപത്യമുള്ളവനുമാകുന്നു. അവൻ സ്വയം ബലവാനും മഹിതനും ഔന്നത്യമുള്ളവനും ആകുന്നു. റൂഹാ പ്രകാശവും പ്രകാശദാതാവും, കൃപാലുവും കൃപയുടെ ഉറവിടവുമാകുന്നു. റൂഹാ പരമാർത്ഥിയും, അധികാരമുള്ളവനും നാഥനുമാകുന്നു. അവൻ പുത്രസ്വീകാര്യത്തിന്റെയും സത്യത്തിന്റെയും ആത്മാവും, ആലോചനയുടെയും, ജ്ഞാനത്തിന്റെയും, വിവേകത്തിന്റെയും, ദൈവഭയത്തിന്റെയും, അറിവിന്റെയും ആത്മാവാകുന്നു. റൂഹാ തനിക്കായി ആലയങ്ങൾ നിർമ്മിക്കുന്നു. അവൻ മാർഗ്ഗദർശിയാകുന്നു. അവൻ ആഗ്രഹിക്കുന്നപ്രകാരം പ്രവർത്തിക്കുകയും ഉചിതമായവിധം ആഗ്രഹിക്കുകയും ചെയ്യുന്നു. റൂഹാ ഓരോരുത്തനും നൽവരങ്ങൾ വിഭജിച്ചുകൊടുക്കുന്നവനും ആശ്വാസദാതാവുമാകുന്നു. അവൻ ധീരതയുടെ ആത്മാവാകുന്നു; നിർമ്മലനാകുന്നു; അവിഭാജ്യനാകുന്നു. അവൻ മനുഷ്യരോട് സ്നേഹമുള്ളവനാകുന്നു. അവൻ ദീർഘദർശികളെയും ശ്ലീഹന്മാരെയും പരിപൂർണ്ണരാക്കുന്നവനും രക്തസാക്ഷികളെ സന്നദ്ധരാക്കുന്നവനും ആകുന്നു. അവൻ ഉപദേഷ്ടാക്കൾക്കു ദൈവികജ്ഞാനം നൽകുന്നവനും പരമാർത്ഥികൾക്കു അറിവു നൽകുന്നവനുമാകുന്നു. അവൻ ദൈവാലയങ്ങളെ അലങ്കരിക്കുന്നവനും, നന്മകൾ പ്രവർത്തിക്കുന്നവനും സർവ്വശക്തനുമാകുന്നു.

പിതാവ് അറിയപ്പെടുന്നതും പുത്രൻ വിശ്വസിക്കപ്പെടുന്നതും അവനിൽകൂടി ആകുന്നു. അവൻ മാത്രം പിതാവിനോടും

www.malankaralibrary.com



പുത്രനോടുംകൂടെ വന്ദിക്കപ്പെടുന്നു. ജനിപ്പിക്കുന്നതൊഴികെ പിതാവിനുള്ള സകലവും, ജനിക്കുന്നതും ശരീരം ധരിക്കുന്നതുമൊഴികെ പുത്രനുള്ള സകലവും പരിശുദ്ധാത്മാവിനും ഉണ്ട്. പിതാവിനെയും പുത്രനെയുംകാൾ കൂടുതലും കുറവും ഇല്ലാതെ പരിശുദ്ധറൂഹാ അനാദ്യന്തനും സ്വയംഭൂവും ആകുന്നു. റൂഹാ പിതാവിനേക്കാൾ പൂർവ്വികനോ പുത്രനേക്കാൾ പ്രായംകൂടിയവനോ അല്ലാത്ത നിത്യനാകുന്നു.

ആശ്വാസപ്രദനായ റൂഹാതമ്പുരാനേ, ഈ പരിമള ധൂപാർപ്പണംവഴി അപ്രമേയമായ നിന്റെ ഐശ്വര്യ സമൃദ്ധിയോട് ഞങ്ങൾ അപേക്ഷിക്കുന്നു. നിന്റെ ദിവ്യദാനങ്ങൾ ഇപ്പോൾ ഞങ്ങളിൽ നവീകരിക്കണമേ. മാളികയിൽവച്ച് വിശുദ്ധ ശ്ലീഹന്മാരിൽ നീ ആവസിച്ചതുപോലെ ഞങ്ങളിലും ആവസിക്കണമേ. നിന്റെ ജ്ഞാനത്താലും ദിവ്യോപദേശരഹസ്യങ്ങളാലും ഞങ്ങളെ നിറയ്ക്കണമേ. നിന്റെ അധിവാസത്തിനു ഞങ്ങളെ സമ്പന്നരാക്കണമേ. നിന്റെ പ്രകാശരശ്മിയാൽ ഞങ്ങളെ ശോഭിപ്പിക്കണമേ. നിനക്കുവേണ്ടി ജീവിച്ച് നിന്നിൽ അന്ത്യം പ്രാപിക്കുവാനും നിന്നെയും, നീ മുഖാന്തരവും നിന്നോടൊരുമിച്ചും പിതാവിനെയും, പുത്രനെയും ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും വന്ദിക്കുവാനും ഞങ്ങളെ യോഗ്യരാക്കണമേ.

ജനം: ആമ്മീൻ..

## കോലൊ

*(താ-തൻ ശ്ലോമ്മൊ ഗബ്റിയേൽ...)*

ആ-ശ്വാ-സപ്രദനാം റൂഹാ
ഇപ്പരിപാവനമാം നാളിൽ
തീ-നാ-വെന്നവിധം വന്നു
പന്തിരുവർക്കരുളപ്പെട്ടു
    മാനസധൈര്യമവർ നേടി

www.malankaralibrary.com



പോയ് താത-സുത-റൂ-ഹായാം
ത്രി-ത്വത്തിൻ രഹസ്യം
സൃഷ്ടികളോടുദ്ഘോഷിപ്പാൻ

നാഥൻ തൻ ദാനം നേടാൻ
ശിഷ്യന്മാരൊന്നിച്ചപ്പോൾ
തീ-നാ-വിൻ സാദൃശ്യത്തിൽ
മേലിന്നെത്തി റൂഹ്ക്കുദിശാ
പ്രഭയുൾക്കാമ്പിലവർ നേടി
പോയാരവർ സൃഷ്ടിയിലെങ്ങും
സത്യത്തെ പിൻചെന്നീടും
ജ്ഞാനം പരിശീലിപ്പിക്കാൻ.. ബാറെക്മോർ.

ശുബ്ഹൊ.....

ആശ്വാസപ്രദനാം റൂഹാ
നിർമ്മല ശിഷ്യസമൂഹത്തിൽ
അ-ത്യു-ൽകൃഷ്ട രഹസ്യത്തെ
ഭൂതല ഭാഷകളിൽ ചൊന്നാർ
പവിത്രം ത്രിത്വത്തിൻ പേരിൽ
പാപം പോക്കാനും രോഗം
മാറ്റീടാനുമവർ-
ക്കധികാരം ദാനം ചെയ്തു.

മെൻഓലം.......

ര-ഹസ്യ-ങ്ങൾക്കതിരായീടുമീ
പരിപാവനമാകും നാളിൽ
ആ-ശ്വാ-സപ്രദനാം റൂഹാ
ജ്വാലകണക്കേ മാളികയിൽ
ആഗതനായ് ശിഷ്യന്മാരെ

www.malankaralibrary.com



ശക്തി സഹായം വിജ്ഞാനം
ശ്രേഷ്ഠം ദാനങ്ങൾ
ഇവയിൽ പൂർണ്ണന്മാരാക്കി. മൊറിയോ റാഹേം......

## എത്രൊ

ആശ്വാസദാതാവും, ആഗ്നിനാവുകൾവഴി വിശുദ്ധ ശ്ലീഹന്മാരിൽ ഇറങ്ങി ദിവ്യദാനങ്ങൾകൊണ്ട് അവരെ നിറച്ചവനുമായ പരിശുദ്ധാത്മാവായ ദൈവമേ, നിനക്കു ഞങ്ങൾ അർപ്പിക്കുന്ന ഈ പരിമളധൂപം മുഖേന നിന്റെ ശക്തിയും ജ്ഞാനവും വിശുദ്ധിയുംകൊണ്ട് കരുണാപൂർവ്വം ഞങ്ങളെ നിറയ്ക്കണമേ. നിന്റെ ദാനങ്ങളുടെ സമ്പത്തിനു ഞങ്ങളെ അർഹരാക്കണമേ. നീ ആരിൽനിന്നു പുറപ്പെടുന്നുവോ ആ പിതാവിനും, ആരുമുഖാന്തിരം നീ അറിയപ്പെടുന്നുവോ ആ ഞങ്ങളുടെ കർത്താവേശുമിശിഹായ്ക്കും ഇപ്പോഴും എല്ലാസമയത്തും എന്നേക്കും ഞങ്ങൾ സ്തുതിയും സ്തോത്രവും സമർപ്പിക്കും. ആമ്മീൻ.

## സൂമോറൊ

കർത്താവേ, നിന്റെ ഭവനത്തിനു വിശുദ്ധി സദാ യോഗ്യമാകുന്നു. കർത്താവു ഭരിക്കുന്നു. അവൻ മഹിമയും പ്രാഭവവും ധരിച്ചിരിക്കുന്നു.

## വേദവായനകൾ

സംഖ്യ 11:16-35; 1 സാമു 10:9-15;

അ.പ്ര 2:1-21; 1 കോരി 12:1-27

## പെസ്ഗോമൊ

ഹാ-ഉ-ഹാ-ആഗതനായി പാവന റൂഹാ
നിങ്ങളിലേവരിലും ചെയ്യട്ടാവാസം. ഹാലേ.....

www.malankaralibrary.com



## ഏവൻഗേലിയോൻ

(യോഹ 14:25-27; 15:26-27; 16:1-15)

നിങ്ങളോടുകൂടെ ആയിരിക്കുമ്പോൾത്തന്നെ ഇതു ഞാൻ നിങ്ങളോടു പറഞ്ഞിരിക്കുന്നു. എന്നാൽ, എന്റെ നാമത്തിൽ പിതാവ് അയയ്ക്കുന്ന സഹായകനായ പരിശുദ്ധാത്മാവ് എല്ലാ ക്കാര്യങ്ങളും നിങ്ങളെ പഠിപ്പിക്കുകയും ഞാൻ നിങ്ങളോടു പറഞ്ഞിട്ടുള്ളതെല്ലാം നിങ്ങളെ അനുസ്മരിപ്പിക്കുകയും ചെയ്യും. ഞാൻ നിങ്ങൾക്കു സമാധാനം തന്നിട്ടുപോകുന്നു. എന്റെ സമാധാനം നിങ്ങൾക്കു ഞാൻ നല്കുന്നു. ലോകം നല്കുന്ന തുപോലെയല്ല ഞാൻ നല്കുന്നത്. നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ട. നിങ്ങൾ ഭയപ്പെടുകയും വേണ്ട.

ഞാൻ പിതാവിന്റെ അടുത്തുനിന്ന് അയയ്ക്കുന്ന സഹായകൻ, പിതാവിൽനിന്നു പുറപ്പെടുന്ന ആ സത്യാത്മാവ് വരുമ്പോൾ അവൻ എന്നെക്കുറിച്ച് സാക്ഷ്യം നല്കും. ആരംഭംമുതൽ എന്നോടുകൂടെയുള്ളവരായതുകൊണ്ട് നിങ്ങളും സാക്ഷ്യം നൽകും.

നിങ്ങൾക്ക് ഇടർച്ചയുണ്ടാകാതിരിക്കേണ്ടതിനാണ് ഞാൻ ഇതെല്ലാം നിങ്ങളോടു പറഞ്ഞത്. അവർ നിങ്ങളെ സിനഗോ ഗുകളിൽനിന്നു പുറത്താക്കും. നിങ്ങളെ കൊല്ലുന്ന ഏവനും താൻ ദൈവത്തിനു ബലിയർപ്പിക്കുന്നു എന്നു കരുതുന്ന സമയം വരുന്നു. അവർ പിതാവിനെയോ എന്നെയോ അറിഞ്ഞിട്ടില്ലാത്ത തുകൊണ്ട് ഇതു ചെയ്യും. അവരുടെ സമയം വരുമ്പോൾ, ഇതു ഞാൻ പറഞ്ഞിരുന്നു എന്നു നിങ്ങൾ ഓർമ്മിക്കാൻവേണ്ടി ഞാൻ ഇതു നിങ്ങളോടു പറഞ്ഞിരിക്കുന്നു. ഇക്കാര്യങ്ങൾ ആരംഭത്തിലേ നിങ്ങളോടു പറയാതിരുന്നത് ഞാൻ നിങ്ങളോ ടുകൂടെ ഉണ്ടായിരുന്നതുകൊണ്ടാണ്.

എന്നാൽ, ഇപ്പോൾ ഞാൻ എന്നെ അയച്ചവന്റെ അടുക്ക ലേക്കു പോവുകയാണ്. എന്നിട്ടും നീ എവിടെപ്പോകുന്നു എന്ന് നിങ്ങളിലാരും എന്നോടു ചോദിക്കുന്നില്ല. ഞാൻ ഇതെല്ലാം

www.malankaralibrary.com



നിങ്ങളോടു പറഞ്ഞതുകൊണ്ട് നിങ്ങളുടെ ഹൃദയം ദുഃഖപൂരിതമായിരിക്കുന്നു. എങ്കിലും സത്യം ഞാൻ നിങ്ങളോടു പറയുന്നു. നിങ്ങളുടെ നന്മയ്ക്കുവേണ്ടിയാണ് ഞാൻ പോകുന്നത്. ഞാൻ പോകുന്നില്ലെങ്കിൽ സഹായകൻ നിങ്ങളുടെ അടുക്കലേക്ക് വരികയില്ല. ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കലേക്ക് ഞാൻ അയയ്ക്കും. അവൻ വന്ന് പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തെ ബോധ്യപ്പെടുത്തും-അവർ എന്നിൽ വിശ്വസിക്കാത്തതിനാൽ പാപത്തെക്കുറിച്ചും, ഞാൻ പിതാവിന്റെ അടുക്കലേക്കു പോകുന്നതുകൊണ്ടും നിങ്ങൾ ഇനിമേലിൽ എന്നെ കാണുകയില്ലാത്തതുകൊണ്ടും നീതിയെക്കുറിച്ചും, ഈ ലോകത്തിന്റെ അധികാരി വിധിക്കപ്പെട്ടിരിക്കുന്നതിനാൽ ന്യായവിധിയെക്കുറിച്ചും ബോധ്യപ്പെടുത്തും.

ഇനിയും വളരെ കാര്യങ്ങൾ എനിക്കു നിങ്ങളോടു പറയാനുണ്ട് എന്നാൽ അവ ഉൾക്കൊള്ളാൻ ഇപ്പോൾ നിങ്ങൾക്കു കഴിവില്ല. സത്യാത്മാവ് വരുമ്പോൾ നിങ്ങളെ സത്യത്തിന്റെ പൂർണ്ണതയിലേക്കു നയിക്കും. അവൻ സ്വമേധയാ ആയിരിക്കയില്ല സംസാരിക്കുന്നത്; അവൻ കേൾക്കുന്നതുമാത്രം സംസാരിക്കും. വരാനിരിക്കുന്ന കാര്യങ്ങൾ അവൻ നിങ്ങളെ അറിയിക്കും. അവൻ എനിക്കുള്ളവയിൽനിന്ന് സ്വീകരിച്ച് നിങ്ങളോടു പ്രഖ്യാപിക്കും. അങ്ങനെ അവൻ എന്നെ മഹത്വപ്പെടുത്തും. പിതാവിനുള്ളതെല്ലാം എനിക്കുള്ളതാണ്. അതുകൊണ്ടാണ് എനിക്കുള്ളവയിൽനിന്നു സ്വീകരിച്ച് അവൻ നിങ്ങളോടു പ്രഖ്യാപിക്കും എന്നു ഞാൻ പറഞ്ഞത്.

## ലുത്തിനിയാ

(രണ്ടു ശുശ്രൂഷകർ പടിഞ്ഞാറോട്ടു തിരിഞ്ഞുനിന്ന്)

ശുശ്രൂ: നാമെല്ലാവരും ഭംഗിയായും ഉത്സാഹപൂർവ്വവുംനിന്ന്

www.malankaralibrary.com



ദൈവത്തിനു പ്രീതികരമായ ശബ്ദത്തിൽ 'കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമേ' എന്നർത്ഥമുള്ള 'കുറിയേലായിസ്സോൻ' എന്നു പറയണം.

ജനം: കുറി......

ശുശ്രൂ: അഗ്നിനാവുകളുടെ രൂപത്തിൽ വിശുദ്ധ ശ്ലീഹന്മാരിൽ ഇന്നിറങ്ങുകയും, ദൈവികദാനങ്ങളാൽ അവരെ നിറയ്ക്കുകയും, പിതാവിനോടും പുത്രനോടും സാരാംശത്തിൽ നീ സമനാണെന്ന് സ്പഷ്ടമായി വെളിപ്പെടുത്തുകയും ചെയ്തവനേ, നിന്റെ ദൈവികദാനങ്ങളുടെ സമൃദ്ധി പ്രാപിക്കുവാൻ ഞങ്ങളെയും യോഗ്യരാക്കണമെ എന്നു നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

ജനം: കുറി.......

ശുശ്രൂ: വിദ്യാവിഹീനരായ മീൻപിടുത്തക്കാരെ ദിവ്യജ്ഞാനമുള്ളവരാക്കുകയും സുവിശേഷദൗത്യം പ്രസംഗിക്കുവാൻ അവരെ ശക്തരാക്കുകയും ചെയ്തപ്രകാരം ഞങ്ങളെയും നിന്റെ ദിവ്യദാനങ്ങൾക്കു യോഗ്യമായ നിർമ്മലഭാജനങ്ങളും ആലയങ്ങളും ആക്കണമെയെന്ന് നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

ജനം: കുറി.......

ശുശ്രൂ: 'മനുഷ്യരിൽ എന്റെ ആത്മാവ് ഇനിമേൽ വസിക്കുകയില്ല' എന്ന് ഞങ്ങളുടെ പാപം നിമിത്തം ഞങ്ങൾക്കെതിരായി നിശ്ചയിക്കപ്പെട്ടിരുന്ന വിധിയെ, ആശ്വാസപ്രദറൂഹായും ദൈവവുമായ നിന്റെ ആഗമനത്തിന്റെ ഈ പെന്തിക്കൊസ്തി ദിവസം നീ ഇല്ലാതാക്കി. പുത്രന്റെ വാഗ്ദാനം നീ നിറവേറ്റി. ശ്ലീഹന്മാരെ നീ ജ്ഞാനികളും പ്രബുദ്ധരുമാക്കി. ശ്രേഷ്ഠമായ ഈ ആരാധന വഴി വഞ്ചകനായ ദുഷ്ടന്റെ സകല കെണികളും തന്ത്രങ്ങളും തകർക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമേയെന്ന് നിന്നോടു ഞങ്ങൾ അപേക്ഷിച്ച് മൂന്നുപ്രാവശ്യം കുറിയേലായിസ്സോൻ എന്നു ചൊല്ലുന്നു.

www.malankaralibrary.com



ജനം: കുറി... കുറി... കുറി...

ശുശ്രൂ: നമുക്കു മുട്ടുകുത്തി കർത്താവിനോടപേക്ഷിക്കാം.

(കാർമ്മികൻ മുട്ടുകുത്തി രഹസ്യപ്രാർത്ഥന ചൊല്ലുമ്പോൾ ജനം മുട്ടിൻമേൽനിന്ന് കുറിയേലായിസ്സോൻ ചൊല്ലിക്കൊണ്ടിരിക്കണം)

## രഹസ്യപ്രാർത്ഥന

ഞങ്ങളുടെ മദ്ധ്യസ്ഥനും ആശ്വാസപ്രദറൂഹായുമായ ദൈവമായ കർത്താവേ, നിന്നെ ഞങ്ങൾ വന്ദിക്കുന്നു. നീ പിതാവിൽനിന്നു പുറപ്പെടുന്നവനും, പുത്രനിൽനിന്ന് സ്വീകരിക്കുന്നവനും, പിതാവിനോടും പുത്രനോടുംകൂടെ വന്ദനവും സ്തുതിയും സ്തോത്രവും കൈക്കൊള്ളുന്നവനും ആകുന്നു. പൂർവ്വകാലത്ത് ദീർഘദർശിമാർ മുഖേന വിവിധങ്ങളായ ദൈവിക നൽവരങ്ങളിലൂടെ നീ പരോക്ഷമായി പ്രവർത്തിച്ചിരുന്നു. ഇപ്പോഴാകട്ടെ, അഗ്നിനാവുകളുടെ സാദൃശ്യത്തിൽ വിശുദ്ധ ശ്ലീഹന്മാരിൽ ആവസിച്ച് അവരുടെ ബുദ്ധിയെയും നാവിനെയും അതിശയകരമാംവിധം നീ ഉജ്ജ്വലമാക്കി. പാപമാകുന്ന മുള്ളിനെ എന്നപോലെ നിന്ദ്യമായ വിചാരങ്ങളെ നീ ഉന്മൂലനം ചെയ്തു. സാധാരണക്കാരും അറിവിൽ കുറഞ്ഞവരുമായവരെ നീ ജ്ഞാനികളും സർവ്വലോകത്തിന്റെയും ഉപദേഷ്ടാക്കളുമാക്കിത്തീർത്തു. നിന്റെ ജ്ഞാനത്തിന്റെ രഹസ്യങ്ങൾ അവർക്കു നീ വെളിപ്പെടുത്തിക്കൊടുത്തു. ജ്വലിക്കുന്ന അഗ്നിയുടെ രൂപത്തിൽ അവരോരോരുത്തരുടെയുംമേൽ നീ ആവസിച്ച് നിന്റെ ദിവ്യാഗ്നിയുടെ ശക്തിമൂലം അവരെ പരിപൂർണ്ണരാക്കുകയും ചെയ്തു. നിന്റെ ദൈവിക ദർശനത്തിന്റെ ഉഗ്രത ഞങ്ങൾക്കു താങ്ങാൻ പാടില്ലായ്കയാൽ നിന്റെ മഹനീയമായ ആവാസത്തിന്റെ ഈ അവസരത്തിൽ ഞങ്ങൾ സാഷ്ടാംഗപ്രണാമം ചെയ്ത് നിന്നോടപേക്ഷിക്കുന്നു. എപ്പോഴും നീ ഞങ്ങളിൽ വസിച്ച് വാക്കിലും പ്രവൃത്തിയിലും നടപടികളിലും ഉത്തമവും പൂർണ്ണവുമായ സകല പ്രവർത്തനങ്ങളിലും നിന്റെ

www.malankaralibrary.com



ദൈവികവ്യാപാരം സദാ ഞങ്ങളിൽ പ്രത്യക്ഷപ്പെടുത്തണമേ. ഞങ്ങളുടെ പാപങ്ങളും നിയമലംഘനങ്ങളുംമൂലം ഞങ്ങളിൽനിന്ന് നിന്റെ കൃപയെ നീ നിരോധിക്കരുതേ. ഞങ്ങൾക്കു നല്ല സഹായങ്ങൾ നൽകുന്നതിൽ നീ ഉദാസീനനായിരിക്കരുതേ. നിന്റെ ശക്തിയും ജ്ഞാനവും നൈർമ്മല്യവും വിശുദ്ധിയും കൊണ്ട് ഞങ്ങളുടെ ഹൃദയങ്ങളെ നിറയ്ക്കണമേ. നിന്റെ കരുണയും കൃപയുംമൂലം നിന്റെ ശുശ്രൂഷയ്ക്കു നിർമ്മലഭവനങ്ങളും നിന്റെ തിരുനിവാസത്തിനു വിശുദ്ധാലയങ്ങളും ആയിത്തീരുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. അങ്ങനെ ഞങ്ങൾ തിരുമുമ്പാകെ വെടിപ്പുള്ളവരും നിർമ്മലരുമായി പ്രത്യക്ഷപ്പെടുമാറാകണമേ. ഞങ്ങളുടെ ആത്മാക്കളെ ശുദ്ധീകരിക്കുന്നവനും ബലപ്പെടുത്തുന്നവനുമായ പരിശുദ്ധാത്മാവെ, നിനക്കും, ആരിൽനിന്നു നീ പുറപ്പെടുന്നുവോ ആ പിതാവിനും, ആരിൽനിന്നു സ്വീകരിക്കുന്നുവോ ആ പുത്രനും ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും ഞങ്ങൾ സ്തുതിയും സ്തോത്രവും ആരാധനയും സമർപ്പിക്കും. ആമ്മീൻ.

കാർമി: (ഉച്ചത്തിൽ) ദൈവിക ശക്തിയാൽ നിങ്ങൾ എഴുന്നേല്പിൻ.

(താഴെ കാണുന്ന മാനീസാ ചൊല്ലിക്കൊണ്ട് വെള്ളം തളിക്കുന്നു.)

## മാനീസാ

പരിപാവനമാം ത്രിത്വത്തിൻ
പരിപൂർണ്ണാരാധന ഞങ്ങൾ
അറിയുന്നാശ്വാസപ്രദനാം
റൂഹായാൽ തന്നെ സത്യം
ആത്മമയൻ തന്നെ ദൈവം
ദൈവത്തെയാരാധിപ്പോൻ
നേരിലുമാത്മാവിലുമവനെ
പൂജിച്ചീടാൻ ബാ-ദ്ധ്യ-സ്ഥൻ.

www.malankaralibrary.com



(അല്ലെങ്കിൽ)

ശക്തി നൽകുന്നവനായ റൂഹാമുഖാന്തരം പരിശുദ്ധ ത്രിത്വത്തിന്റെ പാവനമായ ആരാധനയെ ഞങ്ങൾ പരിശീലിച്ച തായി അറിയുന്നു. ദൈവം ആത്മാവാകുന്നു. അവനെ ആരാധിക്കുന്നവർ ആത്മാവിലും സത്യത്തിലും ആരാധിക്കേണ്ട താകുന്നു.

**ഹൂത്തോമൊ**

കാർമ്മി: ആശ്വാസപ്രദനായ റൂഹാതമ്പുരാനേ, ഞങ്ങളുടെ ആത്മാക്കൾക്കു പാപമോചനവും ശരീരങ്ങൾക്കു വിശുദ്ധിയും നൽകണമേ. നിന്റെ ദിവ്യദാനങ്ങൾ ഞങ്ങൾ സംരക്ഷിക്കുവാനും ഞങ്ങളുടെ ആയുഷ്ക്കാലമെല്ലാം നിർമ്മലമായ ആരാധന അർപ്പിക്കുവാനും നിന്റെ ദിവ്യമായ മഹനീയതയ്ക്കും നിവാസ ത്തിനും അനുയോജ്യമായ ആലയങ്ങളായിത്തീരുവാനും ഞങ്ങളെ യോഗ്യരാക്കണമേ. നാം ഉച്ചത്തിൽ മൂന്നു പ്രാവശ്യം കുറിയേലായിസ്സോൻ എന്നു ചൊല്ലണം.

ജനം: കുറി.... കുറി.... കുറി....

*****

www.malankaralibrary.com

# കാൽ കഴുകൽ ശുശ്രൂഷ

## പ്രാരംഭപ്രാർത്ഥന

കാർമി: ശുബ്ഹൊ.....

ജനം: ബലഹീനരും .....

ദൈവമായ കർത്താവേ, വെള്ളത്താലുള്ള ഈ കഴുകൽമൂലം സകലവിധ കാഠിന്യത്തിൽനിന്നും ആകൽക്കറുസായുടെ സകലവിധ ദുഷ്ടതയിൽനിന്നും പാപത്തിന്റെ എല്ലാവിധ മാലിന്യത്തിൽനിന്നും വെടിപ്പാക്കപ്പെടുവാൻ ഞങ്ങളെ അർഹരാക്കണമേ. ഞങ്ങളുടെ കർത്താവും നിത്യദൈവവുമേ, അസൂയ, അഹങ്കാരം, കോപം, വിദ്വേഷം മുതലായ വികാരങ്ങളിൽനിന്നും ആയുഷ്പര്യന്തം ഞങ്ങളെ സ്വതന്ത്രരാക്കണമേ. മോറൻ വാലോഹാൻ....

### സങ്കീർത്തനം 51 പുറം 2

### ഗീതം

(ഏമോദുക്കീസോ/ സീയോനിൽ മരക്കുരിശിന്മേൽ തൂങ്ങി...)

ശ്ലീ-ഹന്മാർക്കായ് കാദീശ് പാടുന്നോ
ശിഷ്യപദങ്ങൾ കഴുകീ അവനിന്നാൾ
ദേവാ ദയ ചെയ്തീടണമെ.

ക്രോബഗണം ഭയമോടേന്തുന്നോ-നേ
ശിഷ്യസമക്ഷം ശിരസ്സു നമിച്ചോനെ- ദേവാ.......

അഗ്നിമയർ വീക്ഷിപ്പാൻ കഴിയാത്തോൻ
ശിഷ്യപദത്തെ കഴുകി ഇന്നാളി-ൽ ദേവാ.......

www.malankaralibrary.com



ദൂതന്മാർ വാനിൽ ശുശ്രൂഷിപ്പോൻ
ശിഷ്യപദങ്ങൾ കഴുകീയിപ്പാരിൽ ദേവാ.......

ജ്വാലയുടുത്തോൻ തൂവാലയണിഞ്ഞ്
ശിഷ്യർ പാദം കഴുകിത്തുടച്ചല്ലോ ദേവാ.......

പരിചിൽ തൂവാലയരയിൽ ചുറ്റി
ശിഷ്യഗണത്തിൻ പാദം കഴുകി താൻ ദേവാ.......

പാത്രത്തിനുള്ളിൽ വെള്ളം വീഴ്ത്തി
വിനയപഥത്തെ കാട്ടിത്തന്നോനാം- ദേവാ.......

സ്വർഗ്ഗീയം വിനയത്തിൻ ദൃഷ്ടാന്തം
തൻ ക്നൂമ്മായിൽ കാട്ടിത്തന്നോനാം ദേവാ.......

ശ്ലീഹന്മാരെ സംശുദ്ധം ചെയ്ത്
തിരുവചനത്തെ ഘോഷിപ്പവരാക്കിയ- ദേവാ.......

ബാറെക്മോർ.

കാർമി: ശുബ്ഹൊ....

ജനം: മെൻഓലം....

സുതനെയയച്ചൊരു താതാ, തേ! സ്തോത്രം
വന്നിഹ ശിഷ്യർ പാദം കഴുകീ താൻ- ദേവാ.......

കുറിയേലായിസോൻ

## സങ്കീർത്തനം 63

എന്റെ ദൈവമേ, നീ എന്റെ ദൈവമാകുന്നു. ഞാൻ നിനക്കായി കാത്തിരിക്കും.

ദാഹിച്ചും വരണ്ടും വെള്ളത്തിനായി ആഗ്രഹിച്ചിരിക്കുന്ന ഭൂമിയെപ്പോലെ, എന്റെ ആത്മാവ് നിന്നെക്കുറിച്ചു ദാഹിച്ചിരിക്കുന്നു. എന്റെ ജഡവും നിനക്കായി കാത്തിരിക്കുന്നു.

www.malankaralibrary.com



നിന്റെ ബലത്തെയും നിന്റെ ബഹുമാനത്തെയും കാണ്മാൻ ഇപ്രകാരം സത്യമായി ഞാൻ നിന്നെ നോക്കി.

എന്തെന്നാൽ, നിന്റെ കരുണ ജീവനെക്കാൾ നല്ലതാകുന്നു. എന്റെ അധരങ്ങൾ നിന്നെ സ്തുതിക്കും.

ഞാൻ ജീവനോടിരിക്കുമ്പോൾ ഇപ്രകാരം ഞാൻ നിന്നെ വാഴ്ത്തുകയും നിന്റെ നാമത്തിൽ ഞാൻ എന്റെ കൈകൾ ഉയർത്തുകയും ചെയ്യും.

എന്റെ ആത്മാവ് കൊഴുപ്പും മേദസ്സും കൊണ്ടെന്നപോലെ പുഷ്ടിയാകും. എന്റെ വായ് സ്തുതിയുള്ള അധരങ്ങൾകൊണ്ട് നിന്നെ സ്തുതിക്കുകയും ചെയ്യും.

എന്റെ കിടക്കയിൽ ഞാൻ നിന്നെ ഓർത്തു. രാത്രി കാലങ്ങളിൽ ഞാൻ നിന്നെ ധ്യാനിക്കുകയും ചെയ്തു.

എന്തെന്നാൽ, നീ എനിക്ക് സഹായക്കാരനായിത്തീർന്നു. നിന്റെ ചിറകുകളുടെ നിഴലിൽ ഞാൻ മറയ്ക്കപ്പെടും.

എന്റെ ആത്മാവ് നിന്നെ പിന്തുടർന്നു. നിന്റെ വലത്തുകൈ എന്നെ താങ്ങുകയും ചെയ്തു.

അവർ എന്റെ ആത്മാവിനെ നശിപ്പിക്കുവാൻ അന്വേഷിച്ചു. അവർ ഭൂമിയുടെ ആഴങ്ങളിലേക്ക് പ്രവേശിക്കും.

അവർ വാളിന് ഏല്പിക്കപ്പെടുകയും കുറുനരികൾക്ക് ഭക്ഷണമായിത്തീരുകയും ചെയ്യും.

രാജാവ് ദൈവത്തിൽ സന്തോഷിക്കും. അവനെക്കൊണ്ട് ആണയിടുന്ന ഏവനും പുകഴ്ചയുണ്ടാകും. എന്തെന്നാൽ, അസത്യം പറയുന്നവരുടെ വായ് അടയ്ക്കപ്പെടും.

ദൈവമേ, സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ

www.malankaralibrary.com



## ഗീതം

(ഗോഗുൽത്താമേൽ സോദരരേ)

സലിലം വാർന്നു പാത്രമതിൽ താ-ൻ കഴുകി ശിഷ്യന്മാരെ
പരസ്പരമതുപോൽ ചെയ്യണമെ-
ന്നവരോടരുളിച്ചെയ്തവനേ! ദേവേശാ- നാഥാ നീ- ധന്യൻ.

സ്വർഗ്ഗതലത്തിനുടയവനേ! മാലാഖകൾ സേവിപ്പോ-നേ!
താലത്തിൽ തണ്ണീർ പേറി
ശിഷ്യർ പാദം കഴുകിയോനേ! ദേവേശാ......

അരയിൽ ചുറ്റി തൂവാല-സ്നേഹത്തൊടു ശിഷ്യഗണത്തിൻ
പാദം കഴുകിയ ദേവേശാ
തിരുനിണമെയ്കൾ ഏറ്റിയൊനാം- ദേവേശാ......

രക്ഷാനാഥൻ വിനയമോടെ-തന്നുടെ ശിഷ്യരൊടിടപെട്ടു
"വിനയാന്വിതൻ ഞാൻ ശാന്തനുമാം."
കണ്ടു പഠിപ്പാനുരച്ചോനേ! ദേവേശാ......

ബാറെക്മോർ. ശുബ്ഹൊ.... മെൻഓലം...

എൻ പാദങ്ങൾ ഒരു നാളും, നീ-കഴുകരുതെന്നോതി ശീ-മോൻ
'കഴുകാതെന്നിൽ പങ്കില്ല'
അരുളിച്ചെയ്താനുടയവനും ദേവേശാ......

കുറിയേലായിസോൻ

## സങ്കീർത്തനം 19

ആകാശങ്ങൾ ദൈവത്തിന്റെ മഹത്വത്തെ അറിയിക്കുന്നു. ആകാശത്തട്ട് അവന്റെ കൈവേലയെ കാണിക്കുന്നു.

പകൽ പകലിനു വാക്ക് ഉച്ചരിക്കുന്നു. രാത്രി രാത്രിക്ക് അറിവിനെ അറിയിക്കുകയും ചെയ്യുന്നു.

www.malankaralibrary.com



അവയുടെ ശബ്ദം കേൾക്കപ്പെടാത്ത ഭാഷയുമില്ല വാക്കുകളുമില്ല.

ഭൂമിയിൽ എല്ലായിടവും അവയുടെ അറിയിപ്പും ഭൂലോകത്തിന്റെ അതിർത്തികളോളം അവയുടെ വചനങ്ങളും പുറപ്പെട്ടിരിക്കുന്നു.

അവൻ അവയിൽ സൂര്യന് ഒരു കൂടാരം അടിച്ചു. അതു മണവറയിൽനിന്നു പുറപ്പെടുന്ന മണവാളൻ എന്നപോലെ ആകുന്നു. പരാക്രമമുള്ളവൻ എന്നപോലെ തന്റെ വഴി ഓടുവാൻ സന്തോഷിക്കും.

ആകാശത്തിന്റെ അറ്റങ്ങളിൽനിന്ന് അതിന്റെ പുറപ്പാടും ആകാശത്തിന്റെ അതിർത്തികളിന്മേൽ അതിന്റെ താങ്ങലും ആകുന്നു. അതിന്റെ ചൂടിൽനിന്നും മറവായിരിക്കുന്നത് ഒന്നും ഇല്ല.

കർത്താവിന്റെ വേദപ്രമാണം കറ ഇല്ലാത്തതും ആത്മാവിനെ തിരിക്കുന്നതുമാകുന്നു. കർത്താവിന്റെ സാക്ഷി വിശ്വാസ യോഗ്യവും ശിശുക്കളെ ജ്ഞാനം ഉള്ളവരാക്കുന്നതും ആകുന്നു.

കർത്താവിന്റെ പ്രമാണങ്ങൾ ചൊവ്വുള്ളവയും ഹൃദയത്തെ സന്തോഷിപ്പിക്കുന്നവയും ആകുന്നു. കർത്താവിന്റെ കല്പന തിരഞ്ഞെടുക്കപ്പെട്ടതും കണ്ണുകളെ പ്രകാശിപ്പിക്കുന്നതും ആകുന്നു.

കർത്താവിനെക്കുറിച്ചുള്ള ഭയം വെടിപ്പുള്ളതും എന്നേക്കും നിലനിൽക്കുന്നതുമാകുന്നു. കർത്താവിന്റെ ന്യായവിധികൾ സത്യമായിട്ടുള്ളവയും സകലത്തിലും നീതിയായിട്ടുള്ളവയും ആകുന്നു.

അവ സ്വർണ്ണത്തെയും നല്ല രത്നങ്ങളെയുംകാൾ ആഗ്രഹിക്കത്തക്കവയും തേനിനെയും തേൻകട്ടയെയുംകാൾ മാധുര്യമുള്ളവയും ആകുന്നു.

www.malankaralibrary.com



അത്രയുമല്ല, നിന്റെ ദാസനും അവയിൽ സൂക്ഷ്മമുള്ളവനായിരിക്കും. അവൻ അവയെ ആചരിച്ചാൽ വളരെ പ്രതിഫലം കിട്ടും.

പിഴകളെ തിരിച്ചറിയുന്നവൻ ആര്? രഹസ്യകാര്യങ്ങളിൽ നീ എന്നെ കുറ്റമില്ലാത്തവനാക്കിത്തീർക്കണമേ.

ദുഷ്ടന്മാർ എന്നിൽ അധികാരപ്പെടാതിരിക്കുവാനും പാപങ്ങളിൽനിന്ന് ഞാൻ വെടിപ്പാക്കപ്പെടുവാനും ആയി അന്യായത്തിൽനിന്ന് നിന്റെ ദാസനെ തടയണമേ.

എന്റെ സഹായക്കാരനും എന്റെ രക്ഷിതാവുമായ കർത്താവേ, എന്റെ വായുടെ വചനങ്ങൾ നിന്റെ ഇഷ്ടപ്രകാരവും എന്റെ ഹൃദയത്തിന്റെ ധ്യാനം നിന്റെ മുമ്പാകെയും ഇരിക്കണമേ.

ദൈവമേ, സ്തുതി നിനക്ക് യോഗ്യമാകുന്നു. ബാറെക്മോർ.

## ഗീതം

*(ഹൗദതയിൻ കൂൽ ബെറിയോസോ/സൃഷ്ടിയെയഖിലം താങ്ങുന്നോൻ...)*

ഈറയർ പരിസേവിപ്പോനേ! തവ വിനയത്തി-ന്നായ് സ്തോത്രം
സ്രഷ്ടാപതേ നിൻ സ്നേഹത്താൽ ഈ ഭൂവിൽ നീ ആഗതനായ്
പാത്രത്തിൽ സലിലം പേറി
ശിഷ്യർ പാദം നീ കഴുകി
ആദത്തെ പരിരക്ഷിപ്പാൻ, വന്നോനെ! സ്തുതി താഴ്മയ്ക്കായ്

പ്രോജ്ജ്വലമാം പ്രഭ മേലങ്കി കണക്കുടുത്തോനാം-ഘോരാഗ്നി
അരയിൽ കൈലേസ് ചുറ്റിയഹോ ശിഷ്യഗണത്തിൻ കാൽ കഴുകി
പ്രഭയാലീറയരഞ്ചുമ്പോൾ
ശീമോന്നരികെ താൻ താണു
ആദത്തെ പരിരക്ഷിപ്പാൻ വന്നോനെ! സ്തുതി താഴ്മയ്ക്കായ്.

ബാറെക്മോർ. ശുബ്ഹൊ... മെൻഓലം...

www.malankaralibrary.com



രക്ഷകനഭിഷേകം ചെയ്തു പ്രകൃതിജലത്താൽ-തൻസഭയെ
സഭയും തനയരുമനവരതം അവനായ് സ്തുതി പാ-ടീടുന്നു
ഭൂവിൽ ശിഷ്യരെ നീ കഴുകി
പരമോന്നതനേ! നീ ധന്യൻ
സഭയെ പരിരക്ഷിപ്പാനായ്, വന്നോനേ! സ്തുതി താഴ്മയ്ക്കായ്.
കുറിയേലായിസോൻ

## ഏശായാ 42. 10-13; 45: 8

കർത്താവിന് ഒരു പുതിയ പാട്ടിനെയും അവന്റെ സ്തുതിയെ ഭൂമിയുടെ അതിർത്തികളിൽനിന്നും പാടുവിൻ. സമുദ്രത്തിലേക്ക് ഇറങ്ങിപ്പോകുന്നവരും അതിലുള്ള സകലവും, ദ്വീപുകളും അവയിൽ കുടിയിരിക്കുന്നവരുമേ, കർത്താവിനു പാടുവിൻ.

വനവും അതിലെ ഗ്രാമങ്ങളും സന്തോഷിക്കട്ടെ. കാദോർ മേച്ചിൽ സ്ഥലങ്ങളായിരിക്കട്ടെ. പാറകളിൽ കുടിയിരിക്കുന്നവർ സ്തുതിക്കട്ടെ, അവർ പർവ്വതങ്ങളുടെ മുകളിൽനിന്ന് ആർത്തുകൊള്ളട്ടെ. കർത്താവിന് മഹത്വം കൊടുക്കുകയും അവന്റെ സ്തുതികളെ ദ്വീപുകളിൽ അറിയിക്കുകയും ചെയ്യട്ടെ.

കർത്താവ് പരാക്രമശാലി എന്നപോലെ പുറപ്പെടും. അവൻ യോദ്ധാവ് എന്നപോലെ വാശിയെ ജ്വലിപ്പിക്കും. അവൻ ആർത്തു പ്രബലപ്പെട്ട് തന്റെ ശത്രുക്കളെ സംഹരിക്കും.

ആകാശങ്ങളേ, മേലിൽനിന്ന് ആനന്ദിപ്പിൻ. മേഘങ്ങൾ നീതിയെ തളിക്കട്ടെ. ഭൂമി തുറക്കപ്പെടട്ടെ. രക്ഷ വർദ്ധിക്കട്ടെ, നീതി ഒന്നിച്ചു മുളയ്ക്കുമാറാകട്ടെ. ഇവയെ സൃഷ്ടിച്ച കർത്താവ് ഞാനാകുന്നു.

ദൈവമേ, സ്തുതി നിനക്ക് യോഗ്യമാകുന്നു. ബാറെക്മോർ.

www.malankaralibrary.com



## ഗീതം

(ഇന്നാൾ നിൻ കബറിങ്കൽ)

ഇന്നാൾ നാഥൻ-സകലേശൻ-ശോശപ്പാ അരയിൽ ബന്ധിച്ച്
ശിഷ്യന്മാരുടെ കാൽ കഴുകുന്നതു ദർശിച്ചപ്പോൾ
പാരും വാനും-പ്രാപിച്ചാശ്ചര്യം-അത്യധികം

ഇന്നാൾ നാഥൻ-സകലേശൻ-സലിലത്തെ വാർത്താൻ പാത്രത്തിൽ
തൂവാലയതൊന്നരയിൽ ചുറ്റി ശിഷ്യഗണത്തിൻ
പാദം കഴുകി-കാണിച്ചു വിനയം-അത്യന്തം.

ഇന്നാൾ നാഥൻ-പാത്രത്തിൽ-വെള്ളത്തെ വീഴ്ത്തി-സസ്നേഹം
നമ്മുടെ രക്ഷകൻ അരയിൽ തൻ കച്ചയണിഞ്ഞു
ശിഷ്യന്മാർ തൻ-പാദങ്ങൾ കഴുകാ-നുൽസുകനായ്.

ഇന്നാൾ നാഥൻ-അഗ്നിമയൻ-താലത്തിൽ വെള്ളം-പേറിയഹോ
തൻ കൈപ്പണിയാം മൺമയർ പാദം കഴുകീടുമ്പോൾ
വാനവരാശ്ച-ര്യപ്പെട്ടു സ്തുത്യം-തൻ വിനയം.

ശുബ്ഹൊ... മെൻഓലം....

ശീമോൻ ചൊന്നാൻ-കഴുകെണ്ടെന്നെ-നാഥാ ഞാൻ ഭ്രമമാർന്നീടുന്നു
നാഥനുരച്ചാൻ ശീമോനെ നീ എൻ വചനത്തെ
ശ്രദ്ധിക്കായ്കിൽ-ആകില്ലെൻ ശിഷ്യൻ ഒരുനാളും.

സ്തൗമെൻകാലോസ് കുറി....

## പ്രുമിയോൻ

കാർമി: നാമെല്ലാവരും പ്രാർത്ഥിച്ച്...

ജനം: കാരുണ്യവാനായ...

കാർമി: സ്തുതിയും സ്തോത്രവും...

തിരുവിഷ്ടമായി വിനീതാവസ്ഥയിലേക്ക് ഇറങ്ങിവരികയും മാനുഷികമായ സകലവും കരുണയോടെ സ്വീകരിച്ചനുഭവിക്കു

www.malankaralibrary.com



കയും ഞങ്ങൾക്കുവേണ്ടിയുള്ള രക്ഷാകരവ്യാപാരം കൃപയോടെ നിർവഹിക്കുകയും ചെയ്ത കർത്താവിനു സ്തുതി. അവൻ വിനയപൂർവ്വം സ്വശിഷ്യന്മാരുടെ പാദങ്ങൾ കഴുകി താൻ ഇറങ്ങിവന്നതിന്റെ മർമ്മം അവരെ പഠിപ്പിക്കുകയും, തന്റെ സഭയ്ക്ക് ഏല്പിച്ചു കൊടുക്കാനായി യഥാർത്ഥമായ കല്പന അവർക്കു നല്കുകയും ചെയ്തു. അത്യുന്നതനും പ്രകൃത്യാ ശ്രേഷ്ഠനുമായ അവനു സ്തുതി. അവന് ഈ സമയത്തും എല്ലാ പെരുന്നാളുകളിലും ഞങ്ങളുടെ ആയുഷ്ക്കാലം മുഴുവനും സ്തുതിയും ബഹുമാനവും ആരാധനയും യോഗ്യമാകുന്നു. ബ്കുലഹൂൻ...

ജനം: ആമ്മീൻ.

## സെദറാ

വചനമായ ദൈവമേ നിനക്കു സ്തുതി. നീ സ്വർഗ്ഗീയരുടെയും ഭൗമികരുടെയും നാഥനാകുന്നു. ബഹുമാന്യമായ നിന്റെ സിംഹാസനത്തെ ദർശിക്കുവാൻ അഗ്നിമയന്മാരുടെ സേനകൾപോലും ശങ്കിക്കുന്നു. നീ ദഹിക്കുന്ന അഗ്നിയായിരിക്കെ ശാരീരിക അവയവങ്ങളാൽ ദർശിക്കപ്പെടുവാൻ കരുണാപൂർവ്വം മനസ്സായി, സ്വർഗ്ഗീയർ ഭയത്തോടെ നിന്നെ ശുശ്രൂഷിക്കുകയും തിരുമുമ്പാകെ സംഭ്രമസമേതം വണങ്ങുകയും ചെയ്യുന്നു. ജീവനുള്ളവരുടെ തലവനും സകലത്തിന്റെയും ദൈവവുമായ ഞങ്ങളുടെ കർത്താവേശുമിശിഹാ, നിന്റെ കൈവേലയായ പൂഴിയുടെ മുമ്പിൽ തലകുനിച്ച് നിന്റെ ശിഷ്യന്മാരുടെ പാദങ്ങൾ കഴുകുവാൻ കരുണയോടെ നീ തിരുമനസ്സായി. ഞങ്ങൾ അനുകരിപ്പാൻവേണ്ടി നിന്റെ താഴ്മയുടെ യഥാർത്ഥ മാതൃക ഞങ്ങൾക്കു നല്കുകയും രക്ഷാകരമായ നിന്റെ താഴ്മയുടെ സാദൃശ്യത്തിലേക്ക് ഞങ്ങളെ നയിക്കുന്ന ഈ മാർഗ്ഗം ഞങ്ങൾക്കു കാണിച്ചു തരികയും ചെയ്തു. നിന്റെ വിനയത്തിന്റെ ദൃഷ്ടാന്തം നിറവേറ്റിക്കൊണ്ട് തിരുമുമ്പാകെ സമ്മേളിച്ച്

www.malankaralibrary.com



നിസ്സാരമായ ഈ വെള്ളത്താൽ പരസ്പരം കാലുകൾ കഴുകുന്ന നിന്റെ ദാസരായ ഞങ്ങളുടെ ആത്മാക്കൾ ഇതുമൂലം സകല വിധ പാപമാലിന്യങ്ങളിൽനിന്നും മ്ലേച്ഛതയിൽനിന്നും വെടിപ്പാക്കപ്പെടുവാൻ കൃപ നൽകണമേ. നിന്റെ വിനയത്തെയും ഞങ്ങളുടെ അടുക്കലേക്കുള്ള നിന്റെ ഇറങ്ങിവരവിനെയും സൂക്ഷ്മതയുള്ള മനോനയനത്താൽ വീക്ഷിച്ച് എല്ലാവിധ അഹങ്കാരത്തെയും നിഗളത്തെയും, കൊടിയ വഞ്ചനമൂലം പിശാച് ഞങ്ങളുടെ വർഗ്ഗത്തിൽ പ്രവേശിപ്പിച്ച നിന്ദ്യ വികാരങ്ങളെയും ഞങ്ങൾ പരിത്യജിക്കുമാറാകണമേ. നീ മാതൃക കാണിച്ചുതരികയും നിന്റെ യഥാർത്ഥ ശിക്ഷ്യന്മാർക്കും വിശ്വസ്ത ഭൃത്യന്മാർക്കും യോഗ്യമായ വെടിപ്പോടും വിശുദ്ധിയോടുംകൂടെ ഞങ്ങൾ ആചരിക്കണമെന്ന് പഠിപ്പിക്കുകയും ചെയ്തിട്ടുള്ള പൂർണ്ണ വിനയവും, ഭയവും, സത്യസ്നേഹവും ഞങ്ങൾ അണിയുമാറാകണമേ. രക്ഷാകരമായ നിന്റെ പീഡാനുഭവത്തിന്റെയും ജീവദായകമായ മരണത്തിന്റെയും ഓർമ്മ നിർവഹിക്കുകയും മഹനീയമായ നിന്റെ പുനരുത്ഥാനപ്പെരുന്നാൾ കൊണ്ടാടുകയും ചെയ്യുവാൻ ഞങ്ങൾക്കനുഗ്രഹം നൽകണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധാത്മാവിനും ഇപ്പോഴും എപ്പോഴും എന്നേക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കും.

ജനം: ആമ്മീൻ.

## കോലൊ

*(ഒമറിൻ സോബേ/ കൂക്കോയോ.....)*

അഗ്നിമയൻ ക-ർത്താവരയിൽ വെൺതൂ-വാല ചുറ്റി
പാത്രത്തിൽ സലിലം പേറി; പാദം കഴുകീടിൻ
വന്നേറീടും-ശിഷ്യസമൂഹത്തെ
ശുശ്രൂഷിച്ച-സന്ധ്യയഹോ രമ്യം രമ്യം.
ക്ഷാളനജലവുമായ് യൂദായുടെ സവിധമണഞ്ഞപ്പോൾ
കത്തി നശിച്ചില്ലവനേതും വിസ്മ-യമതുപാരം
ഹാലേലൂയ്യാ-ഉ-ഹാലേലൂയ്യാ സതതം

www.malankaralibrary.com



മേലങ്കി മാറ്റി രക്ഷാ നാഥൻ-തൂവാല
അരയിൽ ചുറ്റി സൃഷ്ടികൾ തൻ പാദങ്ങൾ കഴുകി
ശീമോന്നരികെ-ചെന്നപ്പോൾ ചൊന്നാൻ
കർത്താവേ! നീ-എന്തിഹ ചെയ്തിടു-ന്നിപ്പോൾ?
നാഥൻ ചൊന്നാൻ ശീമോനേ മൗനം-പൂകുക നീ
ലൗകികാധിപർക്കവമാനം ഞാനെൻ-വിനയത്താൽ
ഹാലേ.... നൽകാൻ കാംക്ഷിച്ചീടുന്നു. ബാറെക്മോർ.

ശുബ്ഹൊ......

പാതാളസ്ഥരും ഭൗമികരും വാ-നോരും കൂപ്പും
ദേവാധിപനും ദൈവത്തിൻ സുതനും-സ്തുതിയേറും
മന്നനുമായോൻ-മന്നിടമതിലെത്തി
അത്താഴത്തിൽ-ജലം നിറഞ്ഞൊരു പാത്രവുമേന്തി
ശിഷ്യന്മാരുടെ പാദങ്ങൾ കഴുകു-ന്നതുകണ്ട്
വാനവസേനയുമംബരവും കടലും-ഭ്രമമാണ്ടു
ഹാലേ.....ഉ...ഹാലേ......പാരം

മെൻഓലം......

നിർമ്മല സലിലം പാത്രത്തിൽ കർത്താ-വേന്തിയഹോ
ശിഷ്യഗണത്തിൻ ചരണങ്ങൾ കഴുകാ-നുത്സുകനായ്
ശീമോൻ ചൊന്നാൻ-അരികെ ചെന്നപ്പോൾ
റബ്ബീയെൻകാൽ-കഴുകരുതൊരുനാളും-നാഥാ
ചൊന്നാൻ കഴുകപ്പെട്ടിടാതഴിവി-ല്ലാത്തോരാ
ശാശ്വത രാജ്യമണഞ്ഞീടാനാകില്ലോർക്കുക നീ
ഹാലേ.....ഉഹാലേ....നൂനം

മൊറിയൊ റാഹേം...

www.malankaralibrary.com



## എത്രൊ

കാർമി: യഥാർത്ഥവും പൂർണ്ണവുമായ സ്നേഹത്തിന്റെ രഹസ്യം ഞങ്ങളെ ഭരമേല്പിക്കുകയും അതു തന്നിൽതന്നെ മുൻകൂട്ടി മാതൃകാപരമായി കാണിക്കുകയും ദൈവോചിതമായവിധത്തിൽ അന്യോന്യം കീഴ്പ്പെടുവാനും ശുശ്രൂഷിപ്പാനും പഠിപ്പിക്കയും ചെയ്ത ഞങ്ങളുടെ മിശിഹാ തമ്പുരാനേ, നിന്റെ തിരുമുമ്പാകെ ഞങ്ങളർപ്പിച്ച ഈ സുഗന്ധധൂപം കരുണയോടെ കൈക്കൊള്ള ണമേ. നിന്റെ കരുണയാകുന്ന വെടിപ്പുള്ള സോപ്പായാൽ പാപ മാലിന്യത്തിൽനിന്നും മ്ലേഛതയിൽനിന്നും ഞങ്ങളെ തുടച്ചു വെടിപ്പാക്കണമേ. പരിശുദ്ധാത്മാവിന്റെ ശക്തിയാൽ സ്നേഹ ത്തോടും വിനീതഹൃദയത്തോടുംകൂടെ നിന്റെ ദിവ്യകല്പനകൾ ആചരിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. പ്രതിപകരത്തിന്റെ ആ ഭയങ്കര ദിവസത്തിൽ ശിക്ഷാർഹരായിത്തീരുവാൻ ഞങ്ങൾക്കിടയാകരുതേ. ഞങ്ങളുടെ കർത്താവും ദൈവവുമെ, ഞങ്ങൾ നിനക്കു സ്തുതിയും സ്തോത്രവും ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും സമർപ്പിക്കും.

ജനം: ആമ്മീൻ.

## കോലൊ

*(ബ് തറഗാക് മോറാൻ/ ഉഷകാലെ മെദിയാൻക്കാർക്കായ് യൗസേഫേ തൻ...)*

സ്നേഹത്തോടു വിശ്വാസത്തിൻ നിറവില്ലാത്തോൻ
കഴുകലിലണയേണ്ട
കഴുകീടണമാത്മാവിനെയും പാപം പോക്കാൻ
ആത്മമതും തനുവും മനവും കഴുകണമൊരുപോൽ പൂർണ്ണ
മനസ്സോടെ

ബാറെക്മോർ. ശുബ്ഹൊ....മെൻഓലം.....

www.malankaralibrary.com



ശിഷ്യൻമാരേ! വെടിയരുതേ വത്സലനാഥൻ തന്നുടെ കല്പനകൾ
സ്നേഹിത പാദം കഴുകിടുവാൻ താഴ്മയെഴാത്തോ-
നർഹതയില്ലെൻ ശിഷ്യത്വം നേടിടുവാനെ-ന്നുടയോൻ കല്പിച്ചു.

## ഗീതം

*(സൊഹദെ പ്താഹ് ഗാസൈകുൻ/ പീലാത്തോസിൻ വല്ലഭയീ...)*

പായും പാമരവും കൂടാ-താഴിയിൽ ഓടിപ്പോയ് നൗക
സങ്കേതം പ്രാപിക്കില്ല-മാമോദീസായും മിശിഹാ
തൻമെയ് രക്തങ്ങളുമെന്യേ
ജീവൻ നേടുകയില്ലാത്മം
ഹാലേലൂയ് ഹാലേലൂയ്യാ
ലോകത്രാതാവാമീശോ-നിന്നുതവിയ്ക്കായ് സ്തോത്രം

ബാറെക്മോർ. ശുബ്ഹൊ....മെൻഓലം......

ശിഷ്യന്മാരെ വീക്ഷിച്ചേൻ-വന്നാർ കഴുകപ്പെട്ടീടാൻ
ശീമോൻ തന്നൂഴം വന്നു-ജീവാധീശൻ തൻ സൂനു
ദാസപദം സ്പർശിച്ചപ്പോൾ
ഉച്ചത്തിൽ ചൊന്നാനേവം
ഹാലേലൂയ് ഹാലേലൂയ്യാ
ഒരു നാളും സർവ്വാധീശാ, കഴുകരുതേ നീയെൻ പാദം

## ഗീതം

*(ഏനോനോ-നുഹറൊ/ അഗന്യാത്മീയന്മാരീറേരും...)*

ചെറിയോൻ തൊ-ട്ടേവരെയും കഴുകി
ശീമോന്നരികിൽ ചെന്നപ്പോൾ
ചൊന്നാനെൻ കർത്താവേ നീയെൻ
പാദം കഴുകരുതെന്നേവം

www.malankaralibrary.com



കർത്താവവനൊടു കല്പിച്ചാൻ
എന്നിഷ്ടത്തിന്നെതിരായി
നിന്നാൽ നീയന്യൻ തന്നെ
കീപ്പാ ചൊന്നാൻ നാഥാ എൻ
തലയും മെയ്യും കഴുകേണം. ബാറെക്മോർ.

ശുബ്ഹൊ.... മെൻഓലം.....

കാർമുകിലിൽ, മൂടൽമഞ്ഞിൽ താൻ
ദൈവം സംഭാഷിച്ചപ്പോൾ
തേജസ്സും മഹിമാവും സീനായ്-
മലയിൽ മൂശാ പ്രാപിച്ചാൻ
പ്രോജ്ജ്വല വെളിപാടാലേവം
ആ നിബിയെ ശോഭിപ്പിച്ചാൻ
മനുജത്വം സ്വയമാർന്നപ്പോൾ
ശീർഷം താഴ്ത്തി ദാസൻതൻ
പാദം കഴുകി മാളികയിൽ

## ഗീതം

(പൗലോസ് ശ്ലീഹാ)

ശ്ലീഹർ നിവഹം-ഭോജനമതിനായ് വന്നെത്തി
വത്സല ശിഷ്യരെ പ്രിയനാഥൻ
ശുശ്രൂഷിപ്പാനെഴുന്നേറ്റാൻ
വെള്ളം പാത്രത്തിൽ പേറി
പാദം കഴുകാൻ തല താഴ്ത്തി
സൃഷ്ടികൾ പാദം തോർത്തീടാൻ
സ്രഷ്ടാവരയിൽ ബന്ധിച്ചു-
റുമാൽ, അത്ഭുതമിതു കാൺമാൻ
സകലരുമേ, വരുവീൻ പോകാം.

ബാറെക്മോർ. ശുബ്ഹൊ...മെൻഓലം....

www.malankaralibrary.com



സത്യസ്നേഹം നൽവിശ്വാസവുമില്ലാതെ
തനുവിൻ കഴുകലിനായ് മാത്രം
ഒരുവൻ വരുവതയോഗ്യം താൻ
മെയ് കഴുകപ്പെട്ടീടുമ്പോൾ
ആത്മം പാപത്തിൽ മേവും
ആത്മശരീരങ്ങൾ മനവും
പരിപൂർണം നാം കഴുകേണം
നിർദ്ദേശിതമാം ക്ഷാളനമോ
സംപൂർണ്ണം താനെന്നോർപ്പിൻ.

മൊറിയൊ റാഹേം...

## ബോത്തേദുഹാശോ

(സ്തുത്യൻ നാഥാ......)

ഞങ്ങൾക്കായ് നീയേറ്റൊരു പീഡാ
താഴ്മയുമേറ്റം ധന്യം നാഥാ
ഇന്നേദിവസം ദൈവതനൂജൻ
വെൺകച്ചയരയിൽ ഭംഗ്യാ ചുറ്റി
ദാസന്മാർ തൻ-പാദം കഴുകി
തോർത്തീ പാരം-വിമലത നൽകി
ഭോജ്യത്തിന്നായ് പന്തിയിരുത്തി.

നാഥൻ ശീമോനോടരുളി, നിൻ
തോഴർക്കൊപ്പം നിൻ പാദങ്ങൾ
ഞാൻ കഴുകായ്കിൽ-പങ്കില്ലെന്നിൽ
ശുശ്രൂഷകനും ശിഷ്യനുമാകാ
ശ്ലൈഹിക സിംഹാ-സനവും നേടാ.

ഗോചരനല്ലാത്തൊരു താതന്നും,
പന്തിരുവർതൻ പാദം കഴുകി
ദൗത്യം സർവ്വം-നിറവേറ്റിയൊരാ
തൻപുത്രനും ശുദ്ധാത്മനും
സ്തുതി സ്തോത്രങ്ങൾ നാമേകേണം

www.malankaralibrary.com



നിന്നെ വിധിച്ചോർ വിധിയേൽക്കുമ്പോൾ
വിധിയേൽക്കല്ലേ നാഥാ ഞങ്ങൾ.

മൊറിയോ റാഹേം....

## മാർ യാക്കോബിന്റെ ബോവൂസാ

മ്ശീഹാ ഹാശാ മൃത്യു സ്ക്കീപ്പാകൾക്കായ് വന്ന
ദേവാ, കൈക്കൊണ്ടീ പ്രാർത്ഥന കാരുണ്യം ചെയ്ക
ആലോഹൻ.../സർവേശാ...

ഞാൻ ചൊന്നിടും വചനങ്ങളെ നീ ശ്രദ്ധിക്കായ്കിൽ
ശ്ലീഹായാകാനെളുതല്ലേതും നീയോതും പോൽ
എൻ ശിഷ്യൻ നീയെന്നാലണയുക എന്നിഷ്ടം പോൽ
എന്റേതാകാതെൻ ശിഷ്യത്വം നീയാർന്നിടാ
ആലോഹൻ.........

പങ്കില്ലേതും കഴുകൽ കൂടാതെന്നോടൊപ്പം
വാഗ്വാദത്താൽ എന്നിഷ്ടം നീ രോധിക്കുന്നു
ഞാനോതീടും പുതുകല്പന നീ ഏറ്റീടായ്കിൽ
മർത്ത്യർതൻ ഗുരുവായീടാൻ നീ അപ്രാപ്തൻ തൻ
ആലോഹൻ.........

നീ വന്നേൽക്കുക ക്ഷാളനമതിനാൽ എൻ ശിഷ്യത്വം
നീയന്യൻ താൻ കഴുകലിനെ കൈക്കൊണ്ടില്ലെങ്കിൽ
ക്ഷാളിക്കപ്പെടുന്നില്ലെങ്കിൽ നീയന്യൻ നൂനം
തിരുച്ചിത്തംപോൽ നാഥൻ കഴുകി ശീമോൻ പാദം
ആലോഹൻ.........

വന്നെല്ലാരും രക്ഷകസവിധേ ക്രമമായ് നിന്നു
നിന്ദ്യൻപോൽ താൻ ശിഷ്യസമക്ഷം ശീർഷം താഴ്ത്തി
പാദം കഴുകി തൻ വിനയത്താൽ അവർ മാനിപ്പാൻ
ഇതുപോൽ ചെയ്തീടിൻ കല്പിച്ചാൻ എൻ ശിഷ്യരാകാൻ
ആലോഹൻ.........

www.malankaralibrary.com



ശ്ലീഹന്മാരെ മുന്നം ചേർത്തൊരു താതൻ സ്തുത്യൻ
തൻ താഴ്ചയാലെ അവരെയുയർത്തിയ പുത്രൻ വന്ദ്യൻ
ജ്ഞാനത്താലവരെ നിറച്ചോനാം റൂഹാ സ്തുത്യൻ
ശ്ലീഹർ പ്രാർത്ഥനയാൽ വാഴ്വെങ്ങൾക്കുണ്ടാകട്ടെ.

ആലോഹൻ.........

## ഗീതം

(കും പൗലോസ്, റംസാദേശത്തിൻ......)

ശിഷ്യരുമായെത്തി-മാളികയിൽ നാഥൻ
ദൃഷ്ടാന്തം സർവം-നിറവേറ്റീടാൻ
വിനയാബ്ധിക്കാഴ-ത്തട്ടോളം ചെന്നാൻ
തന്നത്താൻ താഴ്ത്തി-ബലവാനാം ദൈവം
സകലത്തിൻ നാഥൻ-നിഖിലത്തിൻ ദൈവം
ജീവിതരഥത്തിൻമേൽ-ആഘോഷിതമായീടുന്നോൻ
മാതൃകയാവാനായ്-വിനയത്തിൻ മാർഗ്ഗം
ശിഷ്യർക്കേകീടാൻ-ഉള്ളിലുരച്ചാൻ.

ദിവ്യരഹസ്യത്തിൻ-മാളികയിൽ ദാസൻ
വന്നാർ, നാഥൻ താൻ-അവർ മുൻനിന്നു
തോർത്തരയിൽ ചുറ്റി-നിലകൊണ്ടാനീശൻ
ശിഷ്യസമൂഹത്തിൻ-കാൽ കഴുകീടാൻ
വഞ്ചക യൂദാതൻ-കാലും നീ കഴുകി
മനുജകുലസ്നേഹം-നിന്നെയഹോ പാരം താഴ്ത്തി
കരുണ നിറഞ്ഞോനേ! ഉത്തമനേ! സ്തോത്രം
സ്തുത്യൻ നിൻ സ്നേഹം-ക്രൂശേറ്റോനേ.

നേരിലുറച്ചോരായ്-നിർമലമായ് മേവും
കുഞ്ഞാടിൻ കൂട്ടം-സ്വീകൃതമായി
മനുജസ്നേഹത്താ-ലവർ സൂര്യനൊപ്പം
ശോഭിപ്പാൻ കർത്താ-വാഗ്രഹമാർന്നു

www.malankaralibrary.com



അത്ഭുതകാര്യങ്ങൾ-ചെയ്‌വാൻ കെൽപ്പേകി
അധികാരം നൽകി- പദവികൾ വാഗ്ദാനം ചെയ്തു
സന്തോഷം കർത്താ-വാഗതനാകുമ്പോൾ
വിധിപീഠത്തിന്മേ-ലവരുമിരിക്കും.

അഗ്നിമയന്മാരാൽ-സേവിതനാകുന്നോൻ
ജീവനെഴും അഗ്നി-പ്രോജ്വലമഗ്നി
പൂഴിയതിൻ മുമ്പിൽ-തൻ ശീർഷം താഴ്ത്തി
കാൽ കഴുകീടാനായ്-അർത്ഥിക്കുന്നു.
ക്രോബേ സ്രാപ്പേന്മാർ-കീർത്തിച്ചീടുന്നോൻ
ജീവരഥത്തിൻമേൽ-സ്ഥിതിചെയ്യും സർവാധീശൻ
നിന്നു ശീമോൻ മുൻ-തൻ തലയും താഴ്ത്തി
സ്തുത്യൻ താനേവം-വിനയം പൂണ്ടോൻ.

മണ്ണാമെൻ പാദം-കഴുകിടുവോളം നീ
സ്വർഗ്ഗീയാ പാരം-താണിടല്ലേ
എൻ കർത്താവേ ഞാൻ-നിന്ദിതമാം പൂഴി
എങ്ങനെയീക്കാര്യം-നീ ചെയ്തീടും?
ആദാമിൻ താതാ-സൃഷ്ടികൾ തൻനാഥാ
ഞാൻ നിൻ ശ്ലീഹാതാൻ-ലജ്ജിപ്പിച്ചീടരുതെന്നെ
എൻ കർത്താവേ ഞാൻ-ഭയമാർന്നീടുന്നു.
ഗുരുനാഥാ-നീയെൻ-കാൽ കഴുകണ്ടാ.

വെള്ളം പാത്രത്തിൽ-കോരിയൊഴിച്ചീശൻ
തലവൻ ശീമോനോ-ടേവമുരച്ചു
വന്നിടു നീ ശീമോൻ-എന്നരികിൽ വേഗം
നിൻ പാദങ്ങൾ ഞാൻ-കഴുകീടട്ടെ.
കൈപ്പണിയായീടും-പൂഴിയുടെ പാദം
കഴുകിയ സ്വർഗ്ഗീയാ-സ്തുത്യംതന്നെ നിൻ താഴ്മ

www.malankaralibrary.com



എവ്വിധമിക്കാര്യം-നേരിടുമെന്നോർത്ത്
ശീമോനത്യന്തം-സംഭ്രമമാർന്നു.

ശീമോനേ ശീഘ്രം-നിന്നിഷ്ടം തള്ളി
എന്നിഷ്ടത്തെ നീ-കൈക്കൊള്ളേണം
വിനയത്തിൻ മാർഗ്ഗം-കാട്ടിത്തന്നീടാം
കേപ്പായേ നിൻ കാൽ-ഞാൻ കഴുകട്ടെ.
നീയും ചെയ്തേവം-സ്വർഗ്ഗീയന്മാരെ
വാഴ്ത്തിയിദം പാരം-നിഗളത്തെ നീക്കീടേണം
കാൽ കഴുകീടാനായ്-തൻ തലയും താഴ്ത്തി
അർത്ഥിച്ചാൻ നാഥൻ-ശിഷ്യനോടേവം.

എന്തിനു ശീമോനെ-തർക്കിക്കുന്നേവം?
എതിരായ് നിൽക്കാതെൻ-വചനം കേൾക്കു
വായുതലത്തിങ്കൽ-കാവലിരുപ്പോനെ
പോരിൽ തോല്പിക്കാൻ-ഞാനിച്ഛിപ്പൂ
ശ്രദ്ധിക്കൂ ശീമോൻ-നീ നിന്നിഷ്ടത്താൽ
എന്നെ മറുത്തെന്നാൽ-ഇല്ല നിനക്കെൻ ശിഷ്യത്വം
ശീമോനെ ഞാൻ നിൻ-കാൽ കഴുകീടായ്കിൽ
പ്രിയരൊപ്പം സ്ഥാനം-നീ നേടീടാ.

ശിഷ്യവരൻ ശീമോൻ-ഗുരുസവിധം ചെന്നു
മുതിരുകയായ് നാഥൻ-കാൽ കഴുകാനായ്
ഇതുപോലാശ്ചര്യം-കാണുമ്പോളേവൻ
വിസ്മിതനാകില്ല-കരയുകില്ല.
ബലവാനാം ദൈവം-സൃഷ്ടികൾ തൻ നാഥൻ
ധൂളിയതിൻ മുമ്പിൽ-നിൽക്കുന്നു ശീർഷം താഴ്ത്തി
നിഗളികളേ നോക്കിൻ-ഡംഭികളേ കാൺമിൻ
തന്നത്താൻ നിങ്ങൾ-ശോധന ചെയ്‌വിൻ

www.malankaralibrary.com



നന്മ നിറഞ്ഞോൻ, കാൽ-കഴുകി വെടിപ്പാക്കി
തൻ ശിഷ്യന്മാരെ-ജ്ഞാനികളാക്കി
അതുപോലന്യോന്യം-ശിഷ്യന്മാർ ചെയ്‌വാൻ
വിനയത്തിൻ മാർഗ്ഗം-നാഥൻ നൽകി
കുഞ്ഞാട്ടിൻ മാംസം-ഭക്ഷിപ്പാൻ രാവിൽ
പന്തിയിലേക്കേറ്റി-സത്തമനാ ശിഷ്യന്മാരെ
ബലിക്കല്ലിൽ നിന്നും-പെസഹാവേഷത്തെ
മോചിപ്പിച്ചീടും-വേളയടുത്തു.

വീക്ഷിക്കുന്നെങ്ങൾ-മാനസമേ ചൊല്ലൂ
ഭീകരമാം ക്രോബ-ത്തേരിലിരിപ്പോൻ
സ്രഷ്ടാവാം താതൻ-മഹിമകൾ തൻ നാഥൻ
ശിഷ്യസമൂഹത്തിൻ-മദ്ധ്യേ നിൽപ്പൂ
തിരുമാർവിൽ വാഴ്‌വോൻ-കഴുകി ശിഷ്യർ കാൽ
അവനെ യൂദന്മാർ-കൊല ചെയ്‌വാനായേല്പിച്ചു.
അവകാശം വീണ്ടും-ആദാമിന്നേകാൻ
അവനൻപാലേവം-വിനയം പൂണ്ടു.

## സുമോറൊ

(സൃഷ്ടിയെയഖിലം താങ്ങുന്നോൻ......)

വിനയസമേതം വാനുടയോൻ
ശിഷ്യഗണത്തിൻ കാൽ കഴുകി
ദുഷ്ടാഹങ്കാരം നീക്കി-താഴ്മ പഠിപ്പിച്ചാൻ നമ്മെ
വിനയത്തൊടു നീ ഞങ്ങൾക്കായ്
ഏറ്റൊരു യാതന സംസ്തുത്യം.

## വേദവായനകൾ

പുറ 34:18-26; 2 രാജാ. 23:21-25; ഏശ 50:4-10;
1 പത്രോ. 3:17-22; ഹെബ്രാ 10:21-29.

www.malankaralibrary.com



## പെസ്ഗോമൊ

ഹാ-ഉ-ഹാ. ഞാനെൻ കൈകൾ കഴുകി വെടിപ്പായി
പരിചൊടു നിൻ ബലിവേദി വലം വച്ചേൻ. ഹാലേ.....

## ഏവൻഗേലിയോൻ

(കാൽ കഴുകൽ സമയത്തെ ഏവൻഗേലിയോൻ അതിനായി പ്രത്യേകം നിശ്ചയിക്കപ്പെട്ട ഒരാൾ വായിക്കണം.)

യോഹ 13:1-19

ഈ ലോകം വിട്ട് പിതാവിന്റെ സന്നിധിയിലേക്കു പോകാനുള്ള സമയമായി എന്ന് പെസഹാത്തിരുന്നാളിനുമുമ്പ് യേശു അറിഞ്ഞു. ലോകത്തിൽ തനിക്കു സ്വന്തമായുള്ളവരെ അവൻ സ്നേഹിച്ചു; അവസാനംവരെ സ്നേഹിച്ചു. അത്താഴസമയത്ത് പിശാച്, ശിമയോന്റെ പുത്രനായ യൂദാസ് സ്കറിയോത്തായുടെ മനസ്സിൽ യേശുവിനെ ഒറ്റിക്കൊടുക്കുവാൻ തോന്നിച്ചു. പിതാവ് സകലതും തന്റെ കരങ്ങളിൽ ഏല്പിച്ചിരിക്കുന്നെന്നും താൻ ദൈവത്തിൽനിന്നു വരികയും ദൈവത്തിങ്കലേക്കു പോവുകയും ചെയ്യുന്നുവെന്നും യേശു അറിഞ്ഞു. അത്താഴത്തിനിടയിൽ അവൻ എഴുന്നേറ്റ്, മേലങ്കി മാറ്റി ഒരു തൂവാലയെടുത്ത് അരയിൽ കെട്ടി. അനന്തരം ഒരു താലത്തിൽ വെള്ളം ഒഴിച്ചു.

(ഇവിടെ മേല്പട്ടക്കാരൻ ഈ പ്രാർത്ഥന വെള്ളത്തിൻമേൽ നടത്തുന്നു)

കാർമി: ദൈവമായ കർത്താവേ, ജീവദായകമായ നിന്റെ വചനങ്ങൾ അനുസരിച്ചുകൊണ്ട് വിനയത്തോടെ നിന്റെ മുന്തിരിത്തോട്ടത്തിൽ ശ്രേഷ്ഠമായ സേവനം അനുഷ്ഠിക്കുവാൻ ഞങ്ങൾക്കു കൃപ നൽകണമേ. പാത്രത്തിൽ വെള്ളമൊഴിച്ച് നിന്റെ സത്യശിഷ്യന്മാരുടെ കാലുകൾ കഴുകി നീ ഞങ്ങൾക്കു കാണിച്ചു തന്നതനുസരിച്ച് ഞങ്ങളും പരസ്പരം പാദങ്ങൾ കഴുകി നിന്റെ

www.malankaralibrary.com



മാതൃക നിവർത്തിച്ച് നിന്നെ പ്രീതിപ്പെടുത്തുമാറാകണമേ. വിനയത്തിന്റെ ഈ മാതൃക എല്ലാ യഥാർത്ഥ ശിഷ്യന്മാരുടെയും ഇടയിൽ സ്ഥിരപ്രതിഷ്ഠിതമായിത്തീർന്നിരിക്കുന്നു.

കർത്താവേ, നിന്റെ വിനയത്തിൽ സദൃശപ്പെടുവാനും നിന്റെ വത്സലരുടെ കൂട്ടത്തിൽ ഗണിക്കപ്പെടുവാനും, ഈ വെള്ളംമൂലം സകല പാപമാലിന്യത്തിൽനിന്നും കഴുകപ്പെടുവാനും കരുണയോടെ ഞങ്ങളെ അർഹരാക്കണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധാത്മാവിനും ഇപ്പോഴും എല്ലാസമയത്തും എന്നേക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കും. ആമ്മീൻ.

(മേല്പട്ടക്കാരൻ രഹസ്യപ്രാർത്ഥന നടത്തുന്നു. ഈ സമയത്ത് ജനം കുറിയേലായിസ്സോൻ ചൊല്ലിക്കൊണ്ടിരിക്കണം.)

## രഹസ്യപ്രാർത്ഥന

കാർമി: പിതാവായ ദൈവത്തിന്റെ പുത്രനും വചനവുമായ യേശുമിശിഹാ, നീ പരിശുദ്ധ കന്യകാമറിയാമിൽനിന്ന് അവാച്യമായ നിലയിൽ ജനിക്കുകയും, നിന്റെ ദാസരും പാപികളുമായ ഞങ്ങളെ ആകൽക്കറുസായുടെ അടിമത്തത്തിൽനിന്ന് സ്വതന്ത്രരാക്കുവാൻവേണ്ടി രക്ഷാകരമായ വ്യാപാരം മുഴുവനും നിന്നിൽ നിറവേറ്റുകയും ചെയ്തു. ഈ വെള്ളത്തെ നിന്റെ ശിഷ്യന്മാരുടെ കാലുകൾ കഴുകുവാൻ നീ ഉപയോഗിച്ച വെള്ളംപോലെ ആക്കിത്തീർക്കണമേ.

## ഉച്ചത്തിലുള്ള പ്രാർത്ഥന

കാർമി: ദൈവമായ കർത്താവേ, ദൃശ്യങ്ങളും അദൃശ്യങ്ങളുമായ സകലത്തിന്റെയും സ്രഷ്ടാവും, പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ സ്വർഗ്ഗത്തിൽ മാലാഖമാരുടെ സേനകളാൽ

www.malankaralibrary.com



സ്തുതിക്കപ്പെടുന്നവനുമായ നീ, നഷ്ടപ്പെട്ടുപോയ ആടിനെ അന്വേഷിച്ചുവരികയും നിന്റെ വിശുദ്ധമായ തോളിന്മേൽ അതിനെ വഹിച്ച് നിന്റെ പിതൃഭവനത്തിലേക്ക് പ്രവേശിപ്പിക്കുകയും ചെയ്തു. കർത്താവേ, ഇപ്പോൾ കഴുകുന്നവരും കഴുകപ്പെടുന്നവരുമായ നിന്റെ ദാസരായ ഞങ്ങളെല്ലാവരെയും വിശ്വാസപൂർവ്വം ഈ വെള്ളത്തെ സമീപിക്കുന്ന സകലരെയും അനുഗ്രഹിക്കുമാറാകണമേ. ഞങ്ങളുടെ കർത്താവും നിത്യദൈവവുമേ, എല്ലാവിധ പാപമാലിന്യങ്ങളും നിയമലംഘനങ്ങളും ഞങ്ങളിൽനിന്നു നീക്കിക്കളയണമേ.

(ഏവൻഗേലിയോൻ വായന തുടരുന്നു)

ശിഷ്യന്മാരുടെ പാദങ്ങൾ കഴുകാനും അരയിൽ ചുറ്റിയിരുന്ന തൂവാലകൊണ്ട് തുടയ്ക്കാനും തുടങ്ങി.

(ഇവിടെ മേല്പട്ടക്കാരൻ ഇളയവനിൽ ആരംഭിച്ച് എല്ലാവരുടെയും കാലുകൾ കഴുകാൻ തുടങ്ങുന്നു. ഈ സമയത്ത് താഴെക്കാണുന്ന ഗീതം ഉപയോഗിക്കാം)

## ഗീതം

(കൂക്കോയൊ രീതിയിൽ)

എരിതീയായോൻ തല താഴ്ത്തി ശിഷ്യന്മാർ പാദം
കഴുകീടുന്നതു കണ്ടപ്പോൾ ഞെട്ടി ഗബ്രിയേൽ
മിഖായേലും വാനവസേനകളും
സംഭ്രമമാർന്നു ഞെട്ടി വിറച്ചേറ്റം ഭീത്യാ
മൺമയർ പാദം കഴുകുന്നു, എരിതീ, പാത്രത്തിൽ
ഞാൻ ചെയ്തതുപോലന്യോന്യം ചെയ്‌വീനെന്നോതി
ഹാലേലൂയ്യാ സ്തുത്യം തദ്‌വിനയം നിത്യം.

www.malankaralibrary.com



ചെറിയോൻ മുതലെല്ലാ ശിഷ്യന്മാരേയും നാഥൻ
കഴുകി; ശ്രേഷ്ഠൻ ശീമോനുരച്ചെൻ പാദം നാഥാ,
നീ കഴുകരുതേ; ശാസിച്ചു നാഥൻ
വിപരീതം നീ നിന്നാൽ നീയന്യൻ നൂനം
കീപ്പാ സംഭ്രമമോടോതി എൻ മെയ്യും ശിരസ്സും
കർത്താവേ, കഴുകീടണമെ, ഞാൻ നിന്റേതാവാൻ
ഹാലേലൂയ്യാ ഉ ഹാലേലൂയ്യാ എന്നും.

(വേറൊന്ന്)

(*ബ്ഹൗനഹറോ ഗായോ.....*/നിന്നെ കൊലചെയ്‌വാൻ ഒരുമ്പെട്ടോർ...)

ശ്രേഷ്ഠതയെ താഴ്ത്തി മൺമയരെ
കഴുകിയ സർവ്വേശാ
കൃപയാലാരാധക വൃന്ദത്തിൻ
മാലിന്യം കഴുകൂ.

(കഴുകുമ്പോൾ ഓരോരുത്തരുടെമേലും ഈ പ്രാർത്ഥന ചൊല്ലുന്നു.)

കാർമ്മി: ദൈവമായ കർത്താവു നിന്നിൽനിന്ന് പഴയ മനുഷ്യന്റെ സകല നടപടികളും കഴുകിക്കളയുകയും നിന്നെയും നിന്നോടു കൂടെ ഞങ്ങളെ എല്ലാവരെയും ആത്മാവിലും സത്യത്തിലും നവീകരിക്കുകയും ചെയ്യട്ടെ. ആമ്മീൻ

(കാലുകൾ തൂവാലകൊണ്ട് തുടയ്ക്കുമ്പോൾ ഈ പ്രാർത്ഥന ചൊല്ലുന്നു)

കാർമ്മി: കർത്താവു നിന്നിൽനിന്നും ഞങ്ങളിൽനിന്നും സകല ദുഷ്ടവികാരങ്ങളും നടപടികളും ശീലങ്ങളും തുടച്ചുകളയട്ടെ. അവൻ നിന്നെയും നിന്നോടുകൂടെ ഞങ്ങളെല്ലാവരെയും വെടിപ്പാലും വിശുദ്ധിയാലും മിശിഹാതമ്പുരാന് പ്രീതികരമായ ജീവിതത്താലും ശ്രേഷ്ഠരാക്കിത്തീർക്കട്ടെ.

www.malankaralibrary.com



(പ്രധാനിയുടെ അടുക്കൽ വരുമ്പോൾ പത്രോസിനെക്കുറിച്ചുള്ള പ്രത്യേകഭാഗം നിർവ്വഹിക്കുന്നു.

ഏവൻഗേലിയോൻ വായിക്കുന്ന ആൾ വായന തുടരുന്നു.)

13:6-12. അവൻ ശിമയോൻ പത്രോസിന്റെ അടുത്തെത്തി. പത്രോസ് അവനോടു ചോദിച്ചു. കർത്താവേ, നീ എന്റെ കാലു കഴുകുകയോ? യേശു പറഞ്ഞു: ഞാൻ ചെയ്യുന്നതെന്തെന്ന് ഇപ്പോൾ നീ അറിയുന്നില്ല. എന്നാൽ പിന്നീട് അറിയും. പത്രോസ് പറഞ്ഞു: നീ ഒരിക്കലും എന്റെ പാദം കഴുകരുത്. യേശു പറഞ്ഞു: ഞാൻ നിന്നെ കഴുകുന്നില്ലെങ്കിൽ നിനക്ക് എന്നോടു കൂടെ പങ്കില്ല. ശിമയോൻ പത്രോസ് പറഞ്ഞു: കർത്താവേ, എന്റെ പാദങ്ങൾ മാത്രമല്ല, കരങ്ങളും ശിരസ്സുംകൂടി കഴുകണമെ! യേശു പ്രതിവചിച്ചു. കുളി കഴിഞ്ഞവന്റെ കാലുകൾ മാത്രമെ കഴുകേണ്ടതുള്ളൂ. അവൻ മുഴുവൻ ശുചിയായിരിക്കും. നിങ്ങളും ശുദ്ധിയുള്ളവരാണ്; എന്നാൽ എല്ലാവരുമല്ല. തന്നെ ഒറ്റിക്കൊടുക്കുന്നവൻ ആരാണെന്ന് അവൻ അറിഞ്ഞിരുന്നു; അതുകൊണ്ടാണ് നിങ്ങളിൽ എല്ലാവരും ശുദ്ധിയുള്ളവരല്ല എന്ന് അവൻ പറഞ്ഞത്. അവരുടെ പാദങ്ങൾ കഴുകിയതിനുശേഷം അവൻ മേലങ്കി ധരിച്ച് സ്വസ്ഥാനത്ത് ഇരുന്നു.

(ഈ സമയത്ത് മേല്പട്ടക്കാരൻ സിംഹാസനത്തിൽ ഇരുന്നുകൊണ്ട് ഏവൻഗേലിയോൻ വായന പൂർത്തിയാക്കുന്നു.)

13:12-19. അവരോടു പറഞ്ഞു. ഞാനെന്താണ് നിങ്ങൾക്ക് ചെയ്തതെന്ന് നിങ്ങൾ അറിയുന്നുവോ? നിങ്ങൾ എന്നെ ഗുരുവെന്നും കർത്താവെന്നും വിളിക്കുന്നു. അതു ശരി തന്നെ. ഞാൻ ഗുരുവും കർത്താവുമാണ്. നിങ്ങളുടെ ഗുരുവും കർത്താവുമായ ഞാൻ നിങ്ങളുടെ പാദങ്ങൾ കഴുകിയെങ്കിൽ നിങ്ങളും പരസ്പരം പാദങ്ങൾ കഴുകണം. എന്തെന്നാൽ, ഞാൻ

www.malankaralibrary.com



നിങ്ങൾക്കു ചെയ്തതുപോലെ നിങ്ങളും ചെയ്യേണ്ടതിന് ഞാൻ നിങ്ങൾക്ക് ഒരു മാതൃക നൽകിയിരിക്കുന്നു. സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ഭൃത്യൻ യജമാനനേക്കാൾ വലിയവനല്ല. അയയ്ക്കപ്പെട്ടവൻ അയച്ചവനേക്കാളും വലിയവനല്ല. ഈ കാര്യങ്ങൾ അറിഞ്ഞ് നിങ്ങൾ ഇതനുസരിച്ച് പ്രവർത്തിച്ചാൽ അനുഗൃഹീതർ. നിങ്ങൾ എല്ലാവരെയുംകുറിച്ചല്ല ഞാനിതു പറയുന്നത്. ഞാൻ തെരഞ്ഞെടുത്തവരെ എനിക്കറിയാം. എന്റെ അപ്പം ഭക്ഷിക്കുന്നവൻ എനിക്കെതിരെ കുതികാലുയർത്തി എന്ന തിരുവെഴുത്തു പൂർത്തിയാകേണ്ടിയിരിക്കുന്നു. അതു സംഭവിക്കുമ്പോൾ ഞാൻ തന്നെയെന്നു നിങ്ങൾ വിശ്വസിക്കേണ്ടതിനാണ് സംഭവിക്കുന്നതിനു മുമ്പുതന്നെ ഞാൻ നിങ്ങളോടു പറയുന്നത്.

(ഏവൻഗേലിയോൻവായന കഴിയുമ്പോൾ കാൽ കഴുകപ്പെട്ടവരെല്ലാം എഴുന്നേൽക്കുന്നു. ശെമയോന്റെ സ്ഥാനം വഹിച്ചയാൾ മേല്പട്ടക്കാരന്റെ പാദങ്ങൾ കഴുകുന്നു. അതിനുശേഷം മേല്പട്ടക്കാരൻ ഇപ്രകാരം പ്രാർത്ഥിക്കുന്നു.)

## പ്രാർത്ഥന

കാർമി: സർവ്വാധിപത്യമുള്ള പിതാവായ ദൈവമേ, പരിശുദ്ധനായ നിന്റെ ഏകജാതൻ ഭാഗ്യവാൻമാരായ തന്റെ ശിഷ്യന്മാരുടെ കാലുകൾ കഴുകിക്കൊണ്ട്, 'നിങ്ങൾ യഥാർത്ഥ ശിഷ്യന്മാരായി വർത്തിച്ച് ഇപ്രകാരം സ്നേഹപൂർവ്വം പരസ്പരം കാലുകൾ കഴുകുവിൻ' എന്നു പറഞ്ഞ് അവരെ പഠിപ്പിച്ചു. കർത്താവേ, ആ കർത്തൃകല്പന ഞങ്ങൾ നിറവേറ്റുകയും പരസ്പരം കാലുകൾ കഴുകുകയും ചെയ്തിരിക്കുന്നതിനാൽ അവന്റെ സ്നേഹം ഞങ്ങളുടെ ഹൃദയങ്ങളിൽ നിറയുകയും ഞങ്ങളുടെ ആത്മശരീരങ്ങളിൽ വസിക്കുകയും ചെയ്യണമേ. അവന്റെ കൃപ ഞങ്ങളിൽ ആവസിക്കണമേ. അവന്റെ കരുണയാൽ ഞങ്ങൾ പരിപൂർണ്ണരാകുകയും അവന്റെ ദയയാൽ പാപപരിഹാരം പ്രാപിക്കുകയും ചെയ്യണമേ.

ജനം: ആമ്മീൻ.

www.malankaralibrary.com



## മാർ യാക്കോബിന്റെ ബോവൂസാ

മ്ശീഹാ ഹാശാ മൃത്യു സ്ക്കീപ്പാകൾക്കായ് വന്ന
ദേവാ കൈക്കൊണ്ടി പ്രാർത്ഥന കാരുണ്യം ചെയ്ക.

പാത്രം തന്നിൽ വെള്ളമൊഴിച്ചാൻ നാഥൻ സൗമ്യം
ശ്ലീഹാ മുഖ്യൻ ശീമോനെ വരൂ, കാൽ കഴുകീടാൻ

ശീമോൻ ചൊന്നാൻ അരുതരുതീശാ കഴുകേണ്ടെന്നേ
കല്പിക്കുംപോൽ കഴുകീടുകിലോ ഭ്രമമേറീടും
സ്വർഗ്ഗസ്ഥാ നീ ഭൗമികപാദം, കഴുകീടേണ്ടാ
സ്രഷ്ടാവാം നീ പാഴ്ചെളിയതിനെ മാനിക്കണ്ടാ.

ശീമോനെ മതിയെന്നോതിനാഥൻ, ശ്ലീഹാമുഖ്യാ
നേരാൽ നീ കാട്ടുന്നൊരു ശാഠ്യം വേണ്ടാ വേണ്ടാ
ശിഷ്യരോടിതുപോൽ ഗുരുഭൂതന്മാർ അനുവർത്തിപ്പാൻ
ഞാൻ ചെയ്യുന്നോരീ മാതൃകയെ നീ ബോധിക്ക

വന്നെൻ ശിഷ്യത്വം കൈക്കൊൾക, കഴുകലിനാൽ നീ
ഞാൻ നിന്നെ കഴുകില്ലെങ്കിൽ നീയന്യൻ താൻ.
ചൊന്നാൻ ശീമോൻ ഞാനർത്ഥിപ്പൂ നിന്റേതാവാൻ
എൻ കൈകാലുകളും തലയും നീ കഴുകീടേണം

നിൻ ശിഷ്യത്വം കഴുകൽ കൂടാതില്ലെന്നാകിൽ
നാഥാ, ദേവാ, ബഹുശതമെന്നെ കഴുകീടേണം
നിന്നിഷ്ടംപോൽ കഴുകീടുക നീ എൻ കൈകാൽകൾ
നിന്നൈക്യം ഞാൻ വിട്ടീടല്ലെ, കഴുകുക പൂർണ്ണം.
കുമ്പിട്ടയ്യോ മൂടുന്നു മുഖം ഗബ്രിയേല്യർ

www.malankaralibrary.com



ആശ്ചര്യം നീ ശീമോൻ പാദം കഴുകീടുന്നു?
ശുശ്രൂഷിപ്പാൻ തിരുവുളവായ് നീ താണെന്നാകിൽ
മ്ലേച്ഛന്മാരോടെന്തിനു വിനയം ദൈവാത്മജനേ?

നിന്നെക്കൊല്ലാനുള്ളിലുറച്ചൊരു യൂദായേയും
കഴുകാൻ നിന്നെയേതൊരു സ്നേഹം പ്രേരിപ്പിച്ചു?
മർത്ത്യന്മാരിൽ വാഴ്‌വേകുകയാൽ താതാ സ്തോത്രം
വിട്ടു ഞങ്ങൾക്കായ് സുതനെ നീ ഗാത്രം പേറാൻ

പ്രീതന്മാരുടെ കാൽകഴുകി താൻ സ്നേഹത്തോടെ
പാത്രം തന്നിൽ വെള്ളമൊഴിച്ചതി വിനയത്തോടെ
ശ്ലീഹന്മാരെ കഴുകിയ പുത്രാ, വന്ദിക്കുന്നു.
സ്തുതി താതനും തൻ തനയന്നും ശുദ്ധാത്മന്നും.
രാജത്വത്തൊടു പൗരോഹിത്യം ദർശകത്വം
യൂദന്മാരിൽനിന്നും അയ്യോ! നീങ്ങിപ്പോയി.

*****

www.malankaralibrary.com